# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 27, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 163 - നമ്പർ 17

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 27, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി : ശ്രീ. പിണറായി വിജയൻ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി : ശ്രീ. എ. കെ. ബാലൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി : ശ്രീ. ഇ. ചന്ദ്രശേഖരൻ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി : ഡോ. കെ. ടി. ജലീൽ

ജലവിഭവ വകുപ്പുമന്ത്രി : ശ്രീ. മാത്യു ടി. തോമസ്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

സഹകരണവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി : ശ്രീ. എ. സി. മൊയ്തീൻ

വനവും മൃഗസംരക്ഷണവും മൃഗശാലകളും
വകുപ്പുമന്ത്രി : ശ്രീ. കെ. രാജു

തുറമുഖവും മ്യൂസിയവും പുരാവസ്തു
സംരക്ഷണവും വകുപ്പുമന്ത്രി : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി : ശ്രീ. റ്റി. പി. രാമകൃഷ്ണൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി : പ്രൊഫ. സി. രവീന്ദ്രനാഥ്

ഗതാഗത വകുപ്പുമന്ത്രി : ശ്രീ. എ. കെ. ശശീന്ദ്രൻ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി : ശ്രീ. ജി. സുധാകരൻ

കൃഷി വകുപ്പുമന്ത്രി : ശ്രീ. വി. എസ്. സുനിൽ കുമാർ

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി : ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി : ശ്രീ. പി. തിലോത്തമൻ

ധനകാര്യവും കയറും വകുപ്പുമന്ത്രി : ഡോ. ടി. എം. തോമസ് ഐസക്

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

അടിയന്തര ചോദ്യം

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....

II ശ്രദ്ധ ക്ഷണിക്കൽ

1. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

- ശ്രീ. സി. കൃഷ്ണൻ ...290

2. കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി

- ശ്രീ. മോൻസ് ജോസഫ് ....293

III സബ്മിഷൻ

1. പക്ഷിപ്പനി

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല )....298

2. വിമാനത്താവളം

- ശ്രീ. രാജു എബ്രഹാം ....304

3. സർക്കാർ ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം

- ശ്രീ. എം. ഉമ്മർ ...305

4. പ്രഭുറാം മിൽ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച്

-ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ ...307

5. വാടകനിയന്ത്രണ നിയമം

-ശ്രീ. വി. കെ. സി. മമ്മത് കോയ ...309

6. ഇന്റേൺസിന് സ്റ്റൈപ്പന്റ് നൽകൽ

- ശ്രീ. വി. ടി. ബൽറാം ...311

7. ഡോക്ടർമാരുടെ സേവനം ഉറപ്പാക്കൽ

- ശ്രീ. കെ. ഡി. പ്രസേനൻ ...313

8. സ്റ്റാഫ് പാറ്റേൺ

- ശ്രീ. മഞ്ഞളാംകുഴി അലി ....315

9. ക്ഷേമ പദ്ധതി

- ശ്രീ. ചിറ്റയം ഗോപകുമാർ ....318

10. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

-ശ്രീ. വി. എസ്. ശിവകുമാർ ...320

**IV മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...323

**V റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ...324

(2) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്നു മുതൽ ആറു വരെയുള്ള റിപ്പോർട്ടുകൾ ....324

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ....324

**VI നിയമനിർമ്മാണകാര്യം**

2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...324

**VII ചട്ടം 130 അനുസരിച്ചുള്ള ചർച്ച**

കൊച്ചിയിലെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും അടച്ചുപൂട്ടാനുമുള്ള നീക്കം ....428

**VIII ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം**

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ....470

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 27, വ്യാഴം*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 17 |
|---|---|---|

നിയമസഭ 2016 ഒക്ടോബർ മാസം *27*-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *541

### പൊതുമരാമത്ത് പ്രവൃത്തികൾ

1(*541) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. മേൽനോട്ടത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണമേന്മ, കെ.എസ്.റ്റി.പി. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെയും എൻ.എച്ച്.എ.ഐ. നിർമ്മിക്കുന്ന റോഡുകളുടെയും ഗുണമേന്മയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഡബ്ല്യു.ഡി. റോഡുകളുടെ ഗുണമേന്മ മെച്ചപ്പെടുത്താനും അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പി.ഡബ്ല്യു.ഡി. ഉടമസ്ഥതയിൽപ്പെട്ട സർക്കാർ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നവീകരിക്കുന്നതിനും റീ-വയറിംഗ് വർക്കുകൾ നടത്തുന്നതിനും പണം നീക്കിവയ്ക്കാത്തതിനാൽ നിരവധി സർക്കാർ കെട്ടിടങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) കെ.എസ്.റ്റി.പി., എൻ.എച്ച്.എ.ഐ. എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതലും അടിസ്ഥാനം മുതൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളാണ്. എന്നാൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിലുള്ള റോഡുകളിൽ ചെയ്തുവരുന്നത് കൂടുതലും ഉപരിതലം പുതുക്കുന്ന പ്രവൃത്തികളാണ്. പ്രധാന വ്യത്യാസം ഇതാണ്. ചെലവഴിക്കുന്ന പണത്തിലും ഏറ്റക്കുറച്ചിലുണ്ട്. അതുകൊണ്ട് ദീർഘകാല ഗുണമേന്മയിലും വ്യത്യാസം വരുന്നത് സ്വാഭാവികമാണ്.

(ബി) പൊതുമരാമത്ത് നിരത്തുവിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സ്പെസിഫിക്കേഷൻ ഉപയോഗിച്ചുവരുന്നു. ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും ഇതുകൂടാതെ റെക്ടോ റിഫ്ലക്റ്റീവ് സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ് എന്നീ സുരക്ഷാ സംവിധാനവും നടപ്പിലാക്കി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളും ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ ടെക്നോളജി ഉപയോഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റെല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രവൃത്തിയുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് മാനുവലിൽ പറഞ്ഞിരിക്കുന്ന ഗുണനിലവാര പരിശോധനകൾ കൃത്യമായി നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ട സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും ചെയ്തുവരുന്നു. കെട്ടിടങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥ ചിലയിടങ്ങളിൽ വർഷങ്ങളായി നിലനിൽക്കുന്നു. എന്നാൽ അറ്റകുറ്റപ്പണികൾ പൂർണ്ണമായും ചെയ്തുതീർക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ഫണ്ട് ഒരിക്കലും ലഭ്യമായിട്ടില്ല. അതുകൊണ്ട് യഥാസമയം പണി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. പണത്തിന്റെ അഭാവം പി.ഡബ്ല്യൂ.ഡി.-യെ വേട്ടയാടുന്നുണ്ട്. സർക്കാർ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് ഒരു സവിശേഷ പദ്ധതി വേണ്ടിവരും. ഇക്കാര്യം ധനകാര്യ വകുപ്പുമായി ഗൗരവതരമായി ചർച്ച ചെയ്യുന്നതാണ്. ഹരിത കാഴ്ചപ്പാടിൽ കെട്ടിടം നിർമ്മിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: സർ, ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു വകുപ്പാണ് പൊതുമരാമത്ത് വകുപ്പ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ഒരു പ്രത്യേക ഡിവിഷൻ രൂപീകരിക്കുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ഇവിടെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി പി.ഡബ്ല്യൂ.ഡി. റോഡുകളിലെ വാഹനങ്ങളുടെ എണ്ണം വളരെക്കൂടുതലാണ്. പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കാത്തതിന്റെ ഫലമായി പല അപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. റോഡുകളെ നാഷണൽ ഹൈവേപോലുള്ള റോഡുകളാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ദീർഘകാല പരിചയമുള്ള ബഹുമാന്യനായ നിയമസഭാ സാമാജികൻ ശ്രീ. സി. കെ. നാണു ഇവിടെ പറഞ്ഞത് ശരിയാണ്. കേരളത്തിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് മന്ത്രിസഭ നടപ്പാക്കാൻ തീരുമാനിച്ചിട്ട് ഒരു മാസത്തോളമായി. എല്ലാ പി.ഡബ്ല്യൂ.ഡി./ഡിസ്ട്രിക്ട് റോഡുകൾക്കും സ്റ്റേറ്റ് ഹൈവേ, നാഷണൽ ഹൈവേ എന്നിവയ്ക്കെല്ലാം ഈ ആക്ട് ബാധകമാണ്. അതായത് ഈ റോഡുകളുടെ രണ്ട് സൈഡിലുമുള്ള അനാവശ്യ പ്രതിഭാസങ്ങൾ നീക്കംചെയ്യുക എന്നതാണ്. അത് ഔദ്യോഗികമായി ചെയ്തുതുടങ്ങിയിട്ടില്ല. കാരണം, അതിനുമുമ്പ് പൊതുജനങ്ങളുമായും ഓരോ പ്രദേശത്തെയും സാമൂഹിക-രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായും ചർച്ച നടത്തേണ്ടതുണ്ട്. കൂടാതെ പോലീസിന്റെ സഹായവും ഇക്കാര്യത്തിൽ ആവശ്യമുണ്ട്. ഇതിനെല്ലാമുള്ള പദ്ധതികൾ തയ്യാറാക്കിവരികയാണ്. അതിനുശേഷം നടപടികൾ സ്വീകരിക്കും. അപ്പോൾ

റോഡ് കുറച്ചുകൂടി നല്ലതാകും. റോഡിന്റെ ഇരു വശങ്ങളിലുമുള്ള തടസ്സങ്ങളെല്ലാം ഒഴിവാക്കണമെങ്കിൽ ഉയർന്ന തലത്തിലുള്ള ചർച്ചവേണം. ഏതായാലും ഇതെല്ലാം ഒഴിവാക്കപ്പെടേണ്ടതാണെന്ന് ഹൈവേ പ്രൊട്ടക്ഷൻ ആക്ടിൽ പറയുന്നുണ്ട്. അതിന്റെ ഉത്തരവാദിത്വം ഓരോ ജില്ലയിലും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്.അത് നടപ്പാക്കിയില്ലെങ്കിൽ അവർ ശിക്ഷാർഹരാണെന്നാണ് ആ നിയമം പറയുന്നത്. ക്യാബിനറ്റ് തീരുമാനിച്ചുവെങ്കിലും ഉന്നതതല യോഗം ചേരാത്തതുകൊണ്ട് ഇതുവരെ നടപ്പാക്കിത്തുടങ്ങിയിട്ടില്ല, നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ഈ ഗവൺമെന്റ് മേയ് 25-ന് അധികാരമേറ്റ് ജൂൺ മാസത്തിൽതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ, ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത യോഗം ചേർന്നു. ദേശീയപാത കേന്ദ്ര ഗവൺമെന്റാണ് ചെയ്യേണ്ടത്, അത് മൂന്നുവർഷ ത്തിലൊരിക്കൽ പുതുക്കുന്നുണ്ട്. ബാക്കി ഏതാണ്ട് 38,000 കിലോമീറ്റർ വരുന്ന പി.ഡബ്ല്യു.ഡി. റോഡുകളിൽ 90 ശതമാനവും ഈ ഗവൺമെന്റ് വരുമ്പോൾ തകർന്നുകിടക്കുകയായിരുന്നു, പിന്നെ മഴയും വന്നു. ഇതിന് 5,000 കോടി രൂപ വേണം. തുക ഒരുമിച്ചല്ല കുറേശ്ശെ കൊടുത്താൽ മതിയാകും. പി.ഡബ്ല്യു.ഡി.-ക്ക് നേരിട്ട് കടമെടുക്കാൻ കഴിയുകയില്ല. ഇത് ഗൗരവമായ പ്രശ്നമാണ്. ഇത് ബന്ധപ്പെട്ട തലങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഇത്രയും രൂപ ഒന്നിച്ചെടുക്കാനുള്ള അവസരം പെട്ടെന്നുണ്ടാകില്ല. എന്നാലും തീരുമാനം വേണം. ഗവൺമെന്റ് റോഡുകൾ പണിയേണ്ടതായിട്ടുണ്ട്. എഞ്ചിനീയർമാർ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ തയ്യാറാണ്. പല പോരായ്മകളും പരിഹരിച്ചുകൊണ്ടുള്ള പുതിയ ടെക്നോളജി വരുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് ഇതിന്റെ പ്രവൃത്തി തുടങ്ങുകയാണെങ്കിൽ ഒരുവർഷം കൊണ്ട് എല്ലാ റോഡുകളും പുനർനിർമ്മിക്കാൻ കഴിയും. കൂടാതെ മൂന്നുവർഷം കരാർ കാലാവധിയും നാലുവർഷം മെയിന്റനൻസും കൂടിയാകുമ്പോൾ ഈ ഗവൺമെന്റിന്റെ കാലത്ത് പുതുക്കേണ്ട ആവശ്യം വരുന്നില്ല. അങ്ങനെയുള്ള ചില പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സി. കെ. നാണു:</u> സർ, സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, ഗവൺമെന്റ് കോളേജുകൾ മുതലായ കെട്ടിടങ്ങളുടെ ചുമതല പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ടതാണ്. വടകര താലൂക്കിലെ വികസന സമിതി കൂടുമ്പോൾ തഹസീൽദാർ പറയുന്നത് താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ മുകൾഭാഗത്തുനിന്നും സിമന്റ് കട്ടകളും മറ്റും അടർന്നുവീഴുന്നുവെന്നാണ്. അതുപോലെ മടപ്പള്ളിയിലും

മറ്റും ഗവൺമെന്റ് കോളേജുകളിൽ കുട്ടികൾ ക്ലാസ്സിലിരിക്കുമ്പോൾ ഇതുപോലെ സംഭവിക്കുന്നുണ്ട്. മടപ്പള്ളിയിലെ ഗവൺമെന്റ് കോളേജിൽ പെൺകുട്ടികൾക്ക് താമസിക്കാനായി സർക്കാർ 3 കോടി രൂപ ചെലവഴിച്ച് ഒരു വലിയ ഹോസ്റ്റൽ പണിതു. പെൺകുട്ടികളെ അവിടെ പാർപ്പിക്കണമെങ്കിൽ ചുറ്റുമതിൽ വേണം. ആസ്തി വികസന ഫണ്ടിൽനിന്ന് ഞാൻ 25 ലക്ഷം രൂപ അനുവദിച്ചു. മാസങ്ങളായിട്ടും അതിന്റെ പണി ആരംഭിച്ചിട്ടില്ല. ഈ പണി ചെയ്യാൻ കോൺട്രാക്ടർമാരെ സന്നദ്ധരാക്കണം. പി.ഡബ്ല്യു.ഡി.-യിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ തുടങ്ങി പല ഉദ്യോഗസ്ഥരുമില്ലാത്ത അവസ്ഥ പല ജില്ലകളിലുമുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ശ്രീ. ജി. സുധാകരൻ: സർ, കോളേജുകളുടെയും സ്കൂളുകളുടെയും ഭരണവും നടത്തിപ്പും വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽപ്പെട്ടതാണ്. അവിടെയാണ് ബഡ്ജറ്റ് വിഹിതം വരുന്നത്. ബഡ്ജറ്റ് അലോട്ട് ചെയ്താൽ ടെണ്ടർ ചെയ്ത് നിർമ്മിക്കുക മാത്രമാണ് പി.ഡബ്ല്യു.ഡി. ചെയ്യുന്നത്. അതിൽ പല പോരായ്മകളുമുണ്ട്. ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. ചിലപ്പോൾ പണംതന്നെ ആവശ്യത്തിനുണ്ടാകില്ല. പല സങ്കീർണ്ണമായ പ്രശ്നങ്ങളുമുണ്ട്. അതൊന്നും നമ്മളുദ്ദേശിക്കുന്ന തരത്തിലല്ല. ദീർഘകാലമായി നടന്നുവരുന്നതാണ്, അതിൽ മാറ്റമുണ്ടാകേണ്ടതുണ്ട്. ഉദ്യോഗസ്ഥരില്ലാത്ത സാഹചര്യമുണ്ട്. അതായത് നിലവിൽ 300 അസിസ്റ്റന്റ് എഞ്ചിനീയർമാരില്ലാത്ത അവസ്ഥയാണുള്ളത്. പല സെക്ഷനുകളിലും നിയമിക്കാൻ ആളില്ല. 1200 ഓവർസീയർമാരുടെ അഭാവമുണ്ട്. 5 കത്തുകൾ പി.എസ്.സി.-ക്ക് എഴുതിയെങ്കിലും ഇതുവരെ ആളെ തന്നിട്ടില്ല. നിലവിലുള്ളവരാണ് വർക്കുകൾ ചെയ്യുന്നത്, ഈ പ്രശ്നങ്ങളൊക്കെയുണ്ട്. റോഡ്സിൽ മാത്രമല്ല പല വകുപ്പുകളിലും കമ്പനികളിലും ഇവരെ നിയമിക്കേണ്ടതായിട്ടുണ്ട്. കൂടാതെ വിജിലൻസ് വിംഗിലും ആവശ്യമാണ്. പി.എസ്.സി.-യുടെ ഭാഗത്തുനിന്നുള്ള അനാവശ്യമായ കാലതാമസം, ഈ വകുപ്പിനെ മാത്രമല്ല എല്ലാ വകുപ്പുകളെയും ബാധിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. അത് പി.എസ്.സി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടനെ ശരിയാക്കുമെന്നാണ് അറിയുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേരളത്തിൽ 10 ശതമാനം വീതം ഓരോ വർഷവും വാഹനങ്ങൾ വർദ്ധിക്കുകയാണ്. അതിനനുസരിച്ച് റോഡുകൾക്ക് ഉറപ്പും വീതിയും ആസൂത്രണം ചെയ്യേണ്ടതുണ്ട്. സംസ്ഥാനത്ത്

അടിസ്ഥാനസൗകര്യ വികസനത്തിന് ഉപരിതല ഗതാഗതനയം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ കെട്ടിട നിർമ്മാണരംഗത്ത് പുതിയ ഉപകരണങ്ങളും മെറ്റീരിയൽസും സാങ്കേതികവിദ്യയും ഉപയോഗിക്കാനും ഉദ്യോഗസ്ഥരെ പ്രാപ്തരാക്കാനും പി.ഡബ്ല്യു.ഡി.-ക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്; അതുപോലെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഗവേഷണ കേന്ദ്രം ഇവിടെ സ്ഥാപിക്കാനുള്ള നിർദ്ദേശം നടപ്പാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ഉന്നയിച്ച വാഹനങ്ങളുടെ ബാഹുല്യം, ഉപരിതലഗതാഗത നയം എന്നിവ ഔദ്യോഗികമായിത്തന്നെ രേഖാമൂലം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. അന്താരാഷ്ട്രനിലവാരമുള്ള ഒരു ഗവേഷണ കേന്ദ്രം പ്രഖ്യാപിക്കാൻ എനിക്ക് കഴിയില്ല. കാരണം, നമുക്കൊരു റിസർച്ച് കേന്ദ്രമുള്ളതിന്റെ പ്രവർത്തനം മികവുറ്റതാക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ പ്രവർത്തനം ശരിയായി നടന്നിട്ടില്ല. അന്തർദ്ദേശീയ നിലവാരമെന്ന് ഉദ്ദേശിക്കുന്നത്, പണമുണ്ടെങ്കിൽ എല്ലാം ചെയ്യാമെന്നാണ്. നിലവാരത്തിന്റെ പ്രശ്നമൊന്നുമില്ല. ന്യൂ ടെക്നോളജിയെക്കുറിച്ച് പറഞ്ഞല്ലോ, റബ്ബർ ബിറ്റുമിൻ, പ്ലാസ്റ്റിക് വേസ്റ്റ്, കയർ ജിയോ ടെക്സ്റ്റ്, കോൺക്രീറ്റ്, ഇന്റർലോക്ക് ഇവയെല്ലാം ഇപ്പോൾ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. അതൊക്കെ ഉപയോഗിക്കുന്നതിന്റെ ഗുണ മെന്തെന്നാൽ, ഇപ്പോൾ ഒരു വർഷത്തെ ഗ്യാരന്റിയാണുള്ളതെങ്കിൽ 10 വർഷം വരെ റോഡ് അങ്ങനെതന്നെ നിലനിൽക്കും. ഈ രീതിയിൽ നമ്മളെത്തണം. എഞ്ചിനീയർമാർ റെഡിയാണ്. പക്ഷേ എസ്റ്റിമേറ്റ് വർദ്ധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിസഭയ്ക്കും ഗതാഗതത്തിന്റെ കാര്യത്തിൽ അസാധാരണമായ താൽപ്പര്യമാണുള്ളത്. ഇതെല്ലാം പ്രയോജനപ്പെടുത്തി നമ്മുടെ സാധ്യതകൾവച്ച് തീർച്ചയായും മാറ്റമുണ്ടാകുമെന്ന പ്രതീക്ഷയാണുള്ളത്. ഇതിന് കുറച്ച് സമയമെടുക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, മാറ്റങ്ങളുണ്ടാകുമെന്നതിന് തെളിവാണ് മന്ത്രി ഇപ്പോൾ നൽകിയ ഉത്തരം. അഴിമതിയുടെ കൂത്തരങ്ങായിരുന്ന പി.ഡബ്ല്യു.ഡി.-യിൽ അങ്ങയുടെ സാന്നിദ്ധ്യംകൊണ്ട് വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. കെ.എസ്.ടി.പി.-ഹൈവേ റോഡുകളെക്കുറിച്ച് മറുപടിയിൽ പറയുന്നുണ്ട്. ഈ രണ്ട് റോഡുകൾക്കും ഗ്യാരന്റിയും മറ്റ് കാര്യങ്ങളുമൊക്കെയുണ്ട്. ഹൈവേയിലെ ഗ്യാരന്റിയെക്കുറിച്ച് അങ്ങുതന്നെ തെളിയിച്ചിട്ടുണ്ട്. ഓച്ചിറ മുതൽ ആലപ്പുഴ വരെ

റോഡ് നശിച്ചതും ഗ്യാരന്റിക്കാരനെ കോൺട്രാക്ടർ പിടിക്കാതിരുന്നതുമൊക്കെ ക്രമക്കേടിന്റെ ഭാഗമാണ്. അതെല്ലാം അവിടെ നിൽക്കട്ടെ. ഗ്രാമീണ റോഡുകളുടെ കാര്യം ധനകാര്യ വകുപ്പുമായി ചർച്ചചെയ്യാമെന്നും അയ്യായിരം കോടി രൂപ ലഭിച്ചാൽ ഗ്രാമപ്രദേശങ്ങളിലെ സാധാരണ റോഡുകളിൽ വൺടൈം മെയിന്റനൻസ് നടത്താമെന്നും അങ്ങ് പറഞ്ഞു. ഒരു ചെറിയ കുഴിയാണ് പിന്നീട് വലിയ കുഴിയായി റോഡിന്റെ നാശത്തിലേക്ക് പോകുന്നത്. ഗ്യാരന്റിയില്ലാത്ത റോഡുകളെ സംബന്ധിച്ച് ജനപ്രതിനിധികളുമായി ആലോചിച്ച്, ലഭിക്കുന്ന പരാതികൾ അസിസ്റ്റന്റ് എഞ്ചിനീയർമാർ 10-ാം തീയതിക്കുമുമ്പ് പരിശോധിച്ച് റിപ്പോർട്ട് ചെയ്താൽ - 15-ാം തീയതിക്കുമുമ്പ് ഇത്ര സ്ക്വയർ മീറ്ററിന് ഇത്ര രൂപ എന്ന നിലയിൽ ഒരു കോൺട്രാക്ട് അവാർഡ് ചെയ്ത് 20-ാം തീയതിക്കുമുമ്പ് കുഴി അടയ്ക്കുകയാണെങ്കിൽ റോഡ് വ്യാപകമായി നശിക്കില്ല. അങ്ങനെവന്നാൽ ഈ റോഡ് നശിക്കാതെ പത്തും പതിനഞ്ചും ഇരുപതും വർഷം നിലനിൽക്കും. ഇത്തരത്തിലൊരു പദ്ധതി അങ്ങേക്ക് നടപ്പിലാക്കാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ : സർ, കഴിഞ്ഞ ക്യാബിനറ്റിൽ പി.ഡബ്ല്യു.ഡി.-യുടെ നിർദ്ദേശം കണക്കിലെടുത്ത് റിപ്പയർ ആന്റ് മെയിന്റനൻസ് വിംഗ് പ്രത്യേകം രൂപീകരിക്കാൻ സാധിച്ചു. അതിൽ ചീഫ് എഞ്ചിനീയറെ നിയമിക്കാൻ നിശ്ചയിച്ച കാര്യം ഞാൻ സഭയിൽ പറഞ്ഞത് വീണ്ടും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതുണ്ടായിക്കഴിഞ്ഞാൽ ഈ സംവിധാനങ്ങൾ താഴോട്ട് പടിപടിയായി എത്തും. തീർച്ചയായും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള റോഡ് നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് നെയ്യാറ്റിൻകരയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിച്ചു. അത് വലിയ വിജയമാണെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചിട്ടുണ്ട്. എല്ലായിടത്തും ഈ രീതിയിൽ നിർമ്മിക്കണം. അതിനുള്ള സംവിധാനം ഉണ്ടാക്കിക്കഴിഞ്ഞു. മാസ്സീവായി നടപ്പാക്കാനുള്ള മറ്റ് സംവിധാനങ്ങൾ ഒരുക്കി കൊണ്ടിരിക്കുകയാണ്.

ശ്രീ. തോമസ് ചാണ്ടി : സർ, എന്റെ മണ്ഡലത്തിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ നന്നാക്കാൻ അങ്ങ് മൂന്നുകോടി രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. ഇതിനുമുമ്പ് പൈപ്പിടാൻ റോഡുകൾ വെട്ടിപ്പൊളിച്ചത് വാട്ടർ അതോറിറ്റി അഞ്ചരക്കോടി രൂപ അനുവദിച്ച് റിപ്പയർ ചെയ്തെന്നുപറയുന്നു. എനിക്ക് ഇപ്പോഴും പല പ്രദേശത്തുകൂടിയും എം.എൽ.എ. എന്ന ബോർഡ് വച്ച് കാറിൽ യാത്ര ചെയ്യാൻ പേടിയാണ്. കാരണം, വഴിയിൽനിന്നുകൊണ്ട്

ആൾക്കാർ ചൂണ്ടിക്കാണിക്കും. അഞ്ചരക്കോടി രൂപ എവിടെയാണ് ചെലവാക്കിയതെന്ന് അങ്ങ് അന്വേഷിക്കണം. കഴിഞ്ഞ ഒരു വർഷത്തിനകം നടന്ന കാര്യമാണ്. എല്ലാ റോഡുകളും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നല്ല വീതിയുള്ളതാണ്. ഞാനിത് മൂന്നോ നാലോ പ്രാവശ്യം സഭയിൽ പറഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. റ്റി. യു. കുരുവിളയും ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞും മന്ത്രിയായിരുന്നപ്പോഴൊക്കെ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ആര് ശ്രദ്ധിക്കാനാണ്? കുപ്പിയുടെ കഴുത്തുപോലുള്ള പാലത്തിന്റെ സൈഡിൽക്കൂടി നടപ്പാതയുണ്ടാക്കിയാൽ തമിഴ്നാട്ടിൽനിന്ന് വരുന്ന ഡ്രൈവർക്കറിയാമോ ഈ റോഡ് ഇതേ രീതിയിൽ അങ്ങേയറ്റംവരെ ഇല്ലെന്നുള്ളത്. ചെന്ന് നേരെ തോട്ടിലോട്ട് ചാടുകയല്ലേ. എത്ര അപകടമാണ് ഒരു മാസത്തിനിടയിൽ അവിടെ ഉണ്ടാകുന്നത്. പോലീസിനോട് ചോദിച്ചാൽ അതിന്റെ കണക്കറിയാം. ശബരിമലയിൽ പോകുന്ന അയ്യപ്പന്മാരുൾപ്പെടെയുള്ളവരുടെ വണ്ടികൾ കുഴിയിൽ വീഴുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പാലങ്ങൾക്ക് വീതി കൂട്ടാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജി. സുധാകരൻ : സർ, അറ്റകുറ്റപ്പണികൾക്ക് 366 കോടി രൂപയാണ് ബഡ്ജറ്റിലുള്ളത്. 140 മണ്ഡലങ്ങളിലും പണം കൊടുത്തു, ഇത് ചരിത്രത്തിലാദ്യമാണ്. കാരണം, കഴിഞ്ഞ അഞ്ചുവർഷം എന്റെ മണ്ഡലത്തിന് പത്തുപൈസ കിട്ടിയിട്ടില്ല. പരാതിയല്ല, ഒരുപാടുപേർക്ക് അങ്ങനെയായിരുന്നു. 140 മണ്ഡലങ്ങളിലും അറ്റകുറ്റപ്പണികളുടെ ആവശ്യമനുസരിച്ച് തുക അനുവദിച്ചിട്ടുണ്ട്. ഞാനും കുട്ടനാടിന്റെ ഭാഗമാണല്ലോ. അവിടെ റോഡ് താഴോട്ടുപോകുകയാണ്, താഴെ മുഴുവൻ ചെളിയാണ്. നേരത്തെ അനുവദിച്ച മൂന്നുകോടി രൂപയ്ക്ക് പുറമേ കിടങ്ങറയിൽനിന്ന് വടക്കോട്ടുള്ള റോഡിന് ഇന്നലെയും 50 ലക്ഷം രൂപ നൽകി. അങ്ങനെ മൂന്നരക്കോടി രൂപ കൊടുത്തിട്ടുണ്ട്. ആർക്കും അങ്ങനെ കൊടുക്കാൻ കഴിയില്ല. നമ്മുടെ കയ്യിൽ പൈസയില്ലെങ്കിലും കൊടുത്തിട്ടുണ്ട്. കുട്ടനാട്ടിലെ റോഡിനെക്കുറിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്, അത് പണിതിട്ടുണ്ടോയെന്നുതന്നെ എനിക്ക് ഉറപ്പില്ല. അങ്ങനെ പണിതുവെന്ന് അവകാശപ്പെട്ടിടത്താണ് അങ്ങയുടെ അദ്ധ്യക്ഷതയിൽ നമ്മൾ യോഗം നടത്തിയത്. വീയപുരം-എടത്വാ റോഡിന്, മൂന്നുകിലോമീറ്ററിന് 50 ലക്ഷം രൂപ കൊടുത്തു. അതിന്റെ നിർമ്മാണം നടക്കുകയാണ്. അവിടെ

നേരത്തെ ഒന്നരക്കോടി രൂപ കൊടുത്തുവെന്നാണ് പറയുന്നത്. ഇതെല്ലാം നടക്കുന്നുണ്ട്. മെമ്പർ പറഞ്ഞ കാര്യം പരിഹരിക്കാൻ ഭരണപരമായ നടപടിയെടുക്കാം. കലുങ്കിന്റെ കാര്യം, പഴയത് നിലനിർത്തിക്കൊണ്ട് പുതിയതുണ്ടാക്കുക എന്നതാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ പുനർനിർമ്മാണം വരുമ്പോൾ പ്രത്യേക നിർദ്ദേശം കൊടുത്ത് ഇതിന് പരിഹാരമുണ്ടാക്കാം. കെ.എസ്.റ്റി.പി.-ക്ക് ഈ പാലം മാറ്റാമായിരുന്നു, അവരത് മാറ്റിയില്ല. തീർച്ചയായും അത് മാറ്റേണ്ടതാണ്. അവിടെ ഗതാഗതമുൾപ്പെടെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്, അഞ്ചെട്ട് കലുങ്കുകളുണ്ട്. അതെല്ലാം മാറ്റേണ്ടതുണ്ട്, അവിടെ ധാരാളംപേർ മരിച്ചിട്ടുണ്ട്. അതൊക്കെ ശരിയാണ്. ഒരു തടസ്സമില്ലാത്ത സ്ട്രെയിറ്റായിട്ടുള്ള റോഡാണ്, ഏറ്റവും ചുരുങ്ങിയ റൂട്ടാണ്. നാഷണൽ ഹൈവേയിൽനിന്ന് കിഴക്കൻ പ്രദേശത്തേക്ക് പോകാവുന്ന ഒരു പ്രധാനപ്പെട്ട റോഡാണ്. അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പുനർനിർമ്മിക്കുമ്പോൾ ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: നാല് ചോദ്യകർത്താക്കളുടെ ചോദ്യം കഴിഞ്ഞപ്പോൾ 18 മിനിട്ട് കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഉപചോദ്യങ്ങൾ ചോദിക്കുമ്പോൾ പരമാവധി ചുരുക്കി ചോദിക്കുക, ഉത്തരങ്ങളും പരമാവധി ചുരുക്കുക. ആകെ ഒരു മണിക്കൂറേയുള്ളൂ. എല്ലാവരും ചോദ്യം ചോദിക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുയാണ്.

ശ്രീ. എം. വിൻസെന്റ് : സർ, മനുഷ്യജീവന് അപകടമായി നിൽക്കുന്ന സർക്കാർ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിൽ വളരെയധികം കാലതാമസം നേരിടുകയാണ്. എഞ്ചിനീയർ അൺഫിറ്റാണെന്ന് റിപ്പോർട്ട് ചെയ്താൽ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ അത് പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇന്നത്തെ നിയമപ്രകാരം കാലതാമസമുണ്ടാകും. എഞ്ചിനീയർമാർ റിപ്പോർട്ട് തന്നാലും അതിന്റെ സാമ്പത്തിക വശവും മറ്റ് നൂലാമാലകളുമൊക്കെയുണ്ട്. അതെല്ലാം ചുരുക്കി സാമ്പത്തിക നഷ്ടമില്ലാതെ കൃത്യമായും നടപ്പിലാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. അതിന് മുൻകയ്യെടുക്കാവുന്നതാണ്.

ശ്രീ. എൻ. വിജയൻ പിള്ള : സർ, ചില കോൺട്രാക്ടർമാർ വർക്കെടുത്ത് ടെണ്ടർ ചെയ്ത് എല്ലാ പ്രോസസ്സിംഗും നടന്നതിനുശേഷം അത്

ചെയ്യാതിരിക്കുകയും ഏതാണ്ട് ഒരുവർഷം കഴിഞ്ഞ് പിന്നീട് റീടെണ്ടർ ചെയ്യുകയും അതങ്ങനെ അനന്തമായി നീണ്ടുപോകുകയും ചെയ്യുന്നൊരു സ്ഥിതിയുണ്ട്. ഈ കോൺട്രാക്ടർമാർക്കെതിരെ എന്തെങ്കിലും നടപടി ഡിപ്പാർട്ട്മെന്റ് സ്വീകരിക്കാറുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, നടപടി സ്വീകരിക്കാനുള്ള നിയമങ്ങളുണ്ട്. പക്ഷെ മനസ്സിലാക്കേണ്ടത് കോൺട്രാക്ടർമാരുടെ ഇംഗിതത്തിനനുസരിച്ച് നിർമ്മാണങ്ങൾ വിട്ടുകൊടുക്കുന്ന ഒരു രീതി ഈ സംസ്ഥാനത്തുണ്ടായിരുന്നു. അത് ഇപ്പോൾ മാറ്റി. പിന്നീട് അവർ വർക്കെടുക്കില്ല, അവരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തും. അങ്ങനെ നിരവധി കാര്യങ്ങളുണ്ട്. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി അവർ ഹൈക്കോടതിയിൽ പോകുമ്പോൾ നമ്മുടെ വക്കീൽ അവിടെ ഉണ്ടാകില്ല. ഇത് വലിയ കോംപ്ലിക്കേഷനാണ്. തീർച്ചയായും കോൺട്രാക്ടർമാരുടെ ലിസ്റ്റ് പരിശോധിക്കണം. എല്ലാവരും കോൺട്രാക്ടർമാരാകാൻ പാടില്ല. പാശ്ചാത്യ രാജ്യങ്ങളിലുള്ളതുപോലെ—യോഗ്യതയുള്ളവരെ മാത്രമേ കോൺട്രാക്ടറാക്കാവൂ. അത് സംബന്ധിച്ച് ചർച്ച ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അപ്പോൾ ഈ പ്രശ്നം തീരും.

ശ്രീ. എം. ഉമ്മർ: സർ, റിപ്പെയർ ആന്റ് മെയിന്റനൻസ് യൂണിറ്റ് സ്ഥാപിക്കുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ഇപ്പോൾ സ്റ്റേറ്റ് ഹൈവേയിലും നാഷണൽ ഹൈവേയിലുമൊക്കെയുള്ള സ്റ്റെയ്റ്റ് റോഡുകളിൽ പൈപ്പ് പൊട്ടിയോ അല്ലെങ്കിൽ അപ്രതീക്ഷിതമായ മഴകൊണ്ടോ അഗാധമായ ഗർത്തം രൂപപ്പെടാറുണ്ട്. ദൂരെനിന്ന് വാഹനങ്ങളിൽ വരുന്നവർ ഇത് കാണാതെ അപകടത്തിൽപ്പെടുകയാണ്. റിപ്പെയർ ആന്റ് മെയിന്റനൻസ് വിംഗിന്റെ കൂട്ടത്തിൽ ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇത്തരം കുഴികൾ മെയിന്റയിൻ ചെയ്യുന്നതിനുള്ള മൊബൈൽ യൂണിറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, ഡിപ്പാർട്ടുമെന്റ് ആളുകളെ റിക്രൂട്ട് ചെയ്യുന്ന രീതി ഇപ്പോഴില്ല, ഒരുകാലത്തുണ്ടായിരുന്നു. അത് പരിശോധിക്കേണ്ട കാര്യമാണ്. റിപ്പെയർ ആന്റ് മെയിന്റനൻസ് വിംഗ് വരുമ്പോൾ അതിന്റെകീഴിൽ ഇതും ഔദ്യോഗികമായി വരും. അപ്പോൾ മാത്രമേ പരിഹാരമുണ്ടാകൂ. പൈപ്പ് പൊട്ടുന്നതിനെക്കുറിച്ച് പറഞ്ഞത് ശരിയാണ്. സകല പൈപ്പും പൊട്ടിക്കൊണ്ടിരിക്കുകയാണ്. പൈപ്പ് പൊട്ടുമ്പോൾ അത് റീഇൻസ്റ്റേറ്റ് ചെയ്യണം. അത് വലിയ പ്രശ്നമാണ്, അതിനെക്കുറിച്ച് ഞാനിവിടെ പറയുന്നില്ല. നമ്മുടെ ശ്രദ്ധയിൽവരുന്നതെല്ലാം പരസ്പരം ചർച്ചചെയ്ത് തീരുമാനിക്കാൻ പറഞ്ഞിട്ടുണ്ട്.

വെള്ളം കൊടുക്കാതിരിക്കാൻ കഴിയുമോ; അതിന് ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി. വകുപ്പുകളിലെ എഞ്ചിനീയർമാർ ആവശ്യമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുകയാണ്. ബഹുമാനപ്പെട്ട മാത്യു ടി. തോമസുമായി ഇതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമുണ്ട്. നമുക്ക് വെള്ളവും കൊടുക്കണം, റോഡും സംരക്ഷിക്കണം. അങ്ങനെയുള്ള നടപടികളിലേയ്ക്ക് നീങ്ങാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. എം. ഷാജിയുടേയും എന്റെയും മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്ലാത്തറ-പാപ്പിനിശ്ശേരി റോഡ്, തലശ്ശേരി-വളവുപാറ റോഡ്, കാഞ്ഞങ്ങാട്-കാസർഗോഡ് റോഡ് ഇവയെല്ലാം കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ഇപ്പോൾ പ്രവൃത്തി ആരംഭിച്ചിട്ടുള്ള റോഡുകളാണ്. പ്രധാന വിഷയം റോഡ് ടാർ ചെയ്തതിനുശേഷമാണ് വാട്ടർ അതോറിറ്റി പൈപ്പ് സ്ഥാപിക്കുന്നത്. റോഡ് പൊളിക്കുമ്പോൾ സ്വാഭാവികമായും ജനങ്ങളിൽനിന്നും പ്രതിഷേധമുണ്ടാകും. അത് കഴിഞ്ഞ് ബി.എസ്.എൻ.എൽ.-കാരുടെ കേബിളിന്റെ പ്രശ്നം വരും, അവർ കേസ് കൊടുക്കും. ഇങ്ങനെയുള്ള ഒട്ടേറെ നൂലാമാലകൾ വരികയാണ്. ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ പി.ഡബ്ല്യൂ.ഡി.-യുടെ നേതൃത്വത്തിൽ പ്രോപ്പർ കോ-ഓർഡിനേഷനുണ്ടാകണം. മാത്രമല്ല, റോഡ് പൊളിച്ചുകഴിഞ്ഞാൽ അതിന്റെ എസ്റ്റിമേറ്റ് കെ.എസ്.ടി.പി.-യുടെ സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കണമെങ്കിൽ മാസങ്ങൾ കാത്തിരിക്കേണ്ടിവരും. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, വൻകിട ജലസേചന പദ്ധതികൾക്ക് ഭീമാകാരമായ പൈപ്പുകൾ സ്ഥാപിക്കുന്നതിനൊഴികെ മറ്റ് കേബിളുകൾ സ്ഥാപിക്കുന്നതിന് ഡക്ട് എന്നൊരു സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ആ ഡക്ടിൽക്കൂടി എല്ലാ കേബിളും കടന്നുപോകുന്ന സംവിധാനത്തെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്. അതിന് കമ്പനികൾ ഇപ്പോൾ പണമടയ്ക്കുണ്ട. അതിനുള്ള വാടകയെക്കുറിച്ചൊക്കെ ആലോചിച്ചുവരികയാണ്. വൻകിട പദ്ധതികൾക്കായി വലിയ പൈപ്പ് സ്ഥാപിക്കുമ്പോൾ പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാരും ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും മേൽനോട്ടം വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പലരും അത് ചെയ്യാറില്ല. അവർ മേൽനോട്ടം വഹിക്കുന്ന സ്ഥലങ്ങളിലൊന്നും പ്രശ്നമുണ്ടാകാറില്ല.

പത്രമാധ്യമങ്ങൾ കാര്യമറിയാതെ, പൈപ്പ് പൊട്ടി, ഒരു ഭാഗത്ത് വെള്ളം കിട്ടുന്നില്ല, അത് പരിശോധിക്കാൻ പി.ഡബ്ല്യു.ഡി. അനുവദിക്കുന്നില്ല എന്നൊക്കെപ്പറയും. അനുവദിച്ചാൽ റോഡ് വെട്ടിപ്പൊളിച്ചുവെന്ന് പറയും. രണ്ടിനും നമ്മളെ കുറ്റപ്പെടുത്തുകയാണ്. അങ്ങനെയുള്ള വാർത്തകൾ ക്രമീകരിക്കണം. വർഷങ്ങളായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ മാറ്റുന്നതിന് കാലതാമസം നേരിടും. എന്തായാലും ഇതിനൊരു പ്രത്യേക പോളിസിയുണ്ടാക്കിയിട്ടുണ്ട്. ആ പോളിസി അനുസരിച്ച് ചെയ്താൽ ഒരു പ്രശ്നവുമുണ്ടാകില്ല. വൻകിട പദ്ധതികൾക്കുവേണ്ടി പൈപ്പ് സ്ഥാപിക്കുന്നതിൽ കുറേക്കൂടി ശ്രദ്ധയുണ്ടാകണം.

ശ്രീ. വി. ടി. ബൽറാം: സർ, നമ്മുടെ റോഡുകൾക്ക് കൃത്യമായ ഡിസൈൻ ഉണ്ടാകണം. പലപ്പോഴും എഞ്ചിനീയർമാർ അക്കാര്യത്തിൽ തീരെ ശ്രദ്ധിക്കാറില്ല. എന്തെങ്കിലും കുറേ എഴുതിവിടുന്നതല്ലാതെ അതിനു കൃത്യമായി ഡിസൈൻ പലപ്പോഴും ഉണ്ടാകാറില്ല. ലെവൽസ് എടുക്കുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും വലിയ അഴിമതി നടക്കുന്നുണ്ടെന്നുള്ളത് ഒരുപക്ഷേ താങ്കളുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. പി.ഡബ്ല്യു.ഡി. റോഡുകളുടെ ഓരോ പത്തുമീറ്ററിലും ഡീറ്റെയ്ൽഡ് ഡ്രോയിംഗ് അടക്കമുള്ള കൃത്യമായ ഡിസൈനുണ്ടാക്കണമെന്ന് നിഷ്കർഷിക്കുമോ? ഇത്തരത്തിലുള്ള ഡിസൈൻ റോഡുകളാണ് കെ.എസ്.ടി.പി.-യുടെ ഒരു പ്രത്യേകത. കെ.എസ്.ടി.പി. റോഡുകളിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് പെരുമ്പിലാവ്-നിലമ്പൂർ റോഡ്. സ്ഥലമെടുപ്പിന്റെ തടസ്സംമൂലം ചില ഭാഗങ്ങളിൽ പണി തുടങ്ങിയിട്ടില്ല. അതിനോടൊപ്പമുള്ള മറ്റു പല കെ.എസ്.ടി.പി. റോഡുകളും രണ്ടാംഘട്ടത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പല സ്ഥലങ്ങളിലും സ്ഥലമെടുപ്പിന്റെ ആവശ്യമുണ്ടാകുന്നില്ല. ഇതിനെ സ്പ്ലിറ്റ് ചെയ്തുകൊണ്ട് സ്ഥലമേറ്റെടുപ്പ് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് പണി തുടങ്ങാനുള്ള ക്രമീകരണം ഉണ്ടാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങയുടെ പ്രധാന ചോദ്യം ഡിസൈൻ സംബന്ധിച്ചാണ്. ശരിയാണ്, റോഡ് നിർമ്മാണത്തിന് ഒരു ഡിസൈനും കേരളത്തിൽ സ്വീകരിക്കാറില്ലായിരുന്നു. പാലങ്ങൾക്കും കെട്ടിടങ്ങൾക്കും മാത്രമേയുള്ളൂ, അതുതന്നെ തെറ്റായിരുന്നു. പൊതുവേ കെ.ഐ.ഐ.എഫ്.ബി.-യിൽ പ്രധാനപ്പെട്ട എല്ലാ റോഡുകൾക്കും ഡിസൈൻ തയ്യാറാക്കിയാണ് ചെയ്യുന്നത്. റോഡുകൾക്ക് ഇപ്പോൾ ഡിസൈൻ ഏർപ്പെടുത്തിയിരിക്കുകയാണ്. തുടർന്നുള്ള റോഡുകൾക്കും ഡിസൈൻ ഉണ്ടാകും.

ശ്രീ. പി. ടി. എ. റഹീം: സർ, പി.ഡബ്ല്യു.ഡി. റോഡ് കുത്തിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയെയാണ് കുറ്റം

പറയുന്നത്. പി.ഡബ്ല്യു.ഡി.-ക്ക് ഒരു പൈസയും കെട്ടിവയ്ക്കാതെ റിലയൻസ് എന്ന സ്ഥാപനം ഒരു അനുമതിയും കൂടാതെ റോഡുകൾ കുഴിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, വാട്ടർ അതോറിറ്റിയെ ഇവിടെയാരും കുറ്റപ്പെടുത്തിയിട്ടില്ല. ആരാണ് കുറ്റപ്പെടുത്തിയത്? വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടും. ആവശ്യമുള്ള സ്ഥലത്ത് പൈപ്പിടാതെ റോഡിനുനടുവിൽക്കൂടി പൈപ്പിട്ട്, വെട്ടിപ്പൊളിക്കാൻ പി.ഡബ്ല്യു.ഡി. കൂട്ടുനിൽക്കുന്ന കാര്യമാണ് പറഞ്ഞത്. എല്ലാം ശ്രദ്ധിച്ചുകേൾക്കണം. രണ്ട് വകുപ്പുകളും അനാവശ്യം കാണിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാതെ ഒരു ഭാഗത്തു മാത്രമല്ല. റിലയൻസ് പൈസയടയ്ക്കാതെ കുത്തിപ്പൊളിച്ചെന്ന് ആരാണ് പറഞ്ഞത്? അങ്ങനെ കുത്തിപ്പൊളിക്കാൻ സാധിക്കില്ല. അവർ പൈസയടയ്ക്കും, പക്ഷേ തോന്നിയത് ചെയ്യുകയാണ്. അതുകൊണ്ട് ശ്രീ. ടി. ഒ. സൂരജ് ഇറക്കിയ ബന്ധപ്പെട്ട ജി.ഒ. മുഴുവൻ ക്യാൻസൽ ചെയ്തു. മൂന്നുമാസം തൊടാൻ ഞാൻ സമ്മതിച്ചില്ല. അവസാനം മര്യാദയ്ക്ക് വന്നു, കിലോമീറ്റർ കണക്കാക്കി പൈസയടച്ചിട്ട് കേബിൾ ഇട്ടുകൊണ്ടിരിക്കുകയാണ്. എവിടെയെങ്കിലും അങ്ങനെയുണ്ടെങ്കിൽ എം.എൽ.എ. ഇടപെട്ട് പണി നിർത്തിവയ്പിക്കണം. അങ്ങനെയുള്ള ഒരു കാര്യവും ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എനിക്ക് എൻ.എച്ച്.-മായി ബന്ധപ്പെട്ട ചോദ്യമാണ് ചോദിക്കാനുള്ളത്. എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം ഉൾപ്പെടെ സംസ്ഥാനത്തെ നാഷണൽ ഹൈവേകൾ സർവ്വീസ് റോഡോടുകൂടി വികസിപ്പിക്കണമെങ്കിൽ 60 മീറ്റർ ആവശ്യമാണെന്ന് പറയുകയും കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ അത് 45 മീറ്ററായി നമ്മൾ നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 45 മീറ്ററായി വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് പൂർണ്ണ സഹകരണം ഉറപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചില വിവാദങ്ങൾ നടക്കുന്നുണ്ട്. ഈ 45 മീറ്ററിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എവിടെ എത്തി; അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ത്വരിതഗതിയിൽ നീങ്ങുന്നുണ്ടോ? നമ്മുടെ നാഷണൽ ഹൈവേയുടെ സ്ഥിതി വളരെ ദയനീയമാണ്. എൻ.എച്ച്. 966-ലെ മണ്ണാർക്കാട് ബൈപ്പാസും മണ്ണാർക്കാട് ടൗൺ വികസനവും അതിന്റെ പ്രൊപ്പോസലും പോയിട്ട് കുറേ മാസങ്ങളായി. അത് രണ്ടും എവിടെയെത്തിയെന്നുള്ള കാര്യംകൂടി അറിയാൻ താല്പര്യമുണ്ട്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഈ ചോദിച്ചതൊന്നും ഈ ചോദ്യത്തിലുള്ള കാര്യമല്ല. ഇത് കെട്ടിടനിർമ്മാണത്തെപ്പറ്റി മാത്രമാണ്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച സ്ഥിതിക്ക് പറയാം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യത്തിലില്ലാത്ത കാര്യങ്ങൾ ചോദിച്ചാൽ മന്ത്രിക്ക് എങ്ങനെ ഉത്തരം പറയാൻ സാധിക്കും?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, നാഷണൽ ഹൈവേയുടെ കാര്യത്തിൽ 80 ശതമാനം പൊസഷനുണ്ടെങ്കിലേ നിർമ്മിക്കാൻ കഴിയുകയുള്ളൂവെന്നാണ് നിയമം. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ചചെയ്ത് അത് 60 ശതമാനമാക്കിയിട്ടുണ്ട്. കണ്ണൂർ-കോഴിക്കോട്-മലപ്പുറത്തിന്റെ ഒരുഭാഗംവരെ നിർമ്മാണം തുടങ്ങുന്നതിന് തടസ്സമില്ല. അതിന്റെ നോട്ടിഫിക്കേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ 18-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്നാമത്തെ തവണ എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥരുടെ യോഗംവിളിച്ച് കൃത്യമായി കാര്യങ്ങൾ മോണിറ്റർ ചെയ്യുകയുണ്ടായി. ബാക്കിയുള്ള സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിന് ദേവാലയങ്ങൾപോലുള്ള പ്രശ്നങ്ങളുണ്ട്. ഗവൺമെന്റ് എല്ലാം സജീവമായിത്തന്നെ ചെയ്യുകയാണ്. അതിൽ വിഷമിച്ചിട്ട് കാര്യമില്ല. കഴിഞ്ഞ അഞ്ചുവർഷം ചെയ്തില്ലല്ലോ. ഇതിനകത്ത് ധാരാളം പ്രശ്നങ്ങളുണ്ട്. അമ്പലം പൊളിക്കണം. അറിയാമല്ലോ കേരളത്തിലെ അമ്പലരാഷ്ട്രീയം. അതുപോലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് സജീവമായി നിൽക്കുകയാണ്. ഗവൺമെന്റിന് ഇതിൽ പ്രത്യേക താല്പര്യമുണ്ട്. അങ്ങ് പറഞ്ഞ റോഡും നമുക്ക് ചർച്ച ചെയ്യാം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, മണ്ണുത്തി-അങ്കമാലി നാലുവരിപ്പാത എൻ.എച്ച്.എ.ഐ., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ചിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണത്തിൽ നിരവധി അപാകതകൾ നിലനിൽക്കുന്നു. അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ സുരക്ഷാനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ ഭാഗമായി നിരവധി അപകടങ്ങളും മരണങ്ങളും നിത്യേന സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈയിടെ പാലിയേക്കരയിലുണ്ടായിരുന്ന ഒരു റോഡ് രണ്ടാഴ്ച മുമ്പ് ടോൾ കമ്പനി അടച്ചുകെട്ടിയിരിക്കുകയാണ്. രണ്ടര മീറ്റർ വീതിയുണ്ടായിരുന്ന റോഡ് ഒന്നര മീറ്ററാക്കി ചുരുക്കി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുകയാണ്. ഇതിനെതിരെ അവിടെ സാർവ്വത്രികമായ ജനരോഷവും പ്രതിഷേധവും ഉയർന്നുവന്ന സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന അവസ്ഥ പുനഃസ്ഥാപിക്കാൻ അങ്ങ് അടിയന്തരമായി ഇടപെട്ട് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാഷണൽ ഹൈവേയിലുള്ള 5 ടോളുകൾ അവസാനിപ്പിച്ചു, കേന്ദ്ര ഗവൺമെന്റും സഹായിച്ചു. ശ്രീ. എം. സ്വരാജിന്റെ ഇടപെടലിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ടോൾ ഒരെണ്ണം അവസാനിപ്പിച്ചു. ഈ 31-ന് രാത്രി 12.00 മണിക്ക്, അതായത് കേരളപ്പിറവി തുടങ്ങുന്ന സമയത്ത് നെടുമ്പാശ്ശേരി എയർപോർട്ട് റോഡിലുള്ള മൂന്നെണ്ണത്തിന് ടോൾ അവസാനിപ്പിക്കാൻ ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഏഴുകോടിരൂപ സംസ്ഥാന ഗവൺമെന്റിന് നഷ്ടമുണ്ടാകുമെങ്കിലും അവസാനിപ്പിക്കാൻ പറഞ്ഞിരിക്കുകയാണ്. പാലിയേക്കരയിലേത് തർക്കമുള്ളതാണ്. ഗവൺമെന്റ് അത് പരിശോധിച്ചുവരികയാണ്. ഗവൺമെന്റ് ഇടപെട്ട് ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യും. ഞാൻ അവിടത്തെ പഞ്ചായത്തുകളോട് ചോദിക്കുകയാണ്, നിങ്ങൾക്കത് തുറന്നുകൊടുത്താൽ എന്താണ് പ്രശ്നം? ജനങ്ങൾ ഇടപെട്ട് ഒരെണ്ണം അവസാനിപ്പിച്ചല്ലോ? തുറക്കാൻ സമ്മതിച്ചില്ലല്ലോ. കുറേയൊക്കെ ജനപ്രതിനിധികൾ ഇടപെടണം. ഹൈക്കോടതി ഉത്തരവുണ്ടെങ്കിൽ ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുക്കണം. ഹൈക്കോടതിയിൽ കാര്യം പറഞ്ഞാൽ മനസ്സിലാകില്ലേ. ജനങ്ങൾക്ക് ദ്രോഹകരമായ നടപടികൾ അവസാനിപ്പിക്കാൻ ലോക്കൽ ബോഡീസൊക്കെ വേണ്ടത് ചെയ്യണം. എന്നാലും ഗവൺമെന്റ് അത് പരിശോധിച്ച് മാറ്റാൻ കഴിയുന്നതാണെങ്കിൽ മാറ്റുന്നതാണ്. ടോളുകളിൽ ഇപ്പോൾ ഏഴെണ്ണം അവസാനിപ്പിച്ചു. ഗവൺമെന്റ് ടോൾ ഫ്രീ സ്റ്റേറ്റിനുവേണ്ടിയാണ് നിലനിൽക്കുന്നത്, ടോളിനുവേണ്ടിയല്ല.

ഡോ. എൻ. ജയരാജ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കെ.എസ്.ടി.പി.-യിലുള്ള പാലാ-പൊൻകുന്നം റോഡിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയും? കാഞ്ഞിരപ്പള്ളി ബൈപ്പാസ് അവിടത്തെ ഏറ്റവും വലിയ ശാപമാണ്. കിഴക്കൻ മേഖലയിലൂടെ കടന്നുപോകുന്ന ആളുകൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കാഞ്ഞിരപ്പള്ളി ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കാനായി കഴിഞ്ഞ ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിച്ചതാണ്. പക്ഷെ, സോഷ്യൽ അസസ്മെന്റ് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതുവരെ നടപ്പാക്കിയില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. അത് ത്വരിതപ്പെടുത്താനുള്ള നടപടി കൂടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ഉന്നയിച്ച പ്രശ്നം വിശദമായി പരിശോധിക്കാം. അങ്ങയുടെ സഹകരണത്തോടെ കോൺഫറൻസ് വിളിച്ചുകൂട്ടി അക്കാര്യം പ്രത്യേകം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കിഫ്ബി വഴി ചെയ്യുന്ന പുതിയ പ്രോജക്ടുകളെല്ലാം നന്നായി ഡിസൈൻ ചെയ്താണ് നിർമ്മിക്കാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കോഴിക്കോട് ഈ അടുത്തകാലത്ത് പഴയ മലബാർ പാക്കേജിന്റെ ഭാഗമായി കോടികൾ ചെലവഴിച്ച് പൂർത്തിയായ ഒരു കെട്ടിടമുണ്ട്. സമുദ്രതീരത്തുള്ള കെട്ടിടത്തിന്റെ മുകളിൽ റൂഫിംഗ് നടത്തിയത് ഷീറ്റ് ഉപയോഗിച്ചാണ്. രണ്ടുവർഷംകൊണ്ട് അത് പൂർണ്ണമായും തുരുമ്പെടുത്തു. അവിടെ സംഭവിച്ചത്, ഇവിടത്തെ ആർക്കിടെക്ച്ചർ വിംഗാണ് അത് ഡിസൈൻ ചെയ്തത്. അവർ സൈറ്റ് കാണാതെ, ഇത് സമുദ്രതീരത്താണോ, മലയോരത്താണോയെന്ന് പഠിക്കാതെയാണ് ചെയ്തത്. അവരെ കുറ്റംപറയുകയല്ല. ഡിസൈൻ/ആർക്കിടെക്ച്ചർ വിംഗുകളുടെ റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോട്ടും ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാനാകും. ഡിസൈനിംഗിന്റെ ക്വാളിറ്റി ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ എന്നതാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, പ്രധാനപ്പെട്ട റോഡുകൾക്കെല്ലാം ഡിസൈൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട്ടുള്ള അങ്ങ് പറഞ്ഞകാര്യം തൊട്ടുമുമ്പ് നടന്നതാണ്, അതും പരിശോധിക്കാം.

മി. സ്പീക്കർ : ചോദ്യം നമ്പർ *542

**ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നിശ്ചയിച്ചതിലെ അപാകത_**

2 (*542) ശ്രീ. പാറക്കൽ അബ്ദുല്ല :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഭൂമിക്ക് ന്യായവില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് മുൻപ്, പൊതു ആവശ്യത്തിന് ഏറ്റെടുക്കുന്ന ഭൂമിവില നിശ്ചയിക്കുന്നതിന് സ്വീകരിച്ചുവന്ന മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(ബി) നിലവിലെ പാക്കേജ് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ന്യായവില നിശ്ചയിക്കുന്നതിനുമുൻപ് വില കുറച്ചുകാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച തുച്ഛമായ നഷ്ടപരിഹാരം കൂട്ടിക്കിട്ടാൻ നൽകിയ ആയിരക്കണക്കായ കേസ്സുകൾ തീർപ്പാകാതെ കിടപ്പുള്ള കാര്യവും ഭൂമി വിട്ടുനൽകിയ പാവപ്പെട്ട ഭൂവുടമകൾ കേസ് നടത്താൻ സഹിക്കുന്ന കഷ്ടനഷ്ടങ്ങളും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം കേസ്സുകൾ ന്യായമായ നഷ്ടപരിഹാരം നൽകി തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) സംസ്ഥാനത്ത് ഭൂമിക്ക് ന്യായവില നിശ്ചയിച്ച് പ്രസിദ്ധീകരിച്ചത് 1-4-2010-ലാണ്. അതിനുമുൻപ് ഭൂമിയേറ്റെടുക്കൽ നടപടിക്ക് ഭൂമി വില നിശ്ചയിച്ചിരുന്നത് 1894-ലെ കേന്ദ്ര സ്ഥലമെടുപ്പ് ആക്ടും 1990-ലെ കേരള സ്ഥലമെടുപ്പ് ചട്ടങ്ങളും പ്രകാരമാണ്. പൊന്നുംവില നഷ്ടപരിഹാരം നിശ്ചയിക്കുന്നത് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതികളിൽ വസ്തുവിനുള്ള കമ്പോളവില അനുസരിച്ചാണ്. (സെക്ഷൻ 23 (1)(1) എൽ.എ.ആക്ട് 1894) അതിനായി കേരള സ്ഥലമെടുപ്പ് ചട്ടം 10 പ്രകാരം സമാനഭൂമികളുടെ വിലയാധാരങ്ങൾ പരിശോധിക്കുന്നതിന് 4(1) വിജ്ഞാപന തീയതിക്കുമുമ്പ് 3 വർഷക്കാലയളവിൽ നടത്തിയിട്ടുള്ള യോഗ്യമായ വിലയാധാരങ്ങൾ, പൊന്നുംവില ഭൂമിയുടെ 5 കിലോമീറ്റർ ചുറ്റളവിൽപ്പെട്ട വസ്തുക്കളുടെ വിലയാധാരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് ഭൂമി വില നിശ്ചയിക്കുന്നത്.

(ബി) 1-1-2014-ലെ പുതിയ നിയമപ്രകാരമുള്ള പൊന്നുംവില നടപടികൾക്ക് ആക്ടിലെ രണ്ടാം പട്ടികയിൽ നൽകിയിട്ടുള്ള പാക്കേജും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യേക പ്രോജക്ടുകൾക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കൂടുതൽ ആനുകൂല്യം നൽകിക്കൊണ്ട് ഈ പാക്കേജിൽ ഏർപ്പെടാൻ സർക്കാരിന് സാധിക്കും.

(സി) സാധാരണയായി പൊന്നുംവില നടപടികൾക്ക് അടിസ്ഥാനവില നിശ്ചയിക്കുന്നതിന് വിലകുറച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വിലയാധാരങ്ങൾ സ്വീകരിക്കാറില്ല. സമീപ ഭൂമികളുടെ കമ്പോളവിലയ്ക്ക് യോജിക്കുന്ന വിലയാധാരങ്ങൾ മാത്രമേ വില നിശ്ചയിക്കുന്നതിനു പരിഗണിക്കുകയുള്ളൂ.

എന്നാലും പൊന്നുംവില നിയമപ്രകാരം വിലയാധാരങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന വിലമാത്രമേ പൊന്നുംവില നഷ്ടപരിഹാരത്തിന് നിയമപ്രകാരം നൽകുവാൻ നിർവ്വാഹമുള്ളൂ. ഇതോടൊപ്പം നിയമത്തിൽ അനുശാസിക്കുന്ന 30% സമാശ്വാസം, 12% അധികഭൂമി വില എന്നിവകൂടി നൽകുന്നു. നഷ്ടപരിഹാരം കുറഞ്ഞുപോയിയെന്ന് പരാതിയുള്ള പൊന്നുംവില കേസുകൾ കോടതിയിൽ റഫർ ചെയ്യുന്നതിന് നിയമം നിഷ്കർഷിക്കുന്നു. കോടതി വിധിപ്രകാരം ഭൂമിവില വർദ്ധിപ്പിക്കുന്ന കേസ്സുകളിൽ കോടതിവിധിക്ക് അനുസൃതമായി കൂടിയ നഷ്ടപരിഹാരം നൽകുന്നുണ്ട്. വിധിപ്രകാരം ലഭിക്കുന്ന ഉയർന്ന നഷ്ടപരിഹാരത്തിന് ആദ്യത്തെ 1 വർഷം 9%, പിന്നീടുള്ള വർഷങ്ങൾക്ക് 15% നിരക്കിൽ പലിശയും നൽകുന്നുണ്ട്. പുതിയ പൊന്നുംവില നിയമം 2014 ജനവരി മുതൽ പ്രാബല്യത്തിൽ വരികയും ആയതിൽ സെക്ഷൻ 25 മുതൽ 30 വരെ പറയുന്ന രീതിയിൽ നഷ്ടപരിഹാരം 100% സൊലേഷ്യം, 12% അധികവില എന്നിവ ഉൾപ്പെടെ ഭൂവുടമകൾക്ക് ലഭിക്കുകയും പൊന്നുംവില നടപടികൾ ബാധിക്കപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും/വ്യക്തികൾക്കും നിയമത്തിലെ ഷെഡ്യൂൾ II-ൽ പറയുന്ന ആർ & ആർ-ഉം നൽകുന്നുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്തിട്ടുള്ള കേസ്സുകളിൽ വില സംബന്ധിച്ച പരാതിയുണ്ടെങ്കിൽ ആയത് സബ് കോടതിയിലേക്ക് റഫർ ചെയ്യുകയും കോടതിയിൽ കേസ് പരിഗണിച്ച് വില സംബന്ധിച്ച വിധി ലഭിച്ചാൽ അത്തരത്തിലുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭൂമിയുടെ അടിസ്ഥാന വില ഉയർത്താൻ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളൂ. അങ്ങനെ ലഭിക്കുന്ന കേസ്സുകളിൽ പലിശസഹിതം നഷ്ടപരിഹാരം ഉയർത്തി നൽകുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ പല കാലഘട്ടങ്ങളിലായി പരിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള പാക്കേജ് മുൻകാലങ്ങളെ അപേക്ഷിച്ച് ഉടമകൾക്ക് ഏറെ ഗുണകരമാണ്. മാർക്കറ്റ് വിലയും മറ്റ് ആനുകൂല്യങ്ങളും ഉഭയകക്ഷി ചർച്ചയിലൂടെയും നെഗോഷ്യേഷനിലൂടെയും തീരുമാനിക്കുക യാണിപ്പോൾ ചെയ്യുന്നത്. മാത്രമല്ല, ഭൂമി പൂർണ്ണമായും വിട്ടുകൊടുക്കേണ്ടി വരുന്നവർക്ക് വീട് നിർമ്മിക്കാനുള്ള സ്ഥലവും അതുപോലെ വ്യവസായ ആവശ്യത്തിനാണെങ്കിൽ ഭൂമി വിട്ടുകൊടുക്കുന്ന കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകാനുള്ള വ്യവസ്ഥയുമൊക്കെ നിലവിലെ പാക്കേജിലുള്ളതുകൊണ്ട് ഭൂമി

വിട്ടുകൊടുക്കാൻ ഭൂവുടമകൾ മുന്നോട്ടുവരുന്ന സാഹചര്യം ഇന്ന് കാണുന്നുണ്ട്. 2010-ൽ ഫെയർ വാല്യൂ നിശ്ചയിക്കുന്നതിനുമുമ്പ് വിവിധ പൊതു ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി അക്വയർ ചെയ്യുമ്പോൾ അതിന് നഷ്ടപരിഹാരത്തുക കണക്കാക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെ ആയിരുന്നു?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. 1894-ലെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അതിനുമുമ്പ് വില നിശ്ചയിച്ചിരുന്നത്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, 2010-ൽ ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുമുമ്പുള്ള അവസ്ഥ വളരെ വ്യത്യസ്തമായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടി ലഭിക്കാൻ ഭൂമിയുടെ വില വളരെ താഴ്ത്തിയേ ആധാരങ്ങളിൽ കാണിക്കാറുണ്ടായിരുന്നുള്ളൂ. സെന്റിന് ഒരു ലക്ഷം രൂപ വിലയുള്ളിടത്ത് പതിനായിരം രൂപപോലും ആധാരത്തിൽ കാണിക്കാറില്ല. പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ഇപ്രകാരം വിലകുറച്ച് രജിസ്റ്റർചെയ്ത ആധാരങ്ങളിലെ ക്രയവിലയാണ് അടിസ്ഥാനമാക്കിയിരുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ ലഭിക്കേണ്ട വിലയുടെ പത്തിലൊന്നുപോലും അത്തരക്കാർക്ക് ലഭിക്കുന്നില്ല. അപ്പോൾ സ്വാഭാവികമായും അവർ കോടതിയെ സമീപിക്കും. എന്തെങ്കിലും വിലവർദ്ധനവ് കോടതി അനുവദിച്ചാൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അപ്പീലിന് പോകും. അപ്പോൾ ഇവർ മേൽക്കോടതിയെ സമീപിക്കും. ചുരുക്കത്തിൽ കൊടുത്ത ഭൂമിക്കുള്ള വിലയും കിട്ടുന്നില്ല, കയ്യിലുള്ള കാശ് കോടതിച്ചെലവിനായി വിനിയോഗിക്കേണ്ടിവരികയും ചെയ്യുന്ന ദൗർഭാഗ്യകരമായ അവസ്ഥയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഇതിന് പരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. യഥാർത്ഥ സ്റ്റാമ്പ് ഡ്യൂട്ടി കാണിക്കാതെ ഏതെങ്കിലും വ്യക്തികൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനല്ല. ഗവൺമെന്റിന് കിട്ടേണ്ട പണം യഥാർത്ഥത്തിൽ കുറയുകയാണ് ചെയ്യുന്നത്. അത്തരം ഭൂമികൾ അക്വയർ ചെയ്യുമ്പോൾ വില കുറഞ്ഞുപോകുന്നുവെന്ന് പരിതപിച്ചിട്ട് കാര്യമില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അക്വിസിഷൻ

നടപടികൾ സ്വീകരിക്കുന്നത്, സമീപത്തെ അഞ്ച് കിലോമീറ്ററിനകത്ത് മൂന്ന് വർഷത്തിനിടയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള രേഖകൾ പരിശോധിച്ച് അതിന്റെ ആവറേജ് കണക്കാക്കിയാണ് വില നിശ്ചയിക്കുന്നത്. അപ്പോൾ വിലകുറച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനല്ലെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാട്ടുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ന്യായവില നിശ്ചയിച്ചപ്പോൾ ഉണ്ടായ അപാകതകൾ പരിഹരിക്കാൻ കളക്ടർമാർക്ക് അപ്പീൽ നൽകാൻ സമയം അനുവദിച്ചിരുന്നു. സമയം കഴിഞ്ഞുപോയ ന്യായമായ കേസ്സുകളിൽ അപ്പീൽ നൽകാൻ സമയം അനുവദിക്കുമോ; ഇത് സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ന്യായവില നിശ്ചയിക്കുന്നത് സ്റ്റാമ്പ് ആക്ടിനെ അടിസ്ഥാനപ്പെടുത്തിയാണ്. അതിന് 2010-ൽ ആർ.ഡി.ഒ.-മാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. സ്റ്റാമ്പ് ആക്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ച ന്യായവിലയുടെ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് ബോധിപ്പിക്കാനുള്ള സമയം 2010-ൽ അഞ്ചുവർഷത്തേയ്ക്ക് നിശ്ചയിച്ചിരുന്നത് 2015-ഓടുകൂടി അവസാനിച്ചിരിക്കുകയാണ്. നിലവിലുള്ളതിന്റെ 50 ശതമാനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ന്യായവിലയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാനത്തെ റോഡിന്റെ ഇരുവശങ്ങളിലുമുള്ള ബിൽഡിംഗിന്റെയോ കച്ചവടസ്ഥാപനങ്ങളുടെയോ മുമ്പിലുള്ള രണ്ട് മീറ്റർ സ്ഥലം റോഡ് വീതികൂട്ടുന്നതിനായി വിട്ടുതരാൻ ആളുകൾ തയ്യാറാണ്. എന്റെ നാട്ടിൽ ജനങ്ങൾ റോഡ് വീതികൂട്ടാനായി ടൗണിൽ രണ്ട് മീറ്റർ വീതം റോഡിന്റെ ഇരുഭാഗങ്ങളിലെയും സ്ഥലം സൗജന്യമായി നൽകുകയുണ്ടായി. അവർക്ക് അവിടെ ഉണ്ടായിരുന്ന റൂമുകളും മറ്റും പൊളിക്കേണ്ടിവന്നു. അങ്ങനെയുള്ളവർക്ക് ഒരു ചെറിയ തുക നഷ്ടപരിഹാരമായി നൽകാൻ ബഹുമാനപ്പെട്ട ധനകാര്യ, റവന്യൂ, പൊതുമരാമത്ത് വകുപ്പുമന്ത്രിമാരും മുഖ്യമന്ത്രിയും ചേർന്ന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2013-ലെ കേന്ദ്ര നിയമത്തെ അടിസ്ഥാനപ്പെടുത്തി 1-1-2014 മുതൽ നിലവിലുള്ള അക്വിസിഷൻ നിയമമനുസരിച്ച് ഭാഗികമായോ ചെറിയ തോതിലോ വസ്തു നഷ്ടപ്പെടുന്നവർക്ക് സമാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. അത്തരം കേസ്സുകൾ തീർച്ചയായും പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മന്ത്രി 'ഡി' നമ്പർ മറുപടിയിൽ നഷ്ടപരിഹാരം നൽകി ഭൂമി എറ്റെടുത്തിട്ടുള്ള കേസ്സുകളുടെ വില സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ ആയത് സബ് കോടതിയിലേയ്ക്ക് റഫർ ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്. നെഗോഷ്യേറ്റഡ് പർച്ചേസിൽ ജില്ലാ കളക്ടറാണ് നെഗോഷ്യേഷനും കോമ്പൻസേഷനുമൊക്കെ തീരുമാനിക്കുന്നത്. സ്ഥല ഉടമകൾ അതംഗീകരിക്കാൻ തയ്യാറാകാതെവരുന്ന സാഹചര്യത്തിൽ കോടതിയിൽ പോകാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. അങ്ങനെ വന്നാൽ വികസനപ്രവർത്തനങ്ങൾക്ക് കോടതി വിധി കാത്തിരിക്കേണ്ട അവസ്ഥയുണ്ടാകും. അതിനുപകരം ഇതിന്റെ വില നിർണ്ണയത്തിനുവേണ്ടി ജില്ലാ കളക്ടറുടെ മുകളിൽ ഒരു അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നഷ്ടപരിഹാരം നൽകുന്നതിന് നേരത്തെ ഉണ്ടായിരുന്ന നിയമമനുസരിച്ച് അർഹതപ്പെട്ട വില ലഭിച്ചില്ലെന്ന് തോന്നുന്ന ഭൂ ഉടമകൾ കോടതിയെ സമീപിക്കുന്ന നടപടിയാണ് തുടർന്നുകൊണ്ടിരുന്നത്. നിലവിലുള്ള നിയമത്തെ അടിസ്ഥാനപ്പെടുത്തി ലാന്റ് അക്വിസിഷൻ സെറ്റിൽമെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയുണ്ട്. അതിന്റെ ഫയൽ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുടെ മുമ്പിലാണ്.

ശ്രീ. കെ. രാജൻ: സർ, ലാന്റ് അക്വിസിഷൻ സംസ്ഥാനത്തെ പ്രധാന വിഷയമായി മാറിയിരിക്കുകയാണ്. ചെറിയൊരു വിഭാഗം ആളുകളുടെ തർക്കംകൊണ്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ച റോഡുകൾ പലതും നിർമ്മിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. നഷ്ടപരിഹാരമാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ശ്രീ. പി. കെ. ബഷീർ ഉന്നയിച്ചതുപോലെ, പുതിയ ലാന്റ് അക്വിസിഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നഷ്ടപരിഹാരമല്ലാതെ നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ നഷ്ടപരിഹാരം നൽകാനുള്ള സംവിധാനം കുറേക്കൂടി സ്പീഡാക്കിയാൽ ഈ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. അക്കാര്യത്തിൽ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ലാന്റ് അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഏതെങ്കിലും പ്രത്യേക പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുമ്പോൾ ജില്ലാതലത്തിൽ നെഗോഷ്യേറ്റ് ചെയ്ത് ഇക്കാര്യങ്ങൾ തീരുമാനിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അത്തരം വിഷയങ്ങൾ പരിശോധിച്ച് തദ്ദേശീയമായി നിലനിൽക്കുന്ന വിലയെ അടിസ്ഥാനപ്പെടുത്തി വില നിശ്ചയിച്ച് എസ്.എൽ.ഇ.സി.-യുടെ പരിഗണനയിൽ കൊണ്ടുവന്ന് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുള്ളതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞതുപോലെ, സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ വന്ന് വർഷങ്ങളായിട്ടും ഭൂമി ഏറ്റെടുക്കലിന്റെ കാര്യത്തിൽ തീരുമാനമാകാത്ത അവസ്ഥ നിലനിൽക്കുകയാണ്. നമുക്കുതന്നെ പരിഹരിക്കാവുന്ന പ്രശ്നങ്ങളിൽപ്പോലും അന്യായമായ കാലതാമസം വരുത്തുന്നത് ഗവൺമെന്റ് ഗൗരവമായി കാണേണ്ടതാണ്. പുതിയ കേന്ദ്രനിയമം വന്നതിനുശേഷം ഭൂമി എടുക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ; ഇത് എത്രയും പെട്ടെന്ന് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? നെഗോഷ്യബിൾ പർച്ചേസ് അനുസരിച്ച് ഭൂമി എടുക്കുന്നത് സ്വാഗതാർഹമാണ്. വസ്തു തരുന്നവർക്ക് മെച്ചപ്പെട്ട വില ലഭിക്കാൻ സാഹചര്യമുണ്ടാക്കുന്ന കാര്യംകൂടിയാണിത്. ഓരോ ജില്ലയിലും ബഡ്ജറ്റിൽ അനുവദിച്ച വർക്കുകൾക്കും അടിയന്തര പ്രാധാന്യമുള്ള വർക്കുകൾക്കും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതിന് ഗവണ്മെന്റ് പ്രത്യേക ഇടപെടൽ നടത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ട് ഇപ്പോഴും തീരാതെ കെട്ടിക്കിടക്കുന്നു എന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഏത് കാലത്തേതാണെന്നും ഏതാണ് കേസ്സെന്നും ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാവുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി പരസ്പരം ചർച്ചചെയ്ത് തീരുമാനിക്കുന്നതിനുള്ള നടപടികൾക്ക് ജില്ലാതലത്തിൽ കളക്ടർമാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അവർക്ക് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് തീരുമാനമെടുക്കാനും കഴിയുന്നുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ചകളിൽ അത്തരം റിപ്പോർട്ടുകൾ ജില്ലകളിൽനിന്നും ലഭിച്ചിട്ടുണ്ട്. എസ്.എൽ.ഇ.സി.-യുടെ മീറ്റിംഗ് 19-ാം തീയതി കൂടിയിരുന്നു.

ഇനി 27-ാം തീയതിയും കൂട്ടുന്നുണ്ട്. ആഴ്ചയിലൊരിക്കൽ മീറ്റിംഗ് ചേരുന്ന ഒരു സംവിധാനമുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ കാലതാമസം ഉണ്ടായതെന്ന് മനസ്സിലാകുന്നില്ല. മറ്റൊരുകാര്യം സ്പെഷ്യൽ റൂൾസിനെ സംബന്ധിച്ചുള്ളതാണ്. 2013-ലെ കേന്ദ്ര നിയമത്തെ അടിസ്ഥാനപ്പെടുത്തി 1-1-2014-ൽ കേരള ഗവൺമെന്റ് ഒരു റൂൾ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടിയാണ് സ്വീകരിക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സബ് കോടതി ഉത്തരവുപ്രകാരം തീർപ്പ് കല്പിച്ചിട്ടുള്ള കേസ്സുകളിൽ പിന്നീട് സർക്കാർ അപ്പീലിന് പോകുന്നത് ഭൂ ഉടമകൾക്ക് വലിയ വിഷമമാണുണ്ടാക്കുന്നത്. അതിന്റെ ഭാഗമായുണ്ടാകുന്ന താമസം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സാധാരണഗതിയിൽ ഭൂമിയുടെ വിലയുമായി യാതൊരു പൊരുത്തവുമില്ലാത്ത രീതിയിലുള്ള വില കോടതികളിൽ ആവശ്യപ്പെടുകയും കോടതികൾ അത്തരം വില തീരുമാനിക്കുകയും ചെയ്താൽ അക്കാര്യത്തിൽ ഗവൺമെന്റ് അപ്പീൽ പോകുകയാണ് സ്വാഭാവികമായ നടപടി. അത്തരം കേസ്സുകളെ സംബന്ധിച്ച് ഗവൺമെന്റ് വീണ്ടും ആലോചിച്ച് തീരുമാനിക്കാമെന്നല്ലാതെ വളരെ പെട്ടെന്ന് ഒരു മറുപടി പറയുക എളുപ്പമല്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കരമന – കളിയിക്കാവിള ദേശീയപാതയുടെ വികസനം ആരംഭിച്ചത്. 350 കോടി രൂപ ചെലവാക്കി ഒന്നാംഘട്ടം പൂർത്തീകരിച്ചതാണ്. രണ്ടാംഘട്ടത്തിന്റെ വികസനത്തിനുവേണ്ടി സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് സംബന്ധിച്ച് ഇന്നലെ സെക്രട്ടേറിയറ്റിനുമുമ്പിൽ ആക്ഷൻ കൗൺസിൽ സമരപരിപാടികൾ സംഘടിപ്പിച്ചു. സ്ഥലം വിട്ടുനൽകിയവർക്ക് തുക അനുവദിച്ചെന്ന ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റുണ്ടായിരുന്നു. അടിയന്തരമായി അതിന് നടപടികൾ സ്വീകരിക്കണം. ഒന്നാംഘട്ടം പൂർത്തീകരിച്ച അവസരത്തിൽ ഇതിന്റെ ഏകോപനത്തിനുവേണ്ടി ഒരു ഐ.എ.എസ്. ഓഫീസറെ നിയമിച്ചിരുന്നു. അങ്ങനെ ഒരു ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്റ് ചെയ്യാനില്ലാത്തതുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് കോ-ഓർഡിനേറ്ററായി ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കരമന-കളിയിക്കാവിള റോഡ് വികസനത്തിന് നാളിതുവരെ ഏറ്റെടുത്തത് 8.3920 ഹെക്ടർ സ്ഥലമാണ്. അതിന് നഷ്ടപരിഹാരം നൽകിയിട്ടുമുണ്ട്. പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റീച്ചിന്റെ പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവാർഡും എൻക്വയറിയും പൂർത്തിയാക്കി. ആകെയുള്ള 644 എൽ. എ. കേസ്സുകളിൽ 173 എണ്ണത്തിന് അവാർഡ് പാസ്സാക്കുകയും ശേഷിക്കുന്നതിന് ഇതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് സ്പെഷ്യലായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പുതിയ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സാമൂഹികാഘാത പഠനം നടത്തുന്നതിന് ഏജൻസികളെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഓരോ സ്ഥലത്തും ഭൂമി എടുക്കുമ്പോഴാണ് സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസികളെ നിശ്ചയിക്കുന്നത്. ആ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള പ്രയാസം പല ജില്ലകളിൽനിന്നും സൂചിപ്പിച്ചിട്ടുണ്ട്. എങ്കിലും അതുസംബന്ധിച്ച് പൊതുവായി ഒരു തീരുമാനമെടുത്ത് നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പല ജില്ലകളിലും അത്തരം നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, എന്റെ മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കുറച്ച് ഭൂമി ഗവൺമെന്റ് പോളിടെക്നിക്കിന് വിട്ടുകിട്ടാൻ വേണ്ടി ഞാൻ നടപടികൾ തുടങ്ങിയിട്ട് 9 വർഷമായി. ഇപ്പോഴും അത് ലാന്റ് ബാങ്കിൽ എത്തിയിട്ടില്ല. മുമ്പ് അതില്ലായിരുന്നു. ജലസേചന വകുപ്പ് എൻ.ഒ.സി. കൊടുത്താൽ ആ ഭൂമി ലഭിക്കുമായിരുന്നു. ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. റവന്യൂ വകുപ്പിനെ അറിയിച്ചാൽ അത് ലാന്റ് ബാങ്കിൽ എത്താവുന്നതേയുള്ളൂ. ഇത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ഒരു നിയമമാണ്. കളക്ടർമാരുടെ യോഗത്തിൽ അടിയന്തരമായി അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുത്തതായി ഞാൻ വായിച്ചറിഞ്ഞു. ഇത്തരം നൂലാമാലകൾ ഒഴിവാക്കി കാലോചിതമായി മാറ്റങ്ങൾ വരുത്താൻ റവന്യൂ വകുപ്പ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത് അക്വിസിഷനമായി ബന്ധമുള്ള വിഷയമാണെന്ന് തോന്നുന്നില്ല. ഇറിഗേഷൻ വകുപ്പിന്റെ കയ്യിലിരിക്കുന്ന ഭൂമി പോളിടെക്നിക്കിന് മാറ്റിക്കിട്ടുന്ന കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. സാധാരണരീതിയിൽ ട്രാൻസ്ഫർ ഓഫ് ലാന്റ് എന്ന നിലയിൽ ഒരു ഡിപ്പാർട്ട്മെന്റിൽനിന്ന് മറ്റൊരു ഡിപ്പാർട്ട്മെന്റിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ട ഒരു കാര്യമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തായാലും ആ വിഷയത്തെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ *543

**ദുരന്ത ലഘൂകരണ പദ്ധതി**

3 (*543) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്ത ലഘൂകരണ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

സർ, (എ) ഉണ്ട്. കേരളത്തിലെ ആദ്യ 'സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി' 7-9-2016-ന് ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം അംഗീകരിച്ചു. പ്രസ്തുത പദ്ധതി 9-9-2016-ലെ GO(Rt)No.3667/2016/DMD പ്രകാരം സർക്കാർ അംഗീകരിച്ചു.

(ബി) 4 ലക്ഷ്യങ്ങളാണ് പ്രധാനമായും ഉള്ളത്.

1. ദുരന്ത സാധ്യതകളെ മനസ്സിലാക്കുക.
2. ദുരന്ത സാധ്യതകളെ ലഘൂകരിക്കുന്നതിനായി ഭരണതലത്തിൽ തയ്യാറെടുപ്പുകൾ നടത്തുക.
3. ദുരന്ത അതിജീവനത്തിന് ആവശ്യമായ അളവിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.
4. ദുരന്ത പ്രതികരണ സംവിധാനങ്ങളും ദുരന്തശേഷ പുനരുദ്ധാരണ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുക.

(സി) സംസ്ഥാന-ജില്ലാ ദുരന്തനിവാരണ അതോറിറ്റികളെ ശക്തിപ്പെടുത്തുന്നതിന് ഇരുപത്തിയേഴ് ഇന പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനായി ഈ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന വകുപ്പുകളിൽ 15 പേരടങ്ങുന്ന ഒരു വെർച്വൽ കേഡർ (20 വർഷം സർവ്വീസ് ബാക്കിയുള്ള സന്നദ്ധ ഉദ്യോഗസ്ഥ സംഘം) രൂപീകരിക്കുവാനും പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ദ്ധ പരിശീലനം നൽകുവാനും ഉദ്ദേശിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും പദ്ധതി അടങ്കലിന്റെ 10% അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട് ദുരന്ത തയ്യാറെടുപ്പ്, പ്രതിരോധ, പ്രതികരണ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കണമെന്നും ഈ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പ്രകൃതിദുരന്തങ്ങളും അതുപോലെ മനുഷ്യനിർമ്മിത ദുരന്തങ്ങളും നമ്മൾ ഏറെ കണ്ടിട്ടുണ്ട്. അടുത്തകാലത്താണ് കുറ്റ്യാടിപ്പുഴയിൽ കുളിക്കാനിറങ്ങിയ യുവാക്കൾ മലവെള്ളപ്പാച്ചിലിന്റെ കുത്തൊഴുക്കിൽപ്പെട്ട് മരണമടഞ്ഞത്. അവിടെയൊക്കെ രക്ഷാപ്രവർത്തനത്തിന് വളരെ താമസമുണ്ടായി. മലവെള്ളപ്പാച്ചിൽ, കുത്തൊഴുക്ക്, പാറക്കെട്ടുകൾ ഇതൊക്കെ നമ്മൾ ടെലിവിഷനിൽ കണ്ടിട്ടുള്ളവരാണ്. തേക്കടി ദുരന്തം, തട്ടേക്കാട് ബോട്ടപകടം, ശബരിമലയിലെ അപകടം എന്നിവയെല്ലാം കേരളം വളരെ വേദനയോടെ ഏറ്റുവാങ്ങിയ ദുരന്തങ്ങളാണ്. ഈ ദുരന്തങ്ങളെല്ലാം ഉണ്ടാകുമ്പോൾ ഇതിനെ സംബന്ധിച്ച് പഠിക്കാൻ കമ്മീഷനെ വയ്ക്കുകയും പരിഹാരമാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നുവെങ്കിലും അതൊന്നും ഫലപ്രദമാകുന്നില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് കൂടുതലായി പഠിക്കുന്നതിനും ദുരന്തനിവാരണസേനയെ ശാക്തീകരിക്കുന്നതിനും സാധിക്കണം. അതിനാവശ്യമായ മെഷിനറീസും മാൻപവ്വറുമില്ലാത്ത സാഹചര്യമാണുള്ളത്. അങ്ങനെയുള്ള കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സണ്ണി ജോസഫ് ചൂണ്ടിക്കാണിച്ചത്, കുറ്റ്യാടി പുഴ അല്ലെങ്കിൽ കടവന്ത്രപ്പുഴയ്ക്കടുത്ത് നടന്ന പശുക്കടവിലെ ദുരന്തമാണ്. 6 ചെറുപ്പക്കാരാണ് കാലവർഷത്തിൽ പുഴയിൽ കുളിക്കാനിറങ്ങിയത്. വളരെ പെട്ടെന്ന് വന്നുചേർന്ന മലവെള്ളപ്പാച്ചിലിൽ അവരെല്ലാം ഒഴുക്കിൽപ്പെട്ടു. അവിടെ സുരക്ഷാ സംവിധാനങ്ങളൊരുക്കാൻ സമയം വേണ്ടിവന്നു. പ്രദേശവാസികളുടെ ഇടപെടലുണ്ടായെങ്കിലും ഒരാളുടെ ജീവൻപോലും രക്ഷിക്കാൻ കഴിഞ്ഞില്ല. ദുരന്തത്തെത്തുടർന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യാനുള്ളതൊക്കെ ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തും പ്രത്യേകം സേനയെ വിന്യസിക്കുക എന്നത് അത്ര എളുപ്പമല്ലാത്ത സാഹചര്യത്തിൽ ഇതൊരു വലിയ സാമൂഹ്യപ്രശ്നമായി കണ്ട് ഓരോ പ്രദേശത്തേയും പ്രത്യേകിച്ച് ഒരു താലൂക്കോ പഞ്ചായത്തോ യൂണിറ്റായി എടുത്ത് ഇത്തരം കേന്ദ്രങ്ങളിൽ ദുരന്ത പ്രതികരണസേനയെ വിന്യസിക്കാനും അവർക്ക് പരിശീലനം നൽകുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ആലോചനയും നടന്നുവരികയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ദുരന്തങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങളെ സഹായിക്കാൻ ഏകീകൃത പദ്ധതിയോ മറ്റെന്തെങ്കിലും മാനദണ്ഡങ്ങളോ ഉണ്ടോ? പരിക്കുപറ്റുന്നവരെ പിന്നീട് ആരും ശ്രദ്ധിക്കാറില്ല. വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുവരുന്നത്, മരണം സംഭവിക്കുന്നവരും അവരെ സഹായിക്കുന്ന ആളുകളുടെ ആവശ്യങ്ങളുമാണ്. ഗുരുതരമായ പരിക്കേറ്റ് ദീർഘനാൾ ചികിത്സയ്ക്ക് വിധേയരാകുന്നവരെ സഹായിക്കാനുള്ള പ്രത്യേക പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ദുരന്തപ്രതികരണവുമായി ബന്ധപ്പെട്ട് State Disaster Management Authority (SDMA) കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഏതെല്ലാം കാര്യങ്ങളാണ് ദുരന്തത്തിന്റെ പട്ടികയിൽപ്പെടുന്നതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ State Disaster Management Authority (SDMA) പരിശോധന നടത്തിയാണ് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നത്. ഉദാഹരണത്തിന്, പശുക്കടവിലുണ്ടായ ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 4 ലക്ഷം രൂപ വരെ നൽകുന്നതിനുവേണ്ടി SDMA-യുടെ തീരുമാനമുണ്ടായിട്ടുണ്ട്. അത്തരം ദുരന്തങ്ങൾ കേന്ദ്രഗവൺമെന്റിന്റെ വ്യവസ്ഥകളിൽ വരുന്ന കാര്യമാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായമുൾപ്പെടെ 8 ലക്ഷം രൂപവീതമാണ് 6 കുടുംബങ്ങൾക്കും നൽകിയത്.

ശ്രീ. കെ. മുരളീധരൻ: സർ, കാലവർഷത്തിൽ വീടുകൾ നഷ്ടപ്പെടുന്നവർക്ക് വളരെ താമസിച്ചാണ് കോമ്പൻസേഷൻ ലഭിക്കുന്നത്. ഇപ്പോൾത്തന്നെ മൂന്നുവർഷത്തെ പെൻഡിംഗുള്ളവരുണ്ട്. ഇക്കാര്യത്തിൽ വളരെ വേഗം കോമ്പൻസേഷൻ കൊടുക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുമോ? പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ തൃശ്ശൂർ പൂരത്തിന്റെ വെടിക്കെട്ടിന് പെർമിഷൻ ലഭിക്കില്ലെന്നും അതുകാരണം പൂരം നടക്കില്ലെന്നുമുള്ള വാർത്തകണ്ടു. നമ്മുടെ പരമ്പരാഗതമായ ആഘോഷമാണ് തൃശ്ശൂർ പൂരം. അതുകൊണ്ട് അത് നടത്താനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വീടുകൾ നഷ്ടപ്പെടുന്നവർക്ക് ദുരന്തനിവാരണത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 1005000 രൂപയാണ് നൽകുന്നത്. പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായമുൾപ്പെടെ 2 ലക്ഷം രൂപയാണ് നൽകിവരുന്നത്. അതിൽ കാലതാമസമുണ്ടാകുന്നത് ഒഴിവാക്കാനുള്ള തീരുമാനമെടുക്കും. പുറ്റിങ്ങൽ വെടിക്കെട്ട് അപകടം കണക്കിലെടുത്ത് ഇങ്ങനെയുള്ള വെടിക്കെട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉയർന്നുവന്നത്. മത്സരാധിഷ്ഠിതമായ വെടിക്കെട്ട് നടത്തരുതെന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് തോന്നുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, അത് രണ്ട് ദേവസ്വങ്ങൾ തമ്മിലുള്ള മത്സരമല്ലേ?

മി. സ്പീക്കർ: അത് രണ്ട് ദേവസ്വങ്ങൾ തമ്മിലുള്ള മത്സരമല്ല. രണ്ടുപേരും വെടിക്കെട്ട് നടത്തുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് മത്സരമല്ല. പുറ്റിങ്ങൽ അപകടത്തെ അടിസ്ഥാനപ്പെടുത്തിയാണ് അത്തരം വിഷയങ്ങൾ ഉയർന്നുവന്നിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഒരു ദുരന്തമുണ്ടായാൽ എപ്പോഴും ഓടിയെത്തുന്നത് പ്രദേശവാസികളാണ്. ഒരു മാസം മുൻപാണ് എന്റെ നിയോജക മണ്ഡലത്തിലെ അമ്പലമുകളിൽ കൊച്ചിൻ റിഫൈനറിയിൽനിന്ന് വാതകച്ചോർച്ച യുണ്ടായത്. ഉടൻതന്നെ അവിടെയുള്ള പ്രദേശവാസികൾ ഓടിയെത്തി.

അതിനുശേഷമാണ് ഗവൺമെന്റ് മെഷിനറീസ് എത്തുന്നത്. കൊച്ചിൻ റിഫൈനറി പോലുള്ള സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ നാളെ എന്തും സംഭവിക്കാം. അപകടസാധ്യതയുള്ള മേഖലകളിൽ ഇതുപോലുള്ള ദുരന്തമുണ്ടായാൽ അത് വേഗത്തിൽ തടയുന്നതിനായി പ്രദേശവാസികളെ ഉൾപ്പെടുത്തി ഒരു ദുരന്തനിവാരണ സമിതി രൂപീകരിക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ആ കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. പൊതുവിൽ അതൊരു ആലോചനാവിഷയമായി വന്നിരിക്കുകയാണ്. കേരളത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടാകുന്ന ദുരന്തങ്ങളിൽ വളരെ പെട്ടെന്നുള്ള റിയാക്ഷനുണ്ടാകുന്നത് സമീപവാസികളുടെ ഭാഗത്തുനിന്നുമാണ്. അവരുടെ നല്ലരീതിയിലുള്ള ഇടപെടലുകളാണ് പലപ്പോഴും ജീവൻ രക്ഷിക്കാൻ സഹായകരമാകുന്നത്. അത്തരമൊരു സാഹചര്യത്തിൽ എല്ലാ പ്രദേശങ്ങളിലും ദുരന്തനിവാരണത്തിന് സഹായകരമായ വിധത്തിൽ ഒരു പ്രതികരണസേന രൂപീകരിക്കണമെന്നതന്നെയാണ് ആലോചിക്കുന്നത്. അതിനാവശ്യമായ പരിശീലനം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് ലഭ്യമാക്കാനുള്ള സംവിധാനംകൂടി ആലോചിക്കുന്നതാണ്.

## അടിയന്തര ചോദ്യം

## (2) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞിക്കുള്ള അരി വിതരണം മുടങ്ങാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) എ.പി.എൽ. വിഭാഗത്തിനുള്ള റേഷൻ വിഹിതം വെട്ടിക്കുറച്ചതിനോടൊപ്പം ഉച്ചക്കഞ്ഞിക്കുള്ള അരി വിഹിതത്തിലും കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(സി) അരി വിതരണം എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഒന്നും രണ്ടും ക്വാർട്ടറുകളിലെ ഉച്ചക്കഞ്ഞിക്കുവേണ്ടിയുള്ള അരി വിതരണം പൂർത്തിയായിട്ടുണ്ട്. 2016 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള മൂന്നാം ക്വാർട്ടറിലേയ്ക്ക് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ട അരിയുടെ ജില്ലതിരിച്ചുള്ള ആവശ്യകതയും 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ രണ്ട്, മൂന്ന്, നാല് ക്വാർട്ടറുകളിലേക്കുള്ള സ്കൂളുകൾക്ക് നൽകേണ്ട അരിയുടെ ജില്ലതിരിച്ചുള്ള ആവശ്യകതാ സ്റ്റേറ്റുമെന്റും സഹിതം അരി വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ റീജിയണൽ ജനറൽ മാനേജർ, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. അടുത്ത മാർച്ച് 31 വരെയുള്ള ആവശ്യകതയാണ് ഇതിൽ കാണിച്ചിട്ടുള്ളത്. ഇപ്രകാരം അരി വിതരണം നടന്നുവരുന്നു. ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) 1-10-2016 മുതൽ 31-3-2017 വരെ സ്കൂളുകൾക്ക് ആവശ്യമുള്ള അരിവിതരണം നടത്തുന്നതിനുള്ള നടപടികൾ 20-9-2016-ന് തന്നെ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഉച്ചക്കഞ്ഞി എന്നുപറയുന്നത് പാവപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ലഞ്ച് മാത്രമല്ല, അത് അവരുടെ ബ്രേക്ക് ഫാസ്റ്റും ഡിന്നറും കൂടിയാണെന്ന് നമ്മളെല്ലാവരും മനസ്സിലാക്കണം. ഉച്ചക്കഞ്ഞി മുടങ്ങുകയാണെങ്കിൽ അതൊരു രാഷ്ട്രീയവിഷയമാക്കാതെ എവിടെയാണോ പന്തികേടുള്ളത്, ആ പന്തികേട് പരസ്പരം പഴിചാരാതെ പരിഹരിക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്രാവശ്യം അദ്ധ്യയനവർഷം ആരംഭിച്ചപ്പോൾത്തന്നെ ചില സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കുള്ള അരി എത്തിക്കാൻ സാധിച്ചില്ല. അതുപോലെ ഓണത്തിന് യഥാസമയം കുട്ടികൾക്കുള്ള അരി നൽകാൻ കഴിഞ്ഞില്ല. രണ്ടുമൂന്ന് ദിവസങ്ങൾക്കുമുൻപ് പത്രങ്ങളിൽ വന്ന വാർത്ത, പാലക്കാട്, കോട്ടയം, മലപ്പുറം, തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലകളിലെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള അരിവിതരണം മുടങ്ങിയെന്നാണ്. അത് പരിഹരിക്കണം എന്നാണെനിക്ക് പറയാനുള്ളത്. അതിന് ഞാൻ മന്ത്രിയെ കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല. ഈ അടുത്തകാലത്ത് പത്രത്തിൽ വന്ന ഒരു വാർത്ത, ഭക്ഷണം കഴിക്കാതെ ഓടിയ 5 സ്കൂൾ കായികതാരങ്ങൾ കുഴഞ്ഞുവീണു എന്നാണ്. ഭക്ഷണം കഴിക്കാതെ ഓടാൻ മന്ത്രി നിർദ്ദേശം നൽകിയിട്ടില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്..... അങ്ങ് ചോദ്യം ചോദിക്കൂ...

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇവിടെ ഗുണമേന്മയില്ലാത്ത അദ്ധ്യാപകരെയും ഉദ്യോഗസ്ഥരെയും നിലയ്ക്കുനിർത്താൻ സാധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെയും ഇവിടെ പ്രസ്താവിച്ചു, 'ഓരോ ഫയലിലും ഓരോ ജീവിതമുണ്ട്' എന്ന്. അത് മനസ്സിലാക്കാത്ത ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പൊതുവായി കേരളത്തിൽ ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്, അത് നടന്നുവരികയാണ്. ഒരിക്കലും വിദ്യാഭ്യാസരംഗത്ത് ഇതിനെ രാഷ്ട്രീയമായി കാണുന്ന പ്രശ്നമില്ല. അങ്ങനെ എന്തെങ്കിലും പ്രശ്നം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് നമുക്ക് ഒന്നിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ഉച്ചക്കഞ്ഞി എന്നുള്ളത് സമൂഹത്തിന്റെ ഏറ്റവും വലിയ പ്രശ്നമായിതന്നെയാണ് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ളത്. കൂട്ടായ്മയുണ്ടെങ്കിൽ ഈ പ്രശ്നങ്ങളൊക്കെ നമുക്ക് പരിഹരിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സൈക്കോ സോഷ്യൽ കൗൺസിലിംഗ് പദ്ധതി

4(*544) <u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. കെ. സി. ജോസഫ്</u>:
<u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹൈസ്കൂളുകളിൽ സൈക്കോ സോഷ്യൽ കൗൺസിലിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എയ്ഡഡ് സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. വിദ്യാർത്ഥികളിലുണ്ടാകാവുന്ന മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന സൈക്കോ സോഷ്യൽ കൗൺസിലിംഗ് പദ്ധതി സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് നിയമിക്കുന്ന കൗൺസിലർമാരാണ് സർക്കാർ സ്കൂളുകളിൽ സേവനം അനുഷ്ഠിക്കുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ആശ്വാസ് പദ്ധതി**

5(*545) ശ്രീ. ആർ. രാജേഷ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കായി 'ആശ്വാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രസ്തുത പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനും അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇല്ല. 2014-15 സാമ്പത്തിക വർഷത്തിൽ 'ആശ്വാസ് ' പദ്ധതി നടപ്പിലാക്കുന്നതിനായി 9 സർക്കാർ സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും അടിസ്ഥാനസൗകര്യ വികസനത്തിനായി വകയിരുത്തിയിരുന്ന ഒറ്റത്തവണ അധിക കേന്ദ്രധനസഹായം ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല.

(ബി) കല, കായികവിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് 'ആശ്വാസ് '. ആർട്സ് ഹബ്, വർക്ക്സെന്റർ, സ്പോർട്സ് ഹബ് എന്നിവയാണിതിന്റെ പ്രവർത്തന മേഖലകൾ. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ് മുഖേന ഉദ്ദേശിച്ചിരുന്നത്.

(സി) കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്.

(ഡി) വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ് സഹായിക്കുമെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 'ആശ്വാസ് ' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ ഒരു നിയമസഭാ നിയോജകമണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 നിയോജകമണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന ഒരു നൂതന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ചെറുമത്സ്യങ്ങളെ പിടിക്കുന്നതുമൂലം മത്സ്യസമ്പത്തിലുള്ള കുറവ്**

6(*546) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലിൽ നിന്ന് ചെറുമത്സ്യങ്ങളെ പിടിക്കുന്നതുമൂലം വൻതോതിൽ മത്സ്യസമ്പത്ത് നശിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചെറുമത്സ്യങ്ങളെ പിടികൂടുന്നത് കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) ഉണ്ട്.

(ബി) ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഇതുവരെയായി ഇത്തരം 56 കേസ്സുകൾ പിടികൂടുകയും 17.00 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യസമ്പത്തിന് ഹാനികരമാകുന്ന രീതിയിൽ വളർച്ചയെത്താത്ത മത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ് എന്നീ ഏജൻസികളോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ചെറുമത്സ്യങ്ങളെ പിടിച്ച മത്സ്യ ബന്ധനയാനങ്ങളെ വിവിധ ജില്ലകളിൽ പിടികൂടുകയും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയും ചെയ്യുന്നു.

(സി) മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ അശാസ്ത്രീയമായ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോട്ട് ഇമ്പൗണ്ട് ചെയ്ത് പിഴ നൽകാറുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു എന്ന് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ അവകാശങ്ങൾ

7(*547) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്ര ജലപരിഷ്കരണ നിയമം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമസ്ഥാവകാശം, കടലിലേക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ;

(സി) പിടിച്ചു കൊണ്ടുവരുന്ന പച്ച മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുമോയെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. മത്സ്യബന്ധനാവകാശം, വള്ളവും വലയും ഉൾപ്പെടെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥത, മത്സ്യ ആദ്യ വിപണനാവകാശം, ജല സമുദ്ര ഉൽപ്പന്ന സ്രോതസ്സുകളുടെ അവകാശം, അവയുടെ വിനിയോഗം എന്നിവയ്ക്കൊപ്പം സംസ്ഥാനത്തിന്റെ തീരദേശ മത്സ്യബന്ധന മേഖലയുടെ പരിപാലനത്തിനുള്ള സമഗ്രമായൊരു നിയമം രൂപപ്പെടുത്തുക എന്നതാണ് ജലപരിഷ്കരണ നിയമത്തിന്റെ ഉദ്ദേശ്യം.

(ബി) മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥാവകാശം, കടലിലേയ്ക്കുള്ള പ്രവേശനാവകാശവും സമുദ്ര വിഭവങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് പരിമിതപ്പെടുത്തുന്നതിന് സമഗ്രമായ ഒരു അക്വേറിയൻ റീഫോംസ് ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിന്

ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കുമാത്രം ഉറപ്പുവരുത്തുന്നതിനും ടെറിറ്റോറിയൽ സമുദ്രത്തിലെ മത്സ്യസമ്പത്തിന്റെ പൂർണ്ണ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ച് ഫിഷറീസ് മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മത്സ്യത്തൊഴിലാളികളുമായി കമ്മിറ്റി സിറ്റിംഗ് നടത്തുകയും അതുപ്രകാരം അക്വേറിയൻ ബില്ലിന്റെ കരട് പരിശോധിച്ചുവരികയും ചെയ്യുന്നു.

(സി) പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാൻ കഴിയുന്ന നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**സർക്കാർ അംഗീകാരത്തിനുവന്ന പ്രവൃത്തികളുടെ പുനഃപരിശോധന**

8 (*548) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക അനുമതിക്കുശേഷം ടെണ്ടർ നടപടികൾ വരെ പൂർത്തിയാക്കി സർക്കാർ അംഗീകാരത്തിനു വന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ തീരുമാനം കൈക്കൊള്ളുന്നതിനു പകരം സാങ്കേതിക വിഭാഗത്തിന്റെ പുനപരിശോധനയ്ക്ക് അയച്ച് കാലതാമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരമൊരു നടപടിക്കിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(സി) ടെണ്ടർ നടപടി പൂർത്തീകരിച്ച ശേഷമുണ്ടാവുന്ന കാലതാമസം മൂലം കോൺട്രാക്ടർ പണി ഉപേക്ഷിച്ചു പോകുന്ന സാഹചര്യം അധിക ബാധ്യതയ്ക്ക് കാരണമാവുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുമോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിൽ വന്ന ഏതാനും കേസുകളിൽ സാങ്കേതിക അനുമതിയിൽ അവ്യക്തതയും ചില സംശയങ്ങളും ഉണ്ടായ സാഹചര്യത്തിൽ സാങ്കേതിക അനുമതിയിൽ വ്യക്തത വരുത്തുന്നതിന് പുനഃപരിശോധനയ്ക്കായി ടെണ്ടർ കമ്മിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ കമ്മിറ്റി ടെണ്ടർ പരിശോധിച്ച് അംഗീകാരം നൽകുന്നതോടുകൂടി മാത്രമേ ടെണ്ടർ കോൺട്രാക്ടർക്ക് ഉറപ്പാകുന്നുള്ളൂ. ആയതിനാൽ ചോദ്യം പ്രസക്തമല്ല.

**കെട്ടിട നിർമ്മാണത്തിന് പരിസ്ഥിതി സൗഹൃദരീതികൾ**

9 (*549) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന് പരിസ്ഥിതി സൗഹൃദ രീതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കെട്ടിടങ്ങൾക്കാണ് ആയത് ബാധകമാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിവരിക്കുമോ;

(സി) ആയത് സംബന്ധിച്ച് ഒരു നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉദ്ദേശിക്കുന്നുണ്ട്. ഊർജ്ജ പ്രതിസന്ധിയും ജലദൗർലഭ്യവും പല കാരണങ്ങൾകൊണ്ടുള്ള അന്തരീക്ഷ പരിസര മലിനീകരണവും നമ്മൾ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കെട്ടിട നിർമ്മാണ മേഖലയാണ് ഇവയ്ക്കെല്ലാം നല്ലൊരു ശതമാനം കാരണമാകുന്നതും. ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുവാനായിട്ടാണ് പരിസ്ഥിതി സൗഹാർദ്ദ കെട്ടിട നിർമ്മാണ രീതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രകൃതി വിഭവങ്ങളുടെ പരമാവധി സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം, അന്തരീക്ഷ ജലമലിനീകരണത്തോത് കുറയ്ക്കുക എന്നിവ വഴി ആവാസ വ്യവസ്ഥയേയും ജൈവ വൈവിദ്ധ്യത്തേയും സംരക്ഷിക്കുവാൻ ഈ നിർമ്മാണ രീതികൾ അവലംബിക്കുന്നതുവഴി സാധിക്കും.

(ബി) തുടക്കത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളിലാണ് പരിസ്ഥിതി സൗഹാർദ്ദ തത്വങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ പൊതുമരാമത്ത് വകുപ്പിലെ വാസ്തുശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന എല്ലാ നിർമ്മിതികളും ദേശീയ ഏജൻസിയായ ഗ്രഹയുടെ (GRIHA-Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് രൂപകല്പന ചെയ്യുന്നത്.

(സി) കെട്ടിട നിർമ്മാണം പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേയ്ക്കായി 7-3-2013-ലെ സ.ഉ. (എം എസ്)നമ്പർ 28/2013/പൊ.മ.വ. എന്ന ഉത്തരവ് പ്രകാരം ഹരിത നിർമ്മാണ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. വർദ്ധിച്ച വരുന്ന ഊർജ്ജോപഭോഗം, ജലദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയാണ് ഹരിത നിർമ്മാണനയം നടപ്പിലാക്കിയിട്ടുള്ളത്. ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി 40 ശതമാനത്തോളം ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഉപഭോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെ ടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും ജലത്തിന്റെ പുനർ ചാക്രീകരണവും നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന, സംസ്കരണ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കർശനമായി നടപ്പാക്കുന്നതിലേയ്ക്കായി നിലവിലുള്ള നിർമ്മാണ ചട്ടങ്ങളിൽ ഇവ ഉൾപ്പെടുത്തുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC)വ്യവസ്ഥകൾകൂടി ഹരിത നിർമ്മാണ നയത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഊർജ്ജക്ഷമമായ വൈദ്യുതോപകരണങ്ങൾ മാത്രം ഉപയോഗിക്കാനും അതുവഴി വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും കഴിയും. പരമാവധി നിർമ്മാണസ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുവാനും നയം വ്യവസ്ഥ ചെയ്യുന്നു. ഹരിത ഗ്രഹവാതകങ്ങളുടെ (green house gases)പുറന്തള്ളൽ കുറയ്ക്കുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുക വഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും നയം വ്യവസ്ഥ ചെയ്യുന്നു. പരിമിതമായിവരുന്ന അസംസ്കൃത വസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപഭോഗം കുറച്ച് ഫ്ളൈ ആഷ് പോലുള്ള ബദൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുവാൻ നയം വ്യവസ്ഥ ചെയ്യുന്നു.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

10 (*550) ശ്രീ. കെ. ബാബു :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ തുക അനുവദിക്കാത്തതിനാലും അനുവദിക്കുന്ന തുക യഥാസമയം ലഭ്യമാക്കാത്തതിനാലും മുൻസർക്കാരിന്റെ കാലത്ത് സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി കടുത്ത പ്രതിസന്ധിയിലായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഹെഡ് മാസ്റ്റർമാർക്ക് ബാധ്യതയാക്കി മാറ്റാതെ നടപ്പാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) അരി തുടങ്ങിയ ഭക്ഷണ സാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി പദ്ധതി പ്രകാരം നൽകേണ്ട തുക വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇല്ല.

(ബി) 5-9-2016 -ലെ സ.ഉ.(സാധാ)നമ്പർ 2911/2016/പൊ.വി.വ. തീയതി പ്രകാരം കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 150 കുട്ടികൾ വരെ കുട്ടിയൊന്നിന് 8 രൂപ, 151 മുതൽ 500 വരെ കുട്ടിയൊന്നിന് 7 രൂപ, 501 മുതൽ കുട്ടിയൊന്നിന് 6 രൂപ എന്ന നിരക്കിലാണ് കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്.

(സി) പരിഗണിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി**

11(*551) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. വി. ജോയി :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പഞ്ഞ മാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) പഞ്ഞ മാസമൊഴികെയുള്ള കാലയളവുകളിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ച തുകയടക്കം 3 ഇരട്ടി തുകയാണ് സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അനുവദിക്കുന്നത്. 2015-16 വർഷം പദ്ധതിയിൽ അംഗമായിട്ടുള്ളത് 183851 ഗുണഭോക്താക്കളാണ്. ഇവർക്ക് 2,700 രൂപ വീതം സമാശ്വാസത്തിന് മൊത്തം 33.10 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. ടി തുകയുടെ കേന്ദ്രവിഹിതം 16.55 കോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് reimburse ചെയ്യുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ഈ പദ്ധതിപ്രകാരം ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി കേന്ദ്രവിഹിതം (ബ്ലൂ റവല്യൂഷൻ പ്രകാരം) 1500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിലെ കണക്കുപ്രകാരം 183851 മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നതിനായി 2017-18 വർഷം 55.16 കോടി രൂപ ആവശ്യമായി വരും. ഇതിനായി 27.58 കോടി രൂപ ബ്ലൂ റവല്യൂഷൻ പ്രകാരം കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാക്കേണ്ടതുണ്ട്. ഹൈദരാബാദിലെ എൻ.എഫ്.ഡി.ബി.-യിൽ കേന്ദ്രസർക്കാർ നടത്തിയ പ്രോജക്ട് അംഗീകാര ശിൽപ്പശാലയിൽ സംസ്ഥാനത്തിന് സമ്പാദ്യ-ആശ്വാസ പദ്ധതിയിൽ കേന്ദ്രവിഹിതമായി 2 കോടി രൂപ മാത്രമേ അനുവദിക്കാനാവുകയുള്ളൂ എന്ന നിലപാടാണ് കൈക്കൊണ്ടിട്ടുള്ളതെങ്കിലും 2016-17 പദ്ധതി പ്രകാരം 2017-18 വർഷം ആനുകൂല്യം നൽകുന്നതിനായി പദ്ധതി നിർവ്വഹണം ഉടൻ ആരംഭിക്കുന്നതിനായുള്ള പ്രോജക്ട് പ്രൊപ്പോസൽ പരിഗണനയിലാണ്.

(സി) 2016-17 വർഷം നിർവ്വഹണം പൂർത്തിയായിക്കഴിഞ്ഞ പദ്ധതിയിൽ 183851 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും 33.10 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുകയും ചെയ്തു. പദ്ധതിയുടെ 50% കേന്ദ്രവിഹിതമായ 16.55 കോടി, കേന്ദ്ര സർക്കാരിൽനിന്ന് reimburse ചെയ്ത് ലഭ്യമാകുന്നതിനായി പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം 200 ലക്ഷം രൂപാ മാത്രമേ കേന്ദ്രസർക്കാർ പദ്ധതിക്കായി സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളൂ.

**റീ-സർവ്വേ നടപടി പുരോഗതി അവലോകനം**

12(*552) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ നടപടി പുരോഗതി സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ റീ-സർവ്വേ നടപടികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) റീ-സർവ്വെ നടന്ന പ്രദേശങ്ങളിൽ ഉടമകളുടെ പേര് മാറിയതും വിസ്തീർണ്ണം, ഇനം എന്നിവയിൽ വന്ന പിശകുകളും മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് സമയബന്ധിതമായി പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിനായി കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി & ഡി) റീസർവ്വേ നടന്ന സ്ഥലങ്ങളിൽ പേര് മാറ്റം സംബന്ധിച്ചും ഇനംമാറ്റം സംബന്ധിച്ചും വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ചും പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. 31-5-2010-ലെ സർക്കാർ ഉത്തരവ് (എം എസ്.) 200/2010/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ആഫീസുകൾ മുഖാന്തരം LRM സംവിധാനത്തിലൂടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവ രികയാണ്.

**സബ് രജിസ്ട്രാർ ഓഫീസുകളിലെ അഴിമതി**

13 (*553) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. എം. മണി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് വ്യാപകമായ ക്രമക്കേടും അഴിമതിയും നടക്കുന്നുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ നടപടികൾ ഉണ്ടാകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുകയും നേരിട്ട് ഓഫീസിൽ വരാതെ തന്നെ പരമാവധി സേവനങ്ങൾ ഓൺലൈനായി നൽകാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകർക്ക് ഓഫീസിൽ നേരിട്ടുവരാതെ ഓൺലൈനായിത്തന്നെ അപേക്ഷിക്കുന്നതിനും ഓൺലൈനായിത്തന്നെ

സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്തിക്കഴിഞ്ഞു. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ, ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്), ജില്ലാ രജിസ്ട്രാർ (ജനറൽ) എന്നിവരുടെ പരിശോധനാ നടപടികൾ കൂടുതൽ കർശനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുവരെ ശ്രദ്ധയിൽപ്പെട്ട കേസുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**കോൾഡ് ചെയിൻ പദ്ധതി**

14(*554) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളി :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ 'കോൾഡ് ചെയിൻ' പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ വിശദമാക്കുമോ;

(ബി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പിക്കുവാൻ ഈ പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മറ്റ് ഏതെങ്കിലും ഏജൻസിയുടെ സഹായം ഈ പദ്ധതിക്ക് ലഭ്യമാണോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 'കോൾഡ് ചെയിൻ' പദ്ധതി തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതിക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചില്ല. ഇതേ പദ്ധതി 2016-ൽ വീണ്ടും നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

## വിദ്യാർത്ഥികളുടെ യൂണിഫോം

15(*555) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യൂണിഫോം ഏകീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എട്ടാം സ്റ്റാന്റേർഡ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം സൗജന്യമായി യൂണിഫോം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഡിസൈൻ, വിതരണ രീതി എന്നിവ സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതിന്റെ ഡിസൈൻ, വിതരണരീതി എന്നിവയിൽ അന്തിമ തീരുമാനമായിട്ടില്ല.

## സർക്കാർ ക്വാർട്ടേഴ്സുകൾ

16(*556) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ക്വാർട്ടേഴ്സുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ അപ്രകാരം ഭേദഗതി ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) സർക്കാർ ക്വാർട്ടേഴ്സുകൾ അനർഹർ കൈവശപ്പെടുത്തി താമസിക്കുന്നതായും ചിലർ മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) 7-9-2016-ലെ സ.ഉ.(കൈ)നമ്പർ 65/2016/പൊ.മ.വ. പ്രകാരം Rules for Allotment and Occupation of Government Servant's Quarters in Kerala, 2006-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു *. ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ വനിതാ ജീവനക്കാർക്ക് 50% സംവരണം, ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന ജീവനക്കാർക്ക് പ്രത്യേക പരിഗണന, പേഴ്സണൽ സ്റ്റാഫുകൾക്ക് നിലവിൽ നീക്കിവച്ചിട്ടുള്ള ക്വാർട്ടേഴ്സ് അപര്യാപ്തമായതിനാൽ ആയത് 75 -ൽ നിന്നും 200 ആയി ഉയർത്തൽ, വിരമിച്ച ജീവനക്കാരുടെയും സ്ഥാനമൊഴിഞ്ഞ പേഴ്സണൽ സ്റ്റാഫുകളുടെയും ക്വാർട്ടേഴ്സുകൾ മറ്റു ജീവനക്കാർക്ക് താമസംകൂടാതെ ലഭ്യമാക്കുക എന്നിവയാണ് പ്രസ്തുത ഭേദഗതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

(ഡി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിൽ സർക്കാർ ക്വാർട്ടേഴ്സുകൾ അനർഹർ കൈവശപ്പെടുത്തി താമസിക്കുന്നതായും ചിലർ മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകുന്നതുമായും ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ക്വാർട്ടേഴ്സ് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത്/റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി സ്വീകരിച്ചുവരുന്നു.

## ഹാരിസൺസ്, ടി.ആർ.&ടീ കമ്പനികളുടെ ഭൂമി

## ഇടപാടുകൾ

17(*557) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഹാരിസൺസ്, ടി.ആർ.&ടീ മുതലായ കമ്പനികൾ അനധികൃതമായി എത്ര ഭൂമി കൈവശം വച്ചിരിക്കുന്നുവെന്നാണ് സ്പെഷ്യൽ ഓഫീസറുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്; ഈ ഭൂമി ഏറ്റെടുക്കാനായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) ഹാരിസൺ കമ്പനിയുടെ ഭൂമി ഇടപാടുകളെക്കുറിച്ച് അന്വേഷിക്കാൻ മുൻ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച നിവേദിത. പി. ഹരന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; ഈ റിപ്പോർട്ടിന്റെ നിയമവശങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് എൽ.മനോഹരൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(സി) വ്യാജ ആധാരം ചമച്ചതിനും ഭൂമി കയ്യേറ്റത്തിനും ഈ കമ്പനികൾക്കെതിരെ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന കണ്ടെത്തൽ അറിയിക്കാമോ;

(ഡി) ഈ കമ്പനികൾ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കാനായി നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) M/s. മലയാളം പ്ലാന്റേഷൻസ് (യു.കെ.)ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് ഏഴ് ജില്ലകളിലായി 75000 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായും ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയും സഹകമ്പനികളും ചേർന്ന് സംസ്ഥാനത്ത് നാല് ജില്ലകളിലായി ആകെ 14,040.43 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായും സ്പെഷ്യൽ ഓഫീസറുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾക്കെതിരെ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികളിൽ വാദം കേട്ട ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് പ്രസ്തുത കേസുകൾ രണ്ടംഗങ്ങളുള്ള ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്ത് 25-11-2015-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഹാരിസൺസ് മലയാളം കമ്പനി അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായും കേരള ഭൂപരിഷ്കരണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളതായും ഹൈലെവൽ കമ്മിറ്റി കണ്ടെത്തിയിരുന്നു. കെ.എൽ.സി. നിയമപ്രകാരം സർക്കാർ ഭൂമി തിരിച്ചെടുക്കാനാണ് റിട്ട.ജസ്റ്റിസ് എൽ. മനോഹരൻ സർക്കാരിന് നിയമോപദേശം നൽകിയിരുന്നത്.

(സി) വ്യാജ ആധാരം ചമച്ചതിനും ഭൂമി കയ്യേറ്റത്തിനും ഹാരിസൺസ്, ട്രാവൻകൂർ റബ്ബർ & ടീ എന്നീ കമ്പനികൾക്കെതിരെ രണ്ട് കേസുകൾ ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്. അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്തിട്ടില്ല.

(ഡി) വിവിധ കമ്പനികളും മറ്റും അനധികൃതമായി കൈവശം വച്ചനുഭവിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**തരിശു നിലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി**

18 (*558) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശു നിലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) തരിശുനിലങ്ങൾ കശുമാവു കൃഷിക്ക് അനുയോജ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എത്ര ടൺ കശുവണ്ടി ആണ് അധികമായി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരള സ്റ്റേറ്റ് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്തുവരികയാണ്. എന്നാൽ കശുവണ്ടി വ്യവസായാവശ്യത്തിന് തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ വിപുലമായ രീതിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് വനം, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാരുമായും വകുപ്പുതലവൻമാരുമായും ചർച്ച നടത്തുകയുണ്ടായി. പദ്ധതി നടപ്പാക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ ഡാം സൈറ്റുകളുടെ കരയിലുള്ള ഭൂമി ഇതിനായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണ്.

(ബി) പരിശോധിച്ചിട്ടുണ്ട്. കശുമാവ് കൃഷിക്ക് താരതമ്യേന ഫലപുഷ്ടി കുറഞ്ഞ മണ്ണും അനുയോജ്യമാണ്. അതുപോലെ മറ്റ് പല കൃഷികൾക്കും അനുയോജ്യമല്ലാത്ത Laterite Soil (ചെങ്കൽ പ്രദേശം) കശുമാവിന് യോജിക്കും. കളിമണ്ണ് പ്രദേശങ്ങളും വെള്ളം തങ്ങിനിൽക്കുന്ന വെള്ളക്കെട്ട് പ്രദേശങ്ങളും ഒഴികെയുള്ള തരിശുകിടക്കുന്ന മിക്ക പ്രദേശങ്ങളും കശുമാവ് കൃഷിക്ക് അനുയോജ്യമാണ്.

(സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

**സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ**

19 (*559) ശ്രീ. ബി. സത്യൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണവും മത്സ്യത്തൊഴിലാളി സുരക്ഷയും ലക്ഷ്യമാക്കിയുള്ള സമഗ്ര തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഉയർന്നുവന്ന മുഖ്യ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) തീരശോഷണം തടയുന്നതിനും ആഗോള താപനംകൊണ്ടും മറ്റു പ്രകൃതി പ്രതിഭാസങ്ങൾകൊണ്ടും ഉണ്ടാകുന്ന ദുരന്തമൊഴിവാക്കുന്നതിനുമായി ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരദേശ സംരക്ഷണവും മത്സ്യത്തൊഴിലാളി സുരക്ഷയും

ഉറപ്പാക്കുന്നതിനായി ഫിഷറീസ് വകുപ്പും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും സംയുക്തമായി ഒരു സമഗ്ര തീരദേശ പരിപാലന പരിപാടി (ICZMP) തയ്യാറാക്കുന്നതിലേക്ക് ലക്ഷ്യമിട്ട് നടത്തിയ ദ്വിദിന ദേശീയ ശിൽപ്പശാലയിൽ സംയോജിത തീരദേശ വികസനം, തീരസംരക്ഷണം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ജീവനോപാധിയും എന്നീ വിഷയങ്ങളിൽ മേഖലയിലെ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെയുള്ളവരുടെ നിരവധിയായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ദ്വിദിന ദേശീയ ശില്പശാലയുടെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(ബി) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശപ്രകാരം സംയോജിത തീരദേശ മേഖല പരിപാലന പരിപാടി തയ്യാറാക്കുന്നതിന് ഫിഷറീസ് വകുപ്പ് മുൻകയ്യെടുത്ത് ഒരു കർമ്മസമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) കർമ്മസമിതിയുടെ പഠനമേഖലകളിൽ തീരസംരക്ഷണം, ദുരന്ത നിവാരണം എന്നീ ഉപപദ്ധതികൾ ഉൾപ്പെടുന്നുണ്ട്. സമിതിയുടെ റിപ്പോർട്ടിൽ കേരളതീരത്തിന്റെ പ്രാദേശികമായ പ്രത്യേകതകളും വിഭവലഭ്യതയും വിലയിരുത്തി ഉചിതമായ കർമ്മപരിപാടികൾ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്.

### ഭൂമി ഉടമകളുടെ അവകാശങ്ങൾ സംബന്ധിച്ച അവബോധം

20 (*560) ശ്രീമതി സി.കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയിന്മേൽ ഉടമകൾക്കുള്ള അവകാശങ്ങൾ, കടമകൾ, ഭൂരേഖകൾ, അടയ്ക്കേണ്ട നികുതി നിരക്കുകൾ എന്നിവയെക്കുറിച്ച് സാധാരണക്കാർക്ക് വ്യക്തമായ അറിവില്ലാത്തത് മൂലം നടക്കുന്ന തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം കാര്യങ്ങളെക്കുറിച്ച് ജനങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കാൻ അടിയന്തര നടപടി എടുക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭൂമിയിൽ ഉടമകൾക്കുള്ള അവകാശങ്ങൾ, കടമകൾ, ഭൂരേഖകൾ, അടയ്ക്കേണ്ട നികുതി നിരക്കുകൾ എന്നിവയെക്കുറിച്ച് സാധാരണക്കാർക്കുള്ള അജ്ഞതകൊണ്ട് നടക്കുന്ന തട്ടിപ്പുകൾ പൊതുവേ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഭൂനികുതി അടയ്ക്കേണ്ട നിരക്കുകളെപ്പറ്റിയും അടവാക്കേണ്ട തീയതിയെപ്പറ്റിയും കൃത്യമായ ധാരണയില്ലാത്തതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ നികുതി അടവാക്കാതിരിക്കുകയും പിന്നീട് നികുതി ഒരുമിച്ചടയ്ക്കുവാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇത്തരം കാര്യങ്ങളെക്കുറിച്ച് ജനങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കാനായി ഭൂനികുതി നിരക്കുകൾ, റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ, അവയ്ക്കുള്ള സ്റ്റാമ്പ് ഫീസ് മുതലായ വിവരങ്ങൾ പൗരാവകാശ രേഖയിൽ വ്യക്തമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള നിയമത്തിന് മാറ്റം വരുത്തിക്കൊണ്ടോ ഭേദഗതി വരുത്തിക്കൊണ്ടോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം അവകാശങ്ങളെക്കുറിച്ചോ സേവനങ്ങളെക്കുറിച്ചോ സേവനാവകാശ നിയമം, വിവരാവകാശ നിയമം തുടങ്ങിയവ പ്രകാരം പൊതുജനങ്ങൾ നൽകുന്ന അപേക്ഷയിൽ സമയബന്ധിതമായി മറുപടിയും നൽകുന്നുണ്ട്. പ്രസ്തുത വിഷയത്തെക്കുറിച്ച് ജില്ലാ/താലൂക്ക്/വില്ലേജ് തലങ്ങളിൽ നികുതി നിരക്കുകൾ, ഭൂരേഖകൾ എന്നിവയെ സംബന്ധിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതുവഴി ഇക്കാര്യങ്ങളിൽ ജനങ്ങളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കുവാൻ കഴിയും.

## 'വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ' പദ്ധതി

21(*561) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ' എന്ന പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റി അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയുടെ ആശാസ്യമല്ലാത്ത ഇടപെടൽ പരിമിതപ്പെടുത്തുന്നതിനായി ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ) ഉണ്ട്. 'വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക' എന്ന ഉദ്ദേശ്യത്തോടെയാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ അക്കാദമികമായും ഭൗതികമായും സാമൂഹ്യ പങ്കാളിത്തപരമായും ഉള്ള മികവ് കൈവരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായുള്ള മാർഗ്ഗരേഖയും കർമ്മപരിപാടികളും രൂപപ്പെടുത്തിവരുന്നു. 2016 നവംബർ 5-ന് നടക്കുന്ന ക്ലസ്റ്റർ പരിശീലന യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രാഥമിക വിവരങ്ങൾ അദ്ധ്യാപകർക്ക് നൽകുന്നതാണ്.

(ബി) ഉണ്ട്. പൊതുവിദ്യാലയങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയതിലേക്കായി അക്കാദമികമായും ഭൗതികമായും മറ്റുമുള്ള നവീകരണ പദ്ധതികളുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ ഘടന, ബയോഡൈവേഴ്സിറ്റി പാർക്ക്, കലാസാംസ്കാരിക പാർക്ക്, ഹൈടെക്ക് ക്ലാസ് റൂം തുടങ്ങിയവയും പ്രൈമറി സ്കൂളുകളിലെ ഇംഗ്ലീഷ് പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതി തുടങ്ങിയവയ്ക്ക് തുടക്കംകുറിച്ചിട്ടുണ്ട്. വിദ്യാർത്ഥികേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ബഹുമുഖമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുതകുന്ന തരത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് കലാകായിക രംഗങ്ങളിലുള്ള കഴിവുകൾ വളർത്തിയെടുക്കുന്നതിനുതകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വ്യക്തിഗത കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി നൈപുണ്യകേന്ദ്രം സജ്ജീകരിക്കുന്നതിനും സ്കൂൾ ലബോറട്ടറികൾ നവീകരിക്കുന്നതിനും അദ്ധ്യാപക ശാക്തീകരണത്തിനും ഐ.സി.ടി. അടിസ്ഥാനപ്പെടുത്തിയുള്ള പഠനം ശക്തിപ്പെടുത്തുന്നതിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളുടെ ചൂഷണം

22(*562) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്ത് എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളുടെ ചൂഷണ സ്വഭാവം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അക്കാര്യത്തിനായി എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ;

(സി) അൺ എയ്ഡഡ് മേഖല, സർക്കാർ/എയ്ഡഡ് മേഖലയുടേതിൽ നിന്ന് വേറിട്ട്, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ചെലുത്തുന്ന ദു:സ്വാധീനം ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചൂഷണങ്ങൾ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അൺ എയ്ഡഡ് മേഖലയിലെ സ്കൂളിലുള്ളവർക്ക് മിനിമം വേതനം പോലുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. അനധികൃത പി.റ്റി.എ.പിരിവും മറ്റ് പിരിവുകളും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദപ്പെട്ടവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന താക്കീത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

(സി) മുഖ്യധാരാ സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്താൻ നിരവധി പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും ജനാധിപത്യപരമായ രീതിയിൽ ജനകീയ ഇടപെടലുകൾ നടത്തി പൊതുവിദ്യാഭ്യാസ രംഗം സംരക്ഷിക്കുന്നതിനായി വളരെ ബൃഹത്തായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പരിപാടി സർക്കാർ ആസൂത്രണം ചെയ്തുകഴിഞ്ഞു. ഇതു കൂടാതെ സംസ്ഥാനത്തെ പൊതുവിദ്യാലയ ങ്ങളിലെ 8, 9, 10, 11, 12 ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടിയും

സ്വീകരിച്ചുവരുന്നു. ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 1,000 കോടി രൂപ 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം**

23(*563) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും അക്കാഡമിക് നിലവാരം ഉയർത്തുവാനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) സർക്കാർ സ്കൂളുകളെ ആകർഷകമാക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. മികച്ച പാഠ്യ പദ്ധതി, ഫലപ്രദമായ പാഠ്യപദ്ധതി വിനിമയം, ആകർഷകമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതാണ്. ഇതിനായുള്ള കർമ്മ പദ്ധതികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് രൂപം നൽകിവരുന്നു. വിദ്യാർത്ഥികളുടെ എണ്ണം കൂട്ടുന്നതിന്റെ ഭാഗമായി എസ്.എസ്.എ. നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനും 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലങ്ങളിലായി നടക്കുന്ന സമഗ്ര വിദ്യാലയാസൂത്രണത്തിലൂടെ ഇത് നിർവ്വഹിക്കുന്നതാണ്. പഠന പരിപോഷണ പരിപാടി, കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്ന ഗണിതം എന്നീ വിഷയങ്ങൾക്കുള്ള 'എന്റെ

മലയാളം ', 'ഗണിത സൗഹൃദം 'എന്നീ സവിശേഷ പദ്ധതികളും ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു. വയനാട്ടിൽ ആദിവാസി മേഖലയിൽ ഊരുകൂട്ടം കേന്ദ്രീകരിച്ച് സവിശേഷമായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ എന്ന പേരിൽ ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠനതാല്പര്യം വർദ്ധിപ്പിച്ച് മികവിലേയ്ക്ക് ഉയർത്തുന്നതിന് ശാസ്ത്രോത്സവങ്ങൾ, ഗണിതോത്സവങ്ങൾ, യാത്രകൾ, അധ്യാപകരുടെ പഠന സംഘങ്ങൾ, ക്യാമ്പുകൾ, അധ്യാപക പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കുന്നു. രക്ഷിതാക്കളിലും സമൂഹത്തിലും പൊതുവിദ്യാഭ്യാസത്തിന്റെ ഗുണകരമായ തലങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് ശില്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രചരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നവനീതം എന്ന പേരിൽ സംസ്ഥാനത്തെ 389 സ്കൂളുകളിലും സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സ്കൂളുകളിൽ സബ്ജക്ട് കൗൺസിൽ, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എന്നിവ ചേർന്ന് കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും മെച്ചപ്പെട്ട പഠനം ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനാസൂത്രണം നിർവ്വഹിക്കുകയും ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളുകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ തീരുമാനിക്കാൻ കഴിയും. പഞ്ചായത്ത് തലത്തിൽ ഭരണ സമിതിയുമായി സഹകരിച്ച് പ്രാദേശിക ബോധവൽക്കരണ പരിപാടികളും എസ്.എസ്.എ. നടപ്പിലാക്കുന്നുണ്ട്. കൂടാതെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം, സൗജന്യ ടെക്സ്റ്റ് ബുക്ക് എന്നിവ നൽകിയും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും എസ്.എസ്.എ. നടപ്പിലാക്കിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി 1100 വൊക്കേഷണൽ ലാബുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുവേണ്ടി 'എല്ലാ സ്കൂളുകളും മികവിലേയ്ക്ക് ' എന്ന മുദ്രാവാക്യവുമായി മിഷൻ 100 പദ്ധതി പുരോഗതിയിലാണ്.

## റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതികവിദ്യകൾ

24(*564) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡു നിർമ്മാണത്തിന് എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും യോജിച്ച സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നത് റോഡിന്റെ ഗുണനിലവാരം ദീർഘകാലം നിലനിൽക്കുന്നതിന് സഹായിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡ് നിർമ്മാണത്തിന് കയർ, ഭൂവസ്ത്രം, പ്ലാസ്റ്റിക്, റബ്ബർ എന്നിവ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) റോഡ് നിർമ്മാണത്തിന് കരാർ നൽകുമ്പോൾ തന്നെ നിശ്ചിതകാലത്തേക്ക് മെയിന്റനൻസ് ഉൾപ്പെടെയുള്ള ഗ്യാരന്റി കരാറുകാരനിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ച് ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ദേശീയപാതാ വിഭാഗത്തിൻ കീഴിൽ വരുന്ന റോഡുകളുടെ നിർമ്മാണവും ഉപരിതലം മെച്ചപ്പെടുത്തൽ പ്രവൃത്തികളും ഐ.ആർ.സി. ഗൈഡ് ലൈൻസും മോർത്ത് സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ഇതുപ്രകാരം വെറ്റ്മിക്സ് മെക്കാഡം റോഡുകളുടെ ഫൗണ്ടേഷൻ ലെയറായും ബിറ്റുമിനസ് മെക്കാഡം (ബി.എം.), റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ഉപയോഗിച്ചുള്ള ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ സർഫസ് ലെയറായും ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്. പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് IRC SP 98/2013-ൽ പ്രതിപാദിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം No.RW/NH-33044/24/2015-S&R (R) തീയതി

9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയുടെ 50 കി.മീ. ചുറ്റളവിനകത്തുവരുന്ന റോഡുകളുടെ റീസർ ഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട്മിക്സിൽ ചേർക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ കേന്ദ്ര നിർദ്ദേശം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ എല്ലാംതന്നെ പേവർഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചാണ് നടത്തുന്നത്.

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ പേവ്മെന്റ് ഡിസൈൻ ചെയ്ത് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഈ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ NRMB (Natural Rubber Modified Bitumen), ശുദ്ധീകരിച്ച പ്ലാസ്റ്റിക് എന്നിവ റോഡിന്റെ നിർമ്മാണപ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡിന്റെ അടിസ്ഥാനത്തിനാവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്യുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമുള്ളിടത്ത് കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക കാലാവസ്ഥയും ഭൂപ്രകൃതിയും പരിഗണിച്ചാണ് നിലവിൽ ദേശീയപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം നടന്നുവരുന്നത്. ഇതുപ്രകാരം ദേശീയപാതകളുടെ ചില പ്രത്യേക ഭാഗങ്ങളിൽ ഗ്രാനുലർ സബ് ബെയ്സ്, വെറ്റ്മിക്സ് മെക്കാഡം എന്നിവ ഫൗണ്ടേഷൻ ലെയറായും ഇവയ്ക്ക് മുകളിൽ ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ സർഫസ് ലെയറായും കൊടുത്തുവരുന്നു. ഗ്രാനുലർ സബ് ബെയ്സ് ഫൗണ്ടേഷൻ ലെയറായി കൊടുക്കുന്നത് വഴി റോഡിന്റെ സർഫസ് ലെയറിന് താഴെ കാര്യക്ഷമമായ ഡ്രെയിനേജ് ഉറപ്പാക്കാൻ കഴിയുന്നു. കൂടാതെ വളരെ മോശമായി പെട്ടെന്ന് തകരുന്ന ഭാഗങ്ങളിൽ സർഫസ് ലെയറായി സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകളും പാകാറുണ്ട്. ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകളെല്ലാം തന്നെ ദീർഘകാലം നിലനിൽക്കുന്നുണ്ട്.

(സി) റോഡ് നിർമ്മാണം, അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം തുടങ്ങിയവ നടത്തുമ്പോൾ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB), വേസ്റ്റ് പ്ലാസ്റ്റിക്, ജിയോ ടെക്സ്റ്റയിൽ തുടങ്ങിയവ പരമാവധി സ്ഥലങ്ങളിൽ ഉപയോഗിക്കുവാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡിന്റെ അടിസ്ഥാനത്തിനാവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണപ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിരത്ത് വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് പരമ്പരാഗതമായി 20mm ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലമാണ് നിർമ്മിച്ചിട്ടുള്ളത്. ബി.എം. & ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരംവരുന്ന ബി.എം.&ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിന്റെ തുടർന്നുള്ള performance വിലയിരുത്തുന്നതിന് കെ.എച്ച്.ആർ.ഐ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് ഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ NRMB (Natural Rubber Modified Bitumen) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി BPCL ഉൽപ്പാദിപ്പിക്കുന്ന പരമാവധി NRMB പൊതുമരാമത്ത് റോഡുകൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) ദേശീയപാതകളുടെ നിർമ്മാണത്തിൽ നിർമ്മാണം BOT വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ കൺസഷൻ പീരിഡിൽ മെയിന്റനൻസ് നടത്തുവാനുള്ള ബാദ്ധ്യത കൺസഷണറെ ഏൽപ്പിക്കുകയാണ് പതിവ്. ആയതിനാൽ പദ്ധതി നിർമ്മാണത്തിനുശേഷമുള്ള 10 മുതൽ 20 വർഷം വരെയുള്ള കൺസഷൻ പീരിഡിൽ ഉണ്ടാകുന്ന എല്ലാ മെയിന്റനൻസുകളും കരാറുകാരൻ നടത്തുകയും അതിനുള്ള ചെലവ് ആന്വിറ്റി വ്യവസ്ഥയിൽ നൽകുകയോ കരാറുകാരൻ ടോൾ പിരിച്ച് നൽകുകയോ ടോൾ പിരിച്ച് വസൂലാക്കുകയോ ചെയ്യുന്നതാണ്. കൂടാതെ EPC വ്യവസ്ഥയിൽ റോഡുകൾ നിർമ്മിക്കുമ്പോൾ നാലുവർഷത്തെ മെയിന്റനൻസ് കൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകുന്നത്. ഇതിലേയ്ക്കായി കരാറിൽ നിശ്ചിത ശതമാനം തുക വർഷംതോറും കരാറുകാരന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ

റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് defect liability period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും കേടുപാടുകൾ വന്നാൽ അതാത് കരാറുകാർ അവരുടെ ചെലവിൽ തന്നെ പരിഹരിക്കുന്നതാണ്. 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും KIIFB വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾ എല്ലാംതന്നെ മൂന്നുവർഷത്തെ ഗ്യാരന്റി പീരിഡിനു പുറമേ നാലു വർഷത്തെ മെയിന്റനൻസ് കൂടി കരാറുകാരിൽ നിക്ഷിപ്തമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ദേശീയപാതകളുടെ നിർമ്മാണം IRC ഗൈഡ് ലൈനും മോർത്ത് സ്പെസിഫിക്കേഷനും അനുസരിച്ച് ദേശീയ നിലവാരത്തിലുള്ള ഗുണനിലവാരം ഉറപ്പുവരുത്തിയാണ് നടപ്പിലാക്കുന്നത്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റെല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതുവഴി ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ നിലവിലെ പൊതുമരാമത്ത് മാനുവലിൽ പറഞ്ഞിരിക്കുന്ന ഗുണനിലവാര പരിശോധനകളും നടപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിന്റെ പേമെന്റിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്.

**ഹൈടെക് ക്ലാസ്സുകൾ**

25(*565) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി)ഏതൊക്കെ ക്ലാസ്സുകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്; വിവരിക്കുമോ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഇതിനുവേണ്ടി ക്ലാസ്സുകളിലും സ്കൂളുകളിലും ഒരുക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനു എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി അടുത്ത രണ്ട് വർഷംകൊണ്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാനായി മിഷൻ മാതൃകയിലുള്ള പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഐടി@സ്കൂളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുകളെയുമാണ് ഹൈടെക്ക് ആക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ 4 നിയോജക മണ്ഡലങ്ങളിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കുന്നത്. തുടർന്ന് എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി)

1. പൊതു വിദ്യാലയങ്ങളിൽ ക്ലാസ് മുറികളെ ആധുനിക സാങ്കേതികത ഉപയോഗപ്പെടുത്തി സജ്ജമാക്കുക.
2. പാഠ്യപദ്ധതി അനുസരിച്ചുള്ള പഠനവിഭവങ്ങളും സാങ്കേതിക വിദ്യാശാക്തീകൃതമായ പഠനപ്രവർത്തനങ്ങളും അധ്യയന പഠനതന്ത്രങ്ങളും വികസിപ്പിക്കുക.
3. ഐ.സി.ടി. അധിഷ്ഠിത പഠനത്തിനുതകുംവിധം എല്ലാ ക്ലാസുകളെയും മൾട്ടിമീഡിയാ പ്രൊജക്ടർ, കമ്പ്യൂട്ടർ, നെറ്റ് വർക്ക് സൗകര്യം, ശബ്ദസംവിധാനം എന്നിവ ഉപയോഗിച്ച് സജ്ജീകരിക്കുക.
4. മേൽപ്പറഞ്ഞ പഠനരീതികൾക്കനുഗുണമായി സ്മാർട്ട് ലാബിനെ ഒരുക്കുക. ഇതിനാവശ്യമായ ഉപകരണലഭ്യത, സുരക്ഷിതമായ ഇന്റർനെറ്റ് കണക്ഷൻ, ഉള്ളടക്ക ലഭ്യത, തുടർ പിന്തുണ എന്നിവ ഉറപ്പാക്കുക.

5. ഐ.സി.ടി. സഹായത്തോടെയുള്ള പുതിയ ബോധന തന്ത്രങ്ങൾ ഉപയോഗിക്കാൻ അദ്ധ്യാപകനെ പ്രാപ്തനാക്കുക. ഐ.സി.ടി. വിഭവങ്ങൾ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കഴിവും ആത്മവിശ്വാസവും മനോഭാവവും അദ്ധ്യാപകനിൽ വളർത്തിയെടുക്കുക.

(ഡി) ഓരോ സ്കൂളിലും ലഭ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ വ്യത്യസ്തമായതിനാൽ കൃത്യമായ ചെലവ് കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും ആദ്യഘട്ടത്തിൽ 1,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**കശുമാവ് കൃഷിക്കായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം**

26(*566) ശ്രീ.സി.എഫ്.തോമസ് :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.മോൻസ് ജോസഫ് :
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുമാവ് കൃഷിക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

2016-ൽ സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് കശുവണ്ടി വ്യവസായത്തെ രക്ഷിക്കുകയെന്ന ദീർഘവീക്ഷണത്തോടെ സർക്കാർ വിവിധ പദ്ധതികൾ തയ്യാറാക്കിവരുന്നു. കേന്ദ്ര സഹായം ആവശ്യപ്പെട്ട് ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റബ്ബർ തോട്ടങ്ങൾക്ക് നൽകിവരുന്ന പ്രോത്സാഹനം കശുമാവ് കൃഷിക്കും നൽകി തദ്ദേശീയ തോട്ടണ്ടി ഉല്പാദനം പരിപോഷിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ആന്ധ്രാപ്രദേശിൽ 50,000 ഹെക്ടർ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്നതിനുള്ള 700 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള ഹോർട്ടികൾച്ചർ മിഷന് സമർപ്പിച്ചിരിക്കുകയാണ്. പ്രൊപ്പോസൽ പ്രകാരം ആദ്യ വർഷം 200 കോടി രൂപയും തുടർന്നുള്ള നാല് വർഷങ്ങളിൽ 125 കോടി രൂപ വീതം 500 കോടി രൂപയും അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

## ഭവനരഹിതരില്ലാത്ത കേരളം പദ്ധതി

27 (*567) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ എത്ര ഭവനങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഭവനനിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ് സാധാരണക്കാരെ സ്വന്തം ഭവനം എന്ന സ്വപ്നത്തിൽനിന്നും പിൻതിരിപ്പിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സാധനസാമഗ്രികൾ സബ്സിഡി ഇനത്തിൽ നൽകുന്ന പദ്ധതി നടപ്പിലാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ 4 ബൃഹത് പദ്ധതികൾ 5 വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിപ്രകാരം 2016-17 സാമ്പത്തിക വർഷം 24341 ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. നിലവിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ഗൃഹശ്രീ, സാഫല്യം എന്നീ ഭവന പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കലവറ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കലവറ പദ്ധതിയിലൂടെ സിമന്റ്, കമ്പി എന്നിവ ബി.പി.എൽ. കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്.

**ഇൻക്ലൂസീവ് എഡ്യൂക്കേഷൻ**

28 (*568) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികളെ ജനറൽ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാൻ തുടങ്ങിയതിനു ശേഷം സ്പെഷ്യൽ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനറൽ സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് വേണ്ടുന്ന സജ്ജീകരണങ്ങളും പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുമോ;

(ബി) ബുദ്ധി, ചലന, ശ്രവണ, കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്കോളർഷിപ്പ് ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടോ; പ്രസ്തുത സ്കോളർഷിപ്പ് തുക പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ സ്കൂളുകളിൽ അധികമായ അധ്യാപകരെ പുനർവിന്യസിക്കുന്നതിന് നടപടിയുണ്ടാകുമോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സർക്കാർ പല നടപടികളും സ്വീകരിച്ചുവരുന്നു. ജനറൽ സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് വേണ്ടുന്ന സജ്ജീകരണങ്ങളും പരിഗണനയും ലഭിക്കുന്നതിനായി പല സ്കൂളുകളിലും റിസോഴ്സ് റൂമുകളും റിസോഴ്സ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. 702 റിസോഴ്സ് അദ്ധ്യാപകരെ എം.എച്ച്.ആർ.ഡി. ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി ജനറൽ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ

ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ബുക്ക് &സ്റ്റേഷനറി അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ് എന്നിവ നൽകിവരുന്നു. ഇതിനുപുറമെ ഒൻപതുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസും സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു.

(ബി) സ്കോളർഷിപ്പുകൾ ഒന്നുംതന്നെ വെട്ടിക്കുറച്ചിട്ടില്ല. നിലവിലെ സ്ഥിതിതന്നെയാണ് തുടർന്നുവരുന്നത്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്ര സർക്കാരിന്റെ റെയിൽവേ നയങ്ങൾ**

29(T* 569) ശ്രീ. പി. കെ. ശശി :

ശ്രീ.കെ.സുരേഷ് കുറുപ്പ് :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാനിരക്കും കടത്തുകൂലിയും ബജറ്റിലൂടെയും അല്ലാതെയും അടിക്കടി വർദ്ധിപ്പിക്കുന്ന റെയിൽവേയുടെ നയം സംസ്ഥാനത്തെ യാത്രക്കാർക്കും ചരക്കു നീക്കത്തിനും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചരക്കു കൂലിയിൽ ഉണ്ടാകുന്ന വർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലും ഉല്പാദന-നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് വിദൂരസ്ഥമെന്ന നിലയിലും വലിയ വിലവർദ്ധനവിനു കാരണമാകുമെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾ തിരുത്താൻ ആവശ്യപ്പെടുമോയെന്ന് വിശദമാക്കുമോ;

(സി) അടിക്കടി നിരക്കു വർദ്ധനവ് നടപ്പാക്കുന്നതിനോടൊപ്പം നിക്ഷേപ വികസന പ്രവർത്തനങ്ങളിൽ നിന്ന് പിൻമാറുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുമോ; ഇതു കേന്ദ്ര സർക്കാരിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചരക്ക് കൂലിയിലും യാത്രക്കൂലിയിലും അടിക്കടി വർദ്ധനവ് നടപ്പാക്കുന്ന പ്രവർത്തനങ്ങളും നിക്ഷേപ വികസനപ്രവർത്തനങ്ങളിൽനിന്ന് പിന്മാറുകയും ചെയ്യുന്ന പ്രവർത്തനങ്ങളും പരിശോധിക്കുവാനും തിരുത്തുവാനും റെയിൽവേയോട് ആവശ്യപ്പെടുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. റെയിൽവേ പ്രീമിയം ട്രെയിനുകളിൽ നടപ്പാക്കിയ ഡയനാമിക് ഫെയർ സംവിധാനം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രി 8-9-2016-ൽ റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഡയനാമിക് ഫെയർ സംവിധാനം 10% മുതൽ 50% വരെ നിരക്കു വർദ്ധനയ്ക്ക് കാരണമാകുന്നുവെന്നും ഓണംപോലെയുള്ള ആഘോഷവേളകളിൽ നാട്ടിലേയ്ക്ക് വരുന്ന മറുനാടൻ മലയാളികളെ ഇത് സാരമായി ബാധിക്കുന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മത്സ്യബന്ധന മേഖലയിൽ ഉപഗ്രഹ സാങ്കേതിക വിദ്യ**

30(*570) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മത്സ്യസമ്പത്ത് കൂടിയ മേഖലകൾ, കാലാവസ്ഥ എന്നിവ സംബന്ധിച്ച വിവരം മത്സ്യത്തൊഴിലാളികളെ മൊബൈൽ മുഖേന അറിയിക്കുന്ന സംവിധാനം നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) അപകടത്തിൽപ്പെടുന്ന ബോട്ടുകളുടെയും മത്സ്യത്തൊഴിലാളികളുടെയും രക്ഷാപ്രവർത്തനത്തിന് ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് പുറമെ മത്സ്യബന്ധന മേഖലയിലെ ഏതൊക്കെ പ്രവർത്തനങ്ങളിലാണ് ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതെന്നറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററും INCOIS-മായി ചേർന്ന് ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മത്സ്യസമ്പത്ത് കൂടിയ മേഖലകൾ, (Potential Fishing Zone), കാലാവസ്ഥ എന്നിവ സംബന്ധിച്ച വിവരം മത്സ്യത്തൊഴിലാളികളെ മൊബൈൽ മുഖേന അറിയിക്കുന്ന സംവിധാനം അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യമേഖലയിൽ ഉപഗ്രഹ സാങ്കേതികവിദ്യയുൾപ്പെടെ എല്ലാ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിക്കുന്നതിന് മുഖ്യമന്ത്രിയുടെ ശാസ്ത്രസാങ്കേതിക ഉപദേഷ്ടാവ് ഡോ. എം. സി. ദത്തനെ പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട എല്ലാ ശാസ്ത്രസാങ്കേതിക സ്ഥാപന മേധാവികളുടെയും ഒരു യോഗം 22-9-2016-ന് നടത്തുകയുണ്ടായി. വിശദപദ്ധതികൾ ആവിഷ്കരിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെയും രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ അടിയന്തരമായി കളക്ട് ചെയ്ത് നൽകുന്നതിലേക്കായി (മത്സ്യഗ്രാമങ്ങൾ അടിസ്ഥാനമാക്കി) എല്ലാ തീരദേശ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിരിക്കയാണ്.

(ബി) അപകടത്തിൽപ്പെടുന്ന ബോട്ടുകളുടെയും മത്സ്യത്തൊഴിലാളികളുടെയും രക്ഷാപ്രവർത്തനത്തിന് ഉപഗ്രഹ സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കിയ "കടൽസുരക്ഷ" എന്ന പദ്ധതിയിലൂടെ കടലിൽ അപകടം ഉണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനത്തിന്റെയും സ്ഥാനം അറിയുന്നതിനായി സെർച്ച്&റസ്ക്യൂ ബീക്കൺ, ദിശ അറിയുന്നതിനായി ജി.പി.എസ്., പരസ്പര ആശയ വിനിമയത്തിനായി വി.എച്ച്.എഫ്. മറൈൻ റേഡിയോ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി ചേർന്ന് ഫിഷിംഗ് വെസ്സൽ ട്രാക്കിംഗ് സിസ്റ്റവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) മത്സ്യമേഖലയിൽ ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സ്ഥലപര വിവരങ്ങൾ (spatial data) ശേഖരിക്കുവാൻ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡുകൾ അലക്ഷ്യമായി കുത്തിക്കുഴിക്കുന്ന നടപടി

1(4751) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ജല അതോറിറ്റി, ടെലിഫോൺ കമ്പനികൾ, കെ.എസ്.ഇ.ബി. അടക്കമുള്ള സ്ഥാപനങ്ങൾ പൈപ്പ് ലൈനുകളും മറ്റും സ്ഥാപിക്കാനായി റോഡുകൾ കുത്തിക്കുഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പലപ്പോഴും അലക്ഷ്യമായി നടത്തുന്ന ഇത്തരം പ്രവൃത്തികൾ സാധാരണ ജനങ്ങൾക്ക് കടുത്ത പ്രയാസങ്ങളും വകുപ്പിനു വൻനഷ്ടവും വരുത്തി വയ്ക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു തടയുന്നതിന് സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ റോഡ് കുത്തിപ്പൊളിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാനും അവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാനും സാധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ ജലഅതോറിറ്റി, ടെലിഫോൺ കമ്പനികൾ, കെ.എസ്.ഇ.ബി. അടക്കമുള്ള സ്ഥാപനങ്ങൾ പൈപ്പ് ലൈനുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനായുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടച്ച് അനുമതി വാങ്ങിയതിനുശേഷം മാത്രമേ നടത്തുവാൻ പാടുള്ളൂ. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെ അലക്ഷ്യമായി നടത്തുന്ന പ്രവൃത്തികൾ സാധാരണ ജനങ്ങൾക്ക് കടുത്ത പ്രയാസങ്ങളും വകുപ്പിന് വൻനഷ്ടവും വരുത്തിവയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)-നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കാൽനടയാത്രയ്ക്കും ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള മാർഗ്ഗതടസ്സം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ യഥാസമയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതും അത്തരം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

**'ആനക്കയം പാലം'**

2(4752) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ നാല് വാർഡുകൾ സ്ഥിതിചെയ്യുന്ന വടാട്ടുപാറ, എടമലയാർ, പൊയ്ക പ്രദേശങ്ങളും പഞ്ചായത്ത് ആസ്ഥാനമായ കുട്ടമ്പുഴയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് കുട്ടമ്പുഴ-ആനക്കയം കടവിൽ ആനക്കയം പാലം നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ആനക്കയം പാലം പണിയുന്നതിന് ഭരണാനുമതി വാങ്ങിയിരുന്നെങ്കിലും പാലം കടന്നുപോകുന്നത്

വനം വകുപ്പിന്റെ സ്ഥലത്തുകൂടിയാണ്. ആയതിന് വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചില്ല. 4-3-2014-ലെ സ.ഉ(സാധാ) നമ്പർ 371/14/പൊ.മ.വ. തീയതി പ്രകാരം 17.5 കോടി രൂപയുള്ള ഭരണാനുമതി നൽകിയെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതു കാരണം നിർമ്മാണപ്രവർത്തനങ്ങൾ നടന്നില്ല. ഇപ്പോൾ ഭരണാനുമതി നിലവിലില്ല.

(ബി) ആനക്കയം പാലം നിർമ്മാണത്തിന് 6 സെന്റ് വനഭൂമി വനം വകുപ്പിൽനിന്നും വിട്ടുകിട്ടുന്നതിനായി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വനം വകുപ്പ് പ്രസ്തുത പാലം നിർമ്മാണത്തിന് 1.70 ഹെക്ടർ വനഭൂമി ആവശ്യമുള്ളതായി അറിയിച്ചു. ഇതനുസരിച്ച് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഇ-ടോയ്‌ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വർക്കുകൾ**

3(4753) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി അനിതാ ജോർജ് സിംഗിൾ ടെണ്ടർ സ്വീകരിച്ചതുവഴി എത്ര രൂപ നഷ്ടം വന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്കെതിരെയുള്ള വിജിലൻസ് കേസിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇ-ടോയ്‌ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വർക്കുകൾ ടെണ്ടർ വിളിച്ചാണോ ചെയ്തത്; വിശദാംശം നൽകുമോ;

(ഡി) ഇലക്ട്രോണിക്സ് ഡിവിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കൃത്യമായി വർക്ക് സ്റ്റഡി നടത്തിയിട്ടാണോ റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

(ബി) വിജിലൻസ് കേസ് നിലവിലില്ല.

(സി) ഇ-ടോയ്‌ലറ്റ് വർക്കുകൾ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വഴിയാണ് ചെയ്തിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ ഈ നടപടി 31-12-2013-ലെ സ.ഉ(സാധാ) നമ്പർ 1707/2013/പൊ.മ.വ. പ്രകാരം സാധൂകരിച്ച നൽകിയിട്ടുണ്ട്.

(ഡി) 2011-ലെ പേ-റിവിഷൻ ഉത്തരവ് പ്രകാരമാണ് രണ്ട് ഇലക്ട്രോണിക് ഡിവിഷനുകൾ തിരുവനന്തപുരത്തും തൃശ്ശൂരും രൂപീകരിച്ചത്.

**കെ.എസ്.ടി.പി.-ക്ക് ലോകബാങ്കിൽനിന്നും വായ്പ**

4(4754) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. ആരംഭിച്ചത് എന്നാണെന്നും ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ടി.പി.-ക്ക് ആവശ്യമായ ഫണ്ട് ലഭിക്കുന്ന സ്രോതസ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഫണ്ടുകൾ തിരിച്ചടക്കുന്നതും പലിശയും സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഡി) കെ.എസ്.ടി.പി.-ക്ക് ഇതുവരെ ലോകബാങ്കിൽ നിന്നും എത്ര കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ഇ) വരും വർഷങ്ങളിൽ ലോകബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക; ഏതൊക്കെ പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും ഫണ്ടിംഗ് വ്യവസ്ഥകൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. ആരംഭിച്ചത് 2002 ജൂൺ മാസത്തിലാണ്. ഒന്നാം പദ്ധതി 2010 ഡിസംബർ മാസം പൂർത്തിയാക്കി. രണ്ടാം കെ.എസ്.ടി.പി. പദ്ധതി 2013 ജൂൺ മാസം തുടങ്ങി ഇപ്പോൾ നടന്നുവരുന്നു. ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

1. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളിലൂടെയുള്ള യാത്ര സുഗമമാക്കുക.
2. വാഹനം ഉപയോഗിക്കലിന്റെ ചെലവ് ഉദ്ദേശം 20 ശതമാനം കുറയ്ക്കുക.
3. യാത്രാസമയം 20 ശതമാനം കുറയ്ക്കുക.
4. റോഡപകടനിരക്ക് 20 ശതമാനം മുതൽ 30 ശതമാനം വരെ കുറയ്ക്കുക.
5. റോഡുകൾ കടന്നുപോകുന്ന ഭാഗങ്ങളിലെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുക.

(ബി) സംസ്ഥാന സർക്കാരും ലോകബാങ്കും ആണ് ഫണ്ട് നൽകുന്നത്.

(സി) ലോകബാങ്കിൽനിന്നും വായ്പയായി എടുക്കുന്ന തുക ആദ്യ അഞ്ചു വർഷത്തെ ഗ്രെയ്സ് പീരിയഡിനുശേഷം 15 വർഷം കൊണ്ട് പലിശ സഹിതം തിരിച്ചടയ്ക്കണം എന്നായിരുന്നു കെ.എസ്.ടി.പി. ഒന്നിലെ വ്യവസ്ഥ. കെ.എസ്.ടി.പി. രണ്ടിലെ വ്യവസ്ഥ ആദ്യ അഞ്ചു വർഷത്തെ ഗ്രെയ്സ് പീരിയഡിനു ശേഷം 13 വർഷം കൊണ്ട് തിരിച്ചടയ്ക്കണമെന്നാണ്. കെ.എസ്.ടി.പി. ഒന്ന് പ്രോജക്ടിന്റെ പലിശ 1.55 ശതമാനവും കെ.എസ്.ടി.പി. രണ്ട് പ്രോജക്ടിന്റെ പലിശ 1.66 ശതമാനവുമാണ്.

(ഡി) ഇതുവരെ ലോകബാങ്കിൽനിന്നും കെ.എസ്.ടി.പി.-ക്ക് വായ്പയായി ലഭിച്ച തുക താഴെ ചേർക്കുന്നു.

| | | |
|---|---|---|
| കെ.എസ്.ടി.പി. I പദ്ധതി | - | 1037 കോടി രൂപ |
| കെ.എസ്.ടി.പി. II പദ്ധതി | - | 329.92 കോടി രൂപ |

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി**

5 (4755) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തി പൂർത്തീകരിച്ചെന്നും, പൂർത്തിയാക്കാൻ ഉള്ളവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാർ കാലയളവിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം I * ആയും കെട്ടിടവിഭാഗത്തിൻ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം II* ആയും ചേർത്തിരിക്കുന്നു. ദേശീയപാത വിഭാഗത്തിൻ കീഴിൽ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ ചെർക്കള ജംഗ്ഷൻ പ്രവൃത്തി ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചു. ചെർക്കള ജംഗ്ഷൻ 90% പൂർത്തീകരിച്ചു. ആയതിൽ പോലീസ് വിജിലൻസ് അന്വേഷണം നടന്നു വരുന്നതായി നിരത്തുവിഭാഗം കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിൻ കീഴിൽ ഗവ.ഹൈസ്കൂൾ തളങ്കരയ്ക്ക് ക്ലാസ് മുറികൾ നിർമ്മിക്കുന്ന പ്രവൃത്തി ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി ഇപ്പോൾ പുതുതായി ടെണ്ടർ ചെയ്ത് പുതിയ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതേ പ്രവൃത്തിക്കുമുമ്പ് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി ചെയ്യേണ്ടതായ സ്ഥലത്ത് പഴയ കെട്ടിടം പൊളിച്ചുമാറ്റാത്തതിനാൽ പ്രവൃത്തി ക്ലോഷർ എഗ്രിമെന്റ് വച്ച് ക്യാൻസൽ ചെയ്തിരുന്നു. ഇപ്പോൾ റീടെണ്ടർ ചെയ്ത് കരാറുകാരനെ നിശ്ചയിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിലെ മുറി ബുക്കിംഗ് സംവിധാനം

6 (4756) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിൽ മുറികൾ ബുക്കു ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിൽ സൗജന്യ താമസം അനുവദിക്കപ്പെട്ടിട്ടുള്ളവർ ആരൊക്കെയാണെന്നും സർക്കാർ ജീവനക്കാർക്ക് സൗജന്യ നിരക്ക് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ 7 ദിവസം മുമ്പ് രേഖാമൂലം അപേക്ഷ സമർപ്പിച്ചാൽ ലഭ്യതയ്ക്കനുസരിച്ച് പൊതുമരാമത്ത് റസ്റ്റ്ഹൗസുകളിൽ മുറി അനുവദിക്കുന്നതാണ്. അടിയന്തര ആവശ്യങ്ങൾക്ക് ഒഴിവനുസരിച്ച് ഒരു ദിവസത്തേയ്ക്ക് മുറി അനുവദിക്കുന്നതാണ്.

(ബി) ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(സി) ഗവർണ്ണർ, മുഖ്യമന്ത്രി, കേന്ദ്ര മന്ത്രിമാർ, സ്പീക്കർ, കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നിവർക്ക് സൗജന്യ താമസം അനുവദിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് സൗജന്യ നിരക്ക് അനുവദിച്ചിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി. റോഡുകളിലെ വെള്ളക്കെട്ട്

7(4757) <u>ശ്രീ. വി. പി. സജീന്ദ്രൻ:</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീ. അനിൽ അക്കര:</u>

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ള്യൂ.ഡി. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മഴക്കാല സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഓടകൾ വൃത്തിയാക്കുക, കലുങ്കുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽവരുന്ന റോഡുകളിലെ വശങ്ങളിൽ വരുന്ന ഓടകളിലും കൂടാതെ കലുങ്കുകളിലും മണ്ണടിഞ്ഞ് റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന്റെ ഭാഗമായി മഴക്കാലത്തിനു മുമ്പായി തന്നെ ഓടകളിലും കലുങ്കുകളിലും മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി വൃത്തിയാക്കി മഴവെള്ളം സുഗമമായി ഒഴുകിപ്പോകാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിലെല്ലാംതന്നെ ഫണ്ടിന്റെയും സ്ഥലലഭ്യതയ്ക്കും അനുസരിച്ച് ഓടകൾകൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മഴക്കാല സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഓടകൾ വൃത്തിയാക്കുക, കലുങ്കുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ലെങ്കിലും ഇവ നോൺ പ്ലാനിൽ ഉൾപ്പെടുത്തി മഴക്കാല പൂർവ്വ പ്രവൃത്തിയായി ഏറ്റെടുക്കുന്നതിനായി ഈ വർഷം ഈ ഇനത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 19.29 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 5.25 കോടി രൂപയും അനുവദിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യുടെ കീഴിൽ വരുന്ന റോഡുകളുടെ ഓടകളും കലുങ്കുകളും പദ്ധതിയുടെ പരിപാലന ചുമതലയുള്ള കൺസഷണർ കാലാകാലങ്ങളിൽ വൃത്തിയാക്കുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് പദ്ധതിയുടെ കരാർ ഒപ്പ് വച്ചിട്ടുള്ളത്.

**ദേശീയപാത വികസനകാര്യം**

8(*T 4759) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനകാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) എൻ.എച്ച്.-ൽ വെങ്ങളം-മാഹി നാലുവരിപ്പാത വികസന കാര്യത്തിൽ നടപടി പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17-ഉം എൻ.എച്ച് 47-ഉം കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. പദ്ധതിയിൽപ്പെടുത്തി

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. ഇതിൽ വാളയാർ മുതൽ അരൂർ വരെയുള്ള ദേശീയപാത 47 (ഇടപ്പള്ളി വരെ പുതിയ എൻ.എച്ച്. 544 -ഉം ഇടപ്പള്ളി മുതൽ അരൂർ വരെ പുതിയ എൻ.എച്ച്. 66- ഉം) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് വികസനത്തിന്റെ അന്തിമഘട്ടത്തിലാണ്. കൂടാതെ ദേശീയപാത പുതിയ എൻ.എച്ച്. 66-ന്റെ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള 43 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം നടന്നുവരുന്നു. സർവ്വീസ് റോഡോടുകൂടിയ നാലുവരിപ്പാതയായി വികസനം ശേഷിക്കുന്നത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (420 കി.മീ.) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (172.9 കി.മീ.) അടങ്ങുന്ന പുതിയ എൻ.എച്ച്. 66 ആണ്. ഈ ഭാഗത്തെ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ഇതിനുവേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ DPR കൺസൾട്ടന്റ് മുഖാന്തരം നടത്തിവരുന്നു. നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് എഗ്രിമെന്റ്പ്രകാരം ആഗസ്റ്റ് 2016 മുതൽ 6 മാസക്കാലയളവിനുള്ളിൽ പുതുക്കിയ DPR കൺസൾട്ടന്റ് സമർപ്പിക്കേണ്ടതാണ്. മറ്റ് ദേശീയപാതകളായ എൻ.എച്ച്. 49 (ബോഡിമെട്ടു - കുണ്ടന്നൂർ), എൻ.എച്ച്. 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച്. 212 (കോഴിക്കോട്-മുത്തങ്ങ), എൻ.എച്ച്. 213 (കോഴിക്കോട് - പാലക്കാട്), എൻ.എച്ച്. 220 (കൊല്ലം - കുമിളി), എൻ.എച്ച്. 183 എ (ഭരണിക്കാവ് - പത്തനംതിട്ട – വണ്ടിപ്പെരിയാർ), എൻ.എച്ച്. 185 (അടിമാലി - പൈനാവ് - കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ദേശീയപാത 66-ൽ കി.മീ. 18/050 മുതൽ 186/400 (തലപ്പാടി മുതൽ മാഹി പാലം വരെ) വരെയുള്ള നാലുവരിപ്പാതയുടെ സർവ്വേ നടപടികളും മറ്റു പ്രവൃത്തികളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും റവന്യൂ വകുപ്പും ചേർന്നാണ് നടപ്പിലാക്കുന്നത്. ഇതിൽ തലശ്ശേരി (കി.മീ. 170/718) മുതൽ മാഹി (കി.മീ. 187/674) വരെ ആകെ 18/044 കി.മീ. നീളമാണ് ഉള്ളത്. തലശ്ശേരി-മാഹി ബൈപ്പാസിനുവേണ്ടി 0/000 മുതൽ 11/897 കി.മീ. വരെയുള്ള (പോണ്ടിച്ചേരിയുടെ ഭാഗമായിട്ടുള്ള അതിർത്തി വരെ) ജലസേചന വകുപ്പിന്റെ 1.0173 ഹെക്ടർ സ്ഥലം ഒഴികെയുള്ള ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ DPR തയ്യാറാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ AECOM എന്ന കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

**അയിലം പാലം**

9 (4760) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലത്തിന്റെ പൂർത്തീകരണം അനന്തമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം പണികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അയിലം പാലം നിർമ്മാണത്തിന് എത്ര തുക അനുവദിച്ചെന്നും, ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും, നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൻമേൽ പേയ്മെന്റ് നടന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) അയിലം പാലത്തിന്റെ പൂർത്തീകരണ പ്രവർത്തനങ്ങളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണപ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) പ്രസ്തുത പാലത്തിന്റെ പൂർത്തീകരണത്തിന് അവശേഷിക്കുന്ന പണികൾ താഴെപ്പറയുന്നു:

- പാലത്തിന്റെ ഇരുഭാഗത്തുമുള്ള അപ്രോച്ച് റോഡ്
- അയിലം ഭാഗത്തെ സ്ലാബ്
- പാലത്തിന്റെ കൈവരി, നടപ്പാത മുതലായവ

(സി) 621 ലക്ഷം രൂപയാണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ളത്. ഇതുവരെ 4,60,49,427.92 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ കരാറുകാരന് നൽകിയിട്ടുള്ള അവസാന തീയതി 31-10-2016 ആണ്.

(ഡി) ഇതുവരെ 3,72,19,617 രൂപയുടെ പെയ്മെന്റ് നടത്തിയിട്ടുണ്ട്.

**ടോൾ രഹിത ഗതാഗതം**

10(*T 4761) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോൾ രഹിത ഗതാഗതം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ടോൾ ബൂത്തുകളിൽ അതത് ദിവസം കടന്നുപോയ വാഹനങ്ങളുടെ എണ്ണം, പിരിച്ച ടോൾതുക തുടങ്ങിയ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിടയ്ക്ക് പുതുതായി എത്ര ടോൾ ബൂത്തുകൾ നിലവിൽവന്നുവെന്ന് അറിയിക്കുമോ;

(ഡി) കിഫ്ബി മുഖേന നിർമ്മിക്കുന്ന റോഡുകളിലൂടെയുള്ള ഗതാഗതത്തിന് ടോൾ ഈടാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടോൾ ആക്ട് പ്രകാരം 10 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണ ചെലവുള്ളതും കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ പാലങ്ങളിൽ നിന്നാണ് നിലവിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് & ബ്രിഡ്ജസ് വിഭാഗം ടോൾ പിരിക്കുന്നത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കീഴെഴുത്ത് നമ്പർ 1187845/2016/പി-7 തീയതി 6-7-2016 പ്രകാരം 100 കോടി രൂപയിൽ താഴെ വരുന്ന പ്രവൃത്തികളെ ടോൾ പിരിവിൽനിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവായതിനാൽ നിലവിൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ടോൾ പിരിവ് ഒന്നുംതന്നെയില്ല.

(ബി) ടോൾ ബൂത്തുകളിൽ അതത് ദിവസം കടന്നുപോയ വാഹനങ്ങളുടെ എണ്ണം, പിരിച്ച ടോൾ തുക തുടങ്ങിയ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ പുതുതായി 8 (എട്ട്) ടോൾ ബൂത്തുകളും

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

RBDCK-യുടെ കീഴിൽ 9 (ഒൻപത്) ടോൾ ബൂത്തുകളും നിലവിൽ വന്നിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് പുതുതായി പടണക്കാട് റെയിൽവേ മേൽപ്പാലത്തിന് ടോൾ നിലവിൽ വന്നു. ഇത് 27-9-2012-ൽ തുടങ്ങി 8-10-2016-ൽ അവസാനിച്ചു.

(ഡി) കിഫ്ബി മുഖേന നിർമ്മിക്കുന്ന റോഡുകളിലൂടെയുള്ള ഗതാഗതത്തിന് ടോൾ സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

**ഔട്ട് സോഴ്സിംഗ് വർക്കുകൾ**

11 (4762) ശ്രീ. കെ. വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം ചീഫ് എഞ്ചിനീയർ ശ്രീമതി പെണ്ണമ്മ മാത്യു ഏതൊക്കെ വർക്കുകൾക്കാണ് ഔട്ട്സോഴ്സിംഗ് കൊടുത്തിട്ടുള്ളത്;

(ബി) റൂബി സോഫ്റ്റ്, ഇന്റഗ്രൽ സൊല്യൂഷൻ, ഗോദ്റെജ് എന്നീ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ 5 വർഷമായി എത്ര ലക്ഷം രൂപയുടെ ഔട്ട് സോഴ്സിംഗ് വർക്കുകൾ കൊടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിൽ ശ്രീമതി പെണ്ണമ്മ മാത്യു എന്ന പേരിൽ ചീഫ് എഞ്ചിനീയർ ഇല്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗം ചീഫ് എഞ്ചിനീയർ ശ്രീമതി എം. പെണ്ണമ്മ ഒരു വർക്കും ഔട്ട്സോഴ്സിംഗിന് കൊടുത്തിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽനിന്നും ഒരു സ്ഥാപനങ്ങൾക്കും ഔട്ട്സോഴ്സിംഗ് വർക്കുകൾ നൽകിയിട്ടില്ല. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് കൺസൾട്ടൻസി കരാർ, മെയിന്റനൻസ് കോൺട്രാക്ട് എന്നിവ നൽകിയിട്ടുണ്ട്.

**കേരളാ ഹൗസുകളുടെ ഇലക്ട്രിക്കൽ വർക്കുകൾ**

12(4763) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ന്യൂഡൽഹി, മുംബൈ എന്നിവിടങ്ങളിലെ കേരളാ ഹൗസുകളുടെ ഇലക്ട്രിക്കൽ വർക്കുകൾ പരസ്യമായി ടെൻഡർ/ക്വട്ടേഷൻ വിളിക്കാതെ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടമെത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) മുംബൈ കേരളാ ഹൗസിന്റെ ഫേസ്-I ഇലക്ട്രിക്കൽ വർക്കിന്റെ ബിൽ തുക സ്വന്തം അക്കൗണ്ടിലേയ്ക്ക് മാറ്റിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായോ;

(ഡി) ന്യൂഡൽഹി കൊച്ചിൻ ഹൗസിന്റെ കൺസർവേഷൻ വർക്കുകളുമായി ബന്ധപ്പെട്ട് 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 6.5 കോടിയായി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നിലവിലില്ല.

(ഡി&ഇ) ന്യൂഡൽഹി കൊച്ചിൻ ഹൗസിന്റെ ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് തുക 50,50,000 രൂപ ആയിരുന്നു. കൂടാതെ 14,65,000 രൂപയുടെ അഡീഷണൽ എസ്റ്റിമേറ്റ് റസിഡന്റ് കമ്മീഷണറുടെ ഭരണാനുമതിയോടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചിൻ ഹൗസ് നവീകരിച്ച് റസിഡന്റ് കമ്മീഷണർ ഓഫീസ് പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ് ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ തുടർന്നുണ്ടായ ഉന്നതതല യോഗത്തിൽ വി.ഐ.പി. ഗസ്റ്റ് ഹൗസായി രൂപാന്തരപ്പെടുത്താൻ തീരുമാനിച്ചത് പ്രകാരമാണ് അഡീഷണൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

**റോഡ് വികസനത്തിൽ കോസ്റ്റ് ഇഫക്ടീവ് ടെക്നോളജി**

13(4764) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ റോഡു വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി, പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദപരമായ കോസ്റ്റ് ഇഫക്ടീവ് ടെക്നോളജീസ് വ്യാപകമായി സ്വീകരിക്കുന്നതിന്റെ നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

കേരളത്തിലെ റോഡ് വികസനത്തിനായി പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദപരമായ കോസ്റ്റ് ഇഫക്ടീവ് ടെക്നോളജീസ് സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ എൻ.ആർ.എം.ബി. (നാച്ചുറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) ഉൽപ്പാദിപ്പിക്കുന്ന പരമാവധി എൻ.ആർ.എം.ബി. പൊതുമരാമത്ത് റോഡുകൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം.എം. ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. ബി.എം. & ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം വരുന്ന

ബി.എം.&ബി.സി. ഉപരിതലം പരീക്ഷണ അടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 100.00 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള നിർമ്മാണപ്രവൃത്തികളെല്ലാം തന്നെ ഐ.ആർ.സി. ഗൈഡ് ലൈൻസും മോർത്ത് സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. ഇതുപ്രകാരം റോഡുകളുടെ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള സർഫസിംഗും റീസർഫസിംഗും പ്രകൃതിദത്ത റബ്ബർ ചേർന്ന എൻ.ആർ.എം.ബി. (നാച്ചുറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിൻ) ആണ് ഉപയോഗിക്കുന്നത്. ഇതുകൂടാതെ പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ചുള്ള റോഡുനിർമ്മാണം ഇന്ത്യൻ റോഡ് കോൺഗ്രസ് IRC SP 98/2013-ൽ പ്രതിപാദിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം No. RW/NH-33044/24/2015-S&R (R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയുടെ 50 കി.മീ. ചുറ്റളവിനകത്തുവരുന്ന റോഡുകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ഹോട്ട്മിക്സിൽ ചേർക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ കേന്ദ്ര നിർദ്ദേശം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടവർ പാർക്കിംഗ്

14(4765) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വഴിയരികിലെ അനധികൃത പാർക്കിംഗ് റോഡ് അപകടങ്ങൾക്ക് വഴിവയ്ക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഗരങ്ങളിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് ടവർ പാർക്കിംഗ് (മെക്കനൈസ്ഡ് പാർക്കിംഗ്) സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡുകൾ പുതുതായി നിർമ്മിക്കുമ്പോൾ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുവേണ്ടി പാർക്കിംഗ് ഏരിയ മാർക്ക് ചെയ്യാറുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന ചില റോഡുകളിൽ നഗരസഭയുടെ ആഭിമുഖ്യത്തിൽ "പേ ആന്റ് പാർക്കിംഗ്" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനം പൂർത്തിയാക്കിയ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയിലെ റോഡുകളിൽ അനധികൃത പാർക്കിംഗിനെതിരെ നടപടി സ്വീകരിക്കുന്നതിനായി ട്രാഫിക് പോലീസിന് ശിപാർശ സമർപ്പിക്കാറുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**റോഡ് നിർമ്മാണത്തിൽ റബ്ബർ ഉപയോഗിക്കുവാൻ നടപടി**

15(4766) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രതിസന്ധിയിലായ റബ്ബർ കർഷകർക്ക് ആശ്വാസം പകരുവാനും റബ്ബർവില പിടിച്ച് നിർത്തുന്നതിനും, റോഡ് പണികൾക്കു വേണ്ടി ഹോട്ട്ബിറ്റുമിനസ് മിക്സ്ചറുകളിൽ റബ്ബറിന്റെ ഉപയോഗത്തെ സംബന്ധിച്ച ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ ശിപാർശകൾക്കനുസൃതമായി, സംസ്ഥാനത്തെ മുഴുവൻ റോഡുകളുടെയും സർഫസിങ്ങിനും റീസർഫസിങ്ങിനും റബ്ബർ ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രതിസന്ധിയിലായ റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ റബ്ബർ മിശ്രിതമായുള്ള NRMB (Natural Rubber Modified Bitumen) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) ഉൽപ്പാദിപ്പിക്കുന്ന പരമാവധി എൻ.ആർ.എം.ബി. പൊതുമരാമത്ത് റോഡുകൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾക്കും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ച് നിലവിൽ ദേശീയപാതാ

വിഭാഗത്തിൻ കീഴിൽ വരുന്ന റോഡുകളുടെ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള സർഫേസിംഗിനും റീ-സർഫേസിംഗിനും റബ്ബർ മോഡിഫൈഡ് ബിറ്റുമൻ (എൻ.ആർ.എം.ബി.) ആണ് ഉപയോഗിക്കുന്നത്.

**ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിനു മുന്നിലൂടെയുള്ള പഴയ ദേശീയപാതയുടെ ശോച്യാവസ്ഥ**

16(4767) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിനു മുന്നിലൂടെയുള്ള പഴയ ദേശീയ പാതയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീർത്ഥാടകരും മറ്റുമായി ആയിരക്കണക്കിനാളുകളും വാഹനങ്ങളും ഉപയോഗിക്കുന്ന പ്രസ്തുത റോഡിന്റെ റീ-ടാറിംഗ് നടപടികൾക്ക് ടെണ്ടർ ആയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൃശ്ചികോത്സവത്തിന് ദിവസങ്ങൾ ബാക്കി നിൽക്കെ പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള സാദ്ധ്യതകൾ കണക്കിലെടുത്ത് അറ്റകുറ്റ പണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇല്ല. അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള 8 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

**ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങൾ**

17(4768) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2016-17 ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോങ്ങാട് മണ്ഡലത്തിലേയ്ക്കായി പ്രഖ്യാപിച്ച പദ്ധതികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ബഡ്ജറ്റ് പ്രസംഗത്തിന്റെയും ഡീറ്റയിൽഡ് ബഡ്ജറ്റിന്റെയും മറുപടി പ്രസംഗത്തിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2016-17 ബജറ്റ് പ്രസംഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കോങ്ങാട് മണ്ഡലത്തിലേയ്ക്കായി പദ്ധതികൾ ഒന്നും പ്രഖ്യാപിച്ചിട്ടില്ല. നിരത്തു, കെട്ടിട വിഭാഗങ്ങളിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു:

നിരത്തുവിഭാഗം:

1. എഴുത്തുംചിറ പാലം
2. ഓടന്നൂർ പാലം
3. കോങ്ങാട് - മണ്ണാർക്കാട് - ടിപ്പുസുൽത്താൻ റോഡ്
4. ചിറക്കൽപ്പടി - കാഞ്ഞിരപ്പുഴ റോഡ്

കെട്ടിട വിഭാഗം:

1. കോങ്ങാട് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം
2. കാരാക്കുറിശ്ശി ഹോമിയോ ഡിസ്പെൻസറി നിർമ്മാണം
3. കോങ്ങാട് 30 കിടക്കകളുള്ള ആയുർവ്വേദ ആശുപത്രി നിർമ്മാണം
4. കോങ്ങാട് പോലീസ് സ്റ്റേഷൻ നവീകരണം
5. കോങ്ങാട് ഒന്നും രണ്ടും വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം.

മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു.

(ബി) നിരത്തുകളും പാലങ്ങളും ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം I*, അനുബന്ധം II *ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഏരൂർ കുഴിവേലിപ്പാലം പുനർനിർമ്മാണം

18(4769) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഏരൂർ കുഴിവേലി പ്പാലത്തിന്റെ പുനർനിർമ്മാണം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിന് സമയബന്ധിത നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പരിഗണനയിലുണ്ട്.

## ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് റോഡുകളുടെ നവീകരണം

19(4770) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏതൊക്കെ റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സ.ഉ.(കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം KSTP എന്നിവയിൽ ഉൾപ്പെട്ടുവരുന്ന 26 റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റോഡുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിനുമായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. (റോഡുകളുടെ ലിസ്റ്റ് അടങ്ങിയ ഉത്തരവ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)* ഗുണനിലവാരം മുൻനിർത്തി മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനു മുമ്പുതന്നെ ശബരിമല റോഡുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ച് തീർത്ഥാടകർക്ക് സുഗമമായ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊരട്ടി അങ്ങാടി അണ്ടർപാസ്സേജ്

20(4771) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി അങ്ങാടി റെയിൽവേ സ്റ്റേഷനു സമീപത്ത് അണ്ടർപാസ്സേജ് നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അടിപ്പാത യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കൊരട്ടി അങ്ങാടി റെയിൽവേ സ്റ്റേഷന് സമീപത്ത് അണ്ടർ പാസ്സേജ് പദ്ധതി ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി റെയിൽവേ അധികൃതരിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## മലബാർ പാക്കേജ്

21 (4772) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർകാലത്ത് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പ്രവൃത്തികളിൽ ഇനിയും തുടങ്ങാത്തതും പൂർത്തീകരിക്കാത്തതും ആയ എത്ര പ്രവൃത്തികൾ കാസർഗോഡ് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ.; ഈ പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കാലത്ത് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ ഒരു പ്രവൃത്തി പൂർത്തീകരിക്കേണ്ടതായും നിരത്ത് വിഭാഗത്തിനു കീഴിൽ രണ്ട് പ്രവൃത്തികൾ തുടങ്ങേണ്ടതായും ഒരു പ്രവൃത്തി പൂർത്തീകരിക്കേണ്ടതായും ഉണ്ട്. ഇതിൽ കെട്ടിട വിഭാഗത്തിനു കീഴിലെ പ്രവൃത്തി നിലവിൽ പൂർത്തീകരണ ഘട്ടത്തിലാണ്. നിരത്തു വിഭാഗത്തിനു കീഴിൽ ഇനിയും തുടങ്ങുവാനുള്ള രണ്ട് പ്രവൃത്തികൾക്ക് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ഗ്രാമീണ റോഡുകൾ ഒറ്റത്തവണ പുനരുദ്ധീകരിക്കുന്ന പദ്ധതി**

22(4773) <u>ശ്രീ. എ. പി. അനിൽ കുമാർ :</u>
<u>ശ്രീ. ഹൈബി ഈഡൻ :</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ :</u>
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ റോഡുകൾ ഒറ്റത്തവണ പുനരുദ്ധീകരിക്കുന്ന പദ്ധതി പ്രകാരം ഈ വർഷം എത്ര റോഡുകൾ പുനരുദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

2015-16 സാമ്പത്തിക വർഷത്തിൽ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 552.11 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകുകയും അവയിൽ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ചില പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**ഗ്രാമീണ റോഡുകളുടെ വികസനം**

23 (4774) <u>ശ്രീ. മുല്ലക്കര രത്നാകരൻ :</u>
<u>ശ്രീ. ജി. എസ്. ജയലാൽ :</u>
<u>ശ്രീ. ഇ. കെ. വിജയൻ :</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ കൂടുതൽ സഞ്ചാര യോഗ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമീണ റോഡ് വികസനത്തിന് നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ;

(സി) ഗ്രാമീണ റോഡുകൾ പരിപാലിക്കുന്നതിന് സമയബന്ധിതമായ അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ റോഡുകൾ കൂടുതൽ സഞ്ചാര യോഗ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് 2015-16 സാമ്പത്തിക വർഷത്തിൽ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 552.11 കോടി രൂപയ്ക്ക് ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിപ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി&സി) ഗ്രാമീണ റോഡ് വികസനത്തിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല.

**നാഷണൽ ഹൈവേകളിൽ സ്ഥാപിച്ചിട്ടുള്ള ബംപുകൾ**

24(4775) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) നാഷണൽ ഹൈവേകളിൽ സ്ഥാപിച്ചിട്ടുള്ള ബംപുകൾ സുരക്ഷിതത്വം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പിന്റെ നിലപാട് വ്യക്തമാക്കാമോ; ആയത് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയപാതകളുടെ റോഡ് സേഫ്റ്റി ഓഡിറ്റിംഗ് നടത്തി ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. നിലവിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിഗണനയിലുള്ള പൊതുമരാമത്ത് (ദേശീയപാത) ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ദേശീയപാത 212-ലെ 76/000 to 107/000 സ്ട്രെച്ച്, റോഡിൽ റോഡ് മാർക്കിംഗ്, കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനുള്ള സീബ്രാ

ലൈൻ എന്നിവ ചെയ്യുന്നതിനുവേണ്ടിയുള്ള 3,66,038 രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ പ്രസ്തുത പ്രൊപ്പോസൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിഗണനയിലാണ്. അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് ആയത് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ബി) ദേശീയപാതയിൽ ബംപുകൾ അപകട കാരണമാകയാൽ കേന്ദ്രമന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം നിലവിൽ ഇവ സ്ഥാപിക്കാനനുവാദമില്ല.

### കരുവാറ്റ-മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം

25 (4776) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് - അമ്പലപ്പുഴ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ കരുവാറ്റ - മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അടിയന്തരമായി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ-സി) പ്രസ്തുത പ്രവൃത്തിക്ക് 14-10-2016-ന് കൂടിയ ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### കോങ്ങാട് സീഡ് ഫാം മംഗലാംകുന്ന് റോഡ് ശോചനീയാവസ്ഥ

26(4777) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് സീഡ് ഫാം മംഗലാംകുന്ന് റോഡ് ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ബി.എം & ബി.സി വർക്ക് ചെയ്യണം എന്ന ആവശ്യം പരിഗണനയിലുണ്ടോ;

(സി) ഇതിനായി ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിനിയോഗത്തിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഈ റോഡിന് 2016-17 സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ധനകാര്യ അനുമതിയും സാങ്കേതിക അനുമതിയും നൽകുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാർ പരിശോധിച്ചു വരുകയാണ്.

## ചേരൻകൈ കടപ്പുറം ലൈറ്റ് ഹൗസ് കസബ പള്ളം റോഡിന്റെ ശോചനീയാവസ്ഥ

27 (4778) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിലെ ചേരൻകൈ കടപ്പുറം ലൈറ്റ് ഹൗസ് കസബ പള്ളം റോഡ് എപ്പോഴാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിന് ശേഷം ഈ റോഡിൽ എത്ര രൂപയുടെ പ്രവൃത്തികൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഏത് വർഷം; എത്ര രൂപയാണ് ചെലവാക്കിയത്;

(സി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് എന്തുകൊണ്ടാണ്;

(ഡി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തില്ലായിരുന്നെങ്കിൽ പ്രസ്തുത റോഡ് ജില്ലയിലെ മെച്ചപ്പെട്ട തീരദേശ റോഡായി എന്നേ മാറിയേനെ എന്ന ജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വളരെയേറെ തിരക്കേറിയ പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ റോഡിന്റെ പുനർനിർമ്മാണത്തിന് എപ്പോഴെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; ആരാണ് ഇതിന്റെ കരാർ ഏറ്റെടുത്തത്; നിർമ്മാണം ആരംഭിക്കാതെ പോയത് എന്തുകൊണ്ടാണ്;

(ജി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ തീരദേശ വകുപ്പിന് കൈമാറാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് മണ്ഡലത്തിലെ ചേരൻകൈ കടപ്പുറം ലൈറ്റ് ഹൗസ് കസബ പള്ളം റോഡ് 7-1-2012-ലെ സ.ഉ(കൈ)നമ്പർ 5/2012/പൊ.മ.വ. പ്രകാരമാണ് ഏറ്റെടുത്തത്.

(ബി)

| വർഷം | പ്രവൃത്തികളുടെ എണ്ണം | തുക |
|---|---|---|
| 2012-13 | ഇല്ല | - |
| 2013-14 | 1 | 20 ലക്ഷം |
| 2014-15 | 2 | 42 ലക്ഷം |
| 2015-16 | ഇല്ല | - |
| | ആകെ | 62 ലക്ഷം |

(സി) 7-1-2011-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് നേരത്തെ മാറ്റി നൽകിയിട്ടുള്ളതും എന്നാൽ അറ്റകുറ്റപ്പണികളൊന്നുമില്ലാതെ കിടക്കുന്നതുമായ 8570 കി.മീ. റോഡ് ഏറ്റെടുത്തതിന്റെ ഭാഗമായാണ് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡ് ഏറ്റെടുക്കുന്നതിനുമുമ്പ് 2009-10 വർഷത്തിൽ ഉത്തേജക പാക്കേജിൽ 378 ലക്ഷം രൂപയ്ക്ക് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് സർക്കാർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി നടന്നില്ല.

(ജി) പ്രസ്തുത റോഡ് നവീകരണത്തിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

**വാട്ടർ സ്റ്റേഡിയം**

28(4779) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം ഹോട്ടൽ ആരാമത്തിനു പുറകുവശം എൻ.എച്ചിന്റെ അധീനതയിലുള്ള കുളം മാലിന്യ നിക്ഷേപ കേന്ദ്രമായി മാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഈ കുളം പുനരുദ്ധരിച്ച് ഒരു വാട്ടർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ കേബിളുകൾ**

29(4780) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ കേബിളുകൾ ഇടുന്നതിലേക്കായി കേബിൾ ഡക്ടുകൾ കൂടി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ കേബിളുകൾ ഇടുന്നതിലേക്കായി സ്ഥലലഭ്യത അനുസരിച്ച് കേബിൾ ഡക്ടുകൾകൂടി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന സ്റ്റേഡിയം പുതിയറ റോഡിൽ കേബിളുകൾ ഇടുന്നതിലേയ്ക്കായി കോൺക്രീറ്റ് ഡക്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## വാച്ചർ-കം-ഗാർഡനർ തസ്തികയിലെ ഒഴിവ്

30(4781) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കാസർഗോഡ് റോഡ് ഡിവിഷൻ ഓഫീസിലെ വാച്ചർ-കം-ഗാർഡനർ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് 8-6-2016-ന് അഭിമുഖം നടത്തുകയും റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഈ തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) 8-6-2016-ന് നടത്തിയിട്ടുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ തടസ്സങ്ങൾ നീക്കി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ)റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച 15 പേരുടെ പട്ടികയിൽനിന്നും 13 പേരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി&സി) ഇതിന്റെ അടിസ്ഥാനത്തിൽ ഈ തസ്തികയിൽ ഒരാളെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

## ഹരിപ്പാട്-പാണ്ടി-ചെക്കിടിക്കാട്-പച്ച റോഡിന്റെ ഒന്നാം ഘട്ടം നിർമ്മാണം

31 (4782) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട്-കുട്ടനാട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹരിപ്പാട് - പാണ്ടി - ചെക്കിടിക്കാട് - പച്ച റോഡിന്റെ ഒന്നാം ഘട്ട നിർമ്മാണം എന്നാണ് പൂർത്തീകരിച്ചത്;

(ബി) പ്രസ്തുത റോഡിന്റെ ശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് അടിയന്തരമായി തുക അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട്-കുട്ടനാട് നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹരിപ്പാട്-പാണ്ടി-ചെക്കിടിക്കാട്-പച്ച റോഡിന്റെ ഒന്നാം ഘട്ട നിർമ്മാണം 30-3-2016-ൽ പൂർത്തിയായി.

(ബി) പ്രസ്തുത റോഡിന്റെ ശേഷിക്കുന്ന ഭാഗത്തിന്റെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

**കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം**

32(4783) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; ഇനി ഏതൊക്കെ പദ്ധതികളാണ് ഇവിടെ പൂർത്തീകരിക്കാനുള്ളതെന്നും എന്നേക്ക് ഇത് നാടിന് സമർപ്പിക്കാൻ കഴിയുമെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ആർട്ടിഫിഷ്യൽ ലേക്കിന്റെയും കൾവർട്ടിന്റെയും റോഡിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. നിർമ്മാണ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**തെക്കിൽ-ആലറ്റി പി.ഡബ്ല്യൂ.ഡി. റോഡ്**

33 (4784) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ-ആലറ്റി പി.ഡബ്ല്യൂ.ഡി. റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. നിലവിൽ ആരുടെ പരിഗണനയിലാണുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ തെക്കിൽ - ആലറ്റി പി.ഡബ്ല്യു.ഡി. റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി & സി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

**പെരീക്കാട്-ചമ്പക്കരപ്പാലം പുനർനിർമ്മാണം**

34( 4785) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പെരീക്കാട് - ചമ്പക്കരപ്പാലം വീതി കൂട്ടി പുനർ നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി പ്രസ്തുത പാലം വീതി കൂട്ടി പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

**നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

35 (4786) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ആർ. ഐ .ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കൊച്ചി നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നിലവിൽ ഇല്ല.

### റോഡുകളുടെ ജി.ഐ.എസ്. മാപ്പിംഗ്

36(4787) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും, വകുപ്പ് പരിപാലിച്ച് വരുന്നതുമായ പാലങ്ങളുടെയും, റോഡുകളുടെയും ജി.ഐ.എസ്. മാപ്പിംഗ് പൂർത്തീകരണം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ചു വരുന്നതുമായ പാലങ്ങളുടെയും നിരത്തുകളുടെയും പതിനഞ്ച് ഡിവിഷനുകളുടെ ജി.ഐ.എസ്. മാപ്പുകൾ വകുപ്പിന്റെ വെബ്സൈറ്റിൽ 2012-ൽ പ്രസിദ്ധീകരിച്ചു. നിലവിലുള്ള സോഫ്റ്റ്‌വെയറിന്റെ അപര്യാപ്തതമൂലം പുതുതായി ലഭിക്കുന്ന വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നില്ല. കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഐ.എസ്. സോഫ്റ്റ്‌വെയറും സിസ്റ്റങ്ങളും അപ്ഗ്രേഡ് ചെയ്ത് ഡാറ്റാ അപ്ഡേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പൂക്കോട്ടുകാവ്-കാട്ടുകുളം-മംഗലാംകുന്ന് റോഡ്

37(4788) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം പഞ്ചായത്തുകളിൽ ഉൾപ്പെട്ട പൂക്കോട്ട് കാവ് - കാട്ടുകുളം- മംഗലാംകുന്ന് റോഡ് തകർന്ന് കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ;

(സി) പൂക്കോട്ട്കാവ്-കാട്ടുകുളം-മംഗലാംകുന്ന്റോഡ് നവീകരിക്കുന്ന തിനായി അടിയന്തരമായി നടപടി സ്വീകരിക്കുമോ; അതിനായുള്ള നിർദ്ദേശങ്ങൾ നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഭ്യമായിട്ടില്ല.

(സി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം പഞ്ചായത്തുകളിൽ ഉൾപ്പെട്ട പൂക്കോട്ടുകാവ് - മംഗലാംകുന്ന് റോഡിന് 4850 മീറ്റർ (പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 3950 മീറ്റർ, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ 900 മീറ്റർ) നീളമാണുള്ളത്. 2015-16 വർഷത്തിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ch 1/000 മുതൽ 3/950 കി.മീറ്റർ (2950 മീറ്റർ നീളം വരെ) ഒറ്റപ്പാലം LAC-ADS പദ്ധതിയിലുൾപ്പെടുത്തി ടാറിംഗ് ചെയ്ത് നവീകരിച്ചതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ടി റോഡുമായി ബന്ധപ്പെട്ട് പുതിയ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

**റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം**

38(4789) <u>ശ്രീ. മഞ്ഞളാം കുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള അപകടങ്ങളിൽപ്പെട്ടവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ;

(ബി) ഇത്തരത്തിൽ അപകടത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം റോഡുകൾ യഥാസമയം പുനർനിർമ്മിക്കുന്നതിന് നടപടിയെടുക്കാത്ത ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാൻ നിർദ്ദേശിച്ച് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശമെന്തെങ്കിലും സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകളിൽ കുഴികൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കുതന്നെ അടച്ച് അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

റോഡുകളിലെ കുഴികളിൽ വീണ് അപകടത്തിൽപ്പെട്ടവർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും നഷ്ടപരിഹാരം നൽകിവരുന്നില്ല.

(ബി) റോഡുകളിലെ കുഴികളിൽ വീണ് അപകടത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം റോഡുകൾ യഥാസമയം പുനർനിർമ്മിക്കുന്നതിന് നടപടിയെടുക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശങ്ങളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചടയമംഗലത്ത് ബി.എം.ആന്റ് ബി.സി. പ്രകാരം നിർമ്മിക്കുന്ന റോഡുകൾ

39(4790) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിൽ ബി.എം.ആൻഡ് ബി.സി. പ്രകാരം നിർമ്മിക്കുന്നതിന് എത്ര റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഓരോന്നും പ്രത്യേകമായി വിശദമാക്കുമോ?

ഉത്തരം

ഒരു റോഡിന് ചടയമംഗലം മണ്ഡലത്തിലുള്ള ആയൂർ-ഇത്തിക്കര റോഡിന്റെ രണ്ടാം ഘട്ടം ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി 22-12-2015-ലെ സ.ഉ.(സാധാ) നം. 1930/2015/പൊ.മ.വ. പ്രകാരം 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 19-8-2016-ന് ശ്രീ. എ. മനാഫ് എന്ന കോൺട്രാക്ടറുമായി 6.9% അധിക നിരക്കിൽ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ ഒറ്റത്തവണ മെയിന്റനൻസ്

40 (4791) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ, ഗ്രാമീണ റോഡുകൾ ഒറ്റത്തവണ മെയിന്റനൻസ് ചെയ്യുന്ന പദ്ധതിയിലുൾപ്പെടുത്തി 2015-ൽ ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വീതമാണ് ഓരോന്നിനും അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏത്

ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയുടെയും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും ഈ റോഡുകളുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 2015-ൽ ആറ്റിങ്ങൽ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. *

**സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള നടപടി**

41(4792) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് സർക്കാർ പൊതുക്വാർട്ടേഴ്സിനും വകുപ്പ് വക ക്വാർട്ടേഴ്സിനും അപേക്ഷിക്കാൻ അർഹതയുണ്ടോ; വിശദമാക്കാമോ;

(ബി) പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പോലീസ് ക്വാർട്ടേഴ്സിൽ നിശ്ചിത ശതമാനം നീക്കിവച്ചിട്ടുള്ള സാഹചര്യത്തിൽ ജനറൽ ക്വാർട്ടേഴ്സിന് അപേക്ഷിയ്ക്കാൻ അർഹതയുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ജനറൽ ക്വാർട്ടേഴ്സിൽ താമസിക്കുന്നവരെ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ഡി) പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ഒഴികെയുള്ളവർക്ക് ജനറൽ സർക്കാർ ക്വാർട്ടേഴ്സിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 റൂൾ 4 പ്രകാരമാണ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള അർഹത കണക്കാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം ലഭിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജീവനക്കാർക്ക് ക്വാർട്ടേഴ്സിന് അപേക്ഷിക്കാൻ അർഹതയുണ്ട്. ആയതിനാൽ മിനിസ്റ്റീരിയൽ വിഭാഗം ഉൾപ്പെടുന്ന പോലീസ് വകുപ്പിലെ എല്ലാ ജീവനക്കാർക്കും സർക്കാർ ക്വാർട്ടേഴ്സിന് അർഹതയുണ്ട്.

**വടക്കഞ്ചേരി-മണ്ണുത്തി റോഡ് വികസനം**

42 (4793) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി-മണ്ണുത്തി റോഡ് വികസനം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്നാണ് ആരംഭിച്ചതെന്നും, ഈ പ്രവൃത്തി എന്ന് അവസാനിക്കുമെന്നും വിശദമാക്കുമോ;

(സി) നിർമ്മാണം പൂർത്തിയാകുന്നതുവരെ നിലവിലുള്ള റോഡ് അറ്റകുറ്റ പണി നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോഡ് വികസനം സംബന്ധിച്ച് പരിശോധന നടത്താനായി സ്വതന്ത്ര ഏജൻസിയായ M/s ഇന്റർകോണ്ടിനെന്റൽ കൺസൾട്ടന്റ്സ് ആന്റ് ടെക്നോളജീസ് ലിമിറ്റഡ്, ന്യൂഡൽഹിയെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നിയമിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ സാങ്കേതിക വിദഗ്ദ്ധർ ഈ പദ്ധതി സംബന്ധിച്ച് പരിശോധന നടത്തി വരികയാണ്.

(ബി) 24-8-2009-ലാണ് കൺസഷൻ എഗ്രിമെന്റ് വച്ചത്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 6-4-2013 ആയിരുന്നു. 20-4-2010 മുതൽ 4-11-2011 വരെ ഭൂമി ഏറ്റെടുക്കൽ നിരോധിച്ചിരുന്നതിനാൽ പ്രവൃത്തി നിർത്തിവച്ചിരുന്നു. ആറുവരിയാക്കുന്നതിനുള്ള സ്ഥലമെടുപ്പിന് ആക്ഷൻ കൗൺസിൽ അംഗങ്ങൾ അനുവദിക്കാത്തതിനാൽ പ്രവൃത്തി തടസ്സപ്പെടുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കാരണം വായ്പാ സൗകര്യം നിഷേധിച്ചതിനാൽ കൺസൾട്ടൻസിയുടെ പ്രവൃത്തി തുടങ്ങാനും കഴിഞ്ഞില്ല. പ്രവൃത്തിഅവസാനിക്കുന്ന തീയതി 31-3-2017 വരെ പുനർനിശ്ചയിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ**

43 (4794) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ, റോഡ് സുരക്ഷിത പണികൾക്കായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾമേഖല നവീകരണത്തിനും, ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇതിന് ഏത് ഫണ്ടാണ് ഉപയോഗിക്കുന്നതെന്നും, എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മറ്റ് ആവശ്യങ്ങൾക്കായി വെട്ടിമുറിക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളെ അപകടരഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടെയും സുരക്ഷാ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 53.32 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് നാറ്റ്പാക് സമർപ്പിക്കുകയുണ്ടായി. ഇതിൽനിന്നും 10 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട്, ട്രാഫിക് സാന്ദ്രത, അപകടനിരക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കി വീണ്ടും നാറ്റ്പാക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം പുതുതായി കേരളത്തിലുടനീളം അതീവ അപകടമേഖലകൾ (ബ്ലാക്ക് സ്പോട്ട്) കണ്ടെത്താനും അവ നിവാരണം ചെയ്യാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി/പദ്ധതിയേതര ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികൾ മുഖേന താഴെപ്പറയുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുവരുന്നു.

1. സൈൻബോർഡ് സ്ഥാപിക്കൽ

2. ഡയറക്ഷൻ ബോർഡ് സ്ഥാപിക്കൽ

3. അപകട സാധ്യതയുള്ള റോഡിന്റെ വശങ്ങളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കൽ

4. വിവിധതരം റോഡ് മാർക്കിംഗ് സ്ഥാപിക്കൽ

5. ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കൽ

6. അപകട സാധ്യതയേറിയ മേഖലകളിൽ ബ്ലിങ്കർ ലൈറ്റുകൾ സ്ഥാപിക്കൽ

7. റിഫ്ളക്ടറുകൾ, സ്റ്റഡുകൾ, ഡിലീനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്ട് ഹസാർഡ് മാർക്കറുകൾ, ഷെവ്റോൺ സൈൻ ബോർഡുകൾ, മീഡിയൻ മാർക്കറുകൾ മുതലായ സുരക്ഷാ ഉപാധികൾ സ്ഥാപിക്കൽ.

(ബി) സ്കൂൾ മേഖല നവീകരണത്തിനും ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുമായി കേരള റോഡ് സേഫ്റ്റി അതോറിറ്റി വക ഫണ്ട് ആണ് ഉപയോഗിക്കുന്നത്. നാല്പത് സ്കൂൾ മേഖലകൾ നവീകരിക്കുന്നതിനും ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുമായി കേരള റോഡ് സേഫ്റ്റി അതോറിറ്റി നിലവിൽ വകയിരുത്തിയിട്ടുള്ള മൂന്നു കോടി രൂപ ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി ഫണ്ടിൽ നിന്നും ക്രാഷ് ബാരിയർ സ്ഥാപിച്ചുവരുന്നു.

(സി) 3-9-2016-ലെ കേരള സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ) 63/16/പൊ.മ.വ. തീയതിപ്രകാരം റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റി ആയി നിയമിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകൾ മറ്റാവശ്യങ്ങൾക്കായി വെട്ടിമുറിക്കുകയും റോഡുകളും നടപ്പാതകളും കയ്യേറുകയും അവയ്ക്ക് നാശനഷ്ടം വരുത്തുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകുന്നതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകുന്നതുമാണ്, ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ

12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കുന്നതുമാണ്. യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരും നടപടിക്ക് വിധേയമാകുന്നതാണ്.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രി**

44 (4795) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പണി പൂർത്തീകരിച്ചിരിക്കുന്ന മൂന്നുനിലകളുള്ള മെറ്റേണിറ്റി ബ്ലോക്കിന്റെ വയറിംഗ് ജോലി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്കിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ കോമ്പോസിറ്റ് ടെണ്ടർ ആയതിനാൽ സിവിൽ വർക്കെടുത്തിട്ടുള്ള കരാറുകാരൻ തന്നെയാണ് ഇലക്ട്രിക്കൽ വർക്കും ചെയ്യേണ്ടത്. സിവിൽ വർക്ക് 85% പൂർത്തീകരിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കി പണി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ കുടിശ്ശിക**

45(4796) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ തുടങ്ങിയതും നാളിതുവരെ പണി പൂർത്തിയാക്കാത്തതുമായ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കും, പൂർത്തീകരിച്ചവയ്ക്കും നൽകാനുള്ള കുടിശ്ശിക തുക എത്ര; ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് റോഡുകളിൽ പെട്ടെന്നുണ്ടാകുന്ന റോഡുകൾ തുടങ്ങിയവയുടെ പണികൾക്കായും സാധാരണ പണികൾ തീർക്കാനായും മരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ കുടുംബശ്രീ പുരുഷാംഗങ്ങളെ നിയോഗിക്കാനാവുമെന്നത് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാർ തുടങ്ങിയതും നാളിതുവരെ പണി പൂർത്തിയാക്കാത്തതുമായ റോഡുകൾ, പാലങ്ങൾ എന്നിവയും പൂർത്തീകരിച്ചവയും നൽകാനുള്ള കുടിശ്ശിക തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

നിരത്തു വിഭാഗം

പൂർത്തിയാക്കാത്തത്:

| | | |
|---|---|---|
| റോഡുകൾ | - | 655.83 കോടി രൂപ |
| പാലങ്ങൾ | - | 156.16 കോടി രൂപ |

പൂർത്തീകരിച്ചവ:

| | | |
|---|---|---|
| റോഡുകൾ | - | 846.06 കോടി രൂപ |
| പാലങ്ങൾ | - | 78.26 കോടി രൂപ |

ദേശീയപാത വിഭാഗം:

| | | |
|---|---|---|
| 1. | തിരുവനന്തപുരം-കാഞ്ഞിരംകുളം-പൂവ്വാർ റോഡ് | - 7,87,46,591 രൂപ |
| | ഉദിയൻകുളങ്ങര – പ്ലാമുട്ടുക്കട റോഡ് | - 6,64,75,642 രൂപ |
| 2. | കൊല്ലം ഇരുമ്പ് പാലത്തിന് സമാന്തരമായി | |
| | പുതിയ പാലം (ഇൻവെസ്റ്റിഗേഷൻ) | - 1,12,360 രൂപ |
| | കൊല്ലം ബൈപ്പാസ് (സൂപ്പർവിഷൻ) | - 65,35,320 രൂപ |
| 3. | മൂവാറ്റുപുഴ-സി.ആർ.എഫ്. | - 7,57,70,104 രൂപ |
| | ഒ.ആർ.എഫ്.ഡി.ആർ. | - 62,97,728 രൂപ |
| 4. | മലപ്പുറം | - 31,70,651 രൂപ |
| 5. | കണ്ണൂർ-ചൊവ്വ-അഞ്ചരക്കണ്ടി-മട്ടന്നൂർ | - 6,44,68,172 രൂപ |
| 6. | കോഴിക്കോട് | - 38,61,84,699 രൂപ |

(ബി) പെട്ടെന്നുണ്ടാകുന്ന പണികൾക്കായും സാധാരണ പണികൾ തീർക്കാനായും മരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ടെണ്ടർ വിളിച്ച് കരാറുകാരെ ഏർപ്പെടുത്തുന്ന രീതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. കൂടാതെ

റോഡ് മെയിന്റനൻസിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. മരാമത്ത് റോഡുപണിക്ക് പ്രത്യേക വൈദഗ്ദ്ധ്യവും പരിചയവും ആവശ്യമാകയാൽ കുടുംബശ്രീ അംഗങ്ങളെക്കൊണ്ട് പണി ചെയ്യിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി മെയിന്റനൻസ് വിഭാഗം**

46 (4797) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി മെയിന്റനൻസ് വിഭാഗത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ചുമതലകളാണ് ഈ വിഭാഗത്തിനു കീഴിൽ കൊണ്ടുവരാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വിഭാഗം രൂപീകരിച്ചു കഴിഞ്ഞാൽ എന്തെല്ലാം മാറ്റങ്ങൾ വകുപ്പിന് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) നിലവിലുള്ള സംവിധാനത്തിലെ എന്തെല്ലാം അപാകതകളാണ് ഇത്തരമൊരു പുതിയ വിഭാഗം രൂപീകരിക്കുന്നതിനെക്കുറിച്ച് പരിഗണിക്കാൻ കാരണമായതെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി റോഡ് മെയിന്റനൻസ് നയത്തിന് തത്വത്തിൽ അംഗീകാരം നൽകി 22-10-2016-ലെ ജി.ഒ(എം.എസ്)72/2016/പൊ.മ.വ. തീയതി പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഈ നയരേഖയുടെ പ്രധാന ഉദ്ദേശ്യം പുതിയ സാങ്കേതിക വിദ്യകളും രീതികളും ഉപയോഗിച്ച് റോഡ് പരിപാലനം കാര്യക്ഷമമാക്കി നടപ്പാക്കുക എന്നതാണ്. ഇതിനാവശ്യമായ ചട്ടക്കൂടുകളും നടപടിക്രമങ്ങളും നടപ്പാക്കുന്നതിന് സംസ്ഥാന പൊതുമരാമത്തു വകുപ്പിൽ ഒരു പ്രത്യേക വിഭാഗം ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിക്കുന്നതാണ്. റോഡുകളുടെ വിശദമായ വാർഷിക പരിപാലന പ്രോഗ്രാം ഓരോ വർഷവും മുൻകൂട്ടി തയ്യാറാക്കുന്നതും അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതും ഈ ചീഫ് എഞ്ചിനീയറുടെ ചുമതലയായിരിക്കും. മേൽ പ്രസ്താവിച്ച പരിപാലന പ്രോഗ്രാമിൽ

(1) റോഡുകളുടെ പ്രാധാന്യവും തരംതിരിക്കലും മറ്റും കണക്കിലെടുത്ത് ഏതുതരം പരിപാലനമാണ് ചെയ്യേണ്ടതെന്ന് വിലയിരുത്തൽ

(2) നിലവിലുള്ള ഏറ്റവും നല്ല റോഡു പരിപാലന രീതികളുടെ നടപടിക്രമങ്ങളും വാർഷിക പരിപാലനത്തിനും കാലാകാലങ്ങളിൽ ആവശ്യമായ ഉപരിതലം പുതുക്കലും സ്പെഷ്യൽ റിപ്പയറുകൾക്കും അടിയന്തര റിപ്പയറുകൾക്കും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കി നടപ്പാക്കുന്നതും ഈ വിഭാഗത്തിന്റെ ചുമതലയിൽപ്പെടും. സംസ്ഥാന പാതയ്ക്കും മേജർ ജില്ലാ റോഡുകൾക്കും ആവശ്യമായ പരിപാലന സമയക്രമങ്ങൾ ഈ നയരൂപരേഖയിൽപ്പെടുത്തിയിട്ടുണ്ട്. ഈ നയരേഖയിൽ നിലവിലുള്ള റോഡു പരിപാലന രീതികൾ കൂടാതെ പുതിയ രീതികളും പെർഫോമൻസ് മെയിന്റനൻസ്, പൊതുസ്വകാര്യ പങ്കാളിത്തം തുടങ്ങിയവ ഉൾപ്പെടുത്തുന്നതാണ്. റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് വേസ്റ്റും സ്വാഭാവിക റബ്ബറും ചേർന്ന ബിറ്റുമിൻ മിശ്രിതം, കയർ ജിയോടെക്സ്റ്റയിൽസും വിപുലമായി ഉപയോഗിക്കുന്നതാണ്. റോഡിന്റെ അവസ്ഥ, വാഹന സാന്ദ്രത, ഗുണനിലവാരം എന്നിവയുടെ തുടർച്ചയായ വിശകലനത്തിനുവേണ്ടി കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തും. കൂടാതെ ഈ വിഭാഗത്തിലുള്ള എഞ്ചിനീയർമാരുടെയും മറ്റു ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിന് പരിശീലന പരിപാടികൾ നടപ്പാക്കും. ഈ നയരൂപരേഖയുടെ സവിശേഷതകൾ താഴെ പറയുന്നവയാണ്:

1. റോഡുകളുടെ ഗുണനിലവാരം ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന റഫ്നസ് ഇൻഡക്സ്, പേവ്മെന്റ് കണ്ടീഷൻ ഇൻഡക്സ് എന്നിവ പ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതാണ്.
2. റോഡുകളുടെ പ്രാധാന്യവും വാഹനസാന്ദ്രതയും റോഡ് വിഭാഗവും കണക്കാക്കിയുള്ള വിവിധ പരിപാലന രീതികൾ പിന്തുടരുന്നതാണ്.
3. എല്ലാ പ്രവൃത്തികളുടെ കരാറുകളിലും കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ നിർബന്ധമാക്കുന്നതാണ്.
4. റോഡ് പരിപാലന പ്രവൃത്തികൾ ചെയ്യുന്നതിന് ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിക്കുമെന്ന് ഉറപ്പുവരുത്തുന്നതാണ്.
5. റോഡപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ റോഡു സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തുന്നതാണ്.
6. ന്യൂഡൽഹിയിലുള്ള കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ

(CRRI) സാങ്കേതിക സഹായലഭ്യതയ്ക്കായി നോഡൽ ഏജൻസിയാക്കുന്നതാണ്.

7. റോഡ് സുരക്ഷാ ആഡിറ്റും ഗുണനിലവാര പരിശോധനയും നിർബന്ധമാക്കുന്നതാണ്.

8. റോഡുകളുടെ പരിപാലനത്തിനായി പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റു സംഘടനകളുടെയും സേവനം പൊതുമരാമത്ത് വകുപ്പ് ഉറപ്പാക്കുന്നതാണ്.

9. റോഡ് ഉപയോക്താക്കളുടെയും പൊതുജനങ്ങളുടെയും പരാതി പരിഹാരത്തിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും മൾട്ടിമീഡിയ കാൾ സെന്റർ സംവിധാനം പൊതുമരാമത്ത് വകുപ്പിൽ നിലവിൽ വരുത്തുന്നതാണ്. റോഡ് മെയിന്റനൻസ് വിഭാഗം പ്രവർത്തന സജ്ജമായിക്കഴിഞ്ഞാൽ റോഡുകളിലെ അറ്റകുറ്റപ്പണികളും ഡ്രെയിനേജ് സംവിധാനങ്ങളും റോഡ് സുരക്ഷാ സംവിധാനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്. നിശ്ചിത കാലാവധി നിശ്ചയിച്ച് റോഡുകളുടെ പരിപാലനത്തിന് സമഗ്ര സംവിധാനം നടപ്പിലാക്കുന്നതായിരിക്കും.

(സി) ഇപ്പോൾ നടക്കുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ല. മാത്രമല്ല പലപ്പോഴും ചെയ്ത പ്രവൃത്തികളുടെ നിലനിൽപ്പ് കുറച്ചു കാലത്തേയ്ക്ക് മാത്രമേ ഉണ്ടാകുകയുള്ളൂ. ഈ പ്രവൃത്തികളുടെ ഗ്യാരണ്ടി സമയം വളരെ കുറവാണ്. എന്നാൽ ദീർഘകാല പരിപാലനം സഹിതം നിശ്ചിത സൗകര്യങ്ങളോടെ അറ്റകുറ്റപ്പണി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതു മുഖേന ഇപ്പോഴുള്ള അവസ്ഥ ഒഴിവായിക്കിട്ടുന്നതാണ്.

**മണ്ഡലകാലത്ത് ശബരിമലയിലേയ്ക്ക് റോഡ് സൗകര്യങ്ങൾ**

47(4798) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ.പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വരുന്ന മണ്ഡല കാലത്ത് ശബരിമലയിലേക്കുള്ള റോഡ് സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്താനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സ.ഉ.(കൈ)നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടുവരുന്ന ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള പ്രധാന റോഡുകളടക്കം 26 റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റോഡുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിനുമായി 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഗുണനിലവാരം മുൻനിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനു മുമ്പുതന്നെ ശബരിമല റോഡുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ച് തീർത്ഥാടകർക്ക് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

**പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ എടുക്കുന്നകോൺട്രാക്ടർമാർ**

48(4799) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ എടുക്കുന്ന കോൺട്രാക്ടർമാർ പ്രവൃത്തി യഥാസമയം സമയബന്ധിതമായി പൂർത്തിയാക്കാതെ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വീഴ്ച വരുത്തുന്ന കോൺട്രാക്ടർമാർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ എടുക്കുന്ന ചില കോൺട്രാക്ടർമാർ പ്രവൃത്തി യഥാസമയം സമയബന്ധിതമായി പൂർത്തിയാക്കാതെ വീഴ്ച വരുത്താറുണ്ട്. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ കരാറുകാരുടെ അഭ്യർത്ഥനപ്രകാരം പ്രവൃത്തിയുടെ കാലാവധി നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം പിഴ ഈടാക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽപ്പെടുത്തി കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കുറ്റക്കാർക്കെതിരെ നിയമപരമായി വിട്ടുവീഴ്ചയില്ലാതെ നടപടിയെടുക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. നിശ്ചിത കാലയളവിനുമുമ്പ് കരാറുകാരന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾമൂലം തകരാറുകൾ സംഭവിക്കുകയാണെങ്കിൽ കരാറുകാരന്റെ ചെലവിൽ അത് പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാറുണ്ട്. അനർഹമായ ലാഭമുണ്ടാക്കുക എന്ന ഉദ്ദേശത്തോടെ പ്രവൃത്തികളിൽ ഗുരുതരമായ ഗുണനിലവാരത്തകർച്ച വരുത്തുന്ന പക്ഷം പ്രസ്തുതകരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും കൂടാതെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

**കുറ്റിപ്പുറം, കോട്ടക്കൽ റസ്റ്റ്ഹൗസുകൾക്ക് പുതിയ കെട്ടിടങ്ങൾ**

49 (4800) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ അരികിൽ സ്ഥിതി ചെയ്യുന്നതും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അതിഥികൾ താമസിക്കുന്നതുമായ കുറ്റിപ്പുറം, കോട്ടക്കൽ റസ്റ്റ്ഹൗസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ എന്തെങ്കിലും പ്രൊപ്പോസലുകൾ വകുപ്പിലുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റസ്റ്റ്ഹൗസുകൾക്ക് സ്വന്തമായി എത്ര സെന്റ് സ്ഥലം ഉണ്ട്; ഇവിടെ ആധുനിക സൗകര്യങ്ങളുള്ള പുതിയ കെട്ടിടങ്ങളും, കോൺഫറൻസ് ഹാളും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ഇനത്തിൽ സർക്കാർ എന്തെങ്കിലും തുക മാറ്റിവെച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി)

<u>കുറ്റിപ്പുറം റസ്റ്റ്ഹൗസ് :</u>

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2016-17-ലെ ബഡ്ജറ്റിൽ 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി റസ്റ്റ്ഹൗസിന് 89 സെന്റ് സ്ഥലം സ്വന്തമായി ഉണ്ട്. പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം അപര്യാപ്തമായതിനാൽ നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റിയതിനുശേഷം മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയുകയുള്ളൂ.

<u>കോട്ടക്കൽ റസ്റ്റ്ഹൗസ് :</u>

കോട്ടക്കൽ റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ടി റസ്റ്റ്ഹൗസിന് 103 സെന്റ് സ്ഥലം സ്വന്തമായി ഉണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കരയിൽ റോഡിന് വീതികൂട്ടൽ**

50 (4801) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ കായംകുളം പന്തളം റോഡിൽ കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയുള്ള ഭാഗവും, ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ്സ്സ്റ്റാന്റ് വരെയുള്ള ഭാഗവും റോഡിന് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയും ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ് സ്റ്റാന്റ് വരെയും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കൈയ്യേറ്റം ചെയ്തത് ഒഴിപ്പിക്കുന്നതിനും റോഡ് വക സ്ഥലം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ കായംകുളം പന്തളം റോഡിൽ കണ്ടിയൂർ പാലംമുതൽ കിഴക്കോട്ട് പുതിയകാവ് പാലംവരെയുള്ള ഭാഗവും ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ് സ്റ്റാന്റ് വരെയുള്ള ഭാഗവും റോഡിന്റെ വീതി പരിമിതമായതിനാൽ വീതികൂട്ടുന്നതിന് ആവശ്യമായി വരുന്ന സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടിവരും.

(ബി) കണ്ടിയൂർ പാലം മുതൽ കിഴക്കോട്ട് പുതിയകാവ് പാലം വരെയും ബുദ്ധ ജംഗ്ഷൻ മുതൽ വടക്കോട്ട് പ്രൈവറ്റ് ബസ്സ്റ്റാന്റ് വരെയും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള സർവ്വേ നടപടികൾ നടത്തേണ്ട സ്ഥലത്തിന്റെ വിസ്തൃതി കൂടുതലായതിനാൽ ഒരു സർവ്വേ ടീമിനെ നിയമിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനായി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രസ്തുത കയ്യേയേറ്റം അളന്ന് തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ പൊതുമരാമത്ത് റോഡ് പുറമ്പോക്ക് ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സ്ഥലം സംരക്ഷിക്കുന്നതിനും സാധിക്കുകയുള്ളൂ.

## കടുത്തുരുത്തി ഫയർസ്റ്റേഷൻ നിർമ്മാണം

51 (4802) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന് 14-7-2009-ൽ പുറത്തിറക്കിയ സ.ഉ(സാ.ധാ) നമ്പർ 1047/2009/പി.ഡബ്ല്യു.ഡി.-യുടെ പുതുക്കിയ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത എ.എസ്. പ്രകാരം സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ ഇപ്പോൾ നിലവിലുള്ള ഭരണാനുമതി കാലഹരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുതുക്കി ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ; ഫയൽ നമ്പർ ലഭ്യമാക്കുമോ?

### ഉത്തരം

(എ) പുതുക്കിയ ഉത്തരവ് പുറത്തിറക്കിയിട്ടില്ല.

(ബി) ഭരണാനുമതി കാലഹരണപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തിയായ

തിനുശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പിൽ ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ നിലവിലില്ല.

**പൊതുമരാമത്ത് വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

52(4803) <u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥന്മാർ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്നും ഇവരെ പരാതി ഉണ്ടായ സീറ്റിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) ഇവർക്കെതിരെയുള്ള കേസ്സുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടോ എന്നറിയാമോ; ഉണ്ടെങ്കിൽ എപ്പോൾ, എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സൂപ്രണ്ടിംഗ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടന്നു വരുന്നത്. ഇവരെ സ്ഥലം മാറ്റിയിട്ടില്ല.

(ബി) കേസുകൾ പിൻവലിച്ചിട്ടില്ല.

**കടലുണ്ടിയിൽ മേൽപ്പാല നിർമ്മാണം**

53 (4804) <u>ശ്രീ. വി. കെ. സി. മമ്മത് കോയ :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബേപ്പൂർ നിയോജക മണ്ഡലത്തിലെ കടലുണ്ടിയിൽ നിലവിലുള്ള റയിൽവേ ഗേറ്റ് അടയ്ക്കുന്നതുമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ മേൽപ്പാലം പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ഇപ്പോൾ പരിഗണനയിലില്ല.

**ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ്**

54 (4805) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡിന് സി.ആർ.എഫ്. -ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചോയെന്നറിയിക്കാമോ;

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തോ; ചെയ്തിട്ടുണ്ടെങ്കിൽ വർക്ക് അവാർഡ് ചെയ്തോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(സി) പ്രവൃത്തി റീ-ടെണ്ടർ ചെയ്തോ; ഇല്ലെങ്കിൽ കാരണം എന്താണ്;വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 2015-2016 സാമ്പത്തിക വർഷം അനുമതി ലഭിച്ചിട്ടുണ്ട്.

(ബി & സി) ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ലാഭ-നഷ്ട കണക്കുകളുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ ടെണ്ടർ അംഗീകാരത്തിനായി സമർപ്പിക്കുവാൻ താമസം നേരിട്ടു. കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്.

**ജീവനക്കാർക്ക് ക്വാർട്ടേഴ്സ്**

55 (4806) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും, ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് മുൻഗണന ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 ചട്ടങ്ങൾ പ്രകാരമാണ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്. സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം ജീവനക്കാരുടെ വിശദാംശം പ്രസ്തുത ചട്ടങ്ങളിലെ റൂൾ 9(i)-9(vii), 10 വരെയും 7-9-2016-ലെ 'Amendment to the Rules for the Allotment & Occupation of Government Servant's Quarters in Kerala, 2006' -ലെ റൂൾ 3(1), (2) എന്നീ റൂളുകളിൽ പ്രതിപാദിച്ചിരിക്കുന്നു. ആയത് അനുബന്ധം 'ബി'-യും 'സി'-യും ആയി ചേർത്തിരിക്കുന്നു.*

## ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്

56 (4807) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ഫണ്ട് വഴി എന്തെല്ലാംതരം മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുത്തു നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിന് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കിഫ്ബി വഴി എത്ര കോടി രൂപയാണ് ഈ പ്രവൃത്തികൾക്ക് വേണ്ടി സമാഹരിക്കുന്നതെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ – സി) ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി റോഡുകൾ, പാലങ്ങൾ, ഫ്ലൈഓവറുകൾ/അണ്ടർപാസുകൾ, ബൈപ്പാസുകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ മുതലായ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇവയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നതേയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷമേ കൃത്യമായി എത്ര തുക വകയിരുത്തേണ്ടിവരുമെന്ന് വ്യക്തമാകൂ.

## സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

57 (4808) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കാലവിളംബം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സമ്പ്രദായം നടപ്പിലായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയിൽ തകരാറുകൾ ഉണ്ടാകുമ്പോൾ ഇന്റർനെറ്റ് അധിഷ്ഠിതമായ സേവനങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടാറുണ്ട്. ബി.എസ്.എൻ.എൽ., KSWAN എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് പരിഹാരനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ്‌രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ്‌വർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സുകളിൽനിന്നും നേരിട്ടുള്ള കണക്ടിവിറ്റി നൽകിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട സംവിധാനം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 314 സബ്‌രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റിക്കൊണ്ട് സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ ഒരു പുതിയ ചുവടുവയ്പ്പ് കാഴ്ചവയ്ക്കുവാൻ രജിസ്ട്രേഷൻ വകുപ്പ് ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തനരീതിക്ക് പകരം സംസ്ഥാനത്തെ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖല വഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനരീതിയാണ് അവലംബിച്ചിട്ടുള്ളത്. പദ്ധതിയുടെ അഭിവാജ്യഘടകമായ കണക്ടിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ-ൽനിന്നും ലഭ്യമാക്കിക്കൊണ്ട് Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

**കുടിക്കട സർട്ടിഫിക്കറ്റ്**

58(*T4809) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിക്കട സർട്ടിഫിക്കറ്റ് ഒറ്റ ദിവസം കൊണ്ട് നൽകുക എന്ന പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവൽക്കരിക്കും എന്ന ഈ വർഷത്തെ നയപ്രഖ്യാപനത്തിലെ പ്രസ്താവനപ്രകാരം നാളിതുവരെ ഇതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുടിക്കട സർട്ടിഫിക്കറ്റ് ഒറ്റദിവസം കൊണ്ട് നൽകുക എന്ന പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 313 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ്‌വർക്ക് സംവിധാനവും ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനായി സോഫ്റ്റ്‌വെയർ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതോടൊപ്പം വകുപ്പിലെ ജീവനക്കാർക്കാവശ്യമായ പരിശീലനവും നൽകിവരുന്നു. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാര വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് കക്ഷിയുടെ തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കുന്നതിനും സൗകര്യമുണ്ട്. സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിന് വകുപ്പിലെ യോഗ്യരായ ജീവനക്കാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾക്ക് ഫീസടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനവും നിലവിലുണ്ട്.

## പഴയ റെയിൽപ്പാളങ്ങളും കോച്ചുകളും മാറ്റുന്നതിന് നടപടി

59 (4810) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റെയിൽ പാളങ്ങളിൽ ഇടക്കിടെ ഉണ്ടാകുന്ന വിള്ളലുകൾ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കണക്കിലെടുത്ത് പഴയ റെയിൽപ്പാളങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും ട്രെയിനുകളിലെ പഴയ കോച്ചുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന്, സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കേരളത്തിലെ ട്രയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറുവത്തൂർ, കറുകുറ്റി, കരുനാഗപ്പള്ളി എന്നീ റെയിൽ അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ റെയിൽവേ ട്രാക്കുകളുടേയും കോച്ചുകളുടേയും സുരക്ഷിതത്വം ഇല്ലായ്മയുടേയും സ്ഥിതി സംബന്ധിച്ച് വകുപ്പുമന്ത്രി 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ലും റെയിൽവേ മന്ത്രിക്ക് കത്തുകളയച്ചിട്ടുണ്ട്. കറുകുറ്റിയിലും കരുനാഗപ്പള്ളിയിലും ട്രയിനുകൾ പാളംതെറ്റിയ സംഭവങ്ങളിൽ നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽവേ എഞ്ചിനീയർമാരുടെ സംഘടന തിരുവനന്തപുരം ഡിവിഷനിൽ 202 പോയിന്റുകളിൽ കണ്ടെത്തിയ ഗുരുതരമായ വിള്ളലുകൾ അടിയന്തരമായി പരിഹരിക്കുന്നതിനും കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാതഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഹൈടെക്ക് കോച്ചുകൾ കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഏർപ്പെടുത്തുന്നതിനുംവേണ്ടി പ്രസ്തുത വിവരം ചൂണ്ടിക്കാട്ടി വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിൽ കത്തയച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകൾ മാറ്റുന്നതിനും റെയിൽവേ ലൈനുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പുതിയ തലമുറയിൽപ്പെട്ട എൽ.എച്ച്.ബി. കോച്ചുകൾ (Linke Hofmann Busch coaches) അനുവദിക്കുന്നതിനും നിർമ്മാണ ഫാക്ടറികളിൽ നിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇതുകൂടാതെ വൃത്തിഹീനമായ കോച്ചുകൾ വൃത്തിയാക്കുക, യാത്രക്കാർക്ക് അടിസ്ഥാന ആവശ്യങ്ങൾ വർദ്ധിപ്പിക്കുക, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ ഗേജ്മാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സർവ്വേ പൂർത്തിയാക്കിയ റെയിൽപാതകളുടെ പണി ആരംഭിക്കുക, ഗ്രാമ പ്രദേശങ്ങളിലെ സ്റ്റേഷനുകൾ ഉൾപ്പെടെ വിവിധ റെയിൽവേ

സ്റ്റേഷനുകളുടെ നവീകരണം, പെനിൻസുലാർ റെയിൽവേ സോൺ, ചാർജ്ജ് വർദ്ധന പിൻവലിക്കുക, യാത്രക്കാരുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പുന:പരിശോധന നടത്തുന്നതിനും നിലവിലെ സ്ഥിതിയിൽ പുരോഗതി ഉണ്ടാവുന്നതിനുവേണ്ടിയും യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിനുവേണ്ടിയും സർക്കാർ ഈ വിഷയം അടിയന്തര പ്രാധാന്യം നൽകി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**റെയിൽവേ വികസനം**

60(4811) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി ഇന്ത്യൻ റെയിൽവേയുമായി സഹകരിക്കുന്നതിനും ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുമായി എം. ഒ. യു. ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരുമായി സംയുക്ത കരാർ ഒപ്പു വച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപ്രകാരം ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ, ഓഹരിപങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് 23-12-2015-ലെ സ.ഉ.(എം.എസ്)നമ്പർ 80/2015/ഗതാ, 13-1-2016-ലെ സ.ഉ.(എം.എസ്)നമ്പർ 2/2016/ ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ 27-1-2016-ൽ ഒപ്പുവച്ചു. സ.ഉ.(എം എസ്) നമ്പർ 52/2016/ഗതാ. തീയതി 5-8-2016, സ.ഉ.(എം എസ്) നമ്പർ 57/2016/ ഗതാ. തീയതി 1-9-2016 എന്നീ ഉത്തരവുകൾ പ്രകാരം

റെയിൽവേ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള സംയുക്ത സംരംഭ കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽമന്ത്രാലയവുമായി 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽവച്ച് ഒപ്പുവച്ചു.

(ബി) പ്രസ്തുത കരാർപ്രകാരം കേരള സർക്കാർ സംയുക്ത സംരംഭ കമ്പനി വഴി ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക താഴെപ്പറയും പ്രകാരമാണ്;

1. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ പദ്ധതി
2. അങ്കമാലി-ശബരി റെയിൽവേ ലൈൻ
3. നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈൻ
4. ഗുരുവായൂർ-തിരുനാവായ ലൈൻ
5. കൊച്ചി-മധുര ലൈൻ
6. CIAL-ലേയ്ക്കുള്ള റെയിൽ കണ്ടെയ്നർ ട്രാക്ക്
7. പാലക്കാട് കോച്ച് ഫാക്ടറി
8. തലശ്ശേരി-മൈസൂർ ലൈൻ.

(സി) കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കളക്ടർമാർ യഥാസമയങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും വേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കാലപ്പഴക്കംചെന്ന റെയിൽവേ കോച്ചുകൾ**

61 (4812) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കം ചെന്ന റയിൽവേ കോച്ചുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ പുതിയ കോച്ചുകൾ അനുവദിക്കുന്നകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

<u>ഉത്തരം</u>

കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാതഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഹൈടെക്ക് കോച്ചുകൾ കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഏർപ്പെടുത്തുന്നതിനുംവേണ്ടി പ്രസ്തുത വിവരം ചൂണ്ടിക്കാട്ടി വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിൽ കത്തുകളയച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകൾ മാറ്റുന്നതിനും റെയിൽവേ ലൈനുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പുതിയ തലമുറയിൽപ്പെട്ട എൽ.എച്ച്.ബി. കോച്ചുകൾ (Linke Hofmann Busch coaches) അനുവദിക്കുന്നതിനും നിർമ്മാണ ഫാക്ടറികളിൽനിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകളയച്ചിട്ടുണ്ട്.

**കോട്ടിക്കുളം റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം**

62(4813) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിന് റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) 2006-07 -ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജിന് ഇതുവരെ ഡി.പി.ആർ. തയ്യാറാക്കി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജിന് സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുത്ത് റെയിൽവേക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഈ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിശദമായ പദ്ധതിരേഖ 2014 മാർച്ചിൽ കൺസൾട്ടന്റായ കിറ്റ്കോ മുഖേന ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം പദ്ധതിക്ക് 18.93 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(സി) പദ്ധതിക്കായി റെയിൽവേ ഭൂരിഭാഗം സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്. ഇനി മേൽപ്പാലം അവസാനിക്കുന്ന ഭാഗത്ത് ഇരുവശത്തും ബെൽമൗത്തിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(ഡി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) 27-9-2016-ലെ സ.ഉ. (സാധാ) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം ഈ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആർ.ബി.ഡി.സി.കെ.-യെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

**ഇ-ടെക്സ്റ്റ്**

63 (4814) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഴുവൻ വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി സ്കൂൾ പാഠപുസ്തകം ഇ-ടെക്സ്റ്റാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഉണ്ട്. പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്ന സംവിധാനം 2008 മുതൽ ലഭ്യമാക്കിവരുന്നുണ്ട്. പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ കോപ്പികൾ എസ്.സി.ഇ.ആർ.റ്റി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. നിലവിലുള്ള പാഠപുസ്തകങ്ങൾ സൈറ്റിൽ ലഭ്യമാണ്. ടീച്ചർ ടെക്സ്റ്റുകളുടെ ചില ഭാഗങ്ങളും മാതൃകാ ചോദ്യപേപ്പറുകളും ഈ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇ-ടെക്സ്റ്റ് തയ്യാറാക്കുന്നതിന് ഫലപ്രദമായ രൂപത്തിലുള്ള ഐ.സി.റ്റി. ഉള്ളടക്ക വിന്യാസമാണ് നടപ്പാക്കുന്നത്.

**ഇ-ടെക്സ്റ്റ് സമ്പ്രദായം**

64(4815) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾക്ക് ഇ-ടെക്സ്റ്റ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. ഇപ്പോൾത്തന്നെ ഇവ ലഭ്യമാണ്. പാഠപുസ്തകങ്ങളുടെ ഇലക്ട്രോണിക് പതിപ്പുകൾ തയ്യാറാക്കുന്നതിനും പഠന പ്രവർത്തനങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനും ഐടി@സ്കൂളിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**അൺ-എയ്ഡഡ് സ്കൂൾ മേഖലയിൽ ഏകീകൃത സേവന വേതനനിയമം**

65 (*T4816) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അൺ എയ്ഡഡ് സ്കൂൾ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർക്കും ഇതരജീവനക്കാർക്കും, ജോലിസുരക്ഷ ഉറപ്പാക്കുന്നതിനും ഒരു ഏകീകൃത സേവന വേതന നിയമം ഉണ്ടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കുള്ള നടപടി സ്വീകരിച്ച് വരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന-വേതന വ്യവസ്ഥകൾ

66(4817) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥകൾ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടേതിനും അദ്ധ്യാപകരുടേതിനും തുല്യമാക്കിക്കൊണ്ട് എന്തെങ്കിലും നിയമനിർമ്മാണം നടത്തുകയോ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച കോടതി വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഇതുവരെയുള്ള ഉത്തരവുകളും രേഖകളും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട കോടതിവിധിയുടെയും ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലബ്ബ കമ്മീഷൻ ശിപാർശ

67(4818) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ., അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളിൽ അഞ്ചുവർഷം സർവ്വീസ് പൂർത്തീയാക്കിയ ജൂനിയർ അദ്ധ്യാപകരെ സീനിയർ ആയി പ്രമോട്ട് ചെയ്യണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ലബ്ബ കമ്മീഷൻ ശിപാർശ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ലബ്ബ കമ്മീഷന്റെ പ്രസ്തുത ശിപാർശ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) ഹയർസെക്കണ്ടറി വിഭാഗത്തിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ), വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെ Non Vocational/GFC ടീച്ചർ തസ്തികയിൽ അഞ്ചുവർഷം പൂർത്തിയാക്കുന്നവർക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി പരിഗണിക്കുന്നതിനായി മാത്രം ഏതെങ്കിലും സാമ്പത്തിക ആനുകൂല്യത്തിനോ ശമ്പള പുനർനിർണ്ണയത്തിനോ അർഹതയുണ്ടായിരിക്കില്ലെന്ന വ്യവസ്ഥയിൽ "സീനിയർ തസ്തികയുടെ സ്റ്റാറ്റസ്" നൽകുന്നതിനുള്ള നിർദ്ദേശമാണ് സർക്കാരിന്റെ പരിശോധനയിലുള്ളത്.

(ബി) ഹയർ സെക്കണ്ടറി ടീച്ചർ (ജൂനിയർ), ഹയർ സെക്കണ്ടറി ടീച്ചർ (സീനിയർ) എന്നിവരുടെ യോഗ്യത പരിശോധിച്ചപ്പോൾ രണ്ട് തലത്തിലുള്ള അദ്ധ്യാപകർക്കും തുല്യയോഗ്യതയാണെന്ന് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇപ്പോൾ സമയബന്ധിത ഹയർ ഗ്രേഡ് മാത്രമേ എച്ച്.എസ്.എസ്.റ്റി. ജൂനിയറിന് ലഭിക്കുന്നുള്ളൂ. ആയതിനാൽ അവരുടെ യോഗ്യതയും പ്രൊഫഷനിലുള്ള വികസനവും കണക്കിലെടുത്ത് ഹയർ സെക്കണ്ടറി ടീച്ചർ (ജൂനിയർ) ആയി 5 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവരെ ഹയർ സെക്കണ്ടറി ടീച്ചറായി പ്രൊമോട്ട് ചെയ്യാവുന്നതാണ് എന്നതായിരുന്നു ശിപാർശ.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## പീസ് ഇന്റർനാഷണൽ സ്കൂളുകൾ

68(4819) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എത്ര പീസ് ഇന്റർനാഷണൽ സ്കൂളുകൾ ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് എവിടെയൊക്കെ എന്ന് വിശദമാക്കുമോ; ഇതിന്റെ നടത്തിപ്പുകാർ ആരൊക്കെയെന്ന് പേരുസഹിതം വിശദമാക്കാമോ;

(ബി) മത വിദ്വേഷവും, വർഗീയതയും പ്രചരിപ്പിക്കുന്നതാണ് പ്രസ്തുത സ്കൂളുകളിലെ സിലബസ് എന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) 13-10-2016-ലെ മലയാള മനോരമ പത്രത്തിൽ 5-ാം പേജിലും, 10-10-2016-ലെ മംഗളംപത്രത്തിന്റെ 1-ാം പേജിലും ഇത് സംബന്ധിച്ച് പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വിവരിക്കാമോ;

(ഡി) അടിയന്തരമായി പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തി നടപടികൾ സ്വീകരിയ്ക്കുമോ;

(ഇ) ജമ്മു കാശ്മീരിൽ നിന്ന് ഈ സ്കൂളുകൾക്ക് വന്ന സാമ്പത്തിക സ്രോതസ്സിനെ ചുറ്റിപ്പറ്റിയുള്ള അന്വേഷണമാണ് തീവ്രവാദ ബന്ധം പുറത്തുകൊണ്ടു വന്നതെന്നുള്ള എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മമ്പാട്, വേങ്ങര, തൃക്കരിപ്പൂർ, മഞ്ചേശ്വരം, കാസർഗോഡ്, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ സ്കൂൾ തുടങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മഞ്ചേശ്വരം ഒഴികെയുള്ള അപേക്ഷ നിരസിച്ചിരുന്നു. പീസ് ഫൗണ്ടേഷന്റെ പേരിലാണ് സ്ഥാപനം.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) വിശദമായ അന്വേഷണശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തതയുണ്ടാകുകയുള്ളൂ.

**പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം**

69(4820) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നല്ലരീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പി.ടി.എ. നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രീ പ്രൈമറി ക്ലാസ്സുകൾക്ക് 2012 നു ശേഷം സർക്കാർ അംഗീകാരം കൊടുക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു വിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ഇത്തരം പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 146/13 തീയതി 25-4-2013 പ്രകാരം 7-12-2012-നുശേഷം പ്രീ-പ്രൈമറി ആരംഭിക്കാനോ നിയമനങ്ങൾ നടത്താനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവയ്ക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**എൽ. പി., യു. പി. സ്കൂളുകളിൽ ഐ.ടി. പഠനം**

70 (4821) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിൽ ഐ.ടി. പഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തെ ഈ മേഖലയിൽ ഈ വിഷയത്തിൽ പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നോയെന്ന് വിശദമാക്കാമോ;

(സി) ഐ. ടി. പഠനത്തിന് വേണ്ടി എൽ.പി., യു.പി. വിഭാഗങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ഉണ്ടായിരുന്നു. അപ്പർ പ്രൈമറി തലത്തിൽ 2009-10 മുതലും പ്രൈമറി തലത്തിൽ 2012-13 മുതലും ഐ.സി.ടി. പഠനം നടപ്പിലാക്കുന്നതിന് പ്രത്യേക പാഠപുസ്തകം/സഹായപുസ്തകവും പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിയിരുന്നു. എന്നാൽ 2013-14 അദ്ധ്യയന വർഷം മുതൽ പ്രസ്തുത പാഠപുസ്തകങ്ങൾ സ്കൂളുകൾക്കോ വിദ്യാർത്ഥികൾക്കോ വിതരണം ചെയ്യുന്നില്ല. പ്രൈമറി ക്ലാസുകളിലെ ഐ.സി.ടി. പഠനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇപ്പോൾ ലോവർ പ്രൈമറി ക്ലാസുകളിലേയ്ക്ക് പ്രത്യേക പാഠപുസ്തകം 'കളിപ്പെട്ടി', എല്ലാ അദ്ധ്യാപകർക്കും ഐ.സി.ടി. പരിശീലനം, എല്ലാ പ്രൈമറി സ്കൂളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് തുടങ്ങിയവ കേരളപ്പിറവി ദിനത്തിൽ തന്നെ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എൽ. പി., യു. പി., എച്ച്. എസ്., ഹയർസെക്കന്ററി സ്കൂളുകൾ**

71(4822) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട എൽ.പി., യു.പി., എച്ച്.എസ്, ഹയർ സെക്കണ്ടറി സ്കൂളുകൾ ഏതൊക്കെയെന്നും, ഇവിടുത്തെ കുട്ടികളുടെ എണ്ണം എത്ര വീതമെന്നും വിശദമാക്കുമോ?

ഉത്തരം

വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ രണ്ട് സ്കൂളുകളിലായി 228 കുട്ടികളുണ്ട്. എൽ.പി., യു.പി., ഹൈസ്കൂൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധം I ലും ഹയർ സെക്കണ്ടറി സ്കൂൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധംII-ലും ചേർത്തിരിക്കുന്നു.*

**ആർ.എം.എസ്.എ. പദ്ധതി**

72 (4823) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം മുൻസർക്കാർ എവിടെയൊക്കെയാണ് പുതിയ ഹൈസ്കൂളുകൾ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകാമോ;

(ബി) അനുവദിച്ച സ്കൂളുകളിൽ എത്രയെണ്ണം തുറന്നു പ്രവർത്തനം ആരംഭിച്ചുവെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പുതിയ സ്കൂൾ അനുവദിച്ചപ്പോൾ അദ്ധ്യാപകരുടേയും സ്കൂളിനാവശ്യമായ മറ്റ് ജീവനക്കാരുടേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര തസ്തികകൾ സൃഷ്ടിച്ചെന്ന് വിശദീകരിക്കാമോ;

(ഡി) പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പുതിയ തസ്തികകൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ആർ. എം. എസ്. എ. പദ്ധതിപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് 2012-ൽ സർക്കാർ ഉത്തരവ് (എം.എസ്.) നം. 309/2012/പൊ.വി.വ., തീയതി 29-9-2012 പ്രകാരം 36 സ്കൂളുകളും 2015-ൽ സർക്കാർ ഉത്തരവ് (കൈ)നം. 131/2015/പൊ.വി.വ, തീയതി 22-5-2015 പ്രകാരം 16 സ്കൂളുകളും അനുവദിക്കുകയുണ്ടായി. സ്കൂളുകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധത്തിൽ വിവരിച്ചിട്ടുള്ളതായ എല്ലാ സ്കൂളുകളും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) 2012-ൽ അനുവദിച്ച എല്ലാ സ്കൂളുകളിലും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | - | 1 |
| എച്ച്.എസ്.എ. | - | 5 (2 - ലാംഗ്വേജ്, 1 - സയൻസ്, 1- മാത്സ്, 1 -എസ്.എസ്.) |
| എഫ്.ടി.എം. | - | 1 |

2015-ൽ അനുവദിച്ച എല്ലാ സ്കൂളുകളിലും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | - | 1 |
| എച്ച്.എസ്.എ. | - | 6 (3-ഇംഗ്ലീഷ്, മലയാളം, ഹിന്ദി, 1- സയൻസ്, 1-മാത്സ്, 1- എസ്.എസ്.) |

(ഡി) MHRD മാനദണ്ഡങ്ങൾ പ്രകാരം മുകളിൽപ്പറഞ്ഞ തസ്തികകൾ അനുവദിച്ചതിന് പുറമേ എല്ലാ ആർ.എം.എസ്.എ. സ്കൂളുകളും സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 173/2016/പൊ.വി.വ തീയതി 7-10-2016 പ്രകാരം സർക്കാർ സ്കൂളുകളായി (R.M.S.A സഹായത്തോടെയുള്ള) പുനഃനാമകരണം ചെയ്യുകയും ഈ സ്കൂളുകളിൽ മറ്റ് സ്കൂളിലേതുപോലെ തസ്തിക നിർണ്ണയം നടത്തുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബദൽ സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം

73 (4824) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പ്രവർത്തിച്ച് വന്നിരുന്ന ബദൽ വിദ്യാലയങ്ങളിൽ എത്രയെണ്ണം കുട്ടികളുടെ കുറവ് മൂലം നിർത്തലാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ പ്രവർത്തനം നിർത്തിയ ബദൽ സ്കൂളുകളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് കുട്ടികൾ കുറവായതിനാൽ സ്ഥാപനം അടച്ചു പൂട്ടുമെന്ന് മുൻകൂർ നിർദ്ദേശം നൽകിയിരുന്നോ; ഇല്ലെങ്കിൽ നൂൺ മീൽ കണ്ടിജൻസി ഫണ്ടും പാചകത്തൊഴിലാളികളുടെ വേതനവും നൽകിയിട്ടും പല സ്കൂളുകളിലും പ്രസ്തുത പീരിയഡിലെ അധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ആരുടെയെങ്കിലും പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം വിദ്യാലയങ്ങളിലെ അധ്യാപകരുടെ വേതനം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കുട്ടികളുടെ കുറവുമൂലം 2015-16 വർഷം തിരുവനന്തപുരം ജില്ലയിൽ 7-ഉം 2016-17 വർഷം തൃശ്ശൂർ, കണ്ണൂർ, ഇടുക്കി ജില്ലകളിൽ ഓരോന്നുവീതവും നിർത്തലാക്കി.

(ബി) മുൻകൂർ നിർദ്ദേശം നൽകിയിട്ടില്ല. നൂൺമീൽ കണ്ടിജൻസി ഫണ്ട്, പാചകത്തൊഴിലാളി വേതനം എന്നിവ നൽകിയിട്ടും അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശമ്പളക്കുടിശ്ശിക ലഭിക്കാനുള്ളതായി തിരുവനന്തപുരം ജില്ലയിലെ വിദ്യാവോളണ്ടിയർമാരിൽനിന്നും പരാതി ലഭിച്ചിരുന്നു. ഈ വിഷയത്തിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്.

(ഡി) കൈപ്പറ്റിയ ഗ്രാന്റുകൾക്ക് കൃത്യമായ രേഖകൾ സമർപ്പിക്കാൻ സാധിച്ചിട്ടില്ലാത്ത എം.ജി.എൽ.സി.-കളുടെ വേതനമാണ് തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ളത്. ഹാജർ പട്ടികയിൽ 10 വീതം കുട്ടികളെ രേഖപ്പെടുത്തുകയും പരിശോധനാ ദിവസങ്ങളിൽ ഒന്നോ രണ്ടോ കുട്ടികൾ മാത്രം ക്ലാസിൽ ഹാജർ ഉണ്ടായിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഗ്രാന്റ് ഗവൺമെന്റിലേക്ക് ഡി.പി.ഐ. തിരിച്ചടച്ചത്.

## കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

74 (4825) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിയമാനുസൃതം കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര പേരെയാണ് മുൻസർക്കാർ 2013 നവംബർ 18-ന് കരാർ അവസാനിപ്പിച്ച് പിരിച്ച് വിട്ടതെന്ന് അറിയിക്കാമോ; ഇവരുടെ പേരും തസ്തികയും വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ 2013 നവംബർ 18- ന് പിരിച്ചുവിട്ടതിൽ എത്ര പേർക്ക് ഓപ്പൺ സ്കൂളിലും അതിന്റെ പുതിയ രൂപമായ സ്കോൾ, കേരളയിലും നിയമനം നൽകിയെന്നും ഇപ്രകാരം നിയമനം ലഭിച്ചവരുടെ പേരുവിവരവും വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം പിരിച്ചുവിട്ടതിൽ ആരെയൊക്കെ ഇനി സർവ്വീസിൽ തിരിച്ചെടുക്കാനുണ്ടെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇവരെ തിരിച്ചെടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; തിരിച്ചെടുക്കാനുള്ളവരുടെ പേരുവിവരം അറിയിക്കാമോ?

### ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിയമാനുസൃതം കരാർ വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന 65 ജീവനക്കാരെയാണ് മുൻ സർക്കാർ 2013 നവംബർ 18-ന് കരാർ കാലാവധി അവസാനിപ്പിച്ച് പിരിച്ചുവിട്ടത്. ഇവരുടെ പേരും തസ്തികയും അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധത്തിലെ ക്രമനമ്പർ 19, 48 ഒഴികെ 2013 നവംബർ 18-ന് പിരിച്ചുവിട്ട 65 പേരിൽനിന്നും 63 പേർക്ക് മൂന്നുഘട്ടങ്ങളിലായി സ്കോൾ-കേരളയിൽ നിയമനം/പുനർനിയമനം നൽകിയിട്ടുണ്ട്.

(സി) പിരിച്ചുവിട്ടതിൽ സാംജി ബി. (ക്ലറിക്കൽ അസിസ്റ്റന്റ്) എന്നയാളെയൊഴികെ ബാക്കി എല്ലാപേർക്കും നിയമനം/പുനർനിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ശ്രീ. സാംജി ബി.-യെ പിരിച്ചുവിടപ്പെട്ടതിനുശേഷം ടിയാൾക്ക് പി.എസ്.സി. മുഖാന്തിരം ജോലി ലഭിച്ചിരുന്നു. 20-8-2016-ലെ ഉത്തരവുപ്രകാരം നിയമന അറിയിപ്പ് നൽകിയ 28 പേരിൽ ശ്രീമതി പ്രിയ ജെ. ജോലിയിൽ പുനഃപ്രവേശിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

75 (4826) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2013 നവംബർ 18 ന് എത്ര കരാർ, താൽക്കാലിക ജീവനക്കാർ ജോലി ചെയ്തിരുന്നുവെന്നും, ഇപ്പോൾ ഓപ്പൺ സ്കൂളിന്റെ പുതിയ രൂപമായ സ്കോൾ കേരളയിൽ എത്ര കരാർ, താൽകാലിക ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിന്നും 2013 നവംബർ 18-ന് കരാർ അവസാനിപ്പിച്ച് പിരിച്ചുവിട്ട ജിവനക്കാർക്ക് പകരം എത്ര പേരെ ഇവിടെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ; പകരം നിയമനത്തിന് എഴുത്തു പരീക്ഷയോ അഭിമുഖമോ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) ഓപ്പൺ സ്കൂളിൽ നിന്നും 2013 നവംബർ 18-ന് പിരിച്ചുവിട്ട എല്ലാവരേയും ഓപ്പൺ സ്കൂളിലും, ഓപ്പൺ സ്കൂളിന്റെ പുതിയ രൂപമായ സ്കോൾ കേരളയിലും ഇതിനകം തിരിച്ചെടുക്കുകയോ, പുനർനിയമിക്കുകയോ ചെയ്തതിനാൽ പിരിച്ചുവിട്ടവർക്ക് പകരം നിയമിച്ചവരുടെ കാര്യത്തിൽ എന്തു തീരുമാനം കൈക്കൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) 2013 നവംബർ 18-ന് ഓപ്പൺ സ്കൂളിൽ നിന്ന് പിരിച്ചുവിട്ടവരെയെല്ലാം തിരിച്ചെടുത്തശേഷവും, ഇവർക്ക് പകരം നിയമിച്ചവരെ സർവ്വീസിൽ തുടരാൻ അനുവദിക്കുകവഴി പ്രതിമാസം എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണ് സ്ഥാപനത്തിനുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2013 നവംബർ 18-ന് 65 കരാർ ജീവനക്കാർ ജോലിചെയ്തിരുന്നു. ഇപ്പോൾ ഓപ്പൺ സ്കൂളിന്റെ പുതിയ രൂപമായ സ്കോൾ-കേരളയിൽ കരാർ ജീവനക്കാരായി ആരുംതന്നെയില്ല. ദിവസവേതന വ്യവസ്ഥയിൽ 88 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ബി) 2013 നവംബർ 18-ന് പിരിച്ചുവിട്ട 65 കരാർ ജീവനക്കാർക്കുപകരം ഒന്നാംഘട്ടമായി 22-11-2013-ലെ അറിയിപ്പുവഴി 39 പേരെ നിയമിച്ചു. ഇതിൽ 11 പേർ 18-11-2013-ൽ പിരിച്ചുവിടപ്പെട്ടവരാണ്. രണ്ടാംഘട്ടമായി 10-1-2014-ലെ അറിയിപ്പു പ്രകാരം 29 പേരെ നിയമിച്ചു. ഇതിൽ 25 പേർ 18-11-2013-ൽ

പിരിച്ചുവിടപ്പെട്ടവരാണ്. മൂന്നാംഘട്ടമായി No.WA638/14 In WP(C) No.27145/13 ന്റെ വിധിയുടെ കൂടി അടിസ്ഥാനത്തിൽ 28 പേർക്ക് 12-8-2016-ലെ സ്റ്റേറ്റ് കേരള എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം പുനർനിയമനം നൽകി. ഇപ്രകാരം ആകെ 96 പേരെ പകരം നിയമിച്ചു. 22-11-2013-ലെ അറിയിപ്പ് പ്രകാരമുള്ള ഒന്നാംഘട്ടത്തിലെയും മൂന്നാംഘട്ടത്തിലെയും നിയമനത്തിന് അഭിമുഖമോ എഴുത്തുപരീക്ഷയോ നടത്തിയിരുന്നില്ല.

(സി) പിരിച്ചുവിട്ടവർക്കുപകരം നിയമിച്ചവരുടെ കാര്യത്തിൽ പ്രത്യേക തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല.

(ഡി) പിരിച്ചുവിട്ടവർക്കുപകരം നിയമിച്ച 96 പേരിൽ 88 പേർ ഇപ്പോൾ ജോലിയിൽ തുടരുന്നു. ഇതിൽ 58 പേർ 2013 നവംബർ 18-ന് പിരിച്ചുവിട്ടതിൽ നിന്നും നിയമനം/പുനർനിയമനം നൽകിയവരാണ്. അല്ലാതെ ദിവസവേതന നിയമനം നൽകിയ 30 പേരും ജോലിയിൽ തുടരുന്നു. ഈ 30 പേരിൽ 27 പേർക്ക് പ്രതിദിനം 675 രൂപ, 2 പേർക്ക് പ്രതിദിനം 600 രൂപ, ഒരാൾക്ക് പ്രതിദിനം 650 രൂപ എന്നീ നിരക്കുകളിലാണ് വേതനം നൽകുന്നത്. ദിവസവേതന വ്യവസ്ഥയിലെ നിയമനം ആകയാൽ ജോലിയിൽ ഹാജരാകുന്ന ദിവസത്തെ അടിസ്ഥാനമാക്കിയാണ് വേതനം നൽകിവരുന്നത്.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന പ്രിൻസിപ്പൽ**

**തസ്തിക**

76 (4827) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകൾ ഏതെല്ലാം; എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു;

(ബി) പ്രിൻസിപ്പൽ സ്ഥലമാറ്റ മാനദണ്ഡമനുസരിച്ച് ഡയറക്ടർ നൽകുന്ന പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) ഇപ്പോൾ അച്ചടക്കനടപടി നേരിടുന്നതും അച്ചടക്ക നടപടി ഉണ്ടായിരുന്നതുമായ എത്ര പ്രിൻസിപ്പൽമാർക്ക് നിലവിലെ സർക്കാർ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന ഹയർസെക്കന്ററി സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രിൻസിപ്പൽ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഹയർസെക്കന്ററി ഡയറക്ടർ നൽകുന്ന ശിപാർശ സർക്കാർ പരിശോധിച്ച് നിയമാനുസൃത തീരുമാനം കൈക്കൊണ്ടാണ് ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്.

(സി) ഒന്ന്. എറണാകുളം ജില്ലയിലെ പാലക്കുഴ ഗവൺമെന്റ് മോഡൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. കെ. എ. ജോയിയെ അച്ചടക്ക നടപടികളുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഉദുമ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

**പുതിയ സ്കൂളുകൾ തുടങ്ങുന്നതിനുള്ള ഏരിയ നോട്ടിഫിക്കേഷൻ**

77 (4828) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ സ്കൂളുകൾ തുടങ്ങുന്നതിനുള്ള ഏരിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നോട്ടിഫൈ ചെയ്ത ഇടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 18-6-2015-ൽ 3060/2014 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിന്മേലുള്ള വിധിന്യായത്തിൽ സ്കൂൾമാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി സ്കൂളുകൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സർവ്വ ശിക്ഷാ അഭിയാന്റെ ആഭിമുഖ്യത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം 25-5-16-ലെ 985-ാം നമ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* പ്രസ്തുത വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുമ്പാകെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ/പരാതികൾ വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2 എയിൽ അനുശാസിക്കുന്ന സമയപരിധിയിൽ പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുശേഷം മാത്രമേ പുതിയ സ്കൂൾ ആരംഭിക്കുന്നതിനോ നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ കഴിയുകയുള്ളൂ. ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

**ദേശീയ വിദ്യാഭ്യാസ അവകാശ നിയമം**

78 (4829) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസവകാശ നിയമം അനുസരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ പുതിയ വിദ്യാലയങ്ങളും കലാലയങ്ങളും സ്ഥാപിക്കുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് ആലോചിക്കുന്നത്; വിശദമാക്കാമോ;

(സി) 100 കൊല്ലം പൂർത്തിയാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുതിയ പദ്ധതികൾ എന്തെങ്കിലും ആലോചിക്കുന്നുണ്ടോ;

(ഡി) സർക്കാർ സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ഉണ്ടോ; അവ ഏതെല്ലാമാണെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയ വിദ്യാഭ്യാസാവകാശ നിയമം അനുസരിച്ച് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "ശ്രദ്ധ റെമഡിയൽ ടീച്ചിംഗ്" എന്ന പദ്ധതി അംഗീകാരത്തിനായി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ വിദ്യാലയങ്ങളും കലാലയങ്ങളും സ്ഥാപിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്.

(ഡി) സർക്കാർ സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇല്ല.

## ഹയർ സെക്കന്ററി കമ്പ്യൂട്ടർ സയൻസ്/ആപ്ലിക്കേഷൻ വിഭാഗത്തിലെ ഒഴിവുകൾ

79 (4830) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ 66 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നായി കമ്പ്യൂട്ടർ സയൻസ്/ആപ്ലിക്കേഷൻ വിഷയത്തിൽ 69 ഒഴിവുകൾ ഉണ്ടായിട്ടും പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ബൈ ട്രാൻസ്ഫർ/പ്രൊമോഷൻ വഴി 31-8-2016 വരെ കമ്പ്യൂട്ടർ സയൻസ്/ആപ്ലിക്കേഷൻ ഒഴിവുകളിൽ 2011 മുതൽ 2016 വരെയുള്ള ഓരോ വർഷത്തെയും നിയമന വിവരങ്ങൾ ജൂനിയർ/സീനിയർ തരം തിരിച്ചുള്ളത് അനുപാതം സഹിതം വ്യക്തമാക്കാമോ;

(സി) 31-8-2016 വരെയുള്ള കണക്കുകൾ പ്രകാരം നിലവിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ കമ്പ്യൂട്ടർ സയൻസ്/ആപ്ലിക്കേഷൻ വിഭാഗത്തിൽ എത്ര ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കമ്പ്യൂട്ടർ സയൻസ്/ആപ്ലിക്കേഷൻ വിഷയത്തിൽ ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 69 ഒഴിവുകൾ നിലവിലുണ്ട്. സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റംവഴി സീനിയർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനും എച്ച്. എസ്. എ./യു. പി. എസ്. എ./എൽ. പി. എസ്. എ. മാർക്ക് ജൂനിയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റംവഴി നിയമനത്തിനുമായി ഒഴിവുകൾ തിട്ടപ്പെടുത്താനുണ്ട്. ആയത് തിട്ടപ്പെടുത്തി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1-12-2011 മുതൽ 31-12-2015 വരെയുള്ള ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ ബൈട്രാൻസ്ഫർ നിയമനം ഇതുവരെയും നടത്തിയിട്ടില്ല. ടി കാലയളവിന് മുൻപുണ്ടായ ഒഴിവുകളിലേയ്ക്ക് നടന്ന നിയമനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക | 2011 | 2012 | 2013 | 2014 | 2015 | 2016 |
|---|---|---|---|---|---|---|
| HSST | 8 | 3 | ഇല്ല | 67 | 5 | ഇല്ല |
| HSST (Jr) | 7 | ഇല്ല | ഇല്ല | 11 | ഇല്ല | 1 |

21-2-2009 മുതൽ 6-2-2014 വരെ റിപ്പോർട്ട് ചെയ്ത എച്ച്.എസ്.എസ്.ടി കമ്പ്യൂട്ടർ സയൻസ് സീനിയർ തസ്തികയിലേയ്ക്ക് 81 പേർക്കും എച്ച്.എസ്.എസ്.ടി. (ജൂനിയർ) കമ്പ്യൂട്ടർ സയൻസിന് 20-3-2010 മുതൽ 16-6-2014 വരെ 83 പേർക്കും പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## എച്ച്.എസ്.എസ്.റ്റി. ഫിസിക്സ് ജൂനിയർ/സീനിയർ ഒഴിവുകൾ

80 (4831) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. ഫിസിക്സ് - ജൂനിയർ/സീനിയർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്;

(സി) ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി. ജൂനിയറിന്റെ (ഫിസിക്സ്) 24 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. സീനിയറിന്റെ (ഫിസിക്സ്) 12 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജൂനിയർ:

| | |
|---|---|
| എൻ.ജെ.ഡി. ഒഴിവുകൾ | -10 |
| പ്രൊമോഷൻ ഒഴിവുകൾ | -4 |
| എസ്.സി./എസ്.റ്റി. | -5 |
| എസ്.റ്റി. മാത്രം | -5 |

സീനിയർ:

| | |
|---|---|
| എൻ.ജെ.ഡി. ഒഴിവുകൾ | -2 |
| എസ്.സി./എസ്.റ്റി. | -4 |
| എസ്.റ്റി. മാത്രം | -6 |

(ബി&സി) ഹയർ സെക്കണ്ടറിയിൽനിന്നും വിടുതൽ വാങ്ങിയ അദ്ധ്യാപകരുടെ ഒഴിവുകൾ മാത്രമാണ് ഇനി റിപ്പോർട്ട് ചെയ്യാനുള്ളത്. ആയത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എച്ച്.എച്ച്.എസ്.റ്റി. ജൂനിയർ, സീനിയർ തസ്തികകൾ

81 (4832) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി മേഖലയിൽ എച്ച്.എച്ച്.എസ്.ടി സീനിയർ, ജൂനിയർ തസ്തികകൾ എത്രയെണ്ണം ഉണ്ടെന്നും ഇവയിൽ എത്രയെണ്ണം പി.എസ്.സി. മുഖേന നികത്തിയെന്നും വ്യക്തമാക്കാമോ;

(ബി) 2014-15 വർഷത്തിൽ സർക്കാർ മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെയും അധിക ബാച്ചുകളിലേയും അദ്ധ്യാപക തസ്തിക നിർണ്ണയം എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ;

(സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടേണ്ട എത്ര തസ്തികകളാണ് ഉള്ളതെന്ന് വിഷയം തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) ആകെ 9769 ഹയർസെക്കണ്ടറി സീനിയർ അദ്ധ്യാപക തസ്തികയും 4551 ജൂനിയർ അദ്ധ്യാപക തസ്തികയും നിലവിലുണ്ട്. 5689 സീനിയർ തസ്തികകളും 3207 ജൂനിയർ തസ്തികകളും പി.എസ്.സി. വഴി നികത്തിയിട്ടുണ്ട്.

(ബി) തസ്തിക നിർണ്ണയ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ഹയർസെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകളുടെ എണ്ണവും (വിഷയം തിരിച്ചുള്ള) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട തസ്തികകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

**സൗജന്യ യൂണിഫോം**

82 (4833) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തുറന്ന് നാലു മാസം കഴിഞ്ഞിട്ടും സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് 2016-17 -ലെ സൗജന്യ യൂണിഫോം നാളിതുവരെ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകളിൽ 2016-17 വർഷത്തിലെ യൂണിഫോം യഥാസമയം നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി)) ഉണ്ട്.

(സി) എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം നൽകുന്നതിനാവശ്യമായ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ.ഉ. (കൈ)160/16/പൊ.വി.വ. തീയതി 22-9-2016]

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എയ്ഡഡ് സ്കൂളുകളിലെ വൃത്തിയും ജലലഭ്യതയും

83 (4834) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ മിക്ക എയ്ഡഡ് സ്കൂളുകളിലും വൃത്തിയും ജലലഭ്യതയും ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്കൂളുകൾ കണ്ടെത്തി ശുചിത്വവും ജലലഭ്യതയുമുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളിൽ ശുചിത്വവും ജലലഭ്യതയും ടോയ്‌ലെറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും മറ്റും ബന്ധപ്പെട്ട മാനേജ്മെന്റാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യങ്ങളിൽ സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററി അധ്യാപക തസ്തികകൾ

84 (4835) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ എയ്ഡഡ് സ്കൂളുകൾ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് അംഗീകാരം നേടിയെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ സർക്കാർ സ്കൂളുകളിൽ ആരംഭിച്ച പുതിയ ബാച്ചുകൾക്ക് അദ്ധ്യാപക തസ്തിക സൃഷ്ടിക്കപ്പെട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉണ്ട്. സ്വീകരിച്ചുവരുന്നു.

## സ്കൂൾ പി.ടി.എ.-യും പ്രധാന അദ്ധ്യാപകരും നിയമിച്ച പ്രീപ്രൈമറി സ്കൂൾ അദ്ധ്യാപകർ

85 (4836) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പി.ടി.എ.-യും പ്രധാന അദ്ധ്യാപകരും നിയമിച്ച പ്രീപ്രൈമറി സ്കൂൾ അധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുവാൻ കഴിയില്ലെന്ന് സർക്കാർ നിലപാട് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രീപ്രൈമറി സ്കൂൾ അദ്ധ്യാപകരായും ആയമാരായും എത്രപേർ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ദേശീയ മനുഷ്യാവകാശ സാമൂഹ്യനീതി കമ്മീഷന്റെ ഉദ്യോഗസ്ഥരുമായി പൊതു വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ ഇക്കാര്യം സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 7-12-2012-ന് മുമ്പായി നിയമിക്കപ്പെട്ട എല്ലാ ജീവനക്കാർക്കും വിദ്യാഭ്യാസ യോഗ്യത പരിഗണിക്കാതെതന്നെ സർക്കാർ ഓണറേറിയം നൽകിവരുന്നു.

(ബി)

| ജില്ല | പ്രീ പ്രൈമറി അധ്യാപകരുടെ എണ്ണം | പ്രീ പ്രൈമറി ആയമാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 568 | 429 |
| കൊല്ലം | 425 | 316 |
| പത്തനംതിട്ട | 93 | 80 |
| ആലപ്പുഴ | 225 | 156 |
| കോട്ടയം | 135 | 115 |

| (1) | (2) | (3) |
|---|---|---|
| ഇടുക്കി | 58 | 37 |
| എറണാകുളം | 287 | 185 |
| തൃശ്ശൂർ | 187 | 121 |
| പാലക്കാട് | 229 | 126 |
| മലപ്പുറം | 311 | 204 |
| കോഴിക്കോട് | 116 | 68 |
| വയനാട് | 88 | 49 |
| കണ്ണൂർ | 60 | 38 |
| കാസർഗോഡ് | 69 | 41 |
| ആകെ | 2851 | 1965 |

(സി) ഇല്ല. എന്നാൽ മനുഷ്യാവകാശ കമ്മീഷനും സാമൂഹ്യനീതി കമ്മീഷനും ലഭിച്ച പരാതികളിന്മേലുള്ള ഹിയറിംഗിൽ പങ്കെടുത്ത് വിശദാംശങ്ങൾ കൈമാറിയിട്ടുണ്ട്.

**ആശ്വാസ് പദ്ധതി**

86 (4838) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ "ആശ്വാസ് പദ്ധതി" നടപ്പിലാക്കുന്നതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിയോ എന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഭരണതലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കല, കായികവിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് 'ആശ്വാസ്'. ആർട്സ് ഹബ്, വർക്ക് സെന്റർ, സ്പോർട്സ് ഹബ് എന്നിവയാണിതിന്റെ പ്രവർത്തന

മേഖലകൾ. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ് മുഖേന ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ് സഹായിക്കുമെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്.

(ബി) നടപ്പിലാക്കിയിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി 9 സർക്കാർ സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരുന്ന ഒറ്റത്തവണ അധിക കേന്ദ്രധനസഹായമായ 2 കോടി രൂപ ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ സാധിച്ചില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 'ആശ്വാസ്' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ" എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സ്കൂൾ അദ്ധ്യാപകരിൽനിന്നും എച്ച്.എസ്.എസ്.ടി. ആയി സ്ഥാനക്കയറ്റം

87(4839) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്തു വരുന്ന സ്കൂൾ അദ്ധ്യാപകരിൽ നിന്നും എച്ച്.എസ്.എസ്.ടി. ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിലേക്ക് അപേക്ഷ ക്ഷണിച്ചത് എപ്പോഴാണെന്നും ഇനി എപ്പോഴാണ് അപേക്ഷ ക്ഷണിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്തുവരുന്ന സ്കൂൾ അദ്ധ്യാപകരിൽനിന്നും എച്ച്.എസ്.എസ്.ടി. ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തസ്തികമാറ്റ നിയമനത്തിനായുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് 18-5-2013-ലാണ് പ്രസിദ്ധീകരിച്ചത്. പുതിയ അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സ്കൂൾ യൂണിഫോമുകളുടെ ഏകീകരണം**

88(4840) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ യൂണിഫോമുകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലയിലെ ഏതൊക്കെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് സൗജന്യ യൂണിഫോം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി&സി) ഇതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 1 മുതൽ 8 വരെ ക്ലാസുകളിലുള്ള സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ശമ്പളവും തസ്തികയുമില്ലാതെ ജോലിചെയ്യുന്ന ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ**

89(4841) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളവും തസ്തികയുമില്ലാതെ ജോലി ചെയ്യുന്ന എയ്ഡഡ് മേഖലയിലുള്ള എത്ര ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തസ്തികയും ശമ്പളവുമില്ലാതെ ജോലിചെയ്യുന്ന ഈ അധ്യാപകർ ഏത് സ്കൂളുകളിലാണ് സേവനം ചെയ്യുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) അദ്ധ്യാപക തസ്തിക നിർണയിക്കാത്ത സാഹചര്യത്തിൽ മാറിമാറി വരുന്ന അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ പഠനനിലവാരത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാനാവുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി**

90(4842) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സർക്കാർ വിദ്യാലയങ്ങളിൽ ആവശ്യമായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ അദ്ധ്യയനം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകരെ താത്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അവർക്ക് കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ചുള്ള പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിൽ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നുണ്ട്.

(സി) നിലവിൽ എല്ലാ വർഷവും അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക പരിശീലനം നൽകുന്നുണ്ട്. അദ്ധ്യാപക പരിശീലന പരിപാടികളിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്കായി,, അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ പരിപാടിയുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ട്രെയിനർ കോഴ്സ് ഡവലപ്മെന്റ് പ്രോഗ്രാം, സ്റ്റേറ്റ് ലെവൽ ഒബ്സർവേഷൻ ആന്റ് ഡോക്യുമെന്റേഷൻ പ്രോഗ്രാം, കണ്ടന്റ് ഓറിയന്റഡ് ഫീൽഡ് ലെവൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ, മോണിറ്ററിംഗ് എന്നിവ നടത്തിവരുന്നു. കൂടാതെ എസ്.സി.ഇ.ആർ.ടി.-യുടെ മേൽനോട്ടത്തിൽ യഥാസമയം പാഠ്യപദ്ധതി പരിഷ്കരിക്കുകയും ചെയ്യുന്നുണ്ട്.

## വിദ്യാഭ്യാസ അവകാശ നിയമം

91(4843) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കേണ്ടത് ഏതു രീതിയിലായിരിക്കണമെന്ന കാര്യത്തിൽ നിലപാട് വിശദമാക്കുമോ;

(ബി) പത്താം തരം വരെയുള്ള വിദ്യാഭ്യാസത്തിന് ഓരോ പ്രദേശത്തെയും

വിദ്യാർത്ഥികൾക്ക് അതാത് പ്രദേശത്തുതന്നെ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിനും, ദൂരദേശത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ അയച്ച് പഠിപ്പിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്താനും എന്തൊക്കെ പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 2009-ന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച് ചട്ടങ്ങൾ നിർമ്മിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 30-4-2011-ലെ ജി.ഒ.(പി)നമ്പർ 100/2011/പൊവിവ എന്ന ഉത്തരവ് വഴിയാണ് ഈ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ അവകാശ നിയമവും കേരള വിദ്യാഭ്യാസ ചട്ടങ്ങളും തമ്മിൽ സമഗ്രമായി ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ശാക്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള ആലോചനകൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) പത്താംതരംവരെ കുട്ടികൾ അയൽപക്ക സ്കൂളുകളിൽ പഠിക്കണമെന്നു തന്നെയാണ് വിദ്യാഭ്യാസ അവകാശ നിയമവും വിഭാവന ചെയ്യുന്നത്. മുഖ്യധാരാ സ്കൂളുകളുടെ നിലവാരം ഉയർത്തിക്കൊണ്ടുമാത്രമേ ഇത് സാധ്യമാക്കാനാകൂ. ഇതിനായി നിരവധി പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ സ്കൂളുകളെയും ക്ലാസ് മുറികളെയും ഹൈടെക് ആക്കി മാറ്റാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യഘട്ടത്തിൽ 4 നിയോജക മണ്ഡലങ്ങളിലാണ് ഇത് നടപ്പാക്കുക. തുടർന്ന് ബാക്കിയുള്ള 136 മണ്ഡലങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും. 1000 സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കാനും പദ്ധതിയുണ്ട്. നവംബർ മാസത്തിൽ ആരംഭിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തുപകരുമെന്ന് കരുതുന്നു. ഇങ്ങനെ വിവിധങ്ങളായ നവീന പദ്ധതികൾ ആസൂത്രണം ചെയ്ത് ജനപങ്കാളിത്തത്തോടെ അവ നടപ്പാക്കുകയും ചെയ്യുന്നതിലൂടെ മുഖ്യധാരാ സ്കൂളുകളുടെ നിലവാരം ഗണ്യമായി വർദ്ധിക്കുകയും കുട്ടികൾ അവിടേയ്ക്ക് കൂടുതൽ ആകർഷിക്കപ്പെടുകയും ചെയ്യും. പൊതുവിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ്

വിഷയം കൂടുതൽ ആകർഷകമാക്കുന്നതിന് മുഴുവൻ അദ്ധ്യാപകർക്കും ട്രെയിനിംഗ് നൽകുകയും തുടർന്ന് ആയതിന്റെ വിപുലീകരണത്തിനുള്ള പദ്ധതികൾക്ക് തുടക്കംകുറിക്കുകയും ചെയ്യും. കൂടാതെ ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന രീതിയിൽ 140 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

**സർക്കാർ സ്കൂൾ കെട്ടിടങ്ങൾ**

92(4844) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സർക്കാർ സ്കൂളുകളിലെയും കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന കാര്യംശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2009-10 കാലയളവിൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്കൂൾ ഒന്നിന് 40 ലക്ഷം രൂപാ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 4 ജില്ലകളിലായി 56 സ്കൂളുകളിൽ കെട്ടിടനിർമ്മാണം നടന്നുവരുകയും ചെയ്യുന്നു. കൂടാതെ 2010-11, 2011-12 മുൻ വർഷങ്ങളിൽ അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2016-17 സാമ്പത്തിക വർഷത്തേക്ക് ഈ ഇനത്തിലേക്ക് 100.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 255.11 ലക്ഷം രൂപ ആർ. എം. എസ്. എ.- യുടെ 2016-17 പദ്ധതിയിൽ

വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 86 സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനായി ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ 516 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും 169 സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും 487 സ്കൂളുകളിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റുമായി 3,445 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സ്മാർട്ട് ചിൽഡ്രൻ പദ്ധതി**

93(4845) ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൽഡ്രൻ പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം പരിപാടികളാണ് നടത്തിയത്; വിശദമാക്കുമോ?

ഉത്തരം

(എ) സ്മാർട്ട് ചിൽഡ്രൻ പദ്ധതി 2016-17 വർഷം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഓരോ വിദ്യാർത്ഥിയും പഠിക്കുന്ന ക്ലാസുകളിൽനിന്നും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്.

(സി) അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം, ബി.ആർ.സി. തല മോണിറ്ററിംഗ്, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലനം എന്നീ പരിപാടികൾ നടപ്പിലാക്കിയിരുന്നു.

## പിന്നാക്കം നിൽക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ അക്കാഡമിക്ക് നിലവാരം ഉയർത്തൽ

94(4846) <u>ശ്രീ.എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കം നിൽക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ അക്കാഡമിക്ക് നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പഠനത്തിന് ഏറ്റവും പിന്നിൽ നിൽക്കുന്ന ഹയർ സെക്കൻഡറി കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ ക്രമീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് ആലോചനയുണ്ടോ;

(സി) എങ്കിൽ ഏത് ദിവസങ്ങളിൽ സ്പെഷ്യൽ ക്ലാസ്സ് നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെയും കുട്ടികളുടെയും പേരുവിവരം ജില്ല തിരിച്ച് നൽകാമോ;

(ഇ) ഈ പദ്ധതിയിലേക്ക് സ്കൂളുകളെയും കുട്ടികളെയും തിരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) സ്പെഷ്യൽ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും ഇവയുടെ ചുമതലകൾ ആർക്കാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആലോചനയുണ്ട്.

(സി) 25 അവധി ദിവസങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* 2016-17 അദ്ധ്യയന വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) 2012-ലെ പ്ലസ് വൺ പരീക്ഷയിൽ ഒന്നോ അതിൽ കൂടുതലോ വിഷയങ്ങളിൽ 'ഡി' ഗ്രേഡ് പോലും നേടാത്ത കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളെ പരിഗണിക്കുകയും 2012-13 വർഷത്തിൽ 196 സ്കൂളുകളിൽ (19077 കുട്ടികൾ) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) നടപ്പാക്കുകയും ചെയ്തു. 2013-14 വർഷത്തിൽ നിലവാര വർദ്ധനവിന്റെ അടിസ്ഥാനത്തിൽ 121 സ്കൂളുകളിലേക്ക് (14597 കുട്ടികൾ) ചുരുക്കുകയും ചെയ്തു. 2014-15 വർഷത്തിൽ മേൽപ്പറഞ്ഞ 121 സ്കൂളുകളിൽ 91 എണ്ണം മാത്രം മുപ്പത് ശതമാനത്തിൽ താഴെ വിജയ ശതമാനം നേടിയതിന്റെ അടിസ്ഥാനത്തിൽ ആ വർഷം 91 സ്കൂളുകളിൽ (4403 കുട്ടികൾ) QIP നടപ്പാക്കി. 2015-16 -ൽ ഇത് 73 സ്കൂളുകളിലേയ്ക്ക് പരിമിതപ്പെടുത്താൻ കഴിഞ്ഞു. 2016 മാർച്ചിലെ പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ 7.46 ശതമാനത്തിനും 55.56 ശതമാനത്തിനുമിടയിൽ മാത്രം വിജയശതമാനമുള്ള 98 സ്കൂളുകളെയാണ് QIP-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ കഴിഞ്ഞ വർഷങ്ങളിൽ QIP നടപ്പിലാക്കിയ 47 സ്കൂളുകളും ഉൾപ്പെടുന്നു. ഒന്നാം വർഷ അഡ്മിഷനുവേണ്ടി കണക്കാക്കിയിട്ടുള്ള Weighted Grade Point Average ഏറ്റവും കുറവുള്ള 15 വീതം കുട്ടികളെയാണ് ഓരോ ക്ലാസിൽനിന്നും തെരഞ്ഞെടുക്കുന്നത്.

(എഫ്) രണ്ടാം ഉപഭാഷ ഒഴികെയുള്ള എല്ലാ വിഷയങ്ങൾക്കും 15 മണിക്കൂർ വീതം ആകെ 75 മണിക്കൂർ അധിക അദ്ധ്യയനമാണ് നൽകുന്നത്. രണ്ട് മോട്ടിവേഷൻ ക്ലാസുകളും നൽകുന്നുണ്ട്. 25 അവധി ദിവസങ്ങളാണ് ഈ ക്ലാസുകൾക്കുവേണ്ടി ഉപയോഗിക്കുന്നത്. പ്രിൻസിപ്പൽ ചെയർമാനായ നടത്തിപ്പ് സമിതിക്കാണ് ഇതിന്റെ ചുമതല.

**അധ്യാപകരുടെ നിയമനാംഗീകാരം**

95(4847) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനു എത്ര കുട്ടികൾ അപേക്ഷ സമർപ്പിച്ചു; എത്ര പേർക്ക് അഡ്മിഷൻ ലഭിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുവാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പുതിയതായി അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക തസ്തികകളുടെ നിയമനാംഗീകാരം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; പുതിയ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; തസ്തിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് നിയമനം അംഗീകരിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കുമോ;

(ഡി) അദ്ധ്യാപക തസ്തിക അനുവദിക്കുമ്പോൾ തന്നെ സമാന്തരമായി ധനകാര്യവകുപ്പിന്റെ അനുവാദം കൂടി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിലധികമായി അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധ്യാപകരുടെ നിയമനം അംഗീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായശേഷം മാത്രമേ നിയമനാംഗീകാരം സംബന്ധിച്ചുള്ള യഥാർത്ഥ കണക്കുകൾ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ. പുതിയതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾതല, വിഷയാടിസ്ഥാനത്തിലുള്ള തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായാൽ മാത്രമേ അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(ഡി) അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത് ധനകാര്യ വകുപ്പിന്റെ അഭിപ്രായംകൂടി ലഭ്യമാക്കിയ ശേഷമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്കൂളുകളിലെ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാർ

96(4848) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരായി ജോലി ചെയ്തുവരുന്നവർക്ക് വേതനം നൽകിയിരുന്നത് പി.ടി.എ. -കളായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ പിരിച്ചു വിടാൻ 26-5-2015-ൽ തീരുമാനിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പി.ടി.എ.- കൾ വേതനം നൽകുന്ന സാഹചര്യത്തിൽ, സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യതയൊന്നും ഇല്ലെന്നിരിക്കെ ഈ വിഷയത്തിൽ സർക്കാർ ഇടപെടാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ സ്കൂളുകളിൽ പി.ടി.എ.-കൾ സ്വമേധയാ നിയമനം നടത്തിയിരുന്ന കമ്പ്യൂട്ടർ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതും സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 'ഒ.എ.' ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിന്റെ 25-6-2015 തീയതിയിലെ ജി.ഒ.(ആർ റ്റി.)2553/15 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്. മാത്രവുമല്ല വിഷയാധ്യാപകരെയാണ് വിവരവിനിമയ സാങ്കേതികവിദ്യയുടെ പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) സേവന-വേതന വ്യവസ്ഥകൾ ക്രമീകരിച്ച് സ്ഥിരപ്പെടുത്തുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന വിഷയമാകുന്നു. വിഷയാദ്ധ്യാപകർ ഐ.സി.റ്റി. പാഠഭാഗങ്ങളുടെ വിനിമയം നടത്തുന്നതിനാലും ഇത്തരത്തിൽ പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നതിനാലും പ്രത്യേക കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരുടെ സേവനം ഇപ്പോൾ സ്കൂളുകളിൽ ആവശ്യമില്ല.

## സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ

97 (4849) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിലെത്തിയ കാലയളവിൽ സംസ്ഥാനത്ത്

എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടായിരുന്നു; അവയിൽ എത്ര ബാച്ചുകൾ; എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു എന്നും സർക്കാർ അധികാരമൊഴിയുമ്പോൾ അത് എത്രയായിരുന്നു എന്നും ഓരോ വർഷവും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ എത്ര പുതിയ സ്കൂളുകൾ (പ്ലസ്ടു)/ ബാച്ചുകൾ അനുവദിച്ചു എന്നും നിലവിൽ എത്ര പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് മേഖലയിൽ എത്ര പ്ലസ് ടു സ്കൂളുകൾ നിലവിലുണ്ട് എന്നും ഇവയിൽ നിലവിലുള്ള ജീവനക്കാർ എത്ര എന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ എപ്രകാരമാണെന്നും ഓരോ ഉദ്യോഗാർത്ഥിയും അനേക ലക്ഷം കോഴ നൽകി യാതൊരു പരീക്ഷയ്ക്കും വിധേയമാകാതെ നിയമിക്കപ്പെടുന്നതുമൂലം പ്രസ്തുത മേഖലയിൽ മൂല്യശോഷണം ഉണ്ടാകുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഇ) പ്ലസ് ടു മേഖലയിലെ എല്ലാ നിയമനങ്ങളും പി.എസ്.സി. വഴിയാക്കുന്നത് പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാർ അധികാരത്തിലെത്തിയ കാലയളവിൽ (2011-12 അദ്ധ്യയന വർഷം) സംസ്ഥാനത്ത് 755 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളും അവയിൽ 2677 ബാച്ചുകളുമുണ്ടായിരുന്നു. എയ്ഡഡ് മേഖലയിൽ 673 ഹയർ സെക്കണ്ടറി സ്കൂളുകളും അവയിൽ 2927 ബാച്ചുകളുമുണ്ടായിരുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 161958 വിദ്യാർത്ഥികളും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 162108 വിദ്യാർത്ഥികളും പ്രവേശനം നേടിയിരുന്നു. മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ (2015-16 അദ്ധ്യയന വർഷം) സംസ്ഥാനത്ത് 817 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും അവയിൽ 2819 ബാച്ചുകളുമുണ്ടായിരുന്നു. എയ്ഡഡ് മേഖലയിൽ 844 ഹയർ സെക്കന്ററി സ്കൂളുകളും അവയിൽ 3297 ബാച്ചുകളുമുണ്ടായിരുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 164228 വിദ്യാർത്ഥികളും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 178529

വിദ്യാർത്ഥികളും പ്രവേശനം നേടിയിരുന്നു. മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഒഴിഞ്ഞു കിടന്ന സീറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ഒഴിഞ്ഞു കിടന്ന സീറ്റുകളുടെ എണ്ണം |
|---|---|
| 2011-12 | 35962 |
| 2012-13 | 50679 |
| 2013-14 | 25185 |
| 2014-15 | 31652 |
| 2015-16 | 28762 |

(ബി) ഈ സർക്കാർ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ അധിക ഹയർ സെക്കണ്ടറി ബാച്ചുകളോ അനുവദിച്ചിട്ടില്ല. ഈ വർഷം ഇതുവരെ ഒഴിഞ്ഞു കിടക്കുന്ന പ്ലസ് വൺ സീറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഒഴിവ് |
|---|---|
| തിരുവനന്തപുരം | 2532 |
| കൊല്ലം | 2668 |
| പത്തനംതിട്ട | 4212 |
| ആലപ്പുഴ | 2545 |
| കോട്ടയം | 3281 |
| ഇടുക്കി | 2164 |
| എറണാകുളം | 3973 |
| തൃശ്ശൂർ | 3730 |
| പാലക്കാട് | 2454 |
| കോഴിക്കോട് | 2349 |
| മലപ്പുറം | 4615 |
| വയനാട് | 765 |
| കണ്ണൂർ | 2300 |
| കാസർഗോഡ് | 1753 |
| മറ്റുള്ളവ (ഗൾഫ്,ലക്ഷദ്വീപ്, മാഹി) | 2829 |
| ആകെ | 42170 |

(സി) എയ്ഡഡ് മേഖലയിൽ 844 ഹയർ സെക്കണ്ടറി സ്കൂളുകളുണ്ട്. ഇവയിൽ അദ്ധ്യാപക തസ്തികകളും ലാബ് അസിസ്റ്റന്റ് തസ്തികകളുമുണ്ട്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ശേഖരിച്ചു വരുന്നു.

(ഡി) എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരമാണ്. എയ്ഡഡ് മേഖലയിൽ മാത്രമായി മൂല്യശോഷണമുള്ളതായി സർക്കാർ കരുതുന്നില്ല.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ/എയ്ഡഡ് സ്കൂൾ അധ്യാപകർ

98(4850) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂൾ മേഖലകളിൽ എത്ര അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ വനിതകളുടെയും പുരുഷൻമാരുടെയും എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

(സി) എയ്ഡഡ് മേഖലയിലെ കണക്ക് പ്രത്യേകം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളിൽ 67865 പേരും എയ്ഡഡ് മേഖലയിൽ 114985 പേരുമായി ആകെ 182850 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) എയ്ഡഡിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒഴികെ 49302 പുരുഷന്മാരും 118095 സ്ത്രീകളും സേവനം അനുഷ്ഠിച്ചുവരുന്നു. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(സി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ഒഴികെയുള്ള എയ്ഡഡ് സ്കൂളുകളിൽ 27447 പുരുഷന്മാരും 72085 സ്ത്രീകളും അധ്യാപകരായി ജോലി ചെയ്യുന്നുണ്ട്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിവരം ശേഖരിച്ചു വരുന്നു.

## കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒഴിവുകൾ

99 (4851) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിലും, വിദ്യാഭ്യാസ ഓഫീസുകളിലും വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) വിഭാഗത്തിൽ 83 ഒഴിവുകൾ ഉണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ താഴെ പറയുന്നു:

| | |
|---|---|
| വൊക്കേഷണൽ ടീച്ചർ | -8 |
| വൊക്കേഷണൽ ഇൻസ്ട്രക്ടർ | - 10 |
| ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് | - 10 |
| നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ) | - 2 |
| നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ) | - 9 |
| ക്ലർക്ക് | - 1 |

ഹൈസ്കൂളുകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| (1) | (2) |
| എൽ.പി.എസ്.എ. | 125 |
| യു.പി.എസ്. എ. | 16 |
| എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 24 |
| എച്ച്.എസ്.എ. (മാത്ത്സ്) | 9 |
| എച്ച്.എസ്.എ. (എൻ.എസ്.) | 7 |

| (1) | (2) |
|---|---|
| എച്ച്.എസ്.എ. (എസ്.എസ്.) | 5 |
| ക്ലർക്ക് | 4 |
| ഓഫീസ് അറ്റൻഡന്റ് | 4 |
| എഫ്.റ്റി.സി.എം. | 11 |

(ബി) ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എച്ച്.എസ്.എ. (ഇംഗ്ലീഷ്) സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി ഉത്തരവ് വന്നതിനുശേഷം മാത്രമേ നടപടികൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**കുട്ടികളിൽ വ്യായാമവും കായികാഭിരുചിയും വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

100(4852) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ വ്യായാമവും കായികാഭിരുചിയും വളർത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) കായിക മേഖലയിൽ കുറഞ്ഞുവരുന്ന കേരളത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വളരെ ചെറുപ്രായത്തിൽതന്നെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി പ്രൈമറിതലം മുതൽ കായിക പരിശീലനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഓരോ പ്രദേശത്തെയും ജനങ്ങളുടെ കായിക അഭിരുചിയും പ്രാവീണ്യവും പരിശോധിച്ച് പ്രാദേശികമായി പ്രാമുഖ്യമുള്ള കായിക വിനോദങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിന് സ്കൂൾതലത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാവശ്യമായ പീരിയഡുകൾ നൽകിവരുന്നുണ്ട്. ഈ പീരിയഡുകളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിലുള്ള വ്യായാമം പരിശീലിപ്പിക്കുന്നുണ്ട്. ഇത്തരം പീരിയഡുകളിൽ കുട്ടികളുടെ കായിക അഭിരുചി മനസ്സിലാക്കുകയും അതിനുവേണ്ടുന്ന പരിശീലനവും നൽകിവരുന്നുണ്ട്.

(ബി) കായികമേഖലയിൽ കുറഞ്ഞുവരുന്ന കേരളത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വളരെ ചെറുപ്രായത്തിൽ തന്നെ കായികപ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി 100 കുട്ടികളിൽ കൂടുതലുള്ള യു. പി. സ്കൂളുകളിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും കെ.ഇ.ആർ.-ലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി കരാറടിസ്ഥാനത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിന് 5-10-2016-ലെ സ.ഉ. (എം എസ്)നമ്പർ 170/2016/പൊ.വി.വ.നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർവശിക്ഷാ അഭിയാൻ അതിനുവേണ്ടുന്ന നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രാദേശികമായി പ്രാമുഖ്യമുള്ള കായിക വിനോദങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിന് സ്കൂൾതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ആദായകരമല്ലാത്ത എയ്ഡഡ്/സർക്കാർ സ്കൂളുകൾ

101(4853) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ 2015-16 കാലയളവിൽ നടന്ന പരിശോധനകളിൽ ആദായകരമല്ലാതെ കണ്ടെത്തിയ സ്കൂളുകൾ, 10 കുട്ടികൾ പോലുമില്ലാത്തവ, അറുപതിൽ താഴെ മാത്രം കുട്ടികളുള്ളവ, ആദായകരമല്ലാത്തവയിൽ എയ്ഡഡ്/സർക്കാർ സ്കൂളുകൾ, ഒരു കുട്ടി പോലുമില്ലാതെ പൂട്ടിയ സർക്കാർ/എയ്ഡഡ് എന്നിങ്ങനെ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ സ്കൂളുകൾ അടച്ചുപൂട്ടേണ്ട അവസ്ഥയുണ്ടാവാനുള്ള കാരണം വകുപ്പ് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ കണ്ടെത്തിയ സ്കൂളുകളുടെ പഠന നിലവാരം ഉറപ്പുവരുത്തി കൂടുതൽ കുട്ടികളെ എത്തിച്ച് സ്കൂളുകൾ നിലനിർത്താൻ നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിലായി അദ്ധ്യാപകർ ഉൾപ്പെടെ എത്ര ജീവനക്കാർ (സർക്കാർ/എയ്ഡഡ്) ഉണ്ടായിരുന്നു എന്നും അവരുടെ തൊഴിൽ സംരക്ഷിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)( i) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ 2015-16 കാലയളവിൽ കണ്ടെത്തിയ ആദായകരമല്ലാത്ത സ്കൂളുകളുടെ എണ്ണം - 5715

(ii) 10 കുട്ടികൾ പോലുമില്ലാത്ത സർക്കാർ സ്കൂളുകളുടെ എണ്ണം - 144

(iii) 60-ൽ താഴെ മാത്രം കുട്ടികൾ ഉള്ള സ്കൂളുകൾ - 3417

(iv) ആദായകരമല്ലാത്ത സർക്കാർ സ്കൂളുകൾ - 2606

(v) ആദായകരമല്ലാത്ത എയ്ഡഡ് സ്കൂളുകൾ - 3109

(vi) ഒരു കുട്ടിപോലും ഇല്ലാത്ത സ്കൂളുകളുടെ എണ്ണം - 6

(ഇവയിൽ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.)

(ബി) പരിശോധിച്ചിട്ടുണ്ട്. പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നുവെന്ന ധാരണ പൊതുസമൂഹത്തിൽ പരക്കാനിടയായതും പൊതുവിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങളുടെ പരിമിതികളും പൊതുവിദ്യാഭ്യാസ മേഖലയിൽ ഉയർന്നുവരാറുള്ള അനാവശ്യ വിവാദങ്ങളും കുട്ടികൾ കുറയുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചെടുത്തുവെന്ന് വിലയിരുത്തപ്പെടുന്നു.

(സി) കുട്ടികൾ കുറഞ്ഞുവരുന്ന സ്കൂളുകളെ കണ്ടെത്തി ആർ.എം.എസ്.എ., എസ്.എസ്.എ. വഴി നിരവധി പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയുംവരുന്നു. കൂടാതെ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ക്ലാസ്റൂമുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.

(ഡി) പ്രസ്തുത സ്കൂളുകളിലായി അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം

ഗവൺമെന്റ് - 17,365

എയ്ഡഡ് - 17,122

പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സംരക്ഷണത്തിന് നിലവിൽ ഭീഷണിയൊന്നും ഇല്ല.

**പാഠപുസ്തകങ്ങൾ**

102(4854) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ടോ;

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ ഏതെങ്കിലും ക്ലാസിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുതകുന്ന മെച്ചപ്പെട്ട സിലബസ് തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ഡി) കുട്ടികളിൽ പരിസ്ഥിതി ബോധവും അധ്വാനശീലവും വളർത്തുന്നതിനു വേണ്ടി കാർഷിക കരകൗശല മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദീകരിക്കുമോ?

**ഉത്തരം**

(എ) 2016-17-ലെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചുവരുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പാഠപുസ്തകങ്ങൾ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കി ന്യൂനതകൾ ഉണ്ടെങ്കിൽ പരിഷ്കരിച്ച് കുറ്റമറ്റതാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുതകുന്ന പാഠ്യപദ്ധതിയും സിലബസും പാഠപുസ്തകങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) കുട്ടികളിൽ പരിസ്ഥിതി ബോധവും അധ്വാനശീലവും വളർത്തുന്നതിന് ഊന്നൽ നൽകിയാണ് സ്കൂൾ പാഠ്യപദ്ധതി രൂപം നൽകിയിരിക്കുന്നത്.

## പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാതെ അദ്ധ്യയനവും പരീക്ഷകളും

103(4855) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ ഓണപരീക്ഷ നടത്തിയത് എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകവും ലഭ്യമാക്കിയതിനു ശേഷമാണോ എന്നുള്ള വിശദാംശം അറിയിക്കുമോ;

(ബി) പാഠപുസ്തകങ്ങൾ ലഭിക്കാത്ത വിദ്യാർത്ഥികൾ ഏത് രീതിയിൽ പരീക്ഷയ്ക്ക് തയ്യാറെടുത്തുവെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാതെ അദ്ധ്യയനവും പരീക്ഷകളും നടത്തുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം ശരിയായി വിലയിരുത്താൻ കഴിയുമോയെന്നുള്ള വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) പാഠപുസ്തകങ്ങൾ ലഭിക്കാതെ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയവും പാഠപുസ്തകം പഠിച്ച് പരീക്ഷ എഴുതുന്നവരുടെ മൂല്യനിർണ്ണയവും ഒരേ രീതിയിൽ നടത്തുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പാഠപുസ്തകങ്ങൾ യഥാസമയം വിതരണം നടത്താത്തതിലൂടെ വിദ്യാഭ്യാസ അവകാശ നിയമം ഏതെങ്കിലും രീതിയിൽ ലംഘിക്കപ്പെട്ടതായി കരുതുന്നുണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17 -ലെ ഒന്നാം വാല്യം പാഠപുസ്തക വിതരണത്തിനുശേഷം ഷോർട്ടേജായി ശ്രദ്ധയിൽപ്പെട്ട പാഠപുസ്തകങ്ങളുടെ അഡീഷണൽ റീ-പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകുകയും കെ.ബി.പി.എസ്. അവ അച്ചടിച്ച് വിതരണം നടത്തുന്നതിനോടൊപ്പം റവന്യൂ ജില്ലകളിൽ അധികമുള്ളതും കുറവുള്ളതുമായ പാഠപുസ്തകങ്ങളുടെ കണക്ക് ശേഖരിച്ച് പാഠപുസ്തക ഓഫീസിലെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അവ പുനഃക്രമീകരണം നടത്തിയതിലൂടെ ഓണപ്പരീക്ഷയ്ക്ക് മുമ്പേ പാഠപുസ്തക വിതരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പാഠപുസ്തകം ലഭിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ സമയോചിതമായ നടപടിയിലൂടെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ പാഠപുസ്തകത്തിന്റെ ലഭ്യതക്കുറവ് പരീക്ഷയെ ബാധിച്ചിട്ടില്ല.

(സി) പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലെന്ന പരാതികളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, പാഠപുസ്തക ഓഫീസിലെ ജീവനക്കാർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ യഥാസമയം സ്കൂളുകൾക്ക് പാഠപുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) പാഠപുസ്തകങ്ങളുടെ ഷോർട്ടേജ് പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരടക്കം പാഠപുസ്തക ഓഫീസിലെ ജീവനക്കാരും ഒരുപോലെ പരിശ്രമിച്ചതിന്റെ ഫലമായി ഓണപ്പരീക്ഷയ്ക്കുമുമ്പേതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാനായിട്ടുണ്ട്. പാഠപുസ്തകം ലഭ്യമാകാതെ പരീക്ഷ എഴുതാൻ ബുദ്ധിമുട്ടി എന്നത് സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പാഠപുസ്തകങ്ങൾക്ക് യഥാസമയം ഇൻഡന്റിംഗ് നൽകുന്നതിൽ ചില പിഴവുകൾ സംഭവിച്ചതുമൂലം പാഠപുസ്തക വിതരണത്തിൽ ചില പരാതികൾ ഉയർന്നുവന്നിരുന്നുവെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾക്കെല്ലാം ഉടനടി പരിഹാരം കണ്ടെത്തുകയും അതുവഴി വിദ്യാഭ്യാസ അവകാശ നിയമം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം

104(4856) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ അവകാശ നിയമവ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

വിദ്യാഭ്യാസ അവകാശ നിയമം 2009-ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100-ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ കലാകായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളിലേയ്ക്കും 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി.സ്കൂളിലേയ്ക്കും കല (സാഹിത്യം, ചിത്രകല),

കായിക പ്രവൃത്തി പരിചയം എന്നീ മൂന്ന് വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം (29,000/മാസം) നൽകിക്കൊണ്ട് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും കെ.ഇ.ആർ.-ലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും സംസ്ഥാന സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുവാൻ എസ്.എസ്.എ.സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി 15-10-2016-ലെ സ.ഉ. (എം.എസ്) നമ്പർ 170/2016/പൊവിവ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ അടിയന്തരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചുകഴിഞ്ഞു. നവംബർ ആദ്യവാരം നടക്കുന്ന ഇന്റർവ്യൂവിലൂടെ അർഹതയുള്ളവരെ തെരഞ്ഞെടുത്ത് നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

105(4857) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പശ്ചാത്തല-പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അൺ എയ്ഡഡ് - സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കത്തക്ക തരത്തിൽ മാറ്റിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാലയങ്ങളോട് പുറംതിരിഞ്ഞ് നിൽക്കുന്ന സമൂഹത്തിലെ മധ്യവർഗ്ഗത്തിനെ പൊതുവിദ്യാലയങ്ങളിലേക്ക് തിരികെ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുമോയെന്നറിയിക്കുമോ;

(ഇ) ആഗോള ഭാഷയായ ഇംഗ്ലീഷ് ഫലപ്രദമായി പഠിപ്പിക്കുന്നതിൽ പൊതുവിദ്യാലയങ്ങൾ പിന്നോക്കമാണ് എന്ന ആക്ഷേപം കണക്കിലെടുത്ത് ഇംഗ്ലീഷ് അധ്യാപനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ അക്കാദമികമായും ഭൗതികമായും സാമൂഹ്യപങ്കാളിത്തപരമായുള്ള മികവ് കൈവരിക്കുകയും വിദ്യാർത്ഥികേന്ദ്രീകൃത അദ്ധ്യയനത്തിലൂടെ ആകർഷകവും ഫലപ്രദവുമാക്കുകയും അപ്രകാരം വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയുമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(ബി) സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനും ഐ.സി.റ്റി. അധിഷ്ഠിതമായി പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിനും സാമൂഹ്യ ഇടപെടലുകളോടെ പിന്തുണാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഒൻപതാംക്ലാസ് വിദ്യാർത്ഥികളുടെ ശാസ്ത്രം, ഗണിതം, മാതൃഭാഷ എന്നീ വിഷയങ്ങളിലെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി 'നവപ്രഭ' എന്ന ഒരു പ്രത്യേക പദ്ധതി ആർ.എം.എസ്.എ. വഴി നടപ്പാക്കിവരുന്നു. കുട്ടികളിൽ ശാസ്ത്ര, ഗണിതശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിനുപുറത്ത് ദേശീയ പ്രാധാന്യമുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് ആയിരം കുട്ടികൾക്ക് അവസരം നൽകുക. ഇത്തരത്തിൽ സംസ്ഥാനത്തിനകത്ത് ശാസ്ത്ര ഗവേഷണ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് പതിനായിരം കുട്ടികൾക്ക് അവസരം നൽകുന്നുണ്ട്. സയൻസ്, ഗണിതശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.ഇ.ടി. കേരളയുടെ സഹായത്തോടെ ഇ-ലേണിംഗ് മെറ്റീരിയലുകളും മറ്റ് സഹായക ഉപകരണങ്ങളും നൽകുക, എല്ലാ സർക്കാർ സ്കൂളുകൾക്കും 15,000 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുക, കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലുമായി ചേർന്ന് എല്ലാ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും അഞ്ചുദിവസത്തെ യോഗ പരിശീലനം നൽകുക, പ്രഥമാദ്ധ്യാപകരുടെ ശേഷി വികസനത്തിന്റെ ഭാഗമായി ദേശീയതലത്തിൽ NUEPA നടപ്പാക്കുന്ന സ്കൂൾ ലീഡർഷിപ് ഡവലപ്മെന്റ്

പ്രോഗ്രാം 500 പ്രഥമാദ്ധ്യാപകർക്ക് നൽകുന്നതാണ്. പാഠഭാഗത്തിലെ കാഠിന്യമേഖലകൾ ആയാസരഹിതമാക്കുന്നതിനായി നിരന്തര മൂല്യനിർണ്ണയം, പാഠാസൂത്രണം എന്നിവയിൽ 3 ദിവസത്തെ ക്ലസ്റ്റർ പരിശീലനം അദ്ധ്യാപകർക്ക് നൽകുക. ലാബ് ശാക്തീകരണം, ലൈബ്രറി വികസനം, ക്ലാസ് മുറികൾ ആകർഷകമാക്കൽ, വർക്ക് എക്സ്പീരിയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയുടെ പരിപോഷണത്തിനാവശ്യമായ വസ്തുക്കൾ ഉറപ്പുവരുത്തൽ, ഐ.സി.റ്റി. ലാബിലെ അനുബന്ധ സൗകര്യം ഒരുക്കൽ, ജൈവപച്ചക്കറി കൃഷിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും 50,000 രൂപ സ്കൂൾ ഗ്രാന്റായി ലഭ്യമാക്കും. കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരമൊരുക്കുക, സ്കൂൾ ലൈബ്രറികളിലേക്ക് അവശ്യംവേണ്ട പുസ്തകങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്കായി എല്ലാ ജില്ലകളിലും ഓരോ ബുക്ക് ഫെയർ സംഘടിപ്പിക്കും. പെൺകുട്ടികളുടെ ശാക്തീകരണത്തിനായി എല്ലാ ജില്ലകളിലും 2 ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കും. എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ വിവിധ മേഖലകളിൽ പരിശീലനം നൽകും. പെൺകുട്ടികളുടെ സ്വയം പ്രതിരോധശേഷി വികസനത്തിന്റെ ഭാഗമായി കളരി, കരാട്ടേ തുടങ്ങിയ ആയോധന കലകളിൽ പരിശീലനം നൽകും. ഇന്ററാക്ടീവ് റേഡിയോ പ്രോഗ്രാമിന്റെ ഭാഗമായി ആകാശവാണിയുമായി ചേർന്ന് പ്രത്യേക വിദ്യാഭ്യാസ പരിപാടി നടപ്പാക്കും. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 14 സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 'ശാലാ ദർപ്പൺ' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) അൺ എയ്ഡഡ്-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കതീതമായി ഉയർന്ന നിലവാരം പുലർത്തുന്നതിനും പഠനം ഉറപ്പാക്കുന്ന തരത്തിലുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിദ്യാലയങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയതിലേക്കായി അക്കാദമികമായും ഭൗതികമായും മറ്റുമുള്ള നവീകരണ പദ്ധതികളുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ ഘടന, ബയോഡൈവേഴ്സിറ്റി പാർക്ക്, കലാസാംസ്കാരിക പാർക്ക്, ഹൈടെക് ക്ലാസ് റൂം തുടങ്ങിയവയും പ്രൈമറി സ്കൂളുകളിലെ ഇംഗ്ലീഷ് പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതി തുടങ്ങിയവയ്ക്ക് തുടക്കംകുറിച്ചിട്ടുണ്ട്. വിദ്യാർത്ഥികേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ

ബഹുമുഖമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുതകുന്നതരത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് കലാകായിക രംഗങ്ങളിലുള്ള കഴിവുകൾ വളർത്തിയെടുക്കുന്നതിനുതകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വ്യക്തിഗത കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി നൈപുണ്യകേന്ദ്രം സജ്ജീകരിക്കുന്നതിനും സ്കൂൾ ലബോറട്ടറികൾ നവീകരിക്കുന്നതിനും അദ്ധ്യാപക ശാക്തീകരണത്തിനും ഐ.സി.ടി. അടിസ്ഥാനപ്പെടുത്തിയുള്ള പഠനം ശക്തിപ്പെടുത്തുന്നതിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) ഉണ്ടാകും.

(ഇ) പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനുമായി കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതിന്റെ ഭാഗമായി പ്രൈമറി മേഖലയിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് വായനാ മെറ്റീരിയൽ തയ്യാറാക്കൽ, ഇംഗ്ലീഷ് ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഡിജിറ്റൽ ടെക്സ്റ്റ്, മൾട്ടിമീഡിയ ക്ലാസ് റൂമുകൾ, വർക്ക് ഷീറ്റുകൾ, ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഇംഗ്ലീഷ് ഫെസ്റ്റ്, ബ്ലോഗുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## അംഗീകാരമില്ലാത്ത സ്കൂളുകൾ

106(4858) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന എട്ട്, ഒമ്പത് ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് പൊതു വിദ്യാലയത്തിൽ പ്രവേശനം നൽകാൻ ഉത്തരവുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അദ്ധ്യയന വർഷം തുടങ്ങി മൂന്നു മാസം പിന്നിട്ടതിനാൽ അപ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഹാജർ കുറവിന്റെ പ്രശ്നം ഉണ്ടാകുമോ;

(സി) പ്രസ്തുത കാലയളവിൽ നഷ്ടപ്പെട്ട ക്ലാസ്സുകൾ നികത്തുവാൻ സ്കൂൾതലത്തിൽ സംവിധാനം ചെയ്യുമോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇത് സംബന്ധിച്ച് ഇപ്പോൾ ഇറക്കിയ ഉത്തരവ് ഈ അദ്ധ്യയന വർഷത്തേക്ക് മാത്രം ബാധകമായിട്ടുള്ളതാണോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII റൂൾ 9(2) പ്രകാരം 40% വരെയുള്ള ഹാജർ കുറവ് മാപ്പാക്കാനുള്ള അധികാരം വിദ്യാഭ്യാസ ഓഫീസർക്കുണ്ട്. ഈ വർഷം അതിൽ കൂടുതൽ കാലയളവ് മാപ്പാക്കേണ്ടിവന്നാൽ സർക്കാരിൽ ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രത്യേക കേസായി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) അംഗീകാരമില്ലാത്തതാണെങ്കിലും മറ്റൊരു സ്കൂളിൽ പഠിച്ചു കൊണ്ടിരുന്നവരായതിനാൽ ഇത്തരം കുട്ടികൾക്ക് തുടർപഠനം ഒരു പ്രശ്നമാകാറില്ല.

(ഡി) അതെ. 2016-17 അദ്ധ്യയന വർഷത്തേക്ക് മാത്രമുള്ളതാണ് പ്രസ്തുത ഉത്തരവ്.

**മതനിരപേക്ഷമല്ലാത്ത പാഠ്യപദ്ധതി**

107(4859) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചക്കര പറമ്പിനു സമീപമുള്ള സി.ബി.എസ്.ഇ. സ്കൂളിൽ മതനിരപേക്ഷമല്ലാത്ത പാഠ്യപദ്ധതി നടപ്പാക്കിയെന്ന പരാതിയിൽ എന്തു നടപടിയാണ് എടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ മാനേജ്മെന്റായ പീസ് ഫൗണ്ടേഷന് സംസ്ഥാനത്ത് എത്ര സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ പാഠ്യ പദ്ധതികളിലും, നടത്തിപ്പിലും മതേതര സ്വഭാവം പുലർത്താത്ത സി.ബി.എസ്.ഇ. സ്കൂളുകളെ കണ്ടെത്തുന്നതിനും നടപടി എടുക്കുന്നതിനും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ ) വകുപ്പുതല അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി.-ക്ക് അപേക്ഷിച്ചിട്ടുള്ള ഏഴ് സ്കൂളുകളുണ്ട്.

(സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ

108(4860) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ തുടർച്ചയായി അവധിയെടുക്കുകയും അക്കാഡമിക് കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന അദ്ധ്യാപകർ വിജയിച്ചുകഴിഞ്ഞാൽ തെരഞ്ഞെടുക്കപ്പെടുന്ന കാലയളവിൽ അവധിയെടുക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാവുമോ?

ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

## ഇന്റർനെറ്റിനോടുള്ള അശാസ്ത്രീയ സമീപനം

109(4861) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റിനോടുള്ള അശാസ്ത്രീയ സമീപനം വിദ്യാർത്ഥികൾക്കിടയിൽ സൈബർ നിയമലംഘനങ്ങൾക്കും ഇന്റർനെറ്റിന്റെ പ്രയോജനം സംബന്ധിച്ച് തെറ്റായ ആശയങ്ങൾക്കും വഴിമരുന്നിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഫലപ്രദവും സുരക്ഷിതവുമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകളിൽ ഇന്റർനെറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഭദ്രവും സുരക്ഷിതവുമായ ഇന്റർനെറ്റ് ഉപയോഗം ഉറപ്പുവരുത്തുവാൻ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.സി.ടി. പാഠപുസ്തകങ്ങളിൽ ഇന്റർനെറ്റ് സുരക്ഷിതത്വം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിപുലമായ സൈബർ സുരക്ഷാ പരിപാടികൾ നടത്തുന്നതിന് ഐ.റ്റി. @ സ്കൂൾ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാർത്ഥികൾ ഫലപ്രദവും സുരക്ഷിതവുമായ രീതിയിലാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നതെന്ന് സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതിലേക്ക് പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും ഡിപ്പാർട്ട്മെന്റ് തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളുകളിൽ മൊബൈൽ ഫോൺ, ഫേസ് ബുക്ക്, വാട്ട്സ് ആപ് എന്നിവയ്ക്ക് നേരത്തെതന്നെ വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ഫലപ്രദവും സുരക്ഷിതവുമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിന് സ്കൂൾതലം മുതൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ Cyber Crime/Cyber Law എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരായവരുടെ ക്ലാസ്സുകൾ നടത്താറുണ്ട്.

**വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം**

110(4862) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1 മുതൽ 8 വരെ ക്ലാസുകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കാണ് സൗജന്യമായി യൂണിഫോം നൽകിവരുന്നത്. 2016-17 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ മുഴുവൻ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗം ഒഴികെയുള്ള ആൺകുട്ടികൾക്കും യൂണിഫോമിനായി 400 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് പണം അനുവദിച്ചിരുന്നു. തുടർന്ന് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 400 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 22-9-2016 -ലെ സർക്കാർ ഉത്തരവ് (കൈ) 160/16/ പൊ.വി.വ. തീയതി പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## ലക്ചറർമാരുടെ നിയമനം

111(4863) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99, 1999-2000, 2000-2001 വർഷങ്ങളിൽ കോളേജുകളിൽ അനുവദിച്ച പുതിയ കോഴ്സുകളിലേക്കുള്ള ലക്ചറർമാരുടെ നിയമനം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ നിബന്ധനകളോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ അനുവദിച്ച പുതിയ കോഴ്സുകളെ സംബന്ധിച്ച നിബന്ധനകൾ നിഷ്കർഷിച്ചു കൊണ്ടുള്ള മൂന്ന് സർക്കാർ ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച കോഴ്സുകളിൽ ഓരോ വർഷവും ഏർപ്പെടുത്തിയ നിബന്ധനകൾ എന്തെല്ലാം;

(ഡി) മേല്പറഞ്ഞ മൂന്ന് സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ ഒന്നു തന്നെയാണോ അതോ വ്യത്യസ്തമാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) വ്യത്യസ്തമാണെങ്കിൽ ഒരു വർഷം അനുവദിച്ച കോഴ്സുകൾക്ക് ഏർപ്പെടുത്തിയ നിബന്ധനകൾ മറ്റൊരു വർഷം അനുവദിച്ച കോഴ്സുകൾക്ക് നിയമപരമായി ബാധകമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1998-99, 1999-2000, 2000-01 വർഷങ്ങളിൽ കോളേജുകളിൽ അനുവദിച്ച പുതിയ കോഴ്സുകളിലേയ്ക്കുള്ള ലക്ചറർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് സാമ്പത്തിക പരിമിതിമൂലം നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു.

(ബി) 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ആർട്സ് & സയൻസ് കോളേജുകളിൽ കോഴ്സുകൾ അനുവദിച്ചതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. *

2000-01 വർഷത്തിൽ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 1998-99-ൽ പുറപ്പെടുവിച്ച 9-11-1998- ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 134/98/ഉവിവ. പ്രകാരം 1998-99 വർഷത്തിൽ അനുവദിച്ച പുതിയ കോഴ്സുകളിലെ നിയമനങ്ങളിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിരുന്നു. 9-11-1998-ലെ സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 134/98/ഉവിവ.-ന് തുടർച്ചയായി പുറപ്പെടുവിച്ച 13-1-1999-ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 07/99/ഉവിവ. എന്ന ഉത്തരവ് പ്രകാരം, മുൻ ഉത്തരവ് പ്രകാരം പുതിയ കോഴ്സുകൾ തുടങ്ങുന്നതിനായി ബജറ്റിൽ അനുവദിച്ച ഒരുകോടി രൂപ ഗസ്റ്റ് ലക്ചറർമാരുടെ ചെലവിനായും മാലിയൻകര എസ്.എൻ.എം. കോളേജിലെ എം.എസ്.സി. കെമിസ്ട്രി കോഴ്സിനുപകരം എം.എസ്.സി. ഫിസിക്സ് കോഴ്സ് തുടങ്ങുന്നതിനുമായി അനുവദിച്ച് ഉത്തരവായിരുന്നു. 1999-2000-ലെ 6-12-1999-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 162/99/ഉവിവ. പ്രകാരം 1999-2000 വർഷത്തിൽ അനുവദിച്ച പുതിയ കോഴ്സുകളിലെ അദ്ധ്യാപക നിയമനത്തിന്റെ ചെലവ് ബജറ്റ് അലോട്ട്മെന്റിൽ കൂടുതൽ ആകാൻ പാടില്ല എന്നതായിരുന്നു നിബന്ധന.

2000-2001 വർഷത്തിൽ പുതിയ കോഴ്സുകൾ അനുവദിച്ചതായി കാണുന്നില്ല. എന്നാൽ 30-7-2001-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 90/2001/ഉവിവ. പ്രകാരം അനുവദിച്ച പുതിയ കോഴ്സുകൾ കാരണം സർക്കാരിന് സാമ്പത്തിക ബാധ്യത വരുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ മുൻപ് അനുവദിച്ച പുതിയ കോഴ്സുകൾ കാരണം സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നപക്ഷം കോഴ്സുകൾക്ക് മാറ്റം വരുത്താനും പ്രസ്തുത സർക്കാർ ഉത്തരവിൽ നിബന്ധന ഉണ്ടായിരുന്നു. മാത്രമല്ല വർക്ക് ലോഡ് കണക്കാക്കി സാമ്പത്തിക ബാധ്യത ഉണ്ടാകാതെ പുതിയ കോഴ്സുകൾ നടത്തുന്നതിനും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി&ഇ) വ്യത്യസ്തമാണ്. ഒരു വർഷം അനുവദിച്ച കോഴ്സുകൾക്ക് ഏർപ്പെടുത്തിയ നിബന്ധനകൾ മറ്റൊരു വർഷം അനുവദിച്ച കോഴ്സുകൾക്ക് ബാധകമാക്കിയിട്ടുള്ളതായി കാണുന്നില്ല.

## ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

112 (4864) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര-കുടിയേറ്റ മേഖലയിലെ ഏക സർക്കാർ കോളേജായ ഇ.കെ. നായനാർ മെമ്മോറിയൽ ഗവ. കോളേജിൽ

പുതിയ കോഴ്സകൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടായിട്ടും കോഴ്സകൾ അനുവദിക്കുന്ന നടപടികൾ വൈകുന്നതിനാൽ ഈ മേഖലയിലെ വിദ്യാർത്ഥികൾ വിദൂര സ്ഥലങ്ങളെ ആശ്രയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ പുതിയ യു.ജി./പി.ജി. കോഴ്സകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഇ. കെ. നായനാർ മെമ്മോറിയൽ ഗവ. കോളേജ് പുതിയ കോഴ്സകൾക്കായി കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ലോ കോളേജുകളിലെ സെമസ്റ്റർ പരീക്ഷ**

113 (4865) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോ കോളേജുകളിൽ രണ്ടാം സെമസ്റ്റർ പഠനം ആരംഭിച്ചിട്ടും ഒന്നാം സെമസ്റ്റർ പരീക്ഷകൾ നടത്താത്തതും പരീക്ഷാ തീയതികൾ പോലും നിശ്ചയിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത സെമസ്റ്ററുകളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുൻപായി ഓരോ സെമസ്റ്റർ പരീക്ഷകളും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൽ. എൽ. ബി. അഡ്മിഷന് കാലതാമസം നേരിടുന്നതുകൊണ്ടാണ് ഒന്നാം സെമസ്റ്റർ പരീക്ഷകൾ രണ്ടാം സെമസ്റ്റർ ക്ലാസുകൾ ആരംഭിച്ചതിനുശേഷം നടത്തേണ്ടിവരുന്നത്. എന്നാൽ മറ്റു സെമസ്റ്റർ പരീക്ഷകൾ കൃത്യസമയത്തുതന്നെ നടത്താറുണ്ട്.

## പ്രീ-ഡിഗ്രി നിർത്തലാക്കിയത്

114(4866) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത് എന്നായിരുന്നു;

(ബി) 3-7-1997-ലെ 11899/ബി1/97/ഉ.വി.വ നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 1998-99, 1999-2000, 2000-2001 കാലഘട്ടങ്ങളിൽ ഡിഗ്രി കോഴ്സിന് അംഗീകാരം നൽകിയ മാനേജ്മെന്റ് കോളേജുകളുടെ പട്ടിക ലഭ്യമാക്കുമോ;

(ഡി) 20-8-2010-ന് മുൻപ് പ്രസ്തുത കോഴ്സുകൾ സുഗമമായി നടത്തുന്നതിന് എത്ര ലക്ചറർമാരെ നിയമിച്ചിരുന്നു; അവരിൽ എത്ര പേരുടെ സേവനമാണ് റഗുലറൈസ് ചെയ്തത്; വിശദമാക്കുമോ;

(ഇ) മന്നാനിയ കോളേജിൽ സൈക്കോളജി ലക്ചററായി നിയമനം ലഭിച്ച വ്യക്തിയുടെ 2 വർഷത്തെ സർവ്വീസ് റഗുലറൈസ് ചെയ്തിട്ടില്ല എന്നും നാളിതുവരെ ടിയാന് വേതനം നൽകിയിട്ടില്ല എന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1997-ലാണ് കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത്.

(ബി) പ്രസ്തുത നമ്പരിൽ ഒരു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല. എന്നാൽ പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത് സംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പുറത്തിറക്കിയിട്ടുള്ള ഇതേ നമ്പരായുള്ള നടപടിക്രമത്തിന്റെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) പട്ടിക ഇതോടൊപ്പം നൽകുന്നു. *(അനുബന്ധം)

(ഡി) ലക്ചറർമാരുടെ കൃത്യമായ വിവരം ക്രോഡീകരിക്കപ്പെട്ടിട്ടില്ല. അത്തരം അദ്ധ്യാപകരിൽ ചിലർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നൽകിയ കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

11-9-2015- ൽ G.O. (MS) No. 580/15/H.Edn. നമ്പരിൽ 20-8-2010- നുമുമ്പ് നിയമനം ലഭിച്ചവർക്ക് ശമ്പളം അനുവദിക്കുകയും പ്രസ്തുത ശമ്പളം പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കാനും അതിനെ 5 വർഷത്തെ കാലാവധി കഴിഞ്ഞുമാത്രമേ പിൻവലിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഇ) ശ്രീമതി പ്രതിഭ എസ്. നായർ എന്ന അദ്ധ്യാപികയുടെ ശമ്പളം അനുവദിക്കുന്ന വിഷയം നിലനിൽക്കുകയാണ്.

**എടത്വ സെന്റ് അലോഷ്യസ് കോളേജിൽ പുതിയ കോഴ്സുകൾ**

115 (4867) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എടത്വ സെന്റ് അലോഷ്യസ് കോളേജിൽ ബി. എ. മലയാളം എയ്ഡഡ് കോഴ്സ് തുടങ്ങുന്നതിന് ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിന്റെ 12-9-2013-ലെ സ.ഉ(കൈ) നമ്പർ 615/13/ഉ.വി.വ പ്രകാരം, സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോളേജിൽ എം.എസ്.സി. (സുവോളജി), കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സിൽ സെൽഫ് ഫൈനാൻസിംഗ് യു. ജി. കോഴ്സ് എന്നിവ തുടങ്ങണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ എടത്വ സെന്റ് അലോഷ്യസ് കോളേജിൽ ബി.എ. മലയാളം എയ്ഡഡ് കോഴ്സ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. 12-9-2013-ലെ സ.ഉ. (കൈ) നമ്പർ 615/13/ ഉ.വി.വ പ്രകാരം ഈ കോളേജിൽ നിബന്ധനകൾക്ക് വിധേയമായി എം.എസ്.സി. സുവോളജി കോഴ്സ് തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിൽ എം.എസ്.സി. (സുവോളജി) സെൽഫ് ഫൈനാൻസിംഗ് കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല. കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സിൽ സെൽഫ് ഫൈനാൻസിംഗ് യു.ജി. കോഴ്സ് അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ എൻറോൾമെന്റ് റേഷ്യോ

116 (4868) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ എൻറോൾമെന്റ് റേഷ്യോ തൃപ്തികരമാണോ; അല്ലെങ്കിൽ പ്രസ്തുത റേഷ്യോ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്തെ എൻറോൾമെന്റ് റേഷ്യോ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ എൻറോൾമെന്റ് റേഷ്യോ തൃപ്തികരമാണ്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തെ എൻറോൾമെന്റ് റേഷ്യോ ജില്ല തിരിച്ച് സൂക്ഷിച്ചിട്ടില്ല.

## ഡിഗ്രി പ്രവേശന നടപടി

117 (4869) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടപ്പു വിദ്യാഭ്യാസ വർഷത്തിൽ ഡിഗ്രി പ്രവേശനത്തിന് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ മുൻകാലങ്ങളിൽ സ്വീകരിച്ചുവന്ന നയം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഓൺലൈൻ അലോട്ടുമെന്റുകൾക്കുശേഷം പ്രൊഫഷണൽ അഡ്മിഷൻ പൂർത്തിയാവും മുമ്പ്, എല്ലാ ഒഴിവുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്താൻ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ കോളേജുകൾക്ക് അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അതു കൊണ്ടുള്ള നേട്ടം വിശദമാക്കുമോ?

ഉത്തരം

(എ) ബിരുദ പ്രവേശനത്തിന് 30-9-2016 വരെ സമയ പരിധി സർക്കാർ നിർദ്ദേശിച്ചിരുന്നു. വിവിധ സർവ്വകലാശാലകൾ അവലംബിച്ച തീയതി അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കണ്ണൂർ യൂണിവേഴ്സിറ്റി 2015-16 അദ്ധ്യയന വർഷം മുതൽ ഏകജാലക സംവിധാനം വഴിയും അതിനുമുൻപ് അതാത് കോളേജുകൾ മുഖേനയുമാണ് പ്രവേശനം നടത്തിയിരുന്നത്. എന്നാൽ 2012 അദ്ധ്യയനവർഷം മുതൽ കേരള സർവ്വകലാശാലയിൽ സെൻട്രലൈസ്ഡ് അലോട്ട്മെന്റ് ഓൺലൈൻ സംവിധാനമായിരുന്നു. മുൻവർഷങ്ങളിൽ മൂന്ന് ഓൺലൈൻ അലോട്ടുമെന്റുകൾക്കു ശേഷം സ്വാശ്രയ കോളേജുകൾക്ക് സ്വന്തമായി അഡ്മിഷൻ നടത്തുന്നതിനുള്ള അനുവാദം നൽകിയിരുന്നു. പ്രവേശനം അവസാനിക്കുന്ന ഘട്ടത്തിൽ മറ്റ് അഫിലിയേറ്റഡ് കോളേജുകളിലും ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള അനുവാദം നൽകിയിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ 2014-15 മുതൽ ബിരുദ പ്രവേശനം ഏകജാലകം വഴിയാണ്. 2011 വർഷം മുതൽ എം.ജി.-യിൽ ബിരുദ പ്രവേശനം ഏകജാലകം വഴിയാണ്.

(സി) ഓൺലൈൻ അലോട്ടുമെന്റുകൾക്കുശേഷം പ്രൊഫഷണൽ അഡ്മിഷൻ പൂർത്തിയാവും മുമ്പ്, നിലവിലുള്ള ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്താൻ കേരള യൂണിവേഴ്സിറ്റി അനുമതി നൽകിയിട്ടുണ്ട്. സ്പോട്ട് അഡ്മിഷൻ അതാത് കോളേജുകളിൽവച്ച് നടത്തുന്നത് പ്രദേശവാസികളായ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനും പരമാവധി ഒഴിവുകൾ നികത്തുന്നതിനും സഹായകമായിട്ടുണ്ട് എന്നതാണ് വിലയിരുത്തൽ.

**കൊല്ലം ജില്ലയിലെ കുളക്കട സ്കിൽ പാർക്കിന്റെ നിർമ്മാണം**

118 (4870) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പ്രകാരം കൊല്ലംജില്ലയിൽ കുളക്കട സ്കിൽ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിൽ കുളക്കട കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി 26-2-2016-ന് ടെണ്ടർ ക്ഷണിക്കുകയും 15-4-2016-നു ടെണ്ടർ തുറക്കുകയും ചെയ്തു. യോഗ്യരായ ലേലക്കാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തി 12-8-2016-ൽ റീടെണ്ടർ ചെയ്തു. തുടർന്ന് ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ ചെയ്യുകയും ഫിനാൻഷ്യൽ ബിഡ് 18-10-2016-ൽ തുറക്കുകയും ചെയ്തു. തുടർനടപടികൾ പൂർത്തീകരിച്ചുവരുന്ന മുറയ്ക്ക് പ്രസ്തുത നിർമ്മാണ പ്രവൃത്തി അവാർഡ് ചെയ്യുന്നതായിരിക്കും.

**മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ്**

119 (4871) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസിൽ എന്നാണ് ബി.കോം (ടി.ടി.എം.) കോഴ്സ് അനുവദിച്ചത്;

(ബി) പ്രസ്തുത കോളേജിലേയ്ക്ക് സൈക്കോളജി ലക്ചറർ തസ്തിക സൃഷ്ടിക്കുന്നതിലേക്കായി യൂണിവേഴ്സിറ്റി 1-4-2004 തീയതിയിൽ ACFV/24000/ 2000 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് ശിപാർശ നൽകിയിരുന്നോ;

(സി) സൈക്കോളജി ലക്ചറർ തസ്തികയിലേയ്ക്ക് സർക്കാർ പ്രതിനിധികളും യൂണിവേഴ്സിറ്റി പ്രതിനിധികളും ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡാണോ തെരഞ്ഞെടുപ്പ് നടത്തി നിയമനം നൽകിയത്;

(ഡി) എയ്ഡഡ് കോളേജിലേക്കോ സ്വാശ്രയ കോളേജിലേക്കോ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതിനുള്ള സെലക്ഷൻ ബോർഡിലേക്ക് സർക്കാരും യൂണിവേഴ്സിറ്റിയും പ്രതിനിധികളെ അയയ്ക്കാറുണ്ടോ;

(ഇ) സൈക്കോളജി ലക്ചറർ ആയി നിയമനം നൽകിയ ഉദ്യോഗാർത്ഥിയുടെ നിയമന ഉത്തരവിൽ ഗസ്റ്റ് ലക്ചറർ ആയിട്ടാണ് നിയമിച്ചത് എന്ന് പ്രതിപാദിച്ചിട്ടുണ്ടോ; നിയമന ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(എഫ്) സ്ഥിരമായിട്ടായിരുന്നോ ഗസ്റ്റ് ലക്ചറർ ആയിട്ടായിരുന്നോ പ്രസ്തുത നിയമനം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999-2000 അദ്ധ്യയന വർഷത്തിലാണ് പാങ്ങോട് മന്നാനിയ കോളേജിൽ ബി.കോം (ടി.ടി.എം.) കോഴ്സിന് അനുമതി നൽകിയത്.

(ബി) നൽകിയിരുന്നു.

(സി) അതെ.

(ഡി) ഇല്ല.

(ഇ) ഇല്ല. മാനേജ്മെന്റ് നൽകിയ ഉത്തരവിന്റെ പകർപ്പനുസരിച്ച് നിയമനം ഗസ്റ്റ് ലക്ചറർ ആണെന്ന് പ്രതിപാദിച്ചിട്ടില്ല. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. *

(എഫ്) ലക്ചറർ ഇൻ സൈക്കോളജി എന്ന് വ്യക്തമാക്കിയതിനാൽ സ്ഥിരം തസ്തികയിലാണ് നിയമനം നടത്തിയിട്ടുള്ളത്.

**പെരിങ്ങോം ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണം**

120 (4872) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കുള്ള 10.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പെരിങ്ങോം ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കുള്ള 10.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പ്രൊഫസർ പദവിക്ക് യു.ജി.സി. നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ**

121 (4873) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെയും സർവ്വകലാശാലകളിലെയും അദ്ധ്യാപകർക്ക് പ്രൊഫസർ പദവി ലഭിക്കുന്നതിന് യു. ജി. സി. നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് പ്രൊഫസർ പദവി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ മാനദണ്ഡം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യു.ജി.സി. റഗുലേഷൻ പ്രകാരം നേരിട്ടും ഉദ്യോഗക്കയറ്റം വഴിയും പ്രൊഫസർ പദവി നേടാം. പ്രൊഫസർ പദവിക്ക് പി.എച്ച്.ഡി. നിർബന്ധമാണ്. കൂടാതെ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്കുകൂടി വിധേയമായിട്ടാണ് പ്രൊഫസർ പദവി നൽകുന്നത്:

1. അസോസിയേറ്റ് പ്രൊഫസർ പദവിയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പൂർത്തിയാക്കിയിരിക്കണം.
2. യു.ജി.സി. നിശ്ചയിച്ചിട്ടുള്ള അക്കാദമിക് പെർഫോർമൻസ് ഇൻഡിക്കേറ്റർ എന്ന സ്കോർ നിബന്ധനയിൽ മിനിമം സ്കോർ നേടിയിരിക്കണം.
3. അസോസിയേറ്റ് പ്രൊഫസർ ആയതിനുശേഷം കുറഞ്ഞത് അഞ്ച് പ്രസിദ്ധീകരണമെങ്കിലും ചെയ്തിരിക്കണം.
4. ഒരു സെലക്ഷൻ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിയമനപ്രക്രിയയിലൂടെ വേണം പ്രൊഫസർഷിപ്പ് പദവി നൽകേണ്ടത്.

(ബി) എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് പ്രൊഫസർ പദവി നൽകുന്നില്ല.

(സി) ബാധകമല്ല.

**ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്**

122 (4874) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി നിർമ്മിച്ച ക്വാർട്ടേഴ്സുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ട്രഷറി നിക്ഷേപ ഫണ്ടുപയോഗിച്ച് 3.50 കോടി രൂപ ചെലവഴിച്ച് കോളേജിൽ നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയം വൈദ്യുതീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി നിർമ്മിച്ച ക്വാർട്ടേഴ്സ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് സിവിൽ വർക്കും ഇലക്ട്രിഫിക്കേഷൻ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സുകൾക്ക് വൈദ്യുതി കണക്ഷനും കുടിവെള്ളകണക്ഷനും ലഭ്യമാകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകൾ തുറന്നുകൊടുക്കുന്നതാണ്.

(ബി) ട്രഷറി നിക്ഷേപ ഫണ്ടുപയോഗിച്ച് 3.50 കോടി രൂപ ചെലവഴിച്ച് കോളേജിൽ നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ഉടൻ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

**ചിറ്റൂർ, കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജുകളുടെ വികസനം**

123 (4875) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് പുതുതായി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തമിഴ്-ന്യൂനപക്ഷ മേഖലയിൽപ്പെട്ട കോളേജുകൾ എന്ന സവിശേഷ പരിഗണന മേൽപ്പറഞ്ഞ രണ്ട് കോളേജുകൾക്ക് ഇന്നേവരെ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തമിഴ്-ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ വികസനത്തിനുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കോളേജുകളിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഗവൺമെന്റ് കോളേജ് മെയിൻ ബ്ലോക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 30 ലക്ഷം രൂപ.
2. തമിഴ്, ഹിസ്റ്ററി, ജ്യോഗ്രഫി ബ്ലോക്കുകളുടെ പുനരുദ്ധാരണം - 16 ലക്ഷം രൂപ.
3. ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിട നിർമ്മാണം - 100 ലക്ഷം രൂപ.
4. ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം- 200 ലക്ഷം രൂപ.
5. ഗവൺമെന്റ് കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം- ഇപ്പോൾ പണി നടന്നുവരുന്നു.- 176 ലക്ഷം രൂപ.
6. ഗവൺമെന്റ് കോളേജിലെ പി.ജി. ബ്ലോക്കിന്റെ നിർമ്മാണം- ഇപ്പോൾ പണി നടന്നുവരുന്നു. (നബാർഡ് സ്കീം)- 150 ലക്ഷം രൂപ.

(ബി) കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനായി പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പുതിയ ബ്ലോക്കിന്റെ നിർമ്മാണം - 100 ലക്ഷം രൂപ
2. ഇന്റേണൽ റോഡ് നിർമ്മാണം - 30 ലക്ഷം രൂപ
3. കോളേജിന് പുതിയ കെട്ടിടനിർമ്മാണം - 240 ലക്ഷം രൂപ.

(സി) ഉണ്ട്. കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിനും ചിറ്റൂർ ഗവൺമെന്റ് കോളേജിനും 10% സീറ്റ് തമിഴ് ന്യൂനപക്ഷത്തിന് കാലിക്കറ്റ്

യൂണിവേഴ്സിറ്റി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം ഈ കോളേജുകളിൽ അഡ്മിഷൻ നടത്തിവരുന്നുണ്ട്. തമിഴ് ന്യൂനപക്ഷ മേഖലയിൽപ്പെട്ട കോളേജ് എന്ന മറ്റു പരിഗണനകളൊന്നും തന്നെ ഈ കോളേജുകൾക്ക് ലഭിച്ചിട്ടില്ല.

(ഡി) 15-7-2015-ലെ ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ യോഗത്തിൽ സംസ്ഥാനത്തിലെ ഭാഷാ ന്യൂനപക്ഷ ജില്ലകളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതാണെന്ന് തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് ചിറ്റൂർ, കൊഴിഞ്ഞാമ്പാറ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ചുവരുന്നു.

## അപമര്യാദയായി പെരുമാറിയ കോളേജ്അദ്ധ്യാപകനെതിരെ നടപടി

124 (4876) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗവ.ഗോവിന്ദപൈ കോളേജിൽ ലഹരി മരുന്ന് ഉപയോഗിച്ച അദ്ധ്യാപകൻ വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് വിദ്യാർത്ഥിനികൾ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ പരാതി ആരാണ് അന്വേഷിക്കുന്നത്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകനെ അന്നുതന്നെ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയിരുന്നുവോ; അധ്യാപകനെതിരെ പോലീസ് കോളേജ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകനെതിരെ മുൻപും പരാതി ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പ്രസ്തുത അദ്ധ്യാപകനെതിരെ ഇതു വരെയായി നടപടി ഉണ്ടാകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ഡോ. എ. എൻ. പത്മകുമാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പരാതിയുടെ അടിസ്ഥാനത്തിൽ കന്നട വിഭാഗം അദ്ധ്യാപകൻ ശ്രീ. കെ. ദിനേശ്കുമാറിനെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത അദ്ധ്യാപകനെ അന്നുതന്നെ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും പോലീസ് അദ്ധ്യാപകനെതിരെ റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. 27-7-2016 തീയതി വൈകുന്നേരം 4 മണിയോടുകൂടി മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കന്നട വിഭാഗം അദ്ധ്യാപകൻ ശ്രീ. ദിനേശ് കുമാർ എന്നയാൾ കോളേജിൽ മദ്യപിച്ച് ഡ്യൂട്ടിക്ക് ഹാജരായതായും ആയതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികൾ ശ്രീ. ദിനേശ്കുമാറിനെ ഘെരാവോ ചെയ്യുന്നതായും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ ശ്രീ. രവീന്ദ്രൻ കോളേജിലെത്തി കൂട്ടിക്കൊണ്ടുപോകുകയും അൽക്കോമീറ്റർ പരിശോധനയിൽ 34.3 mg/100 ml എന്ന് കാണപ്പെടുകയുണ്ടായെന്നും മെഡിക്കൽ പരിശോധന നടത്തുകയോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(സി) ഉണ്ട്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് 188-ാം വകുപ്പ് പ്രകാരം ശ്രീ. ദിനേശ്കുമാറിനെതിരെ ഫയൽ ചെയ്ത C C No. 370/2008-ന്മേലുള്ള കോടതി വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 14 ദിവസം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. ദിനേശ്കുമാറിനെ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും സസ്പെൻഷൻ കാലയളവ് 2 വർഷം കഴിഞ്ഞപ്പോൾ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായി. ശ്രീ. ദിനേശ്കുമാർ 14 ദിവസം ജയിൽ ശിക്ഷ അനുഭവിച്ചതിനാൽ അദ്ദേഹത്തിനെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടത്തിലെ ഭാഗം 18 പ്രകാരം സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) വിദ്യാർത്ഥിനികളുടെ പരാതിയുടേയും പോലീസ് റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ശ്രീ. ദിനേശ്കുമാർ. കെ. യെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വകുപ്പുതല നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം

125 (4877) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് തസ്തികയിൽ ഇതര വകുപ്പുകളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക വേക്കന്റായി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കുസാറ്റ്, നുവാൽസ്, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

## സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കുന്ന സ്വാശ്രയ കോളേജുകളുടെ നടപടി

126 (4879) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകൾക്കും മറ്റ് പ്രൈവറ്റ് കോളേജുകൾക്കും വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തടഞ്ഞ് വയ്ക്കാനുള്ള അധികാരമുണ്ടോ;

(ബി) വിവിധ കഷ്ടപ്പാടുകൾ മൂലം ഇടയ്ക്ക് പഠനം നിർത്തേണ്ടിവരുന്ന വിദ്യാർത്ഥികളിൽ നിന്നും മുഴുവൻ കോഴ്സ് ഫീയും ഒടുക്കിയതിനുശേഷം മാത്രമേ അവർക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുകയുള്ളുവെന്ന് തീരുമാനിക്കാൻ സ്വാശ്രയ കോളേജുകൾക്കും മറ്റ് കോളേജുകൾക്കും അധികാരമുണ്ടോ;

(സി) മേൽപ്പറഞ്ഞ കാരണത്താൽ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കാതെ കഷ്ടപ്പെടുന്ന നിരവധി വിദ്യാർത്ഥികൾ സംസ്ഥാനത്തുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ തടഞ്ഞ് വെയ്ക്കുന്ന സ്വാശ്രയ കോളേജുകൾ, മറ്റ് പ്രൈവറ്റ് കോളേജുകൾ എന്നിവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾക്കും മറ്റ് പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകൾക്കും അവിടെയുള്ള വിദ്യാർത്ഥികൾ അദ്ധ്യയന വർഷത്തിൽ ഇടയ്ക്ക് വച്ച് പഠനം നിർത്തി പോവുകയാണെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജസ് ആയി 75,000 രൂപ (ജി.ഒ. (എം എസ്) നമ്പർ 683/2015/ഉ.വി.വ. തീയതി, 11-12-2015) പ്രകാരം അടയ്ക്കേണ്ടതുണ്ട്. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രൈവറ്റ് കോളേജിൽനിന്നും ഇടയ്ക്ക് പഠനം നിർത്തേണ്ടിവരുന്ന വിദ്യാർത്ഥി അപേക്ഷിച്ചിട്ടാണ് പഠനം നിർത്തുന്നതെങ്കിൽ അതുവരെയുള്ള ടേം ഫീസ് അടയ്ക്കേണ്ടതുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം

127 (4880) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ യൂണിവേഴ്സിറ്റികളിൽനിന്നും ബിരുദവും, ബിരുദാനന്തര ബിരുദവുമടക്കമുള്ള പരീക്ഷകൾ പാസ്സായ വിദ്യാർത്ഥികൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യൂണിവേഴ്സിറ്റികളിൽനിന്നും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) എ. പി. ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി - 2015-16 -ൽ ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം നടത്താറായിട്ടില്ല.

നുവാൽസ് : കാലതാമസം ഉണ്ടാകാറില്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല: പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച ഉടൻ കൺവക്കേഷൻ നടത്തി ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നുണ്ട്.

കേരള സർവ്വകലാശാല: സെനറ്റ് അംഗീകാരം നേടിയശേഷം സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എം. ജി. സർവ്വകലാശാല: കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാക്കി സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല: ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കാൻ സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഫാസ്റ്റ് ട്രാക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല: ജീവനക്കാരുടെ കുറവുമൂലമാണ് സർട്ടിഫിക്കറ്റ് വിതരണത്തിന് കാലതാമസം വരുന്നതെന്ന് കണ്ണൂർ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർവൽക്കരണ നടപടികളിലൂടെയും ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയും ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കാൻ കണ്ണൂർ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

**ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ ശമ്പളവർദ്ധന**

128 (4881) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2011 -ന ശേഷം വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല എന്നതും എ.ഐ.സി.ടി.ഇ. പ്രകാരമുള്ള ശമ്പളവർദ്ധന നടപ്പിലാക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മുടക്കംകൂടാതെ വാർഷിക ഇൻക്രിമെന്റ് നൽകിവരുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലി ചെയ്യുന്ന എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിൽ ബാധകമാക്കിയ അദ്ധ്യാപകർക്ക് 2013 ജൂലൈ മുതലുള്ള വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല. ആയതിനുള്ള നടപടികൾ ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയിലാണ്. എ.ഐ.സി.ടി.ഇ./യു.ജി.സി. സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലിന്റെ ആനുകൂല്യം തടയപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ ആനുകൂല്യങ്ങൾ ക്രമപ്പെടുത്തി നൽകുന്ന കാര്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലുള്ളവരുടെ പ്രൊമോഷൻ

129(4883) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് പരിഷ്കരിച്ചതിനെത്തുടർന്ന് ട്രേഡ്-ഇൻസ്ട്രക്ടർ തസ്തികയിലുള്ളവരുടെ പ്രൊമോഷന് തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ ബൈ-ട്രാൻസ്ഫർ പ്രൊമോഷന് പുതിയതായി നിശ്ചയിച്ച അനുപാതം പാലിക്കേണ്ട പ്രാബല്യ തീയതി സംബന്ധിച്ച അവ്യക്തത നീക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 12-10-2012-ൽ നിലയിൽ വന്ന സ്പെഷ്യൽ റൂൾ പ്രകാരം ഈ വകുപ്പിനുകീഴിലുള്ള വർക്ക്ഷോപ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും ബൈട്രാൻസ്ഫർ നിയമനവും തമ്മിൽ 1:1 എന്ന അനുപാതത്തിലായിരിക്കും എന്ന് നിശ്ചയിച്ചു. ഇത് കേഡർ സ്ട്രെങ്ത് അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. ഇത് പുനഃപരിശോധിക്കണമെന്നും പ്രാബല്യ തീയതി നിശ്ചയിക്കണമെന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

## നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് തൊഴിൽ നൈപുണ്യ കോഴ്സുകൾ

130 (4884) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് തൊഴിൽ നൈപുണ്യ കോഴ്സ് കേരളം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) 2017 മുതൽ എൻ. എസ്. ക്യൂ. എഫ്. നടപ്പാക്കാത്ത സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ഫണ്ടുകൾ കിട്ടാത്ത സാഹചര്യമുണ്ടോ;

(സി) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് തൊഴിൽ നൈപുണ്യ കോഴ്സുകൾ നടപ്പിലാക്കാൻ സംസ്ഥാനം എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ഫണ്ടുകൾ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടെക്നിക്കൽ ഹൈസ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന് 1,2 ലെവൽ തൊഴിൽ നൈപുണ്യ കോഴ്സുകൾ തുടരുന്നതോടൊപ്പം 2017-18-ൽ 3,4,5 ലെവൽ തൊഴിൽ നൈപുണ്യ കോഴ്സുകൾ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ നടപ്പാക്കുന്ന വിഷയവും 2018-19, 2019-20 വർഷങ്ങളിൽ എല്ലാ പോളിടെക്നിക് കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യയന നിലവാരം

131 (4885) ശ്രീ. റ്റി. വി. രാജേഷ് :
പ്രൊഫ.കെ.യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അദ്ധ്യയന നിലവാരം പരിതാപകരമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യോഗ്യതയുള്ള അദ്ധ്യാപകരും പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളും മിക്ക സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലുമില്ലെന്ന പരാതി അന്വേഷിക്കാൻ തയ്യാറാകുമോ;

(സി) സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മുഴുവൻ സീറ്റുകളിലേയ്ക്കും പ്രവേശനം നേടിയപ്പോൾ സ്വാശ്രയ കോളേജുകളിൽ 57 ശതമാനം മെറിറ്റ് സീറ്റുകളിലും പ്രവേശനം നേടാൻ ആളില്ലാതെ പോയതിന്റെ കാരണം പരിശോധിക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ ഭാവിയെ കരുതി മുമ്പ് ഹൈക്കോടതി ഉത്തരവിട്ടതുപോലെ നിശ്ചിത വിജയ ശതമാനം ഇല്ലാത്ത കോളേജുകൾ പൂട്ടാൻ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിജയ ശതമാനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിൽ ലഭിക്കുന്ന പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാറുണ്ട്.

(സി) സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട വിഷയമാകയാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനമേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. സർക്കാർ സ്വീകരിച്ച ഇത്തരം നടപടികളുടെ ഭാഗമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പല ന്യൂനതകളും പരിഹരിക്കപ്പെടുകയും വിജയ ശതമാനം വർദ്ധിക്കുകയും ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ പൂട്ടുന്നപക്ഷം അത് അവിടെയുള്ള വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ഭാവിയെ സാരമായി ബാധിക്കാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം പ്രായോഗികമല്ല. എന്നാൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**അദ്ധ്യാപകരുടെ അനധികൃത പ്രൊമോഷനുകൾ**

132 (4886) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിലേക്കുള്ള ഇക്കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നശേഷം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ മുൻസർക്കാർ നടത്തിയ അദ്ധ്യാപകരുടെ അനധികൃതമായ പ്രൊമോഷനുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടി നിയമ വിരുദ്ധമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് റദ്ദാക്കി നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2016 മാർച്ച് 31-നും മേയ് 11-നും ഇടയ്ക്കുള്ള കാലയളവിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പാൾ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3-2-2016-ലെ OA No. 1778/2014, 1780/2014, 1980/2014, 1669/2015, CP(C) No. 189/2015 എന്നീ കേസുകളിലെ വിധികളുടെ അടിസ്ഥാനത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുവാദത്തോടുകൂടി പ്രൊമോഷനുകൾ നടത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**സർക്കാർ പോളിടെക്നിക്കുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ**

133 (4887) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പോളിടെക്നിക്കുകൾ വഴി തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ നേടുന്നതിനുതകുന്ന ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഈ പദ്ധതി സംബന്ധിച്ചും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പോളിടെക്നിക്കുകൾ സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിലൂടെ നടത്തിവരുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ:

(സി) നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്ന പോളിടെക്നിക്കിൽ ഈ പദ്ധതി പ്രകാരം വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ പോളിടെക്നിക്ക് കോളേജുകൾ വഴി തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ നേടാനുതകുന്ന ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നുണ്ട്. ആയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

- കേന്ദ്ര മാനവ വിഭവശേഷി വകുപ്പിനുകീഴിലുള്ള സിഡിടിപി (CDTP) പദ്ധതി പ്രകാരം തയ്യൽ, ഫുഡ് പ്രോസസ്സിംഗ്, കുട നിർമ്മാണം ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ടി പദ്ധതി നടപ്പിലാക്കിവരുന്ന പോളിടെക്നിക്കുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സെൻട്രൽ പോളിടെക്നിക്ക് കോളേജ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.
2. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, നെയ്യാറ്റിൻകര.
3. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, നെടുമങ്ങാട്
4. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, ആറ്റിങ്ങൽ
5. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, പുനലൂർ
6. ഗവൺമെന്റ് പോളിടെക്നിക് കോളേജ്,ചേർത്തല
7. വനിതാ പോളിടെക്നിക്ക് കോളേജ്, കായംകുളം
8. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, പാല
9. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കുമിളി
10. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കളമശ്ശേരി
11. വനിതാ പോളിടെക്നിക്ക് കോളേജ്, എറണാകുളം
12. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കോതമംഗലം
13. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, പെരുമ്പാവൂർ
14. ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, തൃപ്രയാർ
15. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കൊരട്ടി
16. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കുന്നംകുളം
17. വനിതാ പോളിടെക്നിക്ക് കോളേജ്, തൃശ്ശൂർ
18. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, പാലക്കാട്
19. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, ഷൊർണ്ണൂർ
20. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ
21. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി
22. വനിതാ പോളിടെക്നിക്ക് കോളേജ്, കോട്ടയ്ക്കൽ
23. കേരള ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കോഴിക്കോട്
24. വനിതാ പോളിടെക്നിക്ക് കോളേജ്, കോഴിക്കോട്

25. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കണ്ണൂർ

26. റസിഡൻഷ്യൽ വിമെൻസ് പോളിടെക്നിക്ക് കോളേജ്, പയ്യന്നൂർ

27. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, മീനങ്ങാടി.

• പോളിടെക്നിക്ക് കോളേജുകളിൽ ഡിപ്ലോമതലത്തിൽ പഠിപ്പിക്കുന്ന സാങ്കേതിക വിദ്യകളോടനുബന്ധിച്ചുള്ള കോഴ്സുകളാണ് സ്ഥാപനത്തിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെൽ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

(സി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**പോളിടെക്നിക്ക് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ**

134 (4888) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിൽ ഏത് ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളതെന്നും, ഈ ഉത്തരവിൽ അധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്നും ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ;

(ബി) 7-8-2016 -ലെ ഗവ. ഉത്തരവ് നമ്പർ 175/2016/HEdn. പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം പോളിടെക്നിക് കോളേജുകളിലാണ് തസ്തികയും അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും വ്യത്യാസപ്പെടുത്തിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പും വിശദ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ 21-12-1998 ജി.ഒ. (എം എസ്) നമ്പർ 158/98/ഉവിവ. പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. പ്രസ്തുത ഉത്തരവിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് സൂചിപ്പിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിന് 2016-17 വർഷത്തെ എ. ഐ. സി. റ്റി. ഇ. തുടർ അംഗീകാരം ലഭ്യമാക്കാനായി സമർപ്പിച്ച അപേക്ഷയിൽ എ. ഐ. സി. റ്റി. ഇ. ചൂണ്ടിക്കാട്ടിയ പോരായ്മകളിൽ ഒരെണ്ണം 20 വിദ്യാർത്ഥികൾക്ക് 1 അദ്ധ്യാപകൻ എന്ന എ.ഐ.സി.റ്റി.ഇ. അനുപാതം കണക്കിലെടുത്തിട്ടില്ല എന്നതായിരുന്നു. അംഗീകാരം പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി മേൽപ്പറഞ്ഞ പോരായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ടി സ്ഥാപനത്തിൽ 26 ലക്ചറർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 7-8-2016-ലെ ജി.ഒ.(എം എസ്) നമ്പർ 175/16/ഉവിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത ഉത്തരവ് വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിനുവേണ്ടി മാത്രം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുറപ്പെടുവിച്ചതാണ്. ഇത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചല്ല.

**സ്വകാര്യ സർവ്വകലാശാലകൾ**

135(4890) <u>ശ്രീ. എം. രാജഗോപാലൻ</u> :

<u>ശ്രീ. ആർ. രാജേഷ്</u> :

<u>ശ്രീ. പി. ടി. എ. റഹീം</u> :

<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കാൻ മുൻസർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും കാര്യക്ഷമതയും തകർക്കുന്ന ഇത്തരം നടപടികൾ തിരുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തിക

136(4891) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് തസ്തികയിൽ ആകെ എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ ഒഴിവുകളും എത്ര കാലത്തിനുള്ളിൽ നികത്താനാകുമെന്നാണ് കണക്കാക്കുന്നത്; പി. എസ്. സി. വഴി നിയമിക്കേണ്ട തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാർ വ്യവസ്ഥയിലോ നിയമനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ & ബി) കേരള സർവ്വകലാശാല - 232

ഒഴിവുകളിലേക്ക് പി.എസ്.സി.റാങ്ക് ലിസ്റ്റിൽനിന്ന് നിയമന നടപടികൾ പൂർത്തിയാക്കിവരുന്നു.

അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലിചെയ്യുന്നുണ്ട്. അസിസ്റ്റന്റുമാരെ നിയമിക്കുന്ന മുറയ്ക്ക് ഇവരെ ഒഴിവാക്കിവരുന്നു.

കാലിക്കറ്റ് സർവ്വകലാശാല - 20 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഡ്വൈസ് അയച്ച 20 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാൻ 22-10-2016-ൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല - അസിസ്റ്റന്റ് തസ്തികയിൽ 71 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 67 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. നോൺ ജോയിനിങ് ഉൾപ്പെടെ പ്രതീക്ഷിക്കുന്ന ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

എം.ജി. സർവ്വകലാശാല - 118 ഒഴിവുകളിൽ 108 എണ്ണം നിലവിൽ നികത്തിയിട്ടുണ്ട്. 4 പേർക്ക് നിയമാനുസൃതമായി എക്സ്റ്റൻഷൻ നൽകിയിട്ടുണ്ട്. 1-6-2016-നുശേഷം നിലവിൽ വന്നവയും സർവ്വീസിൽ പ്രവേശിക്കാതിരുന്ന 6 പേരുടേയും ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

കുസാറ്റ് - റിപ്പോർട്ട് ചെയ്ത 30 ഒഴിവുകളിൽ 29 അസിസ്റ്റന്റുമാരുടെ നിയമന പ്രക്രിയ പൂർത്തിയാക്കുകയും ചെയ്തു. മെമ്മോ അയച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥിയുടെ ഒരൊഴിവ് നിലവിലുള്ള നിയമന നടപടിക്രമം പാലിച്ച് എത്രയുംവേഗം നടത്തുന്നതായിരിക്കും. പി.എസ്.സി. വഴി ആ ഒഴിവിലേയ്ക്ക് നിയമനം പൂർത്തിയാക്കുന്ന മുറയ്ക്ക് ആ ഒഴിവിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരെ ഒഴിവാക്കുന്നതായിരിക്കും.

നുവാൽസ് : ഒഴിവുകൾ ഉണ്ടായിട്ടില്ല.

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല: യിൽ കാമ്പസിൽ 4 ഉം ഹെഡ് ക്വാർട്ടേഴ്സിൽ 16 ഉം അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ട്. മറ്റ് സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല : അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചിട്ടില്ല.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല: നിലവിലുള്ള ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദിവസ വേതനം/കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.

കാലിക്കട്ട് സർവ്വകലാശാല, എം.ജി. സർവ്വകലാശാല, എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല, നുവാൽസ്, കണ്ണൂർ സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ നിലവിൽ ആരും തന്നെ അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാർ വ്യവസ്ഥയിലോ ജോലി നോക്കുന്നില്ല.

## യൂണിവേഴ്സിറ്റികളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്

137 (4892) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റികളിൽ ദിവസ വേതനാടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലും ഉള്ള ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുന്നതിനും എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് ഉറപ്പുവരുത്തുന്നതിനും കർശന നടപടി സ്വീകരിക്കുമോ;

(ബി) ഉദ്യോഗാർത്ഥികളുടെ വിഷമാവസ്ഥ പരിഹരിക്കുന്നതിന് മേല്പറഞ്ഞ ഒഴിവുകൾ പൂർണ്ണമായി നികത്തുമെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ 232 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 232 പേരെ സർവ്വകലാശാലയിൽ അസിസ്റ്റന്റുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ സർവ്വകലാശാല ഓർഡിനൻസ്/സ്റ്റാറ്റ്യൂട്ടുകൾക്ക് വേണ്ട ഭേദഗതികൾ വരുത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകളിൽ റിപ്പോർട്ട് ചെയ്യാവുന്നവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിലേക്ക് പി.എസ്.സി. വഴി നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ 71 പേരിൽ 67 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

എം.ജി. സർവ്വകലാശാലയിൽ നിലവിൽ ഒഴിവുള്ള എല്ലാ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റെഗുലർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താത്കാലികമായി മാത്രം സിൻഡിക്കേറ്റ് അനുവദിച്ച അസിസ്റ്റന്റ് തസ്തികകളും ലീവ് വേക്കൻസികളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ അസിസ്റ്റന്റ് ഗ്രേഡ് II ഒഴിച്ചുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തസ്തികകൾ തിട്ടപ്പെടുത്താനും ആവശ്യമായ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിലവിലുള്ള ജോലിഭാരമനുസരിച്ച് ദിവസവേതന അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലായി 102 പേരും കരാർ അടിസ്ഥാനത്തിൽ 35 പേരും ജോലി ചെയ്യുന്നുണ്ട്. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള തസ്തികകളായ പബ്ലിക്കേഷൻ ഓഫീസർ, പ്ലാനിംഗ് & ഡെവലപ്മെന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഓരോരുത്തരേയും ഒഴിവുള്ള ഒരു സെക്യൂരിറ്റി ഗാർഡിന്റെ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരാളേയും നിയമിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന സാക്ഷരതാ മിഷൻ**

138 (4893) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. ബാബു :
ശ്രീ. പി. വി. അൻവർ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ, നിരക്ഷരത നിർമ്മാർജ്ജന പരിപാടികൾ തുടങ്ങിയവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സാക്ഷരതാ മിഷൻ നടത്തി വരുന്ന തുല്യതാ കോഴ്സുകളുടെ നിലവാരവും സുതാര്യതയും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകളാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ.

നാലാംതരം തുല്യത:

14 വയസ്സ് പൂർത്തിയായിട്ടുള്ള നവസാക്ഷരർ, പ്രൈമറി തലത്തിൽ പഠനം മുടങ്ങിയവർ തുടങ്ങിയവരാണ് നാലാംതരം തുല്യതാ കോഴ്സിന്റെ ഗുണഭോക്താക്കൾ.

ഏഴാംതരം:

നാലാംതരം പാസായിട്ടുള്ളവർക്കും 15 വയസ് പൂർത്തീകരിച്ചിട്ടുള്ളവർക്കും ഏഴാംതരം തുല്യതാ കോഴ്സിൽ ചേരാം.

പത്താംതരം തുല്യത:

ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ഏഴാം ക്ലാസ് പാസായവർ, സാക്ഷരതാമിഷന്റെ ഏഴാംതരം തുല്യതാകോഴ്സ് പാസായവരും പതിനേഴ് വയസ് പൂർത്തീകരിച്ചിട്ടുള്ളവർക്കുമാണ് പത്താംതരം തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാനുള്ള അവസരം നൽകിയിട്ടുള്ളത്.

ഹയർസെക്കണ്ടറി തുല്യത:

18-4-2014-ലെ 138/2013/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഹയർസെക്കണ്ടറി തുല്യതാകോഴ്സ് ആരംഭിച്ചിട്ടുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർസെക്കണ്ടറി കോഴ്സിനു സമാനമായ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ രണ്ട് ഗ്രൂപ്പുകളാണ് ഹയർസെക്കണ്ടറി തുല്യതാ കോഴ്സിലുള്ളത്.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന നിരക്ഷരതാ നിർമ്മാർജ്ജന പരിപാടികൾ:

അക്ഷരലക്ഷം പദ്ധതി, അട്ടപ്പാടി ആദിവാസി സാക്ഷരത-തുല്യതാപദ്ധതി എന്നിവയാണ് പ്രധാനമായും നടത്തിവരുന്നത്. സാക്ഷരത-തുടർവിദ്യാ കേന്ദ്രങ്ങളാണ് പഠനകേന്ദ്രങ്ങൾ.

അക്ഷരലക്ഷം:

നിരക്ഷരരെ അക്ഷരലോകത്തേയ്ക്ക് എത്തിക്കുന്നതിനായി സാക്ഷരതാമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് അക്ഷരലക്ഷം.

അട്ടപ്പാടി ആദിവാസിസാക്ഷരതാ പരിപാടി:

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ അട്ടപ്പാടി, ഷോളയൂർ, അഗളി ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ആദിവാസി ഊരുകളിലാണ് ക്ലാസ് വരുന്നത്. ആദിവാസികളിൽനിന്നുള്ള ഇൻസ്ട്രക്ടർമാരാണ് ക്ലാസുകൾ നടത്തിവരുന്നത്. അക്ഷരസാഗരം എന്ന പേരിൽ ഒരു സാക്ഷരതാ പദ്ധതികൂടി തീരദേശവാസികൾക്കായി ആവിഷ്കരിച്ചുവരുന്നു.

(ബി) സുതാര്യമായിട്ടാണ് തുല്യതാകോഴ്സുകൾ നടന്നുവരുന്നത് എസ്. സി. ഇ. ആർ. ടി.-യുടെ നേതൃത്വത്തിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കരിക്കുലം കമ്മിറ്റി പരിശോധിച്ച് നിലവാരം ബോദ്ധ്യപ്പെട്ട് അംഗീകരിച്ച പുസ്തകമാണ് ഓരോ കോഴ്സുകളിലും പഠിപ്പിച്ചുവരുന്നത്. ബിരുദവും ബി.എഡ്. യോഗ്യതയുമുള്ള അദ്ധ്യാപകരാണ് ക്ലാസുകൾ നയിക്കുന്നത്. ക്ലാസ് നിലവാരം പരിശോധിക്കാൻ റിട്ടയേഡ് ഹൈസ്കൂൾ അദ്ധ്യാപകരെ കോഴ്സ് കൺവീനർമാരായി നിശ്ചയിച്ചിട്ടുണ്ട്. എയ്ഡഡ്, സർക്കാർ സ്കൂളുകളാണ് പഠനകേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. ക്ലാസുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി സെന്റർ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ക്ലാസുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത് പരിശോധിക്കാൻ ജില്ലാ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും പഠനകേന്ദ്രങ്ങളിൽ പഠിതാക്കളുടെ തുടർമൂല്യനിർണ്ണയം നടന്നുവരുന്നു. തുല്യതാ കോഴ്സുകളുടെ പഠനനിലവാരം പരിശോധിക്കുന്നതിനും കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനം കൊണ്ടുണ്ടായ നേട്ടം വിലയിരുത്തുന്നതിനുമായി സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പഠനം നടത്തിവരുന്നു.

(സി) മുഖ്യമന്ത്രി ചെയർമാനായും വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും സാക്ഷരതാ മിഷൻ ഡയറക്ടർ സെക്രട്ടറിയുമായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് സാക്ഷരതാമിഷന്റെ ഭരണനിർവ്വഹണം നടത്തിവരുന്നത്. കാലാകാലങ്ങളിൽ സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രസ്തുത ഭരണസമിതി വിലയിരുത്തുന്നുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നൂതന പദ്ധതികൾ (ഭിന്നലിംഗക്കാർക്കുള്ള തുടർ വിദ്യാഭ്യാസ പദ്ധതി, പരിസ്ഥിതി സാക്ഷരതാ പദ്ധതി തുടങ്ങിയവ) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്.

**അക്ഷര സാഗരം പദ്ധതി**

139 (4894) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിവാസികളുടെ സാക്ഷരതയ്ക്കായി 'അക്ഷര സാഗരം' പദ്ധതി ആരംഭിക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) അക്ഷര സാഗരം പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- ഗുണഭോക്താക്കളെ പ്രോത്സാഹിപ്പിച്ച് തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുക.
- തീരദേശ-മത്സ്യത്തൊഴിലാളി നിരക്ഷരർക്കും അർദ്ധനിരക്ഷരർക്കും സാക്ഷരത, ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കുക.
- നാല്, ഏഴ്, പത്ത്, ഹയർസെക്കണ്ടറി, തുല്യതാകോഴ്സുകളിൽ പഠനം നടത്താനുള്ള സൗകര്യം തീരദേശ-മത്സ്യത്തൊഴിലാളി മേഖലകളിൽ സൃഷ്ടിക്കുക.
- തീരദേശങ്ങളിൽ ആജീവനാന്ത വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുക.
- മത്സ്യത്തൊഴിലാളികൾക്ക് ജീവിത ഉന്നതി കൈവരിക്കുവാൻ സഹായിക്കുക.
- മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കനുസൃതമായ തൊഴിൽ നൈപുണ്യം നേടുവാൻ പ്രാപ്തരാക്കുക.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**പബ്ലിക് ലൈബ്രറികൾ ആരംഭിക്കുവാനുള്ള മാനദണ്ഡങ്ങൾ**

140 (4895) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പബ്ലിക് ലൈബ്രറികൾ ആരംഭിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; പുതുതായി ലൈബ്രറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു പബ്ലിക് ലൈബ്രറി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ഗ്രന്ഥശാലകളും പബ്ലിക് ലൈബ്രറികളാണ്. കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ടും ചട്ടങ്ങളും അനുസരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ഇത്തരം ഗ്രന്ഥശാലകൾ ഉണ്ട്. കൂടാതെ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നേരിട്ട് നടത്തുന്ന കാസർഗോഡ് ജില്ലാ ലൈബ്രറി, കണ്ണൂർ ജില്ലാ ലൈബ്രറി, വയനാട് ജില്ലാ ലൈബ്രറി, കോഴിക്കോട് ജില്ലാ ലൈബ്രറി എന്നീ ജില്ലാ ലൈബ്രറികളും തലശ്ശേരി, തളിപ്പറമ്പ്, വടകര, കൊട്ടാരക്കര എന്നീ താലൂക്ക് ലൈബ്രറികളുമുണ്ട്. ക്വയിലോൺ പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ, കോട്ടയം പബ്ലിക് ലൈബ്രറി, എറണാകുളം പബ്ലിക് ലൈബ്രറി എന്നിവയെ സ്പെഷ്യൽ ഗ്രേഡ് ലൈബ്രറികളായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലൈബ്രറികൾ അഫിലിയേറ്റ് ചെയ്യുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. നിർദ്ദിഷ്ട ഫോറത്തിൽ മൂന്ന് അപേക്ഷകൾ അഫിലിയേഷനായി സമർപ്പിക്കണം.

2. അപേക്ഷ തീയതിയ്ക്കുമുമ്പ് ഒരു വർഷത്തിൽ കുറയാത്ത കാലത്ത് ലൈബ്രറി പ്രവർത്തിച്ചിരിക്കണം.

3. കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടായിരിക്കണം.

4. ലൈബ്രറിയിൽ കുറഞ്ഞത് 1000 പുസ്തകങ്ങൾ ഉണ്ടാകണം. അവയുടെ മുഖവില 5,000 രൂപയിൽ കുറയരുത്.

5. നിലവിലുള്ള അഫിലിയേറ്റഡ് ലൈബ്രറിയിൽനിന്ന് 2 km അകലെയായിരിക്കണം.

6. 15 ചതുരശ്ര മീറ്ററിൽ കുറയാത്ത സ്വന്തമോ വാടകയ്ക്കോ ആയ കെട്ടിടം ഉണ്ടായിരിക്കണം.

7. എല്ലാ വിഭാഗം ജനങ്ങൾക്കും അംഗത്വം നൽകണം.

8. ലൈബ്രറി കുറഞ്ഞത് 6 ആനുകാലികങ്ങളും 3 ദിനപത്രങ്ങളും വരുത്തിയിരിക്കണം.

9. പ്രതിവർഷം 2000 പുസ്ത വിതരണം ഉണ്ടായിരിക്കണം.

10. ലൈബ്രറി പൊതുയോഗം അംഗീകരിച്ച നിയമാവലി ഉണ്ടായിരിക്കണം.

11. പതിനൊന്ന് അംഗങ്ങളിൽ അധികരിക്കാത്ത ഒരു യോഗം തിരഞ്ഞെടുത്ത ഭരണസമിതി ഉണ്ടായിരിക്കണം. അതിൽ ഒരാൾ വനിതയും ഒരാൾ പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതും ആയിരിക്കണം. പുതുതായി ലൈബ്രറി ആരംഭിക്കുന്നത് സർക്കാർ തലത്തിൽ തീരുമാനിക്കുന്ന വിഷയം അല്ലെങ്കിലും മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷിക്കുന്ന ലൈബ്രറികൾക്ക് അഫിലിയേഷൻ നൽകുന്നതാണ്.

(സി) മലപ്പുറം ജില്ലാ ആസ്ഥാനത്ത് കിംഗ് എഡ്വേർഡ് ലൈബ്രറി കുന്നുമെൽ, മലപ്പുറം പബ്ലിക് ലൈബ്രറി കോട്ടപ്പടി, പൊലീസ് ലൈബ്രറി കുന്നുമെൽ എന്നീ 3 പബ്ലിക് ലൈബ്രറികൾ ഇപ്പോൾ ഉള്ളതിനാൽ മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു പബ്ലിക് ലൈബ്രറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

141 (*T 4896) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയായ തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം സെൻട്രൽ ലൈബ്രറിക്ക് അവധിയില്ലാത്ത ദിനങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) എ -24278, ബി -17218, സി -21941, ഡി-20433, ഇ-5 എന്നീ ക്ലാസ്സുകളിലായി ആകെ 83875 അംഗങ്ങളുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. നിലവിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി എല്ലാ ഞായറാഴ്ചകളിലും കോൺട്രാക്ട് ജീവനക്കാരുൾപ്പെടെ എല്ലാ ലൈബ്രറിയന്മാരും പ്രവൃത്തിയെടുത്ത് മുടക്കംകൂടാതെ പ്രവർത്തിച്ചുവരുന്നു. എന്നാൽ എല്ലാ അവധി ദിനങ്ങളിലും ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ലൈബ്രറികളുടെ നവീകരണം

142 (4897) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സംസ്ഥാനത്തെ ലൈബ്രറികളുടെ സൗകര്യങ്ങൾ നവീകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഗൈഡ് ലൈൻസ് എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഒരു മണ്ഡലത്തിലെ എത്ര ലൈബ്രറികളുടെ സൗകര്യങ്ങൾ ഇപ്രകാരം നവീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തെ കേരള സർക്കാർ ബഡ്ജറ്റ് നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗ ഗ്രന്ഥശാലകളിലെ 'എ ' ഗ്രേഡ് ലൈബ്രറികളെയും നല്ല പ്രവർത്തനവും പൊതുപരിപാടികളും നടത്തുന്നതും

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സ്ഥലസൗകര്യമുള്ളതുമായ ബി ഗ്രേഡ് ലൈബ്രറികളെയും ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന മികച്ച ഗ്രന്ഥശാലകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയ ലൈബ്രറികളുടെ ആവശ്യകതയനുസരിച്ച് LCD പ്രോജക്ടർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതാണ്. എ ഗ്രേഡ് ലൈബ്രറികൾക്ക് വൈഫൈ സംവിധാനം ലഭ്യമാക്കുന്നതിന് സർക്കാർ ഐ.റ്റി. വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒരു മണ്ഡലത്തിലെ മികച്ച (എ) ഗ്രേഡ് ലൈബ്രറികളെ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ സാധിക്കും.

**റോഡ് നിർമ്മാണത്തിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട്**

143 (4898) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം റോഡ് നിർമ്മാണത്തിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചിറയിൻകീഴ്, വർക്കല താലൂക്കുകളിലുൾപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് ഉത്തരവ് സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറില്ല. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനാണ് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നത്.

(ബി) റോഡ് പുനരുദ്ധാരണത്തിന് താലൂക്കടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാറില്ല.

**റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കൽ**

144 (4899) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം താലൂക്കുകളിലാണ് ഇല്ലാത്തതെന്ന് അറിയിക്കുമോ;

(സി) കൊണ്ടോട്ടി താലൂക്കിൽ ഇത്തരത്തിൽ ഒരു റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 1. തിരുവനന്തപുരം ജില്ല- തിരുവനന്തപുരം, കാട്ടാക്കട താലൂക്കാസ്ഥാനങ്ങൾ (കാട്ടാക്കട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിലിരിക്കുന്നു.)

2. പത്തനംതിട്ട ജില്ല- റാന്നി താലൂക്കാസ്ഥാനത്ത് മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിലിരിക്കുന്നു.

3. ഇടുക്കി ജില്ല – ഇടുക്കി താലൂക്കാസ്ഥാനം

4. എറണാകുളം ജില്ല – കൊച്ചി താലൂക്കാസ്ഥാനം

5. മലപ്പുറം ജില്ല – കൊണ്ടോട്ടി, നിലമ്പൂർ താലൂക്കാസ്ഥാനങ്ങൾ

6. കോഴിക്കോട് ജില്ല- കോഴിക്കോട് താലൂക്കാസ്ഥാനം

7. വയനാട് ജില്ല – വൈത്തിരി താലൂക്കാസ്ഥാനം

8. കണ്ണൂർ ജില്ല – ഇരിട്ടി താലൂക്കാസ്ഥാനം

9. കാസർഗോഡ് ജില്ല- വെള്ളരിക്കുണ്ട്, കാസർഗോഡ്, മഞ്ചേശ്വരം എന്നീ താലൂക്കാസ്ഥാനങ്ങൾ

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഭവനരഹിത കുടുംബങ്ങൾ**

145 (4900) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനമുള്ള ഭവനരഹിത കുടുംബങ്ങൾ എത്ര എന്നും ഇവരിൽ സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങൾ എത്ര, ഇല്ലാത്തവർ എത്ര എന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ ഭവനരഹിതർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണെന്നും ഇവരിൽ ഓരോ വിഭാഗക്കാരുടേയും പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും ഇവർക്ക് സ്വന്തമായി ഭൂമിയും ഭവനവും ലഭ്യമാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ സ്ത്രീകൾ കുടുംബനായകത്വം വഹിക്കുന്ന കുടുംബങ്ങൾ, ഒറ്റപ്പെട്ട സ്ത്രീകളുടെ കുടുംബങ്ങൾ, മാനസികമായോ ശാരീരികമായോ വെല്ലുവിളികൾ നേരിടുന്നവരുള്ള കുടുംബങ്ങൾ, ഗുരുതരമായ രോഗബാധിതരുള്ള കുടുംബങ്ങൾ, ഒറ്റപ്പെട്ട വൃദ്ധരുടെ കുടുംബങ്ങൾ, കലാപം, പ്രകൃതിദുരന്തം എന്നിവ വഴി വീടു നഷ്ടപ്പെട്ടവർ, ഗാർഹിക പീഡനവിധേയരായ കുടുംബങ്ങൾ തുടങ്ങി ഓരോവിഭാഗത്തിലുൾപ്പെടുന്ന കുടുംബങ്ങൾ എത്രയുണ്ട് എന്നും ഇത്തരം വിഭാഗങ്ങൾക്ക് അടിയന്തര പ്രാധാന്യം നൽകി വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുവാനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) സ്ത്രീകൾ കുടുംബനാഥയായതും ഒറ്റപ്പെട്ട സ്ത്രീകളുടെ കുടുംബങ്ങൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ഗുരുതര രോഗബാധിതരുള്ള കുടുംബങ്ങൾ, കലാപം, പ്രകൃതി ദുരന്തം എന്നിവമൂലം വീട് നഷ്ടപ്പെട്ടവർ തുടങ്ങിയ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന് പട്ടികജാതി വിഭാഗത്തിൽ 9668 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 4937 വീടുകളും ന്യൂനപക്ഷ വിഭാഗത്തിന് 9736 വീടുകളും ചേർത്ത് ആകെ 24341 വീടുകളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പൊതു വിഭാഗത്തിന് വീടുകൾ അനുവദിക്കാത്തതിനാൽ 10,000 വീട് ഈ വിഭാഗത്തിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിൽ ഇളവുകൾ**

146 (4901) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ൽ നിർമ്മിച്ച നെൽവയൽ - നീർത്തട സംരക്ഷണ നിയമത്തിൽ ഇളവുകൾ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവുകൾ വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ**

147 (4902) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക്, കരുവൻ തുരുത്തി വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**ഭൂമിഗീതം പദ്ധതി**

148 (4903) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് 2015-ൽ 'ഭൂമി ഗീതം" പദ്ധതിയുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി വില നിശ്ചയിച്ച് കരാർ ഉറപ്പിച്ചിരുന്നതായും എന്നാൽ കരാർ പ്രകാരം സ്ഥലം നൽകിയ ഭൂരിഭാഗം പേർക്കും പണം ലഭിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഈ ഇനത്തിൽ അനുവദിച്ച തുക പകുതിപോലും ചെലവാക്കാനാകാതെ ലാപ്സായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്നിട്ടും പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി നൽകിയവർക്ക് പണം കൊടുക്കാൻ മുൻ സർക്കാരിന് കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരമുള്ള എല്ലാ ഭൂവുടമകൾക്കും പണം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 'ഭൂമിഗീതം' പരിപാടിയിലൂടെ സമാഹരിച്ച തുക ഉപയോഗിച്ച് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകളുമായി കരാറുകൾ ഉണ്ടാക്കിയിട്ടില്ല.

(ബി) 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി തുക അനുവദിച്ചിരുന്നില്ല.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഭൂമി വിലയ്ക്ക് വാങ്ങുകയോ ആരിൽനിന്നും ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

(ഡി) ഭൂമി വിലയ്ക്കുവാങ്ങുന്നതിന് ആരുമായും കരാർ ഉണ്ടാക്കിയിട്ടില്ല.

**റീ-സർവ്വേ നടപടികൾ**

149 (4905) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വെ നടപടികൾ നിർത്തിവെച്ചത് എന്നായിരുന്നു; റീ-സർവ്വെ നടപടികൾ പുനഃരാരംഭിക്കുമോ; എങ്കിൽ എന്നുമുതലെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര വില്ലേജുകളുണ്ട്; അതിൽ എത്ര വില്ലേജുകളിൽ റീ-സർവ്വെ പൂർത്തിയായിട്ടുണ്ട്; ബാക്കിയുള്ള വില്ലേജുകളിൽ കൂടി എന്നത്തേയ്ക്ക് റീ-സർവ്വെ നടപടികൾ പൂർണ്ണമായും പൂർത്തിയാകും; വിശദാംശങ്ങൾ നൽകുമോ;

(സി) റീ-സർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാരിന്റെ മുന്നിലുള്ള പ്രതിസന്ധികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 31-10-2012 -ലെസർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 409/2012/ റവന്യൂ തീയതി പ്രകാരം സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീ-സർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി. റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കി സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരം റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) റീ-സർവ്വേ നടന്ന വില്ലേജുകളിലെ പരാതികൾ തീർപ്പാക്കുവാൻ ശേഷിക്കുന്നു. സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ പ്രതിസന്ധികൾ കണക്കിലെടുത്ത് എപ്രകാരം സമയബന്ധിതമായി പൂർത്തിയാക്കാമെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കൈവശ സർട്ടിഫിക്കറ്റ്**

150 (4906) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശങ്ങളിൽ കാലങ്ങളായി കൈവശമുള്ള വനഭൂമിയിൽ വീട് വെച്ച് താമസിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ, റേഷൻ കാർഡ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് സ്ഥലത്തിന് റവന്യൂ വകുപ്പിൽ നിന്നും കൈവശ സർട്ടിഫിക്കറ്റ് നൽകിയിരുന്നത് നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(സി) മലയോര മേഖലയിൽ താമസിക്കുന്നവർക്ക് മൂന്ന് സെന്റ് സ്ഥലത്തിന് കൈവശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി പുനരാരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

**വയൽ ഭൂമി**

151 (4907) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുമ്പ് വയൽ ഭൂമിയായിരുന്നു എന്ന കാരണത്താൽ പ്രസ്തുത ഭൂമിയിൽ വീട് വെയ്ക്കാൻ കഴിയാത്ത ഒട്ടനേകം പേർ സംസ്ഥാനത്തുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയൽ ഭൂമിയിൽ അഞ്ചു സെന്റ് നികത്തി വീട് വെയ്ക്കുന്നവർക്ക് അനുമതി നൽകേണ്ട നഞ്ച കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ;

(സി) തരംമാറ്റിയ ഭൂമിവിലയുടെ 25 ശതമാനം തുക സർക്കാരിലേയ്ക്കടച്ച് വീട് വെയ്ക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ തരംമാറ്റിയ ഭൂമിയിൽ വീട് വെയ്ക്കുന്നതിനും വെച്ച വീടുകൾക്ക് കെട്ടിട നമ്പർ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് 3(1) ഉപവകുപ്പ് പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വീട് വെയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും നെൽവയൽ നികത്തുന്നതിന് അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് അനധികൃതമായി പരിവർത്തനപ്പെടുത്തിയ നെൽവയലുകൾക്ക് ന്യായവിലയുടെ 25% തുക ഫീസ് ആയി ഈടാക്കി ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന നിയമഭേദഗതി പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൃഷിഭൂമി വ്യവസ്ഥകൾക്കുവിധേയമായി മറ്റ് ആവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നതിനായി അനുമതി നൽകുവാൻ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിൽ വ്യവസ്ഥയുണ്ട്. കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ, ടി നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്ത പക്ഷം പഞ്ചായത്ത് ഏരിയയിൽ പത്തും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഏരിയയിൽ അഞ്ചു സെന്റും നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകുവാൻ ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ മുൻകൂർ അനുമതിയില്ലാതെ വച്ച വീടുകൾക്ക് നമ്പർ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മലയോര മേഖലയിൽ വീട് വയ്ക്കുന്നതിന് കൈവശ**

**സർട്ടിഫിക്കറ്റ്**

152 (4908) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിൽ വീടുവെയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് സ്ഥലത്തിന് റവന്യൂ വകുപ്പിൽനിന്നും കൈവശ സർട്ടിഫിക്കറ്റ് നൽകിയിരുന്നത് നിർത്തിവച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കൈവശ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് നിർത്തിവയ്ക്കുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത കൈവശ സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ട നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയോര മേഖലയിൽ 1-1-1977-നുമുമ്പ് വനഭൂമി കയ്യേറിയവർക്ക് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി 1980-ലെ കേന്ദ്ര വന നിയമപ്രകാരം അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ച കേസുകളിൽ അർഹരായ എല്ലാവർക്കും കൈവശരേഖ നൽകിവരുന്നുണ്ട്.

## പുതിയ വില്ലേജുകളുടെ രൂപീകരണം

153 (4909) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വലിയ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) നിയമസഭാമണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടതിനെത്തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുംകൂടി പരിഗണിച്ചാണ് പുതുതായി വില്ലേജുകൾ ആരംഭിക്കുന്നത്.

## പട്ടയം നൽകുന്നതിനുള്ള നടപടികൾ

154 (4910) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാറാണംമൂഴി പഞ്ചായത്തിലെ അത്തിക്കയം തെക്കേത്തൊട്ടിയിൽ എത്ര കൈവശ കർഷകർക്കാണ് പട്ടയം ലഭിക്കാനുള്ളത്; ഇവർ എന്നു മുതലാണ് ഇവിടെ താമസം തുടങ്ങിയതെന്നു വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; സർവ്വേ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാകും;

(സി) നടപടികൾ പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടയത്തിനായുള്ള നടപടികളിൽ എന്തെങ്കിലും തടസ്സം നേരിട്ടിരുന്നോ; ഉണ്ടെങ്കിൽ എന്തായിരുന്നു തടസ്സം; ഇത് നീക്കം ചെയ്തോ; ഇല്ലെങ്കിൽ തടസ്സം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) ഇവിടുത്തെ പട്ടയവിഷയത്തിൽ കോടതിയുടെയോ സമാന സമിതികളുടെയോ പരാമർശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റാന്നി താലൂക്കിലെ നാറാണംമൂഴി പഞ്ചായത്തിലെ അത്തിക്കയം തെക്കേത്തൊട്ടി പ്രദേശത്ത് 130-ഓളം കൈവശക്കാർക്ക് പട്ടയം ലഭിക്കാനുള്ളതാണ്. ഇവർ 1-1-1977-നുമുമ്പ് തന്നെ ടി സ്ഥലത്തെ കൈവശക്കാരാണ്.

(ബി) ടി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുവേണ്ടി കൈവശ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് സർവ്വേ വകുപ്പിലെയും റവന്യൂ വകുപ്പിലെയും ജീവനക്കാരടങ്ങിയ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതും സർവ്വേ നടപടികൾ നടന്നുവരികയുമാണ്. സർവ്വേ നടപടി പൂർത്തിയാക്കിയിട്ടില്ല.

(സി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് റെക്കോർഡുകൾ തയ്യാറാക്കി കഴിഞ്ഞാൽ മാത്രമെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ആരംഭിക്കാനാകുകയുള്ളൂ.

(ഡി) നിലവിലെ കൈവശങ്ങൾ അളന്ന തിട്ടപ്പെടുത്തി റെക്കോർഡുകളും സ്കെച്ചും തയ്യാറാക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്.

(ഇ) ടി പ്രദേശത്തെ പട്ടയം സംബന്ധിച്ച വിഷയത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ മുമ്പാകെ എച്ച്.ആർ.എം.പി. നമ്പർ 18672/2016/ പി.റ്റി.എ. നമ്പരായി ഒരു ഹർജി നിലവിലുള്ളതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

155 (4911) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ പ്രവൃത്തികൾ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തായിരുന്നു; പ്രൊപ്പോസലുകൾ തയ്യാറാക്കിയതാരായിരുന്നു; ചെലവഴിച്ച തുക എത്രയായിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച പ്രവൃത്തികൾ നടത്താൻ പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ സ്ഥലം എം.എൽ.എ.-യോട് ആലോചിക്കണമെന്നുണ്ടോ; എങ്കിൽ എം.എൽ.എ.-മാരോട് ആലോചിച്ചതിനു ശേഷമാണോ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; പ്രൊപ്പോസലുകൾ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മൊത്തം 14 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. കേരള പ്രൊട്ടക്ഷൻ ഓൺ റിവർ ബാങ്ക്സ് ആന്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റഗുലറൈസേഷൻ ഓഫ് സാൻഡ് ആക്റ്റ് 2001 ചട്ടം 16, 17 എന്നിവയ്ക്ക് അനുസൃതമായും സംസ്ഥാന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായും ആണ് റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നത്. ടി പ്രവർത്തികൾക്കുള്ള പ്രൊപ്പോസലുകൾ സ്ഥലം എം.എൽ.എ., മുനിസിപ്പൽ/ പഞ്ചായത്ത് ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, പൊതുജനങ്ങൾ എന്നിവരിൽനിന്നുള്ള ശിപാർശകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമമനുസരിച്ച് തയ്യാറാക്കുകയും റിവർ മാനേജ്മെന്റ് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ (ഡി.എൽ.ഇ.സി.) ശിപാർശ അനുസരിച്ച് സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി അന്തിമമായി അംഗീകാരം നൽകുകയുംചെയ്യുന്നു.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ സ്ഥലം എം.എൽ.എ.-മാരുടെ അഭിപ്രായംകൂടി പരിഗണിച്ചാണ് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ ഒരു മണ്ഡലത്തിലും റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചിട്ടില്ല. നിലവിൽ പുതിയ പ്രൊപ്പോസലുകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

**ഏറനാട് താലൂക്ക് ഓഫീസിലെ ഫയലുകൾ**

156 (4912) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക് ഓഫീസിലെ അഡീഷണൽ താലൂക്ക് സർവ്വേയറായിരുന്ന ശ്രീ.സന്തോഷ് ചാർജ്ജെടുത്ത ദിവസം മുതൽ ടിയാൻ കൈകാര്യം ചെയ്ത ഫയലുകൾ ഏതൊക്കെയാണ്;

(ബി) എത്ര ഫയലുകളിൽ തീർപ്പുണ്ടാക്കി; എത്ര ഫയലുകൾ തിരിച്ച് ഏൽപ്പിച്ചു;

(സി) ടിയാൻ ഓരോ മാസവും സൂക്ഷിക്കാറുള്ള മാസാന്ത്യ ഡയറിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഏറനാട് താലൂക്ക് ഓഫീസിലെ അഡീഷണൽ താലൂക്ക് സർവ്വേയറായിരുന്ന ശ്രീ. സന്തോഷ് ചാർജ്ജെടുത്ത ദിവസം മുതൽ 9 വില്ലേജുകളിലായി 399 ഫയലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തീർപ്പുണ്ടാക്കിയ ഫയലുകൾ - 34 എണ്ണം

തിരിച്ചേൽപ്പിച്ച ഫയലുകൾ - 273 എണ്ണം

(സി) താലൂക്കാഫീസിൽ ജോലി ചെയ്തിരുന്ന 14-7-2015 മുതൽ 21-3-2016 വരെയുള്ള കാലയളവിലെ ഡയറികളൊന്നും ടിയാൻ നാളിതുവരെ സമർപ്പിച്ചിട്ടില്ല.

(ഡി) ശ്രീ. സന്തോഷ് സി.ഐ.-ക്ക് എതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

**റവന്യൂ ഭൂമിയിലെ കയ്യേറ്റം**

157 (4913) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ.പി. കെ. ശശി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമിയിൽ നടത്തിയിട്ടുള്ള വ്യാപക കയ്യേറ്റങ്ങളെക്കുറിച്ച് സമഗ്ര പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) വൻകിട ചെറുകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കാനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഭൂ സംരക്ഷണ നിയമപ്രകാരം ഭൂമികയ്യേറ്റം ക്രിമിനൽ കുറ്റമായതിനാൽ ഇത്തരത്തിൽ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; കയ്യേറ്റങ്ങൾക്കെതിരെ ക്രിമിനൽ കേസുകൾ നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) റവന്യൂ ഭൂമിയിലെ കയ്യേറ്റം തടയാൻ ഭൂസംരക്ഷണ സേന രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

**റവന്യൂ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാന് കർമ്മ പദ്ധതി**

158 (4914) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ആസൂത്രണം ചെയ്ത കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർ സംവിധാനം മെച്ചപ്പെടുത്താനുള്ള കാര്യങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, ഭൂരേഖകളുടെ കമ്പ്യൂട്ടർവത്കരണം, ഇ-ഡിസ്ട്രിക്ട് പദ്ധതി, പുഴ മുതൽ പുഴ വരെ പദ്ധതി എന്നിവയാണ് റവന്യൂ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ആസൂത്രണം ചെയ്ത പദ്ധതികൾ.

(ബി) റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

**തോട്ടം മേഖലയിൽ കമ്പനികൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി**

159 (4915) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ കമ്പനികൾ അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഭൂമിയുടെ വിവരശേഖരണത്തിനും റിപ്പോർട്ടിനുമായി മുൻസർക്കാർ

നിയോഗിച്ചിരുന്ന ശ്രീ. രാജമാണിക്യം ഐ.എ.എസ്സിന്റെ റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെയും അതിന്റെ നടപ്പാക്കലിന്റെയും കാര്യത്തിലുള്ള സർക്കാർ നിലപാടെന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ – സി) തോട്ടം മേഖലയിൽ കമ്പനികൾ അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി കണ്ടെത്തുന്നതിനും വീണ്ടെടുക്കുന്നതിനുമായി നിയോഗിച്ച സംസ്ഥാനതല സ്പെഷ്യൽ ഓഫീസർ 4-6-2016-ന് വിശദമായ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പട്ടയം ലഭിക്കാനുള്ള കുടുംബങ്ങൾ**

160 (4916) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടിയിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത്; ഇവർ എത്ര വർഷമായി ഇവിടെ താമസിക്കുന്നു;

(ബി) പട്ടയം ലഭിക്കാത്ത പ്രദേശങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക് വനം വകുപ്പ് തടസ്സം നിൽക്കുന്നുണ്ടോ;

(സി) എത്ര ഏക്കർ സ്ഥലത്തിനാണ് ഇവിടെ പട്ടയം നൽകാനുള്ളത്; ഇതിനായുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കും; സർവ്വേ നടപടികൾക്ക് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്ന് പട്ടയം വിതരണം ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പെരുമ്പെട്ടിയിൽ 412 കുടുംബങ്ങൾക്ക് പട്ടയം നൽകുവാനുണ്ട്. 1977 ജനുവരി 1-നുമുമ്പ് മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വലിയകാവ് റിസർവ് ഭൂമിയിൽ താമസിച്ചുവരുന്നവരും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്നതുമാണ് ടി കുടുംബങ്ങൾ.

(ബി) നിർമ്മാണപ്രവർത്തനങ്ങൾക്ക് വനംവകുപ്പ് തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംയുക്ത പരിശോധന നടത്തിയ 111.17.75 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകുവാനുണ്ട്. സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ലാത്തതാണ്.

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**ലാന്റ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ**

161 (4917) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാന്റ് ബോർഡുകളിൽ എത്ര കേസുകൾ കെട്ടിക്കിടപ്പുണ്ട്;

(ബി) പ്രസ്തുത കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനും മിച്ച ഭൂമി പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1256 കേസുകൾ.

(ബി) സംസ്ഥാനത്തെ വിവിധ താലൂക്ക് ലാന്റ് ബോർഡുകളിൽ നിലവിൽ കുടിശ്ശികയുള്ള മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും അതുവഴി കൂടുതൽ മിച്ചഭൂമി കണ്ടെത്തുന്നതിനുമായുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി സംസ്ഥാന ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2016 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ നടന്ന അവലോകന യോഗങ്ങളിൽ നിലവിൽ കുടിശ്ശികയുള്ള മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൽഫലമായി കൂടുതൽ കേസുകൾ തീർപ്പുകൽപ്പിക്കപ്പെടുമെന്നും തദ്വാര കൂടുതൽ മിച്ചഭൂമി കണ്ടെത്താനാകുമെന്നും പ്രതീക്ഷിക്കുന്നു. ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണയോഗ്യമായത് കേരള ഭൂപരിഷ്കരണ

നിയമത്തിലെ 96-ാം വകുപ്പിലെയും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥ അനുസരിച്ചാണ് വിതരണം ചെയ്യുന്നത്. കൂടാതെ പതിവിനനുയോജ്യമായ മിച്ചഭൂമി ടി നിയമത്തിലെ 961 (1എ) വകുപ്പും ഭൂമപരിധി ചട്ടം 32 പ്രകാരവും പൊതു ആവശ്യത്തിലേക്കായി നീക്കിവച്ച് ഉത്തരവായശേഷം, ആയത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ വിവിധ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**പട്ടയം തയ്യാറാക്കിയതിലെ അപാകതകൾ**

162 (4918) ശ്രീ. എം. എം. മണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പട്ടയം ലഭിച്ചവരിൽ പലർക്കും, പട്ടയം തയ്യാറാക്കിയതിലെ അപാകതകൾമൂലം കരം അടയ്ക്കാൻ സാധിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപാകതകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഡാറ്റാ എൻട്രിയിൽ ഉണ്ടായ പിഴവുമൂലം ചില പട്ടയങ്ങളിൽ അക്ഷരത്തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടായിരുന്നു.

(സി) പിശക് തിരുത്തി പട്ടയങ്ങൾ വിതരണം ചെയ്യുന്ന നടപടികളാണ് പതിവധികാരികൾ സ്വീകരിച്ചുവരുന്നത്.

**അനധികൃത പട്ടയങ്ങൾ**

163 (4919) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നൽകിയ പട്ടയങ്ങളിൽ അനധികൃതമാണെന്ന് മുൻസർക്കാരിന്റെ കാലത്തു തന്നെ കോടതികളും കൂടാതെ

പരാതികളുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ നിയോഗിച്ച അന്വേഷണ വിഭാഗവും കണ്ടെത്തിയ പട്ടയങ്ങൾ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിന് കൂട്ടുനിന്നതായി കണ്ടെത്തിയതും കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടവരുമായ ഉദ്യോഗസ്ഥർ എത്ര; അവർ ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ ഇത്തരം പ്രവർത്തനങ്ങൾ അന്വേഷണ വിധേയമാക്കുവാനും അനധികൃത പട്ടയങ്ങൾ തിരിച്ചുപിടിക്കുവാനും കുറ്റക്കാരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുവാനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനധികൃത പട്ടയങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളിലും 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ**

164 (4920) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശോചനീയാവസ്ഥയിലുള്ള വില്ലേജ് ഓഫീസുകൾ ഏതെല്ലാം; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി എന്തെങ്കിലും എടുത്തിട്ടുണ്ടോ; ഓഫീസ് സൗകര്യം അപര്യാപ്തമായതിനാൽ സ്ഥല സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് 2017-18-ലെ പ്ലാൻ സ്കീമിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ പരിഹരിക്കാവുന്നതാണ്.

## ചിറ്റൂർ മിനി സിവിൽ സ്റ്റേഷൻ

165 (4921) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജക മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള താലൂക്ക് ഓഫീസ് ഉൾപ്പെടെയുള്ള ഒട്ടനവധി ഓഫീസുകൾ മാറ്റി സ്ഥാപിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ അത്തരം ഓഫീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് ആവശ്യമായ പാർട്ട്ടൈം സ്വീപ്പർ, വാച്ച് മാൻ തുടങ്ങിയ തസ്തികകൾ ഇതുവരെയും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുവാൻ നടപടിയെടുക്കുമോ;

(ഡി) മിനി സിവിൽ സ്റ്റേഷനിൽ വകുപ്പ് തല മീറ്റിംഗുകൾ നടത്താനായി എല്ലാ സൗകര്യങ്ങളോടും കൂടിയ മിനി കോൺഫറൻസ് ഹാൾ സജ്ജീകരിക്കാൻ ഫണ്ട് അനുവദിക്കുകയും അതിനായി നിർദ്ദേശം നൽകുകയും ചെയ്യുമോ;

(ഇ) റവന്യൂ ഉൾപ്പെടെ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറിയതും മാറാത്തതുമായ ഓഫീസുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അത്തരം ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല. ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ അതാത് ഓഫീസുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർമാർ/ഫുൾടൈം സ്വീപ്പർമാർ ചെയ്തുവരുന്നുണ്ട്. അത്തരം തസ്തികകൾ ഇല്ലാത്ത ഓഫീസുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളാണ് തീരുമാനമെടുക്കേണ്ടത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഭൂമി**

166 (4922) <u>ശ്രീ. പി. ടി. തോമസ്</u>

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവർക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മിച്ച ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് നൽകിവരുന്നു. വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതും സ്വന്തമായി ഭൂമിയില്ലാത്തതും കേരളത്തിൽ സ്ഥിരതാമസ മാക്കിയിട്ടുള്ളതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ഭൂമി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷകളിൽനിന്ന് 2,43,928 കുടുംബങ്ങളെയാണ് പ്രാഥമികമായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 58,398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു. ഭൂമി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേന ഭൂമി ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകളിൽനിന്ന് നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള 2,43,928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 35851 |
| കൊല്ലം | 28591 |
| പത്തനംതിട്ട | 6807 |
| ആലപ്പുഴ | 14163 |
| കോട്ടയം | 10388 |
| ഇടുക്കി | 7970 |
| എറണാകുളം | 31379 |
| തൃശ്ശൂർ | 26776 |
| പാലക്കാട് | 23874 |
| മലപ്പുറം | 23962 |
| കോഴിക്കോട് | 8304 |
| വയനാട് | 4546 |
| കണ്ണൂർ | 11099 |
| കാസർഗോഡ് | 10218 |
| ആകെ | 2,43,928 |

(സി) പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് അനുയോജ്യമായ മിച്ചഭൂമി ഉൾപ്പെടെയുള്ള വിവിധതരം സർക്കാർ ഭൂമികൾ തെരഞ്ഞെടുക്കുന്ന പ്രവർത്തനം ജില്ലകളിൽ നടന്നുവരുന്നു. ടി പ്രവൃത്തി പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കൾക്ക് നൽകാനാവശ്യമായ ഭൂമിയുടെ ലഭ്യതയെക്കുറിച്ചുള്ള കൃത്യമായ കണക്ക് വെളിവാകുകയുള്ളൂ.

**അനധികൃതമായ മണ്ണെടുപ്പ്**

167 (4923) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് പരിധിയിൽ അനുമതിയില്ലാതെ മണ്ണെടുക്കുന്നതും, പാടം നികത്തുന്നതുമായി ബന്ധപ്പെട്ട് 2015-ൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പരാതികളിന്മേൽ റവന്യൂ വകുപ്പ് ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) 2016-ൽ ഈ വിഷയത്തിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അനധികൃതമായി മണ്ണെടുക്കുന്നതും, പാടം നികത്തുന്നതും കർശനമായി തടയുന്നതിന് വില്ലേജ്, താലൂക്ക് റവന്യൂ അധികാരികൾക്ക് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് പരിധിയിൽ അനുമതിയില്ലാതെ മണ്ണെടുക്കുന്നതും പാടം നികത്തുന്നതുമായി ബന്ധപ്പെട്ട് 2015-ൽ ആകെ 244 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 8 കേസ്സുകളിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2016-ൽ ഇതുവരെ 323 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവുപ്രകാരം കൃഷിഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ജില്ലാകളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ടി ഉത്തരവ് ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ അനുമതി വാങ്ങാതെ പരിവർത്തനപ്പെടുത്തുന്ന കേസുകളിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായിട്ടുള്ള ഭൂമിയിൽ നടത്തുന്ന അനധികൃത പരിവർത്തനങ്ങൾക്കെതിരെ പ്രസ്തുത നിയമത്തിലെ വകുപ്പ് 12, 13, 19, 22 എന്നിവ പ്രകാരമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ അനധികൃതമായ മണ്ണെടുപ്പും പാടം നികത്തലും തടയുന്നതിനായി ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പോലീസുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തുന്നുണ്ട്.

**മംഗലശ്ശേരി തോട്ടം പ്രദേശവാസികൾക്ക് പട്ടയം**

**അനുവദിക്കുന്ന നടപടി**

168 (4924) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് താഴക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം പ്രദേശത്ത് താമസിക്കുന്ന അർഹരായവർക്ക് പട്ടയം അനുവദിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) സാങ്കേതിക നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇവർക്ക് എന്ന് പട്ടയം അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിലെ 107 തോട്ടം നിവാസികൾക്ക് 1974-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് റൂൾ പ്രകാരം പട്ടയം നൽകുന്ന നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിരുന്നില്ല. അന്ന് കൈവശം നൽകിയ ഭൂമി പിന്നീട് അനധികൃതമായി കൈമാറ്റം നടത്തിയതായി കണ്ടെത്തിയതിനാൽ ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും രേഖകൾ പരിശോധിച്ച് അനധികൃത കൈമാറ്റം നടത്തിയ എല്ലാവരുടെയും രേഖകൾ റദ്ദ് ചെയ്യുകയും പിന്നീട് വീടുവച്ച് താമസിച്ചുവരുന്നവർക്കും രേഖകൾ ഹാജരാക്കിയവർക്കും പുതുതായി പട്ടയം നൽകുന്നതിനായും ബാക്കി സ്ഥലം മുക്കം ഗവൺമെന്റ് പോളിടെക്നിക്കിന് വിട്ടു കൊടുക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 8-11-2016-ന് ബന്ധപ്പെട്ടവരുടെ യോഗവും മന്ത്രിതലത്തിൽ ചേരാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**ചുറ്റുമുള്ള വയലുകൾ നികത്തപ്പെട്ടുപോയ തുണ്ടുപാടങ്ങൾ**

169 (4925) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി കൃഷിയിറക്കാൻ സാദ്ധ്യമല്ലാത്തവിധം ചുറ്റുമുള്ള

വയലുകൾ നികത്തപ്പെട്ടുപോയ തുണ്ടുപാടങ്ങൾ ഇപ്പോഴും ആ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന വസ്തുത അംഗീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനും നികത്തുന്നത് തടയുന്നതിനുമായി ഇതുവരെ നികത്തപ്പെട്ടിട്ടില്ലാത്ത തുണ്ടുപാടങ്ങളെ അവയുടെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത്, നോട്ടിഫൈ ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിൽ നഗരമേഖലകളിലെ ഇത്തരം വളരെ ചെറിയ പാടങ്ങൾ വലിയ പങ്ക് വഹിക്കുന്നതായി കരുതുന്നുണ്ടോ; ഇവയുടെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിൽനിന്നും ഇത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വകുപ്പ് 5 പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നത് ബന്ധപ്പെട്ട കൃഷി ഓഫീസർമാർ കൺവീനർ ആയിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികളാണ്. ചട്ടം 4(2) (എ) പ്രകാരം നിയമം നിലവിൽവരുന്ന സമയത്ത് നിയമത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തേണ്ടിയിരുന്നു. അതിൽ തുണ്ടുപാടങ്ങൾ എന്ന് പ്രത്യേകം തരംതിരിച്ചിട്ടില്ല.

(സി) റവന്യൂ വകുപ്പിൽനിന്നും ഇത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല.

**വ്യാജപട്ടയ നിർമ്മാണം**

170 (4926) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിലെ വ്യാജപട്ടയ നിർമ്മാണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സർക്കാർ ഭൂമി ബിനാമികളുടെ പേരിൽ റവന്യൂ ഉദ്യോഗസ്ഥരെ

സ്വാധീനിച്ച് വാങ്ങി മറിച്ച് വിൽക്കുന്ന സംഘം ഇവിടെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എങ്കിൽ ഈ വില്ലേജിൽ മുൻകാലങ്ങളിൽ സർക്കാർ ഭൂമി പതിച്ചു നൽകിയ നടപടികൾ കൂടി അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) റവന്യൂ വകുപ്പിന് പുറത്തുള്ള മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് ഈ വിഷയം അന്വേഷിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മൂളിയാർ വില്ലേജ് ഓഫീസിലെ മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. കൃഷ്ണൻ എന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് പോലീസും വിജിലൻസും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഈ വില്ലേജിൽ മുൻകാലങ്ങളിൽ പതിച്ച് നൽകിയ ഭൂമി സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷിക്കുന്നതാണ്.

(ഡി) പോലീസും വിജിലൻസും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## നെൽവയൽ നികത്തുന്നതും കുന്നിടിക്കുന്നതും കർശനമായി തടയുന്നതിനുള്ള പദ്ധതി

171 (4927) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെൽവയൽ നികത്തുന്നതും കുന്നിടിക്കുന്നതും കർശനമായി തടയുന്നതിനുവേണ്ടി പുതിയതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

നെൽവയൽ നികത്തുന്നത് തടയുന്നതിനായി പുതിയതായ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ്, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടവും എന്നിവ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**പാട്ടത്തുക നിശ്ചയിക്കാനുള്ള വ്യവസ്ഥകൾ**

172 (4928) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽനിന്നും ഭൂമി ഏറ്റെടുത്ത് വ്യക്തികൾക്ക് വ്യവസായ ആവശ്യത്തിന് പാട്ടത്തിന് നൽകാൻ മുൻസർക്കാർ തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ; അതിനുള്ള നിബന്ധനകൾ എന്തൊക്കെയായിരുന്നു;

(ബി) മുൻസർക്കാരിന്റെ അന്തിമ കാലഘട്ടത്തിൽ നടന്ന വ്യാപകമായ ഭൂമി ദാനത്തിന്റെ പശ്ചാത്തലത്തിൽ ഈ നയം പിൻവലിക്കാൻ തയാറാകുമോ;

(സി) നിലവിൽ റവന്യൂഭൂമി പാട്ടത്തിന് നൽകിയിരിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പക്കൽനിന്ന് ലഭിക്കേണ്ട പാട്ടത്തുക നിശ്ചയിക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇപ്രകാരം നിശ്ചയിച്ച തുകയാണോ പാട്ടത്തുകയായി ലഭിച്ചുവരുന്നത്; പാട്ടക്കുടിശ്ശിക വരുത്തിയിരിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ആരൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം**

173 (4929) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചില വില്ലേജുകളിൽ മാത്രം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) ഈ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം എന്ന് ജില്ലാ ഭരണകൂടത്തോട് നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെയോ കോടതിയുടെയോ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽവരുന്ന ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ 8 വില്ലേജുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി & ഡി) ഇടുക്കി ജില്ലയിലെ റവന്യൂ/ഫോറസ്റ്റ് ഭൂമികളിലെ അനധികൃത കയ്യേറ്റങ്ങളും വ്യാജ പട്ടയങ്ങളും മൂന്നാർ പ്രദേശത്തെ ഭൂപ്രകൃതി പരിപാലനവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി. (സി)1801/2010, ഡബ്ല്യൂ.പി.(സി) 34095/2009 എന്നീ കേസുകളിലെ 21-1-2010-ലെ വിധി ന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളുടെ എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ നിർദ്ദേശിക്കുന്നു. പ്രസ്തുത വിധി ന്യായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**സർക്കാർ ഭൂമി കയ്യേറ്റം**

174 (4930) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കൈവശം വെച്ചുവരുന്ന കയ്യേറ്റക്കാർക്കെതിരെ ഈ ഗവൺമെന്റ് ഇതുവരെ എത്രകേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര ഭൂമി പിടിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പിടിച്ചെടുത്ത ഭൂമി ഉൾപ്പെടെ എത്ര ഭൂമി ഗവൺമെന്റിന്റെ അധീനതയിൽ ഭൂരഹിതർക്ക് വിതരണം ചെയ്യാൻ പാകത്തിൽ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ - സി)വിവരം ശേഖരിച്ചുവരുന്നു.

**സുനാമിയിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം**

175 (4931) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ സുനാമിയിൽ വീട് നഷ്ടപ്പെട്ട 73 കുടുംബങ്ങൾക്ക് 2005 - 06 വർഷം ഒരു കോടി രൂപ ധനസഹായം പ്രഖ്യാപിച്ചെങ്കിലും ഇവരുടെ പുനരധിവാസത്തിന് ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ പുനരധിവാസം ഉടൻ സാദ്ധ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടിക്കെതിരെ ഭൂവുടമസ്ഥർ ബഹു. കേരള ഹൈക്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തതിൽ നിരോധന ഉത്തരവ് ഉള്ളതിനാലാണ് വീടുകൾ നിർമ്മിച്ചുനൽകുന്നതിന് സാധിക്കാതെ വന്നത്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം**

176 (4932) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ എത്ര കയ്യേറ്റം ഒഴിപ്പിച്ചുവെന്നും എത്ര ഭൂമി കഴിഞ്ഞ നാല് മാസത്തിനുള്ളിൽ സർക്കാർ തിരിച്ച് പിടിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) തിരിച്ചുപിടിച്ച ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര പേർക്ക് ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണം ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

### ദുരിതാശ്വാസ നിധിയിൽനിന്നും സഹായം

177 (4933) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് നൽകുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ഓൺലൈനായും അല്ലാതെയും റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ താലൂക്കിൽനിന്നും രോഗ ദുരിത സഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ റിപ്പോർട്ടുകൾ വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, കളക്ടറേറ്റ് എന്നീ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷകരുടെ റിപ്പോർട്ടുകൾ യഥാസമയം സ്വീകരിച്ച് സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിശ്ചിത സമയം നിർദ്ദേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ - ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം പാവപ്പെട്ട രോഗികൾക്ക് എത്രയുംവേഗം ലഭ്യമാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസുകളിലും

താലൂക്കാഫീസുകളിലും ജില്ലാ കളക്ടറേറ്റുകളിലും പുതിയതായി നിലവിൽവന്ന ഓൺലൈൻ സംവിധാനത്തിലെ പ്രാരംഭമായിട്ടുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾകൊണ്ട് ചെറിയ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓൺലൈൻ അല്ലാതെയുള്ള അപേക്ഷകളിൽ കൃത്യസമയത്തുതന്നെ നടപടി സ്വീകരിച്ചുവരുന്നു. ഓൺലൈൻ സംവിധാനം പൂർണ്ണമായി പ്രവർത്തന ക്ഷമമാകുന്നതോടെ അപേക്ഷകൾ വേഗത്തിൽ തീർപ്പാകുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ അംഗീകൃത കടവുകളിൽനിന്നുള്ള മണലൂറ്റൽ

178 (4934) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്വീകരിച്ചുവരുന്നതുപോലെ കാസർഗോഡ് ജില്ലയിലെ അംഗീകൃത കടവുകളിൽ നിന്നുള്ള മണലൂറ്റൽ ബിനാമി ഇടപെടലുകൾ ഒഴിവാക്കി സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തി തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിൽ ലഭ്യമാക്കുന്ന തരത്തിലും പരിസ്ഥിതിക്ക് ആഘാതം ഇല്ലാത്ത തരത്തിലും വിഭാവനം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ;

(ബി) പൂഴി മാഫിയയ്ക്ക് സംരക്ഷണം നൽകുന്ന തരത്തിൽ റവന്യൂ, പോലീസ്, ഹാർബർ ഉദ്യോഗസ്ഥൻമാർ പ്രവർത്തിക്കുന്ന കാര്യവും വ്യാജ പാസ്സുണ്ടാക്കിയും ജെ.സി.ബി. ഉൾപ്പെടെയുള്ള വാഹനങ്ങൾ ഉപയോഗിച്ചും കരമണ്ണ് ഉൾപ്പെടെ രാത്രിയുടെ മറവിൽ ആവശ്യക്കാർക്ക് എത്തിക്കുന്ന തരത്തിലുള്ള മാഫിയ പ്രവർത്തനം നിയന്ത്രിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലെ നിയമ സംവിധാനത്തിൽ മണൽവാരൽ സുതാര്യമാക്കു ന്നതിനുള്ള വ്യവസ്ഥകളുണ്ട് എന്നിരുന്നാലും ഈ വിഷയത്തിൽ കൂടുതൽ വിശദമായ ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) നിലവിലെ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് മണൽ മാഫിയ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുവരുന്നുണ്ട്. ഇതിനായി റവന്യൂ-പോലീസ് ഉദ്യോഗസ്ഥർ സംയുക്തമായി പ്രവർത്തിച്ചുവരുന്നു.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റവന്യൂ പുറമ്പോക്കുഭൂമി

179(4935) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട വില്ലേജ് പ്രദേശങ്ങളിൽ അതാതിടത്തെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വില്ലേജ് തിരിച്ചുള്ള അവയുടെ അളവും ഭൂമി ശാസ്ത്രപരമായി പ്രസ്തുത പുറമ്പോക്ക്ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലവും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പുറമ്പോക്ക് ഭൂമികളിൽ വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വെച്ചിട്ടുള്ളവ പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം 1(എ) ആയി ചേർത്തിട്ടുണ്ട്.* ഭൂമിശാസ്ത്രപരമായി പ്രസ്തുത പുറമ്പോക്കുഭൂമി കരഭൂമിയായി (dry land) സ്ഥിതി ചെയ്യുന്നു.

(സി) അനധികൃതമായി സർക്കാർ ഭൂമി കയ്യേറിയത് സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം 5 വില്ലേജുകളിലായി 45 കേസുകളിന്മേൽ നടപടി നടന്നുവരുന്നു. വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം 1(ബി) ആയി ചേർത്തിട്ടുണ്ട്.*

## ഉടുമ്പൻചോല താലൂക്കിലെ റീ-സർവ്വേ നടപടികൾ

180 (4936) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിലെ ഏതൊക്കെ വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ നടന്നുവരുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ വില്ലേജിലെയും റീ-സർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ്;

(സി) റീ-സർവ്വേ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീ-സർവ്വേ നടപടികൾ വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) റീ-സർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉടുമ്പൻചോല താലൂക്കിലെ ബൈസൺവാലി, ചിന്നക്കനാൽ, പൂപ്പാറ, ശാന്തൻപാറ, ചതുരംഗപ്പാറ, ഗാന്ധിപ്പാറ, രാജാക്കാട്, കൽക്കുന്തൽ, കരുണാപുരം, വണ്ടൻമേട്, ചക്കുപള്ളം, ഇരട്ടയാർ എന്നീ വില്ലേജുകളിൽ റീസർവ്വേ നടപടികൾ നടന്നുവരുന്നു.

(ബി) ഉടുമ്പൻചോല താലൂക്കിൽ റീസർവ്വേ ആരംഭിക്കുന്നതിനായി സർവ്വേ അതിരടയാള നിയമത്തിലെ വകുപ്പ് 6 ഉപവകുപ്പ് (1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതി ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ബൈസൺവാലി | - | 22-12-1973 |
| പൂപ്പാറ | - | 26-8-1974 |
| ചതുരംഗപ്പാറ | - | 21-4-1975 |
| രാജാക്കാട് | - | 30-6-1976 |
| കരുണാപുരം | - | 12-2-1974 |
| ചക്കുപള്ളം | - | 18-12-1976 |
| ചിന്നക്കനാൽ | - | 26-8-1974 |
| ശാന്തൻപാറ | - | 17-8-1973 |
| ഗാന്ധിപ്പാറ | - | 05-2-1977 |
| കൽക്കുന്തൽ | - | 12-2-1974 |
| വണ്ടൻമേട് | - | 28-3-1977 |
| ഇരട്ടയാർ | - | 12-2-1974 |

(സി) ഉണ്ട്.

(ഡി) 31-10-2012-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 409/2012/റവന്യൂ പ്രകാരം നിലവിൽ റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരിക്കുന്നു. റീ-സർവ്വേ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പുരോഗതി വിലയിരുത്തിയിട്ടുണ്ട്. സർവ്വേ ഡയറക്ടർ തലത്തിൽ റീസർവ്വേ നടപടി അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാതല സർവ്വേ ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചുചേർത്തും വീഡിയോ കോൺഫറൻസിംഗിലൂടെയും സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

**കടുത്തുരുത്തി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന്**

**സ്ഥലം**

181 (4937) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലം കടുത്തുരുത്തി പോളിടെക്നിക് കോമ്പൗണ്ടിൽനിന്നും അനുവദിക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിലവിലുള്ള ഫയലിന്റെ പുരോഗതിയും ഇനിയുള്ള നടപടി ക്രമങ്ങളും വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; നിലവിൽ ടി ഫയൽ റവന്യൂ എ വിഭാഗത്തിലെ ഏത് ഫയൽ നമ്പർ പ്രകാരമാണ് കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് 4-3-2014-ലെ 4181/വി.ഐ.പി./സി.എം./2014 നമ്പരായി 3-6-2014-ൽ ലഭിച്ച അപേക്ഷ 11-6-2014-ൽ വൈക്കം തഹസീൽദാർക്ക് അയച്ചുകൊടുത്തതായും വൈക്കം തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലാ റവന്യൂ ഡിവിഷണൽ ഓഫീസർ 26-09-2015-ൽ ഭൂമി കൈമാറ്റത്തിനുള്ള

നിശ്ചിത റിക്വിസിഷൻ ഫോം ഒഴികെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തതായി കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത റിക്വസിഷൻ ഫോം സമർപ്പിക്കുന്നതിന് ഭൂമി കൈമാറി ലഭിക്കേണ്ട ഫയർ ആന്റ് റസ്ക്യൂ വകുപ്പിനും ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയായതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഭൂമി കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും 30-11-2015-ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽനിന്നും 30-1-16-ൽ ഭൂമി കൈമാറ്റത്തിനുള്ള നിശ്ചിത റിക്വിസിഷൻ ഫോം സമർപ്പിച്ചപ്പോൾ ഭൂമി കൈമാറി നൽകേണ്ട ബന്ധപ്പെട്ട വകുപ്പിൽനിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചാൽമാത്രമേ ഭൂമി കൈമാറ്റത്തിനുള്ള തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് 4-2-2016-ൽ ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുകയും കത്തിന്റെ പകർപ്പ് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഭൂമി കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി നൽകുകയും ചെയ്തിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിരാക്ഷേപ പത്രം ലഭിച്ചാൽ മാത്രമേ സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതും അവയുടെ നിയന്ത്രണത്തിലുള്ളതുമായ പുറമ്പോക്ക് ഭൂമി ഇതിനായി വിജ്ഞാപനം മുഖേന റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തപ്പെടുത്തേണ്ടതുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ടി വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറുന്നതിനുള്ള നിരാക്ഷേപ പത്രം കോട്ടയം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടില്ല. ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിൽ ഫയൽ ലഭ്യമല്ല.

**കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി**

182 (4938) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1977-ന് മുമ്പ് മുതൽ കർഷകരുടെ കൈവശമിരിക്കുന്ന കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കർഷകർ പാട്ടം നൽകി വരുന്നുണ്ടോ;

(സി) ഇപ്രകാരം കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നപക്ഷം ഇവർ സ്ഥലം ക്രയവിക്രയം നടത്തിവരുമ്പോൾ സർക്കാരിന് രജിസ്ട്രേഷൻ,സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കാവുന്ന വരുമാനത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ഡി) കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 1993-ലെ ഭൂമി പതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടത്തിൽ കുത്തകപ്പാട്ടഭൂമിക്ക് പട്ടയം നൽകാൻ വ്യവസ്ഥ ഇല്ലാത്തതാകുന്നു. എന്നാൽ ഇടുക്കി ജില്ലയിലെ ഏലത്തോട്ട ഭൂമിയിൽ 1-1-1977-നുമുമ്പ് ഏലേതര കൃഷിക്കായി വിളപരിവർത്തനം ചെയ്യപ്പെട്ടതും ലാന്റ് രജിസ്റ്ററിൽ പ്രസ്തുത വിളപരിവർത്തനം സാധൂകരിക്കുന്ന രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്ന പക്ഷം ടി ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഇടുക്കി ജില്ലയിലെ കാർഡമം ഭൂമിയിൽ കർഷകർ പാട്ടം നൽകി വരുന്നുണ്ട്.

(സി) പഠനം നടത്തിയിട്ടില്ല.

(ഡി) കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

183 (4939) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾ അംഗീകരിച്ചിട്ടുണ്ട്;

(ബി) മുൻ വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്;

(സി) ഈ വർഷം അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ– സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് തുക അനുവദിക്കാറില്ല.

**പമ്പാവാലിയിലെ കൈവശക്കാർക്ക് ഉപാധിരഹിത പട്ടയം**

184 (4940) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലിയിലെ കൈവശക്കാർക്ക് വിതരണം ചെയ്ത പട്ടയത്തിൽ എന്തെങ്കിലും ഉപാധികൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ഉപാധികളാണെന്ന് വിശദമാക്കാമോ;

(ബി) എത്ര കൈവശ കർഷകർക്കാണ് ഇത്തരത്തിൽ ഉപാധികളോടെയുള്ള പട്ടയം വിതരണം ചെയ്തതെന്ന് പറയാമോ;

(സി) കർഷകർക്ക് വിതരണം ചെയ്ത ഉപാധികളോടെയുള്ള പട്ടയം പിൻവലിച്ച് ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2011 കാലഘട്ടത്തിൽ പമ്പാവാലിയിൽ വിതരണം ചെയ്ത 1368 പട്ടയങ്ങൾ ഉപാധികളോടെയുള്ളതാണ്. എന്നാൽ 2015-ൽ വിതരണം ചെയ്ത പട്ടയങ്ങൾ ഉപാധിരഹിതമാണ്. പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടില്ല, പതിവ് ലഭിച്ച സ്ഥലം 25 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ല എന്നിവയാണ് 2011 കാലഘട്ടത്തിൽ നൽകിയ പട്ടയങ്ങളിലെ വ്യവസ്ഥകൾ.

(ബി) 1368 കൈവശ കർഷകർക്ക് ഉപാധികളോടെയുള്ള പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(സി) പമ്പാവാലിയിലെ കർഷകർക്ക് വിതരണം ചെയ്ത ഉപാധികളോടെയുള്ള പട്ടയം പിൻവലിച്ച് ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## പാറക്വാറികളുടെ എണ്ണം

185 (4941) ശ്രീ. ജി. എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പാറക്വാറികളുടെ എണ്ണം റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ക്വാറികളിൽ അംഗീകൃതമായത് ഏതെല്ലാം, അനധികൃതമായത് ഏതെല്ലാം എന്ന് വകുപ്പ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട അംഗീകൃത പാറക്വാറികളുടെയും അനധികൃത പാറക്വാറികളുടെയും വിശദാംശം വില്ലേജ് തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പാറക്വാറികളുടെ എണ്ണം റവന്യൂ വകുപ്പ് പ്രത്യേകമായി കണക്കാക്കി സൂക്ഷിച്ചിട്ടില്ല. വ്യവസായ വകുപ്പിന് കീഴിലെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണക്കനുസരിച്ച് 1385 കരിങ്കൽ ക്വാറികൾ നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്നതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കണ്ടെത്തിയ ക്വാറികൾ നിയമനടപടികൾ സ്വീകരിച്ച് നിർത്തിവയ്പിച്ചിട്ടുണ്ട്. മറ്റ് അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം പ്രത്യേകം ശ്രദ്ധയിൽവന്നിട്ടില്ല.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ വില്ലേജിൽ സർവ്വേ നമ്പർ 359/2,3-1, 15-ൽപ്പെട്ട സ്ഥലത്ത് ശ്രീ. ഗോപാലകൃഷ്ണ കുറുപ്പ്, ജി. കെ. ഇൻഡസ്ട്രീസ്, കല്ലുവാതുക്കൽ, കൊല്ലം എന്ന പേരിൽ ഒരു ക്വാറിയിംഗ് ലീസിൽ നിലവിൽ കാലാവധിയുണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മറ്റ് വില്ലേജുകളിൽ അംഗീകൃത പാറക്വാറികൾ ഒന്നുംതന്നെയില്ല. അനധികൃത ക്വാറികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടയമില്ലാത്ത വീടുകൾക്ക് വൈദ്യുതി

186 (4942) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയമില്ലാത്ത ഭൂമിയിൽ പണികഴിപ്പിച്ചതും എന്നാൽ കെട്ടിട നമ്പർ ലഭിച്ചതുമായ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് റവന്യൂ വകുപ്പ്

ഉദ്യോഗസ്ഥർ തടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ നിർദേശം നൽകിയിട്ടുണ്ടോ;

(ബി) സർക്കാർ നിർദ്ദേശമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം ഭൂമിയിൽ പണിതീർത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നത് തടസ്സപ്പെടുത്താതിരിക്കാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ പി.വി.ഐ.പി. പുറമ്പോക്കുഭൂമി കയ്യേറി കെട്ടിടം നിർമ്മിച്ചിട്ടുള്ള ശ്രീ. എം. ബി. പരീത് എന്നയാളുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ 14-7-2014-ൽ ഉത്തരവാകുകയും പ്രസ്തുത കെട്ടിടത്തിലേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കെ.എസ്.ഇ.ബി. വെള്ളൂർക്കുന്നം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ 25-8-2014-ലെ ഹർജി, നിലവിൽ കയ്യേറ്റം ഒഴിപ്പിക്കുവാൻ ഉത്തരവായിട്ടുള്ളതാണെന്ന കാരണത്താലും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഭൂമി കയ്യേറിയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് പെരുമ്പാവൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിചാരണ സമയത്ത് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും 5-4-2016-ൽ നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ ശ്രീ. പരീതിന്റെ അയൽവാസിയായ ശ്രീമതി അലീമ ബഷീറിനും ഇതേ കാരണങ്ങളാൽ കെ.എസ്.ഇ.ബി. വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. പട്ടയമില്ലാത്തഭൂമിയിൽ പണികഴിപ്പിച്ചതും എന്നാൽ കെട്ടിട നമ്പർ ലഭിച്ചതുമായ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് തടസ്സപ്പെടുത്താൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് പവർ (ബി) ഡിപ്പാർട്ടുമെന്റിന്റെ തീയതി 6-10-2016-ലെ ജി.ഒ.(എം എസ്) നമ്പർ 22/2016/പി. ഡി. നമ്പർ ഉത്തരവ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

## റീസർവ്വേയിൽ വന്ന അപാകതകൾ

187 (4943) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേയിൽ വന്ന അപാകതകൾ പരിഹരിക്കണം എന്നാവശ്യപ്പെട്ട് ഒറ്റപ്പാലം താലൂക്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ നാളിതുവരെ എത്ര എണ്ണം പരിഹരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) അമ്പലപ്പാറ II വില്ലേജ് വടക്കുമ്പ്രം അംശം, കടമ്പൂർ ദേശത്തെ ആന്തിരുത്തി വീട്ടിൽ എ. കൃഷ്ണൻകുട്ടി സർവ്വേ 54/2, 3 റീ-സർവ്വേ 51/5 ൽ പ്പെട്ടതുമായ 14 സെന്റ് സ്ഥലത്തിന്റെ ഭൂനികുതി ഏതുവരെ സ്വീകരിച്ചു എന്ന് പറയുമോ;

(സി) പിന്നീട് നികുതി സ്വീകരിക്കാതിരിക്കാൻ കാരണമെന്ത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) റീ-സർവ്വേയിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിനായി ഒറ്റപ്പാലം താലൂക്കിൽ 31059 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 20240 എണ്ണത്തിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. 10819 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ബി) 21-11-2012 വരെ.

(സി) റീ-സർവ്വേയിലുണ്ടായ അപാകതമൂലം നിലവിൽ നികുതിദായക നിൽനിന്നും നികുതി സ്വീകരിച്ചിട്ടില്ല. എത്രയുംവേഗം റീസർവ്വേയിൽ ഉണ്ടായ അപാകത പരിഹരിച്ച് നികുതിദായകന് നികുതി അടച്ചുനൽകുന്നതാണ്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

188 (4944) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തവരുടെയും വീട് ഇല്ലാത്തവരുടെയും വിവരം ലഭ്യമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) സംസ്ഥാനത്ത് ഭവനരഹിതർക്കുള്ള പദ്ധതികളെക്കുറിച്ചുള്ള വിശദമായ വിവരം ലഭ്യമാക്കുമോ; ഇതിൽ സർക്കാരിന്റെ പുതിയ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽനിന്ന് 1705 അപേക്ഷകൾ ലഭിച്ചിരുന്നു. തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 250 പേർക്ക് പദ്ധതിപ്രകാരം ഭൂമി അനുവദിച്ചിരുന്നു.

(ബി) സംസ്ഥാനത്തെ ഭൂമിയില്ലാത്തവരുടെയും വീടില്ലാത്തവരുടെയും എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകളിൽനിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി 2,43,928 ഭൂരഹിത കുടുംബങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 35851 |
| കൊല്ലം | 28591 |
| പത്തനംതിട്ട | 6807 |
| ആലപ്പുഴ | 14163 |
| കോട്ടയം | 10388 |
| ഇടുക്കി | 7970 |
| എറണാകുളം | 31379 |
| തൃശ്ശൂർ | 26776 |
| പാലക്കാട് | 23874 |
| മലപ്പുറം | 23962 |
| കോഴിക്കോട് | 8304 |
| വയനാട് | 4546 |
| കണ്ണൂർ | 11099 |
| കാസർഗോഡ് | 10218 |
| ആകെ | 2,43,928 |

(സി) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളായ സാഫല്യം, ഗൃഹശ്രീ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സാഫല്യം ഭവന പദ്ധതി:

ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി യോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെയും സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് സാഫല്യം ഭവനപദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗൃഹശ്രീ ഭവന പദ്ധതി:

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി. സ്വന്തമായി വീടില്ലാത്ത സാധാരണ ജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമായി സർക്കാർ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

എല്ലാവർക്കും വീട് പദ്ധതി:

സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിന് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെയുള്ള പാർപ്പിട പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള എല്ലാവർക്കും വീട് എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

<u>സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി:</u>

കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണം, ധനകാര്യം, ഭവനനിർമ്മാണം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

**അസൗകര്യമുണ്ടാക്കുന്ന മരങ്ങൾ**

189 (4945) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസൗകര്യമുണ്ടാക്കും വിധം വീടിന് മുകളിലേക്കും പറമ്പിന് മുകളിലേക്കും വളർന്നു നിൽക്കുന്ന മറ്റൊരാളിന്റെ മരങ്ങൾ നീക്കികിട്ടുന്നതിന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പും സ്വീകരിക്കേണ്ട നടപടികളുടെ വിശദാംശവും വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിലെ പരാതി ആർക്കാണ് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) 1994-ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 പ്രകാരം മറ്റൊരാളുടെ വീടിന് മുകളിലേയ്ക്കോ പറമ്പിലേയ്ക്കോ ഭീഷണി ഉയർത്തി ചാഞ്ഞ് നിൽക്കുന്ന അയൽ സ്ഥല ഉടമയുടെ മരങ്ങൾ മുറിച്ചുനീക്കാൻ നിയമമുണ്ട്. ഇക്കാര്യത്തിൽ അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കാണ് പരാതി നൽകേണ്ടത്. പ്രസ്തുത സെക്ഷനടങ്ങുന്ന ആക്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ജില്ലാകളക്ടറേറ്റുകളിൽ കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം**

190 (4946) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാകളക്ടേറ്റുകളിൽ കടലാസ്സ് രഹിത ഫയൽമാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ എത്ര കളക്ടേറ്റുകളിലാണ് ഈ സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ;

(സി) ഈ സംവിധാനം ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ജില്ലാ കളക്ടേറ്റുകളിൽ കടലാസ്സരഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റമായ " ഇ-ഓഫീസ്" നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള ഭരണാനുമതി 16-7-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2015/വി.സാ.വ. പ്രകാരം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് എടുത്ത് ടെൻഡറിംഗ് നടപടികൾ പൂർത്തിയാക്കിയശേഷം ഐ.റ്റി. മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (KSITM) മുഖേനയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) ആണ് 'ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുഴയോര കയ്യേറ്റങ്ങൾ

191 (4947) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയോരത്ത് വ്യാപകമായി പുഴയോര കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പൊതുസ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) തുമ്പൂർമുഴിയിൽ റിവർ ഡൈവേർഷൻ സ്കീമിനടുത്തായി പുറമ്പോക്ക സ്ഥലങ്ങൾ സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും കയ്യേറുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിനും, പ്രസ്തുത പൊതുസ്ഥലങ്ങൾ സംരക്ഷിച്ച് അതിരപ്പിള്ളിയിൽ അനുവദിച്ചിട്ടുള്ള ഫയർസ്റ്റേഷൻ അടക്കമുള്ള വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഭൂസംരക്ഷണ നിയമപ്രകാരം പൊതുസ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പൊതുമരാമത്ത് (റോഡ്സ്) വിഭാഗം, ഇറിഗേഷൻ വിഭാഗം, പഞ്ചായത്ത് അധികൃതർ തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകൾ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിച്ചെടുത്ത് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ് മോഡേണൈസേഷൻ പദ്ധതി

192 (4948) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇതു സംബന്ധിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**റീ-സർവ്വേ നടപടികൾ**

193 (4949) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജില്ലകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പുഴകളും തോടുകളും തീരങ്ങളും വ്യാപകമായി കയ്യേറി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശപ്പെടുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) കയ്യേറ്റങ്ങൾ സർവ്വെ ചെയ്ത് കണ്ടെത്തുന്നതിന് പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു ജില്ലയിലും റീ-സർവ്വേ പൂർത്തിയായിട്ടില്ല.

(ബി) ഉണ്ട്.

(സി)കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയിലെ കയ്യേറ്റം കർശനമായി നിരോധിക്കണമെന്നും പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിപ്പിക്കുവാനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഭൂമിയിൽ റിപ്പോർട്ട് ചെയ്ത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ കെ.എൽ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തുടർന്നുള്ള കയ്യേറ്റങ്ങൾ യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിൽ ഒരു ടീം രൂപീകരിച്ചിട്ടുണ്ട്.

**റീ-സർവ്വേ അപാകതകൾ**

194 (4950) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീ-സർവ്വേ അപാകതകൾ പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചത്;വിശദമാക്കുമോ?

ഉത്തരം

31-5-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്.)200/2010/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെ ഭൂപരാതികളിന്മേൽ അതാത് താലൂക്ക് ആഫീസുകൾ മുഖാന്തിരം നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നു. 2016 സെപ്തംബർ മാസം വരെ 6,85,346 പരാതികൾ സംസ്ഥാനത്തെ താലൂക്ക് എൽ.ആർ.എം. വിഭാഗം മുഖേന ലഭിച്ചിട്ടുള്ളതിൽ 5,86,231 പരാതികളിൽ നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

**റീ-സർവ്വേ നടപടികൾ**

195(4951) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ നിർത്തി വച്ച റീ-സർവ്വേ നടപടികൾ പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) റീ-സർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

196(4952) ശ്രീ. കെ. മുരളീധരൻ :
ശ്രീ പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവി ദിനത്തിൽ തുടക്കം കുറിക്കുന്ന, എല്ലാവർക്കും വീട് ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏതു മാതൃകയിലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ-സി) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലൈഫ് പദ്ധതി

197(T*4953) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി "ലൈഫ്" എന്ന പേരിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഫണ്ടിന് പുറമേ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ഈ പദ്ധതിക്കായി തുക സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം.

(സി) സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണം, ധനകാര്യം, ഭവന നിർമ്മാണം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**ഭവനനിർമ്മാണ പദ്ധതികൾ**

198 (4954) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹൗസിംഗ് ബോർഡ് മുഖേന പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ പദ്ധതികൾ ആരംഭിക്കുന്നത്; എന്നു മുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകും; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(i) 2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 16 സ്ഥലങ്ങളിൽ പുതിയ റവന്യൂ ടവറുകളും ഒരു സ്ഥലത്ത് വിദ്യാഭ്യാസ കോംപ്ലക്സും സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനായി 250 കോടിരൂപ പ്രത്യേക നിക്ഷേപപദ്ധതിയിൽ നിന്നും വകയിരുത്തുന്നുവെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 8 റവന്യൂ ടവറുകളുടെ നിർമ്മാണംകൂടി ഏറ്റെടുക്കുന്നുവെന്ന് 2016-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിനായി 80 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വകയിരുത്തുന്നുവെന്നും പറഞ്ഞിട്ടുണ്ട്.

(ii) All India Service Officers-നായി Housing apartments സംസ്ഥാനത്ത് നിർമ്മിക്കുമെന്ന് 2016-2017-ലെ പുതുക്കിയ ബഡ്ജറ്റിലൂടെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 15 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(iii) തിരുവനന്തപുരത്ത് പൗണ്ട്കടവിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുമെന്ന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനായി 50 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന സ്ഥലങ്ങളിൽ റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/ആർ.ഡി.ഒ. കോംപ്ലക്സ്/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. കടകംപള്ളി
2. നെടുമങ്ങാട്
3. കൊല്ലം
4. പന്തളം
5. കൊട്ടാരക്കര

(രണ്ടാം ഘട്ടം):

6. തിരുവല്ല
7. ചങ്ങനാശ്ശേരി
8. തൊടുപുഴ
9. പീരുമേട്
10. എറണാകുളം
11. കോതമംഗലം
12. സുൽത്താൻബത്തേരി
13. ചാലക്കുടി
14. മട്ടന്നൂർ
15. ആലപ്പുഴ

ആർ.ഡി.ഒ. കോംപ്ലക്സ്:

16. മുളന്തുരുത്തി
17. പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ്
18. അടിമാലി
19. പട്ടാമ്പി താലൂക്ക്
20. നിലമ്പൂർ
21. വടകര
22. ചടയമംഗലം സിവിൽ സ്റ്റേഷൻ
23. മതിലകം മിനി സിവിൽ സ്റ്റേഷൻ
24. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ
25. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ

മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. ഭൂമി ലഭ്യമായാൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും അതനുസരിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) All India Service Officers-നായി Housing apartments നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരത്ത് ജഗതിയിലുള്ള 35.78 സെന്റ് ഭൂമിയിൽ 24 അപ്പാർട്ടുമെന്റുകൾ ഉൾക്കൊള്ളുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(iii) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുവാനുദ്ദേശിക്കുന്നത് തിരുവനന്തപുരം ജില്ലയിലെ പൗണ്ട്കടവിൽ ആണ്. ടി പദ്ധതിയുടെ concept drawing-ഉം concept note-ഉം തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ 219 സെന്റ് സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈമാറുവാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയുടെ detailed project report തയ്യാറാക്കി വരുന്നു.

**ലൈഫ് പദ്ധതി**

199(*T4955) ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതർക്കെല്ലാം വീടു നൽകാനായി പ്രഖ്യാപിച്ച 'ലൈഫ് '' പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഭൂരഹിതർക്ക് പാർപ്പിട നിർമ്മാണത്തിനായി ഏതു മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭൂമിയില്ലാത്ത ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിനായി ഫ്ലാറ്റുകളുടെ/വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥല ലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കും. പ്രതിമാസം മിഷൻ നിശ്ചയിക്കുന്ന തുക മുടക്കംകൂടാതെ നൽകുന്നവർക്ക് 15-20 വർഷത്തിനുശേഷം ഫ്ലാറ്റ് സ്വന്തമാക്കാവുന്ന രീതിയിലാകും ഈ Affordable Housing Scheme നടപ്പാക്കുക.

**ശാസ്ത്രീയ ഭവന നിർമ്മാണ രീതികൾ**

200 (4956) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് കുറഞ്ഞ ശാസ്ത്രീയ രീതികളുടെ പ്രോത്സാഹനത്തിലൂടെ, വിഭവങ്ങളുടെ അമിത ഉപയോഗവും ചെലവും വർദ്ധിപ്പിക്കുന്ന ഭവന നിർമ്മാണ രീതികളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ജനകീയ ഭവന നിർമ്മാണ പദ്ധതികളിൽ ഗുണമേന്മയും സാങ്കേതികതികവുമുള്ള പ്രീ ഫാബ്രിക്കേറ്റഡ് ഭവനങ്ങളുടെ സാദ്ധ്യത ആരായുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചെലവ് കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ കെട്ടിട നിർമ്മാണ ശൈലി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. ഇതിന് മലപ്പുറം, കാസർഗോഡ്, കണ്ണൂർ ഒഴികെയുള്ള ജില്ലകളിൽ ആഫീസും ഹൗസിംഗ് ഗൈഡൻസ് സെല്ലും പ്രവർത്തിച്ചുവരുന്നു. മണൽ, സിമെന്റ്, കമ്പി, മെറ്റൽ, തടി എന്നീ പ്രകൃതിദത്ത വിഭവങ്ങളുടെ ഉപയോഗം പരമാവധി കുറച്ച് വീട് നിർമ്മിക്കുന്നതിനായി ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും ബദൽ സാങ്കേതികവിദ്യയെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദരുടെ സഹായവും ലഭ്യമാണ്.

(ബി) ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം നടത്തുന്നതിന് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഭവന നിർമ്മാണ ബോർഡ് എറണാകുളം ജില്ലയിൽ ചോറ്റാനിക്കരയിൽ സാഫല്യം പദ്ധതിയിലൂടെ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞു. ഗുണമേന്മയും സാങ്കേതിക മികവുമുള്ള പ്രീ ഫാബ്രിക്കേറ്റഡിന്റെ നിർമ്മാണ ശൈലി നടപ്പാക്കുന്നതിന് നിർമ്മിതി കേന്ദ്രം ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പി.റ്റി.പി. നഗറിലുള്ള കാമ്പസിൽ ഒരു മാതൃകാഭവനം പൊതുജനങ്ങൾക്ക് കണ്ട് മനസ്സിലാക്കുന്നതിന് നിർമ്മിച്ചിട്ടുണ്ട്.

**പാർപ്പിട പദ്ധതികൾ**

201 (4957) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബല ജനവിഭാഗത്തിൽപ്പെട്ട ആളുകൾക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഏതെല്ലാം പാർപ്പിട പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ "സാഫല്യം" ഭവന പദ്ധതിയുടെ കാലിക സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദുർബ്ബല ജനവിഭാഗത്തിൽപ്പെട്ട ആളുകൾക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സാഫല്യം, ഗൃഹശ്രീ എന്നീ ഭവന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പാലക്കാട് ജില്ലയിൽ ഇപ്പോൾ ഒരു ഗ്രാമപഞ്ചായത്തിലും ഭവന നിർമ്മാണ ബോർഡ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കുന്നില്ല. എങ്കിലും താഴെപ്പറയുന്ന പഞ്ചായത്തുകളിൽ ഭവന നിർമ്മാണ ബോർഡ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. കോട്ടൈ

2. അലനല്ലൂർ

3. അയിലൂർ

4. കോട്ടപ്പാടം

5. പുതുക്കോട്

6. കാപ്പൂർ

7. ലക്കിടിപേരൂർ

8. ഇടപ്പള്ളി

9. എരിത്തിയാമ്പതി

10. കാരക്കുറിശ്ശി

11. പൊട്ടശ്ശേരി

12. കരിമ്പ

13. കടമ്പഴിപ്പുറം

14. കൊട്ടുവായൂർ

15. എരിമയൂർ

16. നല്ലേപ്പള്ളി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

17. മങ്കര

18. മുതലമട

19. മേലാർകോട്

(സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ 'സാഫല്യം' ഭവന പദ്ധതിയിലൂടെ 24 ഫ്ലാറ്റുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ 66 യൂണിറ്റുകൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും 24 ഗുണഭോക്താക്കൾ മാത്രം രജിസ്റ്റർ ചെയ്തതിനാൽ പഞ്ചായത്തിന്റെ ആവശ്യപ്രകാരമാണ് 24 യൂണിറ്റുകളുടെ നിർമ്മാണം മാത്രം നടക്കുന്നത്. സൈറ്റ് നിരപ്പാക്കുന്ന ജോലി പഞ്ചായത്ത് ചെയ്തുകഴിഞ്ഞു. Column footing -ന് ആവശ്യമായ കോൺക്രീറ്റ് ജോലികൾ പൂർത്തിയായി.

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

202 (*T4958) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭൂരഹിതരായ ആളുകൾക്ക് ഏതു നിലയിലാണ് ഈ പദ്ധതിയിലുൾപ്പെടുത്തി വീട് നൽകുവാൻ ഉദ്ദേശിക്കുന്നത്; ഭവന രഹിതരുടെയും, ഭൂരഹിതരുടെയും എണ്ണം കൃത്യമായി കണക്കാക്കിയിട്ടുണ്ടോ; എണ്ണം കണക്കാക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നൽകിയ വീടുകളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിന്റെ സമഗ്ര വികസനത്തിന് വേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ വകുപ്പ് മുഖേന 3169 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ വകുപ്പുകളിലെ വിവിധ പദ്ധതികളിലായി 4,29,226 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

203 (4959) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രലക്ഷം വീടുകൾ നിർമ്മിക്കേണ്ടിവരും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വീടു നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികളായ ഇഷ്ടിക, മണൽ, കല്ല്, സിമന്റ് തുടങ്ങിയവയുടെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് ഇവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) കേരളത്തിലെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബ്രഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ

സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

**പോള-പായൽ ശല്യം**

204 (4960) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളിലെ പോള-പായൽ ശല്യം നിമിത്തം മത്സ്യബന്ധനം അസാധ്യമായി തീർക്കുന്ന സാഹചര്യത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് അരൂർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മറുപടി നൽകിയതു പ്രകാരം എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് നിർവ്വഹിക്കുന്നത് നിമിത്തം ഉണ്ടാകുന്ന അധിക ചെലവ് പരിഹരിക്കുന്നതിന് ഏതെങ്കിലും ഉത്തരവുകൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകിയോ;

(സി) പായൽ വാരുന്നതിനാവശ്യമായ മെഷീനുകൾ ഘടിപ്പിച്ച വാഹനം എടുക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച് ക്രമീകരണങ്ങൾ ഉണ്ടാക്കിയോ;

(ഡി) പായൽ ഇപ്രകാരം വാരുന്നതിന് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ എത്ര രൂപ വീതമായെന്നും വാരിയ പായൽ നശിപ്പിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പോളവാരൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാൻ ഫിഷറീസ് വകുപ്പിന് നിർവ്വാഹമില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായി പോളനിർമ്മാർജ്ജനം നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട്

ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് പോളപ്പായൽ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പറ്റില്ലെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണെങ്കിൽ അഴിമതിക്ക് കാരണമാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു. നിലവിൽ പോളപ്പായൽ നീക്കം ചെയ്യുന്നതിന് ശാശ്വത പരിഹാരം ഇല്ലാത്തതിനാൽ, പോളപ്പായൽ ശാശ്വതമായി നീക്കംചെയ്യുന്നതിനായി പായൽ നിയന്ത്രിക്കാനുള്ള ജൈവപരഭോജികളെ കണ്ടെത്താനുള്ള റിസർച്ച് പഠനം കാർഷിക സർവ്വകലാശാല നടത്തണമെന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 30-9-2016-ൽ നടന്ന യോഗം തീരുമാനിക്കുകയുണ്ടായി. പോളപ്പായൽ നിറയുന്നത് മൂലമുള്ള തൊഴിൽ നഷ്ടവും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷനും നാശനഷ്ടം വരുന്ന ഉപജീവനോപാധികൾക്ക് നഷ്ടപരിഹാരവും നൽകേണ്ട സാഹചര്യം സംസ്ഥാനത്തെ എല്ലാ ജില്ലയിലും നിലവിലുണ്ടോയെന്ന് പരിശോധിച്ച് അതിനാവശ്യമായ ഫണ്ട് എത്രയാണെന്ന് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോളവാരൽ പദ്ധതിക്കായി 21.29 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിലേയ്ക്കായി 16.48 കോടി രൂപ ഫിർമയ്ക്ക് അനുവദിക്കുകയും തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ നിലവിലില്ല.

**കേരള മത്സ്യ സമുദ്രപഠന സർവ്വകലാശാല**

205 (4961) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം. സ്വരാജ് :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യ സമുദ്ര പഠന സർവ്വകലാശാലയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നവർക്കുവേണ്ടി ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മത്സ്യബന്ധന രംഗത്തെ തദ്ദേശീയമായ നാട്ടറിവുകൾ സംരക്ഷിക്കുന്നതിനും ആയത് പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പ്രസ്തുത സർവ്വകലാശാല സ്വീകരിച്ചു വരുന്നത്;

(സി) അന്യം നിന്നു പോയ ഓരുജല - ശുദ്ധജല മത്സ്യ ഇനങ്ങളെ പുനർസൃഷ്ടിക്കുന്നതിനും അവയെ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രസ്തുത സർവ്വകലാശാല എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാട്ടറിവുകൾ സമാഹരിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിനായി പദ്ധതിയിനത്തിലെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് "സെന്റർ ഫോർ ഇൻഡീജനസ് നോളജ് ഓഫ് ട്രഡീഷണൽ ഫോക്സ്" എന്ന പേരിൽ ഒരു ഗവേഷണ കേന്ദ്രം 2012-13 മുതൽ കേരള മത്സ്യ സമുദ്ര പഠന സർവ്വകലാശാല ആസ്ഥാനത്ത് പ്രവർത്തിക്കുന്നു. കൂടാതെ പൂർവ്വികരിൽനിന്നും കണ്ടും കേട്ടും അറിഞ്ഞ നാട്ടറിവുകളുടെ ശേഖരണത്തിനായി "പണ്ഡിറ്റ് കറുപ്പൻ ചെയർ" എന്ന പേരിൽ ഒരു ഗവേഷണ കേന്ദ്രവും പ്രവർത്തിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സ്വായത്ത മാക്കിയ നാട്ടറിവുകൾ നിലനിർത്താനും കൂടുതൽ പ്രയോജനപ്പെടുത്തുവാനുമാണ് ഈ പഠനകേന്ദ്രം ലക്ഷ്യമിടുന്നത്.

(സി) മത്സ്യ വിത്തുൽപ്പാദന രംഗത്തും മത്സ്യകൃഷി രംഗത്തും ഗണ്യമായ സംഭാവനകൾ നൽകിയ ലോകപ്രശസ്ത മത്സ്യശാസ്ത്രജ്ഞനായ, ഇന്ത്യൻ അക്വാകൾച്ചറിന്റെ പിതാവ് എന്നറിയപ്പെടുന്ന പ്രൊഫ. അലിക്കുഞ്ഞിയുടെ നാമധേയത്തിലുള്ള പഠനകേന്ദ്രം സർവ്വകലാശാലയിൽ പ്രവർത്തിക്കുന്നു. ഇതിലൂടെ വംശനാശ ഭീഷണി നേരിടുന്ന വരാൽ, തൊണ്ണൻ വാള, മഞ്ഞക്കൂരി, കാരി മുതലായ നാടൻ മത്സ്യങ്ങളെ ഹോർമോൺ കുത്തിവയ്പ്പിലൂടെ സർവ്വകലാശാലയുടെ ഹാച്ചറിയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പദ്ധതി ഇനത്തിലെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് പുരോഗമിക്കുന്നു. 2016 ഒക്ടോബർ മാസത്തിൽ വരാൽ കുഞ്ഞുങ്ങളെ ഈ രീതിയിലൂടെ ഉൽപ്പാദിപ്പിച്ച് മത്സ്യ കർഷകർക്ക് വിതരണം ചെയ്തു. ഇതിനുപുറമേ, ഉൾനാടൻ ജലാശയ ജീവികളുടെ ജനിതക വിത്തുകൾ സംരക്ഷിക്കുന്നതിനും വിത്തുൽപ്പാദനത്തിലൂടെ

ഇത്തരം ജീവികളെ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ "സെന്റർ ഫോർ ജേം പ്ലാസം കൺസർവേഷൻ ഓഫ് ഇൻലാൻഡ് അക്വാട്ടിക് ഓർഗാനിസം" എന്ന ഗവേഷണ കേന്ദ്രത്തിലൂടെ പുരോഗമിക്കുന്നു.

**കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി മറൈൻ ആംബുലൻസ്**

206 (4962) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി മറൈൻ ആംബുലൻസ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മറൈൻ ആംബുലൻസിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇല്ല. കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി 2 കോടി രൂപ വീതം ആകെ 6 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ടി തുക വകയിരുത്തുകയുണ്ടായില്ല. 100% കേന്ദ്ര സഹായത്തോടെ മറൈൻ ആംബുലൻസ് വാങ്ങുന്നതിന് സഹായമഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 1 മറൈൻ ആംബുലൻസ് വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വിവാഹ ധനസഹായ അപേക്ഷകൾ**

207 (4963) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ സമയ ബന്ധിതമായി സമർപ്പിക്കാൻ സാധിക്കാത്തതിനാൽ വലിയ തോതിൽ അപേക്ഷകൾ നിരസ്സിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷ സമർപ്പിക്കാൻ നിലവിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിയിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പദ്ധതി മാർഗ്ഗരേഖയിൽ ആവശ്യമെങ്കിൽ മാറ്റം വരുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതി**

208 (4964) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തിലെ ഫിഷറീസ് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന നടപ്പാക്കിയ ഫിഷറീസ് കോളനി നവീകരണപദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഫിഷറീസ് കോളനിയിൽ 6 വീടുകൾക്ക് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 12 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചെങ്കിലും അവകാശികൾ സ്വന്തം പേരിൽ ഭൂമി പതിച്ചുനൽകണമെന്നും ഭവനനിർമ്മാണ ധനസഹായം 4 ലക്ഷം രൂപയാക്കി ഉയർത്തണമെന്നും ആവശ്യം ഉന്നയിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണ കാലാവധി 30-9-2016-ൽ അവസാനിച്ചിരിക്കുകയാണ്.

(ബി) വാടാനപ്പിള്ളി ഫിഷർമെൻ കോളനി നിവാസികൾക്ക് 4 സെന്റ് വീതം അളന്നുതിരിച്ച് നൽകുന്നതിന് പട്ടയത്തിന്റെ സ്കെച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാടാനപ്പിള്ളി ഫിഷർമെൻ കോളനിയിലെ വീടുകളുടെ അവകാശികൾക്ക് 4 സെന്റ് വീതം അളന്നു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## അക്വാ റിഫോംസ് കമ്മിറ്റി റിപ്പോർട്ട്

209 (4965) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലഘട്ടത്തെ സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച അക്വാ റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 5-4-2000-ൽ സ.ഉ.(സാധാ) 196/2000 മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി ഒരു കമ്മിറ്റി രൂപീകരിച്ചുവെങ്കിലും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടില്ല. പിന്നീട് 13-4-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 245/2007 മ.തു.വ. പ്രകാരം ഫിഷറീസ് മേഖലയിൽ അക്വേറിയം റിഫോംസ് നടപ്പിൽ വരുത്തുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കുമാത്രം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ച് ഫിഷറീസ് മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മത്സ്യത്തൊഴിലാളികളുമായും കമ്മിറ്റി സിറ്റിംഗ് നടത്തുകയും ചെയ്തു. കൂടാതെ ടെറിറ്റോറിയൽ സമുദ്രത്തിലെ മത്സ്യ സമ്പത്തിന്റെ പൂർണ്ണ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. അതുപ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പ് വരുത്തുന്നതിനുവേണ്ടിയും ടെറിറ്റോറിയൽ സമുദ്രത്തിലെ പരമ്പരാഗത മേഖലയിലെ മത്സ്യബന്ധനത്തിന്റെയും ആദ്യ വിൽപ്പന ക്രമപ്പെടുത്തുകയും ചെയ്യുന്നതിനായുള്ള അക്വേറിയം റിഫോംസിന്റെ കരട് ബിൽ പരിശോധിച്ചുവരുന്നു.

## തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ഇളവ്

210 (4966) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരദേശ സംരക്ഷണത്തിനുള്ള തീരദേശ പരിപാലന പദ്ധതി പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ;

(സി) തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച വിജ്ഞാപനത്തിലെ നിബന്ധനകളിൽ സംസ്ഥാനത്തിന് ഇളവുകൾ ലഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരദേശ സംരക്ഷണവും പരിപാലനത്തിനുമായി സംസ്ഥാനത്തിന് ഒരു സമഗ്രതീരദേശ പരിപാലന നയം തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, രാഷ്ട്രീയ/സന്നദ്ധ സംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്.

(ബി) സെമിനാറിന്റെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര തീരദേശ പരിപാലന നയം തയ്യാറാക്കുന്നതിനായി ഡോ. ബാവ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾപ്രകാരം പരമ്പരാഗത മത്സ്യ തൊഴിലാളികളടക്കമുള്ള തീരദേശവാസികൾക്ക് ഭവനം ഉൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈസൻസ് ലഭിക്കുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. തീരദേശവാസികൾ അനുഭവിക്കുന്ന ഇത്തരം

പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ 2011 -ലെ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. കേന്ദ്ര സർക്കാർ ഇക്കാര്യത്തിനായി നിയോഗിച്ച കമ്മിറ്റി മുൻപാകെയും ഈ വിഷയം അവതരിപ്പിക്കുകയും അവർ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. 14-6-2016-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് CRZ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കാൻ നിവേദനം നൽകിയ വേളയിൽ സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പ്ലാൻ 2011 -ലെ പുതിയ വിജ്ഞാപനം നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ തയ്യാറാക്കി കേന്ദ്രത്തിന്റെ അനുമതി തേടണമായിരുന്നുവെന്നും ഇതുവരേയും അനുമതി തേടിയിട്ടില്ലെന്നും കേന്ദ്രമന്ത്രി അറിയിച്ചു. സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പ്ലാനും സംയോജിത തീരദേശ മാനേജ്മെന്റ് പ്ലാനും തയ്യാറാക്കി അനുമതി തേടുന്ന സമയത്ത് ആവശ്യമായ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കാമെന്നും അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഒരു സമഗ്ര തീരദേശ പരിപാലന നയം തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, രാഷ്ട്രീയ/സന്നദ്ധ സംഘടനാ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് എന്നിവയിലെ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ ഉയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ICZMP തയ്യാറാക്കുമ്പോൾ മത്സ്യമേഖലാ കാഴ്ചപ്പാട് അതിൽ സന്നിവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**ധനസഹായ അപേക്ഷകൾ**

211 (4967) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹധനസഹായ അപേക്ഷകൾ ഫണ്ടില്ലാത്തതിനാൽ സമയ ബന്ധിതമായി തീർപ്പാക്കാൻ സാധിക്കാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ തീർപ്പാവാതെ കിടക്കുന്ന വിവാഹ ധനസഹായ അപേക്ഷകൾ എത്രയുണ്ട്; കോഴിക്കോട് ജില്ലയിൽ എത്ര; ഇത് സമയ ബന്ധിതമായി തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015 ഡിസംബർ 31 വരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് ധനസഹായം നൽകിക്കഴിഞ്ഞിട്ടുണ്ട്. ജനുവരി 16 മുതൽ നാളിതുവരെ 2657 അപേക്ഷകൾ തീർപ്പാകാനുണ്ട്. ഇതിൽ 673 എണ്ണം കോഴിക്കോട് ജില്ലയിൽ നിന്നുള്ളതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്നതാണ്.

**മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടി**

212 (4968) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുമത്സ്യങ്ങളെ പിടിച്ച് വിപണനം നടത്തുന്നത് തടയുന്നതിന് കെ.എം.എഫ്.ആർ. ആക്ടിലെ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പര്യാപ്തമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുമത്സ്യങ്ങളെ മാർക്കറ്റിൽ വിപണനം നടത്തുന്നത് തടയുന്ന തരത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കെ.എം.എഫ്.ആർ. ആക്ടിലെ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിന് പര്യാപ്തമാണ്. നിലവിൽ 14 ഇനം മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് ആണ് KMFR ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. കൂടുതൽ എണ്ണം മത്സ്യയിനങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തുകൊണ്ട് ചെറുമത്സ്യങ്ങളുടെ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിക്കും. KMFR ആക്ട് സമഗ്രമായി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചെറുമത്സ്യങ്ങൾ മാർക്കറ്റിൽ എത്തുന്നതിന് മുമ്പായി ഹാർബറിൽവച്ച് തന്നെ പരിശോധന നടത്തി, ആയത് മാർക്കറ്റിൽ എത്തുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ശുചിത്വമിഷന്റെ സഹായത്തോടെ മത്സ്യബന്ധനഗ്രാമങ്ങളിൽ നടപ്പാക്കുന്ന സൗകര്യങ്ങൾ

213 (4969) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ശുചിത്വ മിഷന്റെ സഹായത്തോടെ ശുദ്ധജലം, ശുചിത്വമുള്ള കക്കൂസ്, മാലിന്യ സംസ്കരണ സംവിധാനം എന്നീ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി, ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരള തീരത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ്‌ലെറ്റുകളും തീരത്തിലാകെ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വ ബോധവും ശീലങ്ങളും പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കേരളത്തിലെ എല്ലാ മത്സ്യഗ്രാമങ്ങളിലും ശുചിത്വതീരം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ശുചിത്വമിഷന്റെയും സഹകരണത്തോടും പങ്കാളിത്തത്തോടെയുമാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയ്ക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തീരദേശം മാലിന്യമുക്തമാക്കേണ്ട ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും പ്രചരണ പരിപാടികളും നടത്തിവരുന്നു. സ്വയംസഹായ സംഘടനകളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ തീരപ്രദേശത്ത് സർവ്വേ നടപടികൾ ആരംഭിക്കുകയും എല്ലാ മത്സ്യത്തൊഴിലാളി ഭവനങ്ങളിലും ടോയ്‌ലെറ്റ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## അലങ്കാര മത്സ്യകൃഷി

214 (4970) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാരമത്സ്യകൃഷിയിൽ ചിറ്റൂരിന്റെ സാധതകളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അടുക്കളമാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി വളർത്തു മത്സ്യങ്ങളെ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചിറ്റൂരിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അലങ്കാര മത്സ്യകൃഷിയിലെ ചിറ്റൂരിന്റെ സാധ്യതകളെപ്പറ്റി ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. എന്നാൽ അലങ്കാര മത്സ്യകൃഷിയിൽ കേരളത്തിന്റെ സാധ്യതകളെ വിശകലനം ചെയ്തിട്ടുണ്ട്.

(ബി) അടുക്കള അവശിഷ്ടങ്ങളുടെ നിർമ്മാർജ്ജനത്തിനായി വളർത്തു മത്സ്യങ്ങളെ ഉപയോഗിച്ചുവരുന്നുണ്ട്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ അടുക്കളയിലെ അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി വളർത്തുമത്സ്യങ്ങളെ ഉപയോഗിക്കുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്.

**പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾ**

215 (4971) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിയിരുന്ന സഹായധനം എത്രയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുക വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ തുക എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വർദ്ധിപ്പിച്ച നിരക്കിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇത്തരത്തിൽ ആകെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധന യാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായധനം നൽകുന്നത് 23-7-2015-ലെ ജി. ഒ. (എം എസ്) നമ്പർ 343/2015/ഡി.എം.ഡി. സർക്കാർ ഉത്തരവ് പ്രകാരം SDRF/NDRF -ൽ നിന്നും ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖേനയാണ്. ടി ഉത്തരവ് പ്രകാരം നൽകിവരുന്ന സഹായധനം താഴെപ്പറയുന്നു.

1. ഭാഗികമായി കേടുപാട് സംഭവിച്ച ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് -4,100 രൂപ
2. ഭാഗികമായി കേടുപാട് സംഭവിച്ച വല റിപ്പയർ ചെയ്യുന്നതിന് -2,100 രൂപ
3. പൂർണ്ണമായും കേടുപാട് സംഭവിച്ച ബോട്ട് പുനഃസ്ഥാപിക്കുന്നതിന്- 9,600 രൂപ
4. പൂർണ്ണമായും കേടുപാട് സംഭവിച്ച വല പുനഃസ്ഥാപിക്കുന്നതിന് -2,600 രൂപ

(ബി) ഇല്ല. NDRF- ന്റെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ ങ്ങളിൽ ഇതുവരെയും മാറ്റം വരുത്തിയിട്ടില്ല.

(സി) ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് കേരളത്തിന്റെ കടലോര പ്രദേശങ്ങളിൽ കഴിഞ്ഞ മഴക്കാലത്ത് മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സംഘം ഒന്നിന്, 5-8-2016-ലെ സ.ഉ.(കൈ) 441/16/റവ പ്രകാരം ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുതിയ മത്സ്യബന്ധന ഉപകരണങ്ങൾ ആർജ്ജിക്കുന്നതിന് വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് ആലോചിച്ചുവരുന്നു.

## ഫിഷറീസ് സ്കൂളുകൾ

216 (4972) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്കൂളുകൾ പലതും മറ്റ് പൊതു വിദ്യാലയങ്ങളെക്കാൾ പഠന നിലവാരത്തിൽ പിന്നോക്കാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലാനുസൃതമായ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിൽ പ്രസ്തുത സ്കൂളുകൾ പരാജയപ്പെടുകയാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സാങ്കേതിക വിദ്യാഭ്യാസത്തിൽ ആവശ്യമായ പരിഷ്കരണം ഏർപ്പെടുത്താത്തത് ഇവയുടെ ഉദ്ദേശ്യ ലക്ഷ്യത്തെത്തന്നെ തകർക്കുന്നതാണെന്ന കാര്യം ഗൗരവമായി കണക്കാക്കുമോ;

(ഡി) ഫിഷറീസ് സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുന്നതിനും സാങ്കേതിക വിദ്യാഭ്യാസത്തിൽ ആവശ്യമായ പരിഷ്കരണം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 10 ഫിഷറീസ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാലാനുസൃതമായി മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള എല്ലാ അറിവുകളും ഉൾപ്പെടുത്തി സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഫിഷറീസ് സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം, വിദ്യാഭ്യാസ ചെലവ്, വിദ്യാർത്ഥികളുടെ ക്ലാസ്സുകളിൽനിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ, എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജമാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെയുള്ള തീരദേശ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കർമ്മ പദ്ധതി

217 (4973) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കടൽ തീരത്തുനിന്നും എത്ര മീറ്ററിനുള്ളിൽ താമസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനരധിവാസത്തിനുള്ള സ്ഥലങ്ങൾ എവിടെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതാണ്. 50 മീറ്റർ ദൂരപരിധിയിൽ തീരപ്രദേശത്ത് നിരന്തരം കടലാക്രമണഭീഷണി നേരിടുന്ന ഏകദേശം 24850 കുടുംബങ്ങളുണ്ട്. അതിൽ 4320 കുടുംബങ്ങൾ മത്സ്യത്തൊഴിലാളി ഇതരവിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. ഇവരുടെയെല്ലാം സമ്പൂർണ്ണ പുനരധിവാസത്തിന് സമഗ്രവും ബൃഹത്തുമായ ഒരു പദ്ധതി നടപ്പാക്കാൻ ആലോചിച്ചുവരുന്നു.

(ബി) കടൽതീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതവാസ സ്ഥലത്തേക്ക് മാറ്റി പ്പാർപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) സർക്കാർ ഭൂമിയിലോ, സ്വകാര്യ വ്യക്തികൾ/സന്നദ്ധ സംഘടനകൾ/ ഓർഗനൈസേഷൻ എന്നിവരിൽനിന്നുള്ള ഭൂമിയോ ജനകീയപങ്കാളിത്തത്തോടെ കണ്ടെത്തി പുനരധിവാസം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**ബേപ്പൂർ ഫിഷറീസ് സ്കൂൾ**

218 (4974) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫിഷറീസ് സ്കൂളിൽ താമസിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് സ്കൂളിൽ ഡേ സ്കോളർ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെയും പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ;

(സി) ജനസാന്ദ്രത കൂടുതലുള്ള ബേപ്പൂർ മേഖലയിലെ ഫിഷറീസ് സ്കൂളിൽ എല്ലാ വിഭാഗം കുട്ടികൾക്കും പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫിഷറീസ് സ്കൂളുകളിൽ അടുത്ത അക്കാദമിക് വർഷം മുതൽ 50%-ൽ അധികം അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സിനുകൂടി പ്രവേശനം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾ മാത്രമാണ് ബേപ്പൂർ മേഖലയിലെ ഫിഷറീസ് സ്കൂളിൽ പഠനം നടത്തുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തനം തുടങ്ങിയ ടി സ്കൂളിൽ നിലവിലെ മാന ദണ്ഡപ്രകാരം മത്സ്യത്തൊഴിലാളികൾ അല്ലാത്തവരുടെ കുട്ടികൾക്ക് പ്രവേശനം നൽകുവാൻ കഴിയില്ല.

**ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി**

219 (4975) <u>ശ്രീ. എം. സ്വരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ മത്സ്യതൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും മറ്റും സഹായകമാകുന്ന തരത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നൂതനമായ പദ്ധതികൾ നടപ്പിലാക്കുമോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി & സി) മത്സ്യത്തൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും മറ്റും സഹായകരമാകുന്ന തരത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന നൂതന പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

**ശുചിത്വതീരം പദ്ധതി**

220 (4976) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ തീരം പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(ബി) തീരദേശത്തെയും ജലാശയങ്ങളെയും ആവാസ കേന്ദ്രങ്ങളെയും മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരള തീരത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ്ലെറ്റുകളും തീരത്തിലാകെ ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വബോധവും ശീലങ്ങളും പ്രദാനം ചെയ്യുക എന്നതാണ് ശുചിത്വതീരം പദ്ധതി നടപ്പിലാക്കുന്നത് കൊണ്ടുദ്ദേശിക്കുന്നത്. ടി പദ്ധതി എല്ലാ തീരദേശ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ശുചിത്വ മിഷന്റെയും സഹകരണത്തോടും പങ്കാളിത്തത്തോടെയുമാണ് 'ശുചിത്വതീരം' പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൃത്തിയുള്ളതും തീരദേശത്തെ പ്രത്യേക ഭൂമിശാസ്ത്രം കണക്കിലെടുത്ത് ഏത് കാലാവസ്ഥയിലും ഉപയോഗ ക്ഷമവുമായ ടോയ്‌ലെറ്റ് സൗകര്യം ഒരുക്കുന്നതിനും കടൽതീരത്തെ മാലിന്യങ്ങൾ നീക്കംചെയ്ത് തീരദേശത്ത് ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തീരപ്രദേശത്തുനിന്ന് ശേഖരിക്കുന്ന ഖര മാലിന്യങ്ങളെ ജൈവ-അജൈവങ്ങളായി തരംതിരിക്കുകയും അജൈവ മാലിന്യങ്ങളിൽ വിശിഷ്യാ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് റോഡ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ശുചിത്വ മിഷനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കണ്ടെത്തിയിട്ടുള്ള ഏജൻസികൾ മുഖേനയാണ് മാലിന്യങ്ങൾ സംസ്കരിക്കുന്നത്. ഇതോടൊപ്പം മഹാത്മാഗാന്ധി/ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതികളുടെ പ്രവർത്തകരെ ഉപയോഗപ്പെടുത്തി തീരപ്രദേശത്തുള്ള ചെറുതോടുകൾ, കുളങ്ങൾ എന്നിവ പ്ലാസ്റ്റിക് മാലിന്യങ്ങൾ, ചെളി, ഇതര മാലിന്യങ്ങൾ എന്നിവ നീക്കി ഉപയോഗയോഗ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

പദ്ധതിക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ, വനിതാ സ്വയംസഹായ സംഘങ്ങൾ, എൻ.ജി.ഒ.-കൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, ബാങ്കുകൾ, സ്കൂളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണ സഹായ സഹകരണ ത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിനായി തീരപ്രദേശം മാലിന്യ മുക്തമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും പ്രചാരണ പരിപാടികളും നടത്തി വരുന്നു. ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗംവിളിച്ച് ചർച്ചചെയ്യുകയും സ്വയം സഹായ സംഘങ്ങളുടെയും സന്നദ്ധ സംഘങ്ങളുടേയും സഹായത്തോടെ തീരപ്രദേശത്ത് സർവ്വേ നടത്തി എല്ലാ മത്സ്യത്തൊഴിലാളി ഭവനങ്ങളിലും ടോയ്‌ലെറ്റ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ടി പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

## ഗുണമേന്മയും വൃത്തിയുമുള്ള ഉണക്ക മത്സ്യം

221 (4977) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യഫെഡ് മുഖാന്തരം ഗുണമേന്മയും വൃത്തിയുമുള്ള ഉണക്ക മത്സ്യം പ്രത്യേക ബ്രാൻഡ് മുഖേന കൂടുതൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള Society for Assistance to Fisher women (SAF) തീരദേശ വികസന കോർപ്പറേഷൻ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം എന്നിവിടങ്ങളിൽനിന്നും വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾ മുഖേന ഉണക്കിയ ഗുണമേന്മയും വൃത്തിയുമുള്ള ചെമ്മീൻ, നെത്തോലി എന്നിവ ശേഖരിച്ച് ബ്രാന്റ് ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ മത്സ്യഫെഡ് ഫിഷ് മാർട്ടുകൾവഴി വിപണനം ചെയ്യുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപമെന്റ് കോർപ്പറേഷൻ 'ഡ്രിഷ്' എന്ന ബ്രാന്റിൽ ഗുണമേന്മയുള്ള ഉണക്കിയ മത്സ്യം ഓൺലൈനായി ഓർഡർ സ്വീകരിച്ച് ഉപഭോക്താക്കളുടെ വീട്ടിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

## മത്സ്യബന്ധന തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് സൈക്കിൾ

222 (4978) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തൊഴിലാളികളുടെ മക്കളായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി)ഇതിനുള്ള ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത് ; വിവരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ, മലപ്പുറം ജില്ലകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ പദ്ധതി നടപ്പാക്കുന്നത്. ആലപ്പുഴ, മലപ്പുറം ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന 2000 മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്കാണ് ആനുകൂല്യത്തിന് അർഹത. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ആലപ്പുഴ, മലപ്പുറം ജില്ലാ ഫിഷറീസ് ഓഫീസർമാർ വഴി വിദ്യാലയങ്ങളിൽനിന്നും അർഹരായ മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ കരട് ലിസ്റ്റ് തയ്യാറാക്കി അർഹരായവർ കൂടുതലാണെങ്കിൽ വിവിധ സ്കൂളുകളുടെ അപേക്ഷകർക്ക് ആനുപാതികമായി നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ ഫിഷറീസ് ജില്ലാ ഓഫീസ് മുഖേന തെരഞ്ഞെടുക്കുന്നതാണ്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി മത്സ്യത്തൊഴിലാളികളുടെ പെൺമക്കളായ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നടത്തിപ്പിനാവശ്യമായ 100 ലക്ഷം രൂപ, 2016-2017 സാമ്പത്തിക വർഷത്തിൽ 2405-00-103-80 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യ മേഖലയിലെ വിവിധ പദ്ധതികൾ**

223(4979) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ മേഖലയുടെ വികസനത്തിനായി "മോഡൽ ഫിഷ് ഫാം", പുല്ലുവിള മാതൃകയിൽ "മത്സ്യഗ്രാമം", തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യവിപണനശാല തുടങ്ങുന്നതിന് ധനസഹായം തുടങ്ങിയ മുൻസർക്കാരിന്റെ പ്രഖ്യാപനങ്ങൾ പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നോ; എങ്കിൽ അതിൽ ഓരോ പദ്ധതിക്കും എത്ര തുക വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മോഡൽ ഫിഷ് ഫാമിന് 2013-14 ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2015-2016-ൽ final SDG മുഖേന ടി പദ്ധതിക്കായി 25 ലക്ഷം രൂപ അനുവദിച്ചുനൽകി. ടി തുക 14 ജില്ലാ മത്സ്യകർഷക വികസന ഏജൻസികൾക്ക് 25 യൂണിറ്റ് മോഡൽ ഫിഷ് ഫാമുകൾ നടപ്പിലാക്കുന്നതിനു വേണ്ടി അനുവദിച്ചു നൽകിയിട്ടുണ്ട്.

പുല്ലുവിള മാതൃക മത്സ്യഗ്രാമം പദ്ധതിക്ക് 2014-2015 ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യവിപണനശാല തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 30 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ബഡ്ജറ്റിൽ 30 കോടി രൂപ വകകൊള്ളിച്ചിരുന്നില്ല.

(ബി)

| പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക |
|---|---|
| മോഡൽ ഫിഷ് ഫാം | 50 ലക്ഷം |
| പുല്ലുവിള മാതൃകാ മത്സ്യഗ്രാമം | തുക വകയിരുത്തിയിരുന്നില്ല. |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ വിപണനശാല തുടങ്ങുന്നതിന് ധനസഹായം | തുക വകയിരുത്തിയിരുന്നില്ല. |

(സി) മത്സ്യമേഖലയുടെ സമഗ്രവികസനവും തീരസംരക്ഷണവും ലക്ഷ്യമിട്ട് അടുത്ത അഞ്ച് വർഷംകൊണ്ട് 16,000 കോടി രൂപയുടെ വിവിധ പദ്ധതികൾ

നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. തീരദേശത്തെ പശ്ചാത്തല വികസനത്തിന് പുറമേ തീരദേശ ജനതയുടെ സാമൂഹ്യസുരക്ഷ, സാമ്പത്തിക സുരക്ഷ, ജീവനോപാധി സുരക്ഷ എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള സമീപനമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. പൊതുജന പങ്കാളിത്തം ഉറപ്പാക്കി പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മത്സ്യമേഖലയിൽ മുൻഗണന നൽകി നടപ്പാക്കേണ്ട പദ്ധതികളെയും തീരസംരക്ഷണത്തേയും കുറിച്ച് ചർച്ച ചെയ്യുന്നതിനായി കൊല്ലത്തും തിരുവനന്തപുരത്തുമായി യഥാക്രമം മത്സ്യകൃഷിയിലും തീരസംരക്ഷണത്തിലും ഓരോ സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾകൂടി പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. മത്സ്യ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ജനകീയ പങ്കാളിത്തം ഉറപ്പാക്കി മിഷൻ മാതൃകയിൽ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

224 (4980) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംസ്ഥാനത്ത് കാര്യക്ഷമമല്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ പ്രഖ്യാപിച്ച കടാശ്വാസം നൽകാൻ പല ബാങ്കുകളും വിസമ്മതിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദാലത്തുകളിൽ ബാങ്ക് പ്രതിനിധി പലപ്പോഴും പങ്കെടുക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മിറ്റിയുമായി (SLBC) ധാരണാപത്രം ഒപ്പിട്ടിട്ടാണ് മുൻസർക്കാർ കടാശ്വാസം നൽകാൻ ഉത്തരവിട്ടതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ;

(എഫ്) അതുവഴി മത്സ്യത്തൊഴിലാളികളെ ഋണക്കെണിയിൽനിന്ന് രക്ഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനം കാര്യക്ഷമമാണ്.

(ബി) ഉണ്ട്.

(സി) ഭൂരിഭാഗം ബാങ്ക് പ്രതിനിധികളും അദാലത്തുകളിൽ പങ്കെടുക്കുന്നുണ്ട്. വളരെക്കുറച്ച് ബാങ്ക് പ്രതിനിധികൾ മാത്രമേ അദാലത്തുകളിൽ പങ്കെടുക്കാതെയുള്ളൂ. ഇക്കാര്യം സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ആവശ്യമായ നിർദ്ദേശം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) മുൻ സർക്കാർ സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയുമായി ഏതെങ്കിലും ധാരണാപത്രം ഒപ്പിട്ടതായി അറിയില്ല. നാലിൽ മൂന്ന് ഭാഗം പലിശ എഴുതിത്തള്ളണമെന്ന വ്യവസ്ഥ എല്ലാ ബാങ്കുകളും സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നും അതിനാൽ ഓരോ ബാങ്കുമായും ഇക്കാര്യത്തിൽ അനുരഞ്ജന ശ്രമം വേണമെന്നുമാണ് എസ്.എൽ.ബി.സി. അറിയിച്ചിട്ടുള്ളത്. അദാലത്തുകളിൽ വച്ച് ഇത്തരം ശ്രമം നടത്തിയെങ്കിലും ചില ബാങ്കുകൾ സർക്കാർ പദ്ധതിപ്രകാരം പ്രവർത്തിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്.

(ഇ) 31-12-2007 വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളാണ് ഇപ്പോൾ കമ്മീഷൻ പരിഗണിക്കുന്നത്. ഈ കാലാവധി ഒരു വർഷംകൂടി (31-12-2008) ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നടപ്പു സാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കടാശ്വാസം അനുവദിക്കുന്നതിന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്) നിലവിൽ, മത്സ്യത്തൊഴിലാളികളുടെ 31-12-2007 വരെയുള്ള കടബാധ്യതകളാണ് പരിഗണിച്ചിരുന്നത്. ഇത് 31-12-2008 വരെ വർദ്ധിപ്പിക്കുന്നതിലൂടെ ടി കാലയളവിൽ വായ്പയെടുക്കുകയും കുടിശ്ശികയാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെ പരമാവധി 75,000 രൂപ വരെ കടാശ്വാസമായി നൽകാനാകും. കൂടാതെ പലിശയുടെ 25% വും കടാശ്വാസമായി നൽകും. ഈ സർക്കാർ മത്സ്യത്തൊഴിലാളി കടാശ്വാസത്തിന്റെ പരിധി 75,000 രൂപയിൽനിന്നും 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ ആലോചിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്

225 (4981) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

നിലവിലുള്ള സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ 4000 -ത്തോളം മത്സ്യത്തൊഴിലാളികൾ ഭവനരഹിതരും 11024 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമാണ്. കൂടാതെ കടലാക്രമണഭീഷണി നിരന്തരം നേരിടുന്ന കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24851 പേരും ഉണ്ട്. ഇതിൽ 4320 പേർ മത്സ്യത്തൊഴിലാളി ഇതരവിഭാഗക്കാരാണ്. ഇവരെ പൂർണ്ണമായും പുനരധിവസിപ്പിക്കേണ്ടതാണ്. മത്സ്യമേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിച്ചിരുന്നു. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (NIRD) മുഖേന 2010-ൽ നടത്തിയ പഠനത്തെ ആധാരമാക്കിയാണ് നിലവിലുള്ള ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുള്ളത്. പുതിയ ഒരു പഠനം സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടത്തുന്നതാണ്.

## മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി പദ്ധതി

226 (4982) ശ്രീ. കെ. ദാസൻ:

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. എം. മുകേഷ്:

ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മത്സ്യമേഖലയോട് കാണിച്ച അവഗണന കാരണം കടൽ മത്സ്യബന്ധനത്തിലും ഉൾനാടൻ മത്സ്യബന്ധനത്തിലും സംസ്ഥാനം പിന്നോട്ട് പോയി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) എട്ടുലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി മത്സ്യബന്ധനോപകരണങ്ങളുടെയും മത്സ്യവിഭവങ്ങളുടെയും ഉടമസ്ഥാവകാശവും കടലിലേക്കുള്ള പ്രവേശനാധികാരവും മത്സ്യത്തൊഴിലാളികൾക്കായി പരിമിതപ്പെടുത്താൻ നിയമ നടപടികൾ സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം സാധ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിൽ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി പരിസ്ഥിതി സംരക്ഷണം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് തടയുക തുടങ്ങിയ നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യ ഉൽപ്പാദനം ഉയർത്തുന്നതിനായി മത്സ്യസമൃദ്ധി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കിവരുന്നു.

ഉൾനാടൻ മത്സ്യ കൃഷിയിൽ നൂതന കൃഷിരീതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 5.50 കോടി രൂപയുടെ പദ്ധതിക്ക് ഈ വർഷം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ധനസഹായത്തോടെ 'ബ്ലൂ റെവല്യൂഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല കൂടുകൃഷി, സമുദ്ര ജല കൂടുകൃഷി എന്നിവയും ഈ വർഷം നടപ്പിലാക്കുന്നതാണ്.

(ബി) മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥാവകാശവും കടലിലേക്കുള്ള പ്രവേശനാവകാശവും സമുദ്രവിഭവങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് പരിമിതപ്പെടുത്തുന്നതിന് സമഗ്രമായ ഒരു അക്വേറിയൻ റിഫോംസ് ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ 37 പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നവീകരിച്ച 18-20m നീളമുള്ള മത്സ്യബന്ധന ബോട്ട് നൽകുന്നതിനുവേണ്ടി 58.275 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര സഹായത്തോടെ 'ബ്ലൂ റെവല്യൂഷൻ' പദ്ധതിയും കാലാവസ്ഥാ വ്യതിയാനം തടയുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ

227 (4983) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒട്ടേറെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്യുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികളെ സഹായിക്കുന്നതിനായി, ഇവർക്ക് ഒരു ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(സി) ഇവരുടെ സുരക്ഷയ്ക്കായി നൂതനമായ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിവരുന്നുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 1986 മുതൽ മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരണം, മത്സ്യബന്ധനത്തിനിടയിൽ കടലിൽ കാണാതാകൽ, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത, അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത, അപകടംമൂലം അംഗവൈകല്യം, അപകടമൂലം ആശുപത്രി ചികിത്സ എന്നിവയ്ക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ മത്സ്യബോർഡ് മുഖേന ഫിഷറീസ് വകുപ്പും എൽ.ഐ.സി.-യുമായി സഹകരിച്ച് ആം ആദ്മി ബീമ യോജന എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം

തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ അനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടമരണത്തിന് അഞ്ച് ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2,500 രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ആകെ പതിനായിരം രൂപ മാത്രം) (ഒരാളിന് അയ്യായിരം രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽനിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ആധുനിക സൗകര്യങ്ങളോടുകൂടിയ മറൈൻ ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**തീര സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

228 (4984) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സംരക്ഷണത്തിനായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവ തീരസംരക്ഷണത്തിന് പ്രായോഗികമായി ഉതകുന്നതാണോ;

(സി) ഇക്കാര്യത്തിൽ മറ്റു രാജ്യങ്ങൾ നടപ്പിലാക്കിവരുന്ന ആധുനിക പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തീരസംരക്ഷണത്തിനായി ജലവിഭവ വകുപ്പുമുഖേന കടൽഭിത്തിയും ഗ്രോയിനുമാണ് ചെയ്തുവരുന്നത്.

(ബി) പ്രായോഗികമാണ്. എന്നാൽ വർഷംതോറും റീപ്ലനിഷ്മെന്റ് ആവശ്യമാണ്.

(സി) കടൽഭിത്തി, ഗ്രോയിൻ, ഡിറ്റാച്ച്ഡ് ബ്രേക്ക് വാട്ടർ, സബ് മെർജിംഗ് ബ്രേക്ക് വാട്ടർ, ബീച്ച് നറിഷ്മെന്റ് മുതലായ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

**തുറമുഖ വകുപ്പിന് കീഴിലുള്ള കടവുകളിൽ മണൽഖനനവും വിപണനവും**

229 (4985) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, കാസർഗോഡ് ഹാർബറുകളിലെ മണലെടുപ്പ് സ്വകാര്യ/സഹകരണ ഏജൻസികളെ ഒഴിവാക്കി ഹാർബർ വകുപ്പിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തി സർക്കാരിലേയ്ക്ക് കൂടുതൽ വരുമാനം മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കുമോ; മണലെടുപ്പ് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് നൽകാൻ കഴിയുന്ന തരത്തിൽ ഇടത്തരക്കാരെയും ബിനാമികളെയും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ്-ചെറുവത്തൂർ തുറമുഖങ്ങൾ ഉൾപ്പെടെ തുറമുഖ വകുപ്പിന് കീഴിൽവരുന്ന കേരളത്തിലെ എല്ലാ തുറമുഖങ്ങളിലേയും മാന്വൽ ഡ്രെഡ്ജിംഗിനായി ഒരു പുതിയ നയം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, നിലവിലെ മാന്വൽ ഡ്രെഡ്ജിംഗ് ടെൻഡറിൽ പങ്കെടുത്ത എല്ലാ സഹകരണ സംഘങ്ങളുടേയും പ്രതിനിധികളെ 23-9-2016-ൽ കേൾക്കുകയുണ്ടായി. അതിനുശേഷം കരട് നയം തയ്യാറാക്കി തുറമുഖ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അതത് മേഖലയിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം മണൽവാരൽ തൊഴിലാളികളെ ഉപയോഗിച്ച് മാന്വൽ ഡ്രെഡ്ജിംഗ് നടത്തുന്നതിനാണ് പുതിയ നയം ലക്ഷ്യമിടുന്നത്. എന്നാൽ ഇതിന് അന്തിമരൂപമായിട്ടില്ല. ഇത്തരത്തിൽ മാന്വൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ ബിനാമി ഇടപാടുകാരെ നിയന്ത്രിക്കുന്നതിനും സർക്കാരിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിലുറപ്പ് നൽകുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഓലക്കീൽക്കടവ് പാലം**

230 (4986) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദവുമായ ഓലക്കീൽക്കടവ് പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗ്രാമപഞ്ചായത്തുകളിലെ തീരദേശ വികസനത്തിന് അത്യാവശ്യമായ പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കീൽ കടവിൽ പാലം പണിയുന്നതിന്റെ ഭാഗമായി പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് നബാർഡിൽനിന്നും ഔപചാരിക അനുമതി ലഭ്യമാകാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ചെലവ് ആർ.ഐ.ഡി.എഫ്. ശീർഷകത്തിൽ വഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി ഉചിതമായ ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

231 (4987) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി ക്ഷാമം നിലവിലുള്ളതിന്റെ പശ്ചാത്തലത്തിൽ കാഷ്യൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ;

(ബി)കശുമാവു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്തുവരുന്നുണ്ട്. സംസ്ഥാന കാഷ്യൂ കൾട്ടിവേഷൻ ഏജൻസിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണം, കൃഷി, എസ്‌സി/എസ് ടി, വനം വകുപ്പുകളുമായി സഹകരിച്ച് കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) കശുമാവ് കൃഷി പ്രോൽത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവവഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തുവരുന്നു. കേരളത്തിലെ സ്ഥലദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. ഏതാനും

ചില സ്വകാര്യ സംരംഭകരും കശുമാവ് കൃഷി ചെയ്യുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ചു വരുന്നു.

**സ്വകാര്യ കോർപ്പറേഷൻ കശുവണ്ടി ഫാക്ടറികൾ**

232 (4988) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ-കോർപ്പറേഷൻ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി കോർപ്പറേഷൻ നേരിട്ട് വിദേശ തോട്ടണ്ടി ഇറക്കുമതി ചെയ്യാറുണ്ടോ വിശദീകരിക്കുമോ;

(സി) കശുവണ്ടി ആഭ്യന്തരമായി ശേഖരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലത്ത് പ്രസ്തുത കശുവണ്ടി ഫാക്ടറിയിൽ എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇറക്കുമതി ചെയ്യാറുണ്ടായിരുന്നു. അവസാനമായി 5800 മെട്രിക് ടൺ തോട്ടണ്ടി 2014-2015 വർഷത്തേയ്ക്ക് STC വഴിയാണ് ഇറക്കുമതി ചെയ്തത്.

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി ശേഖരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടി കാലയളവിൽ കാഷ്യൂ കോർപ്പറേഷനിൽ 17 തൊഴിൽ ദിനങ്ങളും കാപെക്സിൽ 39 തൊഴിൽ ദിനങ്ങളും ലഭിച്ചു.

**പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ**

233 (4989) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടന്ന എത്ര കശുവണ്ടി ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി എത്ര തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ നേരത്തെ പൂട്ടിക്കിടന്ന സ്വകാര്യ മേഖലയിലുള്ള നിരവധി കശുവണ്ടി ഫാക്ടറികളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും ഫാക്ടറികളിൽ 18,000 -ത്തോളം തൊഴിലാളികൾ ഉൾപ്പെടെ നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 4758, 4837, 4878, 4882, 4889, 4904 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗുരുതരമായ പ്രശ്നമാണ് ഇന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. തെരുവുനായ്ക്കൾ കടിച്ച് ആളുകൾ മരിക്കുന്നു. ശ്രീമതി മേനകാ ഗാന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വരെ അവഹേളിച്ചിരിക്കുകയാണ്, മുഖ്യമന്ത്രി വായ് തുറക്കുന്നില്ലെന്നാണ് പറയുന്നത്. ശ്രീമതി മേനകാ ഗാന്ധി ഒരു ഹിപ്പോക്രാറ്റായി മാറിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വം വളരെ അപകടകരമായ സ്ഥിതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. അങ്ങയെ ഞങ്ങൾ വന്നുകണ്ട് നോട്ടീസ് നൽകിയതാണ്. അത് ഇന്ന് പരിഗണിക്കേണ്ടതായിരുന്നു. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. കേരളത്തിൽ നായ്ക്കൾ കടിച്ച് ആളുകൾ മരിക്കുന്ന ഗുരുതരമായ സ്ഥിതിയാണുണ്ടായിരിക്കുന്നത്. മുഖ്യമന്ത്രിയെവരെ അവഹേളിക്കത്തക്ക നിലയിൽ സംസാരിക്കാൻ ശ്രീമതി മേനകാ ഗാന്ധിക്ക് ആരാണ് അധികാരം കൊടുത്തിട്ടുള്ളത്; ആരാണീ മേനകാ ഗാന്ധി? കേരളത്തിലെ ജനങ്ങളുടെ ജീവനെ പന്താടുകയാണ്. ഗൗരവമേറിയ ഒരു വിഷയമാണ് അങ്ങയുടെ മുൻപിൽ അവതരിപ്പിച്ചത്. അതുകൊണ്ട് അങ്ങ് അനുവദിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിനുള്ള നോട്ടീസുണ്ടെന്ന് പറഞ്ഞ് രാവിലെ 8.20-നാണ് ശ്രീ. കെ. സി. ജോസഫ് എന്നെ ബന്ധപ്പെട്ടത്. ചട്ടം 130 പ്രകാരം പ്രമേയമുള്ളതുകൊണ്ട് അത് നാളത്തേയ്ക്ക് മാറ്റിക്കൂടേയെന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം അത് അംഗീകരിക്കുകയാണുണ്ടായത്. അതുകൊണ്ട് അത് നാളെ പരിഗണിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: ഇത് അടിയന്തരപ്രമേയമായി എടുക്കേണ്ട ഒരു വിഷയമാണെന്നാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. കൃഷ്ണൻ: സർ, കേരളം പരമ്പരാഗത വ്യവസായങ്ങളുടെ നാടാണ്. അസംഘടിത മേഖലയിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് മുഖ്യപങ്കുണ്ട്. മത്സ്യബന്ധനം, കയർ, കശുവണ്ടി, ഖാദി, കൈത്തറി, കള്ളുചെത്ത്, ബീഡി, ഈറ്റ, പനമ്പ്, ആർട്ടിസാൻസ് എന്നിവ പരമ്പരാഗത വ്യവസായങ്ങളായാണ്

കണക്കാക്കപ്പെടുന്നത്. 15 ലക്ഷത്തിൽപ്പരം തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിതമാർഗ്ഗം പരമ്പരാഗത വ്യവസായങ്ങൾ വഴിയുള്ളതാണ്. സാമ്പത്തികമായും സാമൂഹ്യമായും ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഒരു വിഭാഗമാണിത്. ഒരു കാലഘട്ടത്തിൽ 60 ലക്ഷത്തിൽപ്പരം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തിരുന്നു. നവ ഉദാരവൽക്കരണനയം വിവിധ രൂപത്തിൽ ഈ വ്യവസായങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഈ മേഖലയിൽ തൊഴിലും കൂലിയും ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടികളുണ്ടാകണം. വ്യവസായങ്ങളുടെ നിലനില്പിന് നവീകരണ പദ്ധതികൾ അനിവാര്യമാണ്. മിനിമം കൂലി 500 രൂപയായി ഉയർത്തണം. തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസവും ആശ്വാസ പദ്ധതികളുമുണ്ടാകണം. പരമ്പരാഗത വ്യവസായങ്ങളിലെ ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യണം. വലിയ പ്രതീക്ഷയോടുകൂടിയാണ് പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ ഈ സർക്കാരിനെ നോക്കിക്കാണുന്നത്. പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുന്ന കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയവയെല്ലാം തികച്ചും പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങളാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഈ വ്യവസായങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിന് ഏറെ പ്രാധാന്യമുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഈ സർക്കാർ തൊഴിൽ മേഖലയ്ക്ക് പ്രത്യേക സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊളിലാളികൾ അതീവ താല്പര്യത്തോടുകൂടിയാണ് ഇക്കാര്യങ്ങൾ നോക്കിക്കാണുന്നത്. ഈ വ്യവസായങ്ങളെ സംരക്ഷിക്കാൻ പ്രത്യേക നടപടിയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയായ പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കുന്നതിന് വലിയ മുൻഗണനയാണ് സർക്കാർ നൽകുന്നത്. പരമ്പരാഗത വ്യവസായങ്ങൾ ഒട്ടേറെ പ്രതിസന്ധി നേരിടുന്നുണ്ട്. ആധുനികവൽക്കരണത്തിലൂടെയും വൈവിധ്യവൽക്കരണത്തിലൂടെയും അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികളാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. കൈത്തറി മേഖലയിൽ ഉല്പാദനരീതികളുടെ

നവീകരണവും വൈവിധ്യവൽക്കരണവും ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഹാന്റെക്സിന്റെയും ഹാന്റ്‍വീവിന്റെയും പുനഃസംഘടന സമയബന്ധിതമായി പൂർത്തിയാക്കും. കൈത്തറി മേഖലയിൽ വേതന വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. റിബേറ്റ് പുനഃസ്ഥാപിക്കും. സ്കൂൾ കുട്ടികൾ യൂണിഫോമിന് കൈത്തറി വസ്ത്രം ഉപയോഗിക്കണമെന്ന തീരുമാനം ഈ രംഗത്തെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും.

കശുവണ്ടിമേഖല പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കശുവണ്ടി കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനികവൽക്കരിക്കുന്നതിന് കിഫ്ബിയിൽനിന്നും 100 കോടി രൂപ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോർപ്പറേഷൻ വിവിധ ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾക്ക് ഗ്യാരണ്ടി നൽകിക്കൊണ്ട് പുതിയ വായ്പ എടുക്കുന്നതിന് കോർപ്പറേഷനെ പ്രാപ്തമാക്കുന്നതാണ്.

കയർ മേഖലയെ തകർച്ചയിൽനിന്ന് സംരക്ഷിക്കുന്നതിന് കയർ പുനഃസംഘടനാ സ്കീമിന് രൂപം നൽകും. തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദനം വർദ്ധിപ്പിക്കും. യന്ത്രവൽക്കരണം നടപ്പാക്കും. ആധുനിക ഡീഫൈബറിംഗ് യന്ത്രങ്ങൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങൾ, ടഫ്റ്റിംഗ് (tufting) തുടങ്ങിയ യന്ത്രസംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കും. വിപണി സാധ്യതകൾ വർദ്ധിപ്പിക്കും. കയർ ജിയോ ടെക്സ്റ്റൈലിനെ നിർമ്മാണ സാമഗ്രിയായി ഉപയോഗപ്പെടുത്തും.

കരകൗശല വികസന കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ബാംബൂ കോർപ്പറേഷൻ, സുരഭി, കെൽപാം എന്നിവയുടെ വൈവിദ്ധ്യവൽക്കരണത്തിനും പുനരുദ്ധാരണത്തിനും മുൻകയ്യെടുക്കും. കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. തൊഴിലാളികൾക്കായി ആശാ പദ്ധതി നടപ്പിലാക്കിവരുന്നു. കേരള ഹാന്റിക്രാഫ്റ്റിന് ബ്രാന്റിംഗ് ഏർപ്പെടുത്തും.

ഖാദിമേഖലയിൽ പുതിയ വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദിത്തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവും ഉത്സവബത്തയും നൽകൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ ഭാഗിക യന്ത്രവൽക്കരണം നടപ്പാക്കുന്നതാണ്. വിപണനത്തിന് വിപുലമായ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കും. യന്ത്രവൽകൃത

പനമ്പ് നെയ്ത്തുകേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവയാണ് ഈറ്റ, പനമ്പ് മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

ബീഡി, ചുരുട്ട് തൊഴിലാളികൾക്കുള്ള പ്രത്യേക സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി വിപുലപ്പെടുത്തും. തൊഴിൽ നഷ്ടപ്പെട്ട ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക നൽകും. അധിക നികുതിയില്ലാതാക്കുന്നതിന് നടപടി സ്വീകരിക്കും. ദിനേശ് ബീഡി തൊഴിലാളികളുടെ സഹകരണ സംഘം അടച്ച വാറ്റ് നികുതി തിരിച്ചുനൽകും. ഈ രീതിയിൽ കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. കൃഷ്ണൻ: സർ, കേരളത്തിന്റെ ദേശീയ വൃക്ഷമായ തെങ്ങിനെ ആസ്പദമാക്കിയാണ് കള്ളുചെത്ത് വ്യവസായം നിലനിൽക്കുന്നത്. അത് ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. കള്ളുചെത്ത് വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് നൂതനമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ.പിണറായി വിജയൻ: സർ, അതിനുതകുന്ന ഒട്ടേറെ നടപടികളെക്കുറിച്ച് ആലോചിച്ചുവരികയാണ്.

## (2) കാർഷിക മേഖലയിലെ പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ്: സർ, ആസിയാൻ സ്വതന്ത്ര വ്യാപാരകരാറും റീജിയണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് എഗ്രിമെന്റും (RCEP) നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ കാർഷികമേഖല അഭിമുഖീകരിക്കേണ്ടിവരുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ആസിയാൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരകരാറുള്ള ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ പുതിയതായി രൂപീകരിക്കുന്ന ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാരകരാർ നിലവിൽ വരുന്നതോടെ ഭാരതത്തിന്റെ, പ്രത്യേകിച്ചും കേരളത്തിന്റെ രാഷ്ട്രീയ മേഖല ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കെത്തും. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ നിലനില്പുതന്നെ അപകടത്തിലാകുന്നസ്ഥിതി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് വളരെയേറെ പരിമിതികളുണ്ട്. ഒരു

കാർഷിക സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സമ്പദ്ഘടന തകർക്കപ്പെടുന്ന ഗുരുതരമായ സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഈ എഗ്രിമെന്റിലേയ്ക്ക് വരുന്നതിനെത്തുടർന്ന്, ആസിയാൻ ഉച്ചകോടി മുതൽ ആരംഭിച്ച ചർച്ചകൾ പിന്നീട് നിർത്തിവച്ചു. പുതിയ ആർ.സി.ഇ.പി. എഗ്രിമെന്റിനുവേണ്ടിയുള്ള ചർച്ചകൾ കേന്ദ്രഗവൺമെന്റ് ഇപ്പോൾ വീണ്ടും സജീവമാക്കിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധിയുണ്ടാകുന്നത് ഇറക്കുമതിയുമായി ബന്ധപ്പെട്ടാണ്. കേരളത്തിന്റെ എല്ലാ കാർഷിക വിഭവങ്ങളെയും കാർഷിക വിളകളെയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ കേന്ദ്രഗവൺമെന്റ് നിർബാധം ഇറക്കുമതിക്ക് അനുവാദം കൊടുക്കുന്ന സ്ഥിതിയാണ് ഇവിടെയുണ്ടാകാൻ പോകുന്നത്. ഏറ്റവും ഗുരുതരമായി ബാധിക്കുന്നത് റബ്ബറിനെയാണ്. റബ്ബറിന്റെ വിലയിടിവ് കേരളത്തിൽ മുഖ്യപ്രശ്നമായി നിലനിൽക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബറുല്പാദനം നടക്കുന്ന ഈ കാലഘട്ടത്തിലും യാതൊരു നിയന്ത്രണവുമില്ലാതെ കേന്ദ്ര ഗവൺമെന്റ് റബ്ബർ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നുവെന്നത് ഗൗരവമായി കാണേണ്ടതാണ്. ഇറക്കുമതി നിയന്ത്രണങ്ങൾമൂലം കാർഷിക മേഖലയിലുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് കഴിഞ്ഞ ജൂണിൽ ഞാൻ നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. ഇന്ത്യ-മലേഷ്യ സമഗ്രസാമ്പത്തിക സഹകരണ കരാറിനെത്തുടർന്ന് പുതിയതും റീട്രേഡ് ചെയ്തതുമായ ടയറുകൾക്കുള്ള തീരുവ 5 ശതമാനമായി കുറയ്ക്കുകയും ഇവിടെ അത്തരത്തിലുള്ള ഉല്പന്നങ്ങൾ മുഴുവൻ ഇറക്കുമതി ചെയ്യാനുള്ള അനുവാദം നൽകുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് റബ്ബറിന് ആ കാലഘട്ടത്തിൽ വലിയ വിലത്തകർച്ചയുണ്ടാകുകയും സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുകയും ചെയ്തു. ഇന്ത്യയിൽ അധികമായി റബ്ബറുള്ളപ്പോൾ ഇത്തരത്തിൽ തുടർച്ചയായി ഇറക്കുമതി ചെയ്യുന്നത് ടയർ ലോബിയെ സഹായിക്കാനാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ പ്രതിഷേധം വേണ്ടതുപോലെ ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നുണ്ടോ എന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. പലപ്പോഴും നമുക്ക് അതിന് കഴിയാറില്ല. റബ്ബറിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നം സങ്കീർണ്ണമാകുന്നതും പുതിയ കരാറുകൾ വരുന്നതിനെത്തുടർന്നുണ്ടാകുന്ന പ്രശ്നവും കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം ആഭ്യന്തര വിപണിയിലുള്ള പ്രശ്നങ്ങളും ഗൗരവമായി കാണേണ്ടതായിട്ടുണ്ട്.

ബഹുമാന്യനായ മാണിസാർ, അടിയന്തരപ്രമേയത്തിലൂടെ കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന കാർഷിക പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഗവൺമെന്റ് അക്കാര്യത്തിൽ സ്വീകരിക്കുന്ന 50cm നടപടികളെക്കുറിച്ച് അന്ന്

കൃഷി വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആഭ്യന്തരരംഗത്ത് കർഷകർക്ക് സംരക്ഷണ മുണ്ടാകണമെന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞങ്ങൾ കൊണ്ടുവരുന്നത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പദ്ധതി മുന്നോട്ടുകൊണ്ടുപോകുമെന്നുള്ള ഗവൺമെന്റ് നിലപാടിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം 150 രൂപ വിലസ്ഥിരതാ ഫണ്ട് കൃത്യമായി റബ്ബർ കൃഷിക്കാർക്ക് നൽകാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഉന്നതതലയോഗം ഗവൺമെന്റ് വിളിച്ചുകൂട്ടുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുനൽകിയതിന് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: സർ, ആസിയാൻ കരാർ ഒരു തെറ്റായിരുന്നുവെന്ന് അംഗീകരിക്കുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ആസിയാൻ കരാറിന്റെ ദോഷവശങ്ങൾക്ക് കേരള കോൺഗ്രസ് പാർട്ടി അന്നും എതിരായിരുന്നു. ഞങ്ങൾ യു.ഡി.എഫ്.-ൽ നിൽക്കുന്ന സമയത്തും ആസിയാൻ കരാറിന്റെ ദോഷവശങ്ങൾക്കെതിരെ പ്രതികരിക്കാൻ, കർഷകർക്കുവേണ്ടി ശബ്ദമുയർത്താൻ തന്റേടം കാണിച്ചിട്ടുണ്ട്. ഞങ്ങൾ ഇപ്പോഴും ആ നിലപാടിൽ ഉറച്ചുനിൽക്കുകയാണ്.

നാളികേരസംഭരണം നിലച്ചതിനെക്കുറിച്ച് ഞങ്ങൾ സഭയിൽ ചൂണ്ടിക്കാണിച്ചു. അതുസംബന്ധിച്ച് പരിശോധിക്കുമെന്ന് ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി പറഞ്ഞു. ധാരാളം സ്ഥലങ്ങളിൽ നാളികേര സംഭരണം നിലച്ചിരിക്കുകയാണ്. അത് അടിയന്തരമായി പുനരാരംഭിക്കാൻ മുഖ്യമന്ത്രിയുടെ ഇടപെടലുണ്ടാകണം. സംഭരിച്ച നാളികേരത്തിന് വില നൽകാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുകയാണ്. നാളികേര സംഭരണത്തിന്റെ കുടിശ്ശിക നൽകുന്നതിനുള്ള നടപടിയുണ്ടാകണം. പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും ഇതുപോലെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയും ഇടപെടലുമുണ്ടാകണം.

ആർ.സി.ഇ.പി. കരാറിനെത്തുടർന്ന് കേരളത്തിലെ ക്ഷീരകർഷകർ പ്രതിസന്ധിയിലാകുന്ന പശ്ചാത്തലത്തിൽ കേരളത്തിലുണ്ടാകുന്ന അപകടവും പ്രതിസന്ധിയും കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ആവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്.

കേരളത്തിന്റെ കാർഷികമേഖല സംരക്ഷിക്കപ്പെടണം. ഗുരുതരമായ പ്രതിസന്ധിയിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി രാഷ്ട്രീയത്തിനതീതമായി യോജിച്ച നിലപാട് സ്വീകരിക്കണം. അതിന് ഗവൺമെന്റ് മുന്നോട്ടുവരണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാർഷിക മേഖലയിലെ ഒട്ടേറെ പ്രശ്നങ്ങളാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചിരിക്കുന്നത്. അതിൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന റീജിയണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് എന്ന സ്വതന്ത്ര വ്യാപാര കരാറിന്റെ പ്രശ്നങ്ങൾ അദ്ദേഹം വിവരിക്കുകയുണ്ടായി.

സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇപ്പോൾ റബ്ബറിന്റെ താങ്ങുവില 150 രൂപയാണ്. 2015-16-ൽ പദ്ധതിക്കായി അനുവദിച്ച 300 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. 3-10-2016 വരെ 298295 റബ്ബർ കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. 2016 ജൂൺ 30-ന് അവസാനിച്ച ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ തുടർച്ചയായി രണ്ടാംഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാംഘട്ടത്തിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

നാളികേരവുമായി ബന്ധപ്പെട്ട പ്രശ്നം അദ്ദേഹം ഉന്നയിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 380 കൃഷിഭവനുകളിലൂടെ കേരഫെഡ്ഡിന്റെ സഹകരണത്തോടെയാണ് പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ സ്വയംസഹായ സംഘങ്ങൾവഴി കൊപ്രയാക്കി സൂക്ഷിക്കുവാനും അത് കേരഫെഡ് സംസ്കരിച്ച് വെളിച്ചെണ്ണയാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിലുള്ള സംഭരണശേഷിയിലും ഉല്പാദനശേഷിയിലും കഴിയുന്നത്ര പച്ചത്തേങ്ങ സംഭരിക്കുന്നതിനും വെളിച്ചെണ്ണയാക്കുന്നതിനുമുള്ള ശ്രമങ്ങളാണ് സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്.

ആസിയാൻ കരാറിന്റെ അപകടാവസ്ഥ സംസ്ഥാനത്തിന് ബോദ്ധ്യപ്പെടാൻ കുറച്ചുനാളുകളെടുത്തുവെന്നത് ഒരു വസ്തുതയാണ്. തെറ്റായ നിലപാടുകൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം കരാറുകൾ നമ്മുടെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നത്. ആസിയാൻ കരാറിൽ

കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ ഇനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. എന്നാൽ കേരളവുമായി അത് ചർച്ച ചെയ്തിരുന്നില്ല. പാർലമെന്റിൽ മാത്രമല്ല മന്ത്രിസഭയിലും ചർച്ച ചെയ്തില്ല എന്നാണ് ആ ഘട്ടത്തിൽ അറിയാൻ സാധിച്ചത്. അതിന്റെ ആപത്ത് നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുമ്പോഴാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച റീജിയണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് എന്ന സ്വതന്ത്ര വ്യാപാരകരാറുമായി ബന്ധപ്പെട്ട് വിഷയം വന്നത്. ചർച്ചകൾ പൂർത്തീകരിച്ച് കരാറിലേർപ്പെടണമെന്നാണ് ലാവോസിൽ നടന്ന 13-ാം വട്ട ചർച്ചയുടെ തീരുമാനം. എന്നാൽ കരാറിൽ ഏർപ്പെടാൻ പോകുന്നുവെന്നാണ് വ്യക്തമാകുന്നത്. അതിലുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ ഇറക്കുമതി തീരുവ ഇല്ലാതാക്കണ മെന്നുള്ളതാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ കൂടുതൽ പ്രതികൂലമായിബാധിക്കും. ഇന്ന് നിലവിലുള്ള എല്ലാ ഇറക്കുമതി തീരുവകളും പൂജ്യം ശതമാനമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെവന്നാൽ നമ്മുടെ രാജ്യത്തെ കാർഷികരംഗവും ഇവിടത്തെ കൃഷിയെ ആശ്രയിച്ചുകഴിയുന്ന വ്യവസായ രംഗങ്ങളിലെല്ലാം ദോഷഫലങ്ങളുണ്ടാകുമെന്നത് വസ്തുതയാണ്. നമ്മുടെ പ്രാഥമിക മേഖലയായ കാർഷിക മേഖലയുടെ തകർച്ച ഒരുതരത്തിലും രാജ്യത്തിന് ഗുണകരമാകില്ല. ഇപ്പോഴുള്ള ഇറക്കുമതിച്ചുങ്കം ആർ.സി.ഇ.പി. കരാറിൽ കുറയ്ക്കുന്നത് കേരളത്തിലെ താല്പര്യത്തിന് പൂർണ്ണമായും എതിരാണ്. ഈ പ്രശ്നം ഉയർന്നുവന്ന ഘട്ടത്തിൽത്തന്നെ ഇക്കാര്യം സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയെ ധരിപ്പിക്കുകയും രേഖാമൂലം കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആർ. സി. ഇ. പി. കരാർപോലുള്ള വാണിജ്യക്കരാറിൽ ഏർപ്പെടുന്നതിനുമുമ്പ് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായണമെന്ന കാര്യത്തിൽ സർക്കാർ ഉറച്ചു നിൽക്കുകയാണ്. കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷി ക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിനോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്, ഇനിയും ആവശ്യപ്പെടുന്നതാണ്. ഇത്തരം കാര്യങ്ങളിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒന്നിച്ചുനിന്നുകൂടേ എന്ന് ബഹുമാന്യനായ അംഗം ഇവിടെ ചോദിച്ചു. അതാണ് നമ്മുടെ നാട്ടിൽ വേണ്ടത്. നമ്മുടെ നാടിന്റെയും കർഷകരുടെയും താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നാടാകെ ഒന്നിച്ചുനിൽക്കാൻ തയ്യാറാകണമെന്നുതന്നെയാണ് സർക്കാരിന്റെ സുചിന്തിതമായ അഭിപ്രായം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ വളരെ പോസിറ്റീവായി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുകയുണ്ടായി. സംസ്ഥാനത്തെ കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് രാഷ്ട്രീയത്തിന

തീതമായി യോജിച്ച് പ്രവർത്തിക്കേണ്ടതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ആ നല്ല നിലപാട് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ നേതൃത്വത്തിൽ റബ്ബറിന്റെയും പാമോയിലിന്റെയും ഇറക്കുമതി അവസാനിപ്പിക്കുക എന്നുള്ളതാണ് ഇപ്പോൾ ചെയ്യേണ്ടത്. ഈ കരാർ നിലവിൽ വരാൻ പോകുന്നുവെന്ന് അങ്ങ് സൂചിപ്പിച്ചു. അതിനുമുമ്പുതന്നെ ഇവിടെ റബ്ബറിന്റെയും പാമോയിലിന്റെയും ഇറക്കുമതി നിർബാധം തുടരുകയാണ്. ഇത് അവസാനിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ശക്തമായ ഇടപെടലുണ്ടാകണം. അതോടൊപ്പം അങ്ങ് ചൂണ്ടിക്കാണിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, കരാർ നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനങ്ങളോട് ആലോചിക്കാൻ തയ്യാറാകാത്തത് കേന്ദ്ര ഗവൺമെന്റിന്റെ ജനാധിപത്യവിരുദ്ധ നിലപാടുകൾമൂലമാണ് എന്നുള്ളത്. കേരളത്തിന്റെ ശക്തമായ നിലപാടും പ്രതിഷേധവും അറിയിക്കാനും ചർച്ചയുടെ ആവശ്യകത ഉയർത്തിപ്പിടിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ കക്ഷിനേതാക്കന്മാർ ചേർന്ന് ഒരു സർവ്വകക്ഷിസംഘം പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ കാണുന്നതിന് നിലപാട് സ്വീകരിക്കുമോ? അങ്ങനെ ചെയ്താൽ ഏറ്റവും വലിയൊരു കാര്യമായി ഞങ്ങൾ അതിനെ കാണും. ഇറക്കുമതി അവസാനിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയണം. പ്രത്യേകിച്ച് റബ്ബറിന്റെയും പാമോയിലിന്റെയും ഇറക്കുമതി.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തുക എന്നത് ഒഴിച്ചുകൂടാനാവാത്തതാണ്. അതിനുതകുന്ന ഏത് മാർഗ്ഗവും സ്വീകരിക്കാവുന്നതാണ്.

## III. സബ്മിഷൻ

### (1) പക്ഷിപ്പനി

മി. സ്പീക്കർ: ഇതേ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട തോമസ് ചാണ്ടിയും നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആലപ്പുഴ ജില്ലയിൽ കുട്ടനാട്, അപ്പർ-കുട്ടനാട് മേഖലയിൽ ഭീതി വിതച്ചുകൊണ്ട് താറാവുകളിലെ പക്ഷിപ്പനിബാധ രൂക്ഷമാകുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പള്ളിപ്പാട്, ചെറുതന, കുട്ടനാട് നിയോജകമണ്ഡലത്തിലെ തകഴി, രാമങ്കരി, കൈനടി, നീലംപേരൂർ തുടങ്ങിയ പ്രദേശങ്ങളിലാണ് പക്ഷിപ്പനി

എന്നറിയപ്പെടുന്ന H5 N8 വൈറസ് മൂലമുണ്ടാകുന്ന രോഗം ബാധിച്ച് താറാവുകൾ ചത്തൊടുങ്ങുന്നത്. ക്രിസ്തുമസ് സീസണായതുകൊണ്ട് ഇപ്പോൾ ധാരാളം താറാവുകളെ കർഷകർ വളർത്തുകയാണ്. കഴിഞ്ഞവർഷം പത്തുലക്ഷം താറാവുകളെയാണ് ക്രിസ്തുമസ് സീസണിൽ വിറ്റത്. എന്നാൽ കർഷകരുടെ പ്രതീക്ഷകളെ തകർത്തുകൊണ്ട് ആയിരക്കണക്കിന് താറാവുകൾ ചത്തൊടുങ്ങുകയാണ്. 2014-ൽ പക്ഷിപ്പനി പടർന്നുപിടിച്ചപ്പോൾ ലക്ഷക്കണക്കിന് താറാവുകളെയാണ് കൊന്നൊടുക്കിയത്. ദുരിതാശ്വാസ ഇനത്തിൽ ഇപ്പോൾ നൽകിയ മൂന്നു ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലമായ ചെങ്ങന്നൂരിലെ ചെന്നിത്തല പഞ്ചായത്തിൽ രോഗം ബാധിക്കാത്ത താറാവുകളെ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനുള്ള ബുദ്ധിമുട്ട് എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതിനായി രണ്ടുകോടി രൂപ അനുവദിക്കുകയുണ്ടായി. രണ്ടുമാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ വീതവും രണ്ടുമാസവും അതിന് മുകളിലും പ്രായമുള്ളവയ്ക്ക് 200 രൂപ വീതവും വളർത്തുപക്ഷികൾക്ക് നഷ്ടപരിഹാരം നൽകുകയുണ്ടായി. അതോടൊപ്പം രോഗബാധിത പ്രദേശങ്ങളിലെ ഹാച്ചറികളിലുള്ള മുട്ടകളും മുട്ടക്കുഞ്ഞുങ്ങളും നശിപ്പിക്കുന്നതിന് 5 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകി. പക്ഷിപ്പനിയുടെ പ്രാഥമിക ലക്ഷണം കണ്ടപ്പോൾ തന്നെ മുൻകരുതലെടുക്കാൻ വൈകി എന്ന ആക്ഷേപം നിലവിലുണ്ട്.

അക്കാര്യം ബഹുമാന്യനായ മന്ത്രി പരിശോധിക്കണം. ചത്ത താറാവുകളെ ഉടൻ സംസ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. ചത്ത താറാവുകളെ അവിടെത്തന്നെ കുഴിച്ചിടുന്നത് രോഗം പടർന്നുപിടിക്കാൻ കാരണമാകും.

ആരോഗ്യവകുപ്പ് ജീവനക്കാർ ബ്ലീച്ചിംഗ് പൗഡർ തളിക്കുക മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശാസ്ത്രീയമായ പരിശോധന ഇക്കാര്യത്തിൽ ആവശ്യമാണ്. എല്ലാ രണ്ടുവർഷം കൂടുമ്പോഴും ഈ രോഗം കുട്ടനാട്-അപ്പർ കുട്ടനാട് മേഖലകളിൽ ഉണ്ടാകുന്നുവെന്നത് ഗുരുതരമായി കാണേണ്ടതാണ്. ഈ കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതോടൊപ്പം ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി പരിശോധിക്കാനുള്ള ലാബ് സ്ഥാപിക്കണം. ഭോപ്പാലിലോ ബാംഗ്ലൂരിലോ ഉള്ള ലാബുകളെയാണ് ഇതിനായി ആശ്രയിക്കുന്നത്. കുട്ടനാട്ടിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ശാസ്ത്രീയമായ നിലയിൽ ഇതിന്റെ

കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. ആയിരക്കണക്കിന് താറാവുകളെയാണ് ഇപ്പോൾ രോഗം ബാധിച്ചിരിക്കുന്നത്. കർഷകർ വളരെയേറെ പ്രതിസന്ധിയിലാണ്. ഇക്കാര്യത്തിൽ ധനസഹായം നൽകുന്നതിനും മറ്റും അടിയന്തര നടപടി ഉണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ആലപ്പുഴ ജില്ലയിലെ തകഴി പഞ്ചായത്തിലും തൊട്ടടുത്ത പഞ്ചായത്തുകളിലും പക്ഷികളിൽ രോഗലക്ഷണം കണ്ടതിനെത്തുടർന്ന് വിശദമായ പരിശോധനകൾക്കായി സാമ്പിൾ ശേഖരിച്ച് തിരുവല്ലയിലെ പക്ഷിരോഗ നിർണ്ണയ ലബോറട്ടറിയിലും പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും അയയ്ക്കുകയുണ്ടായി. പ്രാഥമിക പരിശോധനയിൽ പക്ഷി പനിയാണെന്ന നിഗമനത്തിലെത്തിയെങ്കിലും അത് സ്ഥിരീകരിക്കുന്നതിനുവേണ്ടി 22-10-2016-ൽ ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലേയ്ക്കും 23-10-2016-ൽ ഭോപ്പാലിലെ ലബോറട്ടറിയിലേയ്ക്കും പ്രത്യേക ദൂതൻവശം സാമ്പിൾ നൽകിയിരുന്നു. ഇതുസംബന്ധിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-10-2016-ൽ ചേർന്ന യോഗത്തിൽ എന്നെക്കൂടാതെ കൃഷി വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറിമാർ, ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു. രോഗബാധ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും താറാവുകളെ culling-ന് വിധേയമാക്കേണ്ട സാഹചര്യമുണ്ടായാൽ കർഷകർക്ക് മുൻകാലത്തെപ്പോലെ നഷ്ടപരിഹാരം നൽകാനും തീരുമാനിച്ചു. പക്ഷിപ്പനി ഒരു വൈറസ് രോഗമാണ്. 'ഇൻഫ്ലുവൻസാ ടൈപ്പ് എ' എന്ന ഒരു വൈറസ്സാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസ്സിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസമനുസരിച്ച് ഇവ മാരകമാകുകയോ മനുഷ്യരിലേയ്ക്ക് പകരുകയോ ചെയ്യാം. ആലപ്പുഴയിൽ ഇപ്പോൾ സ്ഥിരീകരിച്ചിട്ടുള്ളത് H5 N8 വൈറസ്സാണ്, ഇവ മാരകമല്ല. ഇത് മനുഷ്യരിലേയ്ക്ക് ഇതുവരെ പകർന്നിട്ടില്ല. ഒന്നോ രണ്ടോ വർഷങ്ങൾക്കുമുമ്പ് ആലപ്പുഴയിൽ ഇത്തരം പക്ഷിപ്പനി പടർന്ന ഒരു സംഭവമുണ്ടായിരുന്നു. മനുഷ്യരിലേയ്ക്കുകൂടി പകരാനിടയുള്ള വൈറസ്സാണ് അന്ന് കണ്ടെത്തിയത്. 24-ാം തീയതി ഇവിടെ യോഗം ചേർന്നതിനുപുറമേ തൊട്ടടുത്ത ദിവസം ആലപ്പുഴ ജില്ലയിൽ കളക്ടറുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഉൾപ്പടെ ബന്ധപ്പെട്ട എല്ലാവരും പങ്കെടുത്തുകൊണ്ട് യോഗം ചേർന്നിരുന്നു.

10.00 A.M]

ആലപ്പുഴ ജില്ലയിലെ തകഴി, മുട്ടാർ എന്നീ സ്ഥലങ്ങൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ എന്നിവർ സന്ദർശിക്കുകയും കർഷകരുമായി ആശയവിനിമയം നടത്തുകയും അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും തിരുവനന്തപുരത്തെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ കൺട്രോൾ റൂം ആരംഭിക്കുകയും ചെയ്തു. ആലപ്പുഴ കളക്ടേറ്റിൽ ഒരു കൺട്രോൾ റൂം തുറന്നിട്ടുണ്ട്. തകഴിയിലും തൊട്ടടുത്ത പഞ്ചായത്തുകളിലും രോഗലക്ഷണങ്ങൾ കണ്ടെത്തിയ മേഖലകളിലെല്ലാം ഡോക്ടർമാരുടെ നേതൃത്വത്തിൽ 20 ദ്രുതകർമ്മസേനയെ വിന്യസിച്ച് ഏരിയ തീരുമാനിച്ചു നൽകുകയുണ്ടായി. ഇപ്രാവശ്യവും ദേശാടന പക്ഷികളുടെ വരവിന്റെ ഭാഗമായി ഡൽഹിയിലും രാജസ്ഥാനിലും പക്ഷിപ്പനി സ്ഥിരീകരിക്കപ്പെടുകയും പക്ഷികളെ കൊന്നൊടുക്കുകയുമാണുണ്ടായത്. ഇത്തരം രോഗം പിടിപെട്ടാൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള മുൻകരുതലുകളെടുക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. 10 ദിവസത്തേക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 20 ദ്രുതകർമ്മസേന രൂപീകരിച്ചതിൽ 6 എണ്ണം അന്നുതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പക്ഷിപ്പനി ബാധയുടെ സ്ഥിതിവിവരം ഡോക്യുമെന്റ് ചെയ്യാൻ വെറ്ററിനറി ഡോക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗം ബാധിച്ച പക്ഷികളെ മാറ്റാനും അവയെ നശിപ്പിക്കാനും തീരുമാനിച്ചു. രോഗം പിടിപെട്ടാൽ ചികിത്സിച്ച് ഭേദമാക്കാൻ പറ്റില്ല, നശിപ്പിച്ചേ മതിയാകൂ. കുട്ടനാടിന്റെ പ്രത്യേകത പ്രതിപക്ഷ നേതാവിന് അറിയാവുന്നതാണ്. അവിടെ കുഴിച്ചിടുക പ്രയാസമാണ്. അവിടെ കൂടുതൽ പ്രദേശവും വെള്ളമാണ്. മണ്ണെണ്ണ ഒഴിച്ച് കത്തിക്കുകയാണ് മുമ്പും ചെയ്തിട്ടുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, താറാവുകളെ കൊന്നിട്ടുവേണം കത്തിക്കേണ്ടത്, ജീവനോടെ കത്തിക്കരുത്.

ശ്രീ. കെ. രാജു: സർ, കൊന്നിട്ടാണ് കത്തിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം രണ്ട് ലക്ഷത്തിലധികം താറാവുകളെയാണ് ഇങ്ങനെ കൊന്ന് കത്തിച്ചത്. എന്നാൽ ഇപ്രാവശ്യം 1500-ൽതാഴെ താറാവുകളെ മാത്രമേ കൊല്ലേണ്ടിവന്നുള്ളൂ. താറാവുകൾ ഇപ്പോഴും നിരീക്ഷണത്തിലാണ്. ഇനിയും രോഗലക്ഷണങ്ങൾ കാണിക്കുന്ന താറാവുകളുണ്ടെങ്കിൽ അവയെ കൊല്ലേണ്ടിവരും.

ശ്രീ. രമേശ് ചെന്നിത്തല: സർ, നഷ്ടപരിഹാരം കൊടുക്കുന്നത് എങ്ങനെയാണ്?

<u>ശ്രീ. കെ. രാജു:</u> സർ, അത് പറയാം. ഞാൻ പറഞ്ഞ് തീർന്നില്ലല്ലോ; രണ്ട് മാസവും അതിന് മുകളിലും പ്രായമായ താറാവിന് 200 രൂപ വരെ നഷ്ടപരിഹാരം കൊടുക്കാൻ ഇപ്പോൾ നിയമമുണ്ട്. രണ്ട് മാസത്തിൽ താഴെ പ്രായമുള്ള താറാവിന് 100 രൂപയും മുട്ടയ്ക്ക് 5 രൂപയും കൊടുക്കാനാണ് നിലവിലുള്ള നിയമം. അതുമായി ബന്ധപ്പെട്ട യഥാർത്ഥ കണക്കുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ പ്രാവശ്യം താറാവുകൾ ചാകുന്നതിന്റെ കണക്ക് പെരുപ്പിച്ച് കാണിച്ചതായി അവിടെനടന്ന ചർച്ചയിൽ പങ്കെടുത്ത കർഷകരുടെ ഭാഗത്തുനിന്നും അഭിപ്രായമുണ്ടായി. ഓരോ കർഷകർക്കും അവരുടെ താറാവുകളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടെന്ന് ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ശ്രീ. തോമസ് ചാണ്ടി, അങ്ങേക്ക് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. തോമസ് ചാണ്ടി:</u> സർ, താറാവ് കൃഷിയുള്ളത് കുട്ടനാട്ടിൽ മാത്രമല്ല. ഡോ. ടി. എം. തോമസ് ഐസകിന്റെയും ശ്രീ. ജി. സുധാകരന്റെയും ശ്രീ. രമേശ് ചെന്നിത്തലയുടെയും ശ്രീ. സി. എഫ്. തോമസിന്റെയും മണ്ഡലങ്ങളിലുമുണ്ട്. ഏറ്റവും കൂടുതൽ താറാവ് കൃഷിയുള്ള മണ്ഡലത്തിന്റെ പ്രതിനിധി ശ്രീ. മാത്യു ടി. തോമസ് ആണ്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. നിരണത്തുകാരെയാണ് താറാവുകാരെന്ന് ഞങ്ങൾ വിളിക്കുന്നത്. ഇത് വലിയൊരു പ്രശ്നമാണ്. ആയിരക്കണക്കിന് കുടുംബങ്ങളാണ് താറാവ് കൃഷി നടത്തി ജീവിക്കുന്നത്. ദേശാടനപ്പക്ഷികൾ വരണ്ടെന്ന് പറയാൻ സാധിക്കില്ല. ഈ രോഗം ഇന്ന് തുടങ്ങിയതൊന്നുമല്ല. ഞാൻ ചോറ്റുപാത്രവും പിടിച്ച് സ്കൂളിൽപോകുന്ന കാലത്ത് താറാവുകൾ പിടയ്ക്കുന്നതുകണ്ടിട്ട് ഉടമസ്ഥരോട് ഓടിച്ചെന്നുപറയും നിങ്ങളുടെ താറാവ് കിടന്നുപിടയ്ക്കുന്നുവെന്ന്. അന്ന് H5 N1 അല്ലെങ്കിൽ H5 N8 എന്താണെന്നൊന്നും ആർക്കുമറിയില്ല. എനിക്ക് ഇവിടെ ഇരിക്കാൻ ലജ്ജതോന്നുന്നു. കേരളത്തിലെ മനുഷ്യർ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലുമുണ്ട്. ശാസ്ത്രം വളർന്നിരിക്കുന്നു. ഒരു താറാവിന് അസുഖം വന്നാൽ ഭോപ്പാലിലാണോ പരിശോധിക്കേണ്ടത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊന്ന് ശ്രദ്ധിക്കണം. ഇത്രയും കൃഷിക്കാരുള്ള, ഇത്രയും ആളുകൾ തിങ്ങിപ്പാർക്കുന്ന, ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും പോയി ജോലിചെയ്യുന്ന ശാസ്ത്രജ്ഞന്മാരുള്ള കേരളത്തിൽ ഒരു താറാവിന് പനി വന്നാൽ പരിശോധിക്കാൻ ഭോപ്പാലിൽ വിടണോ? ഉടൻ നടപടിയെടുക്കത്തക്ക രീതിയിൽ അങ്ങ് ഇതിൽ

ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്നലെ തകഴിയിൽ താറാവിനെ കുഴിച്ചിടാൻ ശ്രമിച്ചവരെ നാട്ടുകാർ തടഞ്ഞു. എന്താണ് പ്രശ്നം; 500 താറാവുള്ളതിൽ 200 എണ്ണം മാത്രമേ ചത്തിട്ടുള്ളൂ. ബാക്കിയുള്ള 300 എണ്ണം എന്ത് ചെയ്യും? നാളെ ഇത് ഓരോന്നായി ചാകും. അതുകൊണ്ട് ഇതിനെയെല്ലാം കൊന്ന് കുഴിച്ചുമൂടണമെന്ന് പറഞ്ഞ് നാട്ടുകാർ ബഹളംവച്ചു. അതുകൂടി അങ്ങ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. രാജു:</u> സർ, പ്രാഥമിക പരിശോധനയ്ക്കുള്ള സൗകര്യം ഇപ്പോൾ കേരളത്തിലുണ്ട്. പ്രാഥമിക പരിശോധനയിലൂടെ പക്ഷിപ്പനി സ്ഥിരീകരിച്ചാൽ തുടർന്നുള്ള ഫൈനൽ പരിശോധനയ്ക്ക് ഇവിടെ സൗകര്യമില്ല. അതിന്റെ ലാബ് ഭോപ്പാലിലാണുള്ളത്. ഇവിടത്തെ പരിശോധനയുടെ റിപ്പോർട്ടുകൂടി അയച്ചു കൊടുത്താണ് ഫൈനലൈസ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം മനസ്സിലായി. നിലവിൽ ഈ സംവിധാനമേ ഉള്ളൂവെന്നാണ് ഞാൻ പറഞ്ഞത്. നമുക്ക് ലാബ് സൗകര്യം ഉണ്ടാകേണ്ടതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇത് മറ്റു ജില്ലകളിലേക്ക് വ്യാപിക്കുകയാണ്. കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ ആർപ്പൂക്കര, അതിരമ്പുഴ, വൈക്കം, കടുത്തുരുത്തി മണ്ഡലങ്ങളിലേക്കും പത്തനംതിട്ട ജില്ലയിലേക്കും ഇത് വ്യാപിക്കുകയാണ്. ഇത് മനുഷ്യരിലേക്ക് പകരുമെന്ന പേടി ആളുകൾക്കുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവമായ ഒരു ശാസ്ത്രീയ പഠനത്തിനുള്ള സംവിധാനം ഉണ്ടാകണം.

<u>ശ്രീ. കെ. രാജു:</u> സർ, വളരെ ഗൗരവമായി സർക്കാർ ഇതിനെ കണ്ടതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് യോഗം ചേർന്ന് തീരുമാനമെടുത്തത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇത് ഒരു ദുരന്തമായി ഇടയ്ക്കിടക്ക് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മുമ്പും പക്ഷിപ്പനിയുടെ ഭാഗമായി അനേകം പക്ഷികളെ കൊന്നൊടുക്കേണ്ടതായിവന്നിട്ടുണ്ട്. ഇത് പിടിപെട്ടാൽ പക്ഷികളെ കൊല്ലുകയല്ലാതെ മറ്റ് മാർഗ്ഗമൊന്നുമില്ല എന്നതാണ് വസ്തുത. കൂട്ടത്തോടെ കൊന്ന് തീയിലിടേണ്ട അവസ്ഥയാണുള്ളത്. അവിടത്തെ സാഹചര്യമനുസരിച്ച് ഇവയെ ദഹിപ്പിക്കുകയേ മാർഗ്ഗമുള്ളൂ. അവിടെ കുഴിച്ചിട്ടാൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകും. അക്കാര്യങ്ങളിലേക്കല്ല ഞാൻ പോകുന്നത്. ബഹുമാന്യനായ അംഗം ശ്രീ. തോമസ് ചാണ്ടി ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ

അവസാന പരിശോധനയ്ക്ക് നമ്മുടെ സംസ്ഥാനത്ത് സംവിധാനമില്ലാത്ത ഒരു അവസ്ഥയുണ്ട്. പതിനായിരക്കണക്കിന് താറാവുകളാണുള്ളത്. ഇത് ജനങ്ങളുടെ ഏറ്റവും വലിയൊരു ജീവസന്ധാരണ മാർഗ്ഗമായാണ് നിലനിൽക്കുന്നത്. പാവപ്പെട്ടവരാണ് ഈ മേഖലയിലുള്ളത്. കഴിഞ്ഞ തവണ ഇത്തരമൊരു ദുരന്തമുണ്ടായ ഘട്ടത്തിൽ ആ പ്രദേശങ്ങളൊക്കെ ഞാൻ നേരിട്ട് കണ്ടിരുന്നു. പരിശോധനാ സംവിധാനം ഇവിടെ ഉണ്ടാകുകയെന്നത് വളരെ പ്രധാനമാണ്. അക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഗൗരവപൂർവ്വം സംസ്ഥാന സർക്കാർ പരിശോധിക്കുന്നതാണ്.

## (2) വിമാനത്താവളം

ശ്രീ. രാജു എബ്രഹാം: സർ, പത്തനംതിട്ടയിൽ ഒരു വിമാനത്താവളം വേണമെന്ന ആവശ്യം ഏറിവരുന്ന ഘട്ടമാണ്. ഗൾഫ് പ്രദേശങ്ങളിൽ മാത്രമല്ല, യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ എല്ലാ രാജ്യങ്ങളിലും പണിയെടുക്കുന്ന ധാരാളംപേർ ഈ പ്രദേശത്ത് അധിവസിക്കുന്നുണ്ട്. കോട്ടയം ടൗണിന്റെയും കൊല്ലം ജില്ലയുടെയും ആലപ്പുഴ ജില്ലയുടെയും കിഴക്കൻ മേഖലകളിലുള്ളവർക്ക് ഏകദേശം ഒരു മണിക്കൂർകൊണ്ട് പത്തനംതിട്ട ജില്ലയിലെ വിമാനത്താവളത്തിലെത്താൻ സാധിക്കുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ഗൾഫിൽനിന്നും 4 മണിക്കൂർ യാത്രചെയ്ത് വിമാനത്താവളത്തിലെത്തുന്നവർ വീണ്ടും 4 മണിക്കൂർ കൂടി യാത്രചെയ്തെങ്കിലേ പലരുടേയും വീടുകളിലെത്താൻ സാധിക്കൂ. 23-ാം തീയതി രാവിലെ 11 മണിയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ആറന്മുള പുഞ്ചയിൽ കൃഷിയിറക്കുന്നതോടുകൂടി ആറന്മുള വിമാനത്താവളമെന്ന സ്വപ്നം ചരിത്രത്തിന്റെ താളുകളിലേയ്ക്ക് മാറാൻപോകുകയാണ്. പത്തനംതിട്ടയിൽ ഹാരിസൺ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ കുമ്പഴ എസ്റ്റേറ്റ്, ശബരിമലയ്ക്കടുത്ത് ളാഹ എസ്റ്റേറ്റ്, ജില്ലയോട് ചേർന്നുകിടക്കുന്ന ബിലീവേഴ്സ് ചർച്ചിന്റെ ചെറുവള്ളി എസ്റ്റേറ്റ് തുടങ്ങിയവയെല്ലാം രണ്ടായിരം ഏക്കറിന് മുകളിലുള്ളതാണ്. ഒരാളെയും കുടിയിറക്കേണ്ടതില്ല, പരിസ്ഥിതിക്ക് ദോഷം ചെയ്യുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമലയിൽ നടത്തിയ ആമുഖ പ്രസംഗത്തിൽ എടുത്തുപറഞ്ഞത് ശബരിമലയ്ക്കടുത്ത് ഒരു വിമാനത്താവളം എന്നതാണ്. നാട്ടുകാർക്കും തീർത്ഥാടകർക്കുമെല്ലാം ഈ വിമാനത്താവളം വഴി ഏകദേശം ഒരു മണിക്കൂർകൊണ്ട് പമ്പയിൽ എത്താൻകഴിയും. വളരെ പ്രാധാന്യമുള്ള സ്ഥലങ്ങളാണ് ഇതെല്ലാം. ആയതിനാൽ വിമാനത്താവളനിർമ്മാണത്തിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പരിസ്ഥിതിക്ക് ദോഷമില്ലാത്തതും കുടിയൊഴിപ്പിക്കൽ ഇല്ലാത്തതുമായ ഒരു വിമാനത്താവളം പത്തനംതിട്ട ജില്ലയിലോ പരിസരപ്രദേശങ്ങളിലോ നിർമ്മിക്കപ്പെടുന്നത് ശബരിമല തീർത്ഥാടനത്തിന് കൂടുതൽ സൗകര്യപ്രദമാകും. ശബരിമലയിലെത്തുന്ന ലക്ഷക്കണക്കിന് ആളുകളിൽ ആയിരക്കണക്കിനുള്ളവരെങ്കിലും വിമാനത്തിൽ വരാൻ താൽപ്പര്യപ്പെടും. അത്തരമൊരു വിമാനത്താവളം ശബരിമല ആവശ്യത്തിന് വളരെ ഉതകുന്ന ഒന്നായിരിക്കും. ഓരോ ജില്ലയിലും വിമാനത്താവളം എന്നത് പ്രായോഗികമല്ല. വിമാനത്താവളം പോലുള്ള നിർമ്മിതികൾക്ക് പലതരത്തിലുള്ള പഠനങ്ങൾ ആവശ്യമാണ്. അത്തരം പഠനങ്ങൾ നടത്തിയശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (3) സർക്കാർ ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം

ശ്രീ. എം. ഉമ്മർ: സർ, ഭാരതത്തിന്റെ ഭരണഘടനയുടെ 309-ാം അനുച്ഛേദ പ്രകാരമാണ് സംസ്ഥാനത്ത് The Government Servants Conduct Rules 1960-ൽ നടപ്പിലാക്കിയിരിക്കുന്നത്. ഈ റൂൾ നടപ്പിലാക്കിയിട്ട് ഇപ്പോൾ 56 വർഷം പിന്നിട്ടിരിക്കുകയാണ്. അതിനുശേഷം രാജ്യത്ത് നിരവധി മാറ്റങ്ങളുണ്ടായി. 1960-കളിൽ ഇലക്ട്രോണിക്സ് മീഡിയ ഇല്ലായിരുന്നു. അതിനുശേഷം ഇലക്ട്രോണിക്സ് മീഡിയാസ് വന്നു, പത്രമാധ്യമ രംഗത്ത് നിരവധി മാറ്റങ്ങളുണ്ടായി. എന്നാൽ ഒരു സർക്കാർ ജീവനക്കാരൻ സിവിൽ സർവ്വീസിലായാലും സബോർഡിനേറ്റ് സർവ്വീസിലായാലും ഈ Code of Conduct പാലിക്കപ്പെടാൻ ബാധ്യസ്ഥനാണ്. പ്രസ്തുത ചട്ടങ്ങളിൽ ഒരു സർക്കാർ ജീവനക്കാരൻ തന്റെ ഔദ്യോഗിക വിവരങ്ങൾ പൊതുസമൂഹത്തിനുമുന്നിൽ വെളിപ്പെടുത്തുന്നത് കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. അതിലെ റൂൾ 3 പ്രകാരം " Every Government servants shall at all times maintain absolute integrity and devotion to duty. Rule 22- Government servants shall not engage themselves in litigation where they have no direct personal....." Rule 56, 58 " Government servants shall not vindicate their personal grievances to the press" എന്നൊക്കെ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ ഈ അടുത്തകാലത്ത് Code of Conduct ഇല്ലെന്ന വിധത്തിൽ ഇത്തരക്കാർ പെരുമാറിക്കൊണ്ടിരിക്കുകയാണ്. ചട്ടങ്ങളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥർ മാധ്യമങ്ങളിൽ പരസ്യപ്രസ്താവന നടത്തുന്നത് ഇപ്പോഴൊരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം

കേസുകളിൽ ചില ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. സർക്കാർ നയങ്ങളും ഭരണ രഹസ്യങ്ങളും ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നത് നിലവിലുള്ള നിയമത്തിലെ പോരായ്മകൊണ്ടാണ്. ഈ നിയമത്തിൽ പോരായ്മകളുണ്ടെങ്കിൽ അത് കാലാനുസൃതമായി പരിഷ്കരിക്കുകയും അതുവരെ നിലവിലുള്ള നിയമം ഫലപ്രദമായി ഉപയോഗിക്കുകയും വേണം. ഉയർന്ന ഉദ്യോഗസ്ഥർ പരസ്യമായി പ്രസ്താവനകൾ നടത്തുകയാണ്. അടുത്തകാലത്ത് നടന്ന ഒരു സംഭവം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു സുപ്രീം കോടതി ജഡ്ജിയെ ഒരു മുതിർന്ന ഉദ്യോഗസ്ഥ കണ്ടതിനെതിരായി അഡ്വക്കേറ്റ് ജനറൽ പരസ്യപ്രസ്താവനയിറക്കി. പരസ്യപ്രസ്താവന ഇറക്കാൻ അഡ്വക്കേറ്റ് ജനറലിന് ഒരുപക്ഷേ അവകാശമുണ്ടായിരിക്കാം. അതിനെതിരായി ആ ഉദ്യോഗസ്ഥയുടെ വിശദീകരണം പത്രങ്ങളിൽ വന്നു. ഇങ്ങനെ പത്രങ്ങളിൽക്കൂടി ഉന്നതരായ ഉദ്യോഗസ്ഥരടക്കം കമ്മ്യൂണിക്കേഷൻ നടത്തുന്നത് സർക്കാരിന്റെയും സിവിൽ സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും അന്തസ്സിനെ ബാധിക്കുന്നതാണ്. അതുകൊണ്ട് സർക്കാർ ഇതിൽ തക്കതായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 74 പ്രകാരം ഏതൊരു സർക്കാർ ജീവനക്കാരനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ തന്റെ ഔദ്യോഗിക പ്രവർത്തനങ്ങളേയും സ്വഭാവത്തേയും കുറിച്ചുള്ള അപകീർത്തികരമായ വിമർശനങ്ങൾക്കെതിരെ ന്യായസമർത്ഥനത്തിനായി ഏതെങ്കിലും കോടതിയേയോ പത്രമാധ്യമങ്ങളെയോ സമീപിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60 (A) പ്രകാരം ഏതൊരു സർക്കാർ ജീവനക്കാരനും സർക്കാർ അനുവർത്തിക്കുന്ന നയത്തേയോ സർക്കാർ എടുക്കുന്ന നടപടികളേയോ പൊതുജനമധ്യത്തിൽ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ സർക്കാർ നയങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായപ്രകടനം നടത്തുന്നത് വിലക്കി കർശന നിർദ്ദേശം നൽകിക്കൊണ്ട് 2012-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉത്തമ വിശ്വാസത്തോടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ

ഭാഗമായി മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് 1968-ലെ അഖിലേന്ത്യാ സർവ്വീസ് പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങളേയോ പ്രവൃത്തിയേയോ വിമർശിക്കാൻ ചട്ടം 7 പ്രകാരം അനുമതിയില്ല. ഉദ്യോഗസ്ഥർ സർക്കാരിനെയോ സർക്കാർ നയങ്ങളെയോ വിമർശിച്ച് മാധ്യമങ്ങളിൽ പ്രസ്താവന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട അംഗം അഡ്വക്കേറ്റ് ജനറൽ നടത്തിയ ഒരു പ്രസ്താവനയെക്കുറിച്ച് പറഞ്ഞു. അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം വച്ചുകൊണ്ടാണ് ആ നിലപാടെടുത്തത്. കാരണം ഒരു വിവാദം ഉയർന്നുവന്നു. സൗമ്യ കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ കേസ് നടക്കുന്ന സമയത്ത് ബഹുമാന്യനായ ജസ്റ്റീസ് മാർക്കണ്ഡേയ കഠ്ജുവിനെ ഒരു പോലീസ് ഉദ്യോഗസ്ഥ കണ്ട പ്രശ്നവും അക്കൂട്ടത്തിൽ പഴയൊരു ജഡ്ജിയെ കണ്ട പ്രശ്നവും ഉയർന്നുവന്നു. അത് വല്ലാത്തൊരു പ്രശ്നമായി മാധ്യമങ്ങളിൽ റിപ്പോർട്ടുചെയ്തു. എന്തുകൊണ്ടാണ് അങ്ങനെ കാണാൻ ഇടയായതെന്ന വിശദീകരണമാണ് അഡ്വക്കേറ്റ് ജനറൽ നൽകിയത്. അത് അഡ്വക്കേറ്റ് ജനറലോ പ്രോസിക്യൂഷനോ അറിഞ്ഞുകൊണ്ടുള്ള സന്ദർശനമായിരുന്നില്ല. അതായത് ഈ കേസുമായി ബന്ധപ്പെട്ടുള്ള ഒരു സന്ദർശനമല്ല എന്നത് ആ കേസിന്റെ താൽപര്യം മുൻനിർത്തി വ്യക്തമാക്കേണ്ടതായിരുന്നു. എന്നാൽ അങ്ങ് പറഞ്ഞ ഒരുകാര്യം ശരിയാണ്. അത് മനസ്സിലാക്കാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞില്ല എന്നത് പിന്നീടുള്ള പ്രതികരണത്തിലൂടെ വ്യക്തമായി. രാഷ്ട്രീയക്കാരാണല്ലോ പ്രചരണത്തിൽ ഏറ്റവുമധികം താൽപര്യമുള്ളവർ. അപ്പോൾ നമ്മളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവരായതുകൊണ്ട് പല ഉദ്യോഗസ്ഥരിലും ഇത്തരമൊരു മാനിയ കടന്നുകൂടുന്നുണ്ടെന്നത് ശരിയാണ്. അത് നിയന്ത്രിക്കാനാവശ്യമായ നടപടി നമുക്ക് സ്വീകരിക്കാം.

### (4) പ്രഭുറാം മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ സർക്കാർ മേൽനോട്ടത്തിൽ കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ അധീനതയിലുള്ള ഏക സ്ഥാപനമാണ് കോട്ടയം പ്രഭുറാം മിൽസ്. 104 സ്ഥിരം തൊഴിലാളികളും 88 കാഷ്വൽ ജീവനക്കാരും ഇപ്പോൾ അവിടെ പണിയെടുക്കുന്നു.

99 ലക്ഷം രൂപ വൈദ്യുതിച്ചാർജ് കുടിശ്ശിക അടയ്ക്കാത്തതിനാൽ വൈദ്യുതി വിച്ഛേദിച്ചിരിക്കുകയാണ്. സെപ്റ്റംബർ മാസത്തെ ശമ്പളം ഇതുവരെ ജീവനക്കാർക്ക് നൽകിയിട്ടില്ല. നിലവിൽ 4 കോടി രൂപയുടെ ബാധ്യതയുള്ള തായിട്ടാണ് മനസ്സിലാക്കുന്നത്. റാ-മെറ്റീരിയലായ പഞ്ഞി യഥാസമയം ലഭ്യമല്ലാത്തതിനാൽ കഴിഞ്ഞ 5 വർഷമായി മില്ലിന്റെ പ്രവർത്തനം നിരന്തരമായി തടസ്സപ്പെടുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ടെക്സ്റ്റൈൽസ് മേഖലയിലുണ്ടാക്കിയ പ്രതിസന്ധിയാണ് ഈ സാഹചര്യം സൃഷ്ടിച്ചത്. കഴിഞ്ഞ കാലത്തെ അഴിമതിയും കെടുകാര്യസ്ഥതയുമാണ് തൊഴിലാളികളുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണം. ഈ ഓണക്കാലത്ത് ബഹുമാന്യനായ ശ്രീ. ഇ. പി. ജയരാജൻ മുൻകയ്യെടുത്ത് നൽകിയ സഹായംകൊണ്ടാണ് ശമ്പളവും ബോണസ്സും വിതരണം ചെയ്യാൻ സാധിച്ചത്. പാവപ്പെട്ട തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. തൊഴിലാളികളും കുടുംബാംഗങ്ങളും സമരം ആരംഭിച്ചിരിക്കുകയാണ്. കോൺഗ്രസ്സും ബി.ജെ.പി.-യും ഈ അവസരം മുതലാക്കി സർക്കാരിനെതിരെ സമരം തിരിച്ചുവിടുന്നതിന് ബോധപൂർവ്വം ശ്രമിച്ചു വരുന്നു. ബി.ജെ.പി. എം.എൽ.എ.-യുടെ ആഫീസിലേയ്ക്ക് മാർച്ച് പ്രഖ്യാപിച്ചിരിക്കുകയാണ്. ആയതിനാൽ അങ്ങ് ഇടപെട്ട് മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ ശമ്പളമടക്കം വിതരണം ചെയ്യുന്നതിനും അടിയന്തര സഹായമുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എം.എൽ.എ.-യുടെ ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞല്ലോ; ഇക്കാര്യത്തിൽ എം.എൽ.എ. വിചാരിച്ചാൽ ഒന്നുംചെയ്യാൻ കഴിയില്ലെന്ന് സമരക്കാരോട് വ്യക്തമാക്കുകയാണ് വേണ്ടത്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു അനുബന്ധ യൂണിറ്റാണ് ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസ്. അസംസ്കൃത വസ്തുക്കളുടെ ഉയർന്നവിലയും മുൻകാലങ്ങളിലെ വമ്പിച്ച നഷ്ടവും കാരണം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഏതെങ്കിലും ഒരു മില്ലല്ല, എല്ലാ മില്ലുകളെയും ഈ പ്രതിസന്ധി ബാധിച്ചിട്ടുണ്ട്. പ്രവർത്തനമൂലധനത്തിന്റെ ശോഷണത്താൽ മില്ലുകൾ യഥാവിധി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. പ്രഭുറാം മിൽസ് ഉൾപ്പെടെയുള്ള നാല് മില്ലുകൾക്കായി ടെക്സ്റ്റൈൽസ് കോർപ്പറേഷന് ഈ വർഷം നാലരക്കോടി രൂപ പ്രവർത്തനമൂലധനം അനുവദിച്ചിരുന്നു. എന്നാൽ ഈ തുക ഓണത്തോടനുബന്ധിച്ച ചെലവുകൾക്കാണ് ഉപയോഗിച്ചത്. വൈദ്യുതിച്ചാർജ് അടയ്ക്കാത്തതിനാൽ വൈദ്യുതിബന്ധം വിച്ഛേദിച്ചിരിക്കുന്നതുൾപ്പെടെ നിരവധി പ്രശ്നങ്ങളാണ്

അവിടെയുള്ളത്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിനൊക്കെ വൈദ്യുതിച്ചാർജ് അടയ്ക്കണ്ട എന്നൊരു തോന്നലാണ് പലപ്പോഴും കുടിശ്ശികയായി അവസാനം ഗവൺമെന്റിലേക്കുവരുന്നത്. ഗവൺമെന്റ് ഇടപെട്ട് സമയം നീട്ടിക്കൊടുക്കുന്ന ഒരു നിലയാണ് പലപ്പോഴും കാണാറുള്ളത്. ഇത് എത്രയോ കാലമായി തുടർന്നുവരുന്ന ഒരു പരമ്പരാഗത രീതിയാണ്. സാധാരണനിലയ്ക്ക് ചെലവിന്റെ കൂട്ടത്തിൽ വൈദ്യുതിച്ചാർജും അടയ്ക്കാൻ ശ്രദ്ധിക്കേണ്ടതുതന്നെയാണ്. കൂടുതൽ മൂലധനനിക്ഷേപം നടത്തിയും ആധുനികവൽക്കരണത്തിന് ഊന്നൽ നൽകിയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും പ്രഭുറാം മിൽസ് ഉൾപ്പെടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള പാക്കേജ് ഉടൻ തയ്യാറാക്കുന്നതാണ്.

## (5) വാടക നിയന്ത്രണ നിയമം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വാടകക്കെട്ടിടത്തിൽ കച്ചവടം നടത്തുന്നവരുടെ ഒരു വിഷയമാണ് ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. 1965-ലെ വാടക നിയന്ത്രണ നിയമം വാടകക്കാർക്ക് സംരക്ഷണം നൽകുന്നതാണ്. എന്നാൽ ഇപ്പോൾ കെട്ടിട ഉടമകൾ പതിനൊന്ന് മാസത്തെ ലൈസൻസ് വ്യവസ്ഥയിലാണ് വ്യാപാരികൾക്ക് കെട്ടിടം നൽകുന്നത്. ഒരു വ്യാപാരസ്ഥാപനം നല്ലനിലയിൽ ദീർഘകാലം നടത്താൻകഴിഞ്ഞാൽ മാത്രമേ മുടക്കുമുതൽ തിരിച്ചുപിടിക്കാനും ലാഭകരമായി നടത്തിക്കൊണ്ടുപോകാനും കഴിയുകയുള്ളൂ. ഇന്ന് പതിനൊന്ന് മാസം കഴിയുമ്പോൾ ഒഴിഞ്ഞുകൊടുക്കുകയോ, തുടരണമെങ്കിൽ കെട്ടിട ഉടമ പറയുന്ന തുക കൊടുക്കുകയോ വേണം. പലപ്പോഴും ഇത്തരത്തിൽ വാടക കൊടുത്ത് വ്യാപാരം നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയും ഒഴിഞ്ഞുകൊടുക്കേണ്ടിവരുന്ന സ്ഥിതിയുമാണുള്ളത്. അതുകൊണ്ട് ഇതിനൊരു കൃത്യത വേണം. ഒരുപാട് പണം മുടക്കിയാണ് കച്ചവടം ചെയ്യുന്നത്. അത് തുടർന്ന് നടത്തിക്കൊണ്ടുപോകാൻ പറ്റുന്ന തരത്തിൽ വാടകവർദ്ധന സംബന്ധിച്ച് കൃത്യത വരുത്തണം. ഉടമയ്ക്ക് വാടക വർദ്ധിപ്പിക്കാം. പക്ഷേ അത് നൽകിക്കൊണ്ട് കച്ചവടം നടത്തിക്കൊണ്ടുപോകാൻ പറ്റുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതുണ്ട്. അതുപോലെ വികസനത്തിനുവേണ്ടി വ്യാപാരസ്ഥാപനം ഒഴിപ്പിക്കുമ്പോൾ നിയമംമൂലം പുനരധിവാസം ഉറപ്പുവരുത്താനും നടപടിയുണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 1965-ലെ കെട്ടിട വാടക നിയന്ത്രണ നിയമത്തിലെ 5, 6, 8 എന്നീ വകുപ്പുകൾ ഭരണഘടനാപരമായി നിലനിൽക്കുന്നതല്ലെന്നുകണ്ട് അവ റദ്ദുചെയ്യണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. മാധവി അമ്മ ആന്റ് അദേഴ്സ് Vs സ്റ്റേറ്റ് ഓഫ് കേരള ആന്റ് അദേഴ്സ് എന്ന കേസ്സിൽ (ഒ.പി. നമ്പർ 12576/99) നിലവിലെ കെട്ടിട വാടകനിയന്ത്രണനിയമം പരിഷ്കരിക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് 4-6-2002-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയുണ്ടായി. കൂടാതെ കേന്ദ്രസർക്കാരിന്റെ ജെൻറം പദ്ധതിയിൽ കേരള സർക്കാരും കേന്ദ്രസർക്കാരും കേരളത്തിലെ അർബൻ-ലോക്കൽ ബോഡീസും ചേർന്ന് ഒപ്പിട്ട ത്രികക്ഷി കരാറിൽ ഉൾപ്പെട്ടിട്ടുള്ളതും സംസ്ഥാന ഭവനനിർമ്മാണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു ഇനമാണ് വാടകനിയന്ത്രണ നിയമ പരിഷ്കരണം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും കേന്ദ്രസർക്കാരിന്റെ ജൻറം പദ്ധതിപ്രകാരം നിർദ്ദേശിച്ച പരിഷ്കരണമായതുകൊണ്ടും കെട്ടിട ഉടമകളുടേയും വാടകക്കാരുടേയും സംഘടനകളെ ഉൾപ്പെടുത്തി വിവിധതലങ്ങളിൽ ചർച്ചചെയ്ത് അവരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് നിലവിലെ നിയമം റദ്ദ് ചെയ്തുകൊണ്ട് പുതിയ നിയമം നടപ്പിലാക്കുന്നതിനായി 2014-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിന്റെ കരട് തയ്യാറാക്കുകയുണ്ടായി. കരട് ബില്ലിന് മന്ത്രിസഭയുടേയും ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടേയും അംഗീകാരം ലഭിക്കുകയുണ്ടായി. പ്രസ്തുത ബിൽ നിയമ വകുപ്പ് മുഖേന നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. 13-ാം കേരള നിയമസഭ പ്രസ്തുത ബിൽ 294-ാം നമ്പർ ബില്ലായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 59-ാം ചട്ടപ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ 76-ാം ചട്ടപ്രകാരം ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മുൻ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഉദ്ദേശിക്കുന്ന വിവരം 17-10-2014-ൽ നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും 13-ാം കേരള നിയമസഭ പിരിച്ചുവിട്ടുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ ടി ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം 5-ാം ഖണ്ഡപ്രകാരം ലാപ്സാകുകയാണുണ്ടായത്. ടി വിഷയത്തിന്മേലുള്ള നിയമനിർമ്മാണം സംബന്ധിച്ച നയപരമായ പുതിയ തീരുമാനം ആവശ്യമായിവന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള 1965-ലെ കേരള കെട്ടിട (പാട്ടം-വാടക നിയന്ത്രണ)

നിയമം പരിഷ്കരിക്കുന്നതിന് നിയമ വകുപ്പ് തയ്യാറാക്കിയിട്ടുള്ള 2014-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിന്റെ കരട് ഈ മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കാവുന്നതാണോ എന്നും അല്ലെങ്കിൽ വ്യാപാരി വ്യവസായികളുടേയും കെട്ടിട ഉടമകളുടേയും സംഘടന കളുമായി വീണ്ടും ചർച്ച നടത്തി പുതിയ കരട് ബിൽ തയ്യാറാക്കേണ്ടതുണ്ടോ എന്നും സർക്കാർ പരിശോധിച്ചുവരികയാണ്.

## (6) ഇന്റേൺസിന് സ്റ്റൈപ്പന്റ്

ശ്രീ. വി. ടി. ബൽറാം: സർ, കേരളത്തിലെ മെഡിക്കൽ, ഡെന്റൽ, പി.ജി. കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കിടയിൽ നിലനിൽക്കുന്ന വിവേചനപരമായ അസമത്വമാണ് ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. രണ്ടു കോഴ്സുകളേയും ഏതാണ്ട് സമാനസ്വഭാവത്തിൽ കാണേണ്ടതാണ്. കോഴ്സ് ഡ്യൂറേഷന്റെ കാര്യത്തിലും പ്രവർത്തനങ്ങളുടെ കാര്യത്തിലുമൊക്കെ മെഡിക്കൽ പി. ജി. വിദ്യാർത്ഥികൾക്ക് നല്ല രീതിയിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ട്. എം.ഡി.എസ്.-ന് ഗവൺമെന്റ് കോളേജിൽ പഠിക്കുന്ന കുട്ടിക്ക് വർഷംതോറും 50,000 രൂപയാണ് ഫീസായി നൽകേണ്ടത്. മൂന്നുവർഷത്തെ കോഴ്സിന് ഏതാണ്ട് ഒന്നര ലക്ഷം രൂപ നൽകിയാൽ മതി. എന്നാൽ പ്രൈവറ്റ് കോളേജിൽ അവിടത്തെ മെരിറ്റ് സീറ്റിൽ പഠിക്കുന്ന കുട്ടിക്ക് ഏതാണ്ട് 20-25 ലക്ഷം രൂപ കോഴ്സ് കഴിയുന്നതോടുകൂടി ഫീസിനത്തിൽ നൽകേണ്ടിവരുന്നു. ഗവൺമെന്റ് ഡെന്റൽ കോളേജുകളിൽ എം.ഡി.എസ്. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 33,000 മുതൽ 35,000 രൂപവരെ സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ട്. അതായത് മൂന്നുവർഷത്തിൽ ഏതാണ്ട് 12.5 ലക്ഷം രൂപയോളം സ്റ്റൈപ്പന്റ് ഇനത്തിൽ കുട്ടികൾക്ക് കിട്ടുന്നുണ്ട്. അതിൽനിന്ന് ഒന്നര ലക്ഷം രൂപ കഴിച്ചാലും ബാക്കി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള സ്റ്റൈപ്പന്റ് അവർക്ക് ലഭിക്കുന്നുണ്ട്. എന്നാൽ പ്രൈവറ്റ് ഡെന്റൽ കോളേജുകളിൽ പി.ജി.-ക്ക് പഠിക്കുന്ന കുട്ടികൾക്ക് ഒരുരൂപപോലും സ്റ്റൈപ്പന്റ് ഇനത്തിൽ ലഭിക്കുന്നില്ല. ഇത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ വിദ്യാർത്ഥികളിൽ ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. അതിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയും ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ 2016 മേയ് മാസത്തിൽ ഇറക്കിയ നോട്ടിഫിക്കേഷനിലൂടെ സ്റ്റൈപ്പന്റ്

കൊടുക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചു. ഏതൊക്കെ തരത്തിൽ കൊടുക്കാം, അതിന്റെ ക്വാണ്ടം എന്തായിരിക്കണം, അത് കിട്ടുന്നില്ലെങ്കിൽ എങ്ങനെ ഉറപ്പുവരുത്താം എന്നതൊക്കെ അതാത് സംസ്ഥാന ഗവൺമെന്റുകൾക്ക് തീരുമാനിക്കാമെന്നാണ് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നോട്ടിഫിക്കേഷനിലൂടെ പറഞ്ഞത്. നമ്മുടെ ഹെൽത്ത് യൂണിവേഴ്സിറ്റി ഒരു സർക്കുലർ 22-1-2016-ന് പുറത്തിറക്കിയിട്ടുണ്ട്. അതിൽ പ്രൈവറ്റ് ഡെന്റൽ കോളേജുകളിലും എം.ഡി.എസ്. കോഴ്സിന് സ്റ്റൈപ്പന്റ് കൊടുക്കണമെന്ന് വളരെ കർശനമായി പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള പരാതിയുണ്ടായാൽ കടുത്ത നടപടിയുണ്ടാകുമെന്നൊക്കെയാണ് യൂണിവേഴ്സിറ്റി പുറത്തിറക്കിയ സർക്കുലറിൽ പറഞ്ഞിരിക്കുന്നത്. ഇതൊക്കെയുണ്ടായിട്ടും ഇപ്പോഴും കേരളത്തിലെ പ്രൈവറ്റ് ഡെന്റൽ കോളേജുകളിലെ എം.ഡി.എസ്. വിദ്യാർത്ഥികൾക്ക് ഈ രീതിയിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നില്ല. വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അവർ അനുഭവിക്കുകയാണ്. എല്ലാ ജോലിയും അവർ ചെയ്യുന്നുണ്ട്, നൈറ്റ് ഡ്യൂട്ടിയുണ്ട്, ദിവസം മുഴുവൻ റസിഡന്റ് ഡോക്ടർ എന്ന നിലയിൽ പ്രവർത്തിക്കേണ്ടിവരുന്നു, ടീച്ചിംഗ് ജോലി ചെയ്യുന്നു. എന്നാൽ അവർക്ക് ഒരു രൂപപോലും സ്റ്റൈപ്പന്റ് ഇനത്തിൽ കിട്ടുന്നില്ല എന്നതാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് സ്വാശ്രയ ഡെന്റൽ കോളേജുകളുമായി ചർച്ച ചെയ്ത്, അവരുമായുള്ള കരാറിൽ ഇതുകൂടി ഉൾപ്പെടുത്തി ഇവർക്ക് അർഹമായ സ്റ്റൈപ്പന്റ് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് മാനേജ്മെന്റുകളുമായി അടിയന്തരമായി ചർച്ച നടത്തണം. ഹെൽത്ത് യൂണിവേഴ്സിറ്റിയുടേയും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടേയും കോടതിയുടേയും ഒക്കെ നിർദ്ദേശം അവർ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജുകളിൽ ഇന്റേൺഷിപ്പിന് സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ട്. കേരള ആരോഗ്യ സർവ്വകലാശാല ഒരു സർക്കുലറിലൂടെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഇന്റേൺഷിപ്പിനും സ്റ്റൈപ്പന്റ് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്വാശ്രയ ഡെന്റൽ കോളേജുകളിൽ എല്ലാവരും ഒരുപോലെ സ്റ്റൈപ്പന്റ് നൽകുന്നില്ല. ചില കോളേജുകൾ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. വ്യത്യസ്ത നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നുവെന്നാണ് ഇപ്പോൾ കാണുന്നത്. ഇതുസംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യക്തമായ നിർദ്ദേശവും

ഗൈഡ്‌ലൈൻസും ഇല്ലെന്നുള്ളതാണ് വസ്തുത. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ലോകായുക്തയിലും ഒരു കേസ് നിലവിലുണ്ടായിരുന്നു. അതിനെ തുടർന്ന് ലോകായുക്തയുടെ നിർദ്ദേശമുണ്ടായിരുന്നു. യൂണിവേഴ്സിറ്റി വേണ്ട നിർദ്ദേശം കൊടുത്തെങ്കിലും കൃത്യമായി എല്ലാ കോളേജുകളും അത് പാലിച്ചതായി കാണുന്നില്ല. ജെയിംസ് കമ്മിറ്റി മുമ്പാകെ ഇത് സംബന്ധിച്ച് ഒരു പരാതി ഇപ്പോൾ വന്നിട്ടുണ്ട്. 31-10-2016-ന് ജെയിംസ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുമെന്നാണ് മനസ്സിലാക്കുന്നത്. ജെയിംസ് കമ്മിറ്റിയിൽനിന്നും അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കണമെന്ന് സർക്കാർ ആലോചിക്കുന്നതാണ്.

## (7) ഡോക്ടർമാരുടെ സേവനം

ശ്രീ. കെ. ഡി. പ്രസേനൻ : സർ, ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച പാലക്കാട് ജില്ലയിലെ ഏറ്റവും പുരാതനമായ ആശുപത്രിയാണ് ആലത്തൂർ താലൂക്കാശുപത്രി. ജില്ലാ ആശുപത്രി കഴിഞ്ഞാൽ രോഗികൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. 1500-ലധികം രോഗികളാണ് പ്രതിദിനം അവിടെ വന്നുപോകുന്നത്. ഒരിക്കലും തിരിച്ചുവരില്ലെന്ന് കരുതിയ കോളറ ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങളുടെ ഹോട്ട്സ്പോട്ടായി ആരോഗ്യ വകുപ്പുതന്നെ മാർക്ക് ചെയ്ത സ്ഥലമാണ് ആലത്തൂർ. കാലാകാലങ്ങളിൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റുകൾ മാത്രമാണ് ഈ ആശുപത്രിക്ക് അർഹിക്കുന്ന പരിഗണന നൽകിയിട്ടുള്ളത്. ഞാൻ ഈ സബ്മിഷൻ മുൻപും ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണ്. അതിനുശേഷം ചില ഡോക്ടർമാരേയും ആശുപത്രി സൂപ്രണ്ടിനേയും നിയമിച്ചതിൽ നന്ദിയുണ്ട്. എങ്കിലും പരാധീനതകൾ തുടരുകയാണ്. മൂന്ന് കൺസൾട്ടന്റ് തസ്തികയിൽ രണ്ടെണ്ണം കുറേക്കാലമായി ഒഴിഞ്ഞുകിടക്കുകയാണ്. ഒരു സീറ്റിൽ ഡോക്ടറെ നിയമിച്ചെങ്കിലും വർക്ക് അറേഞ്ചുമെന്റ് അടിസ്ഥാനത്തിൽ ആ ഡോക്ടർ തൃശ്ശൂർ ജനറലാശുപത്രിയിലാണ് ജോലി ചെയ്യുന്നത്. രണ്ട് ജൂനിയർ കൺസൾട്ടന്റ് തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഒരു ജൂനിയർ കൺസൾട്ടന്റ് ആലത്തൂരിൽ നിന്നാണ് ശമ്പളം പറ്റുന്നതെങ്കിലും ജോലി ചെയ്യുന്നത് പാലക്കാട് ജില്ലാ ആശുപത്രിയിലാണ്. നഴ്സിംഗ് സൂപ്രണ്ട് ഇപ്പോഴും അവിടെ ചുമതലയേറ്റിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ആശുപത്രി വികസനവുമായി ബന്ധപ്പെട്ട സ്ഥലപരിമിതിയാണ്. നിലവിലുള്ള സ്ഥലത്ത് ഇപ്പോൾ ബഹുനില കെട്ടിടങ്ങൾ പണിയാൻ കഴിയില്ല. കാരണം തൊട്ടടുത്ത് സബ് ജയിലാണ്. ആശുപത്രിയുടെ പ്രവേശന കവാടത്തിലാണ് ആലത്തൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്.

ഇടുങ്ങിയ റോഡായതിനാൽ നിരന്തരമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ആശുപത്രി വികസനത്തിന് തടസ്സമാകും. എന്നാൽ ആശുപത്രിയുടെ തൊട്ടടുത്ത് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കുറച്ച് സ്ഥലം കാടുപിടിച്ച് കിടപ്പുണ്ട്. നേരത്തെ ഡോക്ടർമാർ വാടകയ്ക്ക് താമസിച്ചിരുന്ന ഒരു ക്വാർട്ടേഴ്സുണ്ടായിരുന്നു. അതെല്ലാം ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയാണ്. ബ്രിട്ടീഷുകാർ ആശുപത്രി പണിത സമയത്ത് ഡോക്ടർമാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സുകൾ പണിത സ്ഥലം പിന്നീട് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തി. ഇത് രണ്ടും ആശുപത്രിയോട് ചേർന്നുള്ള സ്ഥലങ്ങളാണ്. ഗവൺമെന്റ് താല്പര്യമെടുത്ത് ഇത് ഏറ്റെടുക്കുകയാണെങ്കിൽ ആശുപത്രിയുടെ സമഗ്രവികസനത്തിന് നമുക്ക് നേതൃത്വം കൊടുക്കാൻ സാധിക്കും. അത്തരമൊരു നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ആശുപത്രികളുടെ പരാധീനതകൾ സംബന്ധിച്ച പരാതികൾ സഭയിൽ നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. ഈ പരാധീനതകൾ തീർക്കുന്നതിനായി സർക്കാർ കർശനമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒന്നുരണ്ട് കൊല്ലംകൊണ്ട് വലിയ പരാധീനതകൾ പരിഹരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം സർക്കാരിനുണ്ട്. താലൂക്കാശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. 42 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്ഥലപരിമിതി തീരെയില്ലാത്ത ആശുപത്രികൾക്ക് സ്ഥലം കണ്ടെത്തി ആശുപത്രിയെ മെച്ചപ്പെടുത്താനുള്ള നടപടിക്രമങ്ങളാണ് സർക്കാർ ആലോചിക്കുന്നത്.

ആലത്തൂർ താലൂക്കാശുപത്രിയിൽ ഇപ്പോൾ പ്രധാനപ്പെട്ട സ്പെഷ്യാലിറ്റി സേവനങ്ങളൊക്കെയുണ്ട്. മെഡിസിൻ, പീഡിയാട്രിക്, നേത്ര വിഭാഗം, ദന്തൽ, അനസ്തറ്റിക്, സർജറി, ഇ.എൻ.റ്റി., ഓർത്തോ, ഗൈനക്കോളജി, ഒഫ്ത്താൽമോളജി എന്നീ സ്പെഷ്യാലിറ്റി സർവ്വീസുകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. 154 കിടക്കകൾ ഈ സ്ഥാപനത്തിൽ അനുവദിച്ചിട്ടുണ്ട്. ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ്, എക്സ്റേ, മോർച്ചറി തുടങ്ങിയ സൗകര്യങ്ങളും അവിടെയുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയുമുണ്ട്. മോർച്ചറി സൗകര്യമുണ്ടെങ്കിലും അതിന്റെ ജനറേറ്ററടക്കം കെട്ടിടം കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽ പ്രവർത്തിച്ച്

തുടങ്ങിയിട്ടില്ല. അടിയന്തരമായി അത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വാർഡുകളുടെ അപര്യാപ്തതയും സ്ഥലപരിമിതിയുമുണ്ട്. അതുപോലെതന്നെ ഇതിനടുത്തായി ജയിലും കോടതിയുമൊക്കെ ആയതിനാൽ കെട്ടിടങ്ങൾ ഉയർത്തി പണിയാൻ കഴിയാത്ത സാഹചര്യവും താലൂക്കാശുപത്രിയെ സംബന്ധിച്ചുണ്ട്.

താലൂക്കാശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് ശ്രമിച്ചുവരികയാണ്. കേരളത്തിലെ താലൂക്കാശുപത്രികളിൽ മിക്കതിലും ആവശ്യമായ തസ്തികയില്ലെന്നത് ഞാൻ നിരവധി തവണ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. എല്ലാ താലൂക്കാശുപത്രികളിലും ആവശ്യമായ തസ്തിക സൃഷ്ടിക്കാൻ ഒരു സമാഹൃത പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. അതിൽ ആലത്തൂർ താലൂക്കാശുപത്രിയേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ രണ്ട് ഒഴിവിലേക്കും കൺസൾട്ടന്റുമാരുടെ രണ്ട് ഒഴിവിലേക്കും അഡ്ഹോക്ക് വ്യവസ്ഥയിൽ നാല് ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. മറ്റുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ഥലമടക്കം അക്വയർ ചെയ്തുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ ഈ താലൂക്കാശുപത്രിക്കുവേണ്ടി അടിയന്തരമായി തയ്യാറാക്കി ബഹുമാനപ്പെട്ട മെമ്പറുടെ നേതൃത്വത്തിൽ അവിടത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയടക്കം സഹായത്തോടുകൂടി നൽകാനും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് താലൂക്കാശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള പ്രവർത്തനം ഗവൺമെന്റ് നടത്തുന്നതാണ്.

## (8) സ്റ്റാഫ് പാറ്റേൺ

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ താലൂക്കാശുപത്രി ജില്ലാശുപത്രിയായി ഉയർത്തിക്കൊണ്ട് 4-1-2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രതിദിനം ഏകദേശം 1600 രോഗികൾ ചികിത്സ തേടിയെത്തുന്നതും 179-ഓളം രോഗികളെ അഡ്മിറ്റ് ചെയ്യാൻ കഴിയുന്നതുമായ ഒരു ആശുപത്രിയാണിത്. മാത്രമല്ല പ്രതിമാസം 197-ഓളം പ്രസവം ഇവിടെ നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ ഏറ്റവും തിരക്കുള്ള ഈ ആശുപത്രി ജില്ലാശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും

ഇതുവരേയും നടപ്പാക്കിയിട്ടില്ല. 7-6-2016-ൽ ചേർന്ന ജില്ലാ ആശുപത്രി മാനേജിംഗ് കമ്മിറ്റി ഈ വിഷയം വീണ്ടും പരിഗണിക്കുകയും പുതിയ തസ്തികകൾ അനുവദിക്കുന്നതിന് 15-7-2016-ൽ ജില്ലാ ആശുപത്രി സൂപ്രണ്ട് സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് ബാധ്യതയുണ്ടാക്കുമെന്ന് പറഞ്ഞ് ഈ ആവശ്യം 30-7-2016-ൽ നിരസിച്ചു. 177 പേരെ കിടത്തിച്ചികിത്സിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 250 രോഗികളെയാണ് അത്തരത്തിൽ ചികിത്സിക്കേണ്ടിവരുന്നത്. മാത്രമല്ല ഒ.പി. വിഭാഗത്തിൽ എത്തുന്നവരുടെ എണ്ണത്തിലും ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടുകൂടി 4,25,00,000 രൂപ ചെലവഴിച്ച് പുതുതായി പണികഴിപ്പിച്ച മാതൃ-ശിശു വാർഡിന്റെ പ്രവർത്തനം സ്റ്റാഫിന്റെ അഭാവംമൂലം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി വാർഡ് പ്രവർത്തനമാരംഭിച്ചാൽ രോഗികളുടെ ബാഹുല്യംകൊണ്ട് ബുദ്ധിമുട്ടുന്ന ഈ ആശുപത്രിക്ക് വളരെ ആശ്വാസമായിരിക്കും. പുതിയ ബ്ലോക്കുകൂടി ആയാൽ ഏകദേശം 150 രോഗികളെക്കൂടി കിടത്തിച്ചികിത്സിക്കാൻ സൗകര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ഡോക്ടർമാരും നഴ്സുമാരുമുൾപ്പെടെ 123 ജീവനക്കാരുടെ അധിക തസ്തികകൾ ആവശ്യമുണ്ട്. അവിടെയുള്ള അനസ്തറ്റിക് കൺസൾട്ടന്റ് കഴിഞ്ഞ ഡിസംബറിൽ വിരമിക്കുകയും ഒരു ജൂനിയർ ഡോക്ടർ അവധിയിൽ പ്രവേശിക്കുകയും ചെയ്തതിനാൽ ഓപ്പറേഷൻ സുഖകരമായി നടക്കാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ ഒരാഴ്ചയായി ഓപ്പറേഷൻ മുടങ്ങുന്നത് സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വരികയാണ്. ഈ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് 123 ജീവനക്കാരുടെ അധിക തസ്തിക അനുവദിക്കുന്ന കാര്യം പുനഃപരിശോധിച്ച് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിനും ഒഴിഞ്ഞുകിടക്കുന്ന അനസ്തറ്റിക് കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളിൽ അതിവേഗം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ബഹുമാനപ്പെട്ട മെമ്പർമാർ സബ്മിഷനിലൂടെ ഇവിടെ ഉന്നയിക്കുന്ന വിഷയങ്ങൾ പരിശോധിച്ചാൽ അങ്ങേക്കും മനസ്സിലാകുന്നുണ്ടാകും എത്ര വലിയ പ്രശ്നമാണ് കേരളത്തിലെ ആരോഗ്യ മേഖലയിൽ നിലനിൽക്കുന്നതെന്ന്. പ്രത്യേകിച്ച് സ്റ്റാഫിന്റെ അപര്യാപ്തത എത്ര ഗുരുതരമാണെന്നുള്ളത്. എല്ലാ മെമ്പർമാരും പറയുന്നത് ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തുവെങ്കിലും ആവശ്യമായ തസ്തികകൾ ഇല്ലെന്നാണ്. ഇത് വർഷങ്ങളായി തുടരുന്ന രീതിയാണ്.

അപ്ഗ്രഡേഷൻ നടത്തി ബോർഡ് മാറ്റിവയ്ക്കുക, ആശുപത്രികളിൽ ആവശ്യമായ തസ്തികകളോ മറ്റ് സൗകര്യങ്ങളോ സൃഷ്ടിക്കാതിരിക്കുക, ആവശ്യത്തിന് ഡോക്ടർമാരില്ലാതിരിക്കുക ഇതാണ് അവസ്ഥ. എത്രയോ വർഷങ്ങളായി ചെയ്യേണ്ടിയിരുന്ന പ്രവർത്തനങ്ങളുടെ അധികഭാരം ഇപ്പോൾ ഈ ഗവൺമെന്റിന്റെ മുന്നിൽ വരികയാണ്. ഞാൻ ഈ ഉത്തരവാദിത്വം ഏറ്റെടുത്തശേഷമാണ് ആശുപത്രികളിൽ ഇത്രയും ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കുന്നത്. പല ആശുപത്രികളിലും ബോർഡ് മാത്രമേയുള്ളൂ. മാത്രമല്ല, സ്റ്റാൻഡേർ ഡൈസേഷനെതിരായി അപ്ഗ്രഡേഷൻ നടന്നിട്ടുമുണ്ട്. ഒരു ജില്ലയിൽ മൂന്നും നാലും ജില്ലാ ആശുപത്രികളാണുള്ളത്. മലപ്പുറം ജില്ലയിൽ തന്നെ നാല് ജില്ല ആശുപത്രികളുണ്ട്. ഒരു ജില്ലയിൽ ജില്ലാ ആശുപത്രി കൂടാതെ നേരത്തെ നിലനിന്നിരുന്ന ജനറൽ ആശുപത്രിയുണ്ട്. ഒരു പ്രശ്നമുള്ളത്, നേരത്തെ അപ്ഗ്രേഡ് ചെയ്ത ഒരു സ്ഥാപനത്തെ ഇനി തരംതാഴ്ത്താൻ സാധിക്കില്ല. നിലവിലുള്ളതിനെ നിലനിർത്തിക്കൊണ്ട് ഇനി വരുന്നതിൽ ശ്രദ്ധിക്കാനേ കഴിയൂ. ഇപ്പോൾ സ്റ്റാന്റേർഡൈസേഷൻ നടത്തി ഉത്തരവായിട്ടുണ്ട്. ഒരു ജില്ലാ ആശുപത്രി, ഒരു താലൂക്കാശുപത്രി, വികസന ബ്ലോക്കിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഞ്ചായത്തിൽ ഒരു പി.എച്ച്.സി., അതിന് കീഴിൽ സബ് സെന്ററുകൾ, ഇതാണ് പാറ്റേൺ. ആ പാറ്റേൺ നിലനിർത്തേണ്ടതാണ്, പക്ഷെ നേരത്തെ അപ്ഗ്രേഡ് ചെയ്ത ആശുപത്രികളെ തരംതാഴ്ത്താൻ സാധിക്കാത്തതിനാൽ നാല് ജില്ലാശുപത്രികളുണ്ടെങ്കിൽ നാലിനേയും നിലനിർത്താനും അവിടെ നൂറും നൂറ്റൻപതും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനും ഈ ഗവൺമെന്റ് ഉത്തരവാദപ്പെട്ടിരിക്കുകയാണ്. അതിലെ പ്രയാസം എല്ലാവരും മനസ്സിലാക്കണം. സബ്മിഷൻ ഉന്നയിച്ചതിന്റെ അടുത്തദിവസം ഈ പോസ്റ്റെല്ലാം ക്രിയേറ്റ് ചെയ്ത് കിട്ടുമെന്ന് കരുതരുത്. പക്ഷെ ഉപേക്ഷിക്കുന്നില്ല, നിർബന്ധമായും ചെയ്യും. കാരണം സമാഹൃത പ്രൊപ്പോസൽ സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. അതിൽ പെരിന്തൽമണ്ണ ആശുപത്രിയെ ഉറപ്പായും ഉൾപ്പെടുത്തി സ്റ്റാഫ് ക്രിയേഷൻ നടത്തുന്നതാണ്. ഒരു ജില്ലാ ആശുപത്രിയെയും നമുക്ക് നശിപ്പിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത് 123 അധിക തസ്തിക പുതുതായി ക്രിയേറ്റ് ചെയ്യണമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർമാരുടെ അറിവിലേയ്ക്കായി പറയുകയാണ്, ഈ ഗവൺമെന്റ് വന്നതിനുശേഷം 756 പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്തു. കഴിഞ്ഞ ക്യാബിനറ്റിൽ വന്നതുംകൂടി കണക്കാക്കിയാൽ കുറച്ച് കൂടിയിട്ടുണ്ട്. അഞ്ച് മാസത്തിനുള്ളിൽ ആയിരത്തിനടുത്ത് തസ്തികകൾ ക്രിയേറ്റ് ചെയ്തു. അത് ധനകാര്യ വകുപ്പുകൂടി അംഗീകരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. കാരണം റെക്കറിംഗ് എക്സ്പെന്റിച്ചർ വരുന്നതാണ്. ആവശ്യത്തിലധികം തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിൽ ധനകാര്യ വകുപ്പിന് നിയന്ത്രണമുണ്ട്. പക്ഷെ

ആരോഗ്യ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് കുറെ തസ്തികകൾ ക്രിയേറ്റ് ചെയ്യാൻ ധനകാര്യ വകുപ്പ് തയ്യാറാകുന്നുണ്ട്. 140 മണ്ഡലങ്ങളിലും ഈ ദുരവസ്ഥയാണുള്ളത്. അവിടെ ഒരു ലാബ് ടെക്നീഷ്യൻ തസ്തിക പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതാണ്. പെരിന്തൽമണ്ണ താലൂക്കാശുപത്രിയെ ഒരു നല്ല ആശുപത്രിയാക്കി ഉയർത്തുന്നതിന് ബഹുമാനപ്പെട്ട മെമ്പർ കൂടി പരിശ്രമിക്കണം. ഗവൺമെന്റിന്റെ എല്ലാ സഹായവും അതിന് ലഭിക്കും. ആ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കാം. മാതൃ-ശിശു വാർഡിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ പ്രത്യേക നീക്കം നടത്തുന്നതാണ്, അത് അടിയന്തര ആവശ്യമാണ്. അനസ്തറ്റിസ്റ്റിന്റെ കാര്യം പറഞ്ഞു. ഡോക്ടർമാരെ കിട്ടാൻ ബുദ്ധിമുട്ടാണ്. നിയമിച്ചാൽതന്നെ അവർ അനധികൃത അവധിയെടുത്ത് പോകുകയാണ് പതിവ്. അൺ-ഓതറൈസ്ഡായി അവർ ലീവെടുത്ത് പോകുന്നുണ്ട്. അതിനൊക്കെ മാറ്റം വരുത്തുന്നതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അനസ്തറ്റിസ്റ്റിനെ കിട്ടുമോ എന്നുള്ളകാര്യം അടിയന്തരമായി പരിശോധിക്കേണ്ടിയിരിക്കുകയാണ്. ആ തസ്തികയിലേക്ക് ഡോക്ടറെ അടിയന്തരമായി പോസ്റ്റ് ചെയ്ത് ഓപ്പറേഷൻ തടസ്സപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

### (9) ക്ഷേമ പദ്ധതി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ശബ്ദവെളിച്ച മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മത-രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ഒഴിച്ചു കൂടാനാകാത്ത, തൊഴിലാളി-തൊഴിലുടമ വ്യത്യാസമില്ലാത്ത ഒരു ശ്രദ്ധേയ വിഭാഗമായി ഇവർ മാറിയിരിക്കുകയാണ്. അപകടസാദ്ധ്യത ഏറെയുള്ളതും വൈദ്യുതിയും നിർമ്മാണപ്രവർത്തനങ്ങളുമായും മറ്റും ബന്ധപ്പെട്ട് ജോലി ചെയ്തുവരുന്ന ഇവർക്ക് ഇതര മേഖലയിൽ പണിയെടുക്കുന്ന വിഭാഗങ്ങൾക്ക് ലഭിക്കുന്ന അർഹതപ്പെട്ട ഇൻഷ്വറൻസ് പരിരക്ഷയടക്കമുള്ള ന്യായമായ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുകയാണ്. സമാനമായ വിഷയം കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഉന്നയിക്കപ്പെട്ടിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. അതിന് മറുപടിയായി പുതിയ ക്ഷേമപദ്ധതികൾ അനുവദിക്കുന്നതിന് കഴിയില്ലെന്നും നിലനിൽക്കുന്ന ക്ഷേമനിധിയുമായി ക്ലബ്ബ് ചെയ്ത് ശാക്തീകരിക്കുന്നതാണ് സർക്കാർ നയമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. 1991-ൽ രൂപീകൃതമായ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവരേയും ഉൾപ്പെടുത്താമെന്നാണ് അന്ന് സൂചിപ്പിച്ചിരുന്നത്. എന്നാൽ നിലവിൽ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി

ക്ഷേമപദ്ധതിയുമായി ബന്ധിപ്പിച്ച് ഡൊമസ്റ്റിക് വർക്കേഴ്സ്, പാചകത്തൊഴിലാളി, അലക്ക് തൊഴിലാളി, ബാർബർ തൊഴിലാളി, കേരള ക്ഷേത്ര ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടിയിലാണെന്ന് അറിയുന്നു. ആകയാൽ ഇപ്പോൾ നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ പുതുതായി അംഗത്വം നൽകുന്നത് 2016 രണ്ടാം മാസം മുതൽ നിർത്തിവച്ചിരിക്കുകയാണ്. മാത്രമല്ല നിലവിലുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ കാലോചിതമായി പരിഷ്കരിച്ചിട്ടില്ലാത്തതുമാകുന്നു. ഈ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെ ലൈറ്റ് ആന്റ് സൗണ്ട്സ്, പന്തൽ നിർമ്മാണം എന്നീ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയത്തക്ക നിലയിൽ ഒരു പ്രത്യേക ക്ഷേമപദ്ധതി നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, സംസ്ഥാനത്ത് ശബ്ദവും വെളിച്ചവും ഉച്ചഭാഷിണിയും മേഖലയിൽ പണിയെടുക്കുന്നവരും ഈ മേഖലയുമായി ബന്ധപ്പെട്ട ടെക്നീഷ്യൻസും സ്വന്തമായോ ഏതെങ്കിലും തൊഴിലുടമയുടെ കീഴിലോ പണിയെടുക്കുന്നവരാണ്. ഒരു തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് 1960-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1948-ലെ മിനിമം വേതന നിയമം തുടങ്ങിയവ പ്രകാരമുള്ള സേവന-വേതന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. നിലവിൽ ഈ മേഖലയിലെ 252 തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധി ബോർഡിൽ ഇതിനകം അംഗത്വമെടുത്തിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിൽനിന്ന് പെൻഷൻ, പ്രസവാനുകൂല്യം, മരണാനന്തര ചെലവിനുള്ള ധനസഹായം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളെ ജി.ഒ. (എം എസ്) നമ്പർ 142/2010/തൊഴിൽ പ്രകാരം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 2008-ലെ കേരള അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമപ്രകാരം 2016-ൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. ശബ്ദവും വെളിച്ചവും, ഉച്ചഭാഷിണി, പന്തൽ നിർമ്മാണം എന്നീ മേഖലകളിൽ പണിയെടുക്കുന്ന

തൊഴിലാളികൾക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. മറ്റ് ക്ഷേമ പദ്ധതികളെ അപേക്ഷിച്ച് ഈ പദ്ധതിയിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് നിലവിലുള്ളത്. ഇതിൽ അംഗങ്ങളാകുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം എന്നിവ ലഭിക്കുന്നതാണ്. മാത്രമല്ല ഇതിലെ അംഗങ്ങൾക്ക് അപകടം സംഭവിച്ചാൽ ആം ആദ്മി ബീമാ യോജനാ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളുടേയും പദ്ധതികളുടേയും പ്രവർത്തനം പരിശോധിക്കുമ്പോൾ നിലവിലുള്ള ബോർഡുകൾ എണ്ണത്തിൽ അധികമാണെന്ന് മനസ്സിലാകും. അതെങ്ങനെ ലഘൂകരിക്കാമെന്നാണ് സർക്കാർ ആലോചിക്കുന്നത്. സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ സമന്വയിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾക്കും യോജിച്ച നിലപാടാണുള്ളത്. ഈ സാഹചര്യത്തിൽ ശബ്ദവും വെളിച്ചവും മേഖലയിൽ പണിയെടുക്കുന്നവർക്ക് പുതുതായി ഇൻഷ്വറൻസ് പദ്ധതിയും ക്ഷേമപദ്ധതിയും നടപ്പിലാക്കേണ്ട ആവശ്യം ഇപ്പോഴുള്ളതായി കാണുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ വലിയതുറ, ബീമാപള്ളി, പൂന്തുറ പ്രദേശത്ത് കടലാക്രമണംമൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടുനിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വലിയതുറ, ബീമാപള്ളി, പൂന്തുറ പ്രദേശങ്ങളിൽ കടലാക്രമണംമൂലം 200-ഓളം മത്സ്യ തൊഴിലാളികൾക്കാണ് വീട് നഷ്ടപ്പെട്ടത്. ഇവർ വലിയതുറ ഫിഷറീസ് സ്കൂളിലും മറ്റിടങ്ങളിലുമായി വർഷങ്ങളായി താമസിച്ചുവരികയാണ്. ഇത് സ്കൂളിന്റെ പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കഴിഞ്ഞ സർക്കാർ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വലിയതുറ മുട്ടത്തറ വില്ലേജിൽ മൂന്നര ഏക്കർ സ്ഥലം 18-2-2016-ൽ ഏറ്റെടുത്ത് ഫിഷറീസ് വകുപ്പിന് കൈമാറി. അതോടൊപ്പം അതിനടുത്ത് താമസിക്കുന്ന വികലാംഗ കോളനിയിലെ 90 കുടുംബങ്ങൾക്ക് വീടുനിർമ്മിച്ച്

നൽകുന്നതിന് 2 ഏക്കർ സ്ഥലവും അനുവദിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നയുടൻ ബഹുമാന്യയായ മന്ത്രി ഈ സ്ഥലം സന്ദർശിച്ച് സ്കൂളുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഒരു മാസത്തിനകം വീടുവച്ച് നൽകുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതിന് കാലതാമസം നേരിട്ടതുകൊണ്ട് തീരദേശ മേഖലയിലെ ആളുകൾ ഇപ്പോൾ മനുഷ്യാവകാശ കമ്മീഷനിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. അതിൽ പ്രധാനമായി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പറഞ്ഞിട്ടുള്ളത്, അവിടെ സ്വീവേജ് ഫാമിലുള്ള കുറച്ച് തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നുള്ളതാണ്. ഡെയ്‌ലി വേജസിൽ ജോലിചെയ്യുന്ന പത്തോളം തൊഴിലാളികളാണ് അവിടെയുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതിനെക്കുറിച്ച് ചർച്ച നടത്തിയതാണ്. അവരെ സ്ഥിരപ്പെടുത്തി ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലേയ്ക്ക് absorb ചെയ്യണമെന്നത് പ്രധാനപ്പെട്ട വിഷയമാണ്. അടിയന്തരമായി മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ഇരുന്നൂറോളംവരുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇതുസംബന്ധിച്ച് ബഹുമാന്യയായ മന്ത്രി ജനപ്രതിനിധികളുടെ ഒരു യോഗം വിളിക്കുകയുണ്ടായി. ആ പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തുനിന്നും 50 മീറ്ററോളം മാറ്റി വീടുവച്ച് നൽകാനുള്ള പദ്ധതിയെക്കുറിച്ചൊക്കെ ആ യോഗത്തിൽ പറഞ്ഞത് സ്വാഗതാർഹമാണ്. തീരദേശ റോഡും മത്സ്യത്തൊഴിലാളികൾക്ക് ഭവനവും നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. അത് പൂർത്തിയാക്കാൻ എത്ര വർഷമെടുക്കും? ഈ പദ്ധതി നടപ്പാക്കാൻ വർഷങ്ങളോളമെടുക്കും. കാരണം പത്ത് സെന്റ് സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. മൂന്നര ഏക്കർ സ്ഥലം വളരെ പ്രയാസപ്പെട്ട് കണ്ടെത്തി ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ട്. അതിന് തൊട്ടടുത്തുതന്നെയാണ് വികലാംഗ കോളനിയുള്ളത്. അവിടെ 90 കുടുംബങ്ങളുണ്ട്. മറ്റുചില തല്പരകക്ഷികൾ ആ സ്ഥലം മറ്റേതെങ്കിലും കാര്യത്തിന് ഉപയോഗിക്കുന്നതിനുള്ള ആലോചനകൾ നടത്തുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി തീരദേശത്തോട് പ്രത്യേക താല്പര്യമുള്ള മന്ത്രിതന്നെയാണ്. മന്ത്രി ആ സ്ഥലം സന്ദർശിച്ച് ഒരു മാസത്തിനകം വീട് വച്ചുകൊടുക്കുമെന്നാണ് പറഞ്ഞത്. അതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണം. അതിനാവശ്യമായ സ്ഥലമുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, തിരുവനന്തപുരം വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ കടലാക്രമണ

ത്തിനിരയായി വീട് നഷ്ടപ്പെട്ട പതിമൂന്ന് കുടുംബങ്ങളും സെന്റ് ആന്റണീസ് എൽ. പി. സ്കൂളിൽ രണ്ട് കുടുംബങ്ങളും ഇപ്പോഴും താമസിക്കുന്നുണ്ട്. തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2610-ൽപ്പെട്ട 1.41 ഹെക്ടർ - മൂന്നര ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 18-2-2016-ൽ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വേർതിരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും സർവ്വേ വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയെങ്കിലും സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അവർക്ക് നൽകിയ ഉറപ്പുകൾ പാലിക്കാതെ സ്ഥലം അളന്നു തിട്ടപ്പെടുത്താൻ അനുവദിക്കുകയില്ലെന്നറിയിച്ച് സർവ്വേ തടസ്സപ്പെടുത്തുകയും തിരുവനന്തപുരം ജില്ലാ കളക്ടർ ഇടപെട്ട് മേൽ പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. മുട്ടത്തറ സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് രമ്യമായി പരിഹരിച്ച് പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി പോക്കുവരവ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ പറഞ്ഞതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽവന്ന തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ ഞാൻ അവിടെ പോയിരുന്നു. സ്കൂളുകളിൽ താമസിക്കുന്ന പതിനഞ്ച് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഒരു മാസത്തിനകം നടപടി സ്വീകരിക്കാമെന്ന് ഉറപ്പുകൊടുത്തു. എന്നാൽ 161-ഓളം കുടുംബങ്ങൾക്കാണ് കഴിഞ്ഞ കടലാക്രമണത്തിന്റെ ഫലമായി വീട് നഷ്ടപ്പെട്ടതെന്ന് കണ്ടെത്തി. ഈ പതിനഞ്ച് കുടുംബങ്ങളെ മാത്രം പുനരധിവസിപ്പിച്ചാൽപ്പോരാ 161 കുടുംബങ്ങളേയും പുനരധിവസിപ്പിച്ചേ മതിയാകു എന്നുപറഞ്ഞ് എല്ലാവരും എന്റെ ഓഫീസിൽ വന്നു. 15 കുടുംബങ്ങളെ മാത്രം പുനരധിവസിപ്പിക്കുന്ന നിലപാടിലേയ്ക്ക് പോയാൽ ഞങ്ങൾ സെക്രട്ടേറിയറ്റ് പടിക്കൽ തീകത്തിച്ച് ആത്മാഹുതി ചെയ്യുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുന്ന നിലയിലാണ് അവർ വന്നത്. അതൊരു ഇഷ്യൂ ആയി മാറിയതുകൊണ്ട് മുഴുവൻ കുടുംബങ്ങളേയും പുനരധിവാസിപ്പിച്ചേ പറ്റൂ എന്ന നിലപാട് സ്വീകരിച്ചതിനാലാണ് ആഗ്രഹിച്ച കാര്യം ആ സമയത്തിനുള്ളിൽ നടക്കാതെ പോയത്. അതുകൊണ്ട് മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കുന്നതിനെ ക്കുറിച്ചാണ് ഇപ്പോൾ ആലോചിച്ചുവരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഗ്രീൻ കോറിഡോറും മറ്റും ദീർഘകാല പദ്ധതിയാണ്. എന്നാലും അത്രയും കാലതാമസം

ഇതിനുണ്ടാകുകയില്ല. എന്റെ നേതൃത്വത്തിൽ ഇന്നലെയും ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് അവിടെ യോഗം ചേർന്നിരുന്നു. സ്വീവേജ് തൊഴിലാളികളുടെ പ്രശ്നമാണ് ഇപ്പോൾ അടിയന്തരമായിട്ടുള്ളത്. ഒരാഴ്ച മുമ്പ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിരുന്നു. ആനിമൽ ഹസ്ബന്ററി വകുപ്പുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് രൂപീകരിച്ചേ ആ പ്രശ്നം പരിഹരിക്കാൻ കഴിയൂ. ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ച സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഔദ്യോഗിക അനൗൺസ്മെന്റ് നവംബർ 10-ന് വരികയാണ്. 10-ാം തീയതി കഴിഞ്ഞ് തൊട്ടടുത്ത ദിവസങ്ങളിൽ നിലനിൽക്കുന്ന പ്രശ്നം പരിഹരിച്ചുകൊണ്ട് മുട്ടത്തറയിൽ പ്രസ്തുത സ്ഥലത്തുതന്നെ 161 കുടുംബങ്ങളുടെയും പുനരധിവാസത്തിനായി ഭവനനിർമ്മാണത്തിന് തുടക്കം കുറിക്കും. ഈ പ്രത്യേക സാഹചര്യത്തിലാണ് മേല്പറഞ്ഞകാര്യം ആ സമയത്തിനുള്ളിൽ നടക്കാതെ പോയത്. പതിനഞ്ച് കുടുംബങ്ങളെ മാത്രം പുനരധിവസിപ്പിക്കുന്നതിനാണെങ്കിൽ അപ്പോൾത്തന്നെ ചെയ്യാമായിരുന്നു. മുഴുവൻ കുടുംബങ്ങളുടെയും പ്രശ്നം വരുമ്പോൾ അതിനൊരു ന്യായമായ പരിഹാരമാർഗ്ഗം കണ്ടെത്തണം. നവംബർ രണ്ടാമത്തെയോ മൂന്നാമത്തെയോ ആഴ്ചയോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ട് പുനരധിവാസത്തിനാവശ്യമായ നിർമ്മാണത്തിന് തുടക്കം കുറിക്കുമെന്നാണ് എനിക്ക് ശ്രീ. വി. എസ്. ശിവകുമാറിനെ അറിയിക്കാനുള്ളത്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2474, പതിനഞ്ചാം സമ്മേളനത്തിലെ 2902, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2135, 255 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## V റിപ്പോർട്ട് സമർപ്പണം

### 1. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII -ന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### 2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഒന്നു മുതൽ ആറു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഒന്നു മുതൽ ആറുവരെയുള്ള റിപ്പോർട്ടുകൾ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### 3. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. ജോർജ് എം. തോമസ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

### 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ജനങ്ങളിലാകെ വലിയ പ്രതീക്ഷയും ആവേശവുമുണ്ടാക്കുന്ന രീതിയിൽ ഒരു പുതിയ കേരള സൃഷ്ടിക്കായി 2016-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിപ്പിച്ച ഡോ. ടി. എം. തോമസ് ഐസക്കിനെ അഭിനന്ദിക്കുകയും ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുകയും ചെയ്യുന്നു.

ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ നാലുമാസത്തെ ഭരണം കേരളത്തിലെ ജനങ്ങളിൽ വലിയ മതിപ്പാണ് ഉളവാക്കിയിട്ടുള്ളത്. അനുഭവങ്ങളിൽനിന്നും പാഠം പഠിച്ച് ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നതിൽ യു.ഡി.എഫ്. പൂർണ്ണമായി പരാജയപ്പെടുക യാണെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെയും കേരളത്തിലെ ജനങ്ങളുടെയും വിലയിരുത്തൽ. യു.ഡി.എഫ്. ഭരണം ജനങ്ങൾക്കുവേണ്ടി ആയിരുന്നില്ല. നേതാക്കളും മന്ത്രിമാരും അഴിമതിയിലൂടെ പണം വാരിക്കൂട്ടാനാണ് ശ്രമിച്ചത്. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ സോളാർ കേസ്സിൽ ബാംഗ്ലൂർ സെഷൻസ് കോടതി ശിക്ഷിച്ചിരിക്കുകയാണ്. ജയലളിതയെ ശിക്ഷിച്ച അതേ കോടതിയാണിത്. സോളാർ അഴിമതിക്കെതിരെ എൽ.ഡി.എഫ്. നടത്തിയ സെക്രട്ടേറിയറ്റ് സമരം എത്രമാത്രം ശരിയാണെന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു. അഴിമതി മറച്ചുവയ്ക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയും കോൺഗ്രസ്സും കാട്ടിയ വ്യഗ്രതയാണ് നിങ്ങളെ ജനങ്ങളിൽനിന്നും കൂടുതൽ ഒറ്റപ്പെടുത്തിയതെന്ന് മനസ്സിലാക്കണം. പലനാൾ കള്ളം ചെയ്യുന്നവർ ഒരു നാളിൽ പിടിക്കപ്പെടുമെന്നാണ് പഴമൊഴി. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ശിക്ഷയെപ്പറ്റി പ്രതിപക്ഷനേതാവും കോൺഗ്രസ്സിന്റെ സമുന്നത നേതാക്കളായ ശ്രീ. എ. കെ. ആന്റണിയും ശ്രീ. വി. എം. സുധീരനും ഒക്കെ മൗനം പാലിക്കുകയാണ്. സോളാർ കേസ്സിലെ പരാതി മുക്കിയ അന്നത്തെ വിജിലൻസ് ഡയറക്ടർ ശ്രീ. എൻ. ശങ്കർ റെഡ്ഡിയും നിയമനടപടികൾ നേരിടുകയാണ്.

ഇൻഡ്യയിലും ലോകത്തുമുണ്ടാകുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള സമഗ്രമാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ലോകം ശ്രദ്ധിക്കുന്ന വികസന മാതൃകയാണ് കേരള മോഡൽ. 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്. മന്ത്രിസഭയാണ് ഇതിന് തുടക്കം കുറിച്ചത്.

11.00 A M]

പൊതുവിദ്യാഭ്യാസ കാഴ്ചപ്പാട്, ഭൂപരിഷ്കരണരംഗത്തെ ഇടപെടലുകൾ, അധികാരവികേന്ദ്രീകരണം, തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന വ്യവസ്ഥ എന്നീ സമീപനങ്ങൾക്ക് തുടക്കംകുറിച്ചത് ഇ.എം.എസ്. മന്ത്രിസഭ ആയിരുന്നു. 1957 ഏപ്രിൽ 5-ന് അധികാരത്തിൽവന്ന ഇ.എം.എസ്. മന്ത്രിസഭ 1957 ഏപ്രിൽ 11-ന് ഇറക്കിയ ആദ്യത്തെ ഉത്തരവ് ഇനി ആരേയും കുടിയൊഴിപ്പിക്കാൻ പാടില്ല എന്നതായിരുന്നു.

'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം സ്വാതന്ത്ര്യ സമരകാലത്ത് കോൺഗ്രസ്സുകാർ ഉയർത്തിയിരുന്നത് പിന്നീട് പൂർണ്ണമായും ഉപേക്ഷിക്കുകയാണ് ചെയ്തത്. കോൺഗ്രസ് ഭരിച്ച ഒരു സംസ്ഥാനത്തും ഇതിന് അവർ ശ്രമിച്ചിട്ടില്ല. 1947 മുതൽ 1957 വരെ ഇന്ത്യയിലാകെ കോൺഗ്രസ്സിന്റെ ഭരണക്കുത്തകയായിരുന്നു. 1957-ൽ കേരളത്തിലാണ് ആദ്യമായി കോൺഗ്രസ്സിന്റെ ഭരണം നഷ്ടപ്പെടുന്നത്. 1967-ൽ നിരവധി സംസ്ഥാനങ്ങളിൽ ഭരണമാറ്റമുണ്ടായി. ഇന്ന് കോൺഗ്രസ്സിന്റെ സ്ഥിതി അങ്ങേയറ്റം ദയനീയമാണ്. ഇന്ത്യൻ ജനസംഖ്യയുടെ 6 ശതമാനത്തോളം വരുന്ന ജനങ്ങളാണ് കോൺഗ്രസ് ഭരണത്തിൻ കീഴിൽ വിവിധ സംസ്ഥാനങ്ങളിലുണ്ടായിരുന്നത്. അതിൽ കർണ്ണാടക ഒഴിച്ചാൽ മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിലെ ഒരു ജില്ലയിലെ ജനസംഖ്യപോലും ഇല്ലെന്നുള്ളതാണ് വസ്തുത. മേഘാലയ, മണിപ്പൂർ, മിസോറാം, അരുണാചൽ പ്രദേശ് തുടങ്ങിയ വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണവ. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ കോൺഗ്രസ് ഭരണമാണ്. ബീഹാറിൽ ജെ.ഡി.യു.-ന്റെ ജൂനിയർ പാർട്ട്ണറാണ് കോൺഗ്രസ്സെന്ന് നമുക്ക് കാണാൻ കഴിയും. ഇതിൽനിന്നും പാഠം പഠിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കുന്ന പുരോഗമന നിലപാടുകളെ കോൺഗ്രസ് അധികാരത്തിൽ വരുമ്പോൾ തകർക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. എൽ.ഡി.എഫ്. ഭരണകാലത്ത് 7.6 ശതമാനമായിരുന്ന വളർച്ചാനിരക്ക്; യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അത് 6.1 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 22,762 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി എന്നാണ് അവകാശവാദം. എന്നാൽ സി.&എ.ജി. റിപ്പോർട്ട് പ്രകാരം 61 ശതമാനം മാത്രമാണ് ചെലവഴിച്ചത്; 10,000 കോടി രൂപയുടെ കുറവ് ഉണ്ടായതായി കാണാൻ കഴിയും. ബാർ തൊഴിലാളികളുടെ

പുനരധിവാസത്തിന് പിരിച്ചെടുത്ത 650 കോടി രൂപയും കഴിഞ്ഞ സർക്കാർ വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ പങ്കുവഹിച്ചിരുന്ന പ്രവാസി നിക്ഷേപം 50 ശതമാനമാക്കിയതുവഴി കേരളത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം കുറഞ്ഞിരിക്കുകയാണ്. ഇതാണ് കേരളം നേരിടുന്ന വലിയ രാഷ്ട്രീയ ദുരന്തം. ഇതിന് മാറ്റംകുറിക്കണമെങ്കിൽ ഭരണത്തുടർച്ച അനിവാര്യമാണ്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഈ ഭരണത്തുടർച്ചയ്ക്ക് നേതൃത്വം നൽകാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനങ്ങളെ മറന്ന ഭരണമായിരുന്നു യു.ഡി.എഫ്.-ന്റേത്.

മെത്രാൻ കായൽ പതിച്ചുകൊടുത്തതിലും ക്രിമിനൽ കേസ്സിലെ പ്രതിയായ സന്തോഷ് മാധവൻ എന്ന കള്ളസന്യാസിക്ക് ഭൂമി പതിച്ചുകൊടുത്തതിലുമൊക്കെ താല്പര്യം കാണിച്ചത് യു.ഡി.എഫ്. സർക്കാരാണ്. എന്നാൽ പാവപ്പെട്ടവർക്ക് വീട് വയ്ക്കാൻ 3 സെന്റ് ഭൂമി നൽകുന്ന കാര്യത്തിൽ അവർ താല്പര്യം കാണിച്ചിരുന്നില്ല. വയനാട്ടിൽ പാവപ്പെട്ട ആദിവാസികൾക്ക് ഭൂമി നൽകാൻ പ്രഖ്യാപിച്ച 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതി അവർ 'ആശിക്കും കാശ് കോൺഗ്രസ് നേതാക്കൾക്ക്' എന്നാക്കി മാറ്റി. വൻ തുകയാണ് അതുവഴി കോൺഗ്രസ് നേതൃത്വം കമ്മീഷനായി കൈപ്പറ്റിയത്. കോൺഗ്രസ്സിന്റെ പ്രദേശിക നേതൃത്വംപോലും പരസ്യമായി പത്രസമ്മേളനം നടത്തുന്ന അവസ്ഥ അവിടെ ഉണ്ടായിട്ടുണ്ട്. ഇത് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയ സർക്കാർ നടപടി അങ്ങേയറ്റം സ്വാഗതാർഹമാണ്. മുൻമന്ത്രി ശ്രീ. കെ. ബാബുവും ശ്രീ. സി. എൻ. ബാലകൃഷ്ണനുമെല്ലാം വിജിലൻസ് അന്വേഷണം നേരിടുകയാണ്. മോന്തായം വളഞ്ഞാൽ അറുപത്തിനാലും വളയുമെന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ അനുഭവം കോൺഗ്രസ്സിനെ ഓർമ്മിപ്പിക്കുന്നത്.

കേരളത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാനാണ് കേരള ബാങ്ക് രൂപീകരണം പ്രഖ്യാപിച്ചത്. കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. ജൈവ പച്ചക്കറിയെ പ്രൊമോട്ട് ചെയ്യുക എന്നത് ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. ഇടുക്കി, വയനാട് ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പച്ചക്കറി കൃഷിക്കായി സർക്കാർ നടത്തുന്ന നീക്കങ്ങൾ ശ്ലാഘനീയമാണ്.

കേരളത്തെ ടോൾ ഫ്രീ സംസ്ഥാനമായി മാറ്റാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. കിഫ്ബി വഴി നിർമ്മിക്കുന്ന റോഡുകൾക്കും പാലങ്ങൾക്കും ടോൾ ഏർപ്പെടുത്തുകയില്ലെന്ന നിലപാട് സ്വാഗതാർഹമാണ്.

പരിസ്ഥിതി സൗഹൃദ വികസനമാണ് ഈ സർക്കാരിന്റെ സമീപനം. പരിസ്ഥിതി സംരക്ഷണം വലിയ പ്രാധാന്യം അർഹിക്കുന്നതാണ്. വയനാട് ജില്ലയിൽ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചാണ് വനത്തിനുള്ളിൽ വലിയ റിസോർട്ടുകൾ നിർമ്മിച്ചിരിക്കുന്നത്. ഇതിന് അനുമതി നിഷേധിച്ചാൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കെതിരെ റിസോർട്ട് മാഫിയ സംഘങ്ങൾ ഗൂഢാലോചന നടത്തും. ഇതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് വനം വകുപ്പിനെ കുരിശിലേറ്റാൻ ഒരു ആനയെ വെടിവച്ച് കൊന്നത്. ഒരു പോലീസുകാരൻ ഇതിനെ പിന്തുണച്ചു. റിസോർട്ട് മാഫിയ സംഘങ്ങളും രാഷ്ട്രീയനേതൃത്വവും ചേർന്നുള്ള അവിഹിതബന്ധമാണ് ഇത്തരം കാര്യങ്ങൾ അവിടെ നടക്കാൻ കാരണം, ജില്ലയിലെ റിസോർട്ടുകൾ കേന്ദ്രീകരിച്ച് നടക്കുന്ന മയക്കുമരുന്ന് വിതരണം, വന്യമൃഗ വേട്ട എന്നിവ കർശനപരിശോധനയ്ക്ക് വിധേയമാക്കണം. ഒരു റിസോർട്ട് ഉടമ അനധികൃതമായി ഉപയോഗിച്ച 13 ഏക്കർ സ്ഥലമാണ് ഇന്നലെ വൈത്തിരി പഞ്ചായത്തിൽ സബ്കളക്ടർ ഏറ്റെടുത്തത്. ഇത്തരം നടപടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. കോൺഗ്രസ് തകർത്ത കേരളത്തെ രക്ഷിക്കുക എന്നതാണ് എൽ.ഡി.എഫ്.-ന്റെ ചുമതല. നെൽവയൽ-നീർത്തട സംരക്ഷണ നിയമം കോൺഗ്രസ് അട്ടിമറിച്ചു. നവംബർ 2-ന് കേരള നിയമസഭ നെൽവയൽ-നീർത്തട സംരക്ഷണനിയമം ചർച്ച ചെയ്യുകയാണ്. റേഷൻ ലഭിക്കുന്നവരുടെ മുൻഗണനാപട്ടിക 28 ലക്ഷത്തിൽനിന്ന് 34 ലക്ഷമാക്കി ഉയർത്തുക എന്നതും ബി.പി.എൽ.-കാരുടെ താല്പര്യം സംരക്ഷിക്കുക എന്നതും സർക്കാർ നിലപാടാണ്.

രണ്ടരവർഷക്കാലം പിന്നിട്ട കേന്ദ്ര സർക്കാരിന്റെ ജനദ്രോഹനടപടികൾ കാരണം ജനങ്ങളിൽനിന്ന് ഒറ്റപ്പെടുന്ന അവസ്ഥയാണ് കേന്ദ്ര ഗവൺമെന്റിന് ഉണ്ടായിട്ടുള്ളത്. കർഷകരുടെ ഭൂമി അവരുടെ സമ്മതമില്ലാതെ ഏറ്റെടുത്ത് കോർപ്പറേറ്റുകൾക്ക് നൽകാനുള്ള നിയമം കൊണ്ടുവരാനാണ് ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആദ്യം ശ്രമിച്ചത്. 'ഭൂമി അധികാർ ആന്തോളൻ പ്രക്ഷോഭം', ബി.ജെ.പി. സർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങൾക്കെതിരെ വലിയ കർഷകമുന്നേറ്റമായി മാറി. ശ്രീമതി മേധാപട്കർ ഉൾപ്പെടെയുള്ളവർ ഇടതുപക്ഷ കർഷക പ്രസ്ഥാനങ്ങളുമായി ചേർന്ന് വലിയ പ്രക്ഷോഭത്തിന്റെ ഭാഗമായി മാറുകയാണുണ്ടായത്. പഞ്ചാബിലെ കർഷകൻ ഗജേന്ദ്രസിംഗ് ഡൽഹിയിൽ ആത്മഹത്യ ചെയ്തതും ഈ കാലഘട്ടത്തിലാണ്. കർഷക പ്രക്ഷോഭത്തെത്തുടർന്ന് ശ്രീ. നരേന്ദ്ര മോദിക്ക് ഭൂമി ഏറ്റെടുക്കൽ ബിൽ

പിൻവലിക്കേണ്ടിവന്നു. ബി.ജെ.പി. സർക്കാരിന്റെ പ്രഖ്യാപനം കാർഷിക മേഖലയിൽ ചെലവിന്റെ 50 ശതമാനം അധികവില കർഷകർക്ക് നൽകുമെന്നതായിരുന്നു. രണ്ടരവർഷമായിട്ടും ഒന്നും ചെയ്യാൻ കേന്ദ്രസർക്കാർ തയ്യാറായില്ല. ബി.ജെ.പി. ഭരിക്കുന്ന മദ്ധ്യപ്രദേശിൽ ഉള്ളിക്കൃഷി ചെയ്യുന്ന ഇൻഡോർ കിഷോരി വില്ലേജിലെ കർഷകർക്ക് 20 പൈസ മുതൽ 50 പൈസ വരെയാണ് ഒരുകിലോ ഉള്ളിക്ക് ലഭിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഉള്ളി കർഷകർ തെരുവിലിറങ്ങി ഉള്ളി വലിച്ചെറിയുന്ന അവസ്ഥയുണ്ടായി. ഒരു കിലോ പരിപ്പിന് 30 മുതൽ 40 രൂപ വരെയാണ് കർഷകർക്ക് ലഭിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ വിശ്വസ്തനും വിഴിഞ്ഞം തുറമുഖ കരാറുകാരനുമായ ഗൗതം അദാനിയെയാണ് ഭക്ഷ്യവസ്തുക്കളുടെ വിതരണക്കുത്തക ഏല്പിച്ചിരിക്കുന്നത്. ബി.ജെ.പി. ഭരണത്തിൽ കർഷക ആത്മഹത്യ ആദ്യ വർഷത്തിൽ 26 ശതമാനമായിരുന്നത് രണ്ടാമത്തെ വർഷത്തിൽ 40 ശതമാനമായി വർദ്ധിക്കുകയാണുണ്ടായത്. ബി.ജെ.പി. ഭരിക്കുന്ന ആസ്സാമിലെ കാസിരംഗയിൽ ഭൂമിപ്രശ്നത്തിൽ രണ്ട് മുസ്ലീം കർഷകരെ വെടിവച്ചുകൊന്ന സംഭവമുണ്ടായി. ബി.ജെ.പി. ഝാർഖണ്ഡിൽ നടത്തിയ വെടിവയ്പിൽ നാല് കർഷകർക്കാണ് വെടിയേറ്റത്. റാഞ്ചിയിൽ ആദിവാസി റാലിക്കെതിരെ നടന്ന വെടിവയ്പിൽ ഒരു ആദിവാസി കൊല്ലപ്പെട്ടു. പി.എം.എസ്.ബി.വൈ. (Pradhan Mantri Suraksha Bima Yojana) പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയെയാണ് മോദി സർക്കാർ ഏല്പിച്ചിരിക്കുന്നത്. കൃഷിക്കാരുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ബാങ്കുകൾവഴി പണം കടമായി നിക്ഷേപിച്ച് തട്ടിപ്പിന് വേദിയൊരുക്കുകയാണ് ചെയ്യുന്നത്. കർഷകരെ വഞ്ചിച്ച് കോർപ്പറേറ്റുകൾക്ക് പണം വാരിക്കൂട്ടാനുള്ള അവസരമാണ് ബി.ജെ.പി. സർക്കാർ ഒരുക്കിക്കൊടുക്കുന്നത്. മോദിക്കെതിരെ ഇന്ത്യയിലെ ട്രേഡ് യൂണിയൻ സംഘടന നടത്തിയിട്ടുള്ള പ്രക്ഷോഭങ്ങൾ ഐതിഹാസികവും ചരിത്രപ്രധാനവുമാണ്. ഇന്ത്യയിൽ കഴിഞ്ഞ സെപ്റ്റംബർ 2-ന് നടന്ന പണിമുടക്കിൽ കോടിക്കണക്കിന് തൊഴിലാളികളാണ് പങ്കെടുത്തിരുന്നത്. മോദിയുടെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ, തൊഴിലാളികൾക്കിടയിലുണ്ടാകുന്ന വൻ മുന്നേറ്റം രാജ്യത്താകെ ആവേശമുണ്ടാക്കുന്നതാണ്. മോദി സർക്കാരിനെതിരെ കർഷകരും തൊഴിലാളികളും ദളിത്-ആദിവാസി വിദ്യാർത്ഥികളും നടത്തുന്ന പ്രക്ഷോഭങ്ങൾ ഭാവിഭാരതത്തിന്റെ ദിശാസൂചകമാണ്. വരുന്ന ഡിസംബർ 30-ന് ഡൽഹിയിൽ ആദിവാസികളുടെ ഐക്യറാലി നടക്കുകയാണ്. നിരവധി ആദിവാസി

സംഘടനകൾ ഈ സംരംഭത്തിൽ പങ്കെടുക്കുന്നുണ്ട്. ടി.എസ്.പി. ഫണ്ടും എസ്.സി.പി. ഫണ്ടും ദുർബലപ്പെടുത്താനാണ് ബി.ജെ.പി. സർക്കാരിന്റെ നീക്കം. സംവരണം വേണ്ടെന്ന ആർ.എസ്.എസ്. സർസംഘ് ചാലക് Dr. Mohan Bhagwat-ന്റെ പ്രഖ്യാപനങ്ങളും ഇതുമായി കൂട്ടിവായിക്കാൻ കഴിയണം. കർഷകത്തൊഴിലാളികളുടെ മിനിമം കൂലി പ്രഖ്യാപിക്കാൻപോലും കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. ന്യൂനപക്ഷ ജനവിഭാഗങ്ങളും ദളിത് ജനവിഭാഗങ്ങളും ബി.ജെ.പി. നടത്തുന്ന കടന്നാക്രമണങ്ങൾക്കെതിരെ രാജ്യത്ത് ഉയർന്നുവരുന്ന പ്രക്ഷോഭങ്ങളിലും ജനമുന്നേറ്റങ്ങളിലും വൻതോതിൽ പങ്കെടുക്കുന്നു എന്നുള്ളത് അടുത്തകാലത്തെ സംഭവ വികാസങ്ങളാണ്. മോദിയുടെ തെറ്റായ രാഷ്ട്രീയത്തിനെതിരെ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾ അണിനിരക്കുന്ന കാഴ്ചയാണ് രാജ്യത്തെമ്പാടും നമുക്ക് കാണാൻ കഴിയുന്നത്. കഴിഞ്ഞ ആഗസ്റ്റ് മാസം 15-ാം തീയതി, പൂനയിലുണ്ടായ സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് മോദിയുടെ നാട്ടിലാണ് ദളിത് ജനവിഭാഗങ്ങൾ സ്വാഭിമാൻ റാലി സംഘടിപ്പിച്ചത്. ജിഗ്നേഷ് മെവാനിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധങ്ങൾ രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടതാണ്. നേരത്തെ ദളിത് സംഘടനകൾ സംവരണം, അയിത്തം തുടങ്ങിയ കാര്യങ്ങളിൽ മാത്രമാണ് ഇടപെട്ടിരുന്നത്. ഇക്കാര്യങ്ങൾമാത്രം പറഞ്ഞുനിന്നാൽ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയില്ലെന്ന് ദളിത് സംഘടനകൾ തിരിച്ചറിയുന്നുവെന്നതാണ് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ വർഗ്ഗപരമായ മാറ്റമെന്ന് നമുക്ക് കാണാൻ കഴിയും. ഭൂമിയും തൊഴിലും ദളിതരുടെ ആവശ്യങ്ങളായി അവർ ഉയർത്താൻ തുടങ്ങി. ഇടതുപക്ഷത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കേണ്ട ആവശ്യകതയും ദളിത് ആദിവാസി ജനവിഭാഗങ്ങൾ തിരിച്ചറിയുന്നു എന്നത് ഇന്ത്യൻ രാഷ്ട്രീയത്തിലെ ശ്രദ്ധേയമായ മാറ്റമാണ്. ഇന്ത്യയിൽ വിദ്യാർത്ഥികളുടെ മനസ്സ് ഇടതുപക്ഷത്തോടൊപ്പമാണ്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ഇടതുപക്ഷ ഐക്യത്തിന് വലിയ വിജയം നേടാൻ കഴിഞ്ഞു. ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിലും പോണ്ടിച്ചേരി സർവ്വകലാശാലയിലും എസ്.എഫ്.ഐ.-യും അംബേദ്കർ സ്റ്റുഡന്റ്സ് മൂവ്മെന്റും ചേർന്ന് വലിയ വിജയമാണ് ഈ വർഷം നേടിയിട്ടുള്ളത്. ഉത്തർ പ്രദേശ് ലക്നൗവിലെ പ്രശസ്ത കോളേജായ കൻവർസിംഗ് മെമ്മോറിയൽ കോളേജിൽ എസ്.എഫ്.ഐ.-യുണ്ടായ വിജയം ശ്രദ്ധേയമാണ്. ഇതെല്ലാം തെളിയിക്കുന്നത് പുതിയ തലമുറയിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ചിന്തകളും സ്വപ്നങ്ങളും ഇന്ത്യൻ രാഷ്ട്രീയത്തിലെ വർഗ്ഗീയതയ്ക്കെതിരെ മതനിരപേക്ഷതയുടെ

നിലപാടുകൾക്ക് സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടെന്നാണ്. ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ ചേരിക്കുമാത്രമേ ഇന്ത്യയ്ക്കകത്ത് ബദൽ രാഷ്ട്രീയ സമീപനങ്ങളായി മാറാൻ കഴിയൂ എന്ന് യുവജനങ്ങളും വിദ്യാർത്ഥികളും ചിന്തിക്കുന്നത് പുതിയ രാഷ്ട്രീയ ധ്രുവീകരണത്തിന് വലിയ സഹായകമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ചിന്തയും സ്വപ്നവുമാണ് രാജ്യത്തിന്റെ ഭാവിരാഷ്ട്രീയത്തെ സ്വാധീനിക്കുന്നത്. ദേശീയ രാഷ്ട്രീയത്തിൽ ബൂർഷ്വ-സെക്കുലർ ടീമായി പ്രവർത്തിച്ചവരുടെ മേൽക്കൈ നഷ്ടപ്പെട്ടതും ഇടതുപക്ഷ ചിന്താഗതിക്ക് സ്വാധീനം ചെലുത്താൻ കഴിഞ്ഞതും വളരെ ശ്രദ്ധേയമായ രാഷ്ട്രീയ മാറ്റങ്ങളാണെന്ന് കാണാൻ കഴിയും. ഇതിൽ നിന്നെല്ലാം പാഠങ്ങൾ പഠിക്കാനാണ് കോൺഗ്രസും അവരോടൊപ്പം നിൽക്കുന്നവരും ശ്രമിക്കേണ്ടത്.

ഈ ഗവൺമെന്റ് ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളെയും അട്ടിമറിക്കാനുള്ള നീക്കങ്ങളിൽനിന്ന് കോൺഗ്രസ്സുകാർ പിന്തിരിയേണ്ടതുണ്ട്. വയനാട് കർഷകരുടെയും ആദിവാസികളുടെയും തോട്ടം തൊഴിലാളികളുടെയും നാടാണ്. കാർഷിക മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ള വയനാട് മെഗാ ഫുഡ് പാർക്കിന് 500 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. വയനാടിനെ കാർഷിക-വ്യവസായ ജില്ലയാക്കി മാറ്റാൻ സാധിക്കണം. വയനാടിന്റെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കാർബൺ ന്യൂട്രൽ ജില്ലയാക്കി മാറ്റിയതും കബനീ നദിയുടെ സംരക്ഷണത്തിന് 10 കോടി രൂപ അനുവദിച്ചതുമെല്ലാം ഈ സർക്കാരിന്റെ കാഴ്ചപ്പാടിനെയാണ് സൂചിപ്പിക്കുന്നത്. തോട്ടം തൊഴിലാളികളുടെ നാടാണ് വയനാട്. ബ്രിട്ടീഷ് ഭരണകാലഘട്ടത്തിലെ കൊളോണിയലിസത്തിന്റെ ചിഹ്നങ്ങളാണ് പാടി/ലയം സമ്പ്രദായം. അത് പൊളിച്ചുമാറ്റി വീട് നിർമ്മിക്കാനുള്ള തീരുമാനമുണ്ടായത് തോട്ടം തൊഴിലാളികൾക്ക് വളരെയേറെ സന്തോഷത്തിനിടയാക്കിയിട്ടുണ്ട്. തോട്ടം തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിലേയ്ക്ക് മാറ്റുമെന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. വയനാട്ടിൽ ചെമ്പ്ര തോട്ടം ഇന്നലെ ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ആ വിഷയത്തിലും അടിയന്തരമായി സർക്കാർ ഇടപെടണം. ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമായി തുടരുകയാണ്. അവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കണം. 'പഠിച്ചിട്ടെന്താ കാര്യം' എന്ന ചോദ്യത്തിന് ഉത്തരമായി ശ്രീ. എ. കെ. ബാലൻ ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ വയനാട്ടിൽ ടി.ടി.സി.-യും ബി.എഡ്-ഉം പാസ്സായ എല്ലാവർക്കും

താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നൽകാൻ ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്. പുതിയ എം.ആർ.എസ്. അനുവദിക്കാനും മൂന്ന് പ്രീ-മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കാൻ തീരുമാനിച്ചതും ഗോത്ര വിഭാഗങ്ങളിൽനിന്ന് കൂടുതൽപേരെ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്യുന്നതും സ്വാഗതാർഹമാണ്. ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു പുതിയ കേരള സൃഷ്ടിക്കായാണ് 70 വർഷങ്ങൾക്കുമുമ്പ് പുന്നപ്ര-വയലാർ സമരസേനാനികൾ രക്തസാക്ഷിത്വം വരിച്ചത്. തീ തുപ്പുന്ന ബ്രിട്ടീഷ് പട്ടാളക്കാരുടെ തോക്കിനുനേരെ മുട്ടിലിഴഞ്ഞ് വാരിക്കുന്തവുമായിട്ടാണ് കർഷകർ പോരാടിയത്. അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പുന്നപ്ര-വയലാർ സമരസേനാനിയും കേരള രാഷ്ട്രീയത്തിൽ പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തുമുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്കാര കമ്മീഷൻ നടപടികളും ഈ ശ്രമങ്ങൾക്കെല്ലാം വേഗം പകരുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു പുതിയ കേരള സൃഷ്ടിക്കായി കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ നടത്തുന്ന സമീപനങ്ങളുടെ ഭാഗമായുള്ള ഈ ധനവിനിയോഗ ബില്ലിന് എല്ലാ അർത്ഥത്തിലും ഒരിക്കൽക്കൂടി പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. താരതമ്യേന ശാന്തനായ ശ്രീ. സി. കെ. ശശീന്ദ്രൻ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഒരാക്ഷേപം ഉന്നയിച്ചിരുന്നു. ഒരു സിവിൽ ഡിസ്പ്യൂട്ടിൽ എക്സ്പാർട്ടി വിധി വന്നിട്ടുണ്ട്. സിവിൽ ഡിസ്പ്യൂട്ടിൽ വരുന്ന കാര്യങ്ങളൊക്കെ അതിന്റെ ക്രമത്തിൽ മുന്നോട്ടുപോകും. അതുസംബന്ധിച്ച് വിഷമിക്കേണ്ട കാര്യമില്ല. അക്കാര്യങ്ങളെല്ലാം ഇന്നലെ വിശദമായി ശ്രീ. സണ്ണി ജോസഫ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

ഇവിടെ നവകേരള സൃഷ്ടിക്കുവേണ്ടിയാണ് ഗവൺമെന്റ് അധികാരത്തിൽ വന്നത്. അഞ്ചുമാസമായി നവകേരള സൃഷ്ടിക്കുവേണ്ടി ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള ഏതെങ്കിലുമൊരു കാര്യത്തെക്കുറിച്ച് പറയാൻ കഴിയുമോ? കഴിഞ്ഞ 50 മാസമായി ഇവിടെയുണ്ടായിരുന്ന ഭരണത്തേക്കാൾ വ്യത്യസ്തമായി

എന്തെങ്കിലുമൊരു പുതിയ നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? ഈ ഗവൺമെന്റ് സ്വീകരിച്ച ഒരു നടപടി ഇന്ന് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ വീട് റെയ്ഡ് ചെയ്തു എന്നതാണ്. നവകേരള സൃഷ്ടിക്ക് തടസ്സം നിൽക്കുന്നത് ധനകാര്യ വകുപ്പ് സെക്രട്ടറിയാണ് എന്നാണോ ഗവൺമെന്റ് പറയുന്നത്? ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന ആദ്യത്തെ നടപടി അതാണ്. ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ വീട് റെയ്ഡ് ചെയ്ത് നിങ്ങൾ നവകേരള സൃഷ്ടിക്കുവേണ്ടി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന് കോ-ഓർഡിനേഷനുണ്ടോ? അങ്ങേയ്ക്ക് ശ്രീ. എം. പി. പരമേശ്വരനെ പരിചയമുണ്ടാകും. ശ്രീ. എം. പി. പരമേശ്വരൻ അഞ്ചുമാസത്തെ ഭരണത്തെക്കുറിച്ച് പറഞ്ഞത് "ശ്രീ. പിണറായി മുന്നോട്ട്, പാർട്ടി പിറകോട്ട്" എന്നാണ്. ശ്രീ. എം. പി. പരമേശ്വരൻ പറഞ്ഞിരിക്കുന്നത് ലൊട്ടുലൊടുക്ക് പരിപാടിവച്ചുകൊണ്ട് ഇതിനെ നേരിടാൻ പോകുന്നു എന്നാണ്. അദ്ദേഹംപറഞ്ഞ വാക്കുതന്നെ ഞാനും ഉപയോഗിക്കാം. നവകേരള സൃഷ്ടിക്ക് ലൊട്ടുലൊടുക്ക് പരിപാടിയുമായി പോയാൽ നിങ്ങൾ എവിടെപ്പോയി ലാന്റ് ചെയ്യുമെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അദ്ദേഹം പലരെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല, ഞാൻ അദ്ദേഹത്തെക്കുറിച്ചും പറയുന്നില്ല. ഈ ലൊട്ടുലൊടുക്ക് പരിപാടിയൊന്നും നടക്കില്ലെന്നാണ് ഞാൻ പറയുന്നത്. കേരളമെന്താണെന്നും കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെന്താണെന്നും മനസ്സിലാക്കാൻ കഴിയണം. നിങ്ങൾ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനെ ചെയർമാനാക്കി ഒരു ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. അദ്ദേഹത്തിന്റെ ഭാഷ ഭരണഭാഷയാക്കുമെങ്കിൽ ഈ നാട്ടിലെ കുട്ടികൾ നാട് വിട്ടുപോകുകയല്ലാതെ മറ്റ് മാർഗ്ഗമുണ്ടോ? അദ്ദേഹത്തിന്റെ ഭാഷയാണ് ഭരണഭാഷ എന്നുപറഞ്ഞിട്ട് കാര്യമുണ്ടോ? ഈ ഗവൺമെന്റ് കണ്ണുംപൂട്ടി പോകുകയാണ്. ഓണക്കാലത്ത് ഉറിയടി നടത്തുന്നതുപോലെ കണ്ണുംമൂടി നിങ്ങൾ കാണുന്നിടത്തെല്ലാം അടിക്കുകയാണ്. അടിച്ച് അത് ഞങ്ങളുടെ നേട്ടമാണെന്ന് വരുത്തുകയാണ്, വീണിടം വിദ്യയാക്കുകയാണ്. കേരളം എന്താണെന്ന് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാന പ്രശ്നം. അഞ്ചുമാസമായി നടന്നിട്ടുള്ള നടപടികൾ - വിവരാവകാശ കമ്മീഷന് ഹൈക്കോടതിയിൽ പോകേണ്ടിവന്നില്ലേ; ഈ ഗവൺമെന്റുതന്നെ അപ്പോയിന്റ് ചെയ്ത ആളുകൾക്ക് ഹൈക്കോടതിയിൽ പോകേണ്ടിവന്നില്ലേ? നിങ്ങൾ എന്തിനാണ്, ആർക്കുവേണ്ടിയാണ് വിവരം പൂഴ്ത്തിവയ്ക്കുന്നത്? സർക്കാർ തീരുമാനങ്ങൾ മറച്ചുവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. കേരളത്തിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ വലിയ പ്രശ്നമുണ്ടായി. വനിതാ

മാധ്യമ പ്രവർത്തകർ കൊടുത്ത പെറ്റീഷനിൽ അവർക്കെതിരെയാണ് കേസ്സെടുത്തിരിക്കുന്നത്. വനിതാ മാധ്യമ പ്രവർത്തകർ ദേഹരക്ഷയ്ക്കുവേണ്ടി ജഡ്ജിയുടെ അടുത്തേക്ക് മാറിനിന്നു എന്നാണ് ഞാനൊരു മാധ്യമത്തിൽ വായിച്ചത്. ശരീരരക്ഷയ്ക്കുവേണ്ടി മാറിനിന്ന അവരെ പ്രതിയാക്കി കേസ്സെടുത്ത ഈ ഗവൺമെന്റ് എങ്ങോട്ടാണ് പോകുന്നത്; ആർക്കാണ് സംരക്ഷണം നൽകുന്നത്? ഇതാണ് നവകേരളം. നിങ്ങൾ കാണുന്ന നവകേരളം ഈ രൂപത്തിൽ ജനങ്ങളെ വിഷമിപ്പിക്കുന്നതാണ്. നിയമനങ്ങളിലെ സ്വജനപക്ഷപാതത്തെക്കുറിച്ച് ഞാൻ പറയണോ? ജോസഫൈൻ കൊടുത്ത കത്ത് പാർട്ടി ഓഫീസിൽ കാണുമല്ലോ. ജോസഫൈൻ മാർക്സിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറാണ്. ആ സ്റ്റേറ്റ് കമ്മിറ്റിയിലുള്ള പല ആളുകളുമുണ്ട്. ജോസഫൈൻ കൊടുത്ത കത്തിൽ ഈ നിയമനത്തെക്കുറിച്ച് പറഞ്ഞിട്ടില്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണനോ പോളിറ്റ് ബ്യൂറോ അംഗം ശ്രീ. പിണറായി വിജയനോ പോളിറ്റ് ബ്യൂറോയിൽനിന്ന് നിങ്ങൾ പുറത്താക്കിയ ശ്രീ. വി. എസ്. അച്യുതാനന്ദനോ പറയട്ടെ. അതൊന്നുമില്ലാതെ അവിടെനിന്ന് ഞങ്ങളാണ് ഞങ്ങളാണ് എന്നാണ് പറയുന്നത്. എന്ത് ഞങ്ങൾ? ആ പാർട്ടിക്കകത്ത് നിങ്ങൾക്കുള്ള സ്ഥാനം ഞങ്ങൾ വകവച്ചുതരാം, പക്ഷേ എല്ലാം നിങ്ങളാണ് എന്നുപറഞ്ഞാൽ അംഗീകരിക്കാൻ ഞങ്ങളെ കിട്ടുകയില്ല. കണ്ണൂരിൽ കൊലപാതകങ്ങളുടെ പരമ്പരയുണ്ടായില്ലേ? കണ്ണൂരിൽ കൊലപാതകമുണ്ടായിട്ട് ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയെങ്കിലും അത് ചർച്ച ചെയ്യാൻ തയ്യാറായോ? കണ്ണൂരിൽനിന്ന് മുഖ്യമന്ത്രിയുൾപ്പെടെ മൂന്ന് മന്ത്രിമാരില്ലേ ഇവിടെ? ആ ജില്ലയുടെ അപ്പുറത്തും ഇപ്പുറത്തുമായി ശ്രീ. ഇ. ചന്ദ്രശേഖരനും ശ്രീ. റ്റി. പി. രാമകൃഷ്ണനുമുൾപ്പെടെ നാലാളുകൾ വേറയുമില്ലേ. ശ്രീ. എ. കെ. ബാലൻ ആ ജില്ലയിൽ മുമ്പ് പഠിച്ചിരുന്ന ആളല്ലേ, ബ്രണ്ണൻ കോളേജിൽ? നിങ്ങൾ 7 പേരിൽ ഒരാൾക്കെങ്കിലും ഒരു മണിക്കൂർ ഇതിനുവേണ്ടി ചെലവഴിക്കാമായിരുന്നില്ലേ? ഇനി ഈ മണ്ണിൽ രക്തക്കറ വീഴരുതെന്ന് പറയാൻ മനസ്സാക്ഷി കാണിക്കാത്ത നിങ്ങൾ ആരെയാണ് ഇത് പഠിപ്പിക്കാൻ ശ്രമിക്കുന്നത്? ദയവായി നവകേരളത്തെക്കുറിച്ച് പറയരുത്. രക്തക്കറയുണ്ടാക്കിയ കേരളത്തെക്കുറിച്ചാണ് നിങ്ങളാലോചിക്കേണ്ടത്. ഒരു നിമിഷം അതിന് മിനക്കെടാൻ കഴിയണം. ഈ പാവപ്പെട്ടവരുടെ കണ്ണുനീർ നിങ്ങൾ കണ്ടില്ലേ; അത് കണ്ണുനീരല്ല, അശ്രുപൂക്കളാണെന്നുപറഞ്ഞ് മുദ്രാവാക്യം മുഴക്കി നിങ്ങൾ പോരുകയാണ്. അവിടെയൊന്നും ഒരു നടപടിയും സ്വീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അപ്പോഴും നിങ്ങൾ വരമ്പത്ത് കൂലി കൊടുക്കുമെന്ന് കൂകി വിളിക്കുകയാണ്. ഇവിടെ മറ്റൊരു മാധ്യമത്തിൽ പറയുന്നു, 'പിണറായി സർവ്വശക്തനായി നീങ്ങുകയാണ്. പക്ഷെ, പാർട്ടി വളരെ ദയനീയ നിലയിലാണ്'

എന്ന്. ഇത്തരത്തിൽ ദയനീയമായ ഒരവസ്ഥ ഈ സംസ്ഥാനത്തുണ്ടാകാനുണ്ടോ? നിങ്ങളുടെ പാർട്ടിക്കകത്ത് ഒരു യോജിപ്പുമില്ല. ആർ.എസ്.എസ്. ഒരു ഫാസിസ്റ്റ് പ്രസ്ഥാനമാണെന്ന് ശ്രീ. സീതാറാം യെച്ചൂരി പറയുന്നു, ഇപ്പുറത്ത് ശ്രീ. പ്രകാശ് കാരാട്ട്, ബി.ജെ.പി. ഫാസിസ്റ്റ് പ്രസ്ഥാനമല്ലെന്ന് പറയുന്നു. നിങ്ങൾ ആരെ കാണാനാണ് പോകുന്നത്; അന്ധൻ ആനയെ കണ്ടതുപോലെയാണോ? നിങ്ങൾക്ക് ഇൻഡ്യൻ രാഷ്ട്രീയം വിലയിരുത്താൻ കഴിയില്ല. ഇൻഡ്യൻ രാഷ്ട്രീയം എവിടെ പോകുന്നുവെന്ന് നിങ്ങൾക്കറിയില്ല. നിങ്ങളേക്കാൾ എത്രയോ ഭേദമാണ് തോറ്റെങ്കിലും ബംഗാളിലെ സഖാക്കൾ. അവർ അവസാനം ഞങ്ങളുടെ കൂടെവന്ന് ഞങ്ങളുടെ കാലിൽ തൊടാനിടയായി. ഇൻഡ്യൻ രാഷ്ട്രീയം മനസ്സിലാക്കാൻ കഴിയണ്ടേ; അതിനുവേണ്ടിയുള്ള നടപടി ഉണ്ടാവണ്ടേ?

<u>മി. ചെയർമാൻ</u>: താങ്കൾക്ക് അനുവദിച്ച സമയം കഴിയാറായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. അന്ധമായ കോൺഗ്രസ് വിരോധം മാത്രമാണ് നിങ്ങൾ വച്ചുപുലർത്തുന്നത്. പ്രത്യയശാസ്ത്ര സംഘർഷമാണ് നിങ്ങളുടെ പ്രസ്ഥാനത്തിനുള്ളത്. ഇവിടെ കായികസംഘർഷത്തെ നിങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. എതിരാളികളെ സിംഹക്കൂട്ടിലടയ്ക്കുന്ന ക്രൂരരായ ഭരണാധികാരിയെപ്പോലെ നിങ്ങൾ ആളുകളെ വേട്ടയാടി ഇവിടെ അധിവസിക്കാനും ആധിപത്യമുണ്ടാക്കാനും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങൾ ജനങ്ങളെ വെറുക്കുന്നു. ജനങ്ങൾ നിങ്ങളിൽനിന്ന് അകന്നുപോകുന്നു.

<u>മി. ചെയർമാൻ</u>: താങ്കൾക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു മിനിട്ടുകൂടി മതി. ഈ കൺഫ്യൂഷൻ മാറ്റാൻ നിങ്ങൾ പ്ലീനവും പാർട്ടി കോൺഗ്രസ്സും നടത്തിയിട്ടും അവസാനം കൺഫ്യൂഷൻ മാത്രം മിച്ചമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയല്ല കൺഫ്യൂഷനിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) ആയി ഇപ്പോഴും നിൽക്കുകയാണ്. കൺഫ്യൂഷൻ മാത്രമേയുള്ളൂ. നിങ്ങൾക്ക് ഒന്നിനെയും കാണാൻ കഴിയില്ല. കുറെ കുട്ടികൾ ബഹളമുണ്ടാക്കുന്നു. ഇതാണോ കമ്മ്യൂണിസ്റ്റ് പാർട്ടി? കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിൽനിന്ന് വലിയ കാര്യങ്ങൾ പ്രതീക്ഷിച്ചു. പക്ഷെ വഴിതെറ്റിപ്പോകുന്നതുകൊണ്ട് ഇതിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. ഈ ഗവൺമെന്റ് കേരളത്തെ കുഴിയിലേയ്ക്ക് പായിക്കാൻ ശ്രമിക്കുകയാണ്. നമുക്കൊത്തൊരുമിച്ച് അതിനെ എതിർക്കണം. അതിന് അങ്ങും കൂടണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. നവകേരള സൃഷ്ടിക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്ന് എനിക്കുമുമ്പ് ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഒന്നും ചെയ്യാത്തതുകൊണ്ടല്ല, ചെയ്യുന്നത് കാണുന്നില്ല, അല്ലെങ്കിൽ അവർക്ക് കാണാൻ കഴിയുന്നില്ല അതാണ് കാര്യം അഴിമതി നടത്തുന്നവരെ യാതൊരു ദാക്ഷിണ്യവുമില്ലാതെ പിടിച്ചുകെട്ടുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിൽ മുട്ടുവിറച്ചതുകൊണ്ടാണ് ഒന്നും കാണാൻ അവർക്ക് കഴിയാതിരിക്കുന്നത്. ഓണക്കാലത്തും ഉത്സവകാലങ്ങളിലുമൊക്കെ തന്നെ വിലക്കയറ്റം പിടിച്ചു നിർത്തി കൊണ്ടാണ് അവശ്യസാധനങ്ങൾ വിതരണം ചെയ്തത്. അതുപോലെ കേരളത്തിൽ വലിയ വിപ്ലവം സൃഷ്ടിച്ചുകൊണ്ടാണ് സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്തത്. ഇതൊന്നും അവർക്ക് കാണാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഇതിനെയൊക്കെ അവർ ലൊട്ടുലൊടുക്ക് പരിപാടികൾ എന്നുപറഞ്ഞാണ് പുച്ഛിക്കുന്നത്. ഇൻഡ്യൻ രാഷ്ട്രീയത്തെക്കുറിച്ച് ഇൻഡ്യയിലെ ഇടതുപക്ഷത്തിന് ഒന്നും അറിയില്ലെന്നും ഒന്നും ചെയ്യാൻ കഴിയില്ലെന്നും ഇവിടെ പറയുകയുണ്ടായി. ബി.ജെ.പി.-യെ ഒറ്റപ്പെടുത്താൻ കോൺഗ്രസ്സിനെ ഇവിടെ നിലനിർത്തേണ്ടതിന്റെ ആവശ്യമുണ്ടെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങളെല്ലാവരും. പക്ഷെ, കോൺഗ്രസ്സിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. ഇൻഡ്യൻ രാഷ്ട്രീയത്തിൽ അവർക്കിനിയൊന്നും ചെയ്യാൻ കഴിയില്ലെന്ന വിശ്വാസം ഞങ്ങൾക്കുണ്ടായിട്ടുണ്ട്. കാരണം മറ്റൊന്നുമല്ല, ഈ അടുത്തകാലത്ത് അരുണാചൽ പ്രദേശിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള 44 പേരിൽ 43 പേരും അധികാരത്തിനുവേണ്ടി ബി.ജെ.പി.-യിലേയ്ക്ക് പോയിരിക്കുകയാണ്. ഇവരെ എങ്ങനെ വിശ്വസിക്കും? ഫാസിസത്തിനെതിരെ നമുക്ക് പോരാടണമെങ്കിൽ ഇവരെ വിശ്വസിച്ചുകൊണ്ട് എങ്ങനെ മുന്നോട്ടുപോകും? അപ്പോൾ ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇനി ഒരു ബദലുണ്ടെങ്കിൽ അത് ഇടതുപക്ഷ ബദലാണെന്നുതന്നെയാണ് പറയാനുള്ളത്. അക്കാര്യത്തിൽ കൂടുതലൊന്നും ഞാൻ പറയുന്നില്ല. നമ്മുടെ നാട് അനുഭവിക്കുന്ന പ്രതിസന്ധികളിൽനിന്ന് കരകയറാൻ വളരെ ഇച്ഛാശക്തിയോടുകൂടിയാണ് പ്രവർത്തിക്കുന്നത്, പ്രത്യേകിച്ച് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ്. അതിനെ അനുകൂലിക്കുകയാണ് വേണ്ടത്. യു.ഡി.എഫ്. അധികാരത്തിൽനിന്ന് പോകുന്ന സമയത്ത് പൊതുക്കടം 1.55 ലക്ഷം കോടി രൂപയായിരുന്നു. അഴിമതിയും കെടുകാര്യസ്ഥതയും വാഗ്ദാനങ്ങൾകൊണ്ട് ജനങ്ങളെ പൊറുതിമുട്ടിക്കുകയുംചെയ്ത ആ ഭരണത്തിൽ മടുത്തതുകൊണ്ടാണ് ജനങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് വോട്ട് ചെയ്തത്.

നമ്മൾ അധികാരത്തിൽവന്ന സമയത്ത് സംസ്ഥാനത്ത് അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാധ്യതയുണ്ടായിരുന്നത് 10,000 കോടി രൂപയായിരുന്നു. കഴിഞ്ഞ സർക്കാർ ട്രഷറിയിൽ മിച്ചം കാണിക്കുന്നതിനുവേണ്ടി 1,817 കോടി രൂപ തടഞ്ഞുവച്ചു. പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും വിധവകൾക്കും വയസ്സായവർക്കും കൊടുക്കേണ്ട സാമൂഹ്യക്ഷേമ പെൻഷൻ അടക്കമുള്ള തുക തടഞ്ഞുവച്ചു. ബഡ്ജറ്റിലും മറ്റും വകയിരുത്തിയ പല പ്രവൃത്തികൾക്കുമുള്ള തുക തടഞ്ഞുവച്ചുകൊണ്ടാണ് ട്രഷറിയിൽ പണമുണ്ടെന്ന് കാണിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 12.4 ശതമാനമാണ് റവന്യൂ വരുമാനത്തിന്റെ ശരാശരി കാണിച്ചിരുന്നത്. ഇത് ധവളപത്രത്തിൽനിന്ന് മനസ്സിലായതാണ്. നമ്മുടെ ബഡ്ജറ്റിന്റെ സമയത്ത് 20 മുതൽ 25 ശതമാനംവരെ നികുതി വരുമാനം വർദ്ധിപ്പിക്കണമെന്നുള്ളതാണ് നമ്മുടെ ലക്ഷ്യമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷെ ജി.എസ്.ടി. നടപ്പാക്കുകയാണെങ്കിൽ ആ ലക്ഷ്യത്തിലെത്താൻ കഴിയുകയില്ലെന്ന് ഇന്നലെ മന്ത്രിതന്നെ പറഞ്ഞു. അങ്ങനെയാണെങ്കിൽ അടിയന്തരമായി കഴിഞ്ഞ സർക്കാർ പിരിച്ചെടുക്കാതിരുന്ന 12,608 കോടി രൂപയുടെ റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. വൺ ടൈം സെറ്റിൽമെന്റിലൂടെ ഓഫറുകളോ മറ്റോ അനുവദിച്ച് പിരിച്ചെടുക്കാൻ കഴിയുകയാണെങ്കിൽ ജി.എസ്.ടി. വരുന്നതിനുമുമ്പ് ഒരു ഫ്രെഷ് സ്റ്റാർട്ട് നമുക്ക് നടത്താൻ കഴിയും. ജി.എസ്.ടി. വരികയാണെങ്കിൽ ഈ രീതിയിലുള്ള അവസാനത്തെ ബഡ്ജറ്റ് ചർച്ചയായിരിക്കും ഇതെന്ന് മന്ത്രിതന്നെ പറഞ്ഞു. അങ്ങനെയാണെങ്കിൽ പരമാവധി പിരിച്ചുകിട്ടാനുള്ള കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കാൻ നോക്കേണ്ടതുണ്ട്. ഞാൻ കൂടുതലൊന്നും യു.ഡി.എഫ്.-നെ പറയുന്നില്ല. കാരണം, അഴിമതി സ്വന്തം കൂടാരത്തിൽ വന്നിട്ടും ഒന്നും പറയാൻ അവർക്ക് കഴിയുന്നില്ല. ശവത്തിൽ കുത്തുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് നമുക്ക് കാര്യത്തിലേയ്ക്ക് കടക്കാം. എൻ.ഡി.എ. സർക്കാരിന്റെ 'വൺ നേഷൻ, വൺ ടാക്സ്' എന്ന നയത്തിന്റെ ഭാഗമായി ഭരണഘടനയുടെ 122-ാം ഭേദഗതി പ്രകാരമാണ് ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് (ജി.എസ്.ടി.) നടപ്പിലാക്കുന്നത്. ജി.എസ്.ടി. ബില്ലിലൂടെ അവർ പറയുന്നത് സെൻട്രൽ ഗവൺമെന്റ് കൊടുക്കുന്ന എക്സൈസ് നികുതി, സർവ്വീസ് ടാക്സ് മുതലായ എല്ലാ ഇൻഡയറക്ട് ടാക്സും സ്റ്റേറ്റ് കൊടുക്കുന്ന വാറ്റ്, ലക്ഷ്വറി ടാക്സ് മുതലായ ടാക്സും ഇന്റർസ്റ്റേറ്റ് ട്രാൻസാക്ഷൻ ടാക്സുമെല്ലാം ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് സാധാരണ ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ, സഹായകരമായ രീതിയിൽ കൈകാര്യം ചെയ്യുക എന്നുള്ളതാണ്. അതിൽ മദ്യവും പെട്രോളിയവും ഉൾപ്പെടുത്തിയിട്ടില്ല. പെട്രോളിയം ഉല്പന്നങ്ങൾ ഒഴിവാക്കുമ്പോൾ അത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് നമ്മൾ

അസെസ്സ് ചെയ്തിട്ടുണ്ടോ?പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലുള്ള മാറ്റം, സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻ ബുദ്ധിമുട്ടായിവരും. അത് അസെസ്സ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ചെയ്യേണ്ടതല്ലേ?

ജി.എസ്.ടി.-യുടെ ഇംപ്ലിമെന്റിംഗ് പീരീഡിൽ, ഷിഫ്റ്റിംഗ് പീരീഡിൽ സംസ്ഥാനത്തിന് എന്തായാലും നഷ്ടമുണ്ടാകുമെന്നുറപ്പാണ്. ആ നഷ്ടം കോമ്പൻസേറ്റ് ചെയ്യാനുള്ള തുക കേന്ദ്രം തരുമെന്നുപറയുന്നുണ്ട്. അമ്പതിനായിരം കോടിയിലധികം രൂപയാണ് ഒരു വർഷം സംസ്ഥാനങ്ങൾക്കായി കൊടുക്കാമെന്ന് കേന്ദ്രം പറയുന്നത്. അധികാരത്തിൽവന്ന് നൂറ് ദിവസംകൊണ്ട് 15 ലക്ഷം രൂപ നമ്മുടെയെല്ലാപേരുടെയും പോക്കറ്റിലെത്തുമെന്ന് പ്രഖ്യാപിച്ച സർക്കാരാണ് കേന്ദ്രത്തിലുള്ളത്. അതുകൊണ്ട് ഈ വാഗ്ദാനം പാലിക്കപ്പെടുമോ എന്ന ആശങ്കയുണ്ട്. അങ്ങനെ പാലിക്കാതിരുന്നാൽ അതിനെ മറികടക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ? സംസ്ഥാനങ്ങളുടെ ഫെഡറൽ സ്വഭാവം നഷ്ടപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള ഒരു നയംകൂടിയായി ജി.എസ്.ടി.-യെ കണക്കാക്കാം. എല്ലാത്തിലും യൂണിഫോമിറ്റി നടപ്പിലാക്കുക എന്നതാണ് മോദി സർക്കാരിന്റെ നയം. വിവിധ സംസ്ഥാനങ്ങൾ ഭരിക്കുന്ന പാർട്ടികൾക്ക് വളരെ ഡിഫറന്റായ പൊളിറ്റിക്കൽ ഐഡിയോളജിയുമുണ്ടാകും. ടാക്സ് റവന്യൂ മൊബിലൈസേഷൻ സ്ട്രാറ്റജിയിലുള്ള വ്യത്യാസം ആ ഐഡിയോളജിയിൽ നിഴലിച്ച് കാണും. അങ്ങനെവരുന്ന സമയത്ത് ഇത്തരത്തിലുള്ള പൊളിറ്റിക്കൽ ഐഡിയോളജികളെയൊക്കെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഒരു സിംഗിൾ മാർക്കറ്റായി കാണുന്ന സമയത്ത് വ്യത്യസ്തമായി ചില ഉത്പന്നങ്ങൾക്ക് ടാക്സിൽ കുറവ് വരുത്തിയും ചിലതിൽ കൂട്ടിയും നമ്മുടെ ഐഡിയോളജിക്കനുസരിച്ച് മുന്നോട്ടുപോകാനുള്ള സംസ്ഥാനങ്ങളുടെ അധികാരം നഷ്ടപ്പെടും. അങ്ങനെയാണെങ്കിൽ ഫെഡറൽ സംവിധാനങ്ങളെ മുഴുവൻ നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഒരു പോളിസിയായിപ്പോലും നമുക്കിതിനെ കാണാൻ കഴിയും. അത് നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഇക്കണോമിക് പോളിസി സെൻട്രൽ ഗവൺമെന്റ് impose ചെയ്യുന്ന സമയത്ത് നമ്മുടെ അധികാരം നഷ്ടപ്പെടുന്നൊരവസ്ഥ ഉണ്ടാകുമോ എന്ന ഭയമാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതിന് മറുപടിയായി സെൻട്രൽ ഗവൺമെന്റ് പറയുന്നത്, ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം ഉണ്ടാകുമെന്നും അപ്പോൾ നമുക്കതിനെക്കുറിച്ച് പറയാൻ കഴിയുമെന്നുമാണ്. പക്ഷെ അതിലെ

ഭൂരിഭാഗം സംസ്ഥാനങ്ങളും വ്യത്യസ്തമായ പൊളിറ്റിക്കൽ ഐഡിയോളജി ഉള്ളവരാണെങ്കിലും കേരളത്തെപ്പോലെയുള്ള ഇടതുപക്ഷ സർക്കാർ ജനകീയമായിട്ടുള്ള കാര്യങ്ങൾ പറയുന്ന സമയത്ത് ഹരിയാന, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് പോലുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുകൾ അതിനെ അംഗീകരിക്കുവാൻ തയ്യാറാകുമോ എന്നൊരു ചോദ്യമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയം ഡൈവേഴ്സിറ്റിക്കുപകരം യൂണിഫോമിറ്റിയാണ്, അതുപോലെ ഡീസെൻട്രലൈസേഷനുപകരം സെൻട്രലൈ സേഷൻ, പ്ലാനിംഗ് കമ്മീഷൻ മാറ്റിയിട്ട് സെൻട്രലൈസ്ഡ് പ്ലാനിംഗ് - നീതി ആയോഗ് പോലുള്ള അനേകം കാര്യങ്ങളുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്തായാലും ജി.എസ്.ടി. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുമ്പോൾ നമുക്ക് മാറിനിൽക്കാൻ കഴിയില്ല എന്നത് സത്യമാണ്. കാരണം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ യു.പി.എ. സർക്കാർ കൊണ്ടുവന്ന ഫുഡ് സെക്യൂരിറ്റി ആക്ട് - പലതവണ വാണിംഗ് കൊടുത്തിട്ടും അത് നടപ്പാക്കാതെ മാറിനിന്നതിന്റെ പരിണിതഫലമാണ് ഇന്ന് കേരളത്തിലെ റേഷൻകടകളിലും വില്ലേജ് ഓഫീസുകളിലും ജനങ്ങൾ ക്യൂ നിൽക്കേണ്ടിവരുന്നത്. ഇത്തരത്തിൽ നമ്മൾ മാറിനിന്നാൽ ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ജി. എസ്. ടി. നടപ്പാക്കുന്ന സമയത്ത് ഇത്തരത്തിലുള്ള കാര്യങ്ങളൊക്കെ കൺസിഡർ ചെയ്യേണ്ടതുണ്ട്.

കേരളത്തിലെ ഏകദേശം നാല്പത് ലക്ഷത്തോളംവരുന്ന യുവതീ-യുവാക്കളാണ് തൊഴിലില്ലാതെ കഷ്ടപ്പെടുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ പേര് പ്രസിദ്ധീകരിച്ചിട്ട് വർഷങ്ങളായി തൊഴിൽ ലഭിക്കാത്തവരുണ്ട്. അവർ സംഘടന രൂപീകരിച്ചിട്ടുണ്ട്. ഭാവിയിൽ റാങ്ക് ലിസ്റ്റിൽ പേര് വന്നും അല്ലാതെയും പി.എസ്.സി. ജോലിക്കായി കാത്തിരിക്കുന്ന ആളുകൾ രാഷ്ട്രീയ പാർട്ടികളുണ്ടാക്കിയാൽപ്പോലും അത്ഭുതപ്പെടാനില്ലാത്ത സാഹചര്യത്തിലേയ്ക്ക് നമ്മൾ മാറിയിട്ടുണ്ട്. പലപ്പോഴും വേണ്ടരീതിയിൽ റിപ്പോർട്ട് ചെയ്യപ്പെടാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരത്തിൽ ഉദ്യോഗസ്ഥരാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും അങ്ങനെ പാവപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്നവർക്ക് വേണ്ടരീതിയിൽ ശിക്ഷ നൽകാനും dismissal വരെ നൽകാനുമുള്ള നടപടികളുണ്ടാകണം. യുവാക്കൾക്കും യുവതികൾക്കും അടിയന്തരമായി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രോസസ്സ് ഉണ്ടാക്കണമെന്നുകൂടി പറയട്ടെ.

ഒരു ബദൽ രാഷ്ട്രീയമെന്ന നിലയിൽ നമുക്ക് വരുമാനത്തിൽ ടാക്സിന്റെ കാര്യം മാത്രം നോക്കിയാൽ പോരല്ലോ. ഇന്നലെ മുഖ്യമന്ത്രി ഇവിടെ വിവിധതരത്തിലുള്ള പ്ലാനുകളെക്കുറിച്ച് പറഞ്ഞു. ബഹുരാഷ്ട്ര കുത്തകകൾ കൊണ്ടുവരുന്ന ബിസ്‌ലേരി, അക്വാഫിന പോലെയുള്ള വാട്ടർ, അതുപോലുള്ള മറ്റ് ഉല്പന്നങ്ങൾ ഇവയ്ക്കുപകരം കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ഇത്തരം ഉല്പന്നങ്ങൾ ജനകീയമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്ന ഒരു മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവന്നാൽ, നമുക്ക് ബദലായിട്ടുള്ള ഒരു ഇക്കോണമിപോലും നിർമ്മിച്ചെടുക്കാൻ കഴിയും. അതിനുള്ള സാധ്യതകളെക്കുറിച്ച് ഗൗരവത്തോടുകൂടി നോക്കിക്കാണണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u> : സർ, ഒരു നവകേരള സൃഷ്ടിക്കായുള്ള നടപടികൾ ഞങ്ങൾ കാണുന്നില്ലെന്നാണ് ശ്രീ. മുഹമ്മദ് മുഹസിൻ പറഞ്ഞത്. അദ്ദേഹം ഞങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമുമ്പ് നിങ്ങളുടെ പാർട്ടിക്കാരായ സി.പി.ഐ.-ക്കാരെ ബോധ്യപ്പെടുത്തണം. ഈ സർക്കാരിന്റെ നടപടിക്കെതിരായി ജനയുഗം പത്രം മുഖപ്രസംഗമെഴുതി. താങ്കൾ പ്രവർത്തിക്കുന്ന എ.ഐ.വൈ.എഫ്. പ്രമേയം പാസ്സാക്കി. അവിടെ നടന്ന ചർച്ചകൾ നിങ്ങൾ പരിശോധിക്കണം. നവകേരള സൃഷ്ടിക്കായുള്ള നടപടികളെക്കുറിച്ച് ആദ്യം നിങ്ങൾ ബോധ്യപ്പെടുത്തേണ്ടത് പ്രതിപക്ഷത്തെയല്ല, നിങ്ങളോടൊപ്പമുള്ള നിങ്ങളുടെ പാർട്ടി നേതാക്കളെയാണ്. ശ്രീ. കാനം രാജേന്ദ്രൻ ഓപ്പൺ സ്റ്റേറ്റ്മെന്റുവരെ ഇറക്കിയില്ലേ; ....(ബഹളം).... രാജനുള്ള മറുപടി ശ്രീ. എം. സ്വരാജിന്റെ ഭാഷയിൽ പറയാൻ എനിക്കറിയില്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. കഴിഞ്ഞ അഞ്ചുവർഷത്തെ യു.ഡി.എഫ്. ഭരണകാലത്ത് ഇന്ത്യയിൽ ഒരു സംസ്ഥാനത്തിനും ആർജ്ജിക്കാൻ കഴിയാത്ത നേട്ടമുണ്ടാക്കി. ഒരു ഇന്റർനാഷണൽ സീപോർട്ട്, ഒരു ഇന്റർനാഷണൽ എയർപോർട്ട്, ഒരു റെയിൽവേ എന്നിവ കൊണ്ടുവന്നു. റെയിൽവേയും സീപോർട്ടും എയർപോർട്ടും ഒരേ സമയം നേടിയ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. അത് ശ്രീ. ഉമ്മൻ ചാണ്ടി കേരളം ഭരിച്ച സമയത്താണെന്ന് ഓർക്കണം. അതിനെത്തുടർന്നുവന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണവീഴ്ച ചൂണ്ടിക്കാണിച്ചാൽ അവർ പറയുന്നത് ഞങ്ങൾ വന്നിട്ട് അഞ്ചുമാസമേ ആയിട്ടുള്ളൂ എന്നാണ്. തെരുവുനായ്ക്കൾ ഇന്നലെയും 90 വയസ്സുള്ള ഒരു വയോധികനെ കടിച്ചുകൊന്നു. ഇതിനകം പത്തോളംപേരെ കൊന്നു. അങ്ങനെ തെരുവുനായ്ക്കൾ ജനങ്ങളെ കടിച്ചുകൊല്ലുന്നു എന്നുപറയുമ്പോൾ ഇവിടത്തെ

ഭരണപക്ഷ എം.എൽ.എ. പറയുന്നത് ഇത് ഞങ്ങളുടെ കാലത്തെ തെരുവുനായ് അല്ല എന്നാണ്. എന്ത് പരിഹാസ്യമാണ്. ഞങ്ങളുടെ കാലത്തെ തെരുവുനായ ആണെങ്കിൽ അഞ്ചുമാസം പ്രായമുള്ള കുഞ്ഞുനായ ആയിരിക്കുമെന്നാണ് അവർ പറയുന്നത്. അങ്ങനെ പറയുന്ന പ്രതിഭകളാണ് ഇന്ന് ഭരണപക്ഷത്തിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആദിവാസി കോളനികളിലുണ്ടാകുന്ന ശിശുമരണത്തെക്കുറിച്ച് പറയുമ്പോൾ ഇത് ഞങ്ങളുടെ കാലത്തെ ഗർഭമല്ലെന്നാണ് പറയുന്നത്. യു.ഡി.എഫ്. ഗർഭമെന്നും എൽ.ഡി.എഫ്. ഗർഭമെന്നും ആദിവാസി ശിശുമരണത്തെക്കുറിച്ച് വേർതിരിച്ച് പറയുന്ന പരിഹാസ്യതയല്ലേ ഇവിടെയുള്ളത്. ഇവിടെ യു.ഡി.എഫ്. തെരുവുനായയും എൽ.ഡി.എഫ്. തെരുവുനായയുമുണ്ടോ; ഇത്തരം നാണംകെട്ട ന്യായീകരണത്തിന് ഇടതുമുന്നണിയെന്നാണോ വിളിക്കേണ്ടത്. അഞ്ചുമാസം ചെറിയ കാലയളവെന്നാണ് പറയുന്നത്. ഇവിടെ കൊലപാതക പരമ്പരകൾ നടക്കാൻ ഈ അഞ്ചുമാസം മതിയായല്ലോ; എൺപതിനായിരത്തിലധികം സംഘർഷങ്ങളുണ്ടാകാൻ ഈ ചെറിയ കാലയളവ് മതിയല്ലോ; എ.ടി.എം. കൊള്ള മുതൽ ഈ രാജ്യത്തുള്ള കവർച്ചകളും മറ്റും നടത്താൻ വെറും അഞ്ചുമാസം ഇവർക്ക് മതിയല്ലോ. വീഴ്ചകൾ പറയുമ്പോൾ അഞ്ചുമാസംപോരെന്ന് പറയുന്നത് ശരിയല്ല എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ഇന്നലെ ഇടതുപക്ഷത്തെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഒരു എക്സ്പാർട്ടി വിധിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. എക്സ്പാർട്ടി വിധി വന്നതിനെക്കുറിച്ച് ദുർബലമായ പ്രതിരോധവുമായി പ്രതിപക്ഷത്തിനുനേരെ അദ്ദേഹം വന്നിരിക്കുകയാണ്. പഴയതുപോലെയുള്ള വീറും വാശിയുമൊന്നും അദ്ദേഹത്തിൽ കാണുന്നില്ല. അദ്ദേഹത്തിനാവശ്യം കാർ, പദവി, മന്ദിരം ഇവയൊക്കെയാണ്. അതൊക്കെ കിട്ടിയപ്പോൾ അദ്ദേഹം മിണ്ടാതിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹത്തിൽ കാണുന്നത് ബക്കറ്റിലെ വെള്ളത്തിന്റെ തിരയിളക്കം മാത്രമാണ്. ഇന്ത്യയിലെവിടെയെങ്കിലും ഇത്രയും പ്രായംകൂടിയ ഒരാൾ പദവിക്കുവേണ്ടി ഇങ്ങനെ ആക്രാന്തം കാണിക്കുന്നതിന് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? ഒരു സ്ഥലത്തും ഉണ്ടാകില്ല. നിങ്ങൾ നല്ല നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇപ്പോഴുള്ള ഈ മന്ത്രിസഭയൊന്ന് നോക്കണം. കഴിഞ്ഞ സഭയിൽ ഞാനുണ്ടായിരുന്നില്ല. ഞാൻ ഈ സഭയിൽ വന്നപ്പോൾ ആരൊക്കെയാണ്

മന്ത്രിസഭയിലിരിക്കുന്നത്? കഴിഞ്ഞ നിയമസഭാ കാലയളവിൽ നമ്മുടെ ജനാധിപത്യത്തിന് കളങ്കം വരുത്തിവച്ച രീതിയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇരിക്കുന്ന കസേര ഒരു മാർബിൾ കമ്പനിയുടെ പരസ്യത്തിൽ സുമോ ഗുസ്തിക്കാരൻ നിൽക്കുന്നതുപോലെ എടുത്തെറിഞ്ഞയാൾ വ്യവസായ വകുപ്പുമന്ത്രിയായിരിക്കുന്നു, മുഷ്ടികൊണ്ടും കൈകൊണ്ടും വാച്ച് ആന്റ് വാർഡിനെ ഇടിച്ചുതള്ളിയ ആൾ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുന്നു, മൈക്കെടുത്ത് എറിഞ്ഞയാൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരിക്കുന്നു. ഈ അതിക്രമങ്ങൾക്ക് കൂട്ടുനിൽക്കാത്ത ശ്രീ. എസ്. ശർമ്മയും ശ്രീ. കെ. സുരേഷ് കുറുപ്പും മന്ത്രിസഭയിലില്ല. ഈ സർക്കാർ മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിന്റെ നോംസ് എന്താണ്? നിയമസഭയിൽ ജനാധിപത്യത്തിന് കളങ്കം വരുത്തിവച്ച ആളുകൾ, ബഹുമാനപ്പെട്ട സ്പീക്കർപോലും അങ്ങിരിക്കുന്ന വേദിയിൽ ഈ അക്രമങ്ങൾക്ക് നേതൃത്വം കൊടുത്ത ആളാണ്. എല്ലാതരത്തിലും കഴിഞ്ഞ അഞ്ചുമാസംകൊണ്ട് ഇത്രയും കൊള്ളരുതായ്മകൾ നടത്തിയിട്ടുള്ള റെക്കോർഡ് ഈ സർക്കാരിനുമാത്രമാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. കേരളം ചെന്നെത്തപ്പെട്ടിരിക്കുന്ന സവിശേഷമായ ഒരു സാഹചര്യത്തിൽ ഈ ധനവിനിയോഗ ബിൽ ഐകകണ്ഠ്യേന അംഗീകരിക്കപ്പെടേണ്ടതാണ് എന്ന അഭിപ്രായംകൂടി ഞാൻ പങ്കുവയ്ക്കുകയാണ്.

വിമോചന സമരകാലം മുതൽ കേരളത്തിലെ കോൺഗ്രസ് നേതൃത്വം പിന്തുടരുന്ന പ്രതിലോമകരമായ രാഷ്ട്രീയമാണ് കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക പുരോഗതിക്ക് തടസ്സം നിൽക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇടവേളകളിൽ ഇടതുപക്ഷഭരണം സംസ്ഥാനത്തിന് നഷ്ടമാകുന്നതിന്റെ ദുരന്തമാണ് കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ആഗോളവത്ക്കരണ നയങ്ങൾക്ക് പ്രതിവിധിയും പ്രതിരോധവുമില്ലെന്നാണ് യു.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് 'കേരള പരിപ്രേഷ്യ പദ്ധതി 2030' എന്നൊരു ഡോക്യുമെന്റ് യു.ഡി.എഫ്. പുറത്തിറക്കിയിട്ടുണ്ട്. ആ രേഖയിലൂടെ കടന്നുപോകുമ്പോൾ അവർ പ്രതിനിധാനം ചെയ്യുന്ന സാമ്പത്തിക താല്പര്യമെന്തെന്ന് വളരെ വ്യക്തമായി മനസ്സിലാകും. എന്നാൽ ആഗോളവത്കരണകാലത്തും വിനാശപരമായ ആഘാതങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാനാകുമെന്നതിന്റെ സ്വയം സംസാരിക്കുന്ന രേഖയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ്. രണ്ട് സർക്കാരും രണ്ട് രാഷ്ട്രീയ സമീപനങ്ങളും

തമ്മിലുള്ള വ്യത്യാസം നമുക്ക് മനസ്സിലാകും. 2001-06 കാലത്ത് റവന്യൂ കമ്മി 3.4 ശതമാനവും ധനക്കമ്മി 4.42 ശതമാനവുമായിരുന്നു. 2006-2011 വരെയുള്ള എൽ.ഡി.എഫ്. ഭരണകാലത്ത് 3.4 ശതമാനത്തിൽനിന്ന് 1.83 ശതമാനമായി റവന്യൂ കമ്മിയും 4.42 ശതമാനത്തിൽനിന്ന് 3.04 ശതമാനമായി ധനക്കമ്മിയും കുറഞ്ഞു. 2011-2016-ൽ യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ റവന്യൂ കമ്മി 1.83 ശതമാനത്തിൽനിന്ന് 2.3 ശതമാനമായും ധനക്കമ്മി 3.04 ശതമാനത്തിൽ നിന്ന് 3.53 ശതമാനമായും ഉയർന്നു. ഇത് സ്വയം സംസാരിക്കുന്ന കണക്കുകളും വസ്തുതകളുമാണ്.ആയിരം പ്രസംഗങ്ങളോ ദീർഘമായ ലേഖനങ്ങളോകൊണ്ട് സാദ്ധ്യമാകാത്തത് ചില കണക്കുകൾകൊണ്ട് ബോദ്ധ്യമാകുമെന്നാണ് രണ്ട് ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസം നമ്മെ പഠിപ്പിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി പരിശോധിക്കാം. യു.ഡി.എഫ്. സർക്കാരിന്റെ 2001-2006 കാലഘട്ടത്തിൽ ശരാശരി പ്രതിവർഷ നഷ്ടം 213.74 കോടി രൂപയാണെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ 2006-2011 കാലഘട്ടത്തിൽ ശരാശരി പ്രതിവർഷ ലാഭം 292.45 കോടി രൂപയായിരുന്നു. 2011-2016-ൽ യു.ഡി.എഫ്. ഭരണത്തിൻകീഴിൽ ശരാശരി പ്രതിവർഷ നഷ്ടം 645.92 കോടി രൂപയാണ്. ഈ യാഥാർത്ഥ്യങ്ങൾ നമ്മുടെ മുമ്പിലുള്ളതാണ്. ഇവിടെ ഒരു നവകേരളം സൃഷ്ടിക്കാനുള്ള പ്രതിജ്ഞാബദ്ധത ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം വിനാശകരമായ പരിസ്ഥിതി ദുരന്തത്തിലേയ്ക്കാണ് പോകുന്നത്. കുടിവെള്ളത്തിനുവേണ്ടി തമ്മിൽത്തല്ലി തലകീറി ചാകുന്നത് രാഷ്ട്രങ്ങളല്ല, അയൽസംസ്ഥാനങ്ങളിലെ ജനങ്ങളാണെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. അടുത്ത പതിറ്റാണ്ട് കുടിവെള്ളത്തിനുവേണ്ടി പരക്കംപായുന്ന മലയാളികളുടെ നാടാകുമെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഓടുന്ന വെള്ളത്തെ നടത്താനും നടക്കുന്ന വെള്ളത്തെ ഇരുത്താനും ഇരിക്കുന്ന വെള്ളത്തെ കിടത്താനും കിടക്കുന്ന വെള്ളത്തെ ഭൂമിക്കടിയിൽ ഉറക്കിക്കിടത്താനുമുള്ള പ്രതിജ്ഞാബദ്ധവും ഭാവനാപൂർണ്ണവുമായ പദ്ധതികൾ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഭാവിതലമുറ നന്ദിപൂർവ്വം ഈ സർക്കാരിനെ കാണുമെന്നതിന്റെ സൂചനയാണ്.

ഇവിടെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് യു.ഡി.എഫ്.-ന്റെ ബഹുമാനപ്പെട്ട അംഗങ്ങൾ മാഫിയാവത്കരണത്തിനെതിരായുള്ള നിലപാടുകൾ ഉറക്കെ പ്രഖ്യാപിക്കുന്നത് കേട്ടു. ആ വിശുദ്ധ പശുക്കളുടെ വാദത്തിന് എത്രമാത്രം അപഹാസ്യമാണ് എന്റെ നാട്ടിലെ ചില അനുഭവങ്ങൾ; 1987-ൽ അയൽപക്കക്കാരനുമായുള്ള ക്രിമിനൽ കേസ്സിൽ അപായപ്പെടുത്താൻ ശ്രമിച്ചതിന് കോടതി ശിക്ഷിച്ച ഒരാൾ സുപ്രീം കോടതിവരെ പോയി, കോടതി അപ്പീൽ തള്ളി

ശിക്ഷ ശരിവച്ചിട്ടും അയാളെ കുറ്റവിമുക്തനാക്കാൻ കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രി ഉത്തരവിട്ട നടപടി മുമ്പുണ്ടായിട്ടുണ്ടോ; അങ്ങനെയും നടന്നു. യു.ഡി.എഫ്. മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ക്രിമിനൽ കേസ്സിൽ സുപ്രീം കോടതി കുറ്റക്കാരനാണെന്ന് വിധിച്ച ഒരാളെ കുറ്റവിമുക്തനാക്കുക മാത്രമല്ല, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ടിക്കറ്റ് വില്പനയുടെ ചുമതല മൂന്നുവർഷത്തേയ്ക്ക് അയാളെ ഏല്പിക്കുകയും ചെയ്തു. ഇവിടെ എറണാകുളത്തെ ഏതോ ഒരു സിദ്ധിക്കിന്റെ പേരുപറഞ്ഞ് ഉറഞ്ഞുതുള്ളുന്നതു കണ്ടു. എന്റെ നാട്ടിൽ യൂത്ത് കോൺഗ്രസ്സിന്റെ ഒരു ജനറൽ സെക്രട്ടറി നിർഭയയിലെ അന്തേവാസിയും പാലക്കാട് സ്വദേശിനിയുമായ ഒരു പെൺകുട്ടിയെ പീഡിപ്പിച്ച് ക്രൂരിരുട്ടിൽ കുറ്റിക്കാട്ടിൽ കൊണ്ടുതള്ളി. അയാൾ ചെറിയ പുള്ളിയൊന്നുമായിരുന്നില്ല. യൂത്ത് കോൺഗ്രസ്സിന്റെ വെറും ജനറൽ സെക്രട്ടറി മാത്രമായിരുന്നില്ല, കഴിഞ്ഞ അഞ്ചുവർഷക്കാലം ഒരു ഡിവിഷൻ ഭരിച്ച കോൺഗ്രസ്സിന്റെ നേതാവായിരുന്നു അയാൾ. അങ്ങനെയുള്ള ആളുകളെ ഇടവും വലവും നിർത്തിക്കൊണ്ടാണ് മാഫിയാവത്കരണത്തിനെതിരായി, ഇടതുപക്ഷത്തിനെതിരായി ആക്രോശ മുയർത്തുന്നത്.

ഇവിടെ ബഹുമാന്യനായ സഖാവ് വി. എസ്. ഉയർത്തിയ വാദം സംബന്ധിച്ച് ചില സുഹൃത്തുകൾ പറയുന്നതുകേട്ടു. അത് ഒരുപക്ഷേ നിയമവ്യവസ്ഥയെ സംബന്ധിച്ചുള്ള അജ്ഞത കൊണ്ടാകാം. ഞാൻ ഒരു കാര്യം അപ്പുറത്തിരിക്കുന്ന നിയമജ്ഞരോട് ചോദിക്കാൻ ആഗ്രഹിക്കുന്നു. കോടതി സമൻസയയ്ക്കുന്നു, കൈപ്പറ്റുന്നു, വക്കാലത്ത് ഫയൽ ചെയ്യുന്നു, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഫയൽ ചെയ്തില്ലെന്നതുകൊണ്ടുമാത്രം അത് എക്സ്പാർട്ടി വിധിയാകുമോ എന്ന സംശയം ഞാൻ ഉന്നയിക്കുകയാണ്. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അധികാരത്തിലിരുന്ന എട്ടോളം മന്ത്രിമാർ വിജിലൻസ് കേസ്സിൽ പ്രതികളായിരുന്നു എന്ന വസ്തുത നമുക്കേവർക്കും അറിയുന്ന കാര്യമല്ലേ.

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വിജയംകഴിഞ്ഞ് ധർമ്മടം മണ്ഡലത്തിലെ ആഹ്ലാദപ്രകടനത്തിനിടയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രവർത്തകൻ, മോഹനൻ കൊല ചെയ്യപ്പെട്ടപ്പോൾ ഇവിടെ കോൺഗ്രസ്സിന്റെ ഏതെങ്കിലും ഒരു നേതാവിന്റെ നാവ് ഉയർന്നോ? ഏറ്റവും അപകടകരമായി നമ്മൾ കാണേണ്ട ഒരു കാര്യം, കണ്ണൂരിൽ കേന്ദ്രസർക്കാരിന്റെയും സി.ആർ.പി.എഫ്.-ന്റെയും ഇടപെടൽ അനിവാര്യമാണെന്ന് ബി.ജെ.പി.-യുടെ സംസ്ഥാന ജനറൽ

സെക്രട്ടറി പ്രസ്താവന പുറപ്പെടുവിക്കുമ്പോൾ അതിന് പിന്തുണപ്പാട്ടുമായി ശ്രീ. കെ. സുധാകരൻ എന്ന കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവ് രംഗത്ത് വന്നതിന്റെ സൂചനയെന്താണ്? അപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവയ്ക്കുന്ന ജനപക്ഷ രാഷ്ട്രീയത്തെ ദുർബലപ്പെടുത്താൻ ബി.ജെ.പി.-യുമായും ആർ.എസ്.എസ്.-മായും ഫാസിസ്റ്റുകളുമായും ഒത്തുച്ചേരാൻ തങ്ങൾക്ക് മടിയില്ല എന്ന് സ്വയം പ്രഖ്യാപിക്കുകയല്ലേ കോൺഗ്രസ് ചെയ്യുന്നത്; ഏതെങ്കിലും ഘട്ടത്തിൽ ഈ രാജ്യത്തെ ജനങ്ങളോട് നീതിപുലർത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ടോ?

ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്നത് ഭക്ഷ്യസുരക്ഷയെക്കുറിച്ചാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ കേരളത്തിൽ 2 രൂപ നിരക്കിൽ 5 കിലോഗ്രാം ഗോതമ്പാണ് നമുക്ക് ലഭ്യമാവുക. നേരത്തെ കാർഡിന് 25 കിലോഗ്രാം ലഭിച്ച സ്ഥാനത്ത് അഞ്ചിൽ കുറവ് അംഗങ്ങളുള്ള കുടുംബങ്ങൾക്കുള്ള അരി വിഹിതം കുറയും. അന്ത്യോദയ-അന്നയോജന വിഭാഗത്തിൽപ്പെട്ട കാർഡൊന്നിന് 36 കിലോഗ്രാം അരി തുടർന്നും ലഭ്യമാകും. ഈ സംവിധാനം നടപ്പാക്കുന്നതിന് ചില തയ്യാറെടുപ്പുകൾ ആവശ്യമായിട്ടുണ്ട്. റേഷൻ കടകൾ കമ്പ്യൂട്ടർവത്കരിച്ച് ബയോമെട്രിക് സംവിധാനംവഴി റേഷൻ കാർഡുടമകളുടെ വിരലടയാളവും കൃഷ്ണമണിയും രേഖപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന് എന്തെങ്കിലും സമീപനം കഴിഞ്ഞ അഞ്ചുവർഷം അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഒരു സംസ്ഥാനത്തെ ജനങ്ങളോട് തങ്ങൾക്ക് യാതൊരു താല്പര്യവുമില്ല. അഞ്ചുവർഷവും കോഴപ്പണം എണ്ണിവാങ്ങാൻ യന്ത്രം വീട്ടിൽ സ്ഥാപിക്കുകയും വൈകൃത രാഷ്ട്രീയത്തിന്റെ എല്ലാ ജീർണ്ണതകളുടെയും മാതൃകകളാകുകയും ചെയ്ത യു.ഡി.എഫ്.-ന് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കാനുള്ള ധാർമ്മികമായ അവകാശമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞദിവസം ധനകാര്യ വകുപ്പുമന്ത്രിയും ഇന്ന് പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും പറഞ്ഞത് റോഡുകൾക്കും റിപ്പയറിംഗിനുമുള്ള പണത്തിന്റെ അപര്യാപ്തതയെക്കുറിച്ചാണ്. ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയിലൂടെ ധാരാളം വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നു എന്നുള്ളതാണ് നമ്മുടെ രക്ഷ. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കനുസരിച്ച് ഇന്ത്യൻ സംസ്ഥാനങ്ങളിൽ

ഉപഭോഗ വിതരണത്തിൽ ഏറ്റവും കൂടുതൽ അസമത്വമുള്ള സംസ്ഥാനം കേരളമാണ്. കൂടുതൽ പണമുള്ളവർ വലിയ പണക്കാരായും ദാരിദ്ര്യമുള്ളവർ കൂടുതൽ ദാരിദ്ര്യമുള്ളവരായും മാറും. അമ്പത് കോടി രൂപ ചെലവുചെയ്ത് കല്ല്യാണം കഴിക്കും. ഒരു പ്ലെയിൻ ചാർട്ട് ചെയ്ത് ബാംഗ്ലൂരിൽപോയി സാധനങ്ങൾവാങ്ങി തിരിച്ചുവരും. 8 ലക്ഷം രൂപയാണ് അതിന്റെ ചെലവ്. ഇതൊക്കെ നമ്മുടെ കേരളത്തിൽ നടക്കുകയാണ്. സാമ്പത്തിക അസമത്വം എത്ര വലുതാണ്. ഇതിന് പരിഹാരം കാണണ്ടേ; ഇല്ലെങ്കിൽ കേരളം നിലനിൽക്കുമോ? ആദിവാസി, പട്ടികജാതി തൊഴിലാളികളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും സ്ഥിതി പരിതാപകരമാണ്. കേരളത്തിന്റെ വളർച്ചയെന്നുപറയുന്നത് സേവന മേഖലയാണ്. കാർഷികരംഗം തകർച്ചയുടെ വക്കിലാണ്. ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞതുപോലെ ആസിയൻ കരാർ, ആർ.സി.ഇ.പി. കരാർ വരുന്നതോടുകൂടി തകർന്ന് തരിപ്പണമാകാൻ പോവുകയാണ്. കൂടാതെ നമുക്ക് ഏറ്റവും വലിയ പ്രശ്നമുണ്ടാകാൻ പോകുന്നത് വരൾച്ചയാണ്. വരൾച്ച ഉണ്ടായാൽ കാർഷിക രംഗത്തിന്റെ സ്ഥിതി എന്താകും? കുടിവെള്ളക്ഷാമവും ആരോഗ്യപ്രശ്നവുമൊക്കെ ഇതിന്റെ ഫലമായി ഉണ്ടാകും. ഇതെങ്ങനെ തരണം ചെയ്യുമെന്നുള്ളത് വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. 1990-കളിലെ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഫലമായി വിദ്യാഭ്യാസം, ആരോഗ്യം, സ്വകാര്യ വൽക്കരണം എന്നീ മേഖലകളിൽ പിന്നാക്ക വിഭാഗക്കാർക്ക് അടുക്കാനേ കഴിയുന്നില്ല. പഞ്ചനക്ഷത്ര ആശുപത്രികൾ പോലെയുള്ളവ വരുമ്പോൾ സാധാരണക്കാർക്ക് എങ്ങനെയാണ് അടുക്കാൻ കഴിയുക; പഞ്ചനക്ഷത്ര ആശുപത്രികളിൽ കൊടുക്കുന്ന നികുതിയിളവ് എത്രയാണ്? അത് കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നു. അവിടത്തെ മെഷിനറികൾ ഇറക്കുമതി ചെയ്യാൻ പണം അനുവദിക്കുന്നു. ടാക്സും മറ്റും ഒഴിവാക്കിക്കൊടുക്കുന്നു. അതിന്റെ ഫലമായി നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളും താലൂക്കാശുപത്രികളും തകർച്ചയുടെ വക്കിലാകുന്നു. അവിടെ ഡോക്ടർമാരെ പോസ്റ്റ് ചെയ്യാതിരിക്കുകയോ അവർക്ക് ശമ്പളം കൊടുക്കാനില്ലാത്ത അവസ്ഥ ഉണ്ടാകുകയോ ചെയ്താൽ സാധാരണക്കാരുടെ ചികിത്സ നിഷേധിക്കപ്പെടും. നികുതി കൃത്യമായി പിരിക്കാൻ സാധിക്കണം. 2011-ലെ കണക്ക് പ്രകാരം കേരളത്തിൽ 80,000 കോടി രൂപയുടെ സ്വർണ്ണം വിറ്റിരുന്നു. അതിന്റെ നാല് ശതമാനം ടാക്സ് കണക്കാക്കിയാൽ 3,200 കോടി രൂപ കിട്ടും. ഇപ്പോൾ 300 കോടി രൂപയേ കിട്ടുന്നുള്ളൂ. 54,000 കോടി രൂപയുടെ വീട് നിർമ്മാണം ഇവിടെ നടക്കുന്നുണ്ട്. അതിൽ രണ്ട് ശതമാനം ടാക്സ് പോലും

പിരിച്ചെടുക്കാൻ നമുക്ക് സാധിക്കുന്നില്ല. ലാന്റ് മാഫിയയുടെ കൈവശം 12 ലക്ഷം ഹെക്ടർ ഭൂമിയുണ്ടെന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. ഇതിന് എന്തെങ്കിലും നടപടി വേണ്ടേ; ഇല്ലെങ്കിൽ നമ്മുടെ രാജ്യം എവിടെ എത്തും? ഇതൊക്കെയാണ് നമ്മുടെ അവസ്ഥ.

മദ്യം, വാഹനം എന്നിവയിൽനിന്നാണ് കൂടുതൽ നികുതി പിരിവ് വരുന്നത്. നികുതി പിരിവിന്റെ 45 ശതമാനവും അതിൽ നിന്നുമാത്രമാണ് ലഭിക്കുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ എന്താണ് പോംവഴി; ഈ അസമത്വം മാറ്റിയെടുക്കണ്ടേ? കൂടുതൽ വരുമാനമുള്ളവരിൽനിന്ന് വേണ്ട രീതിയിൽ ടാക്സ് പിരിക്കാനുള്ള നടപടിയെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. അതുപോലെ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽനിന്നുകിട്ടുന്ന വരുമാനത്തിന് ടാക്സ് ചുമത്താൻ കഴിയും. ഒരു കിലോ മാങ്ങ ഫ്രൂട്ടിയായി മാറുമ്പോൾ 650 രൂപയാണ് ലാഭം കിട്ടുന്നത്. ഇപ്പോൾ ഒരു കിലോ മാങ്ങയ്ക്ക് 30-40 രൂപയേ വിലയുള്ളൂ. കുറച്ചുകൂടി കഴിഞ്ഞാൽ അത് 10-20 രൂപയാകും. അങ്ങനെ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽനിന്ന് ടാക്സ് പിരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. 10 കിലോ ഉരുളക്കിഴങ്ങിന് 80 രൂപയാണ് വില. അത് 650 രൂപയ്ക്കാണ് പ്രോസസ്സ് ചെയ്ത് വിൽക്കുന്നത്. അതിൽനിന്ന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ? ഏറ്റവും കൂടുതൽ ഷുഗറുള്ള ജ്യൂസുകൾ കഴിച്ചാൽ കൂടുതൽ രോഗങ്ങൾ വരുന്നതുകൊണ്ട് അതിനും ടാക്സ് ചുമത്താൻ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നുവെന്നാണ് പറയുന്നത്. ഇത്തരത്തിൽ രോഗങ്ങൾ വരുന്നതുകൊണ്ട് ടാക്സ് ചുമത്താൻ കഴിയുമോയെന്നും അങ്ങനെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്നും വളരെ ഗൗരവമായി ആലോചിക്കേണ്ട സമയമായി.

കരിമണൽ കടത്തുന്നതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. വിവരാവകാശ നിയമംവഴി ചോദിച്ചപ്പോൾ കിട്ടിയതാണ്. അതിൽ പറയുന്നത്, 140 കൊല്ലത്തേക്ക് ഇവിടെ ജനറേറ്റ് ചെയ്യാൻ കഴിയുന്ന തരത്തിൽ കരിമണലിൽ തോറിയമുണ്ട് എന്നാണ്. അത് നമ്മുടെ രാജ്യത്തുനിന്നു കടത്തിക്കൊണ്ടു പോകുമെന്നാണ് പറയുന്നത്. കേരളത്തിലാണ് ഏറ്റവും കൂടുതൽ (24 ശതമാനം) തോറിയം ഉള്ളതെന്നാണ് പറയുന്നത്. അതുമാത്രം മതി കേരളത്തിന്റെ ഇന്നത്തെ സാമ്പത്തികത്തകർച്ച മുഴുവൻ മാറ്റിയെടുക്കാൻ. അണുശക്തി വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഛത്തീസ്ഗഢ് പോലെയുള്ള കൽക്കരിയുണ്ടാക്കുന്ന

സംസ്ഥാനങ്ങൾക്ക് ലേലം ചെയ്യുന്ന സംഖ്യയിൽ നല്ലൊരു വിഹിതം അതാത് സംസ്ഥാനങ്ങൾക്ക് കൊടുക്കുകയാണെങ്കിൽ കരിമണൽ കയറ്റി അയയ്ക്കുമ്പോൾ കിട്ടുന്ന സംഖ്യകൊണ്ട് നമ്മുടെ എല്ലാ പ്രയാസങ്ങളും തീർക്കാൻ സാധിക്കും.

അതുപോലെയാണ് വെള്ളത്തിന്റെ കാര്യം. മലമ്പുഴ ഡാമിൽനിന്ന് ഏകദേശം 40 ടി.എം.സി. ജലം മറ്റ് സംസ്ഥാനങ്ങൾ കൊണ്ടുപോകുന്നുണ്ട്. ആന്ധ്രാപ്രദേശിലുള്ള കൃഷ്ണാനദിയിൽനിന്ന് മദ്രാസിന് ഒരു ടി.എം.സി. ജലം കൊടുക്കുമ്പോൾ ഒരു കോടി രൂപയാണ് തമിഴ്നാട് ഗവൺമെന്റ് നൽകുന്നത്. 220 ടി.എം.സി. ജലം ഒരു കൊല്ലം നമ്മൾ കൊടുക്കുന്നു. അതിന്റെ ഫലമായി ഇലക്ട്രിസിറ്റി നഷ്ടമാകുന്നു. വളരെ ചീപ്പായി കിട്ടുന്ന ഒരു ഹൈഡൽ പ്രോജക്ടാണ് ഇലക്ട്രിസിറ്റി. കൃഷ്ണാനദിയിലെ ജലത്തിൽനിന്ന് രണ്ടുമൂന്ന് സ്ഥലങ്ങളിലാണ് ഇലക്ട്രിസിറ്റി എടുക്കുന്നത്. ഏതോ കാലത്ത് നിശ്ചയിച്ച റേറ്റാണ് ഇപ്പോഴും നമ്മൾ വാങ്ങിക്കൊണ്ടിരിക്കുന്നത്. അത് വർദ്ധിപ്പിച്ചാൽ നമുക്ക് വലിയൊരു സംഖ്യ ലഭിക്കാൻ സാധ്യതയുണ്ട്. ഇതൊക്കെ വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളാണ്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടും പിന്നീട് ധനവിനിയോഗ ബിൽ അവതരിപ്പിച്ചുകൊണ്ടും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കും കേരള ജനതയ്ക്കും നൽകിയ വാഗ്ദാനങ്ങളെക്കുറിച്ചോ അതിന്റെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും കാര്യം നിയമസഭയിൽ ഉന്നയിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള വിമർശനങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനോ പ്രതിപക്ഷം തയ്യാറായിട്ടില്ല. ഇന്ന് സഭയിൽ ആദ്യം ചർച്ച ആരംഭിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞതെന്ന് അദ്ദേഹത്തിനുതന്നെ നിശ്ചയമുണ്ടോയെന്ന് സംശയമാണ്. ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ പറയാൻ പാടുള്ളൂ എന്ന അഭിപ്രായമൊന്നും എനിക്കില്ല. പക്ഷെ, ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഒരു വരിയെങ്കിലും പറയാൻ അദ്ദേഹം മാത്രമല്ല, തുടർന്നുവന്ന ഒരാളും തയ്യാറാകുന്നില്ല. ഇത് ഇന്നത്തെ അനുഭവമല്ല. ഇന്നലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് സംസാരിക്കുന്നത് കേട്ടു. അതിനെക്കുറിച്ച് ഇന്നലെത്തന്നെ വലിയ ആക്ഷേപവും വിമർശനവും ഉയർന്നുവന്നു. യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന് എന്താണ് സംഭവിച്ചത്? ക്യാപ്റ്റനില്ലാതെ

കളിക്കളത്തിലിറങ്ങിയ ഒരു ടീമിന്റെ അമ്പരപ്പാണിത്. എവിടെപ്പോയി ക്യാപ്റ്റൻ? പ്രതിപക്ഷ നേതാവിനെ കാണാത്തതുകൊണ്ടല്ല ഞാൻ പറഞ്ഞത്. അഞ്ചുകൊല്ലം നന്നായി കളിച്ച ഒരു ക്യാപ്റ്റനുണ്ടായിരുന്നല്ലോ; എവിടെപ്പോയി അദ്ദേഹം? അദ്ദേഹത്തെ ക്യാപ്റ്റനാക്കി വീണ്ടും ഒരു കളിക്കിറങ്ങാനുള്ള അവസ്ഥയില്ലാതായില്ലേ നിങ്ങൾക്ക്. നിങ്ങളത് മനസ്സിലാക്കണം. ഇന്നലെ ബഹുമാന്യനായ സണ്ണി ജോസഫും ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. എം. വിൻസെന്റുമൊക്കെ പറയുന്നത് കേട്ടാൽ എക്സ് പാർട്ടി വിധിയെന്നുപറഞ്ഞാൽ കോടതി എന്തോ റിവാർഡ് പ്രഖ്യാപിച്ചതുപോലെയാണെന്ന് തോന്നും. ഒരു കോടതി വിധി ഉണ്ടായാൽ മാന്യമായി അത് അംഗീകരിച്ച് ആ വിധിക്കെതിരെ നിങ്ങൾ അപ്പീൽ സമർപ്പിക്കണം. അതിന് എന്താണ് തടസ്സം; അതിനെ ഇങ്ങനെ ന്യായീകരിക്കുന്നതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ സമീപനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഓരോ ഘട്ടത്തിലും അദ്ദേഹം എങ്ങനെയാണ് പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതെന്ന്. ഞാനത് ആവർത്തിക്കുന്നില്ല. ഇനിയിപ്പോൾ എന്താണ് പറയുക?

12 NOON]

ജനങ്ങളുടെ കോടതിയിൽ തോറ്റു, ഇപ്പോൾ നിയമ കോടതിയിലും തോറ്റു. ഇനി എങ്ങോട്ട് പോകുമെന്നാണ് പറയുന്നത്. എവിടെയെങ്കിലും പോകാൻ പറ്റുന്ന ഒരു സ്ഥലം പറഞ്ഞുതന്നാൽ നമുക്ക് മനസ്സിലാകും. നിങ്ങൾ അഞ്ചുവർഷം ഭരിച്ച് ഈ കേരളത്തെ നന്നായി മനസ്സിലാക്കിയല്ലോ; ജനങ്ങളെയും നിങ്ങൾ മനസ്സിലാക്കി. അതുകൊണ്ട് ഇപ്പോൾ എവിടെയായി? അതുപോലെ മനസ്സിലാക്കണമെന്നാണോ ഞങ്ങൾക്ക് ഉപദേശിച്ച് തരുന്നത്. നിങ്ങൾ മനസ്സിലാക്കിയതുപോലെ കേരളത്തിലെ ജനങ്ങളെ മനസ്സിലാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നതേയില്ല. ഓരോ ദിവസവും നിങ്ങൾ ഇവിടെ പറയുന്നുണ്ട്, ഞങ്ങൾക്ക് ബോദ്ധ്യമായിരിക്കുന്നു, ഞങ്ങൾ ജനവിധി അംഗീകരിക്കുന്നു എന്ന്. ജനവിധി അംഗീകരിച്ചാൽ മാത്രം പോര. അത്തരമൊരു ജനവിധിക്ക് കാരണമായ തെന്താണെന്നുകൂടി പരിശോധിക്കാൻ തയ്യാറാകേണ്ടതാണ്. ഒരു തവണയെങ്കിലും അത്തരമൊരു പരിശോധന നിങ്ങൾ നടത്തിയതായി നിങ്ങളുടെ പാർട്ടിയുടെ യോഗങ്ങളിലോ പരസ്യപ്രസ്താവനകളിലോ നിയമസഭയ്ക്കകത്തെ പ്രസംഗങ്ങളിലോ ഒരു വരി കേൾക്കണ്ടേ; എന്തുകൊണ്ട് പരാജയപ്പെട്ടു? ഇവർ കഴിഞ്ഞ അഞ്ചുവർഷം

ചെയ്ത പ്രവൃത്തികളുടെ ഫലമാണ് ഇവർ അനുഭവിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അഞ്ചുവർഷത്തെ ഭരണത്തിൽ അഴിമതിയുണ്ട്, കെടുകാര്യസ്ഥതയുണ്ട്. ഇതൊന്നും കാണാതെ, അതിനെല്ലാം ഉപരിയായി നിങ്ങൾക്ക് എന്താണ് സംഭവിച്ചത്? ബി.ജെ.പി.-യുടെ നേതൃത്വത്തിൽ എൻ.ഡി.എ. രൂപീകരിച്ച് കേരളത്തിൽ ഒരു പുതിയ മുഖ്യമന്ത്രിയെ തന്നെ വാഴിച്ചല്ലോ; ഒരാൾ മുഖ്യമന്ത്രി ആയല്ലോ; മുഖ്യമന്ത്രി സ്ഥാനാർത്ഥിയല്ല. മുഖ്യമന്ത്രിയായിത്തന്നെ വാഴുന്ന പ്രഖ്യാപനങ്ങളും പരസ്യപ്രസ്താവനകളും വന്നില്ലേ? ഇത് കണ്ടപ്പോൾ യഥാർത്ഥത്തിൽ പരസ്യവാചകങ്ങളിൽ പറയുന്നതുപോലെ നിങ്ങളുടെ മനസ്സിൽ ലഡു പൊട്ടി. എന്താണ് നിങ്ങളുടെ മനസ്സിൽ പൊട്ടിയ ലഡു; ചെറിയ അഡ്ജസ്റ്റ്മെന്റുണ്ടാക്കിയാൽ എളുപ്പത്തിൽ കരകയറാൻ കഴിയുമെന്നല്ലേ നിങ്ങൾ വിചാരിച്ചത്? ബി.ജെ.പി.-യോടും ആർ.എസ്.എസ്.-നോടും മൃദുസമീപനം സ്വീകരിച്ചു. ആരാണ് ആർ.എസ്.എസ്.; ആരാണ് ബി.ജെ.പി.; എന്താണ് അവരുടെ ലക്ഷ്യം എന്നൊക്കെ ഇനിയെങ്കിലും നിങ്ങൾ തിരിച്ചറിയണം. അത് തിരിച്ചറിയാൻ ഇനിയും നിങ്ങൾ തയ്യാറാകാത്തപക്ഷം കോൺഗ്രസ് ഉപ്പുവച്ചകലം പോലെയായി തീരുമെന്നതിൽ ഒരു സംശയവും വേണ്ട. ഒരുകാലത്ത് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളും ഭരിച്ച ഒരു പാർട്ടിയായിരുന്നു കോൺഗ്രസ്. ആ കോൺഗ്രസ്സിന്റെ അവസ്ഥ ഇന്ന് എവിടെ എത്തിനിൽക്കുന്നു? ഞാൻ അതിനെക്കുറിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. കോൺഗ്രസ്സിന്റെ തകർച്ച ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ മാത്രമല്ല, കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ട്? അല്പമെങ്കിലും മതനിരപേക്ഷത നിലനിൽക്കുന്ന മാനസികതലമുള്ളവരും ജനാധിപത്യബോധമുള്ളവരും കുറേയെങ്കിലും ഇന്നും കോൺഗ്രസ്സിൽ അവശേഷിക്കുന്നുണ്ട്. അത്തരം ആളുകളെ ഇല്ലാതാക്കുന്നതിന്, കോൺഗ്രസ്സിൽനിന്ന് എത്രയും വേഗം വിട്ടുപോകുന്നതിനുള്ള സാഹചര്യമാണ് ഒരുക്കിക്കൊണ്ടിരിക്കുന്നതെന്ന് അവർ തിരിച്ചറിയണം.

കണ്ണൂരിലെ കൊലപാതകങ്ങളെ വിശേഷിപ്പിച്ചുകൊണ്ട് ഒന്നിനുപുറകെ ഒന്നായി ഇവിടെ പറയുന്നത് കേട്ടു. അവിടത്തെയും തൊട്ടടുത്ത ജില്ലകളിലെ മന്ത്രിമാരുടെയും എണ്ണം പറഞ്ഞുകൊണ്ട് അവർക്ക് ആർക്കെങ്കിലും ഒരു അഞ്ച് മിനിട്ട് സമയമില്ലേ ഇതൊക്കെ ചർച്ച ചെയ്യാനെന്നാണ് ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത്. കണ്ണൂരിലെ സംഘർഷാവസ്ഥയ്ക്ക് ആരാണ് ഉത്തരവാദിയെന്ന് ഒരിക്കലെങ്കിലും നിങ്ങൾ പറയാൻ തയ്യാറാകുമോ? അങ്ങനെ നിങ്ങൾ പറഞ്ഞാൽ അപ്പോൾ തീരും പ്രശ്നം. നിങ്ങളെന്ന് ഞാൻ ഉദ്ദേശിക്കുന്നത്

കോൺഗ്രസ്സിനെയോ യു.ഡി.എഫ്.-നെയോ മാത്രമല്ല. കേരള സംസ്ഥാനത്തെ ബഹുജനങ്ങളുടെ ബോധത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കത്തക്ക രൂപത്തിൽ കണ്ണൂർ ജില്ലയ്ക്കകത്തുണ്ടാകുന്ന സംഘർഷങ്ങൾക്ക് നിദാനമെന്തെന്ന് പറയാൻ ഉത്തരവാദിത്വമുള്ള രാഷ്ട്രീയപ്രസ്ഥാനമെന്ന നിലയിൽ നിങ്ങൾ തയ്യാറാകണം. എന്റെ ജില്ലയ്ക്കകത്ത് രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന കോൺഗ്രസ് നേതാക്കൾ പലരും ഈ സഭയിലുണ്ട്. ഒരുവേള നിങ്ങൾ പറയണ്ടേ; തെരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ ആഹ്ലാദപ്രകടനം നടക്കുമ്പോഴാണ് സഖാവ് രവീന്ദ്രൻ ധർമ്മടം നിയോജകമണ്ഡലത്തിൽ കൊല്ലപ്പെട്ടതെന്ന്. എന്തായിരുന്നു നിങ്ങളുടെ പ്രതികരണം? അതിനുശേഷം ധർമ്മടത്തുനിന്നുള്ള സഖാവ് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായുള്ള ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് നാളുകൾ കഴിയുന്നതിനുമുമ്പ് ധനരാജ് എന്ന ചെറുപ്പക്കാരനെ കൊലപ്പെടുത്തിയില്ലേ; എന്തിന്റെ പേരിലായിരുന്നു കൊലപ്പെടുത്തിയത്; എന്ത് പ്രതികാരത്തിന്റെ പേരിലായിരുന്നു കൊലപ്പെടുത്തിയത്; ഏതെങ്കിലും പ്രശ്നത്തിന്റെ, പ്രതികരണത്തിന്റെ ഭാഗമായിട്ടായിരുന്നോ; അതിനെക്കുറിച്ചൊന്നും പറയാൻ നിങ്ങൾക്ക് നാവ് ഉയരുന്നില്ലല്ലോ; മോഹനനെ കൊലപ്പെടുത്തിയത് എന്തിനായിരുന്നു; മോഹനനോടുള്ള പ്രതികാരം എന്തായിരുന്നു; ആ പ്രദേശത്തുണ്ടായ സംഘർഷം എന്തിനായിരുന്നു; അത് പറയാൻ നിങ്ങൾ തയ്യാറാകണ്ടേ? ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും എന്തിനാണിത് നടത്തുന്നതെന്ന് നിങ്ങൾക്ക് നന്നായറിയാം. അവർ ആഗ്രഹിക്കുന്നതിനനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. രണ്ട് തവണ എ.കെ.ജി. ഭവനിലേയ്ക്ക് മാർച്ച് നടത്തി. കണ്ണൂർ ജില്ലയിലെ സംഘർഷാവസ്ഥ കുറയ്ക്കുന്നതിനുവേണ്ടിയാണോ എ.കെ.ജി. ഭവനിലേയ്ക്ക് മാർച്ച് നടത്തിയത്? എത്ര എം.പി.-മാരുടെ ടീമാണ് കണ്ണൂർ സന്ദർശിച്ചുപോയത്. ബി.ജെ.പി.-യുടെ ദേശീയ കൗൺസിൽ യോഗം ചേർന്നപ്പോൾപ്പോലും നരേന്ദ്ര മോദിക്കും അമിത്ഷായ്ക്കും പറയാനുണ്ടായിരുന്നത് കണ്ണൂരിനെക്കുറിച്ചാണ്. എന്താണ് കണ്ണൂരിലെ പ്രശ്നം? കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കാനും ദിശാബോധം നൽകാനും കണ്ണൂരും മലബാറും ഉണർന്നു പ്രവർത്തിക്കുന്നുവെന്നല്ലാതെ മറ്റെന്താണ് പ്രശ്നം; വൈദ്യുതി ബൾബുകളല്ല ഞങ്ങൾ തകർക്കാൻ ഉദ്ദേശിക്കുന്നത്, ട്രാൻസ്ഫോർമർതന്നെ തകർക്കുമെന്ന് പറഞ്ഞത് ഇതിനുമുമ്പ് ഞങ്ങൾ കേട്ടിട്ടുണ്ട്. കണ്ണൂരിലെ മെമ്പർ മാത്രമല്ല കേരളത്തിലെ വിവിധ ഭാഗങ്ങളിലുള്ളവർ കേട്ടിട്ടുണ്ടാകും. കണ്ണൂരിലെ പ്രസ്ഥാനത്തെ തകർത്താൽ ട്രാൻസ്ഫോർമർ തകർക്കുന്നതിന് തുല്യമായിരിക്കും. ബൾബുകൾ ഫ്യൂസാക്കാൻ ഞങ്ങൾ

ആലോചിക്കുന്നില്ല, ഞങ്ങൾ ട്രാൻസ്ഫോർമർ തകർക്കും. അങ്ങനെ ട്രാൻസ്ഫോർമർ തകർക്കുമെന്ന് പറഞ്ഞ് കണ്ണൂർ ജില്ലയിലെ പാർട്ടി സെക്രട്ടറിയെ ഉൾപ്പെടെ വകവരുത്തി, തലനാരിഴയ്ക്കല്ലേ സഖാവ് ജയരാജൻ രക്ഷപ്പെട്ടത്. അങ്ങനെ എത്രയെത്ര സഖാക്കളെ വകവരുത്തുന്നതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. അതിനെക്കുറിച്ചെല്ലാം നിശബ്ദത പാലിക്കുകയാണ് കോൺഗ്രസ്സും യു.ഡി.എഫും. ഒരു കാര്യം നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നരേന്ദ്ര മോദിയുടെയും അമിത്ഷായുടെയും തന്ത്രങ്ങൾ കേരളത്തിൽ വിലപ്പോകില്ലെന്ന് നിങ്ങളേക്കാൾ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ. അത്രയും നിങ്ങൾ മനസ്സിലാക്കണം. നിങ്ങളേക്കാൾ യാഥാർത്ഥ്യബോധം ശ്രീ. ഒ. രാജഗോപാലിനുണ്ട്. നരേന്ദ്ര മോദിയുടെയും അമിത്ഷായുടെയും കുടിലതന്ത്രം വിലപ്പോകില്ലെന്ന് അദ്ദേഹത്തിന് മനസ്സിലാകുന്നതുകൊണ്ടാണ് ഇവിടെ വരുന്ന പാർലമെന്റ് അംഗങ്ങളോടൊപ്പം അദ്ദേഹത്തെ കാണാനില്ലാത്തത്. അദ്ദേഹം ഇതൊന്നും പറയാൻ നിൽക്കുന്നില്ല. എന്താണ് കാര്യം? ഞങ്ങൾ അദ്ദേഹത്തെയാണ് കൂടുതൽ ഭയപ്പെടുന്നത്. കാരണം, ഇടതുപക്ഷ ആഭിമുഖ്യമുള്ള, പുരോഗമന ചിന്താഗതിയുള്ള, ജനാധിപത്യബോധമുള്ള കേരളത്തിലെ ജനങ്ങൾ ശ്രീ. ഒ. രാജഗോപാലിനെ പോലെയുള്ള ആളുകളുടെ സമീപനമാണ് കൂടുതൽ അപകടകരമായി കാണുന്നത്. ആർ.എസ്.എസ്.-ലേക്കും ബി.ജെ.പി.-യിലേയ്ക്കും ആളുകളെ കൂടുതൽ ആകർഷിക്കാൻ, കേരളത്തിന്റെ മണ്ണിൽ അമിത്ഷായെക്കാൾ കൂടുതൽ ശ്രീ. ഒ. രാജഗോപാലിനാണ് സാധിക്കുകയെന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. എന്നാൽ നിങ്ങൾക്ക് ആ ബോദ്ധ്യമില്ല. അതുകൊണ്ടാണ് അമിത്ഷായും നരേന്ദ്ര മോദിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാനും ദുർബ്ബലപ്പെടുത്താനും ശ്രമിക്കുമ്പോൾ നിങ്ങൾ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നത്. നിങ്ങളുടെ കൂടെയിരിക്കുന്നവരെല്ലാം ആ സമീപനം സ്വീകരിക്കുമെന്ന അഭിപ്രായം ഞങ്ങൾക്കില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറയട്ടെ, ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും കേരളത്തിൽ ഒരുപോലെയാണോയെന്ന്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പറയട്ടെ; അങ്ങനെ പറയുമെന്ന് ഞങ്ങൾക്കഭിപ്രായമില്ല. കേരളത്തിലെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് നന്നായി മനസ്സിലാക്കുന്ന ഏതൊരു വ്യക്തിക്കും പറയാൻ സാധിക്കും, ഈ സംസ്ഥാനത്ത് നാളിതുവരെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ച എല്ലാ നന്മയുടെയും പുറകിൽ ഇടതുപക്ഷമുണ്ടായിരുന്നുവെന്ന്. ഏതെങ്കിലും ഒരു നല്ലതിനുപുറകിൽ ആർ.എസ്.എസ്.-ഓ ബി.ജെ.പി.-യോ ഉണ്ടോ; നിങ്ങൾ പറയൂ? എന്നിട്ടുവേണം

ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം)-ഉം ഒരുപോലെയാണെന്ന് പറയേണ്ടത്. എന്നാൽ കോൺഗ്രസ്സുകാർ അങ്ങനെ പറയാൻ തയ്യാറാകാത്തതിന് പുറകിലെ രാഷ്ട്രീയ ദുഷ്ടലാക്കാണ് നിങ്ങൾക്കിപ്പോഴുണ്ടായ ഗതികേടിന് കാരണം. ഇത് ഇനിയെങ്കിലും അവസാനിപ്പിക്കാൻ നിങ്ങൾ തയ്യാറാകണം. ഇൻഡ്യയിലെ 23 സംസ്ഥാനങ്ങൾ നിങ്ങൾ ഭരിച്ചിരുന്നതാണ്. അതൊക്കെ പോയി. അതുപോലൊരവസ്ഥ അല്ലെങ്കിൽ അതിനെക്കാൾ ഗതികെട്ട അവസ്ഥ ഈ കേരളത്തിൽ കോൺഗ്രസ്സിനുണ്ടാകരുതെന്ന ആഗ്രഹം കൊണ്ടാണ് ഞാൻ പറയുന്നത്, അവസാനിപ്പിക്കുക, എന്നിട്ട് നിങ്ങൾ ഗവൺമെന്റിനെ വിമർശിക്കുക. ഗവൺമെന്റിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശിക്കുക. ഇന്ന് ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം നിങ്ങൾ കുറച്ചുപേരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടാകും. ആര് ശ്രദ്ധിച്ചില്ലെങ്കിലും ശ്രീ. മോൻസ് ജോസഫ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇക്കാര്യത്തിൽ നമ്മൾ കക്ഷിരാഷ്ട്രീയം മാറ്റിവച്ച് ഒറ്റക്കെട്ടായി നിൽക്കണമെന്ന് ശ്രീ. മോൻസ് ജോസഫ് പറഞ്ഞതിനെ നൂറുശതമാനം പിന്തുണച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞത്, കേരളത്തിന്റെ വികസനകാര്യത്തിൽ രാഷ്ട്രീയമായ പക്ഷപാതത്തോടുകൂടി ചേരിതിരിഞ്ഞു നിൽക്കേണ്ട ഒരു ഘട്ടമല്ലിത്. അതുകൊണ്ട് നമുക്ക് ഒരുമിച്ച് ഒരൊറ്റ മനസ്സോടുകൂടി പ്രവർത്തിക്കണം എന്നാണ്. കേരളത്തിന്റെ വികസനത്തിനായി 50,000 കോടി രൂപയുടെ ദീർഘവീക്ഷണത്തോടുകൂടിയ ഒരു പദ്ധതി ആവിഷ്കരിച്ചു. അതിനെക്കുറിച്ച് ചർച്ചചെയ്യുന്ന സഭയ്ക്കകത്ത് ഒരക്ഷരം മിണ്ടാൻ നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾക്ക് തോന്നാത്തതിൽ ഒരത്ഭുതവുമില്ല. കാരണം കഴിഞ്ഞ അഞ്ചുവർഷക്കാലം നിങ്ങൾ ചെയ്ത കാര്യം ചെറിയ സമയംകൊണ്ട് പറയുകയാണ്. കോക്കനട്ട് ബയോപാർക്ക്, റൈസ് ബയോപാർക്ക്, നാളികേരവികസന കോർപ്പറേഷന്റെ മാമം സംസ്കരണ പദ്ധതി, കേരഫെഡ് തുടങ്ങിയ നൂറ് പ്രഖ്യാപനങ്ങൾ അന്നത്തെ മന്ത്രി നടത്തി. വായ്ത്താരിയല്ലാതെ ഒരൊറ്റ കാര്യം ചെയ്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം മിനിമം വേജസ് ഉപദേശക സമിതിക്ക് അധികാരം നൽകിക്കൊണ്ട് അടിയന്തരമായി മിനിമം വേജസ് പുതുക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്.

മുൻ എസ്. സി/എസ്. ടി വകുപ്പുമന്ത്രി പരിണിതപ്രജ്ഞനും സൗമ്യ സ്വഭാവക്കാരനുമാണ്, അദ്ദേഹത്തോടുള്ള എല്ലാ സ്നേഹവും ആദരവും നിലനിർത്തിക്കൊണ്ടു പറയട്ടെ, അങ്ങ് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒരു ലക്ഷം രൂപ എസ്. സി വിഭാഗത്തിനും

50,000 രൂപ എസ് ടി വിഭാഗത്തിനുമുള്ള ഗ്യാപ് ഫില്ലിംഗ് ഫണ്ട് കൊടുത്തത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് അത് പാസ്സാക്കി വച്ചിരുന്നില്ല. Ways and means-ന്റെ പ്രശ്നംകൊണ്ട് ഡിലേ ആയതല്ല, ഈ ഗവൺമെന്റ് തന്നെയാണ് കൊടുത്തത്. ആ ഡോക്യുമെന്റ് ഞാൻ പരിശോധിച്ചതുകൊണ്ടാണ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ വകുപ്പും കാണിച്ച കെടുകാര്യസ്ഥതയുടെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മത്സ്യമേഖലയിൽ ഒരു തത്വദീക്ഷയുമില്ലാതെയാണ് നിങ്ങൾ പ്രവർത്തിച്ചത്. വ്യാവസായിക മേഖലയിൽ നിങ്ങൾക്കൊന്നും ചെയ്യാനുണ്ടായിരുന്നില്ല. ജിം പോലെ ഒരു എമർജിംഗ് കേരളയുംകൂടി നടത്തി ഒന്നുമില്ലാതാക്കി. ഇന്നലെ ധനാഭ്യർത്ഥനയുടെ സമയത്ത് വ്യവസായ വകുപ്പിനുവേണ്ടി മുഖ്യമന്ത്രി പറഞ്ഞ നിരവധി കാര്യങ്ങൾ കേരളത്തിന്റെ വ്യാവസായിക മേഖലയെ രക്ഷിക്കാൻ വേണ്ടിയുള്ളതാണ്. വർഗ്ഗീയശക്തികൾക്കെതിരായി ജനാധിപത്യ വിശ്വാസികളെ ഒറ്റക്കെട്ടായി അണിനിരത്തുന്ന ഒരു നവകേരള സൃഷ്ടിക്കുവേണ്ടി ഗവൺമെന്റ് നടത്തുന്ന പരിശ്രമത്തിൽ തീർച്ചയായും കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും പ്രവർത്തകർ ക്രിയാത്മകമായി പങ്കുചേരുമെന്ന പ്രതീക്ഷയോടുകൂടി ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഈ ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ എനിക്ക് ആറുമിനിറ്റ് സമയമേയുള്ളൂ. അതുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഒരു നവയുഗ കേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള ആഹ്ലാദത്തോടുകൂടിയാണ് ബഹുമാന്യനായ ജെയിംസ് മാത്യു ഇവിടെ പ്രസംഗം അവസാനിപ്പിച്ചത്. അത് അങ്ങനെ തന്നെയാകട്ടെ എന്നുതന്നെയാണ് എന്റെയും പ്രാർത്ഥന. വയലാർ രാമവർമ്മയുടെ ചരമദിനമാണ് ഒക്ടോബർ 27. അദ്ദേഹത്തിന്റെ പ്രശസ്തമായ 'സർഗ്ഗസംഗീത'ത്തിൽ,

" വാളല്ലെൻ സമരായുധം ഝണഝണധ്വാന
മുഴക്കീടുവാനാളല്ലെൻ
കരവാളുവിറ്റൊരു മണിപ്പൊൻവീണ
വാങ്ങിച്ച ഞാൻ"

എന്ന പ്രശസ്തമായ കവിതയിൽ അദ്ദേഹം പറഞ്ഞത് ഇന്നും കേരളീയ ജീവിതത്തിൽ പ്രസക്തമാണ്. യഥാർത്ഥത്തിൽ വാളുകൊണ്ടല്ല, അക്ഷരം

കൊണ്ടാണ് മാറ്റങ്ങൾ ഉണ്ടാക്കേണ്ടത് എന്നുള്ള ഓർമ്മപ്പെടുത്തൽ എല്ലാവർക്കും ബാധകമാണെന്ന് ആമുഖമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഒന്നുരണ്ട് കാര്യങ്ങളാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. വളരെ പ്രാഗ്മാറ്റിക്കായ ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക്. മിൽട്ടൺ ഫ്രെഡ്മാൻ 1962-ൽ എഴുതിയ വാക്കുകൾ ഈ കാലഘട്ടത്തിൽ നമ്മളെ സംബന്ധിച്ചിട ത്തോളം വളരെ പ്രസക്തമാണ്. - "Only a crisis - actual or perceived - produces real change. When that crisis occurs, the actions that are taken depends on the ideas that are lying around. That, I believe, is our basic function: to develop alternatives to existing policies, to keep them alive and available until the politically impossible becomes the politically inevitable." ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട് കുറെയേറ പ്രതിസന്ധികളുണ്ട്. പലപ്പോഴും ബഡ്ജറ്റുകളുടെ അടിസ്ഥാനപരമായ അന്തസ്സത്തയെപ്പോലും ചോദ്യം ചെയ്യുന്ന തരത്തിലേയ്ക്ക് കഴിഞ്ഞ കാലഘട്ടങ്ങൾ കടന്നുപോയി. ബഡ്ജറ്റ് പ്രസംഗങ്ങൾ പലപ്പോഴും കേവലം പ്രസംഗങ്ങൾ മാത്രമായി അവസാനിക്കുകയും പുതിയതായി പലതും പ്രഖ്യാപിക്കുകയും പഴയകാലത്ത് ആവിഷ്കരിച്ച പദ്ധതികൾ അക്ഷരങ്ങളിൽമാത്രം മയങ്ങിക്കിടക്കുകയും ചെയ്യുന്ന കാഴ്ച നമ്മൾ കണ്ടുവരുന്നുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിലെ ബഡ്ജറ്റുകൾ പരിശോധിച്ചാൽ ഈ കാര്യങ്ങൾ മനസ്സിലാക്കാം. യഥാർത്ഥത്തിൽ അതിനൊരു മാറ്റം ഉണ്ടാകണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, നമുക്ക് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് ഈ കാര്യത്തിൽ ഉണ്ടാകണം. കഴിഞ്ഞകാല ബഡ്ജറ്റുകൾ, അതിന്റെ നടത്തിപ്പിലുണ്ടാകുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം, അതിന്റെ എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റിയുമായി ബന്ധപ്പെട്ടാണ്. ബഡ്ജറ്റുകൾ പലപ്പോഴും കണക്കുകളായി മാറുകയും പിന്നീട് അത് റിവൈസ്ഡ് എസ്റ്റിമേറ്റുകളായി വരികയും ചെയ്യുന്നു. എക്സ്പെൻഡിച്ചർ വരുമ്പോൾ അതുമായി യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ്. ഞാൻ കേരളത്തിലെ ബഡ്ജറ്റുകളെക്കുറിച്ച് റിസർച്ച് നടത്തുകയും അതിന്റെ അന്വേഷണഘട്ടത്തിലൂടെ കടന്നുപോകുകയും ചെയ്തപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം, ന്യൂമറിക്കൽ എക്സർസൈസിന് അപ്പുറത്തേക്ക് അവ യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാതെ പോകുന്നുവെന്നത് ഒരു പരിധിവരെ സത്യമാണ്. മാത്രമല്ല, ബഡ്ജറ്റ് എക്സ്പെൻഡിച്ചറുകൾ പരിശോധിക്കുമ്പോൾ അവസാനത്തെ

ക്വാർട്ടറിലാണ് ഏറ്റവും കൂടുതൽ ചെലവ് വരുന്നതെന്നുകാണാം. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലാണെങ്കിലും സർക്കാർ തലങ്ങളിലാണെങ്കിലും പ്രവർത്തനങ്ങളെല്ലാം തുടങ്ങി വയ്ക്കുന്നത് അവസാനത്തെ രണ്ടുമൂന്ന് മാസക്കാലയളവിലാണ്. നമുക്കൊരു ക്വാർട്ടർലി പെർഫോമൻസ് ഈ കാര്യത്തിൽ ഇല്ലെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ഒരു മാറ്റം ഇക്കാര്യത്തിൽ ഉണ്ടാകട്ടെയെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതോടൊപ്പംതന്നെ കുറെയേറെ ലക്ഷ്യങ്ങൾ നാം പ്രഖ്യാപിക്കാറുണ്ട്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം -

"നമ്മൾ ജയിക്കും

ജയിക്കുമൊരുദിനം

നമ്മളൊറ്റയ്ക്കല്ല

നമ്മളാണീ ഭൂമി....."

എന്ന 'ദിനാന്ത'ത്തിലെ മനോഹരമായ കവിതയോടുകൂടി അവസാനിപ്പിക്കുമ്പോൾ നമുക്കിത് എങ്ങനെ നേടിയെടുക്കാൻ സാധിക്കുമെന്നാണ് ചിന്തിക്കേണ്ടത്. പലപ്പോഴും ബഡ്ജറ്റ് ചർച്ചകൾ നടക്കുമ്പോൾ, ഒരു ഗവൺമെന്റ് കൊണ്ടുവരുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ മോശമാണെന്നും മറുഭാഗത്ത് ഇതെല്ലാം കൊള്ളാവുന്ന കാര്യങ്ങളാണെന്ന് പറയുകയും ചെയ്യുമ്പോൾ യാഥാർത്ഥ്യങ്ങളോട് നമ്മൾ എത്രമാത്രം സമരസപ്പെടുന്നുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. Fiscal Management-ന്റെ കാര്യത്തിൽ ഒരിക്കലും പറയുന്നിടത്ത് എത്തിച്ചേരാൻ പറ്റുന്നില്ലായെന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റും റിവൈസ്ഡ് എസ്റ്റിമേറ്റും തമ്മിൽ ഗ്യാപ്പുണ്ടാകുന്നു. ആസൂത്രണത്തിലെ വലിയൊരു തകരാർ ഇക്കാര്യത്തിലുണ്ട്. ധനകാര്യ വകുപ്പുമന്ത്രി സ്പെഷ്യൽ പർപ്പസ് വെഹിക്കിളിലൂടെ കൊണ്ടുവരുന്ന ആശയങ്ങളോട് ഒരു പരിധിവരെ യോജിക്കുമ്പോഴും നിയമസഭയുടെ മുന്നിലേയ്ക്ക് ഈ കാര്യങ്ങളൊന്നും കൊണ്ടുവരുന്നില്ല എന്നതും ചിന്തിക്കേണ്ടതാണ്. ബഡ്ജറ്റിന് പുറത്തുള്ള കാര്യങ്ങൾ പ്രഖ്യാപിച്ച് അത് നടപ്പിലാക്കുന്ന ഒരു രീതിയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ടാണ് revenue deficit ഉം fiscal deficit ഉം തമ്മിലുള്ള അന്തരവും public debt ഉം വർദ്ധിക്കുന്നത്. അങ്ങനെ കാര്യങ്ങൾ പലപ്പോഴും കൈവിട്ടുപോകുന്ന ഒരു അവസ്ഥയുണ്ട്. ഇപ്പോൾ ഇലക്ട്രോണിക് ലെഡ്ജർ

അക്കൗണ്ടിലൂടെ ബഡ്ജറ്റിലെ പല പ്രവർത്തനങ്ങളും അറേഞ്ച്മെന്റുകളായി മാറുന്നൊരു പ്രക്രിയയാണ് കേരളത്തിൽ കണ്ടുവരുന്നത്. ഇതിൽ മാറ്റം ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ ഒരു പരിധിവരെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൃഷി ഉൾപ്പെടെയുള്ള മേഖലകളിൽ കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ലായെന്നുള്ളത് സത്യമാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞിരിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. റവന്യൂ വളരെയേറെ inflate ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. മാത്രമല്ല അതിനുശേഷം എക്സ്പെൻഡിച്ചർ റിവൈസ് ചെയ്യുന്നു. ഇങ്ങനെ വരുമ്പോൾ ഒരുകാര്യത്തിന് അലോട്ട് ചെയ്യുന്ന പണം മറ്റുപല കാര്യങ്ങൾക്കും ചെലവഴിക്കുന്ന ഒരു രീതിയുണ്ടാകും. ചുരുക്കത്തിൽ നമ്മുടെ revenue deficit-ഉം fiscal deficit-ഉം തമ്മിലുള്ള ഗ്യാപ്പ് വർദ്ധിക്കുന്ന അവസ്ഥ ഉണ്ടാകുന്നു. ഇതെല്ലാം ബഡ്ജറ്റിന്റെ ഇന്റഗ്രിറ്റിയെ ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്. ബഡ്ജറ്റ് ഒരു ആധികാരിക രേഖയാണെന്നാണ് ഞാൻ പഠിച്ചിട്ടുള്ളത്. പക്ഷെ ഇന്ന് അത്രയും ആധികാരികത ബഡ്ജറ്റുകൾക്കുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. സ്വാഭാവികമായും കാലത്തിന്റെ മാറ്റമായിരിക്കാം. സത്യത്തിൽ ആ ഇന്റഗ്രിറ്റി നിലനിർത്താൻ കഴിയുന്നില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റും ആക്ച്വൽ എക്സ്പെന്റിച്ചറും തമ്മിലുള്ള അന്തരം ഇന്റർനാഷണൽ ലെവലിൽ ഏതാണ്ട് 20 ശതമാനം വരെ വരാം. പക്ഷെ ഏതാണ്ട് 43-49 ശതമാനം വ്യത്യാസം വരുമ്പോൾ എവിടെയാണ് നമ്മുടെ ബഡ്ജറ്റുകളുടെ ഇന്റഗ്രിറ്റി നിലനിൽക്കുന്നതെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ മാറ്റങ്ങൾ ഉൾക്കൊണ്ടു വേണം വരാൻ പോകുന്ന കാലഘട്ടത്തിൽ മുന്നോട്ടുപോകേണ്ടത്. നമ്മുടെ കാഴ്ചപാട് മാറുകയാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണെന്ന് പറയുമ്പോഴും എനിക്ക് തോന്നുന്നത് കേരളം ആസക്തി പിടിച്ച സംസ്ഥാനമായി മാറുകയാണ് എന്നാണ്. തെരുവുനായ്ക്കളുടെ വിഷയം പോലും അതാണ് സൂചിപ്പിക്കുന്നത്. ചൈനയിൽനിന്നും കൊണ്ടുവരുന്ന അജിനോമോട്ടോ കഴിച്ച് നായകൾക്കുപോലും ആസക്തി വർദ്ധിക്കുന്നു. അനാസക്തിയെക്കുറിച്ച് പറയുന്നവർ മോശക്കാരാണെന്ന് പറയുന്ന കാലഘട്ടമാണിത്. ആസക്തിയല്ല

അനാസക്തിയാണ് നല്ലതെന്ന് പലപ്പോഴും നമ്മൾ തിരിച്ചറിയണം. ആ തിരിച്ചറിവ് നമ്മുടെ വികസനത്തിലും കാഴ്ചപ്പാടുകളിലും ഉണ്ടാകുന്നതാണ് നല്ലതെന്ന് ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. 'നമ്മളാണീ ഭൂമി' എന്നുപറയുമ്പോഴും ഭൂമി തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ എവിടെയാണ് അങ്ങ് കാലുറപ്പിക്കാൻ പോകുന്നതെന്നുള്ള എളിയ ആശങ്ക ഞാൻ പങ്കുവയ്ക്കുന്നു. എങ്കിലും ഇതൊക്കെ ഭംഗിയായി പോകട്ടേയെന്ന് ആത്മാർത്ഥമായി ആശിക്കുന്നു. ഭരണ-പ്രതിപക്ഷഭേദമെന്യേ വികസനത്തെ അതിന്റെ പൂർണ്ണമായ അർത്ഥതലങ്ങളിൽ കാണാൻ കഴിയുന്ന ഒരു സംവിധാനമുണ്ടാകണം. അതിന് കഴിയട്ടെയെന്ന് ഒരിക്കൽക്കൂടി ആഗ്രഹിക്കുന്നു. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഈ നിയമസഭ ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ധനവിനിയോഗം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്യുന്ന ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ധനവിനിയോഗം സുതാര്യവും അഴിമതി രഹിതവും കാര്യശേഷിയോടുകൂടിയതുമായിരിക്കണമെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് അതിനെക്കുറിച്ചുള്ള കൂലങ്കഷമായ, തലനാരിഴകീറിയുള്ള ചർച്ച ഈ സഭയിൽ നടക്കേണ്ടത്.

കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ ഈ സർക്കാർ നടത്തിയ ചില ധനവിനിയോഗങ്ങൾ സുതാര്യവും അഴിമതിരഹിതവുമായിരുന്നില്ലെന്നാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 2016 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും രണ്ട് തരത്തിലുള്ള തോട്ടണ്ടി വാങ്ങിയതിലുള്ള ക്രമക്കേടും അഴിമതിയും ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. ഈ ഗവൺമെന്റ് വന്നയുടൻതന്നെ കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും എം.ഡി.-മാരെ മാറ്റി നിയമിച്ചു. എം.ഡി.-മാരെ മാറ്റി നിയമിക്കാനുള്ള വിവേചനാധികാരം ഈ ഗവൺമെന്റിനുണ്ട്. കാപ്പെക്സിന്റെ എം.ഡി.-യായി നിയമിക്കപ്പെട്ട ശ്രീ. ആർ. രാജേഷ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോപണങ്ങളുടെ പേരിൽ റിയാബിന്റെ നിർദ്ദേശപ്രകാരം ആ സ്ഥാനത്തുനിന്നും നീക്കംചെയ്യപ്പെട്ട ആളാണ്. അദ്ദേഹം ഓട്ടോകാസ്റ്റ്-ന്റെ എം.ഡി. ആയിരിക്കുമ്പോഴും നിരവധി ആരോപണങ്ങൾക്ക് വിധേയനായിരുന്നു. അന്ന് മാനേജിംഗ് ഡയറക്ടർ സ്ഥാനത്തുനിന്നും ഇയാളെ

നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിയാബിന്റെ കത്ത് എന്റെ കൈവശമുണ്ട്. അത് ഞാൻ സഭയുടെ മുൻപാകെ വയ്ക്കുകയാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ എം.ഡി.-യായ ടി. എഫ്. സേവ്യർ എസ്. പി. റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനാണ്. ഇദ്ദേഹത്തിന്റെ പശ്ചാത്തലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. ഈ രണ്ട് എം.ഡി.-മാരുടെയും പശ്ചാത്തലം അന്വേഷിച്ചാൽ, നിങ്ങൾ അധികാരത്തിൽ വരുമ്പോൾ any Tom, Dick and Harry can be appointed as Managing Director of Public Sector Undertaking എന്നുള്ള നിലയിലാണ്. വിജിലൻസ് അന്വേഷണം നടത്തുകയോ ക്യാബിനറ്റിന്റെ അംഗീകാരം നേടുകയോ ചെയ്യാതെ ശരിയായ പശ്ചാത്തലം ഇല്ലാത്തവരെയാണ് ഈ രണ്ട് സ്ഥാപനങ്ങളിലും എം.ഡി.-മാരായി നിയമിച്ചിട്ടുള്ളത്. 25-6-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം തോട്ടണ്ടി വാങ്ങുന്നതിനുള്ള ടെണ്ടർ വ്യവസ്ഥകളിൽ നാല് പ്രധാനപ്പെട്ട ഇളവുകൾ വരുത്തിയിട്ടുണ്ട്. ഒരുപക്ഷെ ആളുകൾ കൂടുതൽ വരുന്നതിനു വേണ്ടിയിട്ടാകാം, ഞാൻ അതിനെ എതിർക്കുന്നില്ല. അതിൽ എന്നെ അത്ഭുതപ്പെടുത്തിയ പ്രധാനപ്പെട്ട ഒരു പോയിന്റ്, പ്രാഥമികമായ ക്വാളിറ്റി അസെസ്സ്മെന്റ് നടത്താൻ നേരത്തേ തേർഡ് പാർട്ടി ഏജൻസിക്കായിരുന്നു ചുമതല. ഇപ്പോൾ ആ രീതി മാറ്റി കശുവണ്ടി സപ്ലൈ ചെയ്യുന്ന ആളിനെത്തന്നെ അതിന് ചുമതലപ്പെടുത്തി. അങ്ങനെയൊരു ഇളവ് ടെണ്ടർ കണ്ടീഷനിൽ വരുത്തിയിട്ടുണ്ട്. ഞാൻ അതൊരു ആരോപണമായി ഉന്നയിക്കുന്നില്ല. 22-6-2016-ൽ ബഹുമാനപ്പെട്ട മന്ത്രി വ്യാപാരികളുടെ ഒരു യോഗം വിളിച്ചു, കൂടുതൽ വ്യാപാരികൾ വരുന്നതിനു വേണ്ടിയാണ് മന്ത്രി ആ യോഗം വിളിച്ചത്. അതിനെയും ഞാൻ എതിർക്കുന്നില്ല. ബ്രോക്കർമാരും വ്യാപാരികളുമായിട്ടുള്ള രണ്ടുമൂന്നുപേർ മാത്രമേ ആ യോഗത്തിൽ പങ്കെടുത്തുള്ളൂ. അവരാണ് എം.ഡി.-മാരുമായി ഗൂഢാലോചന നടത്തി തോട്ടണ്ടി വാങ്ങിയതിൽ ക്രമക്കേട് നടത്തിയിരിക്കുന്നത്. രണ്ട് പ്രധാനപ്പെട്ട കച്ചവടമാണ് ഞാൻ ഇതിൽ സൂചിപ്പിക്കുന്നത്. 47 lbs ഐവറി കോസ്റ്റ് ഒറിജിൻ തോട്ടണ്ടി നൽകുന്നതിന് 17-6-2016-ന് സി. ബി. കമ്മോഡിറ്റീസ് എന്നുപറയുന്ന കമ്പനി ഒരു മെട്രിക് ടണ്ണിന് 1584 യു. എസ്. ഡോളർ നിരക്കിൽ ടെണ്ടർ കൊടുക്കുന്നു, വിലകൂടുതലാണെന്ന കാരണത്താൽ അത് റിജക്ട് ചെയ്യുന്നു. രണ്ടാമത് വീണ്ടും എക്സൽ സയന്റിഫിക് കമ്പനി 1689 യു. എസ്. ഡോളർ നിരക്കിൽ വീണ്ടും ടെണ്ടർ കൊടുക്കുന്നു, അതും റിജക്ട് ചെയ്തു. അതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത്, "Procurement price quoted by them was also 1689 US dollar/MT for 47 lbs out turn and count of

195-200. The rate quoted by them was very high when compared to market price. As the season is almost over, the quality of RCMA also be poor. Therefore it may be difficult to accept the offer" എന്നാണ്. വില കൂടുതലാണ്, ക്വാളിറ്റി മോശമാണ് എന്നീ കാരണങ്ങൾ പറഞ്ഞ് അത് റിജക്ട് ചെയ്യുന്നു. ആദ്യത്തെ ടെണ്ടർ മെട്രിക് ടണ്ണിന് 1584 യു.എസ്. ഡോളറിന്, രണ്ടാമത് 1689 യു.എസ്. ഡോളറിന്. ഏറ്റവും രസകരമായ കാര്യം, പത്തുദിവസം കഴിഞ്ഞപ്പോൾ Olam Agro India Limited എന്നുപറയുന്ന കമ്പനിക്ക് 1858 ഡോളറിന് ടെണ്ടർ അപ്രൂവ് ചെയ്തുകൊടുക്കുന്നു. അതായത് ഒരു കിലോയ്ക്ക് 118 രൂപ എന്നുള്ളത് 124.50 രൂപയിലേയ്ക്ക് മാറ്റിക്കൊടുക്കുന്നു. ഒരേ ക്വാളിറ്റിയുള്ള കശുവണ്ടിക്ക് ഏറ്റവും നിരക്ക് കുറഞ്ഞ രണ്ട് ഓഫറുകൾ മാറ്റി ഒരു ടണ്ണിന് 272 യു.എസ്. ഡോളറിന്റെ വ്യത്യാസത്തിൽ മറ്റൊരു കമ്പനിക്ക് നൽകിയിരിക്കുകയാണ്. ആദ്യത്തെ രണ്ടു ടെണ്ടറുകളും വില കൂടുതലാണെന്ന് ഗവൺമെന്റ് ഓർഡറിൽ എഴുതിവച്ച് റിജക്ട് ചെയ്തിട്ട് അതിനേക്കാൾ 272 യു.എസ്. ഡോളർ, കൂടുതലുള്ളത് വാങ്ങിക്കുന്നു. ഇത് തമ്മിലുള്ള വ്യത്യാസം എന്നുപറയുന്നത്, ഒറ്റ റൗണ്ട് 1000 ടൺ വാങ്ങിച്ചപ്പോൾത്തന്നെ 1.82 കോടി രൂപ നഷ്ടം ഉണ്ടാകുന്നു. സെയിം ക്വാളിറ്റി പത്ത് ദിവസത്തിനുള്ളിൽ വാങ്ങിയതിലാണ് ഈ വ്യത്യാസം വന്നത്. തേർഡ് പാർട്ടി ടെസ്റ്റ് നടത്താതെ പണം നൽകി, പണം നൽകിയതിനുശേഷമാണ് ഇതിന്റെ ക്വാളിറ്റി ടെസ്റ്റ് നടത്തുന്നത്, 47 പൗണ്ട് എന്നുപറഞ്ഞിട്ട് 43 പൗണ്ടിൽ കുറവാണ് കാണിച്ചത്. കട്ടിംഗ് ടെസ്റ്റിന്റെ റിസൾട്ട് അവിടെയുണ്ട്. ഡിഫക്ടീവ് നട്ട്സ് 15 ശതമാനത്തിൽക്കൂടുതലാണ്. പക്ഷേ പണം കൊടുത്തുകഴിഞ്ഞു. പണ്ട് ധനകാര്യ വകുപ്പ് സെക്രട്ടറി കശുവണ്ടി കോർപ്പറേഷനിലേയ്ക്ക് പണം കൊടുക്കില്ലായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധാരാളം പണം കൊടുക്കുന്നുണ്ട്. കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് പണം കൊടുക്കുന്നത്. ഞാനത് സമ്മതിക്കുന്നു. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് അവിടെയുള്ള തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ ധനവിനിയോഗം എങ്ങനെയായിരിക്കണം? രണ്ടാമത്, ജൂലൈയിൽ ഗിനിബിസാവോ (Guinea Bissau) തോട്ടണ്ടി വിതരണം ചെയ്യാൻ വിനായക കൊമേഴ്സ്യൽ കമ്പനി ക്വാട്ട് ചെയ്യുന്നു. എവിടെയാണ് ക്വാട്ട് ചെയ്യുന്നത്? കാപ്പെക്സിൽ 1886 യു. എസ്. ഡോളർ ക്വാട്ട് ചെയ്തു. വില കൂടുതലാണെന്ന് പറഞ്ഞ് അത് റിജക്ട് ചെയ്യുന്നു. ആഗസ്റ്റിൽത്തന്നെ ഇതേ കമ്പനിയിൽനിന്നും ഇതേ ഒറിജിൻ തോട്ടണ്ടി കേരള സംസ്ഥാന കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ 2119 യു.എസ്. ഡോളറിന് വാങ്ങുകയാണ്. വ്യത്യാസം ഒരു മെട്രിക് ടണ്ണിന് 233 ഡോളർ. അതായത് 1,75,00,000

രൂപയുടെ വ്യത്യാസം. ഇതിൽ അറിയേണ്ടത് ഗിനിബിസാവോ തോട്ടണ്ടി തൂത്തുക്കുടി പോർട്ടിൽ കിടക്കുമ്പോഴാണ് ആദ്യം വിനായക കൊമേഴ്സ്യൽ കമ്പനി റേറ്റ് ക്വാട്ട് ചെയ്യുന്നത്. തൂത്തുക്കുടി പോർട്ടിൽ കിടക്കുന്ന അതേ കൺസൈൻമെന്റ് 2119 ഡോളറിന് 233 ഡോളറിന്റെ വ്യത്യാസത്തിൽ, രണ്ടാമത് അത് അംഗീകരിച്ചുകൊടുക്കുന്നു. ആഗസ്റ്റിൽത്തന്നെ 132 രൂപയ്ക്ക് കിട്ടേണ്ടിയിരുന്നത് 142 രൂപയ്ക്ക് വാങ്ങുന്നു. ആഗസ്റ്റിൽത്തന്നെ 138 രൂപയ്ക്കും 142 രൂപയ്ക്കും കശുവണ്ടി വികസന കോർപ്പറേഷന്റെ ചരിത്രത്തിൽ വാങ്ങിയ ഏറ്റവും വലിയ വിലയായ 151 രൂപയ്ക്കും ഇവർ വാങ്ങിച്ചു. ഇതിന് മന്ത്രി പറയാൻ പോകുന്ന മറുപടി എനിക്കറിയാം, 53 പൗണ്ടായിരുന്നു ആദ്യം കമ്പനി ക്വാട്ട് ചെയ്തപ്പോൾ പറഞ്ഞിരുന്നത്, രണ്ടാമത് ഒരു പൗണ്ടുകൂടി കൂട്ടി 54 പൗണ്ടാക്കി, ക്വാളിറ്റിയിൽ വ്യത്യാസം വന്നു. അതുസംബന്ധിച്ച് മറുപടിയിൽ പറയുമെന്ന് എനിക്കറിയാം. ഒരു ഔട്ട്ടേൺ കൂടി. ഒരു ഔട്ട്ടേൺ കൂടിയാൽ 233 ഡോളറിന്റെ വ്യത്യാസം വരണോ? വരണ്ട, 30 ഡോളറിന്റെ വ്യത്യാസം വന്നാൽ മതി. പക്ഷേ ഇതു കഴിഞ്ഞിട്ടാണല്ലോ ടെസ്റ്റ് നടത്തുന്നത്. ടെസ്റ്റ് നടത്തിക്കഴിഞ്ഞപ്പോൾ 51 പൗണ്ടേയുള്ളൂ. ആദ്യം പറഞ്ഞതൊന്നുമില്ല, ആദ്യം ക്വാട്ട് ചെയ്ത 53 പൗണ്ടുമില്ല, രണ്ടാമത് ക്വാട്ട് ചെയ്ത 54 പൗണ്ടുമില്ല. ക്വാളിറ്റി 51 പൗണ്ടേയുള്ളൂ. കട്ടിംഗ് ടെസ്റ്റിന്റെ റിസൾട്ട് മന്ത്രിയുടെ കൈവശമുണ്ട്. ഒരുകാര്യം നമുക്ക് പറയാം കമ്പനികളൊന്നും വരുന്നില്ല. പഴയ ഗവൺമെന്റിന്റെ കാലത്താണെങ്കിൽ ഒറ്റ കമ്പനിക്ക് കൊടുത്തു, ഒരു ടെണ്ടറിന് കൊടുത്തു. നേരത്തെ പറഞ്ഞതുപോലെ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ വേണ്ടിയാണ്. 111 രൂപയ്ക്ക് കശുവണ്ടി വാങ്ങിയതിനാണ് സി.ബി.ഐ.-യുടെയും വിജിലൻസിന്റേയും കേസ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. 151 രൂപയ്ക്കാണ് ഇത് വാങ്ങിയിരിക്കുന്നത്. ഇപ്പോൾ രണ്ടു കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകിച്ച് കേൾക്കണം. മഹിമ ട്രേഡേഴ്സ്, ഇൻഡാഫ് കാഷ്യൂസ് എന്നീ രണ്ടു കമ്പനികൾ റേറ്റ് ക്വാട്ട് ചെയ്തിരിക്കുകയാണ്. രണ്ടുപേരുടെ ഡിക്ലറേഷൻ ഫോമാണ് എന്റെ കയ്യിലിരിക്കുന്നത്. ഇത് ഒരേ കമ്പ്യൂട്ടറിൽ ഒരേ ഓഫീസിൽ അച്ചടിച്ച ഫോമാണ്. കാരണം 'ഒറിജിൻ' എന്ന് ടൈപ്പ് ചെയ്തപ്പോൾ 'ഓർഗൻ' എന്നായിപ്പോയി. രണ്ടുപേരും ഒരുപോലെ കറുത്ത മഷി വച്ച് ' ഓർഗൻ ' എന്നത് മാറ്റി ' ഒറിജിൻ ' എന്നാക്കിയിരിക്കുകയാണ്. ഒരു ടെണ്ടറിൽ മൂന്ന് തെറ്റുണ്ട്. അതേ തെറ്റുകൾ മറ്റേ ടെണ്ടറിലും ആവർത്തിച്ചിരിക്കുകയാണ്. ഒരേ പാർട്ടിയുടെ ഒരേ ഓഫീസിൽനിന്നും രണ്ട് ടെണ്ടർ വന്നു. രണ്ട് ടെണ്ടർ വന്നപ്പോൾ ഒരു ടെണ്ടറിൽ തീരുമാനമെടുത്തില്ല. വലിയ ക്രമക്കേടാണ് ഇതിൽ നടന്നത്. ഞാൻ ഒരു കോടി എഴുപത് ലക്ഷവും ഒരു കോടി എൺപത്തിരണ്ട് ലക്ഷവും വ്യത്യാസം പറഞ്ഞത് കൃത്യമായിട്ടാണ്. ആദ്യം

ക്വാട്ട് ചെയ്തത് റിജക്ട് ചെയ്യുകയും റിജക്ട് ചെയ്തത് വാങ്ങുമായിരുന്നുവെങ്കിൽ എത്ര രൂപയും കിട്ടുമായിരുന്നു; രണ്ടാമത് റിജക്ട് ചെയ്തത് കൂടുതൽ വിലയ്ക്ക് വാങ്ങിയപ്പോഴുള്ള നഷ്ടം. കശുവണ്ടി വികസന കോർപ്പറേഷനിൽ നാല് ടെണ്ടറുകൾവഴി 3,900 മെട്രിക് ടൺ ഗിനിബിസാവോ കശുവണ്ടി വാങ്ങിയതിൽ 6.87 കോടി രൂപയുടെ അഴിമതിയുണ്ട്. കാപ്പെക്സിൽ രണ്ട് ടെണ്ടറുകൾ 2,000 മെട്രിക് ടൺ - ഒന്ന് ഐവറി കോസ്റ്റും മറ്റൊന്ന് ഗിനിബിസാവോ തോട്ടണ്ടി വാങ്ങിയതിൽ 3.47 കോടി രൂപയും ഉൾപ്പെടെ 10 കോടി 34 ലക്ഷം രൂപയുടെ അഴിമതി ഈ രണ്ട് കേസ്സിലും നടന്നതായി ഞാൻ ആരോപിക്കുന്നു. ഇത് ഗൗരവതരമായ അന്വേഷണത്തിന് വിധേയമാക്കണം. ഈ ഉദ്യോഗസ്ഥരെ ഇങ്ങനെ അഴിമതി നടത്താൻ സമ്മതിക്കരുത്. ഗൗരവതരമായ നിയന്ത്രണം ഇതിനകത്ത് വേണം. ധനവിനിയോഗത്തിന് എത്ര കോടി രൂപയാണ് കൊടുത്തിരിക്കുന്നത്; തീർച്ചയായും ഇതുമായി ബന്ധപ്പെട്ട ഗൗരവതരമായ ഒരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ഈ ധനവിനയോഗ ബില്ലിനെ പിന്താങ്ങുന്നു. ഏതാണ്ട് 1,24,500 കോടിയിലധികം രൂപ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും അനുവദിക്കാനും അത് വിനിയോഗിക്കാനും അധികാരപ്പെടുത്തുന്ന ബില്ലാണ് ഇവിടെ പാസ്സാക്കുന്നത്. ഇവിടെ വിഭാവനചെയ്ത ചെലവുകളെല്ലാം സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി യഥാസമയം ശരിയായ നിലയിൽ വിനിയോഗിക്കുമെന്ന് ഉറപ്പുവരുത്താനുള്ള ഇടപെടൽ ഉണ്ടാകണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണപരിഷ്കാര നടപടികളുമായി ബന്ധപ്പെട്ട് നടത്തിയ പ്രസംഗത്തിന്റെ അവസാനം നമ്മുടെ വികസനപ്രവർത്തനങ്ങളും മറ്റും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ക്ഷേമ പദ്ധതികൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിനും അഡ്മിനിസ്ട്രേറ്റീവ് ലെവലിൽ ഇന്നുള്ള പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിനും ഈ ഗവൺമെന്റ് പ്രാധാന്യം നൽകുമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുമുള്ള വളരെ പ്രതീക്ഷയും ആവേശവും നൽകുന്ന പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. തീർച്ചയായും എല്ലാ വകുപ്പുകളിലും ആ നിലയിലുള്ള ഇടപെടലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഡ്ജറ്റ് വകുപ്പുതിരിച്ച് പാസ്സാക്കുന്ന വലിയ പ്രക്രിയ അവസാനിക്കുകയാണ്.

യഥാർത്ഥത്തിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് കേരള വികസനത്തെക്കുറിച്ചുള്ള ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാഴ്ചപ്പാടിന്റെ മാനിഫെസ്റ്റോ ആണ്. നേരത്തെ ബഹുമാന്യനായ തിരുവഞ്ചൂരും മറ്റുള്ളവരും സംസാരിച്ചപ്പോൾ മറ്റെന്തെല്ലാമോ കാര്യങ്ങൾ പറയുകയുണ്ടായി. പക്ഷേ ബഡ്ജറ്റിന്റെ ഉള്ളടക്കത്തിലേക്ക് സമഗ്രമായി സമീപിച്ചിട്ടല്ല അവിടെനിന്ന് ആരും ചർച്ചയിൽ പങ്കെടുത്തത്. കേരളത്തിന്റെ വികസന സാദ്ധ്യതകൾക്ക് ധാരാളം പരിമിതികളുണ്ട്. ഗുജറാത്തിലോ രാജസ്ഥാനിലോ യു.പി.-യിലോ ഉള്ളതുപോലെയുള്ള വൻകിട ഫാക്ടറികളൊന്നും ഇവിടെ കൊണ്ടുവരാൻ നമ്മുടെ ജനസാന്ദ്രതയും പരിസ്ഥിതിയുടെ പ്രത്യേകതകൾകൊണ്ടും കഴിയില്ല. കൃഷി ഉൾപ്പെടെയുള്ള ഉല്പാദനമേഖലയ്ക്കും പരമ്പരാഗത വ്യവസായത്തിനും അടിസ്ഥാനവികസനത്തിനും ഊന്നൽ നൽകിയും ഐ.ടി., ടൂറിസം മേഖലകൾക്കും മനുഷ്യവിഭവശേഷി വികസനത്തിനും പ്രാധാന്യം നൽകിയും വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ പദ്ധതികൾ ആവിഷ്കരിക്കുന്ന നിലയിലാണ് എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോ. നവകേരളത്തെക്കുറിച്ച് നിങ്ങൾ പറയരുതെന്നാണ് ബഹുമാന്യനായ തിരുവഞ്ചൂർ പറഞ്ഞത്. നവകേരളത്തെക്കുറിച്ച് പറയുമെന്ന് മാത്രമല്ല ഞങ്ങൾ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നവകേരളം പണിയും. അതിന് ആത്മവിശ്വാസം നൽകുന്ന ഉള്ളടക്കം ഈ ബഡ്ജറ്റിലും സർക്കാരിന്റെ ഇതുവരെയുള്ള സമീപനങ്ങളിലുമുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ പറഞ്ഞതുപോലെ ലൊട്ടുലൊടുക്കായിട്ടല്ല ഓരോ കാര്യങ്ങളേയും കണ്ടത്. എല്ലാ കാര്യങ്ങളെക്കുറിച്ചും പറയാൻ സമയമില്ലല്ലോ. ഒരു ഉദാഹരണം പറയാം സർക്കാർ ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ച ഒട്ടനവധി ശ്രദ്ധേയമായ പദ്ധതികളിലൊന്ന് വിദ്യാഭ്യാസ മേഖലയാണ്. ആയിരത്തോളം സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആയിരം കോടി രൂപ നീക്കിവച്ചു. ചരിത്രത്തിലൊരിക്കലും ഇതുണ്ടായിട്ടില്ല. ഹൈടെക് സ്കൂളുകളെക്കുറിച്ചുള്ള കൺസെപ്റ്റ്, അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. യഥാർത്ഥത്തിൽ സർക്കാർ ഉദ്ദേശിക്കുന്നത് കുറേ കെട്ടിടനിർമ്മാണമല്ല, കെട്ടിടനിർമ്മാണം കഴിഞ്ഞ് ചിരിക്കുന്ന ഫോട്ടോയുമെടുത്ത് റിബൺ മുറിച്ച് പോകുന്ന കാര്യമല്ല. എന്തായിരിക്കണം ഒരു സ്കൂൾ; മനുഷ്യവിഭവശേഷി വിഭവത്തിൽ ഏറ്റവും പ്രധാനം അടിസ്ഥാന വിദ്യാഭ്യാസം ക്വാളിറ്റിയിൽ നൽകുക

എന്നതാണ്. അത് പാവങ്ങൾക്ക് കൊടുക്കണമെങ്കിൽ സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളുമല്ലാതെ മറ്റ് മാർഗ്ഗമില്ല. എല്ലാ വിഷയങ്ങൾക്കും A+ ലഭിക്കുന്ന കുട്ടികളെ വാർത്തെടുക്കലാണോ സ്കൂളുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. അതൊന്നുമല്ല, അത് ആവശ്യമാണ്, നമ്മുടെ ഓരോ കുഞ്ഞിലും ഒരു പ്രതിഭയുടെ നാമ്പുണ്ട്. അത് അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളുടെ സംഭാഷണം, ചലനം എന്നിവ നിരീക്ഷിക്കുന്നതിലൂടെ കണ്ടെത്തും. ഓരോ കുഞ്ഞിലും അന്തർലീനമായ പ്രതിഭാവിശേഷമെന്താണെന്ന് കണ്ടെത്തി, അതിനെ തൊട്ടുണർത്തി, അതിനെ വളർത്തി വികസിപ്പിക്കാനുള്ള അരങ്ങ് ഒരുക്കിക്കൊടുക്കുക എന്നതാണ് ഒരു വിദ്യാലയത്തിന്റെ ധർമ്മം. അതുകൊണ്ട് വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുമ്പോൾ സ്കൂളിനാവശ്യമായ സൗകര്യവും സൗന്ദര്യവും സാങ്കേതികവിദ്യയും അക്കാദമിക് നിലവാരവും ഉറപ്പാക്കുന്ന നിലയിലുള്ള സമഗ്രമായ കാഴ്ചപ്പാടാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളത്. അതിൽ നിരവധി കാര്യങ്ങളുണ്ട്. വിദ്യാഭ്യാസമേഖലയിൽ ഇന്ന് സ്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ ഒരു സിസ്റ്റമില്ലാത്ത സാഹചര്യമാണുള്ളത്. അതൊക്കെ ഓരോന്നായി പരിഹരിക്കേണ്ടതുണ്ട്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇതാണ് വിദ്യാഭ്യാസ മേഖലയിലെ ഇടതുപക്ഷ ബദൽ. അല്ലാതെ എവിടെയെങ്കിലും കുറച്ച് പൈസ മുടക്കി അവിടെ നാല് കെട്ടിടമുണ്ടാക്കി കുറച്ച് ക്ലാസ്സ്മുറി തിരിച്ച് കമ്പ്യൂട്ടർ ലാബും അനുവദിച്ച് പോകുന്നതല്ല. സമഗ്രമായ രീതിയിൽ കാര്യങ്ങളെ കാണണം. ഈ സർക്കാരിന്റെ നിലപാടുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. പ്രകൃതിവിഭവങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനും വലിയ പ്രാധാന്യം നൽകിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മുഖ്യമന്ത്രിയുടെയും മറ്റ് പല മന്ത്രിമാരുടെയും പ്രസ്താവനകൾ വന്നിട്ടുണ്ട്. അത് ബഡ്ജറ്റിന്റെ ഉള്ളടക്കത്തിലുമുണ്ട്. ജലാശയങ്ങളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണ ത്തെക്കുറിച്ച് പറയുന്നത് കേട്ടു. കേരളത്തിൽ മനുഷ്യനിർമ്മിതമായ ജലാശയങ്ങളുണ്ട്, വലിയ ചിറകളും തടാകങ്ങളുമെല്ലാം രാജ ഭരണകാലത്താണുണ്ടായത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ജലവിഭവ വകുപ്പ് കൈകാര്യം ചെയ്തതാണ്. അദ്ദേഹത്തിന്റെ കാലത്ത് ഇതൊന്നും ചെയ്തിട്ടില്ല. എന്റെ ജില്ലയായ കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ, തളിക്കുളം, കുറ്റിച്ചിറ, ഗരുഡൻകുളം, താമരക്കുളം, പൂഴിച്ചിറ, നീലിച്ചിറ എന്നിവയെല്ലാം സാമൂതിരി രാജാവിന്റെ കാലത്തുണ്ടാക്കിയതാണ്. എന്നാൽ

രാജഭരണത്തേക്കാൾ എത്രയോ പരിഷ്കൃതമാണ് ജനാധിപത്യ വ്യവസ്ഥ. ആ ജനാധിപത്യ വ്യവസ്ഥയിൽ പുതിയവ ഉണ്ടായില്ലെന്ന് മാത്രമല്ല ഉള്ള കണ്ടംകുളവും ആനക്കുളവുമൊക്കെ നികത്തുകയാണ് ചെയ്തത്. എന്നുപറഞ്ഞാൽ ഓരോ കാലത്തുമുള്ള ഗവൺമെന്റുകളുടേയോ തദ്ദേശഭരണ സ്ഥാപനങ്ങളുടേയോ ആസൂത്രണത്തിൽ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ സ്രോതസ്സുകൾ ഉണ്ടാക്കുന്നതിനും പ്രാധാന്യം കൊടുത്തിരുന്നില്ല. അത് നമ്മുടെ ഒരു ദൗർബല്യമായിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇതിനൊന്നും ഒരു പ്രാധാന്യവും കൊടുത്തിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് അതിൽനിന്ന് വ്യത്യസ്തമായി ജലാശയങ്ങളും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുന്നതോടൊപ്പം പുതിയ സാദ്ധ്യതകൾ അന്വേഷിച്ച് അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്. ധനവിനിയോഗ ബില്ലിന്റെ ചർച്ച ഇത്രയും ഗൗരവതരമായി നടക്കുന്നു. മാത്രമല്ല ശ്രീ. എ. പ്രദീപ്കുമാറിനെപ്പോലെ പ്രധാനപ്പെട്ടവർ സംസാരിക്കുന്നു. ഇവിടത്തെ ഉദ്യോഗസ്ഥ ഗ്യാലറി ഒന്ന് നോക്കൂ. ജനപ്രതിനിധികൾ പറയുന്നത് കേൾക്കാൻ ആരെങ്കിലും വേണ്ടേ; വേറെ ഏതെങ്കിലും ചർച്ചയായിരുന്നുവെങ്കിൽ ഞാൻ ഇടപെടില്ലായിരുന്നു. ധനവിനിയോഗ ബില്ലിന്റെ സുപ്രധാനമായ ചർച്ച നടക്കുമ്പോൾ ഗ്യാലറി എത്ര ദുർബ്ബലമാണെന്ന് നോക്കൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ധനകാര്യ വകുപ്പുദ്യോഗസ്ഥർ ഉണ്ടെന്നാണ് പറയുന്നത്. എല്ലാ ഖനനവും പൊതുമേഖലയിലാക്കാനുള്ള തീരുമാനം യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് ചിന്തിക്കാൻ കഴിയുന്നതായിരുന്നോ; നമ്മുടെ പ്രകൃതിവിഭവങ്ങൾ സ്വകാര്യ മേഖല കൊള്ളചെയ്യുകയായിരുന്നു. ഏറ്റവും വലിയ പ്രശ്നമായിരുന്ന അതിന് അറുതിവരുകയാണ്. അതാണ് ഖനനമേഖലയിലുള്ള ഇടതുപക്ഷ ബദൽ. ഖനനം പൊതുമേഖലയിലാക്കാനുള്ള ഏറ്റവും ധീരമായിട്ടുള്ള തീരുമാനം, ഈ ജന്മംമുഴുവൻ പരിശ്രമിച്ചാലും നടപ്പാക്കാൻ കഴിയാത്തത് ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നു. മുഖ്യമന്ത്രി ആ നിലപാട് നേരത്തേ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കാൻ സാധിക്കണം. അത് പരസ്പരബന്ധിതമാണ്. ഇവിടെ വിനോദസഞ്ചാരികൾ

വരുന്നത് നല്ല റിസോർട്ടുകളിൽ താമസിക്കാനല്ല. അങ്ങനെയാണെങ്കിൽ ദുബായിലൊക്കെ പോയാൽ മതി. നമ്മുടെ പുഴ, പൂക്കൾ, അരുവി എന്നിവയുടെ സൗന്ദര്യവും കാലാവസ്ഥയും നൈസർഗ്ഗികതയും നന്മയുമെല്ലാം ആസ്വദിക്കാനാണ് അവർ വരുന്നത്. അതെല്ലാം നിലനിർത്തിക്കൊണ്ടും അതിന്റെ സർവ്വനന്മയും സംരക്ഷിച്ചുകൊണ്ടും അവിടേയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനങ്ങൾ ഉറപ്പാക്കിക്കൊണ്ടും നല്ല കാഴ്ചപ്പാടോടുകൂടിയാണ് ടൂറിസം രംഗത്തുള്ള ഈ ഗവൺമെന്റിന്റെ സമീപനം. നമുക്ക് ഇനിയുമേറെ ചെയ്യാനുണ്ട്. നമ്മുടെ നാട് അനുഗ്രഹീതമാണ്, സമുദ്രതീരവും ഒരു ഭാഗത്ത് മലയോരവും. അതിന്റെ സാദ്ധ്യതകൾ 15 ശതമാനംപോലും നാം ഉപയോഗിച്ചിട്ടില്ല. അതിനെക്കുറിച്ച് വളരെ വിശാലമായ കാഴ്ചപ്പാട് ഇതുവരെ ഒരു ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിട്ടില്ല. എന്റെ ജില്ലയിലൊക്കെ മലയോരമേഖലയിൽ ഏറ്റവും ശ്രദ്ധേയമായ പദ്ധതികൾ ആവിഷ്കരിക്കാൻ ടൂറിസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. തുഷാരഗിരിയും കക്കാടംപൊയിലും വയലട മലനിരകൾ, പെരുവണ്ണാമൂഴിയും കക്കയവുമെല്ലാം ചേർന്നുകൊണ്ട് ഹിൽ ഏരിയയിലൂടെ അതിന്റെ സാദ്ധ്യതകളെ ഉപയോഗിക്കാൻ, യൂറോപ്പിലൊക്കെ പോയതുപോലെ വളരെ രസകരമായ അന്തരീക്ഷം അവിടെയുണ്ട്. കാഴ്ച മാത്രമല്ല, കാലാവസ്ഥ അത്രയും നല്ലതാണ്. അപ്പോൾ അതിനൊക്കെ പ്രാധാന്യം കൊടുക്കുന്നുവെന്നുള്ളത് ഈ സർക്കാരിന്റെ സമീപനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയാണ്. ഞാൻ ഒരുപാട് പറയുകയല്ല. നമ്മുടെ നാടിന്റെ പൊതുവായ നന്മയെയും പുരോഗതിയെയും ഭാവിതലമുറയെയുമെല്ലാം കണക്കിലെടുത്ത്, ഒരു സമഗ്ര ബഡ്ജറ്റ് അവതരിപ്പിച്ച് പോകുന്നൊരു സർക്കാർ തുടങ്ങിയിട്ടല്ലേയുള്ളൂ. ആ സമയത്ത് അതിനെ പിന്തുണയ്ക്കുകയല്ലേ യഥാർത്ഥത്തിൽ ആരോഗ്യകരമായ പ്രതിപക്ഷ പ്രവർത്തനമെന്ന നിലയിൽ വേണ്ടത്. വീഴ്ചകളോ ശ്രദ്ധക്കുറവുകളോ ഉണ്ടെങ്കിൽ അതിനെ വിമർശിച്ചോളൂ. അത് വേണ്ടെന്നല്ല പറഞ്ഞത്. അങ്ങനെ ഒരു നിലപാടല്ലേ സ്വീകരിക്കേണ്ടത്; ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇന്നലെ സംസാരിക്കുന്ന കൂട്ടത്തിൽ പറഞ്ഞു നിങ്ങൾ ഈ അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ ഭരണത്തെ ഇങ്ങനെ പഴിപറഞ്ഞിരിക്കാതെ നല്ല കാര്യങ്ങൾ ചെയ്തുപോകണമെന്ന്. ഞങ്ങൾ അതിനെ നല്ല നിലയിലാണ് എടുക്കുന്നത്. അതുതന്നെയാണ് ഞങ്ങളുടെ സമീപനം. അതിൽ വ്യത്യാസമൊന്നുമില്ല. ഞങ്ങൾ ഇങ്ങനെ പഴിപറഞ്ഞ് ഇരിക്കുകയല്ല. അതുകൊണ്ടാണ് നിങ്ങളുടെ അഞ്ചുവർഷക്കാലത്തെ ഭരണത്തിന്റെ കെടുകാര്യസ്ഥതയൊക്കെ, പ്രത്യേകിച്ചും

ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട് സംഭവിച്ച പിഴവുകൾ ചൂണ്ടിക്കാണിച്ച് ഒരു ധവളപത്രമിറക്കിയത്. സഭയെയും സമൂഹത്തെയും വസ്തുത ബോദ്ധ്യപ്പെടുത്തി. എന്നിട്ടത് പറഞ്ഞുകൊണ്ടിരിക്കുകയല്ല ഞങ്ങൾ ചെയ്യുത്. അങ്ങനെ പഴിപറഞ്ഞ്, കുറ്റംപറഞ്ഞിരിക്കുകയല്ല ചെയ്യുന്നത്. നമ്മുടെ നാടിനെ ജനങ്ങൾ കൊതിക്കുന്ന നിലയിൽ പുരോഗതിയുടെ സുവർണ്ണവീഥിയിലൂടെ നയിക്കാൻ പ്രാപ്തമാകുന്ന കാഴ്ചപ്പാടും പദ്ധതികളുമായി നാം മുമ്പോട്ടുപോകണം. അതാണ് കിഫ്ബി. ആ സാദ്ധ്യതകൾ ഉപയോഗിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ നേരത്തേ നമ്മൾ ചർച്ച ചെയ്യതാണ്. നേരത്തേ ഡോ. എൻ. ജയരാജ് സംസാരിക്കുന്ന കൂട്ടത്തിൽ പറഞ്ഞത് ഈ ബഡ്ജറ്റിന് പുറത്തുനിന്ന് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു വെന്നാണ്. എന്തുകൊണ്ടാണ്; കാലിയായ ഖജനാവുമായി ഭരണം ഏല്പിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ബഡ്ജറ്റിന് പുറത്തുള്ള കാര്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്. വായ്പയും ബോണ്ടുകളുംവഴി കിഫ്ബിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടൊക്കെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നേരത്തേ പറഞ്ഞതാണ്. ആ നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചുതന്നത് നിങ്ങളാണ്. അവിടെ പഴിപറഞ്ഞിരിക്കാതെ ജനങ്ങൾ അർപ്പിച്ച വിശ്വാസമനുരിച്ച് നാടിനെ മുന്നോട്ടുനയിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. നന്നായി നടന്നുവെന്ന് ഡോ എൻ. ജയരാജ് സംസാരിക്കുമ്പോൾ പറഞ്ഞു. എവിടെയാണ് നടന്നത്; ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ എന്നുപറഞ്ഞ് നിങ്ങൾ പ്രഖ്യാപിച്ചു. ഏതെങ്കിലുമൊന്ന് നടന്നോ? പി.ഡബ്ല്യു.ഡി. മിനിസ്റ്റർ സംസാരിക്കുമ്പോൾ പലഘട്ടത്തിലും പറഞ്ഞു. ഒന്നിനും പണം വച്ചിട്ടില്ല. എന്റെ ജില്ലയിൽ പ്രഖ്യാപിച്ച ജില്ലാതല ഫ്ലാഗ്ഷിപ്പിന് ഒരു നയാപൈസ നിങ്ങൾ വച്ചില്ല. പണം ഉണ്ടായിരുന്നില്ല. നിങ്ങളുടെ കാലത്ത് പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ. ഇതായിരുന്നു നിങ്ങളുടെ കാലത്ത് നടന്നത്. സത്യത്തിൽ നിങ്ങൾ തന്നെയാണ് ഞങ്ങളെക്കൊണ്ട് ഇത് പറയിപ്പിക്കുന്നത്. ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. പുതിയ കാര്യങ്ങൾ ചെയ്യ് പോകണമെന്നാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, അങ്ങയുടെ ജില്ലയിലാണ് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ ഏറ്റവും കൂടുതൽ വർക്ക് കംപ്ലീറ്റ് ചെയ്യത്. ഞാൻ ഒരു കാര്യം പറയാം. എത്രയോ വർഷങ്ങളായി കോഴിക്കോട് ബൈപ്പാസിൽ 5.5 കിലോമീറ്ററിൽ രണ്ട് വലിയ പാലം ഒന്നരവർഷംകൊണ്ട് ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സഹകരണ സൊസൈറ്റി പണിത് നമ്മൾ എല്ലാവരുംകൂടി ഗംഭീരമായത് തുറന്നുകൊടുത്തതല്ലേ; അത് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽപ്പെട്ടതാണ്. അങ്ങ് പ്രസംഗത്തിൽ പറഞ്ഞു എനിക്കൊന്നും കിട്ടിയിട്ടില്ല എന്ന്. അങ്ങനെ വ്യക്തിപരമായി ഓരോരുത്തർക്കും കൊടുക്കാൻ പറ്റുമോ; കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ എട്ട് റോഡുകൾ പറഞ്ഞിരുന്നതിൽ രണ്ട് റോഡുകളാണ് ഡോ. എം. കെ. മുനീറിന്റെ മണ്ഡലത്തിലുള്ളത്. ആറ് റോഡ് ശ്രീ. എ. പ്രദീപ്കുമാറിന്റെ മണ്ഡലത്തിലാണ്. വസ്തുതകൾ മറച്ചുവച്ച് സംസാരിക്കരുത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, എന്നെക്കൊണ്ട് പറഞ്ഞ് പറയിപ്പിക്കുകയാണത്. ഞാൻ അങ്ങനെ പറഞ്ഞില്ല. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ നിങ്ങൾ പ്രഖ്യാപിച്ചതാണ് മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ്. നിങ്ങൾ പണം വച്ചില്ല. സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഭൂമി ഏറ്റെടുക്കാനുള്ള പണം നൽകിയത്. ആറ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ട് മൂന്നുവർഷമായി. ആ റോഡ് നിർമ്മാണത്തിന് നിങ്ങൾ പണം വച്ചില്ല. അവസാനം ആന്വിറ്റി അടിസ്ഥാനത്തിൽ 15 കൊല്ലംകൊണ്ട് പണം കൊടുത്തുതീർത്താൽ മതിയെന്ന വ്യവസ്ഥയിലാണ് ഇപ്പോൾ അതിന്റെ നിർമ്മാണം തുടങ്ങിയത്. സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത റോഡ് വികസിപ്പിക്കാൻ നിങ്ങൾ പണം തന്നില്ല. ബഹുമാനപ്പെട്ട മുൻ മന്ത്രി.. അങ്ങുതന്നെ എത്ര പ്രാവശ്യം ഉറപ്പുനൽകിയതാണ്. മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ പ്രശ്നം മുൻമുഖ്യമന്ത്രി ഉറപ്പുനൽകി. പണം തന്നോ; നൂറുകോടി രൂപ കഴിഞ്ഞ പാർലമെന്റ് ഇലക്ഷന് മുമ്പ് തരുമെന്ന് പറഞ്ഞു. എന്റെ മണ്ഡലത്തിന്റെ പ്രശ്നമല്ല പറഞ്ഞത്. നിങ്ങൾ എടുത്ത സമീപനം, ലീഗിന്റെ മൂന്ന് എം.എൽ.എ.-മാർക്ക് മാത്രം അഞ്ചുകോടിരൂപ വീതം നൽകി. പത്ത് എം.എൽ.എ.-മാർക്ക് തുകയൊന്നും തരാതിരുന്നപ്പോൾ ഞങ്ങൾ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയോട് പരാതി പറയുകയും അദ്ദേഹം അതിൽ ഇടപെട്ട് ഇത് അന്യായമാണെന്ന് പറയുകയുമുണ്ടായി. പിന്നീടാണ് 2 കോടി രൂപ തന്നത്. ഇത്രയും വർഷമായിട്ടും ആ 2 കോടി രൂപയാണ് തന്നത്. ഇതായിരുന്നു സമീപനം. ഓരോന്നും പറഞ്ഞ് പറയിപ്പിച്ചാൽ ഞങ്ങൾ ഒരുപാട് പറയും. അങ്ങ് പറഞ്ഞതുപോലെ പഴയതുതന്നെ പറയണമെന്ന് ആഗ്രഹിച്ചല്ല, ഞാൻ അതിലേയ്ക്ക് പോയതല്ല. പറഞ്ഞ് പറയിപ്പിച്ചതാണ്. പറഞ്ഞുപറയിപ്പിക്കുന്ന രീതിയാണ് യഥാർത്ഥത്തിലുള്ളത്. അങ്ങനെ പറഞ്ഞാൽ ഇനിയും ഒരുപാട് കാര്യങ്ങൾ

പറയാനുണ്ട്. വേറൊന്ന് പറയട്ടെ, ഞങ്ങളുടെ ഒരു പുതിയ അംഗമാണ് ശ്രീ. എ. എൻ. ഷംസീർ. അദ്ദേഹം സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ അവിടെനിന്നും ചിലർ അസ്വസ്ഥത പ്രകടിപ്പിക്കാറുണ്ട്. ഇവിടെ 140 എം.എൽ.എ.-മാരും ഒരുപോലെ തെരഞ്ഞെടുക്കപ്പെട്ട് വരുന്നവരാണ്. അതിനകത്ത് എല്ലാവരെയും ഒരുപോലെ പരിഗണിക്കാൻ അങ്ങോട്ടുമിങ്ങോട്ടും ബാദ്ധ്യതയുണ്ട്. ശ്രീ. എ. എൻ. ഷംസീർ കഴിഞ്ഞദിവസം പറഞ്ഞതിനെ കളിയാക്കിക്കൊണ്ട് ചിലർ പ്രസംഗിച്ചു. നിങ്ങൾ കളിയാക്കിക്കോളൂ. കാരണം തമാശ പറയുന്നതിനൊന്നും ധനകാര്യ വകുപ്പുമന്ത്രി ടാക്സ് ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കളിയാക്കാം, തമാശ പറയാം. വിവരക്കേടിന് ടാക്സ് ചുമത്തുമെങ്കിൽ നല്ല ടാക്സ് ഇവരിൽനിന്നും പിരിച്ചെടുക്കാൻ സാധിക്കും. ഓരോ ദിവസവും പറയുന്ന വിവരക്കേടിന് അങ്ങ് നികുതി ചുമത്തിയാൽ ഖജനാവിലേയ്ക്ക് നല്ല വരുമാനം ലഭിക്കും. ഓരോ ദിവസവും ഇവിടെ യു.ഡി.എഫ്. അംഗങ്ങൾ അടിയന്തരപ്രമേയ അവതരണവും വാക്കൗട്ട് പ്രസംഗവും നടത്തുമ്പോൾ നമുക്കാവശ്യമായ പണംകിട്ടും.

കോൺഗ്രസ്സിന്റെ തകർച്ചയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ഇങ്ങനെ അസ്വസ്ഥരാകുന്നത് എന്തുകൊണ്ടാണ്; ഇന്ത്യയിലാകെ കോൺഗ്രസ് തകരണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. സ്വന്തം ചെയ്തികളും നയപരമായ പിഴവുകളുമാണ് നിങ്ങളെ തകർച്ചയിലേയ്ക്ക് എത്തിച്ചത്. ബംഗാളിൽ 35 വർഷം ഭരിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ; അധികാരം നഷ്ടപ്പെട്ട ഏത് സംസ്ഥാനത്താണ് നിങ്ങൾ തിരിച്ചുവന്നത്. പലയിടങ്ങളിലും തുടച്ചുനീക്കപ്പെട്ടില്ലേ; വർഗ്ഗീയതയോട്, ബി.ജെ.പി.-യുടെ രാഷ്ട്രീയത്തോട് സന്ധിയിലേർപ്പെട്ടതിന്റെ ദുരന്തമാണ് നിങ്ങൾ അനുഭവിക്കുന്നത്. ഇവിടെ നേരത്തെ ശ്രീ. ജെയിംസ് മാത്യു വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. നിങ്ങൾ ഇപ്പോഴും പാഠം പഠിച്ചിട്ടില്ല. കഴിഞ്ഞ അരുവിക്കര തെരഞ്ഞെടുപ്പ് ക്യാമ്പെയ്നിന് മുൻ മുഖ്യമന്ത്രി ബി.ജെ.പി.-ക്ക് ലിഫ്റ്റ് കൊടുക്കുകയായിരുന്നില്ലേ; അതുപോലെ കഴിഞ്ഞ അസംബ്ലി ഇലക്ഷന്റെ കുട്ടനാട് പ്രസംഗം, ശ്രീ. ഉമ്മൻ ചാണ്ടി ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാടല്ലേ സ്വീകരിച്ചത്. ഇപ്പോഴും കോൺഗ്രസ് സ്വീകരിക്കുന്ന നിലപാട് ഒന്ന് പരിശോധിക്കൂ. ശ്രീ. വരുൺ ഗാന്ധിയെക്കുറിച്ച് ഇപ്പോൾ ഒരു ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ബി.ജെ.പി. നേതാവാണ് അദ്ദേഹം. അദ്ദേഹത്തെ ഹണി ട്രാപ്പിൽപ്പെടുത്തി നമ്മുടെ രാജ്യത്തിന്റെ പ്രതിരോധ രഹസ്യം ചോർത്തിയെന്നാണ് ആക്ഷേപം.

മി. ചെയർമാൻ: പ്ലീസ്.... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അതിനെതിരെ ഒരക്ഷരം പറയാൻ കോൺഗ്രസ്സിന്റെ നേതൃത്വം തയ്യാറായിട്ടുണ്ടോ; നിങ്ങളുടെ അഖിലേന്ത്യാ നേതൃത്വം ഒരു പ്രതികരണം നടത്തിയോ; അവിടെ ഹണി ട്രാപ്പാണെങ്കിൽ ഇവിടെ സോളാർ കുരുക്കിൽപ്പെട്ട് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഒരു വിധി പ്രസ്താവം ഉണ്ടായി. അതിനെക്കുറിച്ച് ബി.ജെ.പി.-യും മിണ്ടുന്നില്ലല്ലോ; ഇതെല്ലാം ഒരു പരസ്പരധാരണയിലുള്ളതാണ്. നിങ്ങൾ ഇപ്പോഴും ആ നിലപാട് സ്വീകരിക്കുകയാണ്. ഒരു മതേതര പാർട്ടിയെന്ന പഴയ പാരമ്പര്യത്തോടെ കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയ മണ്ഡലത്തിൽ നിലനിൽക്കണമെങ്കിൽ ബി.ജെ.പി.-ക്കെതിരായുള്ള, ആർ.എസ്.എസ്.-നെതിരായുള്ള അതിശക്തമായ നിലപാട് നിങ്ങൾ സ്വീകരിക്കേണ്ടിവരും. അത് ഈ നാടിന്റെ നിലനിൽപ്പിനുകൂടി ആവശ്യമാണ്. ഞങ്ങൾ സാധ്യമായ നിലയിലൊക്കെ അതിന് ശ്രമിക്കുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ സത്യത്തിൽ എന്നേ പൊളിയേണ്ടതാണ്. 2004-ലെ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഭൂരിപക്ഷമില്ലായിരുന്നു. ഇടതുപക്ഷം നിങ്ങളോട് നേർക്കുനേർ മത്സരിച്ച് ജയിച്ചുവന്നിട്ടുപോലും ഈ നാടിന്റെ താല്പര്യം പരിഗണിച്ചുകൊണ്ടാണ് ഇടതുപക്ഷം പിന്തുണ നൽകിയത്. അത്തരം ഒരു അന്തരീക്ഷം വികസിപ്പിച്ചതിന് ഹർകിഷൻ സിംഗ് സുർജിത്തിനോട് നന്ദി പറയണം. ഇല്ലെങ്കിൽ അന്നേ നിങ്ങൾ പൊളിഞ്ഞടിയുമായിരുന്നു. പത്തുകൊല്ലം മുമ്പുതന്നെ പതനത്തിലെത്തുമായിരുന്നു. അന്ന് നിങ്ങൾക്ക് നിൽക്കാനുള്ള ഊർജ്ജം നൽകിയത് ഇടതുപക്ഷമാണെന്ന് ഓർമ്മയുണ്ടാകണം. ഞാൻ ഈ ധനവിനിയോഗ ബല്ലിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളുംകൂടി
മണ്ണ് പങ്കുവച്ചു മനസ്സ് പങ്കുവച്ചു.

എന്ന് പാടിയത് വയലാർ രാമവർമ്മയാണ്. അദ്ദേഹത്തിന്റെ ചരമദിനമാണിന്ന്. അദ്ദേഹത്തിന്റെ ആ വരികൾക്ക് ദേശീയ അവാർഡ് കിട്ടി. അതൊരു സിനിമാ ഗാനമാണെങ്കിലും ഇന്നത്തെ ഇന്ത്യയ്ക്ക് മുന്നിൽ പതിച്ചുവയ്ക്കാവുന്ന മുദ്രാവാക്യംപോലുള്ള കവിതയാണ്. അതുകൊണ്ട് വയലാർ നമുക്ക് നൽകിയ ആ വരികളോട് നവോത്ഥാനസങ്കല്പങ്ങളെ കേരളത്തിൽ കരിയാതെയും പൊലിയാതെയുമിരിക്കാൻ നീതികാണിച്ചതിന്റെ സ്പർശമുള്ള ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. വയലാറിന്റെ ചരമദിനം മറ്റൊന്നിന്റെ ഓർമ്മദിനമാണ്. വയലാർ രക്തസാക്ഷികൾ മരിച്ചുവീണതിന്റെ 70-ാം വർഷം തികയുന്ന ദിവസമാണിന്ന്. ഒരാളിന്റെ മരണദിനവും മറ്റൊന്നിന്റെ ഓർമ്മദിനവുംചേർന്ന ആ ദിവസത്തിൽ ഭാസ്കരൻ സാറാണ് പറഞ്ഞത്,

"ഉയരും ഞാൻ നാടാകെ-
പ്പടരും ഞാനൊരു പുത്ത-
നുയിർ നാടിനേകിക്കൊണ്ടു
യരും വീണ്ടും"

എന്നാണ്. അതിന്റെ സ്പർശവും ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾക്കൊണ്ടിട്ടുണ്ട്. ഈ നവോത്ഥാന സങ്കല്പങ്ങൾ ഒരു ബഡ്ജറ്റിലൂടെ നിലനിർത്തുകയെന്ന റിസ്ക് ഏറ്റെടുത്തുകൊണ്ടാണ് മുഴുവൻ തുക വലിയ കുഴപ്പമില്ലാതെ, ഒട്ടുംചോരാതെ ശേഖരിച്ച്, ഏറ്റവും നീതിപൂർവ്വമായി, ജനപക്ഷമായി ചേരേണ്ടവനിലെത്തിക്കുന്നതിന് ഈ ഓണത്തിന് കേരളത്തിൽ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിൽ ഇല്ലാത്ത ഓണത്തിന്റെ ചാരുതയുള്ളതുകൊണ്ടാണ് ഈ ഓണത്തിന് കശുവണ്ടി/കയർ തൊഴിലാളികളുടെ തുടങ്ങി എല്ലാ പെൻഷൻകാരുടെയും പാവപ്പെട്ടവന്റെയും വീട്ടിൽ അഞ്ചുവർഷത്തിനു ശേഷം മാവേലി വന്നെത്തിയത്. അതുകൊണ്ട് ഈ ജനപക്ഷ ബഡ്ജറ്റിന്റെ മാറ്റം കേരളത്തിൽ പ്രകടമായിട്ടുണ്ട്. ഓണത്തിന് മാവേലി എല്ലാ വീട്ടിലും വന്നപ്പോൾ ബി.ജെ.പി.-ക്ക് ഇഷ്ടപ്പെട്ടില്ല. ഇവിടെ ഒരു ടീച്ചർക്കും ശ്രീ. അമിത്ഷായ്ക്കും ഇഷ്ടപ്പെട്ടില്ല. അവർ പറഞ്ഞത്, ഓണമെന്ന് പറഞ്ഞാൽ മാവേലിയുടെ ദിനമല്ല, വാമനന്റെ ദിനമാണെന്നാണ്. ഓണം വാമനന്റെ ദിനമാണെന്ന് പറയുമ്പോൾ അതിലൊരു വർഗ്ഗീയച്ചുവയുണ്ട്. മനുഷ്യനെ അംഗീകരിക്കാത്ത ഒരു പ്രത്യേകതയുണ്ട്. ഓണത്തിന്റെ വലിയൊരു പ്രത്യേകത എന്താണെന്നുവച്ചാൽ, ലോകത്തിലെ ഒരു myth-ലുമില്ലാത്ത പ്രത്യേകത മലയാളികളുടെ സ്വകാര്യ അഭിമാനംപോലെ, മതേതരത്വത്തിന്റെ കൊടിചൂടിയ ഓണത്തിനുണ്ട്. അത്

ചരിത്രത്തിൽ ആദ്യമായി ദൈവം വില്ലനും മനുഷ്യൻ നായകനുമായ ലോകത്തിലെ ഏക myth ഓണത്തിന്റെ myth ആണ്. അതിൽ മാവേലി ചവിട്ടിത്താഴ്ത്ത പ്പെട്ടുമെങ്കിലും ദൈവമാണ് തെറ്റുചെയ്യുന്നത്. അതുകൊണ്ട് താഴ്ത്തപ്പെട്ടവന്റെ, മനുഷ്യൻ സത്യത്തിനുവേണ്ടി കാത്തിരിക്കുന്ന ദിവസമാണ്. ഓണം ഇന്നലെ സംഭവിച്ചതല്ല, നാളെ വരാൻ പോകുന്നതാണ്. നാളെ അങ്ങനെ വരാൻ പോകുന്ന ഒരു സ്വപ്നം മലയാളി കൈപിടിച്ചുയർത്തുമ്പോൾ, ആ സ്വപ്നം ഈ ബഡ്ജറ്റിലുണ്ട്. ഇന്നലെ ചെയ്ത തെറ്റുകൾ ഇല്ലാതാകുന്ന ഒരു നല്ല നാളേക്കുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. അതുകൊണ്ട് ഓണം ചവിട്ടിയവന്റേതല്ല, സത്യത്തിനുവേണ്ടി ചവിട്ടുകൊണ്ട് താഴ്ന്നുപോയവന്റേതാണ്. അവൻ നാളെ ഉയർന്നുവരണമെന്ന് ആഗ്രഹിക്കുന്ന മതേതരത്വവും ജനാധിപത്യവും മാനവികതയും കൊണ്ടുനടക്കുന്ന ഒരു ജനതയുടെ സ്വപ്നമാണ് ഓണം. നമ്മുടെ നാടിന്റെ സാമൂഹ്യജീവിതത്തിന് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ച ഒരു കാര്യം അങ്ങ് ശ്രദ്ധിക്കണം. ഈ ബഡ്ജറ്റിൽ അവസാനം പറഞ്ഞുനിർത്തിയത് ശ്രീനാരായണഗുരുവും അയ്യങ്കാളിയും ചട്ടമ്പിസ്വാമിയുമെല്ലാം പടുത്തുയർത്തിയ ഒരു നവോത്ഥാനത്തിന്റെയും ആ നവോത്ഥാനം സംഭാവന ചെയ്യുന്ന മാനവികതയുടെയും നിലനില്പിനുവേണ്ടിയാണ് ഒരു ഭരണകൂടം ചിന്തിക്കേണ്ടത് എന്നാണ്.

നമ്മൾ ഓരോ പൈസയും ചെലവഴിക്കുമ്പോൾ ഓരോ പൈസയും സമാഹരിക്കുമ്പോൾ ചിന്തിക്കേണ്ടത് ഇതാണ്. കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ പറഞ്ഞത്, കൗടില്യന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചാണ്. കൗടില്യന്റെ ധനകാര്യ മാനേജ്മെന്റിൽ അദ്ദേഹം പറഞ്ഞത് ശരിയാണ്, പൂവിന് നോവാതെ പൂവറിയാതെ വേണം തുമ്പിപോയി തേൻ എടുക്കാൻ. പക്ഷേ ശ്രീ. വി. ഡി. സതീശനോട് എനിക്ക് ചോദിക്കാനുള്ളത്, ഇതിന്റെ റേഷ്യോ തകർന്നാൽ എന്ത് ചെയ്യുമെന്നാണ്; തുമ്പിക്ക് തേൻ കുടിക്കാൻ ആവശ്യത്തിന് പൂവ് ഇല്ലെങ്കിൽ എന്തുചെയ്യും? സത്യത്തിൽ കേരളത്തിൽ ആ പ്രതിസന്ധിയുണ്ട്. ഒരുപാട് തുമ്പികൾ തേൻ കുടിച്ചതിന്റെ ചരിത്രം കേരളത്തിൽ യു.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്നു. ഞാൻ അതൊന്നും പറഞ്ഞുപോകുന്നില്ല. പക്ഷേ ആവശ്യത്തിന് തുമ്പി ഉണ്ടായിരിക്കുകയും തേൻ കുടിക്കാൻ ആവശ്യത്തിന് പൂവ് ഇല്ലാതിരിക്കുകയും ചെയ്താൽ പുതിയ പൂക്കളെ സൃഷ്ടിക്കാനുള്ള ഒരു കർമ്മ പദ്ധതികൂടി കേരളത്തിന്റെ പരിസ്ഥിതിയേയും മാനവികതയേയും സാമൂഹ്യ അവസ്ഥയേയും സൃഷ്ടിച്ചുകൊണ്ടേ നമുക്ക് പൂക്കളെക്കൂട്ടി ഉള്ള തുമ്പികൾക്ക്, പൂക്കൾക്ക് നോവാതെ തേൻ കുടിക്കാനുള്ള ഒരന്തരീക്ഷം ഉണ്ടാക്കാൻ സാധിക്കൂ.

ശ്രീ. കെ. മുരളീധരൻ പ്രസംഗിച്ചപ്പോൾ അവസാനം പറഞ്ഞു, ഇപ്പോൾ എല്ലാവരും ഒറ്റനാമത്തിലാണ് അത് കിഫ്ബിയായ നമഃ എന്നാണ്. എന്തുകൊണ്ട് അങ്ങനെവന്നു? സത്യത്തിൽ കേരളത്തിന്റെ അന്തരീക്ഷത്തിൽ അങ്ങനെയൊരു പ്രതിസന്ധിയിലെത്താൻ എന്താണ് കാര്യം? കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, ഈ ധനകാര്യ വകുപ്പുമന്ത്രി ധനകാര്യത്തിന്റെ കാര്യത്തിൽ, ജനപക്ഷത്തിന്റെ കാര്യത്തിൽ, മാനവികതയുടെ കാര്യത്തിൽ മിടുക്കനാണെന്ന് തർക്കമില്ല. പക്ഷെ ഇവിടെയുള്ള തർക്കമെന്താണെന്നുവച്ചാൽ, അങ്ങ് പരാജയപ്പെട്ടുപോകുമെന്നതാണ്. പരാജയപ്പെടാതിരിക്കാൻ പ്രാർത്ഥിക്കണം. ഒരു പാലത്തിന്റെ മുന്നിൽ ഒരു കർഷകൻ വന്നുനിന്ന പഴയ കഥയുണ്ട്. കർഷകൻ വന്നുനിന്നത് ഒരു കുട്ട നെല്ലും ഒരു കുറുക്കനും ഒരു കോഴിയുമായാണ്. പക്ഷെ ആ പാലത്തിലൂടെ ഒരാളുമായി മാത്രമേ കടക്കാൻ പറ്റൂ. മൂന്നെണ്ണത്തിനെയും ചേർത്ത് നടന്നാൽ വീണുപോകും. അത്തരം ഒരു പ്രതിസന്ധി കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. പക്ഷെ ആ പ്രതിസന്ധി മറികടക്കുകയാണ്. മറികടക്കുമ്പോൾ ഇങ്ങനെയൊരു നൂൽപ്പാലത്തിലൂടെ ഭരണകക്ഷിക്കുവേണ്ടി മാത്രമല്ല, പ്രതിപക്ഷത്തിനും കേരളത്തിനുംവേണ്ടി ഒറ്റയ്ക്ക് ഒരു ചുമടുമായിപോകുന്ന ഈ ധനകാര്യ വകുപ്പുമന്ത്രി മറിഞ്ഞുവീഴണമെന്ന് പ്രാർത്ഥിക്കരുത്, നടന്നുനീങ്ങണേ അക്കരെയെത്തണേ എന്ന് പ്രാർത്ഥിക്കണം. കാരണം, ഇത് കേരളത്തിന്റെ ആവശ്യമാണ്. അന്ന് ആ കർഷകൻ ഒരുമിച്ച് കൊണ്ടുപോകാൻ കഴിയാത്തതിനാൽ അതിനെ മറികടന്നത് എങ്ങനെയെന്നാൽ, നെല്ല് കൊണ്ടുപോയാൽ കുറുക്കൻ കോഴിയെ പിടിക്കും കുറുക്കനെ കൊണ്ടുപോയാൽ നെല്ല് കോഴി തിന്നും ഒറ്റയ്ക്ക് ഒറ്റയ്ക്കേ കൊണ്ടുപോകാൻ ഒക്കൂ. അയാൾ ആദ്യം കോഴിയെ കൊണ്ടുപോയി അക്കരെ നിർത്തി. അപ്പോൾ കുറുക്കൻ നെല്ല് തിന്നുകയില്ല. പിന്നീട് നെല്ല് കൊണ്ടുപോയി അപ്പോൾ കോഴിയെ തിരിച്ച് കൊണ്ടുവന്നു. പിന്നീട് കുറുക്കനെ അക്കരെ കൊണ്ടുപോയി നിർത്തുകയും പിന്നീട് വീണ്ടും കോഴിയെ കൊണ്ടുപോകുകയും ചെയ്തു. അങ്ങനെയാണ് അയാൾ രക്ഷപെട്ടത്. അങ്ങനെയൊരു റിസ്കിലാണ് ഇവിടത്തെ കാര്യവും. നമുക്ക് ഈ പാലം കടക്കണം, ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കണം, ഒപ്പം ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ പാവപ്പെട്ടവനെ നോവിക്കാതിരിക്കണം. എടുക്കേണ്ടവനിൽനിന്ന് മാക്സിമം എടുക്കണം. ശ്രീ. കെ. കൃഷ്ണൻകുട്ടി ചില നിർദ്ദേശങ്ങൾ പറഞ്ഞു. പലതും ആലോചിക്കണം. പിരിക്കാവുന്നത് മുഴുവൻ പിരിക്കണം. യു.ഡി.എഫ്. ഭരണകാലത്ത് സംഭവിച്ചത് എന്താണെന്നുവച്ചാൽ, അങ്ങനെ പിരിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും വെല്ലുവിളിയുണ്ട്.

1.00 P M]

സാമ്പത്തിക മാന്ദ്യം നിലനിൽക്കുകയാണ്. കേരളത്തിൽനിന്ന് പുറത്തുപോയവർ അയയ്ക്കുന്ന പണവും റബ്ബറിന്റെ വിലയുമാണ് കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. ഇതെല്ലാം തകർന്നുനിൽക്കുന്ന സമയത്ത് വാങ്ങൽശേഷി വർദ്ധിപ്പിക്കണമെങ്കിൽ കഴിഞ്ഞ ഓണക്കാലത്തെപ്പോലെ പാവപ്പെട്ടവന്റെ കയ്യിൽ ആവശ്യത്തിന് പണമുണ്ടാകണം. പണമുണ്ടാകുമെന്ന് ഉറപ്പിച്ച് മുന്നോട്ടുനീങ്ങി, ലോകം പ്രതിസന്ധിയിൽപ്പെട്ട് തീപിടിക്കുമ്പോൾ ഇവിടെ മഴനനച്ച് ഒരു കുളിരുണ്ടാക്കണമെന്ന് വിചാരിച്ചാൽ അത് വലിയ റിസ്കാണ്. ആ റിസ്കാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുക്കാൻ ശ്രമിക്കുന്നത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മുടെ പൊതുസമ്പത്ത് ദേശസാൽക്കരിക്കണം. അതിന്റെ വരുമാനം സമൂഹത്തിന് കിട്ടണം. അത് അർഹതപ്പെട്ടവന് കിട്ടുമെന്ന് ഉറപ്പാക്കണം. നമ്മുടെ വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലെത്തിക്കണം. അല്ലെങ്കിൽ നമ്മുടെ യൗവ്വനത്തിന് ലോകത്തോട് മത്സരിക്കാൻ കെല്പില്ലാതാകും. അതിനായി ഇപ്പോൾ മുടക്കുന്ന പണം നാളെ കിട്ടുമെന്ന് ഉറപ്പാണ്. ലോകത്ത് ആരോടും മത്സരിക്കാൻ കഴിയുന്ന ഒരു യൗവ്വനം നാളെ ഉണ്ടായില്ലെങ്കിൽ കേരളവും കേരളത്തിന്റെ നവോത്ഥാനവും തകർന്നുപോകും. നമുക്ക് സ്വപ്നംകാണാവുന്ന ഒരു യൗവ്വനത്തെ സൃഷ്ടിക്കണം. പേടിപ്പെടുത്തുംവിധമാണ് ഇന്ന് റോഡിൽക്കൂടി ബൈക്കോടിക്കുന്നത്. ഇടത്തുവച്ച് വലത്തുമാറി കളരിയൊക്കെ കാണിച്ച്, പിന്നെ മെഡിക്കൽ കോളേജിലാണ് കാണുന്നത്. ചെറുപ്പക്കാരായ നാലായിരത്തിലധികംപേരാണ് ഒരുവർഷം മരിക്കുന്നത്. അതിനുള്ള പ്രധാനകാരണം അവന് സ്വപ്നമില്ലാത്തതും ജീവിതത്തെ കുറിച്ചും ബന്ധുക്കളെക്കുറിച്ചും കരുതലില്ലാത്തതുമാണ്. ആ കരുതലുണ്ടാക്കാൻ വിദ്യാഭ്യാസത്തിനേ കഴിയൂ, അതിന്റെ ലോകനിലവാരത്തിനും മനോഹാരിതയ്ക്കുമേ കഴിയൂ. അങ്ങനെയൊന്ന് സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ അതെല്ലാം എൽ.ഡി.എഫ്.-കാരല്ല, എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഇതൊന്നുമല്ലാത്ത മനുഷ്യരാണ്. പക്ഷേ അവർക്കെല്ലാം മുൻപിൽ നമ്മൾ നേരത്തെ പറഞ്ഞതുപോലെ വാമനന്റേതാണ് ഓണമെന്ന് പറയുമ്പോൾ, മാവേലി അവിടെയില്ല എന്നുപറയുമ്പോൾ എതിർക്കാൻ ഒരുമിച്ചുണ്ടാവണം. നവോത്ഥാനത്തിന്റെ നന്മകൾ പൂക്കാനുള്ള വെള്ളവും വളവും കേരളത്തിന് നൽകണം. എല്ലാമായെന്ന് ഞാൻ പറയുന്നില്ല. അതിന്റെ സ്പർശമുള്ള, യു.ഡി.എഫ്.-ന്റെ കാലത്തെ തെറ്റുകൾ

തിരുത്തിയുള്ള, കളങ്കങ്ങൾ വന്നത് ഇല്ലാതാക്കി, ചോരാതെ എല്ലാം ഖജനാവിൽ കിട്ടാവുന്ന തരത്തിൽ, അതിൽ നീതിപൂർവ്വമായി വിതരണം നടത്താവുന്ന തരത്തിൽ ഒരു മാനവികതയുടേയും മതേതരത്വത്തിന്റേയും നവോത്ഥാനത്തിന്റേയും സ്പർശമുള്ള ബഡ്ജറ്റാണിത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. പുതിയ സർക്കാരിന് ഒരു അപ്രോച്ച് ഇതുവരെ കൈവന്നിട്ടില്ല. ഒരു പിടിത്തം കിട്ടിയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ആകെ ഒരുമാതിരി നിലാവത്ത് കോഴികളെ വിട്ടതുപോലെ കിടന്നുതിരിയുന്ന ഒരു സ്വഭാവമാണ് കാണുന്നത്. ഞങ്ങൾ കേരളത്തിന്റെ കാതലായ പ്രശ്നങ്ങൾ അനലൈസ് ചെയ്ത്, വ്യക്തതയോടുകൂടി ആദ്യംതന്നെ നൂറുദിന പരിപാടി പ്രഖ്യാപിച്ചു. നൂറ് ദിവസത്തിനുള്ളിൽ ഇന്ന റിസൾട്ടുണ്ടാക്കുമെന്ന് പറഞ്ഞിരുന്നു. ഇപ്പോഴത്തെ മന്ത്രിമാരിൽ കുറേപ്പേർ പുതിയ ആളുകളാണ്. കാര്യങ്ങൾ പഠിക്കാൻ കുറച്ച് സമയമെടുക്കും. അത് നല്ലതാണ്. പക്ഷേ പ്രശ്നം എന്താണെന്നുവച്ചാൽ ഈ ഹണിമൂൺ പീര്യേഡ് ഇപ്പോഴങ്ങ് തീരും. നിങ്ങൾ ജീവിതയാഥാർത്ഥ്യത്തിലേയ്ക്ക് വരണം. ഇപ്പോഴും ആലസ്യത്തിൽ ഇരിക്കുകയാണ്. പുതിയ സർക്കാരിന് പുതിയൊരു അപ്രോച്ചില്ല. കാര്യങ്ങളെ ആ രീതിയിൽ കാണുന്നുമില്ല. ഇവിടെവന്നാൽ എല്ലാം ശരിയാക്കിത്തരാം എന്നുപറഞ്ഞാണ് നിങ്ങൾ വന്നത്. ഇപ്പോൾ ശരിയായിരുന്നതുപോലും ഇല്ലെന്നുമാത്രമല്ല സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണ്. സാമ്പത്തിക കാര്യങ്ങൾ പരിശോധിച്ചാൽ, ഇപ്പോഴത്തെ കിഫ്ബി, അത് പറയാൻതന്നെ കുറച്ചു പ്രയാസമാണ്. കിഫ്ബ് എന്നുപറയണോ കിഫ്ബി എന്നുപറയണോ എന്നെനിക്കറിയില്ല. ഏതായാലും ശരി കിഫ്ബി വരട്ടെ എന്നാണ് പറയുന്നത്. നാട്ടിൻപുറത്തൊരു വൈദ്യരുണ്ട്. അദ്ദേഹത്തിന്റെ കഥ പറഞ്ഞതുപോലെയാണ്. അദ്ദേഹത്തിന്റെ അടുത്ത് പനി പിടിച്ചുചെന്നാലും വയറ്റീന്നുപോക്കിന് ചെന്നാലും ഒരു കഷായം കാച്ചിത്തരാമെന്ന് പറയും. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ എന്തുപറഞ്ഞാലും കിഫ്ബി വരട്ടെ, കിഫ്ബി വരട്ടെ എന്നുപറയുകയാണ്. കിഫ്ബി എന്നാണ് വരുന്നത്, എങ്ങനെയാണ് വരുന്നത് എന്നുള്ളത് അറിയില്ല. നിങ്ങളാദ്യം ഐഡിയോളജിയുടെ ഹാംഗ്ഓവറിൽനിന്ന് ഉണരണം. എന്നാലേ ശരിയാവുകയുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസംഗിച്ചപ്പോൾ എ.ഡി.ബി.-യെക്കുറിച്ച് കുറേ കാര്യങ്ങൾ പറഞ്ഞു. അത് നിങ്ങളുടെ രാഷ്ട്രീയ

വീക്ഷണമായിരിക്കാം. പക്ഷേ ഫണ്ട് എവിടെനിന്ന് വാങ്ങിയാലും അത് ലോണാണ്. പലിശസഹിതം തിരിച്ചുകൊടുക്കണം, കിഫ്ബി ആയാലും കൊടുക്കണം. പത്തോ പന്ത്രണ്ടോ, എത്രശതമാനമാണ് പലിശ? എ.ഡി.ബി.-യുടേത് കുറച്ചുകൂടി പലിശ കുറവായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഇത് കനത്ത പലിശയോടുകൂടി തിരിച്ചുകൊടുക്കണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വച്ചത് ഒരു ഡോക്യുമെന്റാണ്. അത് നിങ്ങളുടെ രാഷ്ട്രീയ വീക്ഷണമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കിഫ്ബി വന്നുകഴിഞ്ഞു. അമ്പലപ്പുഴ-തിരുവല്ല-ശബരിമല റോഡിന്റെ പണി കിഫ്ബി വഴി തുടങ്ങി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കിഫ്ബിയിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഹോസ്റ്റലുകൾക്കായി 250 കോടി രൂപയുടെ എ.എസ്. ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നല്ല കാര്യമാണ്. കിഫ്ബി എത്തി എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഞാൻ പറയാൻ പോകുന്ന പോയിന്റ് വേറെ ഒന്നാണ്. കിഫ്ബിയുടെ കഥ അവസാനം എന്താകുമെന്ന് ഞാൻ പറയാം. ഞാൻ വ്യവസായ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് പത്തു-പന്ത്രണ്ട് ശതമാനത്തിന് പ്രത്യേക ലോണെടുത്ത് വ്യവസായ വകുപ്പിൽ കുറച്ച് കാര്യങ്ങൾ ചെയ്തെന്നും വേറെ ഒരു വകുപ്പിലും എ.ഡി.ബി. ലോണും എം.ജി.എഫ്.-ഉം ഒക്കെ എടുത്ത് ഒന്നും ചെയ്തില്ലെന്നും ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞാൻ പറയുന്നത് വേറൊരു സംഗതിയാണ്. ഈ പോക്കുപോയാൽ, നിങ്ങൾ ഐഡിയോളജിയുടെ ഹാംഗ്ഓവറിൽ കിടന്ന് പുതിയ യാഥാർത്ഥ്യങ്ങളെയൊന്നും കാണാതെ അഞ്ചുവർഷം പാഴാക്കിക്കളയുമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം നിങ്ങൾക്ക് എവിടെനിന്നാണ് പണം; പണം ഉണ്ടാക്കാനുള്ള ഒരു മാർഗ്ഗവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇതുവരെ ആലോചിച്ചിട്ടില്ല. പണം ഇല്ലാത്ത കളിയാണ്. കിഫ്ബി വരട്ടെ. കിഫ്ബി എത്തിയെന്നൊക്കെ പറയുന്നു. കിഫ്ബി വന്നാൽ ഒരു കണക്കുണ്ട്. അതിനപ്പുറത്തേയ്ക്ക് പോകില്ല. എ.ഡി.ബി. ലോൺ കുറഞ്ഞ പലിശയ്ക്ക് കിട്ടുന്നതിനെക്കുറിച്ചുള്ള കുറേ നിബന്ധനകളെ സംബന്ധിച്ചാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിമർശിച്ചത്. നല്ല സ്ലോഗനാണ്. അതിങ്ങനെ

പറഞ്ഞുകൊണ്ടിരിക്കാം. പക്ഷേ യഥാർത്ഥത്തിൽ എന്താണ്? റീസ്ട്രക്ചറിംഗ്, ഡൗൺസൈസിംഗ് - ചെലവുചുരുക്കൽ ഇതൊന്നുമില്ലാതെ, കിഫ്ബിയുടെ ഫണ്ട് കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും മറ്റും പട്ടികജാതി വകുപ്പിന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും ഒക്കെ പണികൾ ചെയ്യാൻ സാധിക്കുമെന്നാണോ അങ്ങ് കരുതുന്നത്? നിത്യനിദാന ചെലവിന് കാശില്ലാത്ത ഒരുത്തന്റെ കയ്യിൽ ഏത് കാശ് കിട്ടിയാലും അത് അവൻ കണ്ടതിന് ചെലവാക്കില്ലേ; നിത്യനിദാന ചെലവിന് വകയില്ലെങ്കിൽപ്പിന്നെ കിട്ടിയ പണം ചെലവാക്കുകയല്ലാതെ എന്തു ചെയ്യും?

ശ്രീ. എ. കെ. ബാലൻ: അത് കൊടുക്കാൻ പാടില്ല എന്നാണ് നിയമം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നിയമം എഴുതിവച്ചിട്ട് കാര്യമില്ല. ആ പണം മുഴുവൻ ശമ്പളത്തിനും പെൻഷനും കൊടുത്ത് ബാക്കിയുള്ളത് മറ്റ് കാര്യങ്ങൾക്കായി പോകും. ഇപ്പോൾ കെ.എസ്.ആർ.ടി.സി. മാത്രമെടുത്താൻ മതിയല്ലോ. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളത്തേക്കാൾക്കൂടുതൽ തുക വേണ്ടത് പെൻഷനാണ്. 1984-ൽ ഒരു മുദ്രാവാക്യത്തിന്റെ കൂടെപ്പോയി ഏർപ്പെടുത്തിയതാണ് പെൻഷൻ. ഇപ്പോൾ ശമ്പളവും മുടങ്ങി, പെൻഷനും മുടങ്ങി. അവസാനം കെ.എസ്.ആർ.ടി.സി. തന്നെ തകരുന്ന സ്ഥിതിയായി. ഡൗൺസൈസിംഗ് ഒന്നും പാടില്ല എന്നുള്ളത് നല്ലൊരു മുദ്രാവാക്യമാണ്. പക്ഷേ എന്റെ പോയിന്റ് ഇതാണ്, പുതിയ സർക്കാരിന് ഒരു പിടിത്തവും കിട്ടിയിട്ടില്ല. ഒരു അപ്രോച്ചില്ല. കേരളത്തിൽ ഗുരുതരമായ ഒരുപാട് പ്രശ്നങ്ങളുണ്ട്. നിങ്ങളുടെ പെർഫോമൻസിന്റെ കാര്യമാണെന്നു പറഞ്ഞുകൊണ്ട് നമുക്കിത് വിടാമായിരുന്നു. ഇപ്പോൾ അതല്ല. ഗുരുതരമായ പ്രശ്നങ്ങളുണ്ട്. അഞ്ചുകൊല്ലം ഭരിക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നത് നിങ്ങൾക്കാണ്. ഞങ്ങൾക്കല്ല. ഞങ്ങൾക്കൊരു അപ്രോച്ചുണ്ടായിരുന്നു. ഞങ്ങൾ ഇൻഫ്രാസ്ട്രക്ച്ചറിൽ നല്ല പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. ഐ.ടി.-യിൽ നല്ല പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഫലം ഇപ്പോൾ കേരളത്തിന് കിട്ടുന്നുണ്ടല്ലോ. ഇന്നലെ മുഖ്യമന്ത്രി പറഞ്ഞു, ഒരു ബില്യൻ എന്നുള്ളത് രണ്ട് ബില്യനാക്കുമെന്ന്.

അതുപോലെ എംപ്ലോയ്മെന്റ് - കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെക്നോപാർക്കിലൊക്കെ എത്ര ആളുകൾക്കാണ് ജോലി കിട്ടിയത്. സംശയമുണ്ടെങ്കിൽ അന്വേഷിച്ചുനോക്കൂ. ഞാൻ പറയുന്നില്ല, ടെക്നോപാർക്കിന്റെയും ഇൻഫോപാർക്കിന്റേയും ഗേറ്റിനുമുന്നിൽ നിന്നാൽ

അവിടെനിന്ന് പുറത്തുവരുന്നവരെക്കാണാം. അതൊക്കെ കുറുക്കൻ മേഞ്ഞുനടന്നിരുന്ന സ്ഥലമല്ലേ; കാലിക്കറ്റ് അങ്ങനെ ആയില്ല. കാലിക്കറ്റിന്റെ സാധ്യത ആയിവരുന്നതേയുള്ളൂ, പക്ഷേ കൊച്ചിയായി. ഇപ്പോൾ ഞാൻ പറയുന്നത് പുതിയ ഗവൺമെന്റിന് ഇത്തരത്തിലുള്ള എന്തെങ്കിലും ഒരു സമീപനമുണ്ടോ; ഉമ്മൻ ചാണ്ടി ഗവൺമെന്റിനുണ്ടായിരുന്നു, നിങ്ങൾക്കില്ല എന്നാണ് എന്റെ അഭിപ്രായം. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി -മെട്രോ, പോർട്ട്, റെയിൽ, റോഡ് മുതലായവ യ്ക്കൊക്കെ കുറേ കാര്യങ്ങൾ ചെയ്തു. ഇപ്പോൾ നിങ്ങൾ പോകുന്ന പോക്കുകണ്ടാൽ, നിങ്ങൾക്കത് ചെയ്യാൻ കഴിയില്ല. അതാണ് എന്റെ പോയിന്റ്. ഇപ്പോഴത്തെ സ്ഥിതി വളരെ ഗൗരവമാണ്. എൽനിനോ പ്രതിഭാസത്തിന്റെയും മറ്റും ഫലമായി കാലാവസ്ഥയിൽ മാറ്റംവന്നിരിക്കുകയാണ്, അതിനെത്തുടർന്ന് കടുത്ത വരൾച്ചയാണ്. അവസരത്തിനൊത്ത് നിങ്ങൾ ഉയരുന്നില്ല. നിങ്ങൾ മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചിരിക്കുന്നത്. കുടിവെള്ളത്തിന്റെ സാധ്യത പരിശോധിക്കണം. എൻവയോൺമെന്റിനെപ്പറ്റി പറയുന്നു, കേരളം ഊഷരഭൂമിയാണ്, മഴയില്ലെങ്കിൽ എന്താണ് നമ്മുടെ സ്ഥിതി? പ്രകൃതി സംരക്ഷണത്തെക്കുറിച്ചും കൃഷി വികസനത്തെക്കുറിച്ചുമൊക്കെ പ്രസംഗിച്ചാൽ അതുണ്ടാകുമോ? കൃഷിയെപ്പറ്റി ഒരുപാട് പ്രസംഗിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങൾക്ക് വില കിട്ടണമെങ്കിൽ വാല്യൂ അഡിഷൻ വേണം, വ്യവസായം വരണം. ആ നിലയ്ക്കുള്ള ഇൻഡസ്ട്രിയൽ പോളിസിയുണ്ടോ; കാർഷിക പോളിസിയുണ്ടോ; ഒരു അപ്രോച്ചുണ്ടോ? ഒന്നുമില്ല. കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധിക്കാതെ എങ്ങനെ കൃഷി മുതലാകും? ശ്രീ. വി. എസ്. സുനിൽ കുമാർ നാട്ടിൽ മുഴുവൻ നടന്ന് പ്രസംഗിക്കുന്നുണ്ട്, വളരെ ഊർജ്ജസ്വലനായി പായുന്നുണ്ട്, പക്ഷേ പറഞ്ഞാൽ കൃഷിയുണ്ടാകുമോ; കേരളം മുഴുവൻ പാഞ്ഞുനടന്നതുകൊണ്ട് കൃഷിയുണ്ടാകാൻ പോകുന്നില്ല. കാർഷികോല്പന്നങ്ങൾക്ക് വില കിട്ടാനുള്ള ഒരു പ്രോഗ്രാം അദ്ദേഹം പ്രഖ്യാപിക്കണം. എല്ലാ കൃഷിക്കാരോടും നിങ്ങൾ കൃഷി ചെയ്യണം, കൃഷി ചെയ്യണം എന്നുപറഞ്ഞാൽ അത് നേരേയാകുമോ? ഇപ്പോൾ എന്നോടും പറഞ്ഞു. ഞാൻ ഒരു ഹോബിയായി ഒരു മണിക്കൂർ, രണ്ടു മണിക്കൂർ പാടത്തും പറമ്പിലുമൊക്കെ നടന്ന് കൃഷി നോക്കുന്ന ആളാണ്. പക്ഷേ എനിക്ക് കൃഷിയിൽനിന്നുള്ള വരുമാനംകൊണ്ട് ജീവിക്കാൻ പറ്റുകയില്ല. എന്നാൽ എന്റെ ഫാദറിനും ഫാദറിന്റെ ഫാദറിനും സാധിച്ചിരുന്നു. അവർ കാർഷികോല്പന്നങ്ങൾ മാത്രംവിറ്റ് സുഭിക്ഷമായി ജീവിച്ചിരുന്നു, പണ്ട് കാറും ഒക്കെവച്ച് ജീവിച്ചിരുന്നു. പക്ഷേ എനിക്ക് പറ്റുമോ? ആ വരുമാനം മാത്രംവച്ച് ജീവിക്കാൻ പറ്റില്ല. കാരണം കാർഷികോല്പന്നങ്ങൾക്ക് വില കിട്ടില്ല. കാർഷിക പ്രാധാന്യമുള്ള വയനാട്ടിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് കൂടുതൽ ദാരിദ്ര്യം പ്രകടമാണ്. കൃഷിക്കാർക്ക് വരുമാനമില്ല. അതിന് ഇവിടെ വാല്യൂ

അഡിഷൻ വേണം. ശ്രീലങ്കയിലും പോയി നോക്കു, എത്രയാ വാല്യൂ അഡിഷൻ; അതുപോലൊരു പരിപാടി ഇവിടെ കാണുന്നില്ല. ഇന്ത്യ ഡവലപ് ചെയ്തെടുത്ത വിത്ത്, അത് അന്തകൻ വിത്താണെന്നപേരിൽ കേരളത്തിൽ പറ്റുകയില്ലെന്നുപറഞ്ഞ് ബഹളമുണ്ടായി. അന്തകൻ വിത്ത് വേണ്ടെന്ന് പറയാം, പക്ഷേ നോക്കിയിട്ട് വേണ്ടേ പ്രഖ്യാപനങ്ങൾ നടത്താൻ. പ്രഖ്യാപനങ്ങൾ ആദ്യം വരികയാണ്. അതുകൊണ്ട് കാര്യമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതുപോലെ വേസ്റ്റിന്റെ കാര്യം വളരെ സീരിയസ്സായി ഞങ്ങൾ എടുത്തതാണ്. നിങ്ങൾ സമയം കളയുന്നതല്ലാതെ അതിനൊരു പ്രോഗ്രാമുള്ളതായി കാണുന്നില്ല. വേസ്റ്റ്, റോഡ്, ലാന്റ് അക്വസിഷൻ എന്ത് കാര്യമാകട്ടെ എല്ലാ പാർട്ടികളേയും ഒരുമിപ്പിച്ചുകൊണ്ടുള്ള ജനകീയ സഹകരണമാണ് വേണ്ടത്. ജനകീയ സഹകരണത്തിനായി, എല്ലാവരേയും വിളിച്ചുകൂട്ടുക, ആൾപാർട്ടി കൂടുക, ചർച്ച ചെയ്യുക ഇങ്ങനെ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുന്നുണ്ടോ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് അടിക്കടി മീറ്റിംഗ് കൂടുമായിരുന്നല്ലോ; യാതൊരു ഇനിഷ്യേറ്റീവുമില്ലാത്ത നിലയിലാണ് ഈ ഗവൺമെന്റിന്റെ പോക്ക്. ചുരുക്കിപ്പറഞ്ഞാൽ നായയുടെ വിഷയത്തിൽപ്പോലും നിങ്ങൾ കൺഫ്യൂസ്ഡാണ്. എല്ലാ കാര്യത്തിലും തികഞ്ഞ കൺഫ്യൂഷൻ നിങ്ങൾക്കുണ്ട്, അത് ഐഡിയോളജിയുടെ ഹാംഗ്ഓവർ ആണോ എന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും ഒരു വികസനനയം ആവശ്യമാണ്.

ലാന്റ് യൂട്ടിലൈസേഷനെ സംബന്ധിച്ച് എന്താണ് പറയുന്നത്; പ്രകൃതിയും ബാക്കിയുള്ളതുമെല്ലാം നോക്കണം. എല്ലാ ഭൂമിയും കൃഷിക്ക്, കയ്യിൽ കിട്ടിയതുമുഴുവൻ കൃഷി ചെയ്യുമെന്നൊക്കെ നിങ്ങൾ പറയുന്നുണ്ട്, ഐ.ടി., ടൂറിസം ഇങ്ങനെയുള്ള സംഗതികൾക്കെങ്കിലും കുറച്ച് ഭൂമി വേർതിരിച്ചെടുത്ത് ഉപയോഗിക്കുന്നതിനെക്കുറിച്ച് ഒരു പോളിസി വേണ്ടേ; അതുമില്ല. അതാണ് ഞാൻ പറഞ്ഞത് യാതൊരുവിധ നയവുമില്ലാതെ ഒരുമാതിരി ഇരുട്ടിൽ തപ്പുന്ന ഗവൺമെന്റാണിത്. മോഡണൈസേഷനെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞല്ലോ, മോഡണൈസേഷനെ നിങ്ങൾ മുദ്രാവാക്യം വിളിച്ച് പരാജയപ്പെടുത്തിയതാണ്. എ.ഡി.ബി. ഫണ്ട്, നിങ്ങളുടെ കാലത്ത് തുടങ്ങി, അതിനുശേഷം ശ്രീ. ആന്റണി ഗവൺമെന്റ് വന്ന സമയത്ത് ഫണ്ടു വന്നു, മോഡണൈസേഷനുവേണ്ടി ഫണ്ട് ചെലവാക്കാൻ ശ്രമിച്ചപ്പോൾ വമ്പിച്ച സമരവുമായി നിങ്ങൾ രംഗത്തിറങ്ങി. കംപ്യൂട്ടറൈസേഷനേയും മറ്റും ഒരുപോലെ എതിർത്ത്, ഫർണിച്ചർ

വാങ്ങുകയാണെന്ന് പറഞ്ഞ് ജീവനക്കാർ സമരം, എല്ലാവരും സമരം. അവസാനം എന്താണ് ഉണ്ടായത്; ഫണ്ട് ശരിയായി വിനിയോഗിക്കാൻ കഴിഞ്ഞില്ല, നിങ്ങൾ വന്നപ്പോൾ അത് നിർത്തി. ആ ഫണ്ട് മുഴുവൻ നിത്യനിദാന ചെലവിന് എടുത്തു. ഇവിടെ കിഫ്ബിയിൽ ഉണ്ടാകാൻ പോകുന്നതും അതുതന്നെയാണ്. അങ്ങനെയൊരു അപ്രോച്ചും പ്ലാനിംഗും ഇല്ലാതെയാണ് മുന്നോട്ടുപോകുന്നത്.

കൊച്ചിയുടെ കാര്യംതന്നെയെടുക്കാം, ഏത് സ്റ്റേറ്റിനും ഒരു നല്ല കൊമേഴ്സ്യൽ ക്യാപ്പിറ്റൽ ഉണ്ടാകും. ഇപ്പോൾ മഹാരാഷ്ട്രയ്ക്ക് ബോംബെയുണ്ട്, തമിഴ്നാടിന് ചെന്നൈയുണ്ട്, കർണ്ണാടകയ്ക്ക് ബാംഗ്ലൂർ ഉണ്ട്, അതുപോലെ ഇവിടെ കൊച്ചി. ഞങ്ങളുടെ സമയത്ത് കൊച്ചിയിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനും ഐ.ടി. ഡെവലപ്മെന്റിനും ടൂറിസത്തിനും മറ്റുമൊക്കെയായി ഒരു കൊമേഴ്സ്യൽ ക്യാപ്പിറ്റൽ എന്ന നിലയിലുള്ള പ്ലാനുണ്ടായിരുന്നു. അങ്ങനെയൊന്ന് നിങ്ങൾ പ്രഖ്യാപിച്ചതായി കാണുന്നില്ല. ഇതാണ് പൊതുവിലുള്ള സ്ഥിതി. യാതൊരുവിധ വികസന അപ്രോച്ചുമില്ലാത്ത സ്ഥിതിയിലാണ് നിങ്ങളുടെ പോക്ക്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ഞാൻ ഇത്രയേ പറയുന്നുള്ളൂ. ഈ പോക്കുപോയാൽ നിങ്ങളൊരു റിസൽട്ടുണ്ടാക്കുമെന്ന് എനിക്ക് തോന്നുന്നില്ല, ഓട്ടത്തിനിടയിൽ ഇടിച്ച് എവിടെയെങ്കിലും നിൽക്കാതെ നോക്കിയാൽ മതി. ഈ സാമ്പത്തിക പ്രതിസന്ധി, ശമ്പളംവരെ മുടങ്ങും. ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കണം, കിഫ്ബി അല്ലാതെ ഒരു സോഴ്സും പുതിയ ഒരു വരുമാനമാർഗ്ഗവും വരുമാനം കൂട്ടാനുള്ള യാതൊരുവിധ പ്രൊപ്പോസലും അങ്ങയുടെ നയത്തിലില്ലെന്നുള്ളതാണ്.

ഞാൻ കേരളത്തിലെ കാര്യം പറയുമ്പോൾ നമുക്ക് മറ്റുചില കാര്യങ്ങൾകൂടി പറയാതിരിക്കാൻ വയ്യ. രാഷ്ട്രീയമായി കേരളത്തിൽ ഒരുപാട് വെല്ലുവിളികളുണ്ട്. കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റാണ് ഭരിക്കുന്നത്. ബി.ജെ.പി. ഗവൺമെന്റ് ഇവിടെ പലകാര്യങ്ങളും ചെയ്യാൻ നോക്കുന്നുണ്ട്. ഉദാഹരണമായി, ഇവിടെ യു.എ.പി.എ. ഇംപ്ലിമെന്റ് ചെയ്യാൻ തുടങ്ങി, നിങ്ങളൊന്നും അറിഞ്ഞില്ല. യു.എ.പി.എ.-യുടെ കൂടെ നിങ്ങളും നിൽക്കുകയാണ്. ഇ. കെ. നായനാർ പ്രതിപക്ഷ നേതാവായിരിക്കുന്ന സമയത്ത്, ഞാൻ മന്ത്രിസഭയിൽ ഉള്ളകാലത്ത്, കണ്ണൂരിൽ മാർക്സിസ്റ്റ്-ബി.ജെ.പി. സംഘട്ടനത്തിൽ അന്ന് യു.എ.പി.എ. ഇടാൻ നോക്കിയപ്പോൾ, എന്നെ അന്ന് നായനാർ വിളിച്ചിട്ടുപറഞ്ഞു - അന്ന് ടാഡയാണ്, നിങ്ങൾ ഈ ടാഡയ്ക്കെതിരല്ലേ; പിന്നെന്തിനാണ് ടാഡ ഇപ്പോൾ ഇവിടെ പ്രയോഗിച്ചത് എന്നുചോദിച്ചു. ഞാൻ അപ്പോൾത്തന്നെ അന്നത്തെ

മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനോട് പറഞ്ഞു. ടാഡയ്ക്ക് ഞങ്ങൾ എതിരാണ്, ടാഡ ഇടരുതെന്ന്. പക്ഷേ നിങ്ങൾക്ക് ഇപ്പോൾ അങ്ങനെ പറയാൻ കഴിയില്ല. നിങ്ങൾ ഒരു മതപണ്ഡിതന്റെ പേരിൽ യു.എ.പി.എ. ഇടുന്ന സ്ഥിതിവന്നു കേരളത്തിൽ. അത് നിങ്ങൾ അറിയാതെ പോകുകയാണ്. അതുപോലെ ഇവിടെ ബി.ജെ.പി. ചില അജണ്ട നടപ്പിലാക്കുന്നുണ്ട്. സിലബസ്സിലൂടെ പിഞ്ചുകുട്ടികളുടെ മനസ്സിൽ തീവ്രവാദം കുത്തിവയ്ക്കാൻ ഏതെങ്കിലും വിദ്യാലയങ്ങൾ എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടെങ്കിൽ അത്തരം സിലബസ്സുകൾ മാറ്റണം. നമുക്ക് കൂട്ടായി ആലോചിക്കാം. പക്ഷേ ആ സിലബസ് മാറ്റേണ്ടകാര്യം ആലോചിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. വിദ്യാഭ്യാസ വകുപ്പ് കടുത്ത നടപടി സ്വീകരിക്കണം. അതിനുപകരം കേന്ദ്ര ഏജൻസികളോടൊപ്പം കേരള പോലീസുംകൂടിചേർന്ന് എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കുകയാണ്. ഞങ്ങൾ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് അഭികാമ്യമായ ഒരു നിലപാടല്ല. തീവ്രവാദത്തിനെതിരായി വളരെ ശക്തമായ നിലപാടെടുക്കണം. ഞങ്ങളാണ് ഏറ്റവും കൂടുതൽ അതിനെതിരായി ക്യാമ്പയിൻ നടത്തുന്നത്. അതിന് ഞങ്ങൾ കൂടെ നിൽക്കാം. പക്ഷേ തീവ്രവാദം എന്നുപറഞ്ഞ് എഫ്.ഐ.ആർ. ഇട്ട്, യു.എ.പി.എ. പ്രയോഗിക്കുന്ന സമീപനമെടുത്താൽ അത് ബി.ജെ.പി.-ക്കുള്ള വക്കാലത്തായിപ്പോകും. അതുപോലെതന്നെയാണ് നമ്മുടെ ഏകീകൃത സിവിൽ കോഡിനെ സംബന്ധിച്ചുള്ള കാര്യവും. ആവശ്യം വരുമ്പോൾ ബി.ജെ.പി. ഓരോ അജണ്ട പുറത്തെടുക്കുകയാണ്. ഇപ്പോൾ ഏകീകൃത സിവിൽ കോഡ് അത്യാവശ്യമായതുകൊണ്ടല്ല, യു.പി. ഇലക്ഷൻ വരുന്നു, തൽക്കാലത്തേക്ക് ഒരു കമ്മ്യൂണൽ അജണ്ട വേണം, അത് ബി.ജെ.പി പുറത്തെടുത്തു. പക്ഷേ അത് പൂർണ്ണമായും മനസ്സിലാക്കാതെ അപ്പുറത്ത് ചിലർ ബി.ജെ.പി.-യുടെ വക്കാലത്ത് എടുക്കുന്നുണ്ട്. മുത്തലാഖ് പറഞ്ഞ് അവരുടെ കെണിയിൽ ചാടേണ്ട എന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ഇത് ബി.ജെ.പി.-യുടെ അജണ്ടയാണ്, അല്ലാതെ മുത്തലാഖ് ശരിയാണോ അല്ലയോ എന്നല്ല ഇപ്പോൾ ചർച്ച ചെയ്യേണ്ടത്. അങ്ങനെയൊക്കെ ഉണ്ടായിരിക്കാം, അത് ബന്ധപ്പെട്ടവർ നോക്കട്ടേ. പക്ഷേ ബി.ജെ.പി.-യുടെ ലക്ഷ്യം ഇതാണ്. ഇവിടെ ഒരു കേന്ദ്ര ഗവൺമെന്റുണ്ട്. ആവശ്യം വരുമ്പോൾ ഈ നാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തായാലും ശരി ആ സന്ദർഭങ്ങളിൽ ഇങ്ങനെയുള്ള വിഷയങ്ങളെടുത്താൽ അതവിടെ തീരും. എനിക്ക് പറയാനുള്ളത് ഇതാണ്, കേരളം വളരെ ശക്തമായ മതേതരവേരുകളുള്ള ഒരു സ്റ്റേറ്റാണ്, തീവ്രവാദത്തിനെതിരായി നിൽക്കണം, ഫാസിസത്തിനെതിരായി

പോരാടണം. അവിടെയൊക്കെ എൽ.ഡി.എഫ്. ഗവൺമെന്റിന് തെറ്റുവരാതെ നോക്കണം. ഇപ്പോൾ യു.എ.പി.എ.-യുടെ കാര്യത്തിൽ നിങ്ങൾക്ക് വലിയ തെറ്റുപറ്റി, തീവ്രവാദത്തെ നേരിടാനുള്ള സമീപനത്തിൽ എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കുന്നതിൽ തെറ്റുപറ്റി. അത്തരം കാര്യങ്ങളിൽ നിങ്ങൾക്ക് തെറ്റുപറ്റുന്നുണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റ് സഭയ്ക്കകത്തും പുറത്തും വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ ജനങ്ങൾ സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉദാരവൽക്കരണ-സാമ്പത്തിക നയസമീപനങ്ങൾ അരങ്ങ് തകർക്കുന്ന ഒരു കാലമാണിത്. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളൊഴിച്ച് ബാക്കിയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ ഉദാരവൽക്കരണ-സാമ്പത്തിക നയസമീപനങ്ങളെ വാരിപ്പുണരുന്ന കാഴ്ചയാണ് നമ്മുടെ മുമ്പിലുള്ളത്. ഈ നാട്ടിലെ സാധാരണക്കാരന് കരുതലും സംരക്ഷണവും നൽകിക്കൊണ്ടും അതോടൊപ്പം കേരളത്തിന്റെ വികസന കുതിപ്പിന് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊണ്ടുമുള്ള ഒരു ബഡ്ജറ്റാണ് സഖാവ് ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെപ്പോലെയുള്ള ഒരാൾ ഇത്രയും ദോഷൈക ദൃഷ്ടിയോടുകൂടി സംസാരിക്കേണ്ട കാര്യമില്ലായിരുന്നു. കാരണം 'കിഫ്ബി' ഒരുതരത്തിലും പ്രായോഗികമല്ല. 'കിഫ്ബി'യെന്ന് പറയുന്ന ഈ തൊപ്പി അവിടെയുണ്ടായിരുന്നല്ലോ; പൊടിപിടിച്ചുകിടന്ന ആ തൊപ്പിയിൽനിന്നും മാന്ത്രികനായ മാൻഡ്രേക്കിനെപ്പോലെ ഡോ. ടി. എം. തോമസ് ഐസക് ഇത്രയും വർണ്ണശബളമായ ഉരുവലുകൾ എടുത്തുവന്നപ്പോൾ നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകും. അത് സ്വാഭാവികമാണ്. കാലിയായ ഒരു ഖജനാവ് വച്ച് വികസനക്കുതിപ്പ് എങ്ങനെ നടത്താനാണ്; റവന്യൂ വരുമാനം എത്ര കൂട്ടിയാലും അത് നമ്മുടെ വികസനത്തിനു തകില്ലെന്ന് എല്ലാവർക്കുമറിയാം. അതിന് വലിയ സാമ്പത്തികശാസ്ത്രം പഠിക്കേണ്ട ആവശ്യമില്ല. അതുണ്ടാവില്ലെന്നുള്ളത് പകൽപോലെ വ്യക്തമായ ഒരു സന്ദർഭത്തിലാണ് ഈ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബോർഡ് ഉപയോഗിച്ച് പൈസ കണ്ടെത്താനും ആ പൈസ കേരളത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കാനും ഭാവനാസമ്പന്നമായ ഒരു പുതിയ പദ്ധതി ഈ ബഡ്ജറ്റിൽ

അവതരിപ്പിച്ച് പ്രായോഗികമായി നടപ്പാക്കാനുമുള്ള സംവിധാനങ്ങൾ കേരള ഗവൺമെന്റ് സ്വീകരിച്ചത്. പെൻഷൻ കൊടുത്തത് എല്ലാവർക്കുമറിയാം. കേരളത്തിൽ ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വരുന്ന അഞ്ചുവർഷ ത്തിനുള്ളിൽ ഭവനം നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി തയ്യാറായി. കേരളത്തിൽ തരിശുഭൂമിയിൽ കൃഷി ചെയ്യാനുള്ള വലിയ പദ്ധതിക്ക് തുടക്കമിട്ടു. അങ്ങനെയാണ് ആറന്മുളയിൽ വിമാനത്താവളത്തിന്റെ ഭൂമിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃഷിയിറക്കിയത്. കുമരകത്ത് മെത്രാൻകായൽ 428 ഏക്കർ ഭൂമിയാണ്. ആദ്യം എങ്ങനെയായിരുന്നു; ഇരുപത്തിയഞ്ചേക്കർ മാത്രം കൃഷിചെയ്യാൻ തയ്യാറായിരുന്ന സന്ദർഭത്തിലാണ് ആ 428 ഏക്കറിന്റെ ബണ്ട് ബലപ്പെടുത്താനും കൃഷിക്കാർക്ക് കൃഷി ചെയ്യാനുമുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുമെന്ന് കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. അങ്ങനെ അതിന്റെ നടപടികൾ നടന്നു കൊണ്ടിരിക്കുമ്പോഴാണ് ഈ മുഴുവൻ ഏക്കറിലും കൃഷി ചെയ്യുന്നതിനുള്ള തീരുമാനമെടുത്തത്. അവിടെ കൃഷി ഇറക്കാൻ പോകുകയാണ്, ഇതൊരു സന്തോഷം നൽകുന്ന വാർത്തയാണ്. അതായത് കേരളത്തിൽ തരിശായി കൃഷിഭൂമിയിടാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. കേരളത്തിലെ കൃഷിഭൂമി നികത്താൻ ഇനി അനുമതി നൽകാൻ ഉദ്ദേശിക്കുന്നില്ല. കൃഷി ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒത്താശയും ചെയ്തുകൊടുക്കുമെന്ന പ്രഖ്യാപനമാണ് ഈ ഗവൺമെന്റ് നടത്തിയത്. റബ്ബറിനുവേണ്ടി ഈ ഗവൺമെന്റ് ബഡ്ജറ്റിൽ 500 കോടി രൂപ വകകൊള്ളിച്ചെങ്കിലും റബ്ബറിന്റെ വില ഉയരുന്നില്ല. എന്താണ് കാരണം; കൃഷിക്കാരന് കൊടുക്കുന്ന 150 രൂപയായിരിക്കും റബ്ബറിന്റെ ഇറക്കുമതിക്ക് വേണ്ടിവരുന്നത്. ഈ 150 രൂപ ഉപയോഗിച്ച് വ്യവസായികൾക്ക് റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് എല്ലാ സഹായവും ചെയ്തുകൊടുക്കുകയാണ്, റബ്ബറിന്റെ വില ഇടിക്കാൻവേണ്ടി. അപ്പോൾ നമ്മൾ സഹായിച്ചിട്ടുപോലും ഇന്ത്യാ ഗവൺമെന്റിന്റെ നയസമീപനത്തിന്റെയുംകൂടി ഫലമായി കേരളത്തിലെ കൃഷിക്കാരന് റബ്ബറിന്റെ വില കൂട്ടിക്കിട്ടുന്നില്ല. പകരം വിലയിടിക്കുന്നതിനുവേണ്ടി യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ സമീപനങ്ങൾ ഇന്നും അഭംഗുരം തുടരുകയാണ്. അപ്പോൾ ഇത്തരം ചില പ്രശ്നങ്ങളുടെ ഇടയിലും ഈ നാട്ടിലെ സാധാരണക്കാരനെ സംരക്ഷിക്കുന്ന ഒരു ബഡ്ജറ്റ് കേരളത്തിൽ അവതരിപ്പിച്ചുവെന്നതാണ് ഏറ്റവും അഭിമാനകരമായ കാര്യം. ശ്വാസംമുട്ടികിടന്ന സ്ഥലത്തേയ്ക്ക് ശുദ്ധവായു എത്തിച്ചതുപോലെയാണത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽനിന്നും എങ്ങനെയാണ് പുറത്തുപോയ

തെന്നറിയാൻ പാഴൂർ പടിപ്പുരയിൽ പോകേണ്ട കാര്യമില്ല. രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, ഗവൺമെന്റ് നടത്തിയ നിർബാധമായ അഴിമതി, മറ്റൊന്ന്, കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തിനെതിരായി ഗവൺമെന്റും യു.ഡി.എഫ്.-ഉം എടുത്ത നടപടികൾ. ജനാധിപത്യത്തിൽ അഴിമതി നടത്തിയ ഒരു ഗവൺമെന്റും പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ തിരിച്ചുവന്നിട്ടില്ല. ലോകത്തൊരിടത്തുമില്ല, ഇന്ത്യയിലൊരിടത്തുമില്ല. രണ്ടാം യു.പി.എ. ഗവൺമെന്റ് പോകാൻ കാരണമെന്താണ്? ഡൽഹിയിലെ ഏറ്റവും ജനസമ്മതിയുള്ള മുഖ്യമന്ത്രിയായിരുന്ന ശ്രീമതി ഷീലാ ദീക്ഷിത്. പ്രതിപക്ഷ നേതാവിനറിയാം. ഇത്രയും ജനസമ്മതിയുണ്ടായിരുന്ന ഒരു മുഖ്യമന്ത്രിയെ ഇന്നലെയുണ്ടായ ഒരു രാഷ്ട്രീയ പാർട്ടി തോല്പിച്ചതെങ്ങനെയാണ്? അഴിമതിയുടെ പേരിലാണ്. കുമാരി ജയലളിതയുടെ ആദ്യ ഗവൺമെന്റ് അഴിമതിയുടെ പേരിൽ പുറത്തുപോയി. ഇങ്ങനെ ഇന്ത്യയ്ക്കകത്തുംപുറത്തും നിങ്ങൾ എത്രയോ ഉദാഹരണങ്ങളെടുത്തുനോക്കൂ. അഴിമതി നടത്തിയ ഒരു ഗവൺമെന്റും ജനാധിപത്യത്തിൽ പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ തിരിച്ചുവന്നിട്ടില്ല. സാമ്രാജ്യത്വംപോലും അഴിമതി പൊറുത്തിട്ടില്ല. നിങ്ങൾ ഓർക്കണം. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് അടിത്തറയിട്ടത് രണ്ട് ആളുകളാണ്. വാറൻ ഹേസ്റ്റിംഗ്സും റോബർട്ട് ക്ലൈവും. തന്ത്രങ്ങളും കുതന്ത്രങ്ങളുംകൊണ്ട് ഈ രാജ്യത്തെ വെട്ടിപ്പിടിച്ച് ഒരു തളികയിലാക്കി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് മുമ്പിൽ സമർപ്പിച്ച ഈ രണ്ടാളുകളെയും ബ്രിട്ടീഷ് പാർലമെന്റ് വിചാരണ ചെയ്തു, കുറ്റവിചാരണ നടത്തി. വാറൻ ഹേസ്റ്റിംഗ്സിന്റെ കുറ്റവിചാരണ ഏഴുവർഷമാണ് നീണ്ടുനിന്നത്. അദ്ദേഹത്തെ ഇംപീച്ച് ചെയ്തു. ഇരുന്നൂറ് വർഷംമുമ്പ് വാറൻ ഹേസ്റ്റിംഗ്സിനെ കുറ്റവിചാരണ നടത്തിക്കൊണ്ട് ലോർഡ് എഡ്മണ്ട് ബർഗ്ഗ് നടത്തിയ പ്രസംഗമുണ്ട്. ഇരുന്നൂറ് വർഷമായിട്ടും ജനാധിപത്യത്തിന്റെ മൂല്യങ്ങളെക്കുറിച്ചും ജനാധിപത്യത്തിൽ അഴിമതിക്ക് സ്ഥാനമില്ലാത്തതിനെക്കുറിച്ചും ഈ പ്രസംഗം തലമുറകളായി ഇംഗ്ലണ്ടിലെ സ്കൂൾ കുട്ടികൾ പഠിക്കുകയാണ്. ലോകത്തിലെ ഏറ്റവും നല്ല പ്രസംഗങ്ങളിലൊന്നായി വാഴ്ത്തപ്പെടുന്ന പ്രസംഗമാണത്. ചരിത്രരേഖയാണ്. അതുപോലെതന്നെ റോബർട്ട് ക്ലൈവിനെതിരായി ബ്രിട്ടീഷ് പാർലമെന്റ് ഗുരുതരമായ ആരോപണമുന്നയിച്ചു. സാമ്രാജ്യത്വത്തിനുവേണ്ടി ദാസ്യവേലചെയ്ത രണ്ടാളുകളെ, അവർ നടത്തിയ വ്യക്തിപരമായ അഴിമതിയുടെ പേരിൽ, കീശ വീർപ്പിച്ചതിന്റെ പേരിൽ സാമ്രാജ്യത്വത്തിന്റെ ഏറ്റവും ഉജ്ജ്വലമായ നാളുകളിൽ ബ്രിട്ടീഷ് സാമ്രാജ്യം കുറ്റവിചാരണ നടത്തി. യഥാർത്ഥത്തിൽ

അഴിമതിയുടെ പേരിൽ ഇവിടെ നിങ്ങളുടെ ഗവൺമെന്റിനെ കുറ്റവിചാരണ നടത്തി പുറത്താക്കിയത് ജനങ്ങളാണ്. ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ബാംഗ്ലൂർ കോടതിയിൽനിന്ന് വന്ന വിധിയിൽ ഞാൻ സന്തോഷിക്കുന്നില്ല. അത് അദ്ദേഹത്തിന്റെ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളുടെ സ്വാഭാവികമായ പരിണാമമാണ്. ശ്രീ കെ. ബാബുവിന്റെ പേരിൽ നടക്കുന്ന അന്വേഷണവും അതുതന്നെയാണ്.

ശ്രീ. പി. ടി. തോമസ്: സർ, യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന, പാർലമെന്റംഗമടക്കം വലിയ പദവികൾ വഹിച്ച അങ്ങ് ഒരു എക്സ്-പാർട്ടി വിധിയുടെ പേരിൽ ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലുള്ള ഒരു പൊതുപ്രവർത്തകന് എന്തോ കുഴപ്പംപറ്റിയെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് ഉചിതമാണോ?

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ആ വിധിയിൽ സന്തോഷിക്കുന്ന ആളല്ല ഞാനെന്ന് പറഞ്ഞു. എക്സ്-പാർട്ടി വിധിയാണെങ്കിലും കഴിഞ്ഞ ഗവൺമെന്റ് തുടർന്നുവന്ന നയസമീപനങ്ങളുടെ പരിണിതഫലമമാണെന്നാണ് ഞാൻ പറഞ്ഞത്. കോടതിയിൽനിന്നും നോട്ടീസ് വന്നല്ലോ; അദ്ദേഹം വക്കാലത്തിന് ആളെ ഏല്പിച്ചല്ലോ; എന്നിട്ട് എക്സ്-പാർട്ടി വിധി വരാൻ എന്തുപറ്റി? അപ്പോൾ ഞാൻ പറഞ്ഞത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അദ്ദേഹം അറിഞ്ഞും അറിയാതെയും നടത്തിയ അഴിമതിയുടെ പരിണിതഫലമായി വന്നതാണ് ആ വിധി. ആ അഴിമതിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ആ സർക്കാരിനെ പുറത്താക്കാനുള്ള പ്രധാന കാരണമെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

അതുപോലെതന്നെ കേരളം പ്രിയപ്പെട്ടതായി കരുതുന്ന മതനിരപേക്ഷതയെ നിങ്ങൾ കാറ്റിൽ പറത്തിയില്ലേ? ഇവിടെ അരുവിക്കര തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞു. കേരളത്തിലും ഇന്ത്യയിലും കോൺഗ്രസ് പിന്തുടരുന്ന അല്ലെങ്കിൽ എത്രയോ കാലമായി പിന്തുടർന്നുവരുന്ന രാഷ്ട്രീയത്തിന് കടകവിരുദ്ധമായ ചില കാര്യങ്ങൾ ചെയ്തില്ലേ? താല്ക്കാലിക രാഷ്ട്രീയ ലാഭത്തിന്റെ പേരിൽ എത്രയോ കാലമായി നിങ്ങൾ എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം വളരുന്നതിന് ഞങ്ങൾ കുറ്റക്കാരാണോ; 1984-ൽ ഞാൻ പാർലമെന്റിൽ ചെല്ലുമ്പോൾ ഇന്ത്യയുടെ പ്രമുഖനായ സ്വാതന്ത്ര്യ സമര സേനാനി ഗോവിന്ദ് വല്ലഭ് പന്തിന്റെ മകൻ കൃഷ്ണ ചന്ദ്ര പന്ത് (കെ. സി. പന്ത്) അദ്ദേഹം

രാജീവ് ഗാന്ധിയുടെ ക്യാബിനറ്റിലെ രണ്ടാമനായിരുന്നു. അദ്ദേഹം സെൻട്രൽ ഹാളിൽ വരുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി ചെറുപ്പക്കാരായ അംഗങ്ങൾ അദ്ദേഹത്തിന്റെ കാലിൽതൊട്ട് വന്ദിക്കുന്നതുകണ്ട് ഞാൻ നിർന്നിമേഷനായി നിന്നിട്ടുണ്ട്. അദ്ദേഹം ബി.ജെ.പി.-യിലേയ്ക്ക് പോയില്ലേ? കെ. സി. പന്തിന് പുറമേ എത്ര ആളുകളാണ് പാർട്ടിവിട്ട് പോയത്? ഇപ്പോൾ ഏറ്റവുമൊടുവിൽ പോയത് ഉത്തർപ്രദേശിൽ കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷയായിരുന്ന ശ്രീമതി റീത്താ ബഹുഗുണ. അതുപോലെ എത്രയെത്ര ആളുകൾ എല്ലാവരുടേയും പേരുകൾ ഞാൻ പറയുന്നില്ല. അതിന് ഞങ്ങളാരും ഉത്തരവാദിയല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുൻ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ശ്രീമതി നജ്മാഹെപ്തുള്ള ബി.ജെ.പി.-യിലേക്ക് പോയില്ലേ? കോൺഗ്രസ്സിലെ മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒരു വനിതയാണ് പോയത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഈ സഭയിലെ മുൻ അംഗവും സി.പി.ഐ.(എം.)-ന്റെ അംഗവുമായിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനം ഇന്ന് ഏത് പാർട്ടിയിലാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങ് സംസാരിക്കു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം ഒരിക്കലും പാർട്ടി അംഗമായിരുന്നിട്ടില്ല. അദ്ദേഹം ഇടതുപക്ഷ പിന്തുണയിൽ ജയിച്ച ഒരാളായി ഈ നിയമസഭയിൽ വന്നിട്ടുണ്ട്. ഞാൻ ചോദിക്കുന്നത്, ഇന്ത്യാ രാജ്യത്ത് കോൺഗ്രസ്സിന് ശക്തമായ പിന്തുണയുള്ള സ്ഥലങ്ങളായ രാജസ്ഥാനിലും യു.പി.-യിലും ഞങ്ങളില്ലായിരുന്നല്ലോ; ഞങ്ങളൊരു ചെറിയ പാർട്ടിയാണ്. ഇന്ത്യാ രാജ്യത്ത് മതേതരത്വം പുലരാൻ ഞങ്ങളുടെ സ്വാധീനമുള്ള മേഖലകളിൽ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം കടന്നുവരുന്നതിനെതിരായി ശക്തമായ നിലപാടെടുക്കുന്ന രാഷ്ട്രീയ പാർട്ടിയാണ്. അപ്പോൾ ഞങ്ങളെന്തോ കുഴപ്പം കാണിച്ചിട്ടാണ് കേരളത്തിലും ഇന്ത്യയിലും ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം വളരുന്നതെന്നൊക്കെ പറയുന്നത് സത്യസന്ധമായ രാഷ്ട്രീയ കാര്യമല്ല. അത് പറയരുത്. കേരളത്തിൽ ഞങ്ങൾക്കെതിരെ ആക്രമണങ്ങൾ വരുന്നതുകണ്ട് നിങ്ങൾ കൈകെട്ടി നിൽക്കുകയല്ലേ? നിങ്ങൾ ഏറ്റവും അപകടകരമായ ഒരു രാഷ്ട്രീയമാണ് കേരളത്തിൽ കളിച്ചുകൊണ്ടിരിക്കുന്നതെന്ന് ഇനിയെങ്കിലും

മനസ്സിലാക്കണം. കേരളത്തിൽ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഞങ്ങളുടെ ആളുകളെ കൊലപ്പെടുത്തുന്നതുകണ്ട് ഒരു ചെറുപുഞ്ചിരിയോടുകൂടി നിങ്ങളവിടെ ഇരിക്കുകയാണ്. ഇരുന്നോളൂ ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ ഈ നാട്ടിൽ ഒരു കമ്മ്യൂണിസ്റ്റുകാരനെങ്കിലും ജീവനോടെയുണ്ടെങ്കിൽ ആർ.എസ്.എസ്.-നെതിരെ പടവെട്ടും. ഈ നാട്ടിലെ മതന്യൂനപക്ഷങ്ങളെ രക്ഷിക്കുക, അവർക്കുവേണ്ടി പ്രവർത്തിക്കുക എന്നത് ജീവശ്വാസംപോലെ കമ്മ്യൂണിസ്റ്റുകാർ കൊണ്ടുനടക്കുന്ന കാര്യമാണ്. പാർലമെന്റിൽ ശ്രീ. രമേശ് ചെന്നിത്തലയുണ്ടായിരുന്ന ഒന്നാം യു.പി.എ. ഗവൺമെന്റിൽ, ഞങ്ങൾ ഇപ്പുറത്തിരുന്ന് കൈപൊക്കിയത് എന്തിനായിരുന്നു? ഈ നാട്ടിൽ മതന്യൂനപക്ഷങ്ങൾക്കെതിരെ ബി.ജെ.പി. ഉയർത്തിക്കൊണ്ടുവന്ന ഭീഷണിയെ അതിജീവിക്കുന്നതിന് വേണ്ടിയാണ് 101 കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുള്ള കോൺഗ്രസ്സിന് പിന്തുണ നൽകാൻ ഞങ്ങൾ തയ്യാറായത്. അതാണ് ഞങ്ങളുടെ മതേതര പാരമ്പര്യം. മതനിരപേക്ഷതയ്ക്കുവേണ്ടിയും മതന്യൂനപക്ഷങ്ങൾക്കുവേണ്ടിയും ഞങ്ങളെടുക്കുന്ന സമീപനങ്ങളെ ചോദ്യംചെയ്യാൻ ഇവിടത്തെ കോൺഗ്രസ്സുകാർ ആയിട്ടില്ല. അത് ഞങ്ങളുടെ ജീവിതംകൊണ്ട് തെളിയിച്ചതാണ്. അഴിമതിക്കും മതേതരത്വത്തിനു മെതിരായി കേരളത്തിലെ യു.ഡി.എഫ്. നടത്തിയ പ്രവർത്തനങ്ങളാണ് കേരളത്തിലെ ജനങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-നെ തിരസ്കരിക്കുന്നതിന് കാരണമായത്. അതിൽനിന്ന് കേരളത്തിന്റെ മതേതര പാരമ്പര്യത്തെ അരക്കിട്ടുറപ്പിക്കാനും കേരളത്തിലെ സാധാരണക്കാരനെ സംരക്ഷിക്കാനും കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും വേണ്ടിയുള്ള ഒരു വലിയ യജ്ഞമാണ് സഖാവ് ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് എന്ന കാര്യത്തിൽ സംശയമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നേരത്തെ ഇവിടെ ഇല്ലായിരുന്നു. അദ്ദേഹം ഇത്രയും ദോഷൈകദൃഷ്ടിയോടുകൂടി ഇത് പറയേണ്ട കാര്യമില്ലായിരുന്നു. എവിടെനിന്നാണ് കിഫ്ബി പണമുണ്ടാക്കാൻ പോകുന്നതെന്ന് ചോദിച്ചു. കിഫ്ബി പണമുണ്ടാക്കുകയും കേരളത്തിന്റെ വികസനത്തിന് നേതൃത്വം കൊടുക്കുകയും ചെയ്യുമെന്നുള്ള ഒരു പുതിയ സമീപനം ഈ ബഡ്ജറ്റിൽ കൊണ്ടു വന്നിരിക്കുകയാണ്. നമുക്ക് കാത്തിരുന്ന് കാണാം. കാലിയായ ഖജനാവിൽനിന്ന് പണമുണ്ടാവില്ലല്ലോ; റവന്യൂ വരുമാനം ഒരു പരിധിയിൽ കവിഞ്ഞ് കൂടില്ലല്ലോ; അതുകൊണ്ട് കേരളത്തിന്റെ വികസന പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലല്ലോ? ആ യാഥാർത്ഥ്യം മനസ്സിലാക്കിയാണ് കടമെടുത്ത് കേരളത്തിന്റെ

വികസനപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുമെന്ന പ്രഖ്യാപനം ധൈര്യസമേതം ഈ ബഡ്ജറ്റിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്. ഇത് ദീർഘകാലമായി മുരടിച്ച് കിടന്നിരുന്ന കേരളത്തിന്റെ വികസനസാധ്യതകൾ പ്രാവർത്തികമാക്കുന്നതിനുള്ള ബഡ്ജറ്റാണ്. സാധാരണക്കാരനെ സംരക്ഷിക്കുന്ന ബഡ്ജറ്റാണ്. നേരത്തെ ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞതുപോലെ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഒരു രാഷ്ട്രീയ രേഖയാണ്. ഉദാരവത്കരണ കാലഘട്ടത്തിൽ ഈ നാട്ടിലെ ഇടതുപക്ഷങ്ങൾ എങ്ങനെയാണ് സാമ്പത്തിക സമീപനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതെന്നതിന്റെ ചരിത്ര രേഖയാണ് ഈ ബഡ്ജറ്റ്. അതാണ് ഈ ബഡ്ജറ്റിന്റെ പ്രാധാന്യം. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് നാലര മാസമേ ആയിട്ടുള്ളൂ. പക്ഷെ ഇത്രയും ചെറിയൊരു കാലയളവിൽ വിവാദങ്ങളുടെ റെക്കോർഡിടാൻ ഈ സർക്കാരിന് സാധിച്ചുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇത് അസൂയാവഹമായ ഒരു നേട്ടം തന്നെയാണ്. എന്തെല്ലാം പറഞ്ഞാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. എല്ലാം ശരിയാകുമെന്ന് പറഞ്ഞാണ് വന്നത്. എന്നിട്ട് എന്തെങ്കിലും ശരിയായോ? എടുത്തുചാട്ടം, പിടിപ്പുകേട്, മണ്ടത്തരം, ധാർഷ്ട്യം എന്നിവയല്ലാതെ ഈ സർക്കാരിന് അവകാശപ്പെടാൻ എന്താണുള്ളത്? ഈ സർക്കാരിന് ദിശാബോധമുണ്ടോ? തൊട്ടതെല്ലാം പൊന്നാക്കുമെന്ന് കേട്ടിട്ടുണ്ട്. പക്ഷെ ഈ സർക്കാർ തൊട്ടതെല്ലാം കുളമാക്കുക മാത്രമാണ് ചെയ്തത്. സ്വാശ്രയ പ്രശ്നം മുതൽ റേഷൻ കാർഡ് വരെയുള്ള പ്രശ്നങ്ങളിൽ അപൂർവ്വ പ്രതിഭാവിലാസമാണ് ഈ സർക്കാർ കാട്ടിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ് സാമ്പത്തികരംഗം തകർത്തുവെന്ന് പറഞ്ഞ് ധവളപത്രമിറക്കിയ ഗവൺമെന്റാണിത്. എന്തൊക്കെയാണ് ആ ധവളപത്രത്തിൽ പറഞ്ഞിരുന്നത്; നികുതി പിരിവിൽ യു.ഡി.എഫ്. സർക്കാർ വൻ വീഴ്ച വരുത്തി, നികുതി പിരിക്കാത്തതിന് അഴിമതി, കെടുകാര്യസ്ഥത തുടങ്ങി എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് നികുതി വരുമാനത്തിലെ വളർച്ചാനിരക്ക് കുത്തനെ ഇടിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി, ബഡ്ജറ്റ് പ്രസംഗത്തിന്റെ പേജ് 88-ൽ (226)-ൽ 'നികുതി വകുപ്പ് 25 ശതമാനം നികുതി വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നത്' എന്ന് പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരമേറ്റശേഷം ജൂൺ

മാസത്തിൽ നികുതി വരുമാനം 19 ശതമാനമായപ്പോൾ ഡോ. ടി. എം. തോമസ് ഐസക് തുള്ളിച്ചാടുകയായിരുന്നു. ഇതാ മാറ്റമുണ്ടായിരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 19 ശതമാനമായി നികുതി വരുമാനം വർദ്ധിച്ചിരിക്കുന്നു. ഡോ. ടി.എം. തോമസ് ഐസക്-ന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ വായിക്കാം. "കഴിഞ്ഞ മൂന്ന് വർഷമായി യു.ഡി.എഫ്. ഭരണകാലത്ത് 10 മുതൽ 12 ശതമാനം വരെയാണ് വാണിജ്യ നികുതി വരുമാനം വർദ്ധിച്ചത്. മേയ് മാസത്തിൽ കേവലം 10 ശതമാനമായിരുന്നു വർദ്ധനവ്. ജൂൺ മാസത്തിൽ 19 ശതമാനമായി വർദ്ധിപ്പിച്ചു." എന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ജൂണിലെ നികുതി വർദ്ധനവ് 'ഐസക് മാജിക് എന്നുതന്നെ പറയണം. പക്ഷെ ശരിക്കുള്ള മാജിക് അടുത്ത മാസങ്ങളിലാണുണ്ടായത്. ജൂലൈ മാസത്തിൽ വളർച്ചാനിരക്ക് 19 ശതമാനത്തിൽനിന്ന് വെറും 2.94 ശതമാനമായി കുത്തനെ ഇടിയുകയുണ്ടായി. ശരിക്കും മാജിക് തന്നെ. വാണിജ്യ നികുതി വളർച്ചാനിരക്ക് അടുത്ത കാലത്തൊന്നും ഇത്രമാത്രം ഇടിഞ്ഞിട്ടില്ല. അങ്ങയുടെ Revenue Collection Statement as on 01-10-2016-ൽ എന്താണ് പറയുന്നത്? ആഗസ്റ്റിലെ വളർച്ചാനിരക്ക് 8.16 ശതമാനമായി, സെപ്റ്റംബറിൽ 8.38 ശതമാനമായി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കൊമേഴ്സ്യൽ ടാക്സ് നിരക്ക് പത്തും പന്ത്രണ്ടും ശതമാനമായിരുന്നെങ്കിൽ ഐസക്കിന്റെ കാലത്ത് അത് വെറും 2.94 ശതമാനം, 8.6 ശതമാനം, 8.38 ശതമാനം എന്നിങ്ങനെ ഇടിഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഡോ. ടി. എം. തോമസ് ഐസക് പറയണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. സെപ്റ്റംബറിൽ ഓണക്കാലത്ത് കച്ചവടം കൂടിയിട്ടും കൊമേഴ്സ്യൽ ടാക്സിന്റെ വരവ് കുറഞ്ഞു എന്നത് ഗൗരവമായ കാര്യമല്ലേ? ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ഊറ്റംകൊണ്ടത് എവിടെ നിൽക്കുന്നു? കൊമേഴ്സ്യൽ ടാക്സിന്റെ കാര്യത്തിൽ ഇതാണ് അവസ്ഥയെങ്കിൽ രജിസ്ട്രേഷന്റെ കാര്യത്തിൽ എന്താണ് സ്ഥിതി? പരിതാപകരമായ സ്ഥിതിയാണ്, നെഗറ്റീവ് ഗ്രോത്താണുണ്ടായത്. ജൂലൈയിൽ 29 ശതമാനമായിരുന്നു വളർച്ച. ആഗസ്റ്റിൽ -1.69 ആയി, സെപ്റ്റംബറിൽ-7.22 ആയി. ലോട്ടറി വരുമാനം ഇല്ലായിരുന്നെങ്കിൽ ഈ ഗവൺമെന്റിന്റെ കഞ്ഞികുടി മുട്ടുമായിരുന്നു. ലോട്ടറിയെടുക്കുന്ന പാവപ്പെട്ടവരോട് ധനകാര്യ വകുപ്പുമന്ത്രി നന്ദി പറയണം. പക്ഷേ, ആ ലോട്ടറി ഇപ്പോൾ പഴയ സാന്റിയാഗോ മാർട്ടിന്റെ കയ്യിലേയ്ക്ക് പോകുമോ എന്ന ആശങ്ക എല്ലാവർക്കുമുണ്ട്. അതുകാരണം സർക്കാരിന് ലോട്ടറി വരുമാനം കുറഞ്ഞു. ഈ രംഗത്ത് ഏപ്രിൽ മാസത്തിൽ 71.13 ശതമാനം വളർച്ചാ നിരക്ക് കാണിച്ചപ്പോൾ സെപ്റ്റംബറിൽ അത് 31.15 ശതമാനമായി, നേരെ പകുതിയായി. നികുതി വരുമാനത്തിന്റെ

സ്ഥിതിയിതാണ്. അങ്ങയുടെ അഞ്ചുമാസക്കാലത്തിനിടയിൽ കൊമേഴ്സ്യൽ ടാക്സിന്റെയും ലോട്ടറിയുടെയും രജിസ്ട്രേഷന്റെയും കാര്യത്തിൽ നികുതി കുറഞ്ഞിരിക്കുന്നു. അങ്ങ് എന്ത് മാജിക്കാണ് ഇവിടെ കാണിച്ചത്? പദ്ധതിയുടെ കാര്യത്തിൽ, 24,000 കോടി രൂപയുടെ പ്ലാൻ സ്കീമിൽ സെപ്റ്റംബർ വരെ അങ്ങ് ചെലവാക്കിയത് ആകെ 3,921 കോടി രൂപ മാത്രം, അതായത് 16 ശതമാനമാണ് പ്ലാൻ എക്സ്പെന്റിച്ചർ ഉണ്ടായിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഈ സമയത്ത് 24 ശതമാനം പ്ലാൻ എക്സ്പെന്റിച്ചറുണ്ടായിരുന്നു. ഇനിയുള്ള നാലുമാസത്തിനകം അങ്ങേയ്ക്ക് ചെലവഴിക്കാൻ കഴിയുമോ? അങ്ങ് തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തെപ്പറ്റി വാതോരാതെ കേരളം മുഴുവൻ സംസാരിച്ചയാളാണ്. പക്ഷേ 5,500 കോടി രൂപ നീക്കിവച്ചതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെപ്റ്റംബർ വരെയുള്ള ചെലവ് എത്രയാണെന്നറിയാമോ; വെറും 42.107 കോടി രൂപയാണ്. എന്നുവച്ചാൽ ഒരു ശതമാനമാണ് ഇവിടത്തെ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിങ്ങൾ ചെലവാക്കിയത്. വിഴിഞ്ഞം പദ്ധതി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നീ പദ്ധതികൾക്കുവേണ്ടി അനുവദിച്ച 2,576 കോടി രൂപയിൽ ഒരു രൂപപോലും ഇതുവരെ ചെലവായില്ലെന്നാണ് കാണുന്നത്. കിഫ്ബിയിലേയ്ക്ക് അങ്ങ് മാറ്റിയതാണോ എന്നറിയാൻ താല്പര്യമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ മിക്കതും മുടങ്ങിക്കിടക്കുകയാണ്. ഒരു പൈസപോലും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇതാണോ ഇടതുപക്ഷ ബദൽ? ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. എ. പ്രദീപ് കുമാറുമെല്ലാം ഇടതുപക്ഷത്തിന്റെ ബദലിനെക്കുറിച്ച് പറഞ്ഞു. ബദൽ സമീപനം എന്താണെന്ന് ആരും പറയുന്നില്ല. ബദൽ, ബദൽ എന്നുപറയുന്നു. ഐ.എം.എഫ്.-ന്റെയും അമേരിക്കൻ മുതലാളിത്വത്തിന്റെയും ഫെഡറൽ സിസ്റ്റത്തിന്റെയും വക്താവായ ശ്രീമതി ഗീതാ ഗോപിനാഥിനെയാണോ ഇവിടെ ഇടതുപക്ഷ ബദൽ സൃഷ്ടിക്കാൻവേണ്ടി നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത്; ഏതായാലും ഡോ. ടി. എം. തോമസ് ഐസക്കിനെക്കാൾ വലിയ ഒരു ധനകാര്യതത്വശാസ്ത്രജ്ഞയാണ് ഇവരെന്ന് ഞാൻ കരുതുന്നില്ല. അവരുടെ പ്രൊഫൈൽ മുഴുവൻ ഞാൻ വായിച്ചു. സാമ്രാജ്യത്വത്തിന്റെയും നവലിബറൽ സമീപനങ്ങളുടെയും ഏറ്റവും വലിയ വക്താവിനെയാണ് മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവായി എടുത്തിരിക്കുന്നത്. അതിന്റെ അർത്ഥം അങ്ങേയ്ക്ക് മനസ്സിലായിക്കാണുമെന്ന് വിചാരിക്കുന്നു. ഇതാണോ നിങ്ങൾ ബദൽ സമീപനമായി ഉയർത്തിക്കാട്ടുന്നത്? ജനങ്ങളെ കബളിപ്പിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. വാചകമടിക്കുന്ന ഡോക്ടർമാരെക്കുറിച്ച് കേട്ടിട്ടുണ്ട്.

എന്നാൽ ചികിത്സയ്ക്ക് ചെന്നാൽ രോഗിയുടെ സ്ഥിതി കട്ടപ്പുകയാകും. അങ്ങനെയുള്ള സ്ഥിതിയാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ ഫയലും ജീവിതമാണെന്ന് ഇവിടെ ആരോ പറയുന്നത് കേട്ടു. സെക്രട്ടേറിയറ്റിൽ മന്ത്രിമാരുടെ ഓഫീസിൽ ഈ ഫയലുകളെല്ലാം വിശ്രമിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ആഴ്ചകളും മാസങ്ങളുമായി ഈ ഫയലുകൾ വിശ്രമിക്കുന്നു. ആരും തീരുമാനമെടുക്കുന്നില്ല. 50,000 രൂപയുടെ സാംഗ്ഷനു വേണ്ടി ധനകാര്യ വകുപ്പുമന്ത്രിക്ക് ഫയൽ അയയ്ക്കുന്ന സാഹചര്യമാണിന്നുള്ളത്. എല്ലാ രംഗത്തും ഇന്ന് ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വകുപ്പുകളിൽ പ്രഖ്യാപനങ്ങളല്ലാതെ എന്തെങ്കിലും നടക്കുന്നുണ്ടോ? മുഖ്യമന്ത്രിയുടെ വകുപ്പായ ആഭ്യന്തര വകുപ്പിനെപ്പറ്റി നേരത്തെ ഇവിടെ പറഞ്ഞു. ഉന്നതതലത്തിലുള്ള തമ്മിലടി കാരണം ആഭ്യന്തര വകുപ്പിൽ മുഖ്യമന്ത്രിക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത സാഹചര്യമാണുള്ളത്. അതോടൊപ്പം ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള പോരാട്ടം, അഭിപ്രായ വ്യത്യാസം എന്നിവ ആഭ്യന്തര വകുപ്പിനെ കുത്തഴിഞ്ഞതാക്കി മാറ്റിയിരിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. അഴിമതിക്കെതിരെ ശ്രീ. കെ. സുരേഷ് കുറുപ്പ് വലിയ പ്രസംഗം നടത്തി. നാലുമാസം കഴിഞ്ഞപ്പോൾ അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും അടിസ്ഥാനത്തിൽ വ്യവസായ വകുപ്പുമന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്ന അവസ്ഥയുണ്ടായി. സ്വാശ്രയ സമരം വന്നപ്പോൾ നിങ്ങൾ മാനേജ്മെന്റിന്റെ ഭാഗത്തായിരുന്നു. 40,000 രൂപ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറച്ചു കൊടുക്കണമെന്ന ആവശ്യം ഉയർന്നപ്പോൾ അതിന് തയ്യാറാകാതിരുന്നത് അതിന്റെ ഭാഗമായിട്ടാണ്.

യു.ഡി.എഫ്. ഭരണകാലത്ത് നിയമന നിരോധനമുണ്ടായിരുന്നു എന്നാണ് പറഞ്ഞത്. ശ്രീ. എം. വിൻസെന്റിന്റെ ഒരു ചോദ്യത്തിന് മുഖ്യമന്ത്രി നിയമന നിരോധനം ഇല്ലെന്നാണ് പറഞ്ഞത്. മേയ് മാസം മുതൽ റിട്ടയർ ചെയ്തത് 8814 പേർ, ഈ സർക്കാർ വന്നതിനുശേഷം നിയമനം നൽകിയത് 9518 പേർക്ക്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 704 പേർക്ക് മാത്രമാണ് കൂടുതലായി നിയമനം നൽകിയത്. അതിന്റെ അർത്ഥമെന്താണ്? റിട്ടയർമെന്റ് വേക്കൻസികളിൽ മാത്രമാണ് നിയമനം നൽകിയത് എന്നാണ്.

കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. നിലയ്ക്കുനിർത്താൻ കഴിയുന്നില്ല. ഈ സഭയിലാണ് ഞങ്ങൾ കണ്ണൂരിന്റെ കൊലപാതകരാഷ്ട്രീയത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് അടിയന്തര പ്രമേയം

കൊണ്ടുവന്നത്. ഈ സഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഏറ്റവും നല്ല പ്രസംഗം നടത്തി. ജില്ലാതലത്തിൽ കോൺഫറൻസ് കൂടിയിട്ട് എന്താണ് സ്ഥിതി? ജില്ലാ കളക്ടറും എസ്.പി.-യുംകൂടി എടുത്ത തീരുമാനത്തെ സി.പി.ഐ.(എം).-ന്റെ ജില്ലാ കമ്മിറ്റി നിഷേധിക്കുന്നു. അവർ ഞങ്ങൾക്ക് ഇത് ബാധകമല്ലെന്ന് പറയുന്നു. പിന്നെ എങ്ങനെ കണ്ണൂരിൽ സമാധാനമുണ്ടാകും. ആർ.എസ്.എസ്. കൊന്നാലും സിപി.ഐ. (എം.) കൊന്നാലും രണ്ടുപേരുടെയും കൊലപാതകത്തെ ക്രൈമായി കാണാൻ കഴിയുന്ന ഒരു ഭരണകൂടമുണ്ടെങ്കിൽ മാത്രമേ ഇതിനെ നിലയ്ക്കുനിർത്താൻ സാധിക്കുകയുള്ളൂ. ആർ.എസ്.എസ്.-ന്റെ കൊലപാതകവും സി.പി.ഐ. (എം.)-ന്റെ കൊലപാതകവും രണ്ടും അവസാനിപ്പിക്കേണ്ടതാണ്. ബി.ജെ.പി. ആയാലും സി.പി.ഐ. (എം.) ആയാലും ആയുധങ്ങൾ ഉറയിലിടുകയാണ് വേണ്ടത്. ഇവിടെ പറയുന്ന പ്രസ്താവനകൾകൊണ്ട് കാര്യമുണ്ടോ? ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളായ കിർമാണി മനോജ്, കൊടി സുനി എന്നിവരെ കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റുകയാണ്. ഇവരെയൊക്കെ എന്തിനാണ് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുന്നത്? ജയിലുകളിൽ സംഘട്ടനങ്ങൾ ഉണ്ടായപ്പോഴാണ് ടി. പി. ചന്ദ്രശേഖരനെ കൊലചെയ്ത പ്രതികളെ വിവിധ ജയിലുകളിലേയ്ക്ക് മാറ്റിയത്. അവരെ മുഴുവൻ കണ്ണൂരിലേയ്ക്ക് മാറ്റുന്നത് എന്തിനുവേണ്ടിയാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്ത് തെരഞ്ഞെടുപ്പോടുകൂടി യു.ഡി.എഫ്. തകർന്നുവെന്നും യു.ഡി.എഫ്.-ന് മുന്നോട്ട് പോകാൻ സാധിക്കില്ലെന്നുമുള്ള പ്രചരണമുണ്ടായി. ഒരു തെരഞ്ഞെടുപ്പിൽ തോറ്റാൽ യു.ഡി.എഫ്. ഇല്ലാതാകുമെന്നുള്ളത് നിങ്ങളുടെ മനക്കോട്ട മാത്രമാണ്. കേരളത്തിൽ യു.ഡി.എഫ്. ശക്തമാണ്, ഞങ്ങൾക്ക് പറ്റിയ തെറ്റുകൾ തിരുത്തിക്കൊണ്ട്, ജനവിശ്വാസം ആർജ്ജിച്ചുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും നിറം പകർന്നുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ആരാണിവിടെ വർഗ്ഗീയതയെ താലോലിച്ചിട്ടുള്ളത്? കേരളത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വർഗ്ഗീയതയെ താലോലിക്കുകയും ഇവിടെ വർഗ്ഗീയ ധ്രുവീകരണം ഉണ്ടാക്കുകയും ചെയ്തത് ബി.ജെ.പി.-യും സി.പി.ഐ. (എം)-ഉം ആണ്. നിങ്ങൾ മനഃപൂർവ്വം വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനും വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാനും ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. പക്ഷേ, എന്നും മതേതരത്വത്തിനു മാത്രമേ വിജയമുണ്ടാകൂ. ഇൻഡ്യയിൽ ബി.ജെ.പി.-ക്കെതിരെ പോരാടുന്ന ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്.

ദേശീയതലത്തിൽ അവർക്കെതിരെയുള്ള പോരാട്ടങ്ങൾ കേരളത്തിലും ഞങ്ങൾ തുടരുകയാണ്. ഒരുതരത്തിലും വിട്ടുവീഴ്ചയില്ലാത്ത സമീപനങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകും. ഒരു തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടാൽ കോൺഗ്രസ്സിന്റെ അവസാനമാണെന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്താണ് ജീവിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങളും നയങ്ങളും രാജ്യത്തിന്റെ വിശാല താല്പര്യങ്ങൾക്കെതിരാണ്. ഇപ്പോൾ ഇവിടെ ഏകീകൃത സിവിൽ കോഡ് കൊണ്ടുവന്നിരിക്കുന്നത് യു.പി.-യിലെ തെരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ചുകൊണ്ടാണ്. ശ്രീ. നരേന്ദ്രമോദിയുടെ യു.പി.-യിലെ പ്രസംഗം വോട്ടിനുവേണ്ടി മാത്രമുള്ളതാണ്. ബി.ജെ.പി. സ്വീകരിക്കുന്ന ഈ സമീപനം വർഗ്ഗീയത വളർത്താനും രാജ്യത്തുടനീളം ആളുകളെ തമ്മിൽ ഭിന്നിപ്പിക്കാനുമുള്ള നടപടികളാണ്. അതിനെതിരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ശക്തമായി മുന്നോട്ടുപോകും. ഇൻഡ്യയിൽ മതേതര ചേരിയെ ബലപ്പെടുത്താനും മതേതര വിശ്വാസികളെയും പാർട്ടികളെയും വ്യക്തികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും കഴിയുന്ന ഏക രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മാത്രമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയതയെയും അസഹിഷ്ണുതയെയും രാഷ്ട്രീയത്തെയും എതിർക്കാൻ എല്ലാ മതേതര ശക്തികളെയും യോജിപ്പിക്കുന്ന ഒരു രാഷ്ട്രീയമാണ് ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ ഇൻഡ്യയിൽ ഇന്ന് ഉയർന്നു വന്നുകൊണ്ടിരിക്കുന്നത്. ആ വസ്തുതകളെ കാണാൻ സി.പി.ഐ.(എം.) തയ്യാറാകണം. എന്നാൽ നിങ്ങളത് കാണുന്നില്ല. സങ്കുചിതമായ താല്പര്യങ്ങൾ മുന്നിൽവച്ചുകൊണ്ട് വിശാലമായ ജനാധിപത്യ മതേതര ചേരിയിൽ വിള്ളലുണ്ടാക്കാനുള്ള നിങ്ങളുടെ ശ്രമം വിലപ്പോകില്ല. ഒരു തെരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു, ശരിയാണ്. കേന്ദ്രത്തിൽ ഞങ്ങൾ പ്രതിപക്ഷത്താണ്, വിവിധ സംസ്ഥാനങ്ങളിൽ ഞങ്ങൾ പ്രതിപക്ഷത്താണ്, പക്ഷേ ഓരോ സംസ്ഥാനങ്ങളിലും ഉണ്ടാകുന്ന സാഹചര്യങ്ങൾ പരിശോധിച്ചാൽ കോൺഗ്രസ്സിനും മതേതര ശക്തികൾക്കുമുള്ള തിരിച്ചുവരവിന്റെ കാഹളങ്ങൾ കാണാൻ സാധിക്കും. ഇന്ത്യയിൽ മതേതര ജനാധിപത്യമൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ട്, ബി.ജെ.പി.-യുടെ വർഗ്ഗീയതയ്ക്കെതിരായി അവർ ഉയർത്തുന്ന വിഘടനവാദത്തിനെതിരായി ഇന്ത്യയിലെ ജനങ്ങളെ ഒരുമിപ്പിച്ചുകൊണ്ട്, ആ മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ടുപോകുന്നു. കേരളത്തിലെ യു.ഡി.എഫ്. വീട്ടുവീഴ്ചയില്ലാത്ത നിലപാടുകളുമായി മുന്നോട്ടുപോകും. ഞങ്ങൾ

യഥാർത്ഥ മതേതര വിശ്വാസങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, നാട്ടിലെ ജനങ്ങളുടെ താല്പര്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് സഭയ്ക്കകത്തും പുറത്തും പ്രവർത്തിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാന്യനായ വി. ഡി. സതീശനെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമായിരുന്നു. അദ്ദേഹം മര്യാദക്കാരനാണെന്നാണ് ഞാൻ ഇതുവരെ കരുതിയിരുന്നത്. അടിസ്ഥാന രഹിതമായ കാര്യങ്ങൾ ഒരു ഉളുപ്പുമില്ലാതെ സഭയിൽവന്ന് ഇങ്ങനെ പറയുന്നത് കേട്ടിട്ട് എനിക്ക് അത്ഭുതം തോന്നി. അതുകൊണ്ട് ഞാൻ അതിന്റെ വസ്തുതയിലേയ്ക്ക് കടക്കുകയാണ്. അദ്ദേഹം ആദ്യം പറഞ്ഞത്, ....(ബഹളം).... ഞാൻ പറഞ്ഞുതുടങ്ങിയതല്ലേയുള്ളൂ. എന്തിനാണ് ബഹളം വയ്ക്കുന്നത്. കൂളായി ഇരിക്കു സുഹൃത്തുക്കളേ. നിങ്ങൾക്ക് എന്താണ് പറ്റിയത്?

മി. സ്പീക്കർ: ആരെങ്കിലും ഒരാൾ എഴുന്നേറ്റുനിന്ന് പറയൂ. എന്താണ് പ്രശ്നം? ....(ബഹളം).... ഉളുപ്പ് എന്നുപറയുന്നത് അസഭ്യമായൊരു പദമാണോ? ലജ്ജ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ലജ്ജ എന്നതിന്റെ ഒരു നാടൻ മൊഴിയാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ ഞാൻ ഇടപെട്ട് സംസാരിച്ചില്ല. അദ്ദേഹം പറഞ്ഞത് ഞാൻ ക്ഷമാപൂർവ്വം കേട്ടിരിക്കുകയായിരുന്നു. ഞാൻ മറുപടി പറഞ്ഞ് തുടങ്ങിയപ്പോൾ എന്തിനാണ് ഇത്ര ബഹളമുണ്ടാക്കുന്നത്? എന്നെ മറുപടി പറയാൻ അനുവദിക്കു. ഭാഷയ്ക്ക് ഒരു കുഴപ്പവുമില്ല. നിങ്ങൾ അങ്ങനെ എന്നെ ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട. ഞാൻ വളരെ കൂളായാണ് മറുപടി പറയുന്നത്. നിങ്ങൾ ഞാൻ പറയുന്നത് കേൾക്കാനുള്ള സന്നദ്ധത കാണിക്കു. അദ്ദേഹം ഇവിടെ ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ കാര്യങ്ങൾ പറഞ്ഞത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി എന്നേ ഞാൻ പറഞ്ഞുള്ളൂ. ആരും പ്രകോപിതരാകേണ്ട കാര്യമൊന്നും അതിലില്ല. ആദ്യം അദ്ദേഹം രണ്ട് എം.ഡി.-മാരുടെ നിയമനവുമായി ബന്ധപ്പെട്ട് അവരുടെ പേരിൽ കേസ്സുണ്ടെന്നും മറ്റുമൊക്കെയാണ് പറഞ്ഞത്. വിജിലൻസ് എൻക്വയറി റിപ്പോർട്ടും വിജിലൻസിന്റെയും മുഖ്യമന്ത്രിയുടെയും ക്ലിയറൻസും ലഭിച്ച് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതിനുശേഷമാണ് ഈ രണ്ട്

എം.ഡി.-മാരെയും നിയമിച്ചിട്ടുള്ളത്. അതിൽ എന്തെങ്കിലും വിജിലൻസ് കേസ്സോ പരാതിയോ ഉണ്ടെങ്കിൽ അത് അവർക്ക് വീണ്ടും കൊണ്ടുവരാം. അങ്ങനെയൊരു പരാതിയും അവരുടെ പേരിൽ ഇന്ന് നിലനിൽക്കുന്നില്ല. ഇതാണ് അതുമായി ബന്ധപ്പെട്ട് വളരെ ക്ലിയറായി എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, അവിടെ ഒരു എസ്.പി. വരുന്നുവെന്ന് കേൾക്കുമ്പോൾ ഞെട്ടിവിറയ്ക്കുന്ന കുറച്ചുപേർ കൊല്ലത്തുണ്ട്. അങ്ങനെ ഞെട്ടിവിറയ്ക്കുന്നത് എന്റെ കുഴപ്പംകൊണ്ടല്ല. പഴയ സി.ബി.ഐ.-യുടെയും വിജിലൻസിന്റെയും കേസ്സുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ ടീമിൽ ഈ ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തെ സ്വാധീനിക്കാൻ ഒരുപാട് ശ്രമം നടത്തിയിട്ട് അയാൾ വഴങ്ങാത്തതുകൊണ്ടും അവിടെ നടന്നിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് നേരിട്ടറിയുന്നതുകൊണ്ടും ഇയാൾ അവിടെ എം.ഡി. ആയി വരുന്നുവെന്നത് വളരെയധികം ഭയപ്പാടോടുകൂടിയാണ് ചിലർ കാണുന്നത്. അതിന്റെ പേരിൽ ഒരുപാട് കുപ്രചരണങ്ങൾ അഴിച്ചുവിടുന്നുണ്ട്. അതിലൊന്നും ഈ ഗവൺമെന്റ് വീഴാൻ പോകുന്നില്ല. വളരെയധികം ഓഫർ ചെയ്തിട്ടും പഴയ കേസ്സിനെ തേച്ചുമായ്ച്ചുകളയാൻ നോക്കിയതിൽ ഈ ഉദ്യോഗസ്ഥൻ വീണില്ല എന്നതു കൊണ്ടുമാത്രമാണ് തുടക്കംമുതലേ നിരവധി ആക്ഷേപങ്ങൾ വരുന്നത്. അതിനെക്കുറിച്ച് ഞങ്ങൾക്കൊട്ടും ബേജാറില്ല, അതുകൊണ്ട് ആ വിഷയം വിടുകയാണ്.

തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട പ്രശ്നം ഉന്നയിക്കുകയുണ്ടായി. തോട്ടണ്ടി കുറഞ്ഞ വിലയ്ക്ക് ഓഫർ ചെയ്തപ്പോൾ കൂടിയ വിലക്ക് വാങ്ങിയെന്നുള്ളതാണ് ആക്ഷേപം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയ നിലയിലായിരുന്നു. കഴിഞ്ഞകാലങ്ങളിലെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഒരു ട്രാൻസാക്ഷൻ മാത്രം ഞാൻ പറയാം. 2013-ൽ 5000 ടൺ ടാൻസാനിയൻ തോട്ടണ്ടി 44 കോടി രൂപയ്ക്കാണ് വാങ്ങിയത്. അതിന്റെ ഔട്ട് ടേൺ എന്ന് പറയുന്നത് 53 ആണ്. ഇവിടെ ഉന്നയിച്ച ഔട്ട് ടേണിന്റെ കഥ ഇപ്പോഴത്തേതല്ല, പഴയ ഓർമ്മ വച്ച് ഇപ്പോൾ പറയുന്നതാണ്. 53 ഔട്ട് ടേൺ 46-ഉം 43-ഉം ഒക്കെയായി മാറിയത് കഴിഞ്ഞ കാലത്താണ്, ഇപ്പോഴുള്ളതല്ല. അങ്ങനെ ഒറ്റ ഡീലിംഗിൽത്തന്നെ 24 കോടി രൂപയുടെ നഷ്ടമാണ് കഴിഞ്ഞ കാലങ്ങളിലുണ്ടായത്. അത് സി.ബി.ഐ.-യുടെ അന്വേഷണത്തിലിരിക്കുന്നതിനാൽ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല.

ബഹുമാന്യനായ വി. ഡി. സതീശന് ആ കണക്കൊക്കെ അറിയാമെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോഴത്തെ ഔട്ട് ടേണുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ആരെങ്കിലും എഴുതിത്തരുന്നത് തെറ്റിദ്ധരിച്ച് പോകുന്നത് ശരിയല്ലെന്ന് മാത്രമേ ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നുള്ളൂ. പറയുന്ന ഔട്ട് ടേണിൽ കുറവുണ്ടെങ്കിൽ പണവും കുറയും അതിൽ യാതൊരു സംശയവുമില്ല. അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. തെരഞ്ഞെടുപ്പുകാലത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ കശുവണ്ടി ഫാക്ടറികൾ തുറക്കുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അതിനെ തുറപ്പിക്കാനുള്ള തീവ്രശ്രമം നടത്തുകയുണ്ടായി. അതിനെയെല്ലാം തടസ്സപ്പെടുത്തുകയായിരുന്നു കൊല്ലത്തുള്ള കുറേ ലോബികൾ. തോട്ടണ്ടി വാങ്ങിയാൽ വലിയ അഴിമതിയുണ്ടാകുമെന്ന് പറഞ്ഞ് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിക്ക് തോട്ടണ്ടി വാങ്ങുന്നതിനുമുമ്പേ പരാതി അയച്ചു. മുഖ്യമന്ത്രിയുടെ പേരിലും പരാതി വന്നിട്ടുണ്ടാകും. സി.പി.ഐ.(എം.) സെക്രട്ടറിയുടെ പേരിൽ വന്ന പരാതി അദ്ദേഹം എനിക്ക് തന്നു. ഞാൻ ആ അഡ്രസ്സുകാരനെ തിരക്കിയപ്പോൾ അങ്ങനെ ഒരാൾ ആ പ്രദേശത്തേയില്ല. കള്ളപ്പേരുവച്ച് കൊല്ലത്തെ കശുവണ്ടി ഫാക്ടറി തുറക്കരുതെന്ന മുൻലക്ഷ്യത്തോടുകൂടി നിരവധി പരാതികൾ രണ്ടുമാസം അവിടെ കറങ്ങി. ഫാക്ടറി തുറക്കരുതെന്നുള്ളതാണ് ലക്ഷ്യം. കാഷ്യൂ കോർപ്പേറഷനും കാപ്പെക്സും ഓണത്തിനുമുമ്പ് തുറക്കരുതെന്നും തുറന്നാൽ വലിയ അഴിമതിയാകുമെന്നും തൊഴിലാളികൾക്ക് കുറച്ച് കാശ് കൊടുത്താൽ മതിയെന്നും പറഞ്ഞ് തോട്ടണ്ടി വാങ്ങുന്നതിനുമുമ്പ് പാർട്ടി സെക്രട്ടറിക്ക് കത്തയച്ചു. തോട്ടണ്ടി വാങ്ങുന്നതിനുമുമ്പേ അഴിമതിയാണെന്നുള്ള പ്രചാരണം നടത്തുകയും ഫാക്ടറി ഓണത്തിനുമുമ്പ് തുറക്കരുതെന്ന് വാശിപിടിക്കുകയുംചെയ്തു ഒരുക്കൂട്ടർ കൊല്ലത്തും സംസ്ഥാനത്തുമുണ്ടായിരുന്നു. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് എന്ത് വിലകൊടുത്തും ഫാക്ടറി തുറക്കുമെന്ന നിലപാട് സർക്കാർ സ്വീകരിച്ചത്. ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ഏഴ് തവണ ടെണ്ടർ കൊടുക്കുകയുണ്ടായി. ആദ്യത്തെ മൂന്ന് ടെണ്ടറിലും ആരും പങ്കെടുത്തിരുന്നില്ല. ആ സാഹചര്യത്തിലാണ് ഞാൻ കൊല്ലത്തെ എന്റെ ഓഫീസിൽ ട്രേഡിംഗുമായി ബന്ധപ്പെട്ടവരെ വിളിച്ചു വരുത്തിയത്. എന്തുകൊണ്ടാണ് നിങ്ങൾ ഈ ടെണ്ടറിൽ പങ്കെടുക്കാത്തതെന്ന് ചോദിച്ചു. പങ്കെടുത്താൽ കാശ് കിട്ടില്ലെന്നുള്ള ധാരാളം പരാതികൾ പറഞ്ഞു. ഇപ്രാവശ്യം നിങ്ങൾ ടെണ്ടറിൽ പങ്കെടുത്താൽ അതിന്റെ വ്യവസ്ഥയനുസരിച്ച്

കൃത്യമായി കാശ് നൽകുമെന്ന് ഉറപ്പാണെന്ന് ഞാൻ പറഞ്ഞു. ഒരുതരത്തിലും പൈസ കിട്ടില്ലെന്ന് ഭയപ്പെടേണ്ട. ആർക്കും ടെണ്ടറിൽ പങ്കെടുക്കാം. ആ മീറ്റിംഗ് കഴിഞ്ഞ് തൊട്ടടുത്ത ദിവസം പത്രത്തിൽ ഒരു വാർത്ത വരികയുണ്ടായി. 'മേഴ്സിക്കുട്ടി അമ്മ ഓഫീസിൽവച്ച് മുതലാളിമാരുമായി ചർച്ച നടത്തി. അഴിമതിക്ക് കളമൊരുങ്ങുന്നു. മേഴ്സിക്കുട്ടി അമ്മയുടെ ഭർത്താവ് അഴിമതി നടത്തിയിരിക്കുന്നു' എന്നായിരുന്നു വാർത്ത. ഞാൻ ചർച്ച മാത്രമേ നടത്തിയിട്ടുള്ളൂ. വാർത്ത വന്ന പത്രം ഓഫീസുമായി ഞാൻ ബന്ധപ്പെടുകയുണ്ടായി. ചർച്ച ചെയ്യാനാണ് ഈ നാട്ടിലെ ജനങ്ങൾ എന്നെ തെരഞ്ഞെടുത്തത്. എന്നെ മന്ത്രിയായി ഇടതുപക്ഷ മുന്നണി നിശ്ചയിച്ചത് ഈ ജോലി ചെയ്യാനാണ്. അതിനാൽ ഞാൻ ആളുകളെ വിളിക്കും, ചർച്ച ചെയ്യും, അവരോട് ടെണ്ടറിൽ പങ്കെടുക്കാൻ ആവശ്യപ്പെടും. അത് അഴിമതിയാണെന്ന് പറയുന്നത് എന്ത് മര്യാദകേടാണെന്ന് ചോദിച്ചപ്പോൾ ബന്ധപ്പെട്ട ലേഖകനെ ആ പത്രത്തിൽനിന്നും പുറത്താക്കുകയും എന്നോട് ക്ഷമ പറയുകയും ചെയ്തു. ഞങ്ങൾ അറിയാതെയാണ് ആ വാർത്ത വന്നതെന്നും അതിനാൽ ആ ലേഖകനെ മീഡിയയിൽനിന്നും ഡിസ്മിസ് ചെയ്തെന്നും അവർ എന്നെ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ മുൻകൂറായി ഒരുപാട് ഹമ്പ് അപ്പ് നടത്തി, ഫാക്ടറികൾ തുറക്കരുതെന്ന ലക്ഷ്യമായിരുന്നു. മൂന്ന് ടെണ്ടറിലും ഒരു കമ്പനിപോലും പങ്കെടുത്തില്ല. ടെണ്ടർ നടപടിക്രമത്തിലെ സോഫ്റ്റ്‌വെയറിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. ഏതൊരാൾക്കും ടെണ്ടറിൽ പങ്കെടുക്കാവുന്ന തരത്തിലുള്ള സ്റ്റേറ്റിന്റെ സോഫ്റ്റ്‌വെയർ ഇല്ലാത്തതുകൊണ്ട് ഞങ്ങൾ കേന്ദ്ര ഏജൻസിയായ എൻ.ഐ.സി.-യെ വിളിച്ചു. എൻ.ഐ.സി.-യെക്കുറിച്ച് ശ്രീ. വി. ഡി. സതീശൻ കംപ്ലയിന്റ് പറയുമെന്ന് ഞാൻ കരുതുന്നില്ല. എൻ.ഐ.സി.-യുടെ സഹായത്തോടു കൂടിയാണ് ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് പുതിയ സോഫ്റ്റ്‌വെയർ ഉണ്ടാക്കിയത്. ഇതിനകത്ത് മറയ്ക്കാനും ഒളിക്കാനും ഒന്നുമില്ല, ഇതെല്ലാം സുതാര്യമായി ചെയ്തിട്ടുള്ളതാണ്. ഓരോന്നിനും സർക്കാർ ഉത്തരവ് ഇറക്കിയിട്ടുള്ളതാണ്. ഇതൊന്നും ആരുടെയും സ്വകാര്യ ഏർപ്പാടായി മാറേണ്ടതല്ല. കാരണം കശുവണ്ടിയാണ്, തൊട്ടാൽ പൊള്ളുന്നതാണ്, കള്ളന്മാരുടെ കൂടാരത്തിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് അവിടെനിന്നും രക്ഷവേണമെങ്കിൽ വളരെ സുതാര്യമായി കാര്യങ്ങൾ ചെയ്യണമെന്നുള്ളതുകൊണ്ട് എല്ലാ നടപടിക്രമങ്ങളും പാലിച്ച്, എൻ.ഐ.സി.-യുടെ സാങ്കേതിക സഹായത്തോടുകൂടി ചർച്ച ചെയ്തുകൊണ്ടാണ് ഈ മാറ്റങ്ങളെല്ലാം ഞങ്ങൾ വരുത്തിയിട്ടുള്ളത്. എല്ലാ മാറ്റങ്ങൾക്കും സർക്കാർ ഉത്തരവുമുണ്ട്.

2.00 P.M.]

സെപ്റ്റംബറിൽ 136 രൂപയ്ക്ക് ലഭിച്ച ടെണ്ടറാണ് ഉറപ്പിക്കാൻ കഴിഞ്ഞത്. 53 lbs ഔട്ട്ടേണുള്ള തോട്ടണ്ടി 142 രൂപയ്ക്കാണ് കോർപ്പറേഷൻ 30-8-2016-ന് ആദ്യമായി ടെണ്ടറെടുക്കുന്നത്. പക്ഷേ കട്ടിംഗ് ടെസ്റ്റിൽ 51.74 lbs മാത്രമേ ഔട്ട് ടേൺ ഉണ്ടായിരുന്നുള്ളൂ. ഔട്ട് ടേണിൽ ചെറിയ വ്യത്യാസം വരുന്നതുകൊണ്ട് 142 എന്നത് 138 രൂപയ്ക്കാണ് വാങ്ങിയത്. അത് നല്ല ക്വാളിറ്റിയുള്ള തോട്ടണ്ടിയായതിനാൽ തൊഴിലാളികൾക്ക് അതിനെക്കുറിച്ച് ഒരാക്ഷേപവും ഉണ്ടായിരുന്നില്ല. ഇപ്പോൾ 6.88 എന്നൊക്കെ പറയുന്നല്ലോ, അതിൽ ആകെ 40-50 ലക്ഷം രൂപയ്ക്കകത്താണ് നഷ്ടം വരുന്നത്. ഫൈനൽ വരുമ്പോൾ കുറച്ചുകൂടി കാണും. ആദ്യത്തേതിൽ പ്രതീക്ഷിച്ച നഷ്ടമുണ്ടായില്ല. ഇതിനേക്കാൾ കൂടുതൽ നഷ്ടം വരുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ വളരെ കൃത്യമായി അതിൽ പ്രവർത്തിക്കാൻ കഴിഞ്ഞു.

കാപ്പെക്സ് തോട്ടണ്ടിയുടെ വില അന്ന് 1500 ഡോളറുണ്ടായിട്ടും അത് വാങ്ങിയില്ല, വില കൂടി എന്നുപറഞ്ഞു. 30-8-2016-ന് കശുവണ്ടി വികസന കോർപ്പറേഷൻ വാങ്ങിയപ്പോൾ Rs.142/kg ആയിരുന്നു. അതേദിവസം കാപ്പെക്സിൽ ടെണ്ടർ വന്നപ്പോൾ ഒലാം 160 രൂപയും ഇൻഡ്ഡാസ് 152 രൂപയും വിനായക കൊമേഴ്സ്യൽ 154 രൂപയുമാണ് ഒരു കിലോയ്ക്ക് ക്വാട്ട് ചെയ്തത്. തലേദിവസം കശുവണ്ടി വികസന കോർപ്പറേഷൻ 142 രൂപയ്ക്ക് വാങ്ങിയ തോട്ടണ്ടിക്ക് തൊട്ടടുത്ത ദിവസം 152-ഉം 160-ഉം രൂപ ക്വാട്ട് ചെയ്താൽ തുകയിൽ വലിയ വ്യത്യാസം വരും. അതുകൊണ്ട് വില കൂടുതലാണ് എന്ന കാരണത്താൽ ക്യാൻസൽ ചെയ്തു. 2-8-2016-ൽ വീണ്ടും ടെണ്ടർ ലഭിച്ചപ്പോൾ 125 രൂപയാണ് ക്വാട്ട്ചെയ്തത്. തോട്ടണ്ടിയുടെ വെറൈറ്റിയിൽ വ്യത്യാസമുണ്ടായിരുന്നു. കുറേക്കൂടി നല്ല ഔട്ട് ടേണുള്ള ഗിനിബസാവോ ആയിരുന്നു നേരത്തെ ക്വാട്ട് ചെയ്തത്. കുറച്ചുകൂടി ഔട്ട് ടേൺ കുറവുള്ള ഐ.വി.സി.-യാണ് പിന്നീട് 125 രൂപയ്ക്ക് ക്വാട്ട് ചെയ്തത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ മറ്റാർക്കും ക്വട്ടേഷൻ കൊടുത്തിട്ടില്ല. മുൻകാലങ്ങളിൽ ഒരേ ആളുതന്നെ രണ്ടും മൂന്നും പേരിൽ ടെണ്ടർ കൊടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ഞാൻ ഇതുസംബന്ധിച്ച് അന്വേഷിച്ചിരുന്നു. 2-8-2016-ൽ ഓർഡർ കൊടുത്തത് ഒലാം എന്ന കമ്പനിക്കാണ്. ഒലാം ഒരു കിലോയ്ക്ക് 125 രൂപയാണ് ക്വാട്ട് ചെയ്തത്. 1000 ടൺ ആവശ്യപ്പെട്ടെങ്കിലും 900 ടണ്ണാണ് ലഭിച്ചത്. ബാക്കിയുള്ളവർ അതിനേക്കാൾ കൂടിയ വിലയാണ് ക്വാട്ട്

ചെയ്തത്. അന്നുവന്ന എൽ വൺ-നാണ് ടെണ്ടർ കൊടുത്തത്. കൊടുത്തു കഴിഞ്ഞപ്പോൾ വീണ്ടും മാർക്കറ്റ് പ്രൈസ് മാറുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ ക്വട്ടേഷൻ ഉറപ്പിക്കുമ്പോൾ മാർക്കറ്റിൽ പരിപ്പിന്റെ വില 7,800 രൂപയും രണ്ടുദിവസം കഴിഞ്ഞപ്പോൾ അത് 8,200 രൂപയുമായി. പരിപ്പിന്റെ വില മാർക്കറ്റിൽ കൂടിയാൽ തോട്ടണ്ടിയുടെ വിലയും വർദ്ധിക്കും. അത് സ്വാഭാവികമാണ്. 2011-ലെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. 2011-ൽ പരിപ്പിന്റെ വില 4,000 രൂപയിൽത്താഴെയാണ്. പരിപ്പിന്റെ വില 4,000 രൂപയിൽ താഴെയുള്ളപ്പോഴുള്ള തോട്ടണ്ടിയുടെ വിലയും 8,200 ആകുമ്പോഴുള്ള തോട്ടണ്ടിയുടെ വിലയും തമ്മിലുള്ള വ്യത്യാസം ഇവിടെ അഴിമതിയുടെ കഥയായി ചൂണ്ടിക്കാട്ടുന്നു എന്നുപറഞ്ഞാൽ അത്ഭുതകരമെന്നാണ് പറയാനുള്ളത്. ഇപ്പോൾ 125 രൂപയ്ക്ക് ക്വാട്ട് ചെയ്തു. ഇത് ക്വാട്ട് ചെയ്ത് രണ്ടാഴ്ച കഴിഞ്ഞിട്ടും അവർ തോട്ടണ്ടി തരാൻ തയ്യാറായില്ല. പരിപ്പിന്റെ വില മാർക്കറ്റിൽ കൂടിയതുകൊണ്ടാണ് തരാതിരുന്നത്. 125 രൂപയ്ക്ക് എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായിരുന്നില്ല. ഓഫർ സ്വീകരിച്ചുകഴിഞ്ഞാൽ എഗ്രിമെന്റ് വച്ചാലും ഇല്ലെങ്കിലും കോൺട്രാക്ട് ആക്ടനുസരിച്ച് അത് കോൺട്രാക്ടാണ് എന്ന് പരസ്യമായി ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തു. ഓഫർ ഉറപ്പിച്ച ആൾ നട്ട്സ് തരാതിരുന്നാൽ ലീഗൽ ആക്ഷനിലേയ്ക്ക് പോകേണ്ടിവരും. വക്കീലായ ശ്രീ. വി. ഡി. സതീശന് കോൺട്രാക്ട് ആക്ടിനെക്കുറിച്ച് അറിയാവുന്നതാണല്ലോ. ഓഫർ അക്സപ്റ്റ് ചെയ്തശേഷം നട്ട്സ് നൽകാതിരുന്നാൽ ഗവൺമെന്റിന് ലീഗൽ ആക്ഷനിലേയ്ക്ക് പോകേണ്ടിവരും. ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ഒരു സ്റ്റേറ്റ്മെന്റ് കൊടുത്ത് രണ്ടാഴ്ച കഴിഞ്ഞാണ് ഒലാം കിലോയ്ക്ക് 125 രൂപയ്ക്ക് കാപ്പെക്സുമായി എഗ്രിമെന്റ് വയ്ക്കുന്നത്. എഗ്രിമെന്റ് വയ്ക്കുമ്പോൾ നട്ട്സിന്റെ ക്വാളിറ്റി മോശമായിരുന്നു എന്നുള്ളത് സത്യമാണ്. 'കാശങ്ങ് പോയില്ലേ' എന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. കട്ടിംഗ് ടെസ്റ്റ് നടത്തിയശേഷം മാത്രമേ കാശ് കൊടുക്കുകയുള്ളൂ. അദ്ദേഹം അത്ഭുതകരമായ മറ്റൊരു കാര്യം പറഞ്ഞു, ആരാണോ തോട്ടണ്ടി തരുന്നത് അവർതന്നെ ടെസ്റ്റും നടത്തുന്നു എന്ന്. തരുന്ന ആൾ തന്നെ ടെസ്റ്റ് നടത്തിയാൽ അത് അതിശയകരമാണ്. പക്ഷേ അത്തരത്തിൽ സംഭവിച്ചിട്ടില്ല. എന്തിനാണ് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയുന്നത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ തോട്ടണ്ടി തിരിമറിയുമായി ബന്ധപ്പെട്ട് എക്സ്പെർട്ട് കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ മനസ്സിലായത് ജിയോകം, സിനർജി എന്നീ രണ്ട് ക്വാളിറ്റി ടെസ്റ്റ് ഏജന്റുമാരാണ് തുടർച്ചയായി കട്ടിംഗ് ടെസ്റ്റ് നടത്തിയിരുന്നത് എന്നാണ്. അവരുടെ മായാജാലമാണ് 53 lbs ഔട്ട് ടേൺ; പക്ഷേ

പരിശോധിക്കുമ്പോൾ 43 lbs മാത്രമേ കാണൂ. പ്രസ്തുത കമ്പനികളെ ഇനി കട്ടിംഗ് ടെസ്റ്റിനായി ഏർപ്പെടുത്തരുതെന്നുപറഞ്ഞ് കഴിഞ്ഞകാലത്തുതന്നെ അവരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ആർ.ബി.എസ്. എന്ന വിശ്വസ്തരായ കട്ടിംഗ് ഏജൻസിയെ പരിഗണിക്കണമെന്നും എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആർ.ബി.എസ്.-നെ മാത്രമേ കട്ടിംഗ് ടെസ്റ്റിന് ചുമതലപ്പെടുത്തിയിട്ടുള്ളൂ. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആർ.ബി.എസ്.-നെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്. ആർ.ബി.എസ്. ആണ് കട്ടിംഗ് ടെസ്റ്റ് നടത്തിയത്. കശുവണ്ടി വികസന കോർപ്പറേഷൻ 53 lbs ഔട്ട് ടേൺ ഉണ്ടെന്നു പറഞ്ഞ് വാങ്ങിയ തോട്ടണ്ടി കട്ടിംഗ് ടെസ്റ്റ് നടത്തിയപ്പോൾ 51-ൽ അല്പം കൂടുതലേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ 142 രൂപ എന്നുപറഞ്ഞത് 136 രൂപയായി. ഓട്ട് ടേണിൽ വന്ന ചെറിയ വ്യത്യാസം തോട്ടണ്ടിയുടെ വിലയിലും പ്രതിഫലിക്കും. രണ്ടാമത് കോർപ്പറേഷൻ വാങ്ങിയ തോട്ടണ്ടിക്ക് 54 lbs ഔട്ട് ടേൺ എന്നുപറഞ്ഞെങ്കിലും കട്ടിംഗ് ടെസ്റ്റ് നടത്തിയപ്പോൾ 54-ൽ കൂടുതലുണ്ടായിരുന്നു. ക്വാട്ട് ചെയ്ത അതേ ക്വാളിറ്റിയിലുള്ള തോട്ടണ്ടി ലഭിക്കുന്നത് കോർപ്പറേഷന്റെ സമീപകാല ചരിത്രത്തിൽ ആദ്യമായാണ്. ഔട്ട് ടേൺ കൂടിയാലും തോട്ടണ്ടിക്ക് കൂടിയ വില കൊടുക്കേണ്ടിവരില്ല. എന്നാൽ കാപ്പെക്സ് 125 രൂപയ്ക്ക് M/s. OLAM കമ്പനിയിൽനിന്ന് വാങ്ങിയ കശുവണ്ടിക്ക് ക്വാളിറ്റി കുറവായിരുന്നു. 125 രൂപയ്ക്ക് ഓർഡർ ചെയ്തെങ്കിലും ആർ.ബി.എസ്.-ന്റെ കട്ടിംഗ് ടെസ്റ്റ് കഴിഞ്ഞപ്പോൾ ഔട്ട് ടേൺ കുറഞ്ഞതനുസരിച്ച് 105 രൂപയേ വില ഉണ്ടായിരുന്നുള്ളൂ. കട്ടിംഗ് ടെസ്റ്റ് നടത്തുമ്പോൾ വില നിശ്ചയിക്കുന്നതിന് കൃത്യമായ ഒരു ടേമുണ്ട്. അതനുസരിച്ച് വില കൊടുത്താൽ മതിയാകും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ഉന്നയിച്ചത്. എം.ഡി.-മാരുടെ പേരിൽ കേസുണ്ട് എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. ആ രണ്ട് എം.ഡി.-മാരെയും കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. എസ്.പി. ഉൾപ്പെടെയുള്ള ആളുകളുടെ പശ്ചാത്തലം, ഈ എസ്.പി.-യെ കൊല്ലം ജില്ലയിലെ ആളുകൾ എന്താണ് വിളിക്കുന്നതെന്നുകൂടി മുഖ്യമന്ത്രി അന്വേഷിക്കണം എന്നുമാത്രമേ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളൂ. കൂടുതൽ ആളുകൾ വരാൻ വേണ്ടിയായിരിക്കും നിങ്ങൾ ടെണ്ടർ കണ്ടീഷനിൽ ഇളവ് വരുത്തിയത് എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ആരോപണമുന്നയിച്ചത് എവിടെയാണ്, ഐവറി കോസ്റ്റ് കശുവണ്ടി വാങ്ങിയപ്പോൾ നിങ്ങൾക്ക് ആദ്യം

രണ്ട് ഓഫറുകളുണ്ടായിരുന്നു. ഒന്ന്, 1584 യു.എസ്. ഡോളറിനും മറ്റൊന്ന് 1689 യു.എസ്. ഡോളറിനും. അതിൽ 1689 യു.എസ്. ഡോളറിന് വില കൂടുതലാണ് എന്നുപറഞ്ഞ് റിജക്ട് ചെയ്തുകൊണ്ടുള്ള ഗവൺമെന്റ് ഓർഡറാണ് ഞാൻ ഇവിടെ വായിച്ചത്. മുഖ്യമന്ത്രി ഇത് കേൾക്കണം, പത്ത് ദിവസത്തിനകം 272 ഡോളർ കൂടുതലാക്കിയിട്ട് 1858 ഡോളറിന് വേറെ ടെണ്ടർ ഉറപ്പിച്ചു. 1689 ഡോളർ കൂടുതലാണ് എന്നുള്ളതിന്റെ ഗവൺമെന്റ് ഉത്തരവാണ് ഞാൻ വായിച്ചത്. പത്ത് ദിവസത്തിനകം 1858 ഡോളർ എങ്ങനെയായി? അപ്പോൾ 272 ഡോളറിന്റെ വ്യത്യാസം വന്നു. ഞാൻ പറഞ്ഞ ഒരു കാര്യം അതാണ്. രണ്ടാമത്തെ കാര്യം, ഗിനിബിസാവോ കശുവണ്ടി, ഒരേ കമ്പനി വിനായക കൊമേഴ്സ്യൽ എന്ന കമ്പനി ആദ്യം 1886 യു.എസ്. ഡോളറിന് കാപ്പെക്സിൽ ക്വാട്ട് ചെയ്തു. കാപ്പെക്സ് അത് കൂടുതലാണെന്ന് പറഞ്ഞ് റിജക്ട് ചെയ്യുന്നു. അതേ കമ്പനി തന്നെ കശുവണ്ടി വികസന കോർപ്പറേഷനിൽ 2119 യു.എസ്. ഡോളറിന് വാങ്ങുന്നു. തൂത്തുക്കുടി പോർട്ടിൽ വന്നുകിടക്കുന്ന ഒറ്റ കൺസൈൻമെന്റാണ്. അതാണ് ആദ്യം അവർ 1886 ഡോളറിനും രണ്ടാമത് 2119 ഡോളറിനും ക്വാട്ട് ചെയ്യുന്നത്. അത് എങ്ങനെ നടന്നു എന്ന് വ്യക്തമാക്കണം.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ:</u> സർ, അതാണ് സുഹൃത്തേ ഞാൻ ആദ്യം പറഞ്ഞത്. ഞാൻ പറഞ്ഞത് താങ്കൾ ശ്രദ്ധിച്ചില്ല. എം.ഡി.-യുടെ കാര്യം സി.എം. അന്വേഷിച്ചോട്ടെ. അക്കാര്യം ഞാൻ വിടുന്നു. അതിനെക്കുറിച്ച് മറുപടി പറയണ്ട കാര്യമില്ല. ഡോളർ റേറ്റിലല്ല വാങ്ങുന്നതെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ലോക്കൽ പർച്ചേസ് നടത്തുമ്പോൾ ഡോളർ റേറ്റല്ല. ആരോ തെറ്റിദ്ധരിപ്പിച്ച് എഴുതിത്തന്ന കണക്കും കൊണ്ടാണ് അങ്ങ് ഇവിടെ വന്നിട്ടുള്ളത്. ഞാൻ പറയട്ടെ. കാപ്പെക്സിന് M/s. OLAM ആദ്യം ക്വാട്ട് ചെയ്തത് 160 രൂപയും ഇൻഡസ് ക്വാട്ട് ചെയ്തത് 152 രൂപയും വിനായക കൊമേഴ്സ്യൽ ക്വാട്ട് ചെയ്തത് 154 രൂപയുമാണ്. തലേദിവസം കശുവണ്ടി വികസന കോർപ്പറേഷൻ ക്വാട്ട് ചെയ്തത് 142 രൂപയാണ്. 142 രൂപയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷൻ വാങ്ങിയ പശ്ചാത്തലത്തിൽ ഒരു ദിവസത്തെ വ്യത്യാസത്തിൽ 160 രൂപയ്ക്കും 154 രൂപയ്ക്കും 152 രൂപയ്ക്കും ക്വാട്ട് ചെയ്താൽ കാപ്പെക്സിന് വാങ്ങാൻ കഴിയില്ല, അതിനാൽ വാങ്ങിയില്ല. അക്കാരണത്താലാണ് റിജക്ട് ചെയ്തത്. താരതമ്യം ചെയ്തിട്ടാണല്ലോ എപ്പോഴും പ്രൈസ് എടുക്കുന്നത്. എന്റെ സുഹൃത്തേ നിങ്ങൾ കാണേണ്ടത് വിദേശത്തുനിന്ന് വാങ്ങുമ്പോഴാണ് നമ്മൾ ഡോളർ റേറ്റിൽ കണക്കാക്കുന്നത്.

ലോക്കൽ പർച്ചേസിൽ വാങ്ങുമ്പോൾ അത് രൂപ റേറ്റിലാണ്. രണ്ട് കണക്കും ഒന്നുതന്നെയാണ്. അപ്പോൾ നിങ്ങൾ അറിയേണ്ടത്, ഇത് രേഖയാണ്. രണ്ടാമത്തെ ദിവസം കാപ്പെക്സ് റേറ്റ് ക്വാട്ട് ചെയ്തപ്പോൾ കശുവണ്ടി വികസന കോർപ്പറേഷൻ വാങ്ങിയ പ്രൈസിനേക്കാൾ വിലകൂടി. ഒറ്റദിവസത്തെ വ്യത്യാസത്തിൽ കൂടിയ വിലയ്ക്കെടുത്തില്ല എന്നത് കറക്ടാണ്. വില കൂടിയതുകൊണ്ട് എടുത്തില്ല. എടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. വീണ്ടും മൂന്നുനാല് ദിവസം കഴിഞ്ഞപ്പോഴാണ് ഐ.വി.സി. ക്വാട്ട് ചെയ്തത്. ഐ.വി.സി. നിങ്ങൾ പറയുന്നതുപോലെ കൂടിയ വിലയ്ക്കല്ല, 125 രൂപയ്ക്കാണ് ക്വാട്ട് ചെയ്തത്. എന്നാൽ 125 രൂപ ക്വാട്ട് ചെയ്യുമ്പോൾ 125 രൂപയ്ക്ക് തോട്ടണ്ടി തരാൻ അവർ തയ്യാറായില്ല. ഒടുവിൽ കേസ് കൊടുക്കുമെന്ന് ഭീഷണിപ്പെടുത്തിയതിനുശേഷമാണ് തന്നത്. 1000 ടൺ ക്വാട്ട് ചെയ്തെങ്കിലും 900 ടൺ മാത്രമാണ് തന്നത്. 125 രൂപയാണ് ക്വാട്ട് ചെയ്തതെങ്കിലും കട്ടിംഗ് ടെസ്റ്റിൽ ക്വാളിറ്റി മോശമായിരുന്നതുകൊണ്ട് നമ്മൾ കൊടുത്ത വില 105 രൂപയാണ്. ആനുപാതികമായി കുറഞ്ഞു. ഈ വസ്തുത മറച്ചുവച്ച് ശ്രീ. വി. ഡി. സതീശനെ ആരോ തെറ്റിദ്ധരിപ്പിച്ച് കളവായ ചില സ്റ്റേറ്റ്മെന്റുമായിട്ടാണ് ഇവിടെ വന്നതെന്നാണ് ഞാൻ പറഞ്ഞത്. വസ്തുത ഇതായിരിക്കെ യാതൊരു അടിസ്ഥാനവുമില്ലാത്ത ആക്ഷേപം സഭയിൽ ഉന്നയിക്കുക, അതും വി. ഡി. സതീശനെപ്പോലെയുള്ള ബഹുമാന്യനായ മെമ്പർ. ഇത് എന്നെ അത്ഭുതപ്പെടുത്തിയെന്നാണ് ഞാൻ പറഞ്ഞത്. ....(ബഹളം).... വേറെ ആരെങ്കിലും പറഞ്ഞാൽ അത് മനസ്സിലാകും.

മി. സ്പീക്കർ: പ്ലീസ്...മന്ത്രിയുടെ പ്രസംഗം അവസാനിക്കട്ടെ. ....(ബഹളം)....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, എന്തായിത്? ഞാനല്ലേ മറുപടി പറയുന്നത്.

മി.സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം അവസാനിപ്പിക്കുകയല്ലേ.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, എനിക്ക് മറുപടി പറയാൻ അവകാശമില്ലേ?

ശ്രീ. വി. ഡി. സതീശൻ:സർ, പോയിന്റ് ഓഫ് ഓർഡർ. ....(ബഹളം)....

മി. സ്പീക്കർ : പ്ലീസ്.... പോയിന്റ് ഓഫ് ഓർഡറാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം അവസാനിപ്പിച്ചോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, ഇല്ല. എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ:സർ, പോയിന്റ് ഓഫ് ഓർഡർ. Rule 303 - I shall raise a question which is within the cognizance of the speaker. മന്ത്രി ഇവിടെ മറുപടി പറഞ്ഞിരിക്കുന്നത് ഞാനിവിടെ രേഖാമൂലം സമർപ്പിച്ച രേഖകളുടെ ക്രെഡിബിലിറ്റിയെ ചലഞ്ച് ചെയ്തുകൊണ്ടാണ്. ഞാൻ ഡോളറിലാണ് എന്നുപറഞ്ഞത് ക്വട്ടേഷന്റെ കോപ്പി ഇവിടെ വച്ചുകൊണ്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങൾക്കും പരിശോധിക്കുന്നതിന് ഇതെല്ലാം മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള അനുമതി നൽകണം. മന്ത്രി പറഞ്ഞത് തെറ്റായ കാര്യമാണ്. ഞാൻ ഈ സഭയിൽ ക്വാട്ട് ചെയ്ത രേഖകളുടെ ക്രെഡിബിലിറ്റിയെയാണ് മന്ത്രി ചലഞ്ച് ചെയ്തിരിക്കുന്നത്. അത് ഓർഡറിലല്ല എന്നുള്ളതാണ് എന്റെ ക്രമപ്രശ്നം. അതേ അവസരത്തിൽ എനിക്ക് ഇത് മേശപ്പുറത്ത് വയ്ക്കുകയും വേണം. ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇതിനെക്കുറിച്ച് എ.ബി.സി.ഡി. അറിയില്ല. വെറുതേ അവിടെയിരുന്ന് കൈയടിക്കരുത്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. ദയവായി സഹകരിക്കണം. പ്ലീസ്... ചെയർ ഒരു കാര്യം പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ : സർ, ഇത് അഹങ്കാരമാണ്. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാൻ അവസരം തരാം. ശ്രീ. വി. ഡി. സതീശൻ രേഖാമൂലം എഴുതിത്തന്ന്, അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ഉന്നയിച്ച ആരോപണത്തിന് മന്ത്രി മറുപടി പറയുകയും ചെയ്തു. നിങ്ങൾക്ക് പരസ്പരം ബോദ്ധ്യപ്പെടുന്നതുവരെ പ്രസംഗം നീണ്ടുപോകുന്നൊരു സാഹചര്യമുണ്ടാക്കാൻ ചെയറിന് ബുദ്ധിമുട്ടുണ്ട്. അത് സാദ്ധ്യമായ കാര്യവുമല്ല. അങ്ങുന്നയിച്ച ആരോപണങ്ങൾക്ക് മന്ത്രി മറുപടി നൽകുകയുണ്ടായി. ഇനി അങ്ങേയ്ക്ക് എന്തെങ്കിലും രേഖകൾ മേശപ്പുറത്ത് വയ്ക്കാനുണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ ഉന്നയിച്ചത്, ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നത് കേട്ടിട്ട് കൊഞ്ഞനം കുത്തുന്ന കണക്ക് വിവരമില്ലാത്തവരാണെന്ന് പറയരുത്, അങ്ങനെ ചോദിച്ചത് ഓർഡറിലാണോ? ഇവിടെ ഞാൻ

ആവർത്തിച്ച് പറയുന്ന നമ്മൾ വാങ്ങിയത് ഡോളർ റേറ്റിലല്ല, രൂപ റേറ്റിലാണ്. അങ്ങോട്ടുമിങ്ങോട്ടും ടാലി ചെയ്യുമ്പോൾ ചിലപ്പോൾ ഒരു രൂപയുടെയോ മറ്റോ വ്യത്യാസം വരാം. പക്ഷെ ഇവിടെ ലോക്കൽ പർച്ചേസാണ് നടത്തുന്നത്. ലോക്കൽ പർച്ചേസ് ഒരിക്കലും ഡോളർ റേറ്റിൽ സാധിക്കില്ല. സതീശൻ മെമ്പർക്ക് അറിയാത്തതുകൊണ്ടാണ് അങ്ങനെ പറയുന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ കഴിഞ്ഞ അഞ്ചുവർഷത്തെ കഥ ഓർത്തിട്ട് ഔട്ട് ടേണിനെക്കുറിച്ചും മറ്റുമൊക്കെ കുറെ വർത്തമാനങ്ങൾ ഇവിടെ പറഞ്ഞു. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ഞാൻ വെല്ലുവിളിക്കുകയാണ്. എന്തെങ്കിലും ഒരു തിരിമറി ഇക്കാര്യത്തിലുണ്ടെന്ന് തെളിയിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞാൽ ഞാനെന്റെ ഈ ജോലി അവസാനിപ്പിക്കാം. ഞാൻ വെല്ലുവിളിക്കുകയാണ് ശ്രീ. വി. ഡി. സതീശൻ. .... (ബഹളം).... ഞങ്ങൾക്ക് ഒരുതരത്തിലും ഭയപ്പാടില്ല. ഞങ്ങൾക്കാർക്കും തുമ്മിയാൽ തെറിക്കുന്ന മൂക്കില്ല. നാട്ടിൽ നല്ലപോലെ അദ്ധ്വാനിച്ചാണ് കടന്നുവന്നിട്ടുള്ളത്. ....(ബഹളം).... മേനി നടിച്ചും ടി. വി. ചർച്ചകളിൽ പങ്കെടുത്തുമല്ല ഞങ്ങൾ കടന്നുവന്നിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്... ആവശ്യത്തിന് വിശദീകരണമായി. പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ ഭാഗം അങ്ങ് വിശദീകരിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി....

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തിയിട്ടുള്ള എന്നോട്, കഴിഞ്ഞകാലത്ത് എം.ഡി. നടത്തിയ കോടികളുടെ അഴിമതി അന്വേഷണത്തിലിരിക്കുമ്പോൾ ആ അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന നിങ്ങൾ ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും തുറക്കരുതെന്ന ദുഃഢലക്ഷ്യത്തോടുകൂടി അനാവശ്യമായി ഉന്നയിക്കുന്ന ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. ഞാൻ ഈ ആക്ഷേപങ്ങളെ തള്ളിക്കളയുന്നു. അനാവശ്യമാണെന്ന് മാത്രം പറയുന്നു.

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ചട്ടങ്ങൾ അനുസരിച്ച് എഴുതിക്കൊടുത്തിട്ടുള്ള ആരോപണമാണിത്. ബഹുമാന്യയായ മന്ത്രി അതിന് മറുപടിയും പറഞ്ഞു. രണ്ടുപേരും അവരവരുടെ സ്റ്റാന്റിൽ നിൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത് വിജിലൻസിനെക്കൊണ്ട് ഇത് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ എന്നാണ്.

മി. സ്പീക്കർ: പ്ലീസ്.... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങ് സംസാരിക്കു. ....(ബഹളം).... ശ്രീ. സി. കെ. നാണു... അങ്ങ് ഇരിക്കു. ധനകാര്യവും കയറും വകുപ്പുമന്ത്രി സംസാരിക്കട്ടെ. ....(ബഹളം)....

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഡ്ജറ്റിന്റെ ഡിമാന്റ് ചർച്ചകൾ ഇവിടെ അവസാനിക്കുകയാണ്. ....(ബഹളം)....

മി. സ്പീക്കർ : അങ്ങ് സംസാരിക്കു. സംസാരിക്കുന്നതിനിടയിൽ കമെന്റ് ഉണ്ടായാൽ ചെയറിന് മറുപടി പറയാൻ കഴിയില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞില്ല.

മി. സ്പീക്കർ: അങ്ങ് പറഞ്ഞത് മനസ്സിലായല്ലോ, അദ്ദേഹം വിശദീകരിക്കേണ്ടതുണ്ടെങ്കിൽ അത് ചെയ്യുമല്ലോ. ധനകാര്യ വകുപ്പുമന്ത്രി സംസാരം ആരംഭിച്ചതാണ്. മുഖ്യമന്ത്രി അവസാനം സംസാരിക്കും.

ശ്രീ. സി. കെ. നാണു: സർ,.....

മി. സ്പീക്കർ: ശ്രീ. സി. കെ. നാണു... ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചുതുടങ്ങി. അതിന് അനുവദിക്കു. ....(ബഹളം).... മുഖ്യമന്ത്രി സന്ദർഭത്തിനനുസരിച്ച് സംസാരിക്കും. പ്ലീസ്... അദ്ദേഹം സംസാരിക്കും.

ഡോ. ടി. എം. തോമസ് ഐസക് : സർ, വകുപ്പുതിരിച്ചുള്ള ഡിമാന്റ് ചർച്ചയ്ക്കുശേഷം ഇന്ന് ധനവിനിയോഗ ബിൽ സഭ പാസ്സാക്കാൻ പോവുകയാണ്. ഇത്രയും ചർച്ചകളും രേഖകളും കണ്ടിട്ടും ഇതിന്റെ പിന്നിലൊരു കാഴ്ചപ്പാടുണ്ടോ, വികസനതന്ത്രമുണ്ടോ എന്നതിനെക്കുറിച്ച് പ്രതിപക്ഷത്തിനാകെ ആശയ കുഴപ്പമാണ്. ഇന്ന് ചർച്ച ആരംഭിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഇതൊരു ലൊട്ടുലൊടുക്ക് പരിപാടിയാണ് എന്നാണ്. ശ്രീ. എം. പി. പരമേശ്വരനെയൊക്കെ ഉദ്ധരിച്ചെങ്കിലും അദ്ദേഹം ഇതിനെ വിലയിരുത്തുന്നത് ഇങ്ങനെയാണ്. പിന്നീട് സംസാരിച്ച ഏതാണ്ട് എല്ലാപേരും നവകേരളത്തെ വളരെ പരിഹാസ്യത്തോടുകൂടി വിശേഷണങ്ങൾവച്ച് തള്ളിക്കളയുകയാണ് ചെയ്തത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണെങ്കിൽ നൂറ് ദിവസത്തെ പ്രവർത്തനം കണ്ടിട്ട് എന്തെങ്കിലുമൊരു കാഴ്ചപ്പാടുണ്ടെന്ന് തോന്നുന്നില്ല എന്നുള്ള നിഗമനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. വിവിധ വകുപ്പുകൾ നടത്തുന്ന വികസന

പ്രവർത്തനങ്ങളെല്ലാം ക്രോഡീകരിച്ച് ഒരു വികസനതന്ത്ര കാഴ്ചപ്പാടോടുകൂടി മുന്നോട്ടുവച്ച ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഇത്തരത്തിൽ ഉപരിതലസ്പർശിയായി കാര്യം പറഞ്ഞുപോകുന്നത് ശരിയാണോ? ഈ പറഞ്ഞ വികസനതന്ത്രം തെറ്റാണെന്ന് നിങ്ങൾക്ക് വേണമെങ്കിൽ പറയാം. അല്ലെങ്കിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ ഇതൊക്കെ ഒരുപക്ഷെ ശരിയാണെങ്കിലും നിങ്ങൾക്ക് നടപ്പാക്കാൻ കഴിയില്ല എന്ന് പറയാം. പുതിയതായി ഒന്നുമില്ലെന്ന് പറഞ്ഞുപോയാലോ? പുതിയത് ഓരോന്നായി എടുക്കാം. ഇവിടെ അഞ്ചുവർഷം യു.ഡി.എഫ്. ഭരിച്ചപ്പോൾ, നിങ്ങൾ ബഡ്ജറ്റിനുള്ളിൽ നിന്നുകൊണ്ട് പതിനായിരം കോടി രൂപ പശ്ചാത്തല സൗകര്യങ്ങൾക്കുവേണ്ടിയും ബഡ്ജറ്റിനുപുറത്ത് അയ്യായിരം കോടി രൂപ വിഴിഞ്ഞം പദ്ധതി, ഡി.എം.ആർ.സി., തുടങ്ങിയവയ്ക്കെല്ലാംകൂടിയും മുടക്കി. ഇതാണ് റെക്കോർഡ്. ഈ അയ്യായിരം കോടി രൂപ എന്നുപറയുന്നത് ചുരുങ്ങിയത് അമ്പതിനായിരം കോടി രൂപയുടെ പണച്ചെലവായി ഉയർത്തുന്ന ഒരു സമീപനമുണ്ടായാൽ അതിലൊരു ഗുണപരമായ നേട്ടമില്ലേ? ഞാൻ പ്രഖ്യാപിക്കാൻ പോകുന്ന പരിപാടിയെക്കുറിച്ചല്ല പറയുന്നത്. അതിപ്പോൾ ലക്ഷക്കണക്കിന് കോടികൾ വന്നേക്കാം. ഹൈസ്പീഡ് റെയിൽ കോറിഡോർ - ഏത് രീതിയിൽ വേണമെന്നതിനെക്കുറിച്ച് ഞങ്ങൾ തീരുമാനമെടുത്തിട്ടില്ല. പക്ഷെ ഇത് എലിവേറ്റഡായിട്ടോ തുരങ്കമായിട്ടോ നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഒന്നര ലക്ഷം കോടി രൂപയുടെ പദ്ധതിയാകും. ഒരുപക്ഷെ അഞ്ച് വർഷംകൊണ്ടേ അതിന്റെ സ്ട്രക്ചർ തീരുകയുള്ളൂ. ഞാൻ അങ്ങനെയുള്ള ഭാവനയിലേയ്ക്ക് പോകുന്നില്ല. എന്നാൽ ബഡ്ജറ്റിന് പുറത്ത് അഞ്ചുവർഷംകൊണ്ട് അയ്യായിരം കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്തുനിന്ന് അമ്പതിനായിരം കോടി രൂപയിലേയ്ക്കുള്ള ചാട്ടമെന്നുപറയുന്നത് കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനെക്കുറിച്ചുള്ള വളരെ വ്യത്യസ്തമായിട്ടുള്ള നിലപാടാണ്.

രണ്ട്, നമ്മളെല്ലാവരും പറയുന്നതാണ് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലുള്ള രണ്ടാംതലമുറ പ്രശ്നങ്ങൾ. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ ഡി.പി.ഇ.പി. കൊണ്ടുവന്നു, പലകാര്യങ്ങളും ചെയ്തു, എന്നിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആശുപത്രികളിൽ ധാരാളം കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ രോഗികൾ കൂടുതൽ സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോവുകയാണെന്നാണ് ഓരോ സർവ്വേയും കാണിക്കുന്നത്.

65% രോഗികളും ഇന്ന് സ്വകാര്യമേഖലയെയാണ് ആശ്രയിക്കുന്നത്. എങ്ങനെ ഈ സോഷ്യൽ സെക്ടറിനെ സംരക്ഷിക്കാം? വെറും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് മാത്രമല്ല ഞങ്ങളുടെ കാഴ്ചപ്പാടിലെ പുതിയ സമീപനം, സോഷ്യൽ സെക്ടറിൽ പതിനായിരം കോടി രൂപയെങ്കിലും മുതൽമുടക്കേണ്ടിവരും. ഈ വർഷം ഡിജിറ്റൈസേഷൻ വരാൻ പോവുകയാണ്. ഇവിടെയുള്ള ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമെല്ലാം എന്താണോ വേണ്ടത്, എല്ലാ താലൂക്കാശുപത്രികളിലും കാത്ത്ലാബുകൾ നിർമ്മിക്കാൻ ഓർഡർ കൊടുത്തു കഴിഞ്ഞു. ജില്ലാ ആശുപത്രികളിൽ ലീനിയർ ആക്സിലേറ്റർ വേണോ; എന്താണ് വേണ്ടത്? ഇവിടത്തെ സ്വകാര്യ ആശുപത്രികളേക്കാൾ നല്ല ആശുപത്രിയാണ് വരാൻ പോകുന്നത്. നടക്കാവ് സ്കൂളിനെക്കുറിച്ചും വിദ്യാഭ്യാസ കാര്യത്തെക്കുറിച്ചും ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ വളരെ വിശദമായി പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ ഒരു നടക്കാവ് സ്കൂളേയുള്ളൂ. ഇനി ഒരായിരം സ്കൂളുണ്ടാകും. ഇവിടത്തെ അൺ-എയ്ഡഡ് സ്കൂളുകളിൽ കിട്ടുന്നതിനേക്കാൾ നല്ല സൗകര്യം പൊതുവിദ്യാഭ്യാസത്തിലുണ്ടാകുമെന്ന് ഉറപ്പായാൽ കുട്ടികൾ അങ്ങോട്ട് പോകില്ല. ഇത് ദിവാസ്വപ്നമായി വയ്ക്കുകയല്ല. നാല്പതിനായിരം ക്ലാസ്സ് മുറികളിൽ ആധുനിക സൗകര്യങ്ങൾ വിന്യസിക്കുന്നത് മദ്ധ്യവേനൽ അവധിക്കാലത്ത് നടപ്പാക്കാൻ പോകുന്ന കാര്യമാണ്. ഏതെങ്കിലും കാലഘട്ടത്തിൽ നമ്മുടെ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറിന് ഈ രീതിയിലുള്ള മാസ്സീവ് ഇൻവെസ്റ്റ്മെന്റിനു വേണ്ടിയുള്ള കാഴ്ചപ്പാട് ആരെങ്കിലും വച്ചിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്.

മൂന്നാമത്തേത്, എൺവയോൺമെന്റിനെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്. ഇപ്പോൾ വരൾച്ചയുടെ കാലമാണ്, നിങ്ങളുടെ വികസനപരിപാടിയിൽ എന്ത് കാഴ്ചപ്പാടാണുള്ളതെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ ചോദിച്ചു. 10-ാം തീയതി ഉദ്ഘാടനം ചെയ്യാൻ പോവുകയല്ലേ. (1) ജലസംരക്ഷണത്തിനുവേണ്ടി (2) സാനിറ്റേഷൻ - ശുചിത്വത്തിനുവേണ്ടി (3) ജൈവകൃഷി. ഇത് മൂന്നുംകൂടി സംയോജിപ്പിച്ച് കേരളത്തിലെ പാരിസ്ഥിതിക സംരക്ഷണത്തിന്, വലിയൊരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകുകയാണ്. ഞാൻ ചോദിക്കട്ടെ, ഇതിനെക്കാൾ ഒരു മിഷൻ മോഡിൽ, പ്രസംഗമല്ല, മിഷൻ മോഡെന്നുവച്ചാൽ മോണിറ്റർ ടാർജറ്റ് വച്ചിട്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്യും. ഉദ്യോഗസ്ഥരെ മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളേയും അണിനിരത്തും. ഇത് പാരിസ്ഥിതിക സന്തുലിതാവസ്ഥയെക്കുറിച്ചുള്ള ഒരു പുതിയ സങ്കല്പമാണ്. കേരളത്തിൽ ഇതിനുമുമ്പ് ഒരു വികസന കാഴ്ചപ്പാടിന്റെ ഭാഗമായി എന്തെങ്കിലുമൊരു ഇടപെടലുണ്ടായിട്ടുണ്ടോ?

നാലാമത്, ജെൻഡർ ബഡ്ജറ്റിനെക്കുറിച്ച് ഞങ്ങൾക്ക് നിലപാടുണ്ടെങ്കിലും കൂടുതൽ പരിപാടിയിലേയ്ക്ക് എത്തിയിട്ടില്ല. വികസനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം എങ്ങനെ മെയിൻസ്ട്രീം ചെയ്യപ്പെടാം എന്നത് ഒരു കാര്യപരിപാടിയായി സർക്കാർ മുന്നോട്ടുവച്ചിട്ടില്ല. ഞങ്ങളുടെ മാനിഫെസ്റ്റോയിലുള്ള ആശയങ്ങളേയുള്ളൂ. അതിലേയ്ക്ക് വരാൻ പോകുകയാണ്. അഞ്ചാമത്തേത്, ഇങ്ങനെ ഒന്നരലക്ഷം കോടി രൂപയുടെ പദ്ധതികളൊക്കെ പശ്ചാത്തല-ആധുനിക മേഖലകളിൽ നിക്ഷേപിക്കുമ്പോൾ ഈ നാട്ടിലെ പാവപ്പെട്ടവർക്ക് ഇതിനോടൊപ്പം സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയും എന്നുള്ളതാണ്. ഇപ്പോൾ 1,000 രൂപ പെൻഷൻ കൊടുത്തു. 1,000 രൂപ എന്നത് എല്ലാവർഷവും നൂറ് രൂപവച്ച് വർദ്ധിക്കുന്ന, സാർവ്വത്രിക പെൻഷൻ കൊടുക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് ഈ അനുഭവം ഞങ്ങളെ ബോധ്യപ്പെടുത്തിയിട്ടുള്ളത്. ഇതുമാത്രമല്ല, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ തൊഴിൽ മേഖലകളിൽ പാവങ്ങൾക്ക് 200 ദിവസത്തെ തൊഴിൽ നൽകും. അവരുടെ തൊഴിൽ സംരക്ഷിക്കുക, 200 ദിവസത്തെ പണി കൊടുക്കുക, പെൻഷൻ നൽകുക, അവരുടെ ആരോഗ്യസുരക്ഷ തുടങ്ങിയ കാര്യങ്ങളെല്ലാം സംയോജിപ്പിച്ച് ഒറ്റ പദ്ധതിയാക്കി മാറ്റി അത് ഡെലിവർ ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നിക്ഷേപം ആരോഗ്യ മേഖലയിൽ വരികയാണ്. എല്ലാവർക്കും വീട് എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. പാവങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി, പൊതുസംവിധാനങ്ങളുടെ സ്വഭാവം ശക്തിപ്പെടുത്തി വലിയൊരു സാമ്പത്തിക കുതിപ്പിനാവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കും. ഇതിൽ കാഴ്ചപ്പാടില്ലെന്ന് ആരാണ് പറയുന്നത്?

ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ കൃഷിക്കാരന്റെ കഥ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. കുറുക്കൻ, കോഴി, നെല്ല് ഇവ ഓരോന്നായി കർഷകന് പാലത്തിലൂടെ കടത്തണം. അത് വലിയ ബുദ്ധിമുട്ടാണ്, എന്നാലും കൃഷിക്കാരൻ അതിന് ഒരു ഉത്തരം കണ്ടുപിടിച്ചു. ഇതുപോലൊരു പ്രശ്നം ഇവിടെയുമുണ്ട്. ഞാൻ അത് സമ്മതിക്കുന്നു. ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പറഞ്ഞതാണ്. പ്രശ്നമെന്താണെന്നുവച്ചാൽ ഒന്ന്, നിക്ഷേപത്തിലൂടെ കിഫ്ബിയെ കൊണ്ടുപോകണം. കിഫ്ബി മുന്നോട്ടുപോകണമെങ്കിൽ സർക്കാരിന്റെ ധനസ്ഥിതി സന്തുലിതാവസ്ഥയിലെത്തണം. രണ്ട്, ജനങ്ങൾക്ക് ക്ഷേമം ഉറപ്പുവരുത്തണം. ഞാൻ സോഷ്യൽ സെക്യൂരിറ്റിയെക്കുറിച്ചൊക്കെ പറഞ്ഞു. അത് നേടണമെങ്കിൽ നമ്മുടെ ബഡ്ജറ്റിൽ സന്തുലിതാവസ്ഥ ആവശ്യമാണ്. കിഫ്ബി, പെൻഷൻ ഇവയെ കൊണ്ടുപോകണം, ബഡ്ജറ്റ് കമ്മി ഇല്ലാതാകണം. ഇത് മൂന്നുംകൂടി ഒരുമിച്ചുനടന്നാൽ വലിയ

ഉപകാരമാകും. മൂന്നിനേയും കക്ഷത്തിലൊതുക്കി പാലത്തിലൂടെ കടന്നുപോകാൻ വലിയ പ്രയാസമാണ്. അതുകൊണ്ട് ഞങ്ങൾ ആലോചിച്ച് തീരുമാനിച്ചത് കുറുക്കനെയും കോഴിയെയും നെല്ലിനെയും പോലെയല്ല, എല്ലാംകൂടി ഒരുമിച്ച് കൊണ്ടുപോകണമെന്നാണ്. ആദ്യം പാവങ്ങളുടെ സുരക്ഷയ്ക്കായി പ്രവർത്തിക്കണം. എല്ലാംകഴിഞ്ഞ് പാവങ്ങൾക്കുള്ളത് കൊടുക്കാം എന്ന പരിപാടി അവസാനിപ്പിച്ചു. പാവങ്ങൾക്ക് കൊടുക്കാനുള്ളത് കൊടുത്തിട്ട് ബാക്കി പിന്നത്തെ കാര്യം. അതുകൊണ്ടാണ് ഈ പ്രയാസമൊക്കെ ഉണ്ടായിട്ടും 1,000 രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത്. ആർക്കൊക്കെ രണ്ട് രൂപയുടെ സൗജന്യ അരി കിട്ടിയിരുന്നോ, അവരിൽ ഒരാൾക്കുപോലും അത് കിട്ടാത്ത സാഹചര്യമുണ്ടാകില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: അങ്ങ് ചുമതലയേറ്റ് നാല് മാസങ്ങൾക്കുള്ളിൽ പെൻഷൻ കൊടുക്കാൻ സാധിച്ചു, നല്ലകാര്യം. ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ ഖജനാവ് കാലിയായിരുന്നില്ല. ആവശ്യത്തിനുള്ള ഫണ്ട് ഖജനാവിലുണ്ടായിരുന്നു. എങ്കിലല്ലേ പെൻഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർക്കാരിലേയ്ക്ക് മാസാമാസം പണം വരും. അത് ചെലവാക്കാനുള്ള മുൻഗണന നിശ്ചയിച്ചതിൽ പാവങ്ങൾക്ക് മുൻഗണന കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചുവെന്നാണ് പറഞ്ഞത്. നിങ്ങൾ ഒന്നും മിച്ചം വച്ചില്ലെങ്കിലും എല്ലാ പെൻഷനും കുടിശ്ശികയാണെന്ന് അറിയാമെങ്കിലും അഞ്ചുവർഷം കഴിഞ്ഞല്ലേ ഇനി തെരഞ്ഞെടുപ്പുള്ളൂ, മൂന്നാം വർഷമല്ലേ ലോക്സഭാ തെരഞ്ഞെടുപ്പ് വരുകയുള്ളൂ, അന്ന് നോക്കാമെന്ന് തീരുമാനിക്കാതെ പാവങ്ങൾക്ക് ഇപ്പോൾത്തന്നെ കൊടുക്കാൻ തീരുമാനിച്ചു. അപ്പോൾ പെൻഷന്റെ പാലം കടന്നു. അതുകഴിഞ്ഞാലോ കിഫ്ബിയെ കൊണ്ടുവരും. ശരിക്കുപറഞ്ഞാൽ ബഡ്ജറ്റ് സന്തുലിതമായതിനുശേഷം വേണം ഓഫ് ബഡ്ജറ്റ് ബോറോയിംഗ് വേണ്ടത്. ഇവിടെ ബഡ്ജറ്റ് കുളമായി കിടക്കുമ്പോൾ ഇവർക്കെങ്ങനെ നിക്ഷേപം കൊടുക്കുമെന്ന് പുറത്തുള്ള ഒരു ഇൻവെസ്റ്റർ ചിന്തിക്കും. കേരള സർക്കാരിന്റെ ക്രെഡിറ്റ് റേറ്റിംഗ് - നമ്മൾ ബോണ്ടിറക്കുന്നതാണല്ലോ, കേരള സർക്കാരണല്ലോ കിഫ്ബിയുടെ ഉടമസ്ഥൻ. നമ്മൾ ഒരു റേറ്റിംഗ് കമ്പനിയുടെ മുന്നിൽപോയാൽ അവരാദ്യം നോക്കുക കമ്മി എത്രയെന്നാണ്. അപ്പോൾ അവരുടെ മുമ്പിൽ പോകാൻ സാധിക്കില്ല. സംസ്ഥാന ബഡ്ജറ്റ് സന്തുലിതമാകാനായി മൂന്നുനാലുവർഷമെടുക്കും. അത്രയ്ക്കും കുളമാണ്. അതുവരെ കാത്തുനിൽക്കാൻ നമുക്ക് സാധിക്കില്ല. ഇപ്പോൾത്തന്നെ റോഡുകളും പാലങ്ങളുമടക്കമുള്ള പശ്ചാത്തല

സൗകര്യങ്ങളിൽ നിക്ഷേപം തുടങ്ങിയാലേ അഞ്ചാം വർഷമാകുമ്പോൾ അതൊക്കെ തീർത്ത് ഉദ്ഘാടനം ചെയ്ത് പോകാൻ സാധിക്കു. കഴിഞ്ഞ തവണ 5,000 കോടി രൂപയുടെ പദ്ധതികൾ നാലാം വർഷം അവസാനിച്ചതിനാൽ ഉദ്ഘാടനമൊക്കെ ഇവരാണ് (യു.ഡി.എഫ്. ഗവണ്മെന്റ്) നടത്തിയത്. ഇനി അതുവേണ്ട, ഈ ഭരണത്തിൻകീഴിൽത്തന്നെ ഇതിന്റെ ഉദ്ഘാടനം നടക്കും. അതുകൊണ്ട് കിഫ്ബിയുമായി മുന്നോട്ടുപോകും. അങ്ങനെ മൂന്നാംവർഷമാകുമ്പോഴേയ്ക്കും ഈ കമ്മി കുറയ്ക്കാം. ജി.എസ്.ടി. വരുമ്പോൾ അതും നന്നായി പിരിക്കും. അതിന് മുൻകയ്യെടുക്കും.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, കഴിഞ്ഞ ഗവൺമെന്റ് മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ച് എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്തു. പക്ഷേ പലയിടത്തും എ.എസ്. കൊടുത്ത റോഡുകളുണ്ടായിരുന്നില്ല. അതെല്ലാം കണ്ടുപിടിച്ച് പണി ചെയ്ത് ഞങ്ങളുടെ ഗവൺമെന്റ് അതിനെല്ലാം പേമെന്റും കൊടുത്തു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത് എന്തെങ്കിലും ഇവിടെ നടക്കുമോയെന്നുള്ള ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ചോദ്യത്തിന് മറുപടി കൊടുത്തതാണ്. 5,000 കോടി രൂപയുടെ പദ്ധതികൾ നിങ്ങൾ പ്രഖ്യാപിച്ചു. എല്ലാം നടന്നു, പ്രയാസമൊക്കെയുണ്ടായിരുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നേരത്തെ ചോദിച്ച ചോദ്യത്തിന് അങ്ങുതന്നെ വളരെ കൃത്യമായി മറുപടി നൽകിയതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. അന്ന് 5,000 കോടി രൂപ കൊടുക്കാൻ എന്തുകൊണ്ടാണ് തന്റേടമുണ്ടായത്? അന്നത്തെ പ്രവണത വച്ചാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ രണ്ട് വർഷം കഴിഞ്ഞാൽ കേരളം മിച്ചസംസ്ഥാനമാകണം, മൂന്നാം വർഷം ഉറപ്പ്. മിച്ചസംസ്ഥാനമാകുമെന്ന് പറഞ്ഞാൽ അതിനർത്ഥമെന്താണ്? വായ്പയെടുക്കുന്നത് മുഴുവൻ ഇൻവെസ്റ്റ്മെന്റാ യിരിക്കണം. മൂന്നുവർഷം കഴിഞ്ഞ് 15,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് വേണമെങ്കിൽ ഇപ്പോഴേ അതിനുള്ള വർക്കുകൾ ഓർഡർ ചെയ്താൽ മാത്രമേ ബില്ലുമായി ആളുകൾ വരികയുള്ളൂ. അതല്ലെങ്കിൽ ഇങ്ങനെ 10.5 ശതമാനത്തിന് വായ്പയെടുക്കുന്ന പണം, ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളും ചെയ്യുന്നതു പോലെ ട്രഷറിയിൽ നിന്നെടുത്ത് മിച്ചംവരുന്നത് റിസർവ് ബാങ്കിൽ സെക്യൂരിറ്റിയായിടും. സഭ അറിയാൻവേണ്ടി പറയുകയാണ്, സംസ്ഥാന സർക്കാരുകളുടെ 1.5 ലക്ഷം കോടി രൂപയായിരുന്നു അന്ന് ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ സെക്യൂരിറ്റിയായി ഉണ്ടായിരുന്നത്. ഇതൊരിക്കലും കേരളത്തിൽ

വരാൻ പാടില്ല എന്ന കൃത്യമായ കാഴ്ചപ്പാടുണ്ടായതുകൊണ്ടാണ് അന്ന് 5,000 കോടി രൂപ കൊടുത്തത്. ഇതുപോലെ തന്നെയാണ് 20,000 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളത്. ഉറപ്പായും നടന്നിരിക്കും. അഞ്ചുവർഷം കഴിയുമ്പോൾ കേരളത്തിലെ മുഴുവൻ സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, അദർ ഡിസ്ട്രിക്ട് റോഡുകൾ മുഴുവനും ബി.എം. & ബി.സി. ആയിത്തീരും. ഇവിടത്തെ വ്യവസായ ഇടനാഴി, ഏറ്റെടുക്കാൻ പോകുന്ന സ്ഥലങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇവിടെ ഇരുപതിനായിരം കോടി, അമ്പതിനായിരം കോടി എന്നൊക്കെ വലിയ വലിയ പ്രഖ്യാപനങ്ങൾ നടത്തുന്നതിൽ സന്തോഷമുണ്ട്. പി.ഡബ്ല്യു.ഡി.-ക്ക് കുറച്ച് കാശ് കൊടുത്ത് റോഡ് നന്നാക്കാൻ ശ്രമിക്കണം. മനുഷ്യന് നടക്കാൻ വയ്യാത്ത സ്ഥിതിയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, കൊടുത്തോളാം. രണ്ടുദിവസം കഴിഞ്ഞാൽ കിഫ്ബിയുടെ ആദ്യത്തെ യോഗം നടക്കുകയാണ്. അതിൽ പാസ്സാക്കാൻ പോകുന്ന നാലായിരം കോടി രൂപയിൽ പകുതി പി.ഡബ്ല്യു.ഡി.-യുടേതാണ്. മേജർ ഡിസ്ട്രിക്ട് റോഡുകളും സംസ്ഥാന പാതകളും അദർ ഡിസ്ട്രിക്ട് റോഡുകളും ബി.എം. & ബി.സി. യാക്കാൻ വേണ്ടത് 50,000 കോടി രൂപയാണ്. നിങ്ങളുടെ വർത്തമാനത്തിന്റെ സ്വാരസ്യം എനിക്ക് മനസ്സിലായി.

ശ്രീ. പി. കെ. ബഷീർ : സർ, അങ്ങയുടെ കിഫ്ബി സ്വപ്നങ്ങളൊക്കെ പൂവണിയട്ടെ. എനിക്ക് ചോദിക്കാനുള്ളത് 5 കോടി രൂപയുടെയും 10 കോടി രൂപയുടെയുമൊക്കെ വർക്കുകൾ പൊതുമരാമത്ത് വകുപ്പിൽ അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പുകളിൽ ആവശ്യമായി വന്നാൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ഇടപെടുമ്പോൾ പണമില്ലെന്നുപറയും. 10 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾ കിഫ്ബി പരിഗണിക്കുമോ? കിഫ്ബിയിൽ പരിഗണിക്കുന്ന പദ്ധതികളുടെ പരിധി എത്രയാണെന്ന് അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. ഹൈബി ഈഡൻ : സർ, അതിനോടനുബന്ധിച്ചതന്നെയാണ് എന്റെ ചോദ്യവും. എറണാകുളം, അങ്ങേയ്ക്ക് അറിയാവുന്ന സ്ഥലമാണ്. ബാനർജി റോഡിന്റെ ഒരു കിലോമീറ്റർ സ്ട്രെച്ച് ഡ്രെയിനേജ്, അതിന്റെ ഫുട്പാത്തടക്കം ചെയ്യണമെങ്കിൽ ഒന്നു മുതൽ രണ്ട് കോടി രൂപ വരെയാകും. ഇത്തരം വർക്കുകൾക്ക് പി.ഡബ്ല്യു.ഡി.-യിൽ പൈസയില്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അങ്ങനെയുള്ള ഡ്രെയിനേജ് സിസ്റ്റം നന്നാക്കാനും പ്രധാനപ്പെട്ട മേജർറോഡുകൾ നവീകരിക്കാനും കിഫ്ബിയുടെ മേജർ വർക്കുകളല്ലാത്തവയ്ക്കുവേണ്ടി പി.ഡബ്ല്യു.ഡി.-ക്ക് തുക അനുവദിക്കുമോ എന്നാണ് ചോദ്യം?

ശ്രീ. എ. പി. അനിൽ കുമാർ: സർ, 4,000 കോടി രൂപയുടെ എ.എസ്. അടുത്ത യോഗത്തിൽ കൊടുക്കുമെന്നുപറഞ്ഞത് വളരെ സന്തോഷമുള്ള കാര്യമാണ്. എനിക്ക് ചോദിക്കാനുള്ളത്, 4,000 കോടി രൂപയ്ക്ക് എ.എസ്. കൊടുക്കുന്നത് ബഡ്ജറ്റിനകത്തുള്ള തുക ഉപയോഗിച്ചുകൊണ്ടാണോ? കിഫ്ബിക്ക് ഇപ്പോൾ ഇൻവെസ്റ്റ്മെന്റ് എന്തെങ്കിലും വന്നിട്ടുണ്ടോ; അതോ പ്രതീക്ഷിച്ചുകൊണ്ടുള്ള ചെലവാണോ; ഏത് രീതിയിലാണ് എ.എസ്. കൊടുക്കാൻ പോകുന്നത്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അങ്ങ് പറയുന്നത് മേജർ റോഡുകളുടെ കാര്യമാണ്. അതേസമയം കഴിഞ്ഞ പ്രാവശ്യം ചെറിയ ഗ്രാമീണ റോഡുകൾ മുഴുവൻ വൺ ടൈം സെറ്റിൽമെന്റിന്റെ പേരിൽ പരിഹരിക്കപ്പെട്ടു. ഇപ്പോൾ ആ റോഡുകളെല്ലാം നശിച്ചു. അതിന് പി.ഡബ്ല്യു.ഡി.-ക്ക് പ്രത്യേക ഫണ്ട് കൊടുക്കുമോ എന്നാണ് ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിങ്ങൾ മറന്നുപോകുന്ന കാര്യം, ഇവിടെ ഒരു ബഡ്ജറ്റുണ്ട്. ബഡ്ജറ്റിന് പകരമല്ല കിഫ്ബി. ബഡ്ജറ്റിന് പുറത്തുള്ള അഡീഷണാലിറ്റിയാണ് കിഫ്ബി. ഇവിടെ അപ്പുറത്തിരിക്കുന്നവർ പാസ്സാക്കിക്കൊണ്ടുപോയ ഒരു ബഡ്ജറ്റിനോട് കൂട്ടിച്ചേർക്കലുകൾ മാത്രമേ വരുത്തിയിട്ടുള്ളൂ. എന്തെങ്കിലും കുറച്ചിട്ടുണ്ടെങ്കിൽ ആരെങ്കിലും പറയണം. നിങ്ങൾ അവതരിപ്പിച്ച ബഡ്ജറ്റിൽനിന്നും പി.ഡബ്ല്യു.ഡി.-ക്കുള്ളത് എന്തെങ്കിലും എടുത്തു മാറ്റിയിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇക്കാര്യത്തിൽ ഒരു ക്ലാരിറ്റി വേണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ക്ലാരിറ്റിയാണ് പറയുന്നത്. ഇവിടെ ഒരു ബഡ്ജറ്റുണ്ട്. ആ ബഡ്ജറ്റ് നിങ്ങൾ തയ്യാറാക്കിയതാണ്. അതിനോടൊപ്പം 800 കോടി രൂപയുടെ സപ്ലിമെന്ററി ഇന്നലെ തന്നിട്ടുണ്ട്. അഡീഷണൽ ചെലവ് കൂട്ടിച്ചേർക്കുകയല്ലാതെ ഒരു പൈസപോലും എടുത്തുമാറ്റിയിട്ടില്ല. ബഡ്ജറ്റ് പ്രകാരം പണം ആർക്കൊക്കെയാണോ കൊടുക്കേണ്ടത്, അതൊക്കെ കൊടുക്കും. അതിലെന്ത് സംശയമാണുള്ളത്?

4,000 കോടി രൂപയുടെ വർക്കുകൾ പാസ്സാക്കുന്നതു സംബന്ധിച്ച്, കിഫ്ബിയാണോ സംസ്ഥാന സർക്കാരിന്റെ പ്രോജക്ടുകൾ പാസ്സാക്കുന്നത്? അതിന് അതിന്റെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ പ്രകാരം നടപടിക്രമങ്ങളുണ്ട്. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ എന്തൊക്കെയുണ്ടായിരുന്നോ അതുപോലെതന്നെ.

കിഫ്ബി ഒരു പുതിയ ധനകാര്യ സ്ഥാപനമാണ്. കൊച്ചി മെട്രോ റെയിൽവേയ്ക്കായി ഡി.എം.ആർ.സി.-ക്ക് നിങ്ങൾ പണംകൊടുത്തു. നിയമപ്രകാരമാണോ ടെണ്ടർ വിളിച്ചുകൊടുക്കുന്നത്? അവരുണ്ടാക്കിയ പ്രൊസീഡ്യുവർ പ്രകാരമാണ്. ഇതുപോലെ ഒരു ധനകാര്യ സ്ഥാപനമാണ്. കിഫ്ബി എന്ന ധനകാര്യ സ്ഥാപനം എങ്ങനെയാണ് പ്രോജക്ടുകൾക്ക് പണം നൽകുക എന്നത് സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കിയിട്ട് അതനുസരിച്ച് അനുവദിക്കാം.

ശ്രീ സണ്ണി ജോസഫ് : സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത്, ഉമ്മൻ ചാണ്ടി സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് പുറമേ അഡീഷണലായി കുറച്ച് വർക്കുകൂടി പുതിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയെന്നാണ്. കഴിഞ്ഞ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിൽ സ്ഥലമുള്ളതും എന്നാൽ ആസ്ഥാന മന്ദിരങ്ങൾ ഇല്ലാത്തതുമായ എല്ലാ താലൂക്ക് ഓഫീസുകൾക്കും കെട്ടിടം പണിയുന്നതിന് 25 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ചില പ്രത്യേക താലൂക്കുകൾക്ക് മാത്രമാണ് തുക അനുവദിച്ചിരിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, കാര്യം മനസ്സിലായി. 25 കോടി രൂപ ബഡ്ജറ്റ് അക്കൗണ്ട് ഹെഡ്ഡിൽ ഉണ്ടായിരുന്നത് ഒരു പൈസയും കുറച്ചിട്ടില്ല. എന്നാൽ പ്രസംഗത്തിൽ എല്ലാ താലൂക്കിലും കെട്ടിടം പണിയും എന്നാണ്. ആശുപത്രികളുടെ കാര്യം പറഞ്ഞു,എത്ര താലൂക്കാശുപത്രിയാണുള്ളത്? ഇന്ന് രാവിലെ ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നത് കേട്ടു, ഫിനാൻസ് വകുപ്പ് കണ്ടിട്ടുണ്ടോ ഓരോരുത്തർക്കും തോന്നുന്ന രീതിയിൽ ജില്ലാ ആശുപത്രി, താലൂക്കാശുപത്രിയെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നിട്ട് അതിന് പണമുണ്ടോയെന്ന്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഡ്ജറ്റിൽ പറഞ്ഞ വർക്കുകൾ അപ്രകാരം നടക്കുമെന്നാണ് പറഞ്ഞത്. ഉമ്മൻ ചാണ്ടി സർക്കാർ അവസാനം അവതരിപ്പിച്ച ബഡ്ജറ്റിലെ പണമുള്ള വർക്കിന്റെ കാര്യത്തിൽ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ രണ്ട് വർക്കുകൾ പറഞ്ഞിരുന്നു. അത് മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പക്ഷെ, ഇതുവരെ അതിനെക്കുറിച്ച് ഡി.പി.ആർ. ചോദിക്കുകയോ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ രണ്ട് കാര്യത്തിൽ വ്യക്തത വേണം.

ശ്രീ. മോൻസ് ജോസഫ്: സർ, മേജർ പ്രോജക്ടുകളെല്ലാം സ്വാഗതാർഹമാണ്. അത് മുന്നോട്ടുപോകുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ പി.ഡബ്ല്യു.ഡി.-യിൽ കൊടുത്തിരിക്കുന്ന അലോട്ട്മെന്റ് പാച്ച് വർക്കിന് മാത്രമാണ്. നല്ല റോഡുകളെല്ലാം ബി.എം. ആന്റ് ബി.സി. നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്ന അങ്ങയുടെ നിലപാട് സ്വാഗതാർഹമാണ്. പക്ഷെ, അതിന് വളരെ സമയമെടുക്കും. സീസൺ പ്രയോജനപ്പെടുത്തി റീടാറിംഗ് വർക്കുകൾക്ക് സാംങ്ഷൻ കൊടുത്തില്ലെങ്കിൽ കേരളം ഒട്ടാകെയുള്ള റോഡുകൾ തകരുന്ന സ്ഥിതിയുണ്ടാകും. അത് പരിഗണിച്ച് റോഡ് റീ ടാറിംഗ് ചെയ്യുന്നതിന് പ്രയോറിറ്റി നൽകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, താങ്കൾ പി.ഡബ്ല്യു.ഡി. മിനിസ്റ്റർ ആയിരുന്ന സമയത്ത് എങ്ങനെയാണ് വർക്കുകൾ കൊടുത്തിരുന്നത് അതുപോലെ തന്നെയാണ് ഇന്നും കൊടുക്കുന്നത്. റൂൾസ് ഓഫ് പ്രൊസീഡ്യുവറൊന്നും മാറിയിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ, എ. പി. അനിൽകുമാർ, വളരെ കൃത്യമായ, സൂക്ഷ്മതയുള്ള ചോദ്യം ചോദിച്ചു. ഈ നാലായിരം കോടി രൂപ കിഫ്ബിയിലാണോ, ബഡ്ജറ്റ് വിഹിതമാണോ, പ്രതീക്ഷിക്കുന്നതാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

മി. സ്പീക്കർ : നിങ്ങൾ ഉദ്ദേശിക്കുന്ന മറുപടിതന്നെ മന്ത്രി പറയണമെന്ന് നിർബന്ധിക്കാൻ പറ്റുമോ; മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞില്ലേ? നിങ്ങൾ ഉദ്ദേശിക്കുന്ന മറുപടി പറഞ്ഞിട്ടേ ഈ ചർച്ച അവസാനിപ്പിക്കുവെന്നുപറഞ്ഞാൽ എന്താണിത്; അങ്ങ് സംസാരിച്ച് അവസാനിപ്പിക്കണം. ഇനി ഒരു പ്രമേയംകൂടി എടുക്കാനുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. പി. ടി. തോമസ് ഇങ്ങനെ ചോദിക്കുമെന്ന് കരുതിയില്ല. സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് പ്രൊസീഡ്യുവറില്ലേ; അതുപ്രകാരമല്ലേ ചെയ്യാൻ പറ്റൂ. കിഫ്ബിയുടെ ഡയറക്ടർ ബോർഡ് ചേരുമ്പോൾ ബഡ്ജറ്റിലെ കാര്യമല്ല ചർച്ച ചെയ്യുന്നത്, മറിച്ച് ബഡ്ജറ്റിന് പുറത്ത് പ്രഖ്യാപിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മാത്രമാണ്. അക്കാര്യത്തിൽ സംശയം എന്താണ്? കമ്മി നികത്താനുള്ള പരിപാടിയില്ല, സാമ്പത്തികക്കുഴപ്പം മൂർച്ഛിക്കാൻ പോവുകയാണ് തുടങ്ങിയ കാര്യങ്ങളാണ് പ്രതിപക്ഷ നേതാവ് ഉയർത്തിയത്. നമ്മൾ നികുതി പിരിവിലേയ്ക്ക് കടന്നപ്പോഴാണ്

കഴിഞ്ഞ നാല് വർഷത്തിനിടയിൽ എത്രമാത്രം കുത്തഴിഞ്ഞുപോയതെന്ന് മനസ്സിലായത്. 12 ടാക്സസ് കമ്മീഷണർമാരുണ്ട്. ശരാശരി ആറ് മാസം മാത്രമാണ് ഒരു അസസ്സിംഗ് ഓഫീസർ ഒരു പോസ്റ്റിൽ ഇരുന്നിട്ടുള്ളത്. ജൂലൈ മാസത്തിൽ രണ്ട് ശതമാനം നികുതി മാത്രമേ വർദ്ധിച്ചിട്ടുള്ളൂവെന്ന് പറഞ്ഞത് ശരിയാണ്. കഴിഞ്ഞ വർഷവും അങ്ങനെതന്നെ. ജൂലൈ മാസത്തിലാണ് ജനറൽ ട്രാൻസ്ഫർ വരുന്നത്. അന്ന് പിരിവ് നടക്കില്ല. ആറ് മാസം കൂടുമ്പോൾ ആൾക്കാരെ മുഴുവൻ മാറ്റിക്കൊണ്ടിരുന്നാൽ എങ്ങനെയാണ് നികുതി പിരിക്കാൻ കഴിയുന്നത്? ഇതിന്റെ ഫലമായി ഉണ്ടായ കീഴ്വഴക്കങ്ങൾ മുഴുവൻ ഞാൻ പറയുന്നില്ല. അതുകൊണ്ട് ചെറിയ ഓപ്പറേഷനൊന്നും പോരാ. താഴെപ്പറയുന്ന നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്. എണ്ണിപ്പറഞ്ഞ് പോവുകയാണ് അതൊന്നും വിവരിക്കുന്നില്ല.

അപ്പീൽ കേസുകൾ മുഴുവൻ ഏകദേശം ഒന്നര വർഷം കൊണ്ട് തീർക്കണം. നാലായിരം കോടി രൂപ കെട്ടിക്കിടക്കുന്നുണ്ട്. നാല് പുതിയ അപ്പീൽ ഡി.സി.മാരുടെ പോസ്റ്റ് സൃഷ്ടിച്ച് അതിന്റെ കീഴിൽ പ്രവർത്തനം നടത്താൻ പോവുകയാണ്. ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന ഏതാണ്ട് 2,000 കോടി രൂപയുടെ കേസ്സുകൾ എത്രയുംപെട്ടെന്ന് തീർപ്പാക്കാനായി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചുകൊണ്ട് പുതിയ ടാക്സ് ബെഞ്ച് സ്ഥാപിക്കുകയാണ്. കഴിഞ്ഞ ഭരണത്തിന്റെ അവസാന കാലത്ത് അഞ്ച് വർഷം കവിഞ്ഞ് ടൈംബാറായതുമുഴുവനും ഇനി പിരിക്കാൻ പാടില്ലെന്ന് പറഞ്ഞു. അതുകൊണ്ട് എല്ലാം നിർത്തി ടൈംബാറാകാൻ പോകുന്ന മുഴുവൻ കേസ്സുകൾക്കും നോട്ടീസ് അയയ്ക്കാൻ പോവുകയാണ്. കമ്പ്യൂട്ടറൈസേഷന്റെ സോഫ്റ്റ്വെയർ രണ്ട് മാസത്തിനുള്ളിൽ പൂർണ്ണമായും പ്രവർത്തനത്തിലാകും, സ്ക്രൂട്ടിണി പൂർത്തിയാകും. അഴിമതിരഹിത വാളയാർ, മഞ്ചേശ്വരം തുടങ്ങിയവ അടുത്തമാസം പ്രവർത്തനം ആരംഭിക്കും. പുതിയ നിയമം അടുത്ത ധനകാര്യ വർഷത്തിൽ പ്രാബല്യത്തിൽവരും. ഇത്തരത്തിലുള്ള കൃത്യമായ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അതിലുപരി അടുത്ത മാസം മുതൽ 'മിഷൻ എറണാകുളം' എന്നുപറഞ്ഞ് പ്രത്യേക പദ്ധതി ആരംഭിക്കുകയാണ്. എറണാകുളത്തുനിന്നാണ് 70 ശതമാനം നികുതിയും വരുന്നത്. അവിടെ രണ്ട് ശതമാനം വർദ്ധനവേയുള്ളൂ. അതുകൊണ്ട് എറണാകുളത്ത് താമസിച്ച് നികുതി കൂടുമോ ഇല്ലയോയെന്നുള്ളതു പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ് ജി.എസ്.ടി.-യെക്കുറിച്ച് ചോദിച്ചിരുന്നു. ഈ സമയത്ത് ഞാൻ പ്രതികരിക്കുന്നില്ല. അങ്ങ് ചോദിച്ചത് പ്രധാനപ്പെട്ട ചോദ്യം തന്നെയാണ്. ഇപ്പോൾ അതുസംബന്ധിച്ച് പ്രസംഗിക്കാൻ നിന്നാൽ സഭ നീണ്ടുപോകും. അവസാനമായി ഡോ. എൻ. ജയരാജിന്റെ പ്രധാനപ്പെട്ട ഒരുപാട് നിരീക്ഷണങ്ങളുണ്ടായിരുന്നു. ധനവിനിയോഗ ബില്ലാണ്, എങ്ങനെ വിനിയോഗം നടത്തണമെന്നതിനെക്കുറിച്ചുള്ള അടിസ്ഥാന പോരായ്മകൾ ഡോ. എൻ. ജയരാജ് ചൂണ്ടിക്കാണിച്ചിരുന്നു. ലാസ്റ്റ് ക്വാർട്ടറിലേയ്ക്കാണ് ചെലവുകളെല്ലാം വരുന്നത്. അൺ റിയലിസ്റ്റിക് എസ്റ്റിമേറ്റുകൾ, ബഡ്ജറ്റിന്റെ ഇന്റഗ്രിറ്റി ഇതൊക്കെ ശരിയാണ്. അതൊക്കെ തിരുത്താൻ ശ്രമിക്കാം. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ നേരത്തെ ചില കാര്യങ്ങൾ ഉയർന്നുവന്നതുകൊണ്ടാണ് ഞാൻ ഇടപെട്ട് സംസാരിക്കുന്നത്. അല്ലെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചതോടെ അവസാനിക്കേണ്ടതേയുള്ളൂ. പ്രതിപക്ഷനേതാവ് ചില കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കണമെന്ന് പറഞ്ഞു. ഏറ്റവും വലിയ പ്രത്യേകത തോന്നിയത്, രാജ്യത്ത് വർഗ്ഗീയതയ്ക്കെതിരെ ശക്തമായി പോരാടുന്നത് കോൺഗ്രസ്സാണെന്ന് പറഞ്ഞതിലാണ്. ബഹുമാന്യനായ ഒ. രാജഗോപാൽ ഇവിടെ ഇല്ലാത്തതുകൊണ്ട് അങ്ങനെ പറയുന്നതിൽ വലിയ തെറ്റില്ലെന്നാണ് തോന്നുന്നത്. ശ്രീ. ഒ. രാജഗോപാൽ ഇവിടെ വരാൻ ഇടയായത് എങ്ങനെയാണ്? കോൺഗ്രസ്സിന്റെ ശക്തമായ മണ്ഡലത്തിൽ കോൺഗ്രസ്സിന് കെട്ടിവച്ച കാശ് നഷ്ടപ്പെടുകയാണുണ്ടായത്. അത് വർഗ്ഗീയതയ്ക്കെതിരെയുള്ള ഉറച്ച നിലപാടിന്റെ ഭാഗമായിട്ടായിരിക്കും. ഞാൻ കൂടുതൽ ഉദാഹരണങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. ഓരോ സ്ഥലത്തും ആളിങ്ങനെ മാറിമാറി പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് അങ്ങ് ചിന്തിക്കണം. അങ്ങ് ചിന്തിച്ചതുകൊണ്ടുമാത്രം കാര്യമുണ്ടോയെന്ന് അറിയില്ല. മറ്റുള്ള എല്ലാപേരുംകൂടി ചിന്തിക്കണ്ടേ; വർഗ്ഗീയതയ്ക്കെതിരെ ഉറച്ചതും വിട്ടുവീഴ്ചയില്ലാത്തതുമായ നിലപാടെടുക്കാൻ തയ്യാറാകണം. വർഗ്ഗീയതയ്ക്കെതിരെ സമരസപ്പെട്ട് പോവുകയെന്ന നിലപാട് സ്വീകരിക്കുമ്പോൾ, തങ്ങൾ വർഗ്ഗീയമല്ലെന്ന് പറയുന്നതിൽ കാര്യമില്ല. അതാണ് സംഭവിക്കുന്നതെന്ന് കാണണം.

ഇവിടെ ഉന്നയിച്ച മറ്റൊരു കാര്യം, യു.എ.പി.എ. ഉപയോഗിച്ചത് സംബന്ധിച്ചാണ്. യു.എ.പി.എ. ഉപയോഗിക്കുക എന്നത് ഇപ്പോഴത്തെ ഗവൺമെന്റിന്റെ നയമല്ല. എന്നാൽ ഇവിടെ ചില കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് എൻ.ഐ.എ. കേസ്സെടുക്കാൻ ഇടയാകുന്നുണ്ട്. എൻ.ഐ.എ. എടുക്കുന്ന കേസ്സിൽ ഐ.എസ്. ബന്ധവും മറ്റും ഉണ്ടാകുമ്പോൾ സ്വാഭാവികമായും അതിൽ യു.എ.പി.എ. വരും. ഹർഷിദ് ഖുറേഷി, റിസ്വാൻ ഖാൻ എന്നീ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവർക്ക് ഐ.എസ്. ബന്ധം കൂടിയുണ്ടായിരുന്നു. നിരോധിച്ച സംഘടനകൾ ഇവിടെ പ്രവർത്തിക്കുമ്പോൾ കേസ്സുണ്ടായാൽ അതിൽ യു.എ.പി.എ. ചുമത്തണമെന്നാണ് വ്യവസ്ഥ. അതിന്റെ ഭാഗമായിട്ടാണ് യു.എ.പി.എ വരുന്നത്. യാസിൻ മുഹമ്മദ് എന്ന 29 വയസ്സുള്ള ബീഹാറുകാരിയെ ഡൽഹി എയർപോർട്ടിൽനിന്നും കേരള പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മൻസിത് അലിയാർ, അബു ബഷീർ, മാലിക് മുഹമ്മദ്, സഫ്വാൻ, ജെറുസഫ്. എം. കെ, സുബഹാനി തുടങ്ങി ഏഴുപേരെ കനകമലയിൽനിന്ന് എൻ.ഐ.എ. അറസ്റ്റ് ചെയ്തതാണ്. അതിലും ഈ പറയുന്ന വകുപ്പുകൾ ചേർത്തിട്ടുണ്ട്. അതൊക്കെ എൻ.ഐ.എ.-യുടെ പരിപാടികളായിട്ടാണ് വരുന്നത്. പീസ് ഇന്റർനാഷണൽ സ്കൂളിൽ പഠിച്ച ചിലർ ഐ.എസ്.-ൽ ചേരുന്ന അവസ്ഥയുണ്ടായി. ഇതിന്റെ പേരിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. അതിലും സ്വാഭാവികമായി യു.എ.പി.എ. ചുമത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി എൻ.ഐ.എ.-ക്ക് കേസ് കൈമാറിയിരിക്കുകയാണ്. ഭീകര സംഘടനകളായി കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്ത സംഘടനകളിൽ ആര് ചേർന്നാലും അവർക്കെതിരെ യു.എ.പി.എ. പ്രകാരം കേസ് എടുക്കണമെന്നതാണ് നിയമ വ്യവസ്ഥ. അങ്ങനെയാണ് യു.എ.പി.എ. വന്നിട്ടുള്ളത്. സംസ്ഥാന ഗവണ്മെന്റ് ഇവിടെ ഐ.പി.സി. അനുസരിച്ചുള്ള കേസ്സുകൾ മാത്രമേ എടുക്കുന്നുള്ളൂ.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതൊക്കെ യു.എ.പി.എ. ചുമത്തി എൻ.ഐ.എ. അന്വേഷിക്കുന്ന കേസ്സുകളാണ്. ഒരു പ്രസംഗത്തിനെതിരെ കേരള പോലീസ് കേസ്സെടുത്തിട്ടുണ്ട്. അതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അത് ഞാൻ അങ്ങയ്ക്ക് എഴുതിത്തരാം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സർക്കാരിന്റെ നിലപാട് ഞാൻ വ്യക്തമാക്കി. അതിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്. എഴുതിത്തരുമ്പോൾ അതെന്താണെന്നുള്ളത് പരിശോധിക്കാം.

കേരള പോലീസിൽ തമ്മിലടിയാണെന്ന് ഈ ഗവൺമെന്റ് വരുന്നതിനുമുമ്പുവരെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. പോലീസിന്റെ കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. പോലീസ് തലപ്പത്ത് അങ്ങനെയുള്ള യാതൊരു തമ്മിലടിയും നടക്കുന്നില്ല, കൂട്ടായിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഒരു പ്രശ്നവും അവിടെ നിലനിൽക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വിദഗ്ദ്ധനാണെന്ന് പ്രതിപക്ഷ നേതാവ് സമ്മതിച്ചതിൽ സന്തോഷമുണ്ട്. അദ്ദേഹം നമ്മുടെ കൂട്ടത്തിലുള്ള നല്ലൊരു ധനകാര്യ വിദഗ്ദ്ധൻ തന്നെയാണ്. പക്ഷേ അതുവച്ച് ഗീതാ ഗോപിനാഥിനെ ചെറുതാക്കാൻ നോക്കണ്ട. ഡോ. ടി. എം. തോമസ് ഐസക്കും ഗീതാ ഗോപിനാഥും രണ്ടുപേരും രണ്ടാണെന്നുതന്നെ കാണണം. അത് അങ്ങനെതന്നെ കാണേണ്ടതായിട്ടുണ്ട്. കണ്ണൂരിൽക്കൂടി നടക്കുന്ന ഒരു സ്ത്രീയെ ഇവിടെ അഡ്വൈസറാക്കി എന്ന മട്ടിലാണ് അദ്ദേഹം പരാമർശിച്ചത്. ഡോ. ടി. എം. തോമസ് ഐസക്-നെ പോലെയുള്ള ഒരാളുള്ളപ്പോൾ എന്തിനാണ് ഗീതാ ഗോപിനാഥിനെ കൊണ്ടുവന്നതെന്നാണ് ചോദിച്ചത്. ഉപദേശം തരാൻ വേണ്ടിയാണ് അവരെ നിയമിച്ചത്. ഉപദേശം തന്നാൽ അങ്ങ് പറഞ്ഞ സാമ്പത്തിക വിദഗ്ദ്ധൻ ഡോ. ടി. എം. തോമസ് ഐസക് അടക്കമുള്ളവർ ആലോചിച്ച ശേഷമാണ് ആ ഉപദേശം വേണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. സാമ്പത്തിക വിദഗ്ദ്ധരല്ലെങ്കിലും നാടിന്റെ കാര്യത്തിൽ എന്ത് ചെയ്യണമെന്ന് ഞങ്ങൾക്കെല്ലാവർക്കും ധാരണയുണ്ട്. അതിന് വലിയ സാമ്പത്തിക വൈദഗ്ദ്ധ്യമൊന്നും ആവശ്യമില്ല. എന്നാൽ സാമ്പത്തിക വൈദഗ്ദ്ധ്യമുള്ളവരുടെ വൈദഗ്ദ്ധ്യവുംകൂടി നമുക്ക് സ്വീകരിക്കാമോയെന്ന് നോക്കും. അവർ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലല്ലേ ഉണ്ടായിരുന്നതെന്ന് ഇവിടെ ആരോ ചോദിച്ചു. അവർ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ 2005 മുതൽ 2009 വരെ അസിസ്റ്റന്റ് പ്രൊഫസറായും 2009 മുതൽ 2010 വരെ അസോസിയേറ്റ് പ്രൊഫസറായും ഉണ്ടായിരുന്നു. ഇതെല്ലാം എക്കണോമിക്സിലാണ്. പ്രൊഫസർ ഓഫ് എക്കണോമിക്സിൽ 2010 മുതൽ 2015 വരെ ഉണ്ടായിരുന്നു. 2015 മുതൽ ഇതുവരെ John Zwaanstra Professor of International Studies and Economics. ഇതാണ് അവരുടെ തസ്തികകൾ. അവരെക്കുറിച്ചുള്ള മറ്റ് സംശയങ്ങൾ അവരോടുതന്നെ ചോദിച്ചാൽ മതി. ഡോ. ടി. എം. തോമസ് ഐസക്കിനെപ്പോലെ ഒരു വിദഗ്ദ്ധനുള്ളപ്പോൾ എന്തിനാണ് ഇവരെ നിയമിച്ചതെന്ന് പ്രതിപക്ഷ നേതാവ് ചോദിച്ചതുകൊണ്ടാണ് ഞാൻ ഇതൊക്കെ വ്യക്തമാക്കിയത്. ഇത് രണ്ടും രണ്ട് തന്നെയാണെന്ന് കാണാതിരിക്കണ്ട.

ആരോപണത്തെക്കുറിച്ച് വിജിലൻസ് അന്വേഷിക്കുമോയെന്ന് ഇവിടെ ചോദിച്ചു. കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷം ആരോപണങ്ങളുടെ പെരുമഴയാണെന്ന് ഞാൻ പുറത്തുനിന്ന് കേട്ടിരുന്നു. അന്നത്തെ ഒരു കേസ്സും വിജിലൻസിന് വിടുന്നുവെന്ന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതായി കേട്ടിട്ടില്ല, അങ്ങനെയൊരു രീതി കണ്ടിട്ടില്ല. ഇവിടെ ബഹുമാന്യനായ വി. ഡി. സതീശനും ബഹുമാന്യയായ വകുപ്പുമന്ത്രിയും തമ്മിൽ പറഞ്ഞുവന്നപ്പോൾ അവസാനം ഡോളറും രൂപയും തമ്മിലുള്ള പ്രശ്നത്തിലാണെത്തിയത്. ഡോളറും രൂപയും തമ്മിലുള്ള പ്രശ്നം നോക്കിയാൽ തീരുന്നതേയുള്ളൂ. രൂപയിലാണ് വാങ്ങിയതെന്ന് മന്ത്രി പറഞ്ഞതാണ്. ലോക്കൽ പർച്ചേസാകുമ്പോൾ സ്വാഭാവികമായും അങ്ങനെയാണല്ലോ വരിക. അതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണത്തിന്റെയും ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാനും മന്ത്രിയും തമ്മിലുള്ള തർക്കം ഡോളറും രൂപയും തമ്മിലുള്ളതല്ല. കുറഞ്ഞ വിലയ്ക്ക് ടെണ്ടർ കൊടുത്തപ്പോൾ അത് റിജക്ട് ചെയ്തിട്ട് പത്ത് ദിവസം കഴിഞ്ഞപ്പോൾ കൂടിയ വിലയ്ക്ക് വാങ്ങിയത് സംബന്ധിച്ചാണ്. ഡോളറിലല്ല വാങ്ങിയതെന്ന് പറഞ്ഞു. 22-7-2016-ലെ ഗവൺമെന്റ് ഓർഡറിൽ പറഞ്ഞിരിക്കുന്നത്, Ivory Coast and the procurement price quoted by them was also USD 1689 MT for 47 lbs out turn' എന്നാണ്. ഗവൺമെന്റ് ഓർഡറിൽ ഡോളറിലാണ് ക്വാട്ട് ചെയ്തിരിക്കു ന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ട് മന്ത്രി എന്നെ പരിഹസിക്കുന്നതിനു വേണ്ടി ഡോളറിൽ അല്ലെന്ന് പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ? ജി.ഒ.-യിലാണ് പറഞ്ഞിരിക്കുന്നത്. എന്നെ പരിഹസിക്കുകയും കളിയാക്കുകയും എനിക്ക് ഉളുപ്പില്ലെന്നുമൊക്കെ പറഞ്ഞു. എനിക്ക് നല്ല മര്യാദയുള്ളതുകൊണ്ട് ഇതിനകത്തുള്ള മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോയില്ല. ഇതിന്റെ യഥാർത്ഥ കാര്യം എന്നെക്കൊണ്ട് ആവശ്യമില്ലാതെ പറയിപ്പിക്കരുത്.

3.00 P.M.]

ശ്രീ. പിണറായി വിജയൻ: സർ, എന്നോട് ചോദ്യം ചോദിച്ചിട്ട് ബന്ധപ്പെട്ട വകുപ്പുമന്ത്രിയെക്കുറിച്ചാണ് ശ്രീ. വി. ഡി. സതീശൻ പറയുന്നത്. ഇവിടെ ബഹുമാന്യയായ മന്ത്രി നേരത്തെ പറഞ്ഞ കാര്യം, ലോക്കൽ പർച്ചേസ് നടത്തിയപ്പോൾ അത് കോപ്പിറൈറ്റിലാണ് വാങ്ങിയതെന്നാണ്. ഇതാണ്

യഥാർത്ഥ വസ്തുത. അതിൽ തർക്കിക്കേണ്ട കാര്യമില്ല. അന്നത്തെ പരിപ്പിന്റെ വിലയും ഇന്നത്തെ വിലയും തമ്മിലുള്ള വ്യത്യാസം; അതിന്റെ വിശദാംശങ്ങളി ലേയ്ക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. ഇത്തരമൊരു കാര്യത്തിൽ, മുഖ്യമന്ത്രിയെന്ന നിലയിൽ പറയാനുള്ളത് വിജിലൻസ് അന്വേഷണത്തിന് വിടേണ്ട ഒരാവശ്യവുമില്ല എന്നാണ്.

ഇവിടെ വേറൊരു കാര്യംകൂടി വ്യക്തമാക്കേണ്ടതുണ്ടെന്ന് തോന്നുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ആദ്യമൊക്കെ കിഫ്ബിയുമായി ബന്ധപ്പെട്ട് ചില സംശയങ്ങൾ സ്വാഭാവികമായി ഉണ്ടാകും. ആ സംശയങ്ങൾ ദൂരീകരിക്കുന്നതിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സമയമെടുത്ത് കാര്യങ്ങൾ വിശദീകരിച്ചിരുന്നു. അന്ന് പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും സംശയമായി വരികയാണ്. കിഫ്ബിയെന്ന് പറയുന്നത്, ഇവിടെ വ്യക്തമാക്കിയതുപോലെ ഒരു സാമ്പത്തിക ഏജൻസി എന്ന നിലയിലുള്ള സ്ഥാപനമാണ്. ഒരു സാമ്പത്തിക സംവിധാനം, അത്രയേയുള്ളൂ. കിഫ്ബിയല്ല എല്ലാകാര്യങ്ങളും തീരുമാനിക്കുന്നത്. കേരള ഗവൺമെന്റുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുണ്ട്. അതിൽ നിങ്ങൾ ചില ഒളിയമ്പുകൾ എയ്യുന്നുണ്ടെന്നുള്ളത് വേറെ കാര്യം. ആ ഡിപ്പാർട്ടുമെന്റുകളെല്ലാം ഡിപ്പാർട്ടുമെന്റുകളായി തന്നെ നിലനില്ക്കുകയാണ്. കിഫ്ബി ഏതെങ്കിലും വർക്കുകൾ സ്വതന്ത്രമായി എടുക്കുകയല്ല ചെയ്യുന്നത്. അതിനുവേണ്ട പണമാണ് കിഫ്ബി കൊടുക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, കേരളത്തിന്റെ സമഗ്രമായ വികസനം, സർവ്വതല സ്പർശിയായ, സമഗ്രമായ വികസനമെന്നാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. അത് സാമൂഹികനീതിയിൽ അധിഷ്ഠിതമായതാണ്. അത്തരമൊരു വികസനം എങ്ങനെയെന്ന കാഴ്ചപ്പാട് ഞങ്ങൾ ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾത്തന്നെ മുന്നോട്ടുവച്ചിരുന്നു. ഇവിടെയിരിക്കുന്ന എല്ലാവരുടെയും കയ്യിലുള്ളത് ഞങ്ങളുടെ പ്രകടന പത്രികയാണ്. അത് നിങ്ങളുടെ കയ്യിലുമുണ്ടാകും. ഓരോരുത്തരും ഓരോ വകുപ്പും ചെയ്യേണ്ട കാര്യങ്ങൾ എങ്ങനെയെന്ന് അത് നോക്കിയാൽത്തന്നെ മനസ്സിലാകും. ഓരോ മേഖലയെക്കുറിച്ചും വിശദമായി അതിൽ പറഞ്ഞിട്ടുണ്ട്. അതിന് പണം വേണം. ആ പണം ഇന്നത്തെ ബഡ്ജറ്റിലില്ല. ബഡ്ജറ്റിനു പുറമേയുള്ള പണം വേണം. അത് കണ്ടെത്താനുള്ള ഒരു സംവിധാനമാണ് ഇവിടെ ഒരുക്കിയത്. അതിന്റെ പേരാണിത്. ആ പണം കിട്ടുമോ ഇല്ലയോ എന്നുള്ള ആശങ്ക പ്രകടിപ്പിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഞങ്ങൾ ഉറപ്പായും കാണുന്നത് ആ പണം ലഭിക്കുമെന്നു തന്നെയാണ്. നിശ്ചയിച്ചതിലും കൂടുതൽ തുക ലഭിക്കും. യാതൊരു സംശയവും വേണ്ട.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എന്റെ സംശയം, അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്, ചെലവ് ചുരുക്കൽ മുതലായ കാര്യങ്ങളില്ലെങ്കിൽ ഈ കിട്ടുന്ന പണം നിത്യനിദാന ചെലവിന് ഉപയോഗിക്കേണ്ടി വരും. പണ്ട് എ.ഡി.ബി.-യുടെ കാലത്ത് പറ്റിയതുതന്നെ ഇവിടെയും പറ്റുമെന്ന് ഫോർകാസ്റ്റ് ചെയ്യുവെന്നേയുള്ളൂ. അതിന് വിരുദ്ധമായി തെളിയിക്കുന്നതിൽ എനിക്ക് വിരോധമില്ല. എന്നാൽ എന്റെ അഭിപ്രായം അറിയിച്ചെന്നേയുള്ളൂ.

ശ്രീ. പിണറായി വിജയൻ: സർ, ആ ആശങ്ക ശരിയാണ്. കാരണം ഇന്നലെയും ചർച്ച ചെയ്ത വിഷയം അതാണല്ലോ. ഭരണ നവീകരണത്തിനുവേണ്ടി പണം എടുത്തിട്ട് അത് വേറെ വഴിക്ക് ചെലവഴിച്ചതാണ് നമ്മൾ കണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു ആശങ്കയുണ്ടാകുന്നതിൽ തെറ്റില്ല. കിഫ്ബിയുടെ കാര്യത്തിൽ ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. നിയമം തന്നെ വന്നിരിക്കുകയാണ്. ആ പണം ബഡ്ജറ്റുമായി കൂടിച്ചേരുന്നില്ല. ബഡ്ജറ്റിന്റെ ഭാഗവുമല്ല. ബഡ്ജറ്റിന്റെ ഭാഗമല്ലെങ്കിലും വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കായിട്ടാണ് വരുന്നത്. അവിടെയാണ് വ്യത്യാസം മനസ്സിലാക്കേണ്ടത്. കിഫ്ബി എന്നത് ഏതെങ്കിലും ഒരു പദ്ധതി നടപ്പാക്കുകയല്ല. വിവിധ ഡിപ്പാർട്ടുമെന്റുകൾ നടപ്പാക്കേണ്ട പദ്ധതികൾക്കുള്ള പണത്തിന് കിഫ്ബിയെ സമീപിക്കും. പണം കിഫ്ബി നൽകും ഇതാണുണ്ടാകുന്നത്. അത് ബഡ്ജറ്റുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ആക്ടിൽ അങ്ങനെയല്ല. അതിൽ പറയുന്നത് പണം ഡിപ്പാർട്ട്മെന്റുകൾക്ക് കൊടുക്കുമെന്നാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതിനാണ് SPV ഉണ്ടാകുമെന്ന് പറഞ്ഞത്. ഈ പണം ചെലവഴിക്കാൻ Special Purpose Vehicle ഉണ്ടാകുമെന്ന് പറഞ്ഞില്ലേ? ആ തരത്തിലാണ് ചെലവഴിക്കുന്നത്. അതുസംബന്ധിച്ച് ആശങ്കയുണ്ടാകേണ്ടതില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഡിപ്പാർട്ടുമെന്റുകൾ വഴി ചെലവഴിക്കേണ്ട പണം കിഫ്ബി കൊടുക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, കിഫ്ബി സമാഹരിക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ടുമെന്റുകൾവഴി ചെലവഴിക്കുകയോ ചെയ്യില്ലെന്നാണ്. ഇത് അങ്ങ് പറഞ്ഞതിന് വിരുദ്ധമല്ലേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുതന്നെയാണ് ഞാനും പറഞ്ഞത്. പറഞ്ഞാലും മനസ്സിലാകാത്തത് ഒരു വല്ലാത്ത അവസ്ഥയാണ്. ഞാൻ പറഞ്ഞത്, എന്താണോ പ്രവൃത്തി, ആ പ്രവൃത്തി തീരുമാനിക്കുന്നത് ഓരോ ഡിപ്പാർട്ടുമെന്റുമാണ്. ഡിപ്പാർട്ടുമെന്റ് തീരുമാനിക്കുന്ന പ്രവൃത്തിക്ക് പണം ബഡ്ജറ്റിൽ ഇല്ലെന്ന് വിചാരിക്കുക, എന്നാൽ കൂടുതൽ പണം ആവശ്യവുമാണ്, അതിന് കിഫ്ബി സഹായിക്കും. അത് ബഡ്ജറ്റ് വർക്കല്ല. അത് എസ്.പി.വി. സംവിധാനമുണ്ടാക്കി അതിലൂടെ നടപ്പാക്കുന്ന വർക്കായി മാറും. എന്നാലും അത് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ തന്നെയാണ് നടക്കുന്നത്. ഒരു ആശയക്കുഴപ്പവും ഇതിൽ ഉണ്ടാകേണ്ടതില്ല. കൃത്യമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ നമുക്ക് സാധിക്കും. ഇത്രയും കാര്യങ്ങളേ എനിക്ക് പറയാനുള്ളൂ. ....(ബഹളം)....

<u>മി. സ്പീക്കർ:</u> പ്ലീസ്, അദ്ദേഹം ഇരുന്നു. പ്ലീസ്.... പ്ലീസ്.... ഇനി ചർച്ചയില്ല. ....(ബഹളം).... എന്താണ്? ശ്രീ. പി. ടി. തോമസ് അങ്ങ് ഇതൊന്നും അറിയാത്ത ആളാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ത് സംസാരിക്കണമെന്ന് നമുക്ക് തീരുമാനിക്കാൻ പറ്റുമോ? അദ്ദേഹം പറയേണ്ട കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. ഇതു ശരിയല്ല.

2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു . 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.പട്ടിക ബില്ലിന്റെ ഭാഗമായി

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അങ്ങേയ്ക്ക് 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. കുഞ്ഞിരാമൻ
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. ആർ. രാമചന്ദ്രൻ
49. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
50. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
51. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. കാരാട്ട് റസാഖ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. വി. ശശി
59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. ബി. സത്യൻ
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
65. ശ്രീ. കെ. സുരേഷ് കുറുപ്പ്
66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
67. ശ്രീ. തോമസ് ചാണ്ടി
68. ഡോ. ടി. എം. തോമസ് ഐസക്
69. ശ്രീ. പി. ഉണ്ണി
70. ശ്രീമതി വീണാ ജോർജ്ജ്
71. ശ്രീ. കെ. വി. വിജയദാസ്
72. ശ്രീ. ഇ. കെ. വിജയൻ
73. ശ്രീ. പിണറായി വിജയൻ
74. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൾ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
21. ശ്രീ. മോൻസ് ജോസഫ്
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. വി. പി. സജീന്ദ്രൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. കെ. എം. ഷാജി
30. ശ്രീ. വി. എസ്. ശിവകുമാർ
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 74 |
| പ്രതികൂലിക്കുന്നവർ | - | 34 |

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

# VII ചട്ടം 130 അനുസരിച്ചുള്ള ചർച്ച

## കൊച്ചിയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും അടച്ചുപൂട്ടാനുമുള്ള നീക്കം

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മയ്ക്ക് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, "കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കപ്പൽ നിർമ്മാണശാലയുടെ ഓഹരി വിറ്റഴിച്ച് സ്വകാര്യവൽക്കരിക്കാനും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് അടച്ചുപൂട്ടുന്നതിനുമുള്ള കേന്ദ്രസർക്കാർ നീക്കംമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം " എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഇന്ത്യയുടെ തന്ത്രപ്രധാനമായ വ്യവസായ സ്ഥാപനമാണ് കൊച്ചി കപ്പൽശാല. 100 ശതമാനം കേന്ദ്ര ഓഹരിയോടെ 1975-ൽ സ്ഥാപിതമായതാണ്. കേരള ജനത എണ്ണമറ്റ പ്രക്ഷോഭ സമരങ്ങൾ നടത്തിയതിനെത്തുടർന്ന് സ്ഥാപിതമായ ഒന്നാണ് കപ്പൽശാല. നാനാ വിധത്തിലുള്ള പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് 1995 മുതൽ ഈ സ്ഥാപനം തുടർച്ചയായി ലാഭകരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. രണ്ടാം പഞ്ചവൽസര പദ്ധതിയിൽ ദക്ഷിണമേഖലയ്ക്കായി പ്രഖ്യാപിച്ചിരുന്ന കപ്പൽശാലയായിരുന്നു ഇത്. അന്തർദ്ദേശീയതലത്തിൽ കപ്പൽ നിർമ്മാണമേഖല പ്രതിസന്ധികളിൽ അകപ്പെട്ട് ഉലഞ്ഞപ്പോഴും ഉയർന്ന ലാഭക്ഷമതയോടെ തലയുയർത്തിനിന്ന സ്ഥാപനമാണ് കൊച്ചി കപ്പൽശാല എന്നകാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഇതിനകം ആർജ്ജിച്ച അംഗീകാരവും ലാഭവും പ്രശസ്തിയും ഒരു സുപ്രഭാതത്തിൽ വന്നുചേർന്നതായിരുന്നില്ല. മറിച്ച് ദശാബ്ദങ്ങളായി ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ വിയർപ്പിന്റെകൂടി ഫലമായിട്ടാണ് ഇപ്രകാരം വളർച്ച കൈവരിച്ചത്. നിലവിൽ 1,750 കോടി രൂപയുടെ നീക്കിയിരിപ്പുള്ള ഈ സ്ഥാപനത്തിലാണ് ഇന്ത്യൻ നേവി തദ്ദേശീയമായി രൂപകല്പനചെയ്ത വിമാനവാഹിനി കപ്പൽ നിർമ്മിച്ചത്. ഇതോടെ ഇപ്രകാരം ശേഷി കൈവരിച്ചിട്ടുള്ള ലോകത്തെ അഞ്ചാമത്തെ രാഷ്ട്രമായി ഇന്ത്യ മാറുകയുണ്ടായി. സാങ്കേതികത്വവും വൈദഗ്ദ്ധ്യവും അനിവാര്യമായ ഇത്തരമൊരു നിർമ്മാണം നടത്തുന്നതിൽ അസാമാന്യമായ മികവും പ്രൊഫഷണലിസവുമാണ് കൊച്ചി കപ്പൽശാല ലോകത്തിന് കാണിച്ചുകൊടുത്തത്. അതുകൊണ്ടുതന്നെ കൊച്ചി കപ്പൽശാലയുടെ 1,750 കോടി രൂപയുടെ നീക്കിയിരിപ്പിനേക്കാൾ മൂല്യം സാങ്കേതികത്വത്തിലും വൈദഗ്ദ്ധ്യത്തിലും കൈമുതലായിട്ടുണ്ട്, അതിനാവശ്യമായ ജീവനക്കാരും ഉണ്ടെന്നാണ് തെളിയിക്കുന്നത്. ലോകരാഷ്ട്രങ്ങൾക്കുമുൻപിൽ രാഷ്ട്രത്തിന്റെ സമ്പത്തായി തലയുയർത്തി നിൽക്കാൻ നമ്മളെ പ്രാപ്തമാക്കിയ ഈ

സ്ഥാപനം ഇന്ന് വിൽപ്പന ഭീഷണി നേരിടുകയാണ്. കപ്പൽശാലയുടെ വികസനാവശ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ് ഓഹരി വിൽപ്പന നടപ്പാക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നത്. ഇതിനായി അടുത്ത അഞ്ച് വർഷക്കാലയളവിലേയ്ക്ക് 2,700 കോടി രൂപയുടെ കണക്കാണ് പുറത്ത് വിട്ടിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നിലവിലെ 1,750 കോടി രൂപ കൂടാതെ ഇന്നത്തെ തോതിൽ പുതിയ കപ്പലുകളുടെ ഓർഡർ ലഭിച്ചാൽ അടുത്ത അഞ്ചുവർഷം കൊണ്ട് 1,500 കോടി രൂപയുടെ ലാഭം നേടാൻ കഴിയുമെന്ന് വ്യക്തമാണ്. അതായത് ഷെയർ വിൽക്കാതെ നിർദ്ദിഷ്ട വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ യാതൊരു തടസ്സവുമില്ലാതെ മുന്നോട്ടുപോകാൻ കഴിയും. മാത്രവുമല്ല ബോണ്ടുകൾ വഴി 500 കോടി രൂപ സമാഹരിക്കുന്നതിന് മുൻ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയിട്ടുള്ളതുമാണ്. കൊച്ചി കപ്പൽശാല എന്നത് കൊച്ചിയുടെയോ കേരളത്തിന്റെയോ മാത്രം മുഖമുദ്രയല്ല, മറിച്ച് ഓരോ ഭാരതീയ പൗരനും അവകാശപ്പെട്ട പൊതുസ്ഥാപനമാണ്. അതുകൊണ്ടുതന്നെ ഈ സ്ഥാപനം നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്നത് നമ്മുടെ നാടിന്റെ ഉത്തരവാദിത്വവും ചുമതലയുമാണ്. അതിനായി നിരവധി മാർഗ്ഗങ്ങൾ നമ്മുടെ മുന്നിലുണ്ട്. തന്ത്രപ്രധാനമായ ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ്, ഒ.എൻ.ജി.സി. പോലുള്ള പൊതുസ്ഥാപനങ്ങൾക്കാവശ്യമായ കപ്പൽ നിർമ്മാണ ഓർഡറുകളും റിപ്പയർ ഓർഡറുകളും ഇന്ത്യയിലുള്ള കപ്പൽശാലയ്ക്ക് തന്നെ നൽകണമെന്ന് നയപരമായി കേന്ദ്രഗവണ്മെന്റ് അംഗീകരിച്ചാൽ രാജ്യത്ത് വിവിധ കപ്പൽശാലയുടെ അഭിവൃദ്ധിക്കും തൊഴിലവസരങ്ങൾക്കും വൻമുന്നേറ്റമുണ്ടാകാനും പൊതു ഉടമസ്ഥതയിൽ നിലനിർത്താനുമാകും. അതുപോലെതന്നെ ലാഭത്തിന്മേലും വരുമാനത്തിന്മേലുമുള്ള നികുതികൾക്ക് പരിമിത കാലത്തേയ്ക്കെങ്കിലും അവധി നൽകുന്നതിനും മൂലധന സമാഹരണത്തെ ശക്തിപ്പെടുത്തുന്നതിനും നയപരമായ തീരുമാനം കേന്ദ്രസർക്കാർ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്. മാത്രമല്ല പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഇതിനകം സമാഹരിക്കപ്പെട്ടിട്ടുള്ള 11 ലക്ഷം കോടി രൂപയുടെ കരുതൽ ധനം ഫലപ്രദമായ രീതിയിൽ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലോകത്ത് വികസിത രാഷ്ട്രങ്ങളിൽ ബഹുഭൂരിപക്ഷം പേർക്കും അവകാശപ്പെടാൻ

കഴിയാത്തവിധം പൊതുമേഖലയിൽ ലാഭകരമായി പ്രവർത്തിച്ചുവരുന്ന കപ്പൽശാല എന്ന നിലയ്ക്ക് കൊച്ചി കപ്പൽശാലയുടെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിനെതിരെ ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ നമ്മുടെ രാജ്യം ഉണരുകയും പൊരുതുകയും ചെയ്യുകയെന്നത് കരണീയമായിട്ടുള്ളതാണ്. വാണിജ്യ താൽപ്പര്യംമാത്രം മുൻനിർത്തിക്കൊണ്ട് ലാഭക്കണ്ണുമായി ഈ മേഖലയിലേയ്ക്ക് നുഴഞ്ഞുകയറാൻ തക്കം പാർത്തുനിൽക്കുന്ന നിരവധി സ്ഥാപനങ്ങൾ കിണഞ്ഞ് പരിശ്രമിക്കുവാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. കപ്പൽനിർമ്മാണ, റിപ്പയർ രംഗങ്ങളിൽ ചുവടുറപ്പിക്കാനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ ശ്രമങ്ങളും അദാനി, അംബാനി കൂട്ടുകെട്ടിന്റെ ഷിപ്പിംഗ് വ്യവസായത്തെയും താൽപ്പര്യങ്ങളെയുമൊക്കെ ഇതോടൊപ്പം കൂട്ടിവായിക്കപ്പെടേണ്ടതാണ്. ആത്മഹത്യാപരമായ ഈ ഓഹരി വിൽപ്പനശ്രമങ്ങൾക്ക് അടിസ്ഥാനം സ്വകാര്യവൽക്കരണ നയങ്ങളാണെന്ന് നമുക്കേവർക്കുമറിയാം. കപ്പൽശാല പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ ഭൗതിക സാഹചര്യം തന്ത്രപ്രധാനമായ പ്രാധാന്യമുള്ളതാണ്. ഇന്ത്യൻ നേവിയുടെ സതേൺ നേവൽ കമാൻഡന്റ് ഓഫീസ് കൊച്ചി കപ്പൽശാലയോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ നമ്മുടെ രാഷ്ട്രത്തിന്റെ പൊതുസ്വത്ത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്തും രാജ്യസുരക്ഷ പരിഗണിച്ചും കൊച്ചി കപ്പൽശാലയുടെ 25 ശതമാനം ഓഹരികൾ വിറ്റഴിക്കാനുള്ള നീക്കത്തിൽനിന്നും പിൻമാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം സഭ ചർച്ച ചെയ്ത് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രശ്നം പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ കൊച്ചി യൂണിറ്റ് പൂട്ടാനുള്ള നീക്കത്തിൽനിന്നും കേന്ദ്രഗവൺമെന്റ് പിന്മാറണമെന്ന് സഭ ആവശ്യപ്പെടണമെന്ന വിഷയമാണ്. വളരെ പ്രാധാന്യം അർഹിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനമായ പെട്രോ കെമിക്കൽസ് യൂണിറ്റ് 1986-87-ൽ അമ്പലമുകളിൽ പ്രവർത്തനം ആരംഭിച്ചു. ഫിനോൾ, അസറ്റോൺ എന്നിവയാണ് കൊച്ചി യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്നത്. പ്രത്യക്ഷമായും പരോക്ഷമായും 1200-ഓളം പേർക്ക് തൊഴിൽ നൽകിവരുന്ന പ്രസ്തുത സ്ഥാപനം ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഈ സ്ഥാപനം അടച്ചുപൂട്ടിയാൽ കേരള ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾക്കുള്ള raw material കൊടുക്കുന്നത് ഇല്ലാതാകുകയും ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യും. ഇവിടത്തെ തൊഴിലാളികൾക്കും ജീവനക്കാർക്കും വേതനം

ലഭിച്ചിട്ട് ഒന്നേകാൽ വർഷം കഴിഞ്ഞു. ഗ്രാറ്റുവിറ്റി, പി.എഫ്. എന്നീ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ചുരുക്കം ചില വർഷങ്ങൾ ഒഴികെ അമ്പലമുകൾ യൂണിറ്റ് ലാഭക്ഷമതയിലാണ് പ്രവർത്തിച്ചുവരുന്നത്. മഹാരാഷ്ട്ര യൂണിറ്റിന്റെ ഭീമമായ നഷ്ടം പേറേണ്ടിവന്നതിനെത്തുടർന്നാണ് കൊച്ചി യൂണിറ്റ് പ്രതിസന്ധിയിലാകുകയും ബി.ഐ.എഫ്.ആർ.-ലേക്ക് റഫർ ചെയ്യുകയും ചെയ്തത്. മഹാരാഷ്ട്രയിലെ നഷ്ടം കൊച്ചി യൂണിറ്റിന്റെ അക്കൗണ്ടിലേയ്ക്ക് ചേർക്കുന്നതിന്റെ ഫലമായിട്ടാണ് കൊച്ചി യൂണിറ്റ് ഈ പ്രതിസന്ധിയിലേയ്ക്ക് വരുന്നത്. എച്ച്.ഒ.സി.-യെ പുനരുദ്ധരിക്കണമെന്ന് ആവശ്യപ്പെട്ട് ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു., എ.ഐ.റ്റി.യു.സി. എന്നീ സംഘടനകൾ ഒറ്റക്കെട്ടായി അവിടെ സമരം ചെയ്യുകയും കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുകയും ചെയ്തിരുന്നു. അതിന്റെ പുനരുദ്ധാരണം ആവശ്യപ്പെട്ട് നടത്തിവന്ന പ്രക്ഷോഭത്തെത്തുടർന്ന് 2016 മാർച്ച് 3-ന് പ്രധാനമന്ത്രിയുടെ ഓഫീസിൽ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ 840 കോടി രൂപയുടെ പാക്കേജിന് അംഗീകാരം നൽകിയെങ്കിലും ഇപ്പോൾ അത് പരിഗണിക്കാതിരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഒരു പ്രത്യേക ഘട്ടത്തിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിൽനിന്നും കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ് പിന്മാറി. ഇത് പ്രതിസന്ധി ഏറ്റവും രൂക്ഷമാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രശ്നത്തിൽ ഇടപെട്ട് എച്ച്.ഒ.സി.-യുടെയും കൊച്ചിൻ റിഫൈനറിയുടെയും മാനേജ്മെന്റുകളുമായി സംസാരിച്ച് ഏകദേശ ധാരണയിൽ എത്തിയെങ്കിലും ഇതിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്താമെന്ന് കേന്ദ്രം ഉറപ്പുനൽകിയതിനുശേഷവും അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൊച്ചി ബി.പി.സി.-യിൽനിന്നും അസംസ്കൃത വസ്തുക്കൾ അടിയന്തരമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താനും എച്ച്.ഒ.സി.എൽ.-ന്റെ 840 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജിന് അടിയന്തരമായി അംഗീകാരം നൽകുന്നതിനും എച്ച്.ഒ.സി.എൽ. അടച്ചുപൂട്ടാനുള്ള നീക്കത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്നും ഈയവസരത്തിൽ ആവശ്യപ്പെടുകയാണ്.

ശ്രീ. ഹൈബി ഈഡൻ : സർ, ബഹുമാന്യനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തോട് പരിപൂർണ്ണമായി യോജിക്കുകയാണ്. കേരളത്തിന്റെ യശസ്സുയർത്തിയിട്ടുള്ള, ഇന്ത്യയുടെ അഭിമാനമായി മാറിയിട്ടുള്ള കൊച്ചിൻ ഷിപ്പ് യാർഡിന്റെ 25 ശതമാനം ഓഹരി വിൽപ്പന നടത്തുന്നതിനെതിരെ ഈ സഭ

ഒരുമിച്ച് വികാരം പ്രകടിപ്പിക്കുകയാണ്. 1972-ൽ ഇന്ദിരാ ഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന കാലയളവിൽ തറക്കല്ലിടുകയും ബാങ്ക് ദേശസാൽക്കരണം പോലെതന്നെ വലിയ പ്രാധാന്യം കൊടുത്തുകൊണ്ട്, ഇന്ത്യയുടെ റൂറൽ ഏരിയകളുടെ ഡെവലപ്മെന്റിനെ മുൻനിർത്തി സതേൺ റീജിയണും നോർത്ത് ഈസ്റ്റേൺ റീജിയണും തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഈ ഷിപ്പ് യാർഡ് നിലവിൽ വന്നത്. 1995 മുതൽ ഒരു പ്രോഫിറ്റ് മേക്കിംഗ് ഇൻഡസ്ട്രിയായി ഇത് മുന്നോട്ടുപോകുകയാണ്. ഇവിടെ ശ്രീ. എസ്. ശർമ്മ സൂചിപ്പിച്ചതുപോലെ, ഇന്ന് 1,750 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ സ്വകാര്യവൽക്കരണത്തിലേയ്ക്കുള്ള ചുവടുവയ്പായി ഈ ഓഹരിവിൽപ്പനയെ കാണുകയാണ്. വളരെ സ്ട്രാറ്റജിക്കൽ ഇംപോർട്ടൻസുള്ള സതേൺ നേവൽ കമാൻഡന്റ് ഓഫീസ്, കൊച്ചിൻ പോർട്ട്, എൽ.എൻ.ജി. ടെർമിനലടക്കമുള്ള പ്രദേശം, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ പൈപ്പ് ലൈൻ കൂടി കടന്നുപോകുന്ന ഈ സ്ഥലം സംരക്ഷിക്കപ്പെടേണ്ടതാണ്. ഇന്ത്യയുടെ വളരെ പ്രധാനപ്പെട്ട ഒരു റീജിയണായി, ഇവിടെ സൂചിപ്പിച്ചതുപോലെ രാജ്യത്തിന്റെ സുരക്ഷയെ ബാധിക്കുന്ന ഒരു വിഷയമായി ഇതിനെ കണക്കാക്കേണ്ടിയിരിക്കുന്നു. കൊച്ചിൻ ഷിപ്പ് യാർഡ് തുടങ്ങിയതിൽ ഒരു വലിയ സമൂഹത്തിന്റെ ത്യാഗത്തിന്റെ കഥയുണ്ട്. കൊച്ചിയിൽ നിരവധി ആളുകൾ സ്ഥലം വിട്ടുകൊടുത്ത, ഗവൺമെന്റ് സ്ഥാപനങ്ങൾ മാത്രമല്ല, ധാരാളം സ്വകാര്യവ്യക്തികളുടെ ഭൂമികൾ, അതുപോലെ വറവുകാട് കുരിശുപള്ളിയും അതിനോടുചേർന്ന സെമിത്തേരിയും ദിവസങ്ങളും മാസങ്ങളും മാത്രം പ്രായമുള്ള കൊച്ചുകുട്ടികളുടെ മൃതദേഹം വരെ ആ കല്ലറയിൽനിന്നും നീക്കംചെയ്ത ത്യാഗത്തിന്റെ കഥ കൊച്ചിക്കാർ ഇന്നും മറന്നിട്ടില്ല. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയെ സമ്പുഷ്ടിപ്പെടുത്തുന്ന ഈ സമൂഹം നൽകിയിട്ടുള്ള പിന്തുണ നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു. കൊച്ചിൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ രണ്ട് റോറോ ജംഗാർ സർവ്വീസുകൾ മേയ് മാസത്തിൽ പുറത്തിറങ്ങുകയാണ്. ഇന്ത്യക്ക് അഭിമാനം പകർന്നിട്ടുള്ള ഐ.എൻ.എസ്. വിക്രാന്ത് 2013-ൽ പുറത്തിറക്കാൻ സാധിച്ചു. ഇന്ത്യയുടെ ആദ്യത്തെ എയർക്രാഫ്റ്റ് കാരിയറാണത്. ഇവിടെ സൂചിപ്പിച്ചതുപോലെ, തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്ന വിമാനവാഹിനിക്കപ്പലുകളുടെ ഘടകത്തിലേക്ക്, ഇന്ത്യയും ആ പട്ടികയിൽ ഇടം നേടിയിരിക്കുകയാണ്. 2015 ഡിസംബർ 10-ലെ എക്കണോമിക് ടൈംസിൽ " The Cabinet Committee on Economic Affairs (CCEA) chaired by Prime Minister Shri. Narendra Modi,

had approved the stake sale in Cochin Shipyard Limited, the country's largest ship-building facility under government's control." ശ്രീ. എ. ബി. വാജ്പേയി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുന്ന കാലയളവിൽ ഡിസ്ഇൻവെസ്റ്റ്മെന്റിനുവേണ്ടി ഒരു മന്ത്രിയെത്തന്നെ, ശ്രീ അരുൺ ഷൂരിയെ നിയമിച്ചുകൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. അതുതന്നെയാണ് സ്വകാര്യമേഖലയെ കേന്ദ്ര ഗവൺമെന്റ് സഹായിക്കുന്നുണ്ടെന്നുള്ളതിന്റെ വലിയ തെളിവ്. ഇവിടെ സൂചിപ്പിച്ചതുപോലെ റിലയൻസിനെയും അംബാനിയെയും സഹായിക്കുന്ന തരത്തിലേയ്ക്ക് ഗവണ്മന്റ് നീങ്ങുകയാണ്. 25 ശതമാനം ഓഹരി വിൽക്കണമെന്ന് പറയുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. 1960-ൽ 80 ഏക്കർ ഭൂമി അക്വയർ ചെയ്തതിന്റെ പട്ടയം മുൻ ഗവൺമെന്റിന്റെ കാലത്ത്, ശ്രീ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലയളവിലാണ് പതിച്ചുനൽകിയത്. അതിൽ കൃത്യമായി പറഞ്ഞിരിക്കുന്നത് ഷിപ്പ് യാർഡിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി മാത്രമേ ഈ ഭൂമി ഉപയോഗിക്കാൻ കഴിയൂ എന്നാണ്. പ്രൊഫഷണലി ക്വാളിഫൈഡായ, ധാരാളം ജീവനക്കാരുള്ള, സാങ്കേതിക മികവുള്ള ഈ സ്ഥാപനത്തെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമങ്ങളെ അതിശക്തമായി എതിർക്കേണ്ടതുണ്ട്. ഇവിടെ ഇന്ത്യൻ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും എസ്.സി.ഐ.-യുടെയും (ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ) ഒ.എൻ.ജി.സി.-യുടെയും സഹായമുണ്ടെങ്കിൽ ഈ സ്ഥാപനത്തിന് വളരെയധികം മുന്നോട്ടു പോകാൻ സാധിക്കും. ഇവിടെ ട്രേഡ് യൂണിയനുകളെല്ലാം ഒരുമിച്ച് സമരത്തിലാണ്, റിലേ സമരമാണ്. അവർ മുന്നോട്ടുവയ്ക്കുന്ന ചില നിർദ്ദേശങ്ങളുണ്ട്. അവ പരിഗണിക്കപ്പെടേണ്ടതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ബോണ്ട് വിൽപ്പന യു.പി.എ. ഗവൺമെന്റ് അംഗീകരിച്ച ഒരു കാര്യമാണ്. 1,750 കോടി രൂപയുടെ വരവ് തന്നെ ഒരു സ്റ്റെഡിയായ ഗ്രോത്താണ്, കൊച്ചിൻ ഷിപ്പ് യാർഡിന്റെ 44-ാം ആന്വൽ റിപ്പോർട്ടിന്റെ ഫിനാഷ്യൽ ഹൈലൈറ്റ്സിൽ പറയുന്നത് 2011-12 turnover in crores 1,404.85 കോടി രൂപ. അത് 2015-16 ആകുമ്പോൾ 1,995.89 കോടി രൂപയാകും, profit before tax 2011-12-ൽ 252.97 ആണെങ്കിൽ 2015-16-ൽ 424.8 ആണ്. അതുകൊണ്ടുതന്നെ കൃത്യമായി സ്റ്റെഡി ഗ്രോത്തുള്ള ഈ സ്ഥാപനത്തിന്റെ സംരക്ഷണം നമ്മൾ ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ഒറ്റക്കെട്ടായി തീരുമാനമെടുക്കണമെന്ന് ഈ അവസരത്തിൽ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

കേന്ദ്ര ഗവൺമെന്റിന്റെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ HOCL-ന് അടിയന്തര സഹായം നൽകണം. അവിടത്തെ ജീവനക്കാർക്ക് ശമ്പളംപോലും ലഭിക്കാത്ത സാഹചര്യത്തിൽ അത് സംരക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഏറ്റവും പ്രധാനമായും ബി.പി.സി.എൽ.-ൽ നിന്നും ലഭിക്കേണ്ട റാ-മെറ്റീരിയൽസാണ്. അത് മുന്നോട്ടുകൊണ്ടുപോകുന്നതിന് ഏറ്റവും അടിയന്തരമായി വേണ്ടത് അസംസ്കൃത വസ്തുക്കളാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു പാക്കേജ് പരിഗണനയിലുണ്ട്. ആ പാക്കേജ് അംഗീകരിച്ചുകൊണ്ട് ഇത് സംരക്ഷിക്കപ്പെടണം. ഈ പ്രമേയത്തോട് പരിപൂർണ്ണമായി യോജിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ശ്രീ. എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച പ്രമേയം കേരള ജനതയുടെ ഹൃദയവികാരത്തിന്റെ പ്രതിഫലനമാണ്. കപ്പൽ നിർമ്മാണശാല എന്നുപറയുന്നത് കേരളത്തിന്റെ ഒരു സ്വപ്നപദ്ധതിയായിരുന്നു. അതിന്റെ ചരിത്രം പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ന് കേന്ദ്രഗവൺമെന്റ് പൊതുമേഖലാസ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതും വിറ്റുതുലയ്ക്കുന്നതും അവരുടെ നയമായി പ്രഖ്യാപിച്ചിരിക്കുകയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്ന് അവർ പറയുന്ന 26 പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടാനും 32 എണ്ണത്തിന്റെ ഓഹരി വിൽപ്പന നടത്തി സ്വകാര്യവൽക്കരിക്കാനും നീതി ആയോഗ് നിർദ്ദേശിച്ചിരിക്കുകയാണ്. നീതി ആയോഗ്-ന്റെ വൈസ് ചെയർമാൻ ശ്രീ. അർവിന്ദ് പനഗരിയയും സി.ഇ.ഒ. ശ്രീ. അമിതാഭ് കാന്തും അടങ്ങിയ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ ഇത് വ്യക്തമാക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് കൊച്ചി കപ്പൽ നിർമ്മാണശാല കൊണ്ടുവരുന്നതിനുവേണ്ടി നടത്തിയ സുദീർഘമായ ഒരു പോരാട്ടമുണ്ട്. 1967-ൽ ഇ.എം.എസ്. മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് 170 ഏക്കർ ഭൂമി കൊച്ചി കപ്പൽ നിർമ്മാണശാലയ്ക്കുവേണ്ടി അക്വയർ ചെയ്യുന്നത്. അതിനുശേഷം സഖാവ് എ.കെ.ജി.-യുടെ നേതൃത്വത്തിൽ കപ്പൽനിർമ്മാണശാല ആരംഭിക്കുന്നതിനുവേണ്ടി സംഘടിതമായ പോരാട്ടം നടക്കുകയുണ്ടായി. കേരള ജനത ആ പോരാട്ടത്തിനൊപ്പം നിൽക്കുകയാണ് ചെയ്തത്. അതിനെത്തുടർന്നാണ് ഇവിടെ കപ്പൽ നിർമ്മാണശാല ആരംഭിക്കുന്നത്. കപ്പൽ നിർമ്മാണശാലയാകട്ടെ ഇന്ത്യയുടെ അഭിമാനമായി നിൽക്കുകയാണ്; CSL has many records like, building the largest ship in the country: the only yard in the country to build high class warships: the only yard where INS Viraat of Indian Navy

can be derived of. ഒട്ടേറെ പ്രശസ്തമായ കപ്പലുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വേദിയായ കൊച്ചി കപ്പൽനിർമ്മാണശാലയെ കേവലം ഒരു സ്ഥാപനമായി മാത്രം കാണാൻ കഴിയില്ല. 1,500 കോടി രൂപയുടെ റിസർവ് ഫണ്ട് ഈ സ്ഥാപനത്തിനുണ്ട്. ഈ സ്ഥാപനം ഏതെങ്കിലും തരത്തിൽ നഷ്ടമുണ്ടാക്കുന്നതാണെന്ന് പറയാൻ സാധിക്കില്ല. ആഗോളവൽക്കരണത്തിന്റെ ഉപാസകർ ഈ നയങ്ങൾ അടിച്ചേൽപ്പിക്കുമ്പോൾ, നമ്മുടെ നാടിന്റെ അഭിമാനമായിട്ടുള്ള, ഒട്ടേറെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള, ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്ന ഒരു സ്ഥാപനത്തെ തച്ചുടയ്ക്കുന്നത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല. രാജ്യത്തിന്റെ പൊതു ഉടമസ്ഥതയിലുള്ള നവരത്ന സ്ഥാപനങ്ങളുൾപ്പെടെ സ്വകാര്യമേഖലയ്ക്ക് അടിയറവുവയ്ക്കുന്നത് ഏത് ദേശീയബോധത്തിന്റെ അടിസ്ഥാനത്തിലാണെന്ന് കേന്ദ്രസർക്കാരിനെ നയിക്കുന്ന സംഘ്പരിവാറും സ്വദേശി ജാഗരൺമഞ്ചും പൊതുജനങ്ങളോട് പറയാൻ ബാദ്ധ്യസ്ഥരാണ്. പ്രധാനമന്ത്രിയും കൂട്ടാളികളും എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്, തങ്ങളാണ് ദേശീയതയുടെ യഥാർത്ഥ വക്താക്കളെന്നാണ്. ലക്ഷക്കണക്കിന് കോടി രൂപ ഓരോ വർഷവും രാജ്യത്തിന്റെ ഖജനാവിലേയ്ക്ക് ലാഭമായി അടയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം കോർപ്പറേറ്റുകളുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നതാണോ ദേശീയത എന്ന് വ്യക്തമാക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. വലിയ പോരാട്ടങ്ങളുടെയും സമരങ്ങളുടെയുമൊക്കെ ഭാഗമായാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യയുടെ അഭിമാനസ്തംഭങ്ങളായി ഉയർന്നത്. നമ്മുടെ രാജ്യത്തിന്റെ ചരിത്രം അതാണ്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളി ലേയ്ക്കൊന്നും പോകുന്നില്ല. സ്വാതന്ത്ര്യത്തിനുശേഷം വ്യവസായങ്ങളുടെ അടിത്തറയായ ഉരുക്ക് നിർമ്മിക്കുന്നതിനുവേണ്ടി ആദ്യമായി ശ്രമിച്ചപ്പോൾ, ഭിലായ് ഉരുക്ക് നിർമ്മാണ ശാലയുടെ നിർമ്മാണം രാജ്യത്തിന്റെ പ്രധാന ചരിത്രമായി മാറുന്നത് അന്ന് ആഗോളതലത്തിൽ ലഭിച്ച സഹായങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ബ്രിട്ടനിലും ഫ്രാൻസിലും പോയി സഹായമഭ്യർത്ഥിച്ചെങ്കിലും സാങ്കേതിക/ സാമ്പത്തിക സഹായം നൽകാൻ അവർ തയ്യാറായില്ല. എന്നാൽ സോവിയറ്റ് യൂണിയനാണ് അതിനാവശ്യമായ എല്ലാ സഹായങ്ങളും നൽകിയത്. ഇന്ന് ഭിലായ് ഉരുക്ക് നിർമ്മാണശാല രാജ്യത്തിന്റെ അഭിമാനസ്തംഭമായി നിൽക്കുകയാണ്. മലയാളിയായ എം. കെ. കെ. നായർ ഈ സ്ഥാപനത്തിന്റെ നിർമ്മാണവുമായി

ബന്ധപ്പെട്ടുണ്ടായ കാര്യങ്ങൾ വളരെ മനോഹരമായി അദ്ദേഹത്തിന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. ആ തരത്തിൽ നമ്മുടെ രാജ്യത്തിന്റെ അഭിമാനമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ യാതൊരു വിവേചനവുമില്ലാതെ വിറ്റുതുലയ്ക്കുന്നത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇവിടെ നേരത്തെ ശ്രീ. എസ്. ശർമ്മയും ശ്രീ. ഹൈബി ഈഡനും ചൂണ്ടിക്കാണിച്ചത് വസ്തുതാപരമായ കാര്യങ്ങളാണ്. കൊച്ചി കപ്പൽനിർമ്മാണശാല തന്ത്രപ്രധാനമായ ഒരു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. എല്ലാതരത്തിലുമുള്ള സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരും സംവിധാനങ്ങളും അവിടെയുണ്ട്. എന്നിട്ടും എന്തിനാണ് അവിടത്തെ 25 ശതമാനം ഓഹരി വിറ്റുതുലയ്ക്കാൻ ശ്രമിക്കുന്നതെന്ന് ഇനിയും വിശദീകരിച്ചിട്ടില്ല.

ഈ പ്രമേയത്തിൽ ചൂണ്ടിക്കാണിക്കുന്ന മറ്റൊന്ന് രാജ്യത്തെ പ്രമുഖ രാസവസ്തു ഉത്പാദകരായ HOCL-ന്റെ കാര്യമാണ്. HOCI-ന്റെ കേരളത്തിലെ യൂണിറ്റ് ലാഭകരമായിരുന്നു. മഹാരാഷ്ട്രയിലെ യൂണിറ്റ് നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇവിടത്തെ ലാഭം അവിടെ കൊണ്ടുപോയി ചെലവഴിക്കുകയും ഇവിടെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല. കൊച്ചി കപ്പൽനിർമ്മാണശാല, തുറമുഖം അതുപോലെ നന്നായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, നവരത്ന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വലിയ തോതിലുള്ള ഫണ്ട് നമ്മുടെ ഖജനാവിലേയ്ക്ക് വരുമ്പോൾ അതിനെ പിന്തുണയ്ക്കാനാണ് കേന്ദ്ര ഗവൺമെന്റ് തയ്യാറാകേണ്ടത്. പക്ഷേ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും ഗവൺമെന്റിന്റെയും നേതൃത്വത്തിലുള്ള നീതി ആയോഗുമൊക്കെ ശ്രമിക്കുന്നത് ഈ സ്ഥാപനങ്ങളെ എങ്ങനെ വിറ്റ് ഓഹരി സ്വകാര്യവ്യക്തികൾക്ക് കൊടുത്ത് അവരെ തൃപ്തിപ്പെടുത്താമെന്നാണ്. സന്തുഷ്ടരാകേണ്ടത് അദാനിയും അംബാനിയുമല്ല. ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളാണ്. ശ്രീ. നരേന്ദ്ര മോദിയുടെ പാർട്ടിക്കുവേണ്ടി സിന്ദാബാദ് വിളിക്കുന്ന, അദ്ദേഹത്തിന്റെ ഗവൺമെന്റിനെ കൊണ്ടുവരാൻ വേണ്ടി പ്രവർത്തിച്ച ആളുകളുടെ താൽപ്പര്യംപോലും തകർക്കുന്ന വിധത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാനുള്ള ശ്രമത്തെ ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയില്ല. രാഷ്ട്രീയത്തിനതീതമായ ഐക്യത്തിലൂടെയാണ് കേരള ജനതയ്ക്ക് കൊച്ചി കപ്പൽ നിർമ്മാണശാല നേടിയെടുക്കാൻ കഴിഞ്ഞത്. നിരവധി പോരാട്ടങ്ങളിലൂടെയാണ് അതിന്റെ പ്രവർത്തനമാരംഭിച്ചത്. ആ സന്ദർഭത്തിൽ ഇത്തരത്തിൽ സംസ്ഥാന

നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം കൊണ്ടുവരാൻ തീരുമാനിച്ചത് എന്തുകൊണ്ടും ഉചിതമായി. മുമ്പൊക്കെ കേരളത്തിലുണ്ടായിരുന്ന ഒരാക്ഷേപം ഏത് സ്ഥാപനം തുടങ്ങിയാലും കൊടിപിടിക്കുന്നുവെന്നാണ്. കേരളത്തിൽ ഏതെങ്കിലുമൊരു സ്ഥാപനം തൊഴിലാളികളുടെ സമരംകാരണം അടച്ചുപൂട്ടുന്ന സ്ഥിതിയില്ല. ഇന്ന് തൊഴിലാളി സംഘടനകളും തൊഴിലാളികളും സ്ഥാപനങ്ങളെ നിലനിർത്താൻ പരമാവധി സേവനങ്ങൾ ചെയ്യാൻ തയ്യാറാണ്. ഒറ്റപ്പെട്ട കാര്യങ്ങളില്ല എന്നല്ല. പക്ഷേ പൊതുവായി ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ- സി.ഐ.ടി.യു, എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി. എന്നിവയിലേതാണെങ്കിലും ഈ ഒരു പൊതുകാഴ്ചപ്പാട് കാണുന്നുണ്ട്. അതുകൊണ്ട് തൊഴിലാളികളുടെ അനാവശ്യമായിട്ടുള്ള സമരങ്ങൾ കാരണമാണ് സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതെന്ന് ആർക്കും പറയാൻ കഴിയില്ല. അതുപോലെ തന്നെ തൊഴിലാളികൾ സേവനം ചെയ്യാത്തതുകൊണ്ടാണ് സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതെന്നും പറയാൻ പറ്റില്ല. കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെന്ന് മുമ്പ് സ്ഥിരമായി പറയുമായിരുന്നു. തൊഴിലാളികളുടെ മേലാണ് കുറ്റം മുഴുവൻ ആക്ഷേപിക്കുന്നത്. ബസ് നിർത്തില്ല, ജനങ്ങളോട് മോശമായി പെരുമാറും എന്നൊക്കെ പറയുമായിരുന്നു. പക്ഷേ ഇന്ന് അങ്ങനെയല്ല. ഇന്ന് കെ.എസ്.ആർ.ടി.സി. ബസ് നിർത്തി ആളുകളെ വിളിച്ചുകയറ്റുന്ന സ്ഥിതി യുണ്ടായിരിക്കുന്നു. ആ തരത്തിൽ തൊഴിലാളികളുടെ പൊതുബോധത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ഇനിയും മാറ്റം വരേണ്ട ഘടകങ്ങളുണ്ടാകാം. ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾപോലും കയ്യൊഴിഞ്ഞുകൊണ്ട്, അതിന്റെ ലാഭം തങ്ങളുടെ ഇഷ്ടക്കാർക്ക് ലഭിക്കണമെന്ന രീതിയാണ് കാണുന്നത്. നമ്മുടെ ഖജനാവിലേയ്ക്ക് വരുന്ന കോടിക്കണക്കിന് രൂപ, അതിന്റെ കണക്കെല്ലാം ഇവിടെയുണ്ട്. ഓരോ വർഷവും ഇന്ത്യയുടെ നവരത്ന സ്ഥാപനങ്ങൾ ഉൾപ്പെടെ ലാഭത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ എത്ര കോടി രൂപയാണ് നമ്മുടെ ഖജനാവിലേയ്ക്ക് നൽകുന്നത്. അതല്ലേ കേന്ദ്ര സർക്കാർ കാണേണ്ടത്; ലാഭത്തിലുള്ള ഈ സ്ഥാപനങ്ങളെ സ്വകാര്യവ്യക്തികൾക്ക് കൊടുക്കാനുള്ള താൽപ്പര്യം അവർക്കാണ്. കൊച്ചി കപ്പൽനിർമ്മാണശാലയ്ക്ക് തുല്യമായ ഒരു സ്ഥാപനം ഇന്ത്യയിലില്ല. അതിന്റെ ഓഹരി എടുക്കുക, അതിൽ പങ്കാളിത്തം വഹിക്കുക, അതിന്റെ നേതൃത്വതലങ്ങളിലേക്ക് വരിക, ലാഭം കൊണ്ടുപോകുക എന്ന സ്വകാര്യ മുതലാളിമാരുടെ താൽപ്പര്യത്തിന് വിധേയമായി ലാഭത്തിലുള്ള സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്നത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല. കേരള ജനതയുടെ മനസ്സ് ഒന്നാകെ ഈ പ്രമേയത്തിനൊപ്പം

ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, കൊച്ചിയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഷിപ്പ്‌യാർഡിന്റെ ഓഹരി വിറ്റഴിക്കാനും എച്ച്. ഒ. സി. എൽ. അടച്ചുപൂട്ടാനുമുള്ള നീക്കത്തിനെതിരെ ബഹുമാനപ്പെട്ട എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുന്നു.

ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു നയത്തിന്റെ പ്രശ്നമാണ്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലയുടെ പണംകൊണ്ട് കോർപ്പറേറ്റുകളെ രക്ഷിക്കുകയാണ്. മോഡേൺ ബ്രഡ് മുതൽ ഹോട്ടലുകൾവരെ സ്വകാര്യവൽക്കരണത്തിന്റെ മറവിൽ തുച്ഛവിലയ്ക്ക് വിറ്റുനശിപ്പിച്ച കേന്ദ്രസർക്കാർ നടപടി ജനങ്ങളാരും മറന്നിട്ടില്ല. വാജ്പേയി സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളെ വിൽക്കാൻ പ്രത്യേക വകുപ്പു തന്നെയുണ്ടാക്കി. ഇവിടെ ശ്രീ. ഹൈബി ഈഡൻ പറഞ്ഞതുപോലെ അതിന് ശ്രീ. അരുൺ ഷൂരിയെ പ്രത്യേകമായി നിയോഗിക്കുകയുണ്ടായി. മൻമോഹൻ സിംഗ് സർക്കാരും ശക്തമായ സ്വകാര്യവൽക്കരണത്തിന്റെ പാതയാണ് പിന്തുടർന്നത്. ഈ രണ്ടുകൂട്ടരും പിൻവാങ്ങിയതിനുശേഷം അവരെ പിന്നിലാക്കി കൊണ്ടാണ് 'മേയ്ക്ക് ഇൻ ഇൻഡ്യ' മുദ്രാവാക്യവുമായി ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ രംഗപ്രവേശം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനും സ്വകാര്യവൽക്കരിക്കാനും അടച്ചുപൂട്ടാനുമുള്ള നിർദ്ദേശം ബഡ്ജറ്റ് പ്രസംഗത്തിലാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്‌ലി പ്രഖ്യാപിച്ചത്. ഇത് നടപ്പിലാക്കാനുള്ള നിർദ്ദേശം സമർപ്പിക്കാൻ നീതി ആയോഗ്-നെ ചുമതലപ്പെടുത്തുകയാണുണ്ടായത്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെ മൂന്ന് മേഖലകളായി തിരിച്ചിരിക്കുകയാണ്. തന്ത്രപരമായി വിൽപ്പന നടത്തേണ്ടവ, ഓഹരി വിൽപ്പന നടത്തി സ്വകാര്യവൽക്കരിക്കേണ്ടവ, അടച്ചുപൂട്ടേണ്ടവ എന്നിവയാണത്. നീതി ആയോഗ് നിർദ്ദേശങ്ങൾ നടപ്പിലായാൽ 26 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടപ്പെടുന്നത്. 32 എണ്ണം സ്വകാര്യവൽക്കരിക്കപ്പെടാൻ പോവുകയാണ്. ശ്രീ. നരേന്ദ്ര മോദി വന്നതിനുശേഷം പൊതുമേഖലാ ഓഹരികൾ വിറ്റഴിക്കുന്ന കാര്യത്തിൽ തീവ്ര നിലപാടാണ് സ്വീകരിക്കുന്നത്. ഏകദേശം 53,000 കോടി രൂപയുടെ പൊതുമേഖലാ ഓഹരി ഇതിനകം വിറ്റഴിച്ചു. ലോകമാകെ സാമ്പത്തിക പ്രതിസന്ധിയിൽ തകർന്നടിഞ്ഞപ്പോൾ രാജ്യം പിടിച്ചുനിന്നത് തന്ത്രപ്രധാനമായ

പൊതുമേഖലയിലെ പിൻബലം കൊണ്ടുമാത്രമാണ്. ഈ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കാനുള്ള തീരുമാനം രാജ്യതാൽപ്പര്യത്തിന് വിരുദ്ധമാണ്. നീതി ആയോഗ്-ന്റെ നിർദ്ദേശങ്ങൾ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് കേരളത്തെ ആയിരിക്കും. പുതിയ നിർദ്ദേശങ്ങളുടെ ഭാഗമായി FACT സ്വകാര്യവൽക്കരിക്കപ്പെടുകയും HMT അടച്ചുപൂട്ടുകയും ചെയ്താൽ കേരളം കടുത്ത പ്രതിസന്ധിയിലാകും. ലാഭത്തിലുള്ള ഷിപ്പ്‌യാർഡ് ഓഹരി വിറ്റഴിക്കാനും HOCL അടച്ചുപൂട്ടാനുമുള്ള തീരുമാനം ഇതിനോട് ചേർത്തുവായിക്കാൻ നമുക്ക് കഴിയണം. ലോകത്തിലെ ഏറ്റവും വലിയ കൽക്കരി കമ്പനിയാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കോൾ ഇന്ത്യാ ലിമിറ്റഡ്. രാജ്യത്തിന്റെ കൽക്കരി ലഭ്യതയുടെ 80 ശതമാനത്തിലധികം നിയന്ത്രിക്കുന്നത് ഈ സ്ഥാപനമാണ്. ഇതിന്റെ ഓഹരി കേന്ദ്രസർക്കാർ വിറ്റഴിച്ചു. മഹാരത്ന അംഗീകാരമുള്ള കമ്പനികൾ പൊതുമേഖലയിൽ ഏഴെണ്ണമാണുള്ളത്. എണ്ണ, പ്രകൃതിവാതകം എന്നിവയുടെ ഖനന-വിപണന രംഗങ്ങളിൽ ആധിപത്യമുള്ള ONGC-യാണ് കേന്ദ്ര ഗവണ്മെന്റിന്റെ കച്ചവടക്കണ്ണിൽപ്പെട്ട മറ്റൊരു സ്ഥാപനം. ക്രൂഡ് ഓയിലിന്റെ സംസ്കരണവും വിപണനവും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്ന സ്ഥാപനമാണ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. 7,019 കോടി രൂപയാണ് കഴിഞ്ഞ വർഷത്തെ ആ സ്ഥാപനത്തിന്റെ ലാഭം. അതുപോലെ ജലവൈദ്യുതോല്പാദന രംഗത്തെ മെച്ചപ്പെട്ട സ്ഥാപനമാണ് NHPC [National Hydroelectric Power Corporation Limited (India)]. വൈദ്യുതി ഉൽപ്പാദന-വിതരണ രംഗത്ത് സ്ഥാപനങ്ങളുടെ ധനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊ ടുക്കാനായി പ്രവർത്തിക്കുന്ന പവർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷം 21,500 കോടി രൂപയുടെ വരുമാനവും 5,400 കോടി രൂപയ്ക്ക് മുകളിൽ ലാഭവുമുണ്ടാക്കിയിട്ടുള്ള ഒരു സ്ഥാപനമാണ്. ഇതെല്ലാമാണ് ഇവരുടെ അടുത്ത ഇര. വിശാഖപട്ടണം കേന്ദ്രമായി പ്രവർത്തിക്കുന്ന Rashtriya Ispat Nigam Ltd-ന്റെ ഓഹരിമൂലധനത്തിന്റെ 10 ശതമാനം ഇതിനകം വിറ്റുകഴിഞ്ഞു. യു.പി. സർക്കാരിന് 25 ശതമാനവും കേന്ദ്രസർക്കാരിന് 75 ശതമാനവും ഓഹരി പങ്കാളിത്തമുള്ള യു.പി.-യിലെ തെഹ്‌രി ഹൈഡ്രോ ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, അതുപോലെ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് എന്നിങ്ങനെ മഹാരത്ന അംഗീകാരമുള്ളതും വൻ ലാഭമുണ്ടാക്കുന്നതുമായ പൊതുമേഖലാസ്ഥാപനങ്ങളാണ് സെയിലിന് വച്ചിരിക്കുന്നത്. തുറമുഖങ്ങളും കടലും കോർപ്പറേറ്റ് കമ്പനികൾ വിദേശ

കുത്തകകൾക്ക് അടിയറവ് വച്ചിരിക്കുന്ന സ്ഥിതിവിശേഷമാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. ഓഹരികൾ സാധാരണക്കാരായ നിക്ഷേപകർക്ക് വച്ചുനീട്ടുന്നുവെന്നാണ് നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഭാഷ്യം. 2 ലക്ഷം രൂപവരെ നിക്ഷേപിക്കാൻ കഴിയുന്നവരെ റീട്ടെയിൽ നിക്ഷേപകരായി കണക്കാക്കുമെന്നും പറയുന്നു. എന്നാൽ ലേലത്തിൽ വയ്ക്കുന്ന ഓഹരികളുടെ 20 ശതമാനം മാത്രമാണ് ഇത്തരക്കാർക്ക് കിട്ടുന്നത്. ഇതുതന്നെ കുത്തക സ്വകാര്യ കമ്പനികളുടെ ബിനാമികൾ കാലേക്കൂട്ടി കയ്യടക്കിയിട്ടുണ്ടാകും. തന്ത്രപ്രധാന ഓഹരി വിൽപ്പനയുടെ പേരിൽ 22 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ സേലം, ദുർഗ്ഗാപൂർ, ഭദ്രാവതി ശാലകൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ അനുബന്ധ സ്ഥാപനങ്ങൾ, ഹെലികോപ്റ്റർ കോർപ്പറേഷൻ ഓഫ് ഇന്ത്യ, സിമന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹെവി എഞ്ചിനീയറിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, സെൻട്രൽ ഇലക്ട്രോണിക്സ് ലിമിറ്റഡ് തുടങ്ങിയ കമ്പനികളെല്ലാം സ്വകാര്യവൽക്കരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ 117 പൊതുമേഖലാ സ്ഥാപനങ്ങളിൽ 77 എണ്ണവും വൻ നഷ്ടത്തിലാണെന്ന കാര്യവും ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ റിപ്പോർട്ട് ഇതാണ് വ്യക്തമാക്കുന്നത്. സ്റ്റേറ്റ് പബ്ലിക് സെക്ടർ ആന്റ് ഓട്ടോണമസ് ബോഡീസ് ഓഫീസേഴ്സ് ഫെഡറേഷൻ (SPATO) തയ്യാറാക്കിയ ഒരു പ്രത്യേക റിപ്പോർട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടം 2,030 കോടി രൂപയായി വർദ്ധിച്ചു. മുൻ വർഷത്തെക്കാൾ മൂന്ന് ഇരട്ടിയോളമായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അഞ്ച് വർഷത്തെ ഭരണം കഴിഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റ് പടിയിറങ്ങുമ്പോൾ നമ്മുടെ സംസ്ഥാനത്തെ അവസ്ഥയെന്തായിരുന്നു? 96 പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി നഷ്ടം 645.96 കോടി രൂപയായിരുന്നു. ഇതേ സ്ഥാനത്ത് 2010-2011-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഭരണം പൂർത്തിയായപ്പോൾ ശരാശരി ലാഭം 292.45 കോടി രൂപയായിരുന്നു. അടച്ചുപൂട്ടലിലേയ്ക്കും കടക്കെണിയിലേയ്ക്കും തൊഴിൽ നഷ്ടത്തിലേയ്ക്കുമാണ് കേരളത്തെ യു.ഡി.എഫ്. സർക്കാർ നയിച്ചത്. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്. സർക്കാർ പൂട്ടിയവ ഒന്നൊന്നായി തുറന്ന് പ്രവർത്തിപ്പിച്ച് കടക്കെണിയിൽനിന്ന് കരകയറ്റി തൊഴിൽ ഉറപ്പുവരുത്തി ലാഭത്തിലേയ്ക്ക് കൈപിടിച്ചുയർത്താൻ കഴിഞ്ഞു. കേരളത്തിലാണെങ്കിൽ

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പുതിയ കേന്ദ്ര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ ധൈര്യപ്പെട്ടിരുന്നില്ലായെന്ന് ഞങ്ങളാരും പറയുന്നതല്ല. 2013-ൽ കാസർഗോഡ് വച്ച് മുൻ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട എ. കെ. ആന്റണി പ്രതിരോധ വകുപ്പിന്റെ ബ്രഹ്മോസ് തുടർപദ്ധതികളുടെ ഉദ്ഘാടന വേദിയിൽ ഒരു പ്രസംഗം നടത്തുകയുണ്ടായി. വലതുഭാഗത്ത് ഇന്നത്തെ നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഇടതുഭാഗത്ത് കേരളത്തിന്റെ മുൻ വ്യവസായവകുപ്പുമന്ത്രി യായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും ഉണ്ടായിരുന്നു. ഇരുവരെയും ഇരുത്തിക്കൊണ്ട് ശ്രീ. എ. കെ. ആന്റണി പറഞ്ഞു, യു.ഡി.എഫ്. ഭരണത്തിൽ കേരളത്തിൽ പുതിയ കേന്ദ്ര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ ധൈര്യമില്ലെന്ന്, എന്നിട്ട് ശ്രീ. എ. കെ. ആന്റണി പ്രസംഗം തുടരുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ വ്യവസായ സംരംഭങ്ങൾക്ക് കലവറയില്ലാതെ പിന്തുണ നൽകിയെന്നും ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിലേറി ഒന്നര വർഷം കഴിഞ്ഞിട്ടും അത്തരമൊരു അന്തരീക്ഷം കേരളത്തിൽ കാണുന്നില്ലെന്നുമാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. 2006-2011 കാലഘട്ടത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനും വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എളമരം കരീമും മുൻകയ്യെടുത്ത് നിരവധി പദ്ധതികൾക്ക് തുടക്കംകുറിച്ചുവെന്നും ശ്രീ. എ. കെ. ആന്റണി ആ വേദിയിൽവച്ച് പ്രഖ്യാപിക്കുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വ്യവസായ നയങ്ങൾക്കും പ്രവർത്തനങ്ങൾക്കും അംഗീകാരത്തിന്റെ സാക്ഷ്യപത്രത്തിനുള്ള മേലൊപ്പായാണ് കേരളീയ സമൂഹം ഈ പ്രതികരണത്തെ കാണുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കാനെടുത്ത ധീരമായ നിലപാടുകളുണ്ട്. ധനപരമായ പുനഃസംഘടന, വാങ്ങൽ നയത്തിലെ പരിഷ്കാരം, പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയോജനം, മാനേജ്മെന്റിലെ പൊളിച്ചെഴുത്ത്, തുടർച്ചയായ മോണിറ്ററിംഗ്, അഴിമതി ഒഴിവാക്കാനുള്ള സുതാര്യ നടപടികൾ തുടങ്ങിയ തരത്തിലാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഇടപെടലുകൾ. ഈ പാക്കേജാണ് കേരളത്തിലെ പൊതുമേഖല പുനരുദ്ധരിക്കാൻ സഹായിച്ചത്. കേരളത്തിലെ പൊതുമേഖല ലാഭത്തിൽ പ്രവർത്തിപ്പിക്കുകയും അതിന്റെ ലാഭംകൊണ്ട് പുതിയ പൊതുമേഖലാ

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ്. ആ അനുഭവ സമ്പത്തിന്റെ അടിത്തറയിൽനിന്നുകൊണ്ട് വരുംവർഷങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ സ്വന്തം ലാഭത്തിൽനിന്നും വിപുലീകരണത്തിനുള്ള മൂലധനം സ്വായത്തമാക്കാൻ പൊതുമേഖലയെ പ്രാപ്തമാക്കാനുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചിരിക്കുകയാണ്. എല്ലാ അർത്ഥത്തിലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രദ്ധേയമായ രീതിയിലുള്ള ഇടപെടലുകൾക്കാണ് നേതൃത്വം കൊടുക്കാൻ പോകുന്നത്. കേന്ദ്ര ഗവൺമെന്റ് ഏറ്റവും ഒടുവിൽ ബാങ്ക്സ് ബോർഡ് ബ്യൂറോ എന്ന ഒരു പദ്ധതി മുന്നോട്ടുവച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയുന്ന അധിക പണം (ഇൻവെസ്റ്റബിൾ സർപ്ലസ്) അവരുടെ കൈവശമുണ്ട്. യഥാർത്ഥത്തിൽ പൊതുമേഖലയുടെ വികസനം സർക്കാർ ഉപേക്ഷിച്ചതുമൂലമാണ് ഈ റിസർവ് പണം ഉണ്ടായതെന്ന കാര്യം വേറെയാണ്. അംബാനിയെപ്പോലുള്ളവർ വിൽക്കാൻ വച്ചിരിക്കുന്ന ആസ്തികൾ പൊതുമേഖലാ ബാങ്കുകൾ വാങ്ങണമെന്നാണ് ബാങ്ക്സ് ബോർഡ് ബ്യൂറോ പുതുതായി നിർദ്ദേശിച്ചിരിക്കുന്നത്. ഈ തുകകൊണ്ട് വായ്പ തിരിച്ചടച്ചാൽ ബാങ്കിന്റെ കിട്ടാക്കടം കുറയുമെന്നാണ് കണക്കാക്കപ്പെടുന്നത്. സ്വകാര്യ കോർപ്പറേറ്റുകളെ രക്ഷപ്പെടുത്താനുള്ള നിലപാടാണ് അതുവഴി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പരിഷ്കാരത്തിന്റെ ഒന്നാംഘട്ടത്തിൽ വിലപിടിപ്പുള്ള ആസ്തി കുറഞ്ഞവിലയ്ക്ക് കൈമാറി കോർപ്പറേറ്റുകളെ സഹായിച്ചവർ ഇപ്പോൾ കോർപ്പറേറ്റുകളുടെ വിൽക്കാചരക്കുകൾ പൊതുമേഖലയെക്കൊണ്ടെടുപ്പിച്ച് അവരെ സഹായിക്കുന്ന നിലപാടിലേയ്ക്കാണ് പോകുന്നത്. ചില പ്രമാണിമാർ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ആസ്തികളുടെ കണക്ക് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനിൽ അംബാനി 60,000 കോടി രൂപയുടെയും ഗൗതം അദാനി 6,000 കോടി രൂപയുടെയും മനോജ് ഗൗർ 24,000 കോടി രൂപയുടെയും എൽ. എം. റാവു 25,000 കോടി രൂപയുടെയും ആസ്തികൾ വിൽപ്പനയ്ക്ക് വച്ചിട്ടുള്ള കണക്കാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇരുമ്പയിര് പോലുള്ള അസംസ്കൃത വസ്തുക്കൾ ഖനികളിൽനിന്ന് വൻതോതിൽ കയറ്റി അയയ്ക്കുകയും പശ്ചാത്തല വികസനത്തിനായി ലക്ഷക്കണക്കിന് കോടി രൂപയുടെ വായ്പ പൊതുമേഖലാ ബാങ്കുകളിൽനിന്ന് കോർപ്പറേറ്റുകൾക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവ കിട്ടാക്കടമായി മാറിയിരിക്കുകയാണ്. കിട്ടാക്കടം വസൂലാക്കാൻ

മാർഗ്ഗമില്ലാത്തതിനാൽ അതിനുള്ള വഴിയും കേന്ദ്രസർക്കാർ കോർപ്പറേറ്റുകൾക്ക് പൊതുമേഖലയുടെ ചെലവിൽ ഒരുക്കിക്കൊടുക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നിലപാടുകൾക്കെതിരെ, പൊതുമേഖലയോട് കാണിക്കുന്ന നിഷേധാത്മക നിലപാടിനെതിരെ കേരളം കക്ഷി രാഷ്ട്രീയത്തിനും എല്ലാ ചിന്തകൾക്കുമതീതമായി ശക്തമായി ഒന്നിച്ച് പ്രതികരിക്കാനും ഐക്യത്തോടെ മുന്നോട്ടുപോകാനും കഴിയണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. വളരെ പ്രസക്തവും അനിവാര്യവുമായി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച ഈ ഉപക്ഷേപം വളരെ പ്രധാനപ്പെട്ട ഒന്നായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കേരളത്തിന്റെ പൊതുവായ വികാരമാണ് ഇവിടെ പ്രകടിപ്പിക്കപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടൽ ഭീഷണിയിലേയ്ക്ക് മാറുന്നുവെന്ന ഒരു വലിയ യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. അതിനെതിരെ ശക്തമായ ജനകീയരോഷം ഉയർന്നുവന്നിട്ടുണ്ട്. ഒത്തൊരുമ യോടെയുള്ള വികാരം ഈ സഭ അതിനെതിരെ പ്രകടിപ്പിക്കുകയാണ്. കൊച്ചിയിലെ ഷിപ്പ്‌യാർഡ് ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ്. അത് നമ്മുടെ നാടിന് മാത്രമല്ല ഇന്ത്യയ്ക്കുതന്നെ അഭിമാനമായ ഒന്നാണ്. വിമാനവാഹിനി കപ്പൽ ഉൾപ്പെടെ നിർമ്മിച്ച് ലോകത്തിലെതന്നെ തെരഞ്ഞെടുക്കപ്പെട്ട കപ്പൽനിർമ്മാണ ശാലകളിലൊന്നായി അത് മാറുകയുണ്ടായി. 1,750 കോടി രൂപയുടെ നീക്കിയിരുപ്പുള്ള ആ സ്ഥാപനത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളാണ് ജോലിചെയ്യുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള ഒരു സമീപനം കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി വന്നുകൊണ്ടിരിക്കുകയാണ്. ഷെയർ വിൽക്കാതെ തന്നെ അതിനെ പൂർണ്ണമായും ലാഭത്തിലാക്കാനുള്ള അനവധി സാധ്യതകൾ നമ്മുടെ മുമ്പിലുള്ളപ്പോഴാണ് ഷിപ്പ്‌യാർഡിനെ പ്രൈവറ്റൈസ് ചെയ്യാനുള്ള നടപടിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് നീങ്ങുന്നത്. അത്തരത്തിലുള്ള സമീപനങ്ങൾ തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. ഇതിനോട് ചേർത്തുതന്നെ എച്ച്.ഒ.സി.എൽ.-ന്റെ വിഷയവും ഇവിടെ സൂചിപ്പിക്കപ്പെട്ടു. എച്ച്.ഒ.സി.എൽ.-ന്റെ പ്രവർത്തനം ലാഭത്തിലാക്കാൻ കഴിഞ്ഞുവെന്നത് ഉദാഹരണസഹിതം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ബി.പി.സി.എൽ.-ൽനിന്നും റാ-മെറ്റീരിയൽസ് ലഭ്യമാക്കി അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയപ്പോൾ ഒരുകോടി രൂപയ്ക്ക്

മുകളിൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് വസ്തുതയാണ്. ഇതിൽനിന്ന് കിട്ടിയ ലാഭം അതിന്റെ മാതൃസ്ഥാപനമായ മഹാരാഷ്ട്രയിലേയ്ക്ക് മാറ്റി. അത് പ്രതിസന്ധിക്ക് കാരണമായി. കേരള സർക്കാർ തീർച്ചയായും ഇടപെടുന്നുണ്ട്. സർക്കാർ ഇടപെട്ടു കൊണ്ട് റാ-മെറ്റീരിയൽസ് ബി.പി.സി.എൽ.-ൽനിന്ന് ലഭ്യമാക്കുന്ന സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും അതിനെ കൂടുതൽ ലാഭകരമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഈ രണ്ട് സ്ഥാപനങ്ങളിൽ ഒന്ന് ലാഭകരമായി പ്രവർത്തിക്കുന്നതാണ്. എച്ച്.ഒ.സി.എൽ.-നെ ലാഭകരമാക്കി മാറ്റാൻകഴിയുന്ന സാഹചര്യമുണ്ട്. ഈ സന്ദർഭങ്ങളിൽ കേന്ദ്രസർക്കാരിന്റെ സമീപനം തികച്ചും തെറ്റാണ്. അതിനെതിരെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. എന്തായാലും ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഉപക്ഷേപം അതിന്റെ എല്ലാ പ്രാധാന്യത്തോടെ ഉൾക്കൊണ്ടുതന്നെ ഞാനതിനെ പിന്താങ്ങുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്.

കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ഇന്ന് വളരെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കപ്പൽ നിർമ്മാണ ശാലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യം ദുരിതപൂർണ്ണമായി ക്കൊണ്ടിരിക്കുകയാണ്. അനേകായിരം തൊഴിലാളികൾക്ക് തൊഴിൽ കൊടുത്തിരുന്ന ഈ മഹത്തായ സ്ഥാപനത്തിൽ ബോധപൂർവ്വമായ ഇടപെടലുകളാണ് കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിയിട്ടുള്ളത്. ബി.ജെ.പി. സർക്കാർ നമ്മുടെ രാജ്യത്ത് എന്നൊക്കെ അധികാരത്തിൽ വന്നിട്ടുണ്ടോ അന്നെല്ലാം വിറ്റഴിക്കലാണ് നടത്തിയിരുന്നത്. അക്കാര്യത്തിൽ കോൺഗ്രസ് സർക്കാരും പിന്നിലല്ല. മുംബൈ വിമാനത്താവളത്തോട് ചേർന്നുകിടന്ന ഏകദേശം 100 കോടി രൂപ വിലവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Saint Rose Hotel വെറും 42 കോടി രൂപയ്ക്കാണ് വിറ്റഴിച്ചത്. ബഹുമാന്യനായ ശ്രീ. ഹൈബി ഈഡൻ എം.എൽ.എ. സൂചിപ്പിച്ചതുപോലെ അടൽ ബിഹാരി വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങളുടെ കടയ്ക്കൽ കത്തി വയ്ക്കുന്നതിനുവേണ്ടി, അവ വിറ്റഴിക്കുന്നതിനായി ഒരു മന്ത്രിതന്നെ ഉണ്ടായിരുന്നു. നാടിനുതന്നെ ആപത്തായി, രാജ്യത്തിനുതന്നെ നാണക്കേടായാണ് ശ്രീ. അരുൺ ഷൂരി അന്ന് പ്രവർത്തിച്ചിരുന്നത്. തിരുവനന്തപുരം കോവളത്തുള്ള അശോക ഹോട്ടൽ, അതിനോട് ചേർന്നുകിടന്ന 100 ഏക്കർ ഭൂമി ഇതെല്ലാം അവർ വിറ്റഴിച്ചു,

ഒരു സ്വകാര്യ മുതലാളിക്കാണ് കൈമാറിയത്. സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വികസന താൽപര്യങ്ങൾ മുന്നിൽകണ്ട് പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ പൊൻമുട്ടയിടുന്ന താറാവുകളാണ്. സംസ്ഥാനത്തിന്റേയും കേന്ദ്രത്തിന്റേയും ഖജനാവുകളിലേക്ക് ധാരാളം വരുമാനം ഉണ്ടാക്കിത്തരുന്ന ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സ്വാധീനം ചെലുത്തണം. സർവ്വകക്ഷി സംഘംതന്നെ പോകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പരിരക്ഷാ പാക്കേജ് ഉണ്ടാക്കണം. അതുണ്ടെങ്കിൽ മാത്രമേ ഇവയെയെല്ലാം നിലനിർത്തിക്കൊണ്ട് പോകാൻ സാധിക്കുകയുള്ളൂ. FACT, Cochin Shipyard, IRE, HOC ഇവയെല്ലാം പൂട്ടാൻ പോവുകയാണ്. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ ലാഭകരമായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ IRE, സംസ്ഥാന വ്യവസായ വകുപ്പ് നേതൃത്വം കൊടുക്കുന്ന KMML എന്നീ സ്ഥാപനങ്ങൾ ഓരോവർഷവും കോടിക്കണക്കിന് രൂപയാണ് സംസ്ഥാന ഖജനാവിലേയ്ക്ക് എത്തിക്കുന്നത്. അവയുടെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. ഞാൻ KMML-ലെ ഒരു മേജർ യൂണിയന്റെ നിലവിലെ ട്രേഡ് യൂണിയൻ പ്രസിഡന്റാണ്. അതുകൊണ്ട് എനിക്ക് കാര്യങ്ങൾ നന്നായറിയാം. KMML, IRE എന്നിവ അന്ധകാരത്തിലേയ്ക്ക് പോകുകയാണ്. IRE ആരംഭിക്കുമ്പോൾ 1551 ജീവനക്കാർ അവിടെ പണിയെടുത്തിരുന്നു. ഇപ്പോൾ വെറും 250 തൊഴിലാളികൾ മാത്രമാണുള്ളത്. നീണ്ടകര മുതൽ ആലപ്പുഴ-ആറാട്ടുപുഴ വരെയുള്ള തീരദേശ മേഖലയിൽ കാണുന്ന കരിമണൽ, പ്രകൃതി കനിഞ്ഞുനൽകിയ ധാതുസമ്പത്താണ്. അത് ഏറ്റവും കൂടുതലുള്ളത് കൊല്ലം ജില്ലയിലെ നീണ്ടകരയിലും ആറാട്ടുപുഴയിലുമാണ്. ലോകത്തൊരിടത്തും കാണാത്ത ധാതുലവണങ്ങളാണ് അതിലടങ്ങിയിരിക്കുന്നത്. മോണോസൈറ്റ്, ഇൽമനൈറ്റ്, റൂട്ടൈൽ എന്നീ അസംസ്കൃത പദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്ന ലോകത്തിലെ ഏറ്റവും നല്ല കരിമണലാണ് നീണ്ടകരയിലുള്ളത്. അതിനെ നശിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന് എന്തെങ്കിലും കേന്ദ്ര സർക്കാർ തരുന്നുണ്ടോ? കോച്ച് ഫാക്ടറി, വാഗൺ ഫാക്ടറി, പുതിയ ട്രെയിനുകൾ ഇവയൊക്കെ തരാമെന്നുപറഞ്ഞിട്ട് തന്നില്ല. കണ്ടം ചെയ്ത കുറേ

ട്രെയിനുകൾ കേരളത്തിലേക്ക് വിട്ടുകൊണ്ടിരിക്കുകയാണ്. ട്രെയിനുകളിൽ മലയാളികളാണ് ഏറ്റവും കൂടുതൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നത്. തമിഴ്നാട്ടിലും മറ്റ് അന്യസംസ്ഥാനങ്ങളിലും 50 ശതമാനം ആളുകൾ മാത്രമേ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നുള്ളൂ. ഇൻഡ്യൻ റെയിൽവേയ്ക്കുൾപ്പെടെ കൂടുതൽ വരുമാനമുണ്ടാക്കി തരുന്നത് കേരളത്തിലെ ജനങ്ങളാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഇങ്ങനെ മുച്ചൂടും നശിപ്പിക്കാനായി ബി.ജെ.പി.-യും അതുപോലെ നരേന്ദ്ര മോദിയും ശ്രമിക്കരുത്, ഈ രാജ്യത്തിന്റെ ഘാതകനായി മാറരുത്. നമ്മുടെ തൊഴിലാളികൾ ചോരയും നീരുംകൊടുത്ത് പടുത്തുയർത്തിയ സൗധങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അതൊക്കെയാണിവിടെ തകർന്നുവീഴാൻ പോകുന്നത്. അതുകൊണ്ട് ഇതിനെതിരെ ശക്തമായ പ്രതികരണമുണ്ടാകണം.

IRE പ്രവർത്തിക്കുന്നത് ചവറയിലും ഒറീസ്സയിലും മണവാളക്കുറിച്ചിയിലുമാണ്. അതിന്റെ ഹെഡ് ഓഫീസ് ബോംബെയിലാണ് സ്ഥിതിചെയ്യുന്നത്. അവിടെയുള്ളവരൊക്കെ വെള്ളക്കാരാണ്. പാവപ്പെട്ട, താഴേക്കിടയിലുള്ള തൊഴിലാളികളെയൊന്നും അവർ കാണില്ല. ഈ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം നിലനിർത്തുന്നതിനാവശ്യമായ നടപടി ഉണ്ടാകണം. അതിന് സംസ്ഥാന സർക്കാർ പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിൽ സബ്മിറ്റ് ചെയ്യണമെന്ന് മാത്രം ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാന്യനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവസാനം പറഞ്ഞുനിർത്തിയതുപോലെ കേരളത്തിന്റെ പൊതുമേഖലയെ പൂർണ്ണമായും തകർക്കുന്നവിധത്തിലുള്ള നിലപാട് കേന്ദ്രസർക്കാർ സ്വീകരിക്കുകയാണ്. രണ്ട് സ്ഥാപനങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്നമായി ഇതിനെ കാണാൻ കഴിയില്ല. ഒരു നയത്തിന്റെ പ്രശ്നമായിത്തന്നെ വരുകയാണ്. ബി.ജെ.പി. സർക്കാർ സ്വീകരിച്ചിരിക്കുന്ന ഈ പുതിയ സമീപനം നമ്മുടെ രാജ്യത്തെ പൊതുമേഖലയെ തകർക്കുന്നതാണ്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്തായി കരുതുന്ന രണ്ട് സ്ഥാപനങ്ങളുടെ വിഷയമാണ് ഇന്ന് സഭ ചർച്ച ചെയ്യുന്നത്. കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കപ്പൽ നിർമ്മാണശാല നമുക്കെല്ലാം അഭിമാനമുണ്ടാക്കുന്ന ഒന്നാണ്.

അതിനെ തകർക്കുന്ന സ്ഥിതിയിലേയ്ക്ക് വരികയാണ്. അതുപോലെതന്നെയാണ് Hindustan Organic Chemical Limited ന്റെ കാര്യവും. ഈ രണ്ട് സ്ഥാപനങ്ങളും സംരക്ഷിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ കേരള നിയമസഭ നടത്തുകയാണ്. ഇത് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തി അവർ ഇപ്പോൾ തയ്യാറാക്കി കൊണ്ടിരിക്കുന്ന ഹിറ്റ്ലിസ്റ്റിൽനിന്നും ഈ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുള്ള ശ്രമമാണ് നമ്മുടെ സംസ്ഥാനം നടത്തേണ്ടത്. അതിന് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, ഞാൻ രാവിലെ കാർഷിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ പറഞ്ഞതുപോലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവടക്കം കേരളത്തിന്റെ ഒരു പൊതുവികാരമായി ഈ പ്രശ്നങ്ങളെ ഉയർത്തി കൊണ്ടുവരാൻ ശ്രമിക്കുന്നു എന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ലാഭകരമായി പ്രവർത്തിച്ചിരുന്ന രണ്ട് സ്ഥാപനങ്ങളിലെ 25 ശതമാനം ഓഹരി വിൽക്കുന്നുവെന്ന് പറയുന്നതിൽ ഒരു കള്ളക്കളിയുണ്ട്. 25 ശതമാനം ഇപ്പോൾ വിൽക്കുന്നുവെന്ന് പറയുന്നു, തുടർന്ന് ഇത് മുഴുവൻ വിറ്റ് പ്രൈവറ്റൈസേഷനിലേയ്ക്ക് പോകും. സ്വകാര്യവൽക്കരണമാണ് ഇതിന്റെ ലക്ഷ്യമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കൊച്ചിൻ ഷിപ്പ് യാർഡിന്റെ കാര്യത്തിലുള്ള അവരുടെ ന്യായം ഞാൻ പരിശോധിക്കുകയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്നത് കപ്പൽ നിർമ്മാണശാലയിൽ ഒരു വലിയ ഡോക്ക് യാർഡ് നിർമ്മിക്കുന്നതിനുവേണ്ടി കൂടുതൽ പണം ആവശ്യമാണ്. അതിന് ഓഹരി വിൽക്കണമെന്നാണ്. ഇത് കള്ളത്തരമാണ്, ഇത് പൊള്ളയായ വാദമാണെന്ന് തെളിയിക്കാൻ കൊച്ചിൻ ഷിപ്പ് യാർഡ് തന്നെ സാക്ഷ്യം വഹിക്കുകയാണ്. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഓഹരി വിൽക്കാതെതന്നെ സ്ഥാപനത്തിന്റെ സമ്പത്ത് ഉപയോഗിച്ച് ഏത് വികസനപ്രവർത്തനവും നടത്താൻ കഴിയുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അവിടത്തെ വികസന കാര്യങ്ങൾക്കുവേണ്ടി ഈ ഓഹരി വിൽപ്പനയുടെ ആവശ്യമില്ല. വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കൊച്ചിൻ ഷിപ്പ് യാർഡിന് ആവശ്യമുള്ള സമ്പത്തുണ്ട്. അതുകൊണ്ട് കേന്ദ്രസർക്കാരിന്റെ കള്ളക്കളി അവസാനിപ്പിക്കണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമുക്ക് പൊതുമേഖലയിലെ ഈ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം സ്വകാര്യവൽക്കരണത്തിനെതിരായ നിലപാടുകൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ 25 ശതമാനം ഷെയർ എന്നു പറഞ്ഞുകൊണ്ടുവരുന്ന ഈ പരിപാടി ഇവിടംകൊണ്ട് അവസാനിക്കുന്നതല്ല.

ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ചതുപോലെ രാജ്യത്തിന്റെ സുരക്ഷ അപകടത്തിലാകുന്ന പ്രശ്നങ്ങളുണ്ട്. സമീപത്തായി നേവൽ ബേസ്, പോർട്ട് ട്രസ്റ്റ്, വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുണ്ട്. ഇതിനിടയിൽ പ്രൈവറ്റൈസ് ചെയ്ത ഒരു കമ്പനി വന്നാൽ, കൊച്ചിൻ ഷിപ്പ് യാർഡിന്റെ ആധിപത്യത്തിലേയ്ക്ക് വരാൻ തുടങ്ങിയാൽ അത് രാജ്യത്തിന്റെ സുരക്ഷയെത്തന്നെ അപകടത്തിലാക്കുമെന്നകാര്യത്തിൽ സംശയമില്ല.

Hindustan Organic Chemicals Limited ന്റെ കൊച്ചിയിലെ യൂണിറ്റ് ഏറ്റവും ലാഭത്തിൽ പ്രവർത്തിച്ചതാണ്. സംഭവിച്ചത് എന്താണ്; നഷ്ടത്തിൽ കിടന്ന മഹാരാഷ്ട്രയിലെ ഹെഡ് ഓഫീസ് ലാഭത്തിലാക്കാൻവേണ്ടി ഇവിടെയുള്ള പണം മുഴുവൻ അടിച്ചുമാറ്റി. അതേത്തുടർന്ന് കൊച്ചി യൂണിറ്റ് പ്രതിസന്ധിയിലായി. ഇപ്പോൾ ഇവിടെ ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിക്കുകയുണ്ടായി, കൊച്ചി യൂണിറ്റ് ചുരുങ്ങിയ ഒരു മാസക്കാലം ഒരു കോടി രൂപ വായ്പയെടുത്ത് പ്രവർത്തിപ്പിച്ചപ്പോൾ ലാഭമുണ്ടാക്കാൻ സാധിച്ചുവെന്ന്. ആ സാഹചര്യത്തിൽ നമുക്ക് എച്ച്.ഒ.സി.എൽ.-ഉം ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ രണ്ട് സ്ഥാപനങ്ങളും സംരക്ഷിക്കപ്പെടാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യമുണ്ടാകണം. കോട്ടയം ജില്ലയിൽ ഇൻഡ്യയിലെ, ഏഷ്യയിലെതന്നെ ഏറ്റവും കൂടുതൽ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന Hindustan Newsprint Limited നെയാണ് അടുത്ത കത്തി വച്ചിരിക്കുന്നത്. രണ്ട് സ്ഥാപനങ്ങൾക്കുപുറമേ ബാക്കി സ്ഥാപനങ്ങളും നഷ്ടപ്പെടാൻ പോവുകയാണ്. Hindustan Newsprint Limited ഇന്ന് ഇൻഡ്യയിൽ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അവിടെയും സ്വകാര്യവൽക്കരണത്തിന്റെ ഭീഷണി ഉയർന്നിരിക്കുകയാണ്. കേരളത്തിന്റെ വ്യവസായ മേഖലയിൽ, പൊതുമേഖലയിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഈ അപകടകരമായ, ഗുരുതരമായ സ്ഥിതിവിശേഷത്തെ ചെറുത്തു തോൽപ്പിക്കേണ്ടതായിട്ടുണ്ട്. അതിന് കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ട് നമ്മുടെ ഈ സ്ഥാപനങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നു എന്നുള്ളത് അഭിമാനകരമാണ്. ഈ പ്രമേയം തീർച്ചയായിട്ടും കേന്ദ്രസർക്കാരിലേയ്ക്ക് കേരളത്തിന്റെ ഒരു ശക്തമായ ഇടപെടലാക്കി മാറ്റാൻ നമുക്ക് കഴിയണം. അതിനുള്ള തുടർപ്രവർത്തനങ്ങൾകൂടി ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

4.00 PM]

ശ്രീ. എം. നൗഷാദ്: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. നമ്മുടെ നാടിന്റെ അഭിമാനമായിട്ടുള്ള ഷിപ്പ് യാർഡ് സ്വകാര്യവൽക്കരിക്കുന്നതിനെതിരെയുള്ള പ്രമേയമാണിത്. ഇക്കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടാണ്. സ്കൂളിൽ പഠിക്കുമ്പോൾ കപ്പൽ നിർമ്മാണശാല എവിടെയാണെന്നൊക്കെ നാം പഠിച്ചിട്ടുള്ളതാണ്. ഇത് സ്വകാര്യ മുതലാളിമാരുടെ കയ്യിലേയ്ക്ക് പോകുന്ന എന്നുള്ളത് സാധാരണ ഭാഷയിൽ പറഞ്ഞാൽ പല്ലും നഖവും ഉപയോഗിച്ച് എതിർത്ത് തോൽപ്പിക്കേണ്ടതാണ്. ഒരു രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയുടെ ശ്രീകോവിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്. അത്രയും പ്രാധാന്യമുള്ളതാണ് പൊതുമേഖല. ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി കോർപ്പറേറ്റുകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തുകൊണ്ടു മാത്രമേ ഈ മേഖലയിലേക്ക് കടന്നുവരാൻ കഴിയുകയുള്ളൂ. അവരുടെ അജണ്ടയാണ് ഇന്ന് നിലവിലുള്ള കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഇത് അനുവദിക്കാൻ കഴിയുന്നതല്ല. അതിനെതിരായിട്ടുള്ള പ്രതിഷേധം ശക്തമാക്കേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെന്ന ഈ പൊൻമുട്ടയിടുന്ന താറാവുകളെ അറുത്തുകീറി പരിശോധിക്കുന്ന നിലപാടാണ് ഇന്ന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്ത്, എന്നന്നേക്കുമായി അതിനെ നശിപ്പിച്ച്, സ്വകാര്യമുതലാളിമാരുടെ കൈകളിലേക്ക് എത്തിക്കുകയാണ്. 1948-ലെ ഇൻഡസ്ട്രിയൽ പോളിസി റെസല്യൂഷന്റേയും 1951-ലെ ഇൻഡസ്ട്രീസ് (ഡവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിന്റേയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രധാന ലക്ഷ്യങ്ങളുണ്ട്. ഇത് യാന്ത്രികമായി സ്ഥാപിച്ചതല്ല. നമ്മുടെ വ്യാവസായിക മേഖലയെ വളർത്തിക്കൊണ്ടുവരുന്നതിനും രാജ്യത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മനുഷ്യ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ആഗോളതലത്തിൽ ഒരു വ്യാവസായിക മത്സരത്തിന് ഇന്ത്യയെ ശക്തിപ്പെടുത്തുന്നതിനുമുള്ള ഏറ്റവും നല്ല ഉദാഹരണമാണ് ഈ കപ്പൽശാല. ഇത് ലോകത്തുതന്നെ അംഗീകരിക്കപ്പെടുന്ന ഒന്നാണ്. ആഗോളതലത്തിൽ ഇന്ത്യയെ ഒരു പ്രധാന വ്യാവസായിക പങ്കാളിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുമേഖലാ

സ്ഥാപനങ്ങൾ ആരംഭിച്ചത്. നിർഭാഗ്യവശാൽ ആഗോളവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1991-ൽ പാർലമെന്റ് പാസ്സാക്കിയ സാമ്പത്തിക-ഉദാരവൽക്കരണ നയങ്ങൾ നടപ്പിലായ തോടെയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ച ആരംഭിക്കുന്നത്. 1991 ജൂലൈയിൽ പാർലമെന്റ് പാസ്സാക്കിയ വ്യവസായ നയത്തോടുകൂടിയാണ് ഈ വിൽപ്പന ആരംഭിച്ചത്. അതിനുശേഷം ബി.ജെ.പി. ഗവൺമെന്റ് അരുൺ ഷൂരിയെപ്പോലെയുള്ളവരെ ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങളൊക്കെ ഇവിടെ സൂചിപ്പിച്ചു. ഞാൻ അക്കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. 1951-ൽ അഞ്ച് പൊതുമേഖലാസ്ഥാപനങ്ങളിലായി 29 കോടി രൂപമാത്രം മുതൽമുടക്കുണ്ടാ യിരുന്നത് ഇന്ന് 277 പൊതുമേഖലാ സ്ഥാപനങ്ങളിലായി പൊതുനിക്ഷേപം 8,50,599 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ നിക്ഷേപം/സ്വത്ത് സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള ബോധപൂർവ്വമായ പരിശ്രമമാണ് ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്. പ്രതിവർഷം നികുതി ഇനത്തിലും അതുപോലെ മറ്റിനത്തിലുമായി 1,64,761 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ ഗവൺമെന്റിന് നൽകുന്നുണ്ട്. 277 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രവർത്തനക്ഷമമായത് 229 എണ്ണം മാത്രമാണ്. 2012-13 സാമ്പത്തിക വർഷം ഈ 229 പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 19,45,777 കോടി രൂപയാണ്. 14.04 ലക്ഷം തൊഴിലാളികളാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നത്. ഈ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാംകൂടി 2012-13 സാമ്പത്തികവർഷം 5,371 കോടി രൂപ വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. 2012-13-ലെ കേന്ദ്ര വ്യവസായ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് 10 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്, ഇത് കണക്കിലെ കളിയാണ്. അപ്പുറത്തെ യൂണിറ്റിലെ കണക്കുംകൂടി ഇപ്പുറത്ത് കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് നേരത്തേ ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കണക്കിൽ നഷ്ടംകാണിച്ച ഈ 10 സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ പത്തെണ്ണത്തിലാണ് ബി.എസ്.എൻ.എൽ., ഫാക്ട്, എം.ടി.എൻ.എൽ. എന്നിവ ഉൾപ്പെടുന്നത്. ഈ പത്ത് സ്ഥാപനങ്ങളും ചേർന്ന് 28,260 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്നാണ് കണക്ക്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാംകൂടി പ്രതിവർഷം സർക്കാരിലേയ്ക്ക് നികുതി വിഹിതമായി നൽകുന്ന 1,62,751 കോടി രൂപയുമായി

താരതമ്യം ചെയ്യുമ്പോൾ 28,000 കോടി രൂപയുടെ പേരിൽ ഈ പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടേണ്ട സാഹചര്യം നിലവിലില്ല. ഒ.എൻ.ജി.സി. ഉൾപ്പെടെയുള്ള 10 പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം ഉണ്ടാക്കുന്ന ലാഭം 1,35,052 കോടി രൂപയാണ്. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ നഷ്ടം എത്രയോ തുച്ഛമാണ്. ഈ ലാഭത്തിൽ നിന്നും നഷ്ടംവരുത്തുന്ന സ്ഥാപനങ്ങൾക്ക് സഹായം നൽകാൻ നടപടികൾ സ്വീകരിച്ചാൽ പോരേ. 1985-ലെ The Sick Industrial Companies (Special Provisions) Act അനുസരിച്ച് സ്ഥാപിതമായ Board for Industrial and Financial Reconstruction പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനാണ് രൂപീകരിച്ചതെങ്കിലും അവ അടച്ചുപൂട്ടാനും വിറ്റഴിക്കാനുമുള്ള ഉപകരണമായി ഉപയോഗിക്കുകയാണ്. 1997-ലെ നവരത്ന പദ്ധതി വഴി ഏതാനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശവും കൂടുതൽ അധികാരങ്ങളും നൽകിയത് ഉദ്യോഗസ്ഥതലത്തിലുള്ള ദുർഭരണത്തിനും സ്വകാര്യമേഖലയ്ക്ക് ഇത് കൈമാറാനുള്ള നീക്കങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ട്. യഥാർത്ഥത്തിൽ അഴിമതിയുടേയും ധൂർത്തിന്റേയും കേന്ദ്രങ്ങളായാണ് നവരത്ന സ്ഥാപനങ്ങൾ മാറിയത്. വളരെ ബോധപൂർവ്വം വെടക്കാക്കി തനിക്കാക്കുക എന്ന ലക്ഷ്യത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1969-ൽ സ്ഥാപിതമായ കൊച്ചിൻ ഷിപ്പ് യാർഡ് സ്വകാര്യവൽക്കരിക്കുന്നത് എന്തിനുവേണ്ടിയാണെന്ന് മനസ്സിലാകുന്നില്ല. ഇപ്പോൾ സ്ഥാപനത്തിന് ലഭിച്ചിരിക്കുന്ന വിദേശ ഓർഡറുകൾ ചെയ്തുതീർക്കാൻപോലും കഴിയാത്തവിധം സജീവമായ ഷിപ്പ് യാർഡ് ഈ രാജ്യത്തിന്റേയും കേന്ദ്രത്തിന്റേയും അഭിമാനമാണ്. കപ്പലുകളുടെ അറ്റകുറ്റപ്പണിക്കും കപ്പൽ നിർമ്മാണത്തിനും പുകൾപെറ്റ ഷിപ്പ് യാർഡ് നയതന്ത്ര പ്രാധാന്യമുള്ള പ്രദേശത്താണ് നിലനിൽക്കുന്നത്. 1991-ലെ വ്യവസായ നയത്തിൽ നയതന്ത്ര പ്രാധാന്യമുള്ളത് വിറ്റഴിക്കാൻ പാടില്ലെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിന്റെ ലംഘനമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും നമ്മൾ എല്ലാപേരും പറയാറുള്ളത്, ആര് ആരുമായി സഹകരിക്കുന്നുവോ, സഹവാസഗുണം ഉണ്ടാകുമെന്നാണ്. കേന്ദ്ര ഭരണാധികാരികൾ നിരന്തരം സഹകരിക്കുന്നവരുടെ വേദനയും വിഷമവുമാണ് അവർക്കറിയാവുന്നത്. നമ്മുടെ പ്രധാനമന്ത്രി പ്ലെയിനിൽനിന്ന് ഇറങ്ങിയ സമയമില്ല. അദ്ദേഹത്തോടൊപ്പം സഞ്ചരിക്കുന്നവരെല്ലാം ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട കോർപ്പറേറ്റുകളാണ്. അവരുടെ വേദനകളും വിഷമങ്ങളും

ബുദ്ധിമുട്ടുകളുമാണ് അദ്ദേഹം സ്ഥിരം കേൾക്കുന്നത്. സ്വാഭാവികമായും സ്ഥിരമായി കേൾക്കുന്നവരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക എന്നത് മനുഷ്യത്വമുള്ളവരുടെ കടമയാണല്ലോ. ആ കടമയാണ് അവർ നിർവ്വഹിക്കുന്നത്. താഴെത്തട്ടിലുള്ള സാധാരണക്കാരന്റെയും പാവപ്പെട്ട തൊഴിലാളികളുടെയും വിഷമങ്ങൾ അറിയുന്ന ഭരണാധികാരികൾ ഇല്ലാത്തതാണ് ഈ നാടിന്റെ ശാപം. മുൻകാലങ്ങളിൽ നവരത്ന സ്ഥാപനങ്ങൾ വിൽക്കാനായി ശ്രമിച്ചപ്പോൾ ഇടതുപക്ഷത്തിന്റെ ശക്തമായ എതിർപ്പുണ്ടായതുകൊണ്ടാണ് അന്നത് മാറ്റിവച്ചത്. മുൻകാലങ്ങളേക്കാൾ സജീവമായി പഴയവർ നൽകിയ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് വളരെ വേഗത്തിൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോവുകയാണ്. ഈ സാഹചര്യത്തിൽ എല്ലാ പ്രശ്നങ്ങളേയും മാറ്റിവച്ച് ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒരുമിച്ച് നിന്നില്ലെന്നുണ്ടെങ്കിൽ ജനം നമ്മളെ കൈകാര്യംചെയ്യുമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇതുമായി സഹകരിക്കാൻ എല്ലാവരും തയ്യാറായത് നല്ലകാര്യമാണ്. ആ തരത്തിൽ ഐകകണ്ഠ്യേന ഇത് പാസ്സാക്കുക മാത്രമല്ല തുടർന്നുള്ള പ്രവർത്തനങ്ങളിലും ഒരുമിച്ച് നിൽക്കണം. ആ ഒരുമയുണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഈ ഉപക്ഷേപത്തിന് സർവ്വവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, സഭയിലെ മുതിർന്ന അംഗം സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ആദ്യംതന്നെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കൊച്ചി കപ്പൽ നിർമ്മാണശാലയും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡും ഇന്ന് നേരിടുന്ന പ്രതിസന്ധി ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നതിനെത്തുടർന്നുള്ള ചർച്ചയാണ് ഇന്ന് നടക്കുന്നത്. 1991-ൽ നരസിംഹ റാവു ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച ആഗോളവൽക്കരണ, സ്വകാര്യവൽക്കരണ, ഉദാരവൽക്കരണ നയങ്ങൾ നമ്മുടെ രാജ്യത്തുണ്ടാക്കിയ പ്രത്യാഘാതങ്ങളും അതിന്റെ അലയൊലിയും ഇന്നും അടങ്ങിയിട്ടില്ല. ആഗോളവൽക്കരണ നയത്തിനെതിരായ പോരാട്ടങ്ങൾ ഇപ്പോഴും തുടരുകയാണ്. സ്വകാര്യവൽക്കരണ നയങ്ങളെത്തുടർന്ന് നമ്മുടെ രാജ്യത്തിന്റെ അഭിമാനമെന്ന് വിശേഷിപ്പിക്കാവുന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള നീക്കം ആദ്യം ആരംഭിച്ചത് നരസിംഹ റാവു ഗവൺമെന്റിന്റെ ഭരണകാലത്താണ്. ശ്രീ. അടൽ ബിഹാരി വാജ്പേയി രാജ്യത്തെ പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിൽ ശ്രീ. അരുൺ

ഷൂരിയെന്ന മന്ത്രിയെ നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിന് മാത്രമായി നിയമിച്ചു. ഒരുപക്ഷേ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇതുവരെയുള്ള അനുഭവങ്ങൾ പരിശോധിച്ചാൽ നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിനുവേണ്ടി അരുൺ ഷൂരിയെന്ന മന്ത്രിയെ നിശ്ചയിച്ചത് അടൽ ബിഹാരി വാജ്പേയിയുടെ കാലത്താണ്. 'നാൽക്കോയും' (National Aluminium Company Limited) 'ബാൽക്കോ'യും (Bharat Aluminium Company Limited) ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാനുള്ള നീക്കം ശക്തമാക്കി. എറണാകുളം ജില്ലയെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലസ്ഥാനമെന്ന് വിശേഷിപ്പിക്കാം. നമ്മുടെ രാജ്യത്തിന് ഏറെ അഭിമാനകരവും കാർഷിക മേഖലയ്ക്ക് ഏറെ സംഭാവനകൾ നൽകിയതുമായ സ്ഥാപനങ്ങളാണ് എഫ്.എ.സി.റ്റി., എച്ച്.ഒ.സി., എച്ച്.ഐ.എൽ., എച്ച്.എം.റ്റി. എന്നിവ. അങ്ങനെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ കൊച്ചു കേരളത്തിലുണ്ട്. അത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയെന്ന നീക്കത്തിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ കേരളത്തിന്റെ മണ്ണിൽ ഉയർന്നുവന്നത് നമ്മുടെ ഓർമ്മയിലുണ്ട്. 2004-ൽ യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നതിൽ ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയ പങ്കുണ്ട്. പൊതുമിനിമം പരിപാടിയുടെയും പരസ്പരധാരണയുടെയും വർഗ്ഗീയകക്ഷികളെ അകറ്റിനിർത്തണമെന്ന ധാരണയുടെയും അടിസ്ഥാനത്തിലാണ് ഒന്നാം യു.പി.എ. ഗവൺമെന്റിന് ഇന്ത്യയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി പിന്തുണ നൽകിയത്. ഒന്നാം യു.പി.എ. സർക്കാർ നടപ്പാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും വിവരാവകാശ നിയമവും ആദിവാസികളെ സംരക്ഷിക്കാൻ കൊണ്ടുവന്ന നിയമവുമുൾപ്പെടെ എല്ലാം ഇടതുപക്ഷ പാർട്ടികൾ പിന്തുണച്ചിരുന്നു. എന്നാൽ യു.പി.എ. ഗവൺമെന്റ് അനുവർത്തിക്കാൻ നിശ്ചയിച്ച, ബി.ജെ.പി. ഗവൺമെന്റ് തുടർന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണ നടപടിയിലേയ്ക്ക് പോയപ്പോൾ അരുതെന്ന് പറഞ്ഞത് ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനമായിരുന്നു. എന്നാൽ രണ്ടാം യു.പി.എ. ഗവൺമെന്റ് വന്നപ്പോഴും തുടർന്നിങ്ങോട്ട് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോഴും നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് കൊടുക്കാനുള്ള നീക്കം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും ഇപ്പോൾ അധികാരത്തിലുള്ള ശ്രീ. നരേന്ദ്ര മോദിയും ഭരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പറയുന്നത് രാജ്യത്തിന്റെ സാമ്പത്തിക

വളർച്ചയെക്കുറിച്ചാണ്.സാമ്പത്തിക വളർച്ച യഥാർത്ഥത്തിൽ കോർപ്പറേറ്റുകളുടേതും കുത്തക മുതലാളിമാരുടേതുമാണ്.പട്ടിണി കിടക്കുന്നവരെയും ദുരിതമനുഭവിക്കുന്ന വരെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുമ്പോഴാണ് യഥാർത്ഥത്തിൽ ഇടതുപക്ഷം ഉയർത്തിപ്പിടിക്കുന്ന സാമ്പത്തിക വളർച്ച നമ്മുടെ രാജ്യത്തുണ്ടാവുക. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭ്യമായതിനുശേഷം ഇതുവരെയുള്ള കാലയളവിൽ നമ്മുടെ രാജ്യം ദീർഘകാലം ഭരിച്ചത് കോൺഗ്രസ്സാണ്. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിൽ കോൺഗ്രസ് അധികാരത്തിൽ വന്ന സന്ദർഭം നമ്മുടെയെല്ലാം ഓർമ്മയിലുണ്ട്. എന്നാൽ കോൺഗ്രസ്സും ബി.ജെ.പി.-യും ഈ രാജ്യത്തിന് സമ്മാനിച്ചത് പട്ടിണിയും ദുരിതവുമാണ്. ഇന്ത്യയിലെ കോടാനുകോടി കർഷകരേയും വിവിധ വ്യവസായശാലകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും പണിയെടുക്കുന്ന കോടിക്കണക്കിന് തൊഴിലാളികളേയും പട്ടിണിക്കാരും അർദ്ധപട്ടിണിക്കാരുമാക്കി മാറ്റുന്ന സ്ഥിതിവിശേഷമുണ്ടായി. നമ്മുടെ രാജ്യം ഇന്ന് അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഇവിടെ സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയം സ്വാഭാവികമായും കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുമെന്ന് ഞാൻ കരുതുകയാണ്. എന്നാൽ എനിക്ക് പറയാനുള്ളത് ഇങ്ങനെയൊരു സ്ഥതിവിശേഷത്തിലേക്ക് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ എത്തിച്ചതിൽ കോൺഗ്രസിന്റേയും ബി.ജെ.പി.-യുടേയും പങ്ക് വിസ്മരിച്ചുകൂടാ എന്നാണ്. ഇവിടെ ശ്രീ. ഹൈബി ഈഡൻ ഉൾപ്പെടെയുള്ള കോൺഗ്രസ് അംഗങ്ങൾ പിന്തുണച്ചുകൊണ്ട് സംസാരിച്ചതിൽ സന്തോഷമുണ്ട്. നമ്മുടെ രാജ്യത്ത് പലപ്പോഴും അധികാരത്തിലിരുന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ. സർക്കാർ ഇവിടത്തെ കോടാനുകോടി ജനങ്ങളുടെ ജീവിതദുരിതത്തിന് അറുതിവരുത്താൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? സംസ്ഥാനത്ത് പൊതുമേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിനാളുകളുണ്ട്. 1946-ൽ ആരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ് എഫ്.എ.സി.റ്റി. ഒരു ഘട്ടത്തിൽ പതിനോരായിരത്തിൽപ്പരം തൊഴിലാളികൾ എഫ്.എ.സി.റ്റി.-യിൽ ജോലി ചെയ്തിരുന്നു. എന്നാൽ എഫ്.എ.സി.റ്റി. ഇന്ന് രണ്ടായിരത്തിൽ താഴെമാത്രം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനമായി മാറി. എഫ്.എ.സി.റ്റി.-യുടെ ആസ്തി വളരെ വലുതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തിയെ നോട്ടമിടുന്ന സ്വകാര്യ കുത്തകകൾക്ക് അടിയറ വയ്ക്കാൻ കേന്ദ്രത്തിലെ നരേന്ദ്ര മോദിയുടെ എൻ.ഡി.എ. ഗവൺമെന്റ് ശ്രമിക്കുമ്പോൾ അതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. തീർച്ചയായും എ.ഐ.റ്റി.യു.സി.-യും

സി.ഐ.ടി.യു.-വും ഐ.എൻ.റ്റി.യു.സി.-യും ബി.എം.എസ്.-ഉം ഉൾപ്പെടെയുള്ള ഒട്ടേറെ തൊഴിലാളി പ്രസ്ഥാനങ്ങൾ കൊടിയുടെ നിറം നോക്കാതെ രാഷ്ട്രീയത്തിന്റെ നിറവ്യത്യാസമില്ലാതെ രാജ്യത്തെ ഭരണവർഗ്ഗത്തിനെതിരായി തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനുവേണ്ടി, മിനിമം കൂലി ലഭ്യമാകുന്നതിനുവേണ്ടി, വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുൾപ്പെടെയുള്ള സന്ധിയില്ലാത്ത പോരാട്ടങ്ങൾക്കായി മുന്നിട്ടിറങ്ങിയിരിക്കുകയാണ്. എഫ്.എ.സി.റ്റി. ഒരു ഘട്ടത്തിൽ സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാരംഭിച്ചപ്പോൾ ഇടത് യുവജനസംഘടനകൾ നടത്തിയ സംരക്ഷണ കാമ്പയിൻ ഇന്നും ഓർമ്മയിൽ ഒളിമങ്ങാതെ നിൽക്കുന്നു. എഫ്.എ.സി.റ്റി.-യെ സംരക്ഷിക്കാൻ കേരളത്തിന്റെ അന്തരിച്ച മുൻ മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായരും പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് എം. എം. ലോറൻസും ഉൾപ്പെടെയുള്ള നേതാക്കൾ നടത്തിയിട്ടുള്ള തീഷ്ണമായ പോരാട്ടങ്ങൾ നമുക്ക് വിസ്മരിക്കാൻ കഴിയില്ല. നിരവധി യുവജന സംഘടനകൾ ഒട്ടേറെ പ്രക്ഷോഭങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് വലിയ സംഭാവന നൽകിയ എഫ്.എ.സി.റ്റി.-യുടെ സംരക്ഷണം ഇന്നും അനിവാര്യമായി നിലനിൽക്കുകയാണ്.

കൊച്ചിൻ ഷിപ്പ് യാർഡിന്റെ 25 ശതമാനം ഓഹരി വിൽക്കാനുള്ള നീക്കം ആരംഭിച്ചിട്ടുണ്ട്. തീർച്ചയായും ഇത് എതിർക്കേണ്ടതും പ്രതിരോധിക്കേണ്ടതുമാണ്. ഇത്തരം സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിനെതിരെ പോരാടേണ്ടതുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡിൽ മൂവായിരത്തിമുന്നൂറിലധികംപേർ കരാറടിസ്ഥാനത്തിലും സ്ഥിരമായും ജോലി ചെയ്യുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം 2,000 കോടി രൂപയുടെ ടേൺ ഓവറാണുണ്ടായിരുന്നത്. 270 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനത്തെയാണ് ഇന്ന് സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുന്നത്. തീർച്ചയായും വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ് ഇന്ന് കേരള നിയമസഭയിൽ സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തിലൂടെ കടന്നുവന്നിട്ടുള്ളത്.

എച്ച്.ഒ.സി.-യുടെ കാര്യവും വ്യത്യസ്തമല്ല. 1987-ൽ അമ്പലമുകളിൽ പ്രവർത്തനം ആരംഭിച്ച എച്ച്.ഒ.സി.-ൽ 1446 ജീവനക്കാരാണുള്ളത്. തൊഴിലിന്റെ പ്രശ്നം മാത്രമല്ല രാജ്യത്തെ ജനങ്ങൾക്ക് എപ്പോഴും അഭിമാനകരമായി ചൂണ്ടിക്കാണിക്കാൻ സാധിക്കുന്ന ഒട്ടേറെ പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാൻ ശ്രമിക്കുമ്പോൾ, സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ പൊതുജനങ്ങൾക്കിടയിൽനിന്ന് പ്രതികരണങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. കേരളത്തിൽ നാല് മാസങ്ങൾക്കുമുമ്പ് അധികാരത്തിൽ വന്ന ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സത്വര നടപടി സ്വീകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ ഉണർവ്വുണ്ടാക്കാൻ കഴിയുന്ന നിലയിലേയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുൾപ്പെടെ ഏറ്റവും അനുയോജ്യമായ നിലപാടുകളും നടപടികളും നയങ്ങളുമായി കേരള ഗവൺമെന്റ് മുന്നോട്ടുപോകും. നമ്മുടെ രാജ്യത്ത് അധികാരത്തിലിരിക്കുന്ന എൻ.ഡി.എ. ഗവൺമെന്റ് തുടരുന്ന ജനവിരുദ്ധ നയങ്ങൾ ഓരോന്നോരോന്നായി ജനമനസ്സുകളിലേയ്ക്കെത്തിക്കുന്ന ഘട്ടത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഷയവും ഉയർന്നുവരുന്നത്. യഥാർത്ഥത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും നമ്മുടെ രാജ്യത്തിന് സംഭാവന നൽകിയത് ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്തെ കിടപ്പാടമില്ലാത്ത കോടാനുകോടി മനുഷ്യർ, ഒരു നേരത്തെ ആഹാരം ലഭ്യമല്ലാത്തവർ, പ്രതിദിനം പോഷകാഹാരക്കുറവിന്റെ പേരിൽ പിടഞ്ഞുവീണ് മരിക്കുന്ന ആയിരക്കണക്കിന് പിഞ്ചുകുഞ്ഞുങ്ങൾ എന്നിവരെയാണ്. ശുദ്ധജലം ലഭ്യമല്ലാത്ത എത്രയോ പ്രദേശങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. വീടില്ലാത്തതിന്റെ പേരിൽ വഴിയോരത്ത് കിടന്നുറങ്ങുന്ന, അന്തിയുറങ്ങുന്ന ലക്ഷക്കണക്കിന് മനുഷ്യർ നമ്മുടെ രാജ്യത്തുണ്ട്. ഈ രാജ്യത്തെ ഇത്തരത്തിലെത്തിച്ചതിന് പിന്നിൽ ബി.ജെ.പി.-ക്കും കോൺഗ്രസ്സിനും വലിയ പങ്കുണ്ട്. മുന്തിയ പങ്ക് കോൺഗ്രസ്സിനാണ്. രാജ്യം വലിയ വളർച്ചയിലേക്ക് പോകുന്നു എന്ന് ഒരു ഘട്ടത്തിൽ ഡോ. മൻമോഹൻ സിംഗ് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുവെങ്കിൽ യഥാർത്ഥത്തിൽ വളർന്നത് കോർപ്പറേറ്റുകളും തളർന്നത് നമ്മുടെ രാജ്യത്തെ സാധാരണ മനുഷ്യരും കർഷകത്തൊഴിലാളികളുമാണ്. കേർപ്പറേറ്റുകൾ വളർന്നുകൊണ്ടിരുന്നു. രാജ്യത്തിന്റെ മുക്കിലും മൂലയിലും അപ്രത്യക്ഷമാകുന്ന സ്ഥിതിയിലേയ്ക്ക് കോൺഗ്രസ്സും മാറിയിട്ടുണ്ട്. ബി.ജെ.പി. വർഗ്ഗീയവത്കരണ നയങ്ങളിലൂടെ രാജ്യത്ത് അധികാരത്തിൽ തുടരുകയാണ്. വിദ്യാഭ്യാസ മേഖല വർഗ്ഗീയവത്കരിക്കുന്നു. രാജ്യത്തിന്റെ ചരിത്രത്തെ മാറ്റിയെഴുതുവാൻ ബി.ജെ.പി. നേതാക്കൾ ശ്രമിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം ഏറ്റവും അനിവാര്യമായ ഘട്ടത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാവരും ഒരേ കാര്യങ്ങൾ ആവർത്തിച്ച് പറയുകയാണ്. അല്പം ചുരുക്കിപ്പറഞ്ഞാൽ നന്നായിരുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഇവിടെ ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച ഉപക്ഷേപത്തെ സംബന്ധിച്ച് അപ്പുറത്തുമിപ്പുറത്തുമുള്ള അംഗങ്ങൾ സർവ്വാത്മനാ പിന്താങ്ങുകയും ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ എല്ലാവരും ഒരേ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. എനിക്ക് ഒരു പ്രധാനപ്പെട്ട കാര്യം ഉന്നയിക്കാനുണ്ട്. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കുലേറ്റ് ചെയ്ത ഒരു പ്രമേയം ഇപ്പോൾ കിട്ടി. അതനുസരിച്ച് രണ്ട് കമ്പനികളുടെ പേര് മാത്രമാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്ന് കൊച്ചിൻ ഷിപ്പ് യാർഡും മറ്റൊന്ന് ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസും. ബഹുമാനപ്പെട്ട എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച പ്രമേയം, കൊച്ചിയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന ഭീഷണി, അത് പ്രൈവറ്റൈസേഷനും അടച്ചുപൂട്ടലുമാണ്. മദർ ഇൻഡസ്ട്രി എന്നുപറയുന്നത് എഫ്.എ.സി.ടി.-യാണ്. കൊച്ചിൻ ഷിപ്പ് യാർഡ് പോലെയോ അതിനപ്പുറമോ പ്രാധാന്യമുള്ള ഒന്നാണ് എഫ്.എ.സി.ടി. അതുപോലെയാണ് എച്ച്.ഒ.സി.എൽ. എച്ച്.ഒ.സി.എൽ.-ന്റെ കാര്യം ഈ പ്രമേയത്തിൽ തന്നെയുണ്ട്. എച്ച്.ഐ.എൽ., എച്ച്.എം.ടി., ഉദ്യോഗമണ്ഡലിലെ ഐ.ആർ.ഇ., ചവറയിലെ ഐ.ആർ.ഇ.-യെപ്പറ്റി ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ കമ്പനികളൊക്കെ സമാനമായ ഭീഷണി നേരിടുന്നു എന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ഈ പ്രമേയം അയയ്ക്കുമ്പോൾ തീർച്ചയായും കൊച്ചിയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്ന ഒരു കൺസപ്റ്റിൽ ഈ വ്യവസായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഇപ്പോൾ ഒരു ആക്ഷൻ വരികയാണ്. 25 ശതമാനം സ്വകാര്യവത്കരണമെന്ന് കൃത്യമായി ഷിപ്പ് യാർഡിന്റെ നേരെ വരികയാണ്. മറ്റുള്ളവ പൂട്ടാൻ പോകുകയാണ്. ക്രൈസിസുള്ള കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുവേയുണ്ട്. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ സംരക്ഷിക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണമെന്ന് അങ്ങുപറഞ്ഞ വിമർശനത്തിന്റെ സാരാംശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കുലേറ്റ് ചെയ്ത പ്രമേയത്തിന്റെ അവസാന ഭാഗത്തുണ്ട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, അത് ഉൾക്കൊണ്ടാൽ മതി. 2016 മാർച്ചിലാണ് കേന്ദ്ര സർക്കാരിൽനിന്നും 13.5 ശതമാനം പലിശയ്ക്ക് ആയിരം കോടി രൂപയുടെ വായ്പ എഫ്.എ.സി.ടി.-ക്ക് ലഭിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എൽ.എൻ.ജി. ഉപയോഗത്തിനുവേണ്ടി KVAT ഒഴിവാക്കിക്കൊടുത്തു. പക്ഷെ 13.5 ശതമാനം പലിശയ്ക്ക് എഫ്.എ.സി.ടി. എങ്ങനെ റീസ്ട്രക്ച്ചർ ചെയ്യാൻ സാധിക്കുമെന്ന് നമുക്കാർക്കും ഒരുപിടിയുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഘട്ടത്തിൽ എഫ്.എ.സി.ടി.-ക്കുവേണ്ടി വളരെ ശക്തമായി ഇടപെട്ടയാളാണ്. അതിൽ വളരെ നന്ദിയുണ്ട്. എഫ്.എ.സി.ടി. വിറ്റഴിക്കാൻ നീതി ആയോഗ് ആലോചിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും വളരെ ശക്തമായ നിലപാടെടുത്ത് അത് തൽക്കാലത്തേയ്ക്ക് നിർത്തിവച്ചിരിക്കുകയുമാണ്. ഒന്നാമതായി എഫ്.എ.സി.ടി.-ക്ക് പലിശ കുറഞ്ഞുകിട്ടണം, രണ്ടാമതായി ഏറ്റവും ഡിമാന്റുള്ള യൂറിയ പ്ലാന്റ് വരണം. അവിടെ യൂറിയ പ്ലാന്റിന്റെ പ്രൊഡക്ഷൻ ആരംഭിക്കണം. എന്നാൽ മാത്രമേ എഫ്.എ.സി.ടി.-ക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം. എം.പി.-മാരും സംസ്ഥാന ഗവൺമെന്റും വളരെ കാര്യമായി എഫ്.എ.സി.ടി.-ക്കുവേണ്ടി ഇടപെട്ടിട്ടുണ്ട് എന്നത് നന്ദിപൂർവ്വം ഞാൻ സ്മരിക്കുകയാണ്. എഫ്.എ.സി.ടി.-ക്കുള്ള സ്ഥലം ഉപയോഗിക്കുമ്പോൾ, അതിനെ നിലനിർത്താൻ വേണ്ടിയുള്ള ഒരു പ്രോജക്ട് ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെ എച്ച്.ഒ.സി.എൽ.-ന്റെ കാര്യം ഇവിടെ സൂചിപ്പിച്ചുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അത് പ്രമേയത്തിലുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ചില എൻ.ജി.ഒ.-കൾ ചെന്നൈയിലെ ഗ്രീൻ ട്രിബ്യൂണലിനെ സമീപിച്ച് ഉദ്യോഗമണ്ഡലിലെ എച്ച്.ഐ.എൽ. ഉൾപ്പടെ ചില വ്യവസായ സ്ഥാപനങ്ങൾ പൂട്ടണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അവിടെ സംസ്ഥാന ഗവൺമെന്റ് കക്ഷി ചേരണം. കാരണം എച്ച്.ഐ.എൽ. പോലുള്ള സ്ഥാപനങ്ങൾ നമ്മുടെ ഭക്ഷ്യസുരക്ഷയ്ക്ക് ഏറ്റവും ആവശ്യമുള്ളതാണ്. അതുപോലെ കളമശ്ശേരിയിലെ എച്ച്.എം.ടി. ഫാക്ടറി സ്ഥാപിക്കുന്ന സമയത്ത് അയ്യായിരത്തോളം ആളുകൾ ജോലി ചെയ്തിരുന്നതാണ്. ഇന്ന് ഇരുന്നൂറ് തൊഴിലാളികളാണ് എച്ച്.എം.ടി.-യിലുള്ളത്. ഒരു പ്ലാന്റ് പൂർണ്ണമായും പൂട്ടി. കളമശ്ശേരി എച്ച്.എം.ടി.-യിൽ കൂട്ടലും ലെയ്ത്തും പ്രിന്റിംഗ് പ്രസ്സുമാണുള്ളത്. ഇത് രണ്ടും നല്ല ഡിമാന്റുള്ളതാണ്. നല്ല ലാഭത്തിൽ ഓടുന്നതാണ് കളമശ്ശേരി എച്ച്.എം.ടി. യൂണിറ്റ്. പക്ഷെ മറ്റുള്ള സ്ഥലങ്ങളിലെ നഷ്ടംകൂടി കളമശ്ശേരി എച്ച്.എം.ടി. യൂണിറ്റിന്റെ അക്കൗണ്ടിൽ

പെടുത്തുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. എത്രയോ പേരെ കുടിയൊഴിപ്പിച്ചുകൊണ്ട് ആയിരക്കണക്കിന് ഏക്കർ ഭൂമി എച്ച്.എം.ടി. ഏറ്റെടുത്തിട്ട് യാതൊരു പണിയും ചെയ്യാതെ തരിശ്ശായി കിടക്കുകയാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. സംസ്ഥാന ഗവൺമെന്റ് ആ ഭൂമി ഏറ്റെടുത്ത് വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ ശ്രീ. കോവൂർ കുഞ്ഞുമോൻ ചവറയിലെ ഐ.ആർ.ഇ.-യെ സംബന്ധിച്ച് പറയുകയുണ്ടായി. എന്നാൽ ഉദ്യോഗമണ്ഡലിലെ ഐ.ആർ.ഇ.-യിൽ 500 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കേവലം 250 പേരാണ് ജോലി ചെയ്യുന്നത്. തോറിയത്തിൽനിന്നും യുറേനിയം വേർതിരിച്ചെടുക്കുന്ന പ്ലാന്റ് അടച്ചുപൂട്ടി അത് ഒറീസ്സയിലേയ്ക്ക് കൊണ്ടുപോയി. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, മണവാളക്കുറിച്ചിയിൽ പ്രോസസ്സ് ചെയ്ത മോണോസൈറ്റ് ഇപ്പോൾ ഒറീസ്സ വഴിയാണ് ഉദ്യോഗമണ്ഡലിലെ ഐ.ആർ.ഇ.-ക്ക് കിട്ടുന്നത്. അത് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച മറ്റംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾ വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. കൊച്ചിൻ ഷിപ്പ്‌യാർഡ് ഇൻഡ്യയുടെ അഭിമാനമാണ്. അതുപോലെ വളരെ ശ്രദ്ധ ചെലുത്തേണ്ട ഒരു സ്ഥാപനമാണ് എച്ച്.ഒ.സി.എൽ. അതോടൊപ്പം എഫ്.എ.സി.റ്റി., എച്ച്.എം.റ്റി., ഐ.ആർ.ഇ., എച്ച്.ഐ.എൽ. എന്നിവയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധവേണം. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അവ കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിൽ നിലനിർത്തുന്നതിനും പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ബഹുമാന്യനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. നിയമസഭയ്ക്കകത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടാണ് എല്ലാവരും സംസാരിച്ചത്. അത് കേരളത്തിന്റെ പൊതുതാല്പര്യമാണ്. ഇത് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റേതായ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. കൊച്ചിൻ ഷിപ്പ് യാർഡിന്റെ ചരിത്രവും പശ്ചാത്തലവും ഇവിടെ പ്രതിപക്ഷ എം.എൽ.എ. ശ്രീ. ഹൈബി ഈഡൻ

അടക്കമുള്ളവർ പറഞ്ഞുകഴിഞ്ഞു. ഞാൻ കൊച്ചിൻ ഷിപ്പ് യാർഡിൽ അഞ്ചുകൊല്ലം ഒരു കരാർ തൊഴിലാളിയായി ജോലി ചെയ്തയാളാണെന്ന കാര്യം വളരെ അഭിമാനത്തോടുകൂടി ഇവിടെ പറയുകയാണ്. ഇവിടെനിന്നും ഇറക്കിയ രണ്ടാമത്തെയും മൂന്നാമത്തെയും കപ്പലുകളുടെ നിർമ്മാണവേളയിൽ എന്റെയും വിയർപ്പുതുള്ളികൾ വീണിട്ടുണ്ട്. ഷിപ്പ് യാർഡിൽ റിപ്പയറിന് വന്നിരുന്ന ചില കപ്പലുകളിൽ ഒരു പെയിന്റടിക്കാരനായും മറ്റും പണിയെടുത്തിട്ടുള്ള അനുഭവംകൂടി എനിക്കുണ്ട്. അങ്ങനെയുള്ള കൊച്ചിൻ ഷിപ്പ് യാർഡ് ഇന്ന് അദാനിയെപ്പോലുള്ള സ്വകാര്യ മുതലാളിമാരുടേതായി മാറാൻ പോകുന്നു എന്ന ആശങ്കയാണ് ആ പ്രദേശത്തുള്ളവരും അവിടെ പണിയെടുക്കുന്ന തൊഴിലാളികളും പൊതുവിൽ നമ്മളടക്കമുള്ളവരും പങ്കുവയ്ക്കുന്നത്. കപ്പൽ നിർമ്മാണം വളർച്ച നേടിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ്. ഈ മേഖലയിൽ വലിയ മത്സരങ്ങളുണ്ട്. വിവിധ രാജ്യങ്ങൾ ഈ രംഗത്ത് തങ്ങളുടേതായ ശാസ്ത്ര സാങ്കേതിക മികവിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുവരുന്നുണ്ട്. സാങ്കേതിക മികവുള്ള തൊഴിലാളികൾ ഈ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുമ്പോൾ അതിനനുയോജ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഈ കപ്പൽശാലയിലു ണ്ടെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. കൊച്ചി തുറമുഖത്തിന് ഒരു ഡ്രൈഡോക്കുണ്ട്. ഞങ്ങൾ അതിനെ വർക്ക്ഷോപ്പ് എന്നാണ് പറയുന്നത്. കൊച്ചി തുറമുഖത്തുവരുന്ന ചെറിയ തരത്തിലുള്ള പല കപ്പലുകളും കയറ്റി റിപ്പയർ ചെയ്യാനുള്ള ഡ്രൈഡോക്കുണ്ട്. ഇത് കേന്ദ്രഗവൺമെന്റ് വിൽക്കാൻ തീരുമാനിച്ചു. ആ ഡ്രൈഡോക്ക് സ്വകാര്യ മുതലാളിമാർ കൊണ്ടുപോയാൽ അത് കപ്പൽശാലയ്ക്ക് വലിയ നഷ്ടമാകുമെന്ന് മനസ്സിലാക്കി അവിടത്തെ ട്രേഡ് യൂണിയൻ സംഘടനകളും എറണാകുളത്തെ ഇടതുപക്ഷ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നേതാക്കന്മാരും ചേർന്ന് ആ ഡ്രൈഡോക്ക് കൊച്ചി കപ്പൽ നിർമ്മാണ ശാലയെകൊണ്ട് ഏറ്റെടുപ്പിച്ചു. കൊച്ചി കപ്പൽ നിർമ്മാണശാലയുടെ അടുത്ത വികസനമെന്നുപറയുന്നത് കൊച്ചി തുറമുഖത്തുള്ള ഡ്രൈഡോക്കിനെ മികച്ച ഒരു ഡോക്കാക്കി മാറ്റി നിർമ്മാണരംഗത്തും റിപ്പയറിംഗ് രംഗത്തും കുറേക്കൂടി മുന്നേറുക എന്നതാണ്. ഇതിനൊക്കെ ആവശ്യമായ പണം കണ്ടെത്തണമെന്ന ലക്ഷ്യത്തോടുകൂടിയാണ് കേന്ദ്രസർക്കാർ ഇതിന്റെ 25 ശതമാനം ഓഹരി വിൽക്കാൻ ശ്രമിക്കുന്നത്. ഇതിൽ വഞ്ചനയുണ്ട്. 2,000 കോടി രൂപയാണ് കൊച്ചി കപ്പൽ നിർമ്മാണശാലയുടെ വികസനത്തിന് ആവശ്യമെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. അതിന് വേറെ മാർഗ്ഗമൊന്നുമില്ലെന്നും ആകെയുള്ള

മാർഗ്ഗം 25 ശതമാനം ഓഹരി വിൽക്കുക എന്നതാണെന്നുമുള്ള പ്രചരണങ്ങൾ അഴിച്ചുവിട്ടുകൊണ്ട് ഓഹരി വില്പനയ്ക്ക് കളമൊരുക്കുകയാണ് ഇന്ന് കേന്ദ്രസർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. എസ്. ശർമ്മയടക്കമുള്ളവർ പറഞ്ഞത് ഇപ്പോൾത്തന്നെ കൊച്ചി കപ്പൽ നിർമ്മാണശാലയുടെ കൈവശം 1,500-ഓളം കോടി രൂപ നീക്കിയിരുപ്പുണ്ടെന്നാണ്. അടുത്ത അഞ്ചുകൊല്ലം ഇന്നത്തെ നിലയിൽ കപ്പൽ നിർമ്മാണശാല പ്രവർത്തിക്കുകയാണെങ്കിൽ ബാക്കിവരുന്ന പണവും ആ നിലയ്ക്കുണ്ടാക്കാൻ കഴിയും. മാത്രമല്ല കപ്പൽ നിർമ്മാണശാല രാജ്യത്ത് നവരത്നപദവിയുള്ള ഒരു സ്ഥാപനമാണ്. ബോണ്ട് ഇഷ്യൂ ചെയ്യാൻ സാധിച്ചാൽ ധനകാര്യ സ്ഥാപനങ്ങൾതന്നെ അത് വാങ്ങും. അങ്ങനെ ആവശ്യമായ പ്രവർത്തനമൂലധനം ഉണ്ടാക്കിയെടുക്കാൻ കഴിയും. അങ്ങനെയൊന്നും ചെയ്യാതെ ഓഹരി വില്പനയാണ് ഏക മാർഗ്ഗമെന്ന് സമർത്ഥിച്ച് അതിനുവേണ്ടി ശ്രമിക്കുന്നതിന്റെ പിന്നിൽ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളവത്ക്കരണ, സ്വകാര്യവത്ക്കരണ സാമ്പത്തിക നയത്തിന്റെ കെണിയാണ് ഇതെന്ന് നമ്മൾ തിരിച്ചറിയണം. അത് തിരിച്ചറിയാതെ പോയാൽ വലിയ ആപത്തിലേയ്ക്ക് ചെന്നെത്തും. കൊച്ചി കപ്പൽ നിർമ്മാണശാല ഇന്ന് ഏറ്റവും വലിയ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ഭാവിയിൽ എൽ.എൻ.ജി. കൊണ്ടുവരാൻ കഴിയുന്ന കപ്പലുകൾ നിർമ്മിക്കാൻ പോകുകയാണ്. ഇപ്പോൾ അവിടെ പണി നടന്നുകൊണ്ടിരിക്കുന്ന ഇൻഡ്യയിലെ തദ്ദേശീയമായ സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത ആദ്യത്തെ വിമാന വാഹിനിക്കപ്പൽ ഏതാണ്ട് പണി പൂർത്തീകരിക്കാറായി. മാത്രമല്ല കൊച്ചി കപ്പൽ നിർമ്മാണശാല ഷിപ്പിംഗ് കോർപ്പറേഷനുവേണ്ടിയും കോസ്റ്റ്ഗാർഡിനു വേണ്ടിയും ചെറിയ ജലയാനങ്ങൾ നിർമ്മിക്കുന്നതുകൊണ്ട് ഇനി വരുന്ന ഓർഡറുകൾ നിറവേറ്റണമെങ്കിൽ ഇനിയും കുറേ സാധ്യതകൾ വേണമെന്ന നിലയിലേയ്ക്ക് എത്തിയിരിക്കുകയാണ്. റിപ്പയറിംഗ് രംഗത്ത് വലിയ തോതിൽ ലാഭമുണ്ടാക്കിക്കൊണ്ടാണ് കൊച്ചി കപ്പൽ നിർമ്മാണശാല പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഈ കപ്പൽ നിർമ്മാണശാലയെ ലക്ഷ്യമിട്ടുകൊണ്ടുള്ള കഴുകൻ കണ്ണുകൾ ഇൻഡ്യയ്ക്കകത്തും പുറത്തുമുണ്ട്. വില്ക്കാൻ തീരുമാനിച്ചാൽ ഈ ഓഹരി വാങ്ങാൻ പോകുന്നത് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള സ്വകാര്യ മുതലാളിമാരായിരിക്കും. അദാനിയെയും അംബാനിയെയും പോലുള്ളവരും വിദേശ രാജ്യങ്ങളുടെ ഏജന്റുമാരായി പ്രവർത്തിക്കുന്ന മറ്റ് കമ്പനികളുമായിരിക്കും കപ്പൽ

നിർമ്മാണശാലയുടെ ഓഹരി വാങ്ങാൻ പോകുന്നത്. ഫലത്തിൽ രാജ്യത്തിന്റെ അഭിമാനമായ കപ്പൽ നിർമ്മാണശാല രാജ്യത്തിന് നഷ്ടപ്പെടുമെന്ന അവസ്ഥയിലേയ്ക്ക് ചെന്നെത്തുകയാണ്. അതുകൊണ്ടുതന്നെ കപ്പൽശാലയെ രാജ്യത്തിന്റെ അഭിമാനമായി, രാജ്യത്തെ ജനങ്ങളുടേതായി നിലനിർത്താൻ ആവശ്യമായ പൊതുപോരാട്ടമാണ് ഇന്ന് രാജ്യം ആവശ്യപ്പെടുന്നത്.

അതുപോലെ ഫിനോലിൻ ഉത്പാദിപ്പിക്കുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായശാലയാണ്. രണ്ടര ലക്ഷം ടണ്ണാണ് അതിന്റെ ഉപഭോഗം. ഇതിൽ ആറായിരത്തോളം ടൺ ഫിനോലിനും ഉത്പാദിപ്പിക്കുന്നത് അമ്പലമുകളിൽ സ്ഥിതി ചെയ്യുന്ന എച്ച്.ഒ.സി. എന്ന സ്ഥാപനമാണ്. പ്ലൈവുഡ് നിർമ്മാണം, പെയിന്റ് നിർമ്മാണം, ഫാർമസ്യൂട്ടിക്കൽ വ്യവസായം ഇതിനൊക്കെ ഫിനോലിൻ ഇനിയും ആവശ്യമാണ്. 60000 ടൺ ഫിനോലിൻ ഉല്പാദിപ്പിക്കുന്ന, വലിയ ലാഭത്തിൽ പ്രവർത്തിക്കുന്ന എച്ച്.ഒ.സി.ലിമിറ്റഡ് അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയെ സന്ദർശിച്ച് ഈ സ്ഥാപനത്തെ അടച്ചുപൂട്ടലിൽനിന്നും രക്ഷിക്കാനാവശ്യമായ സമീപനം സ്വീകരിച്ചത്. അത് പ്രാവർത്തികമായിട്ടില്ല. അത് പ്രാവർത്തികമാകണമെങ്കിൽ കൊച്ചിൻ റിഫൈനറി ഇതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കൊടുക്കണം. നേരത്തെ കടമായി കൊടുത്തിരുന്നു. എന്നാൽ അടച്ചുപൂട്ടാൻ ബി.ഐ.എഫ്.ആർ.-ന്റെ മുന്നിലെത്തിയ സ്ഥാപനമെന്ന നിലയിൽ റിഫൈനറി ഇപ്പോൾ ഇതിനാവശ്യമായ അസംസ്കൃത പദാർത്ഥം കൊടുക്കുന്നില്ല എന്നുള്ളതുകൊണ്ടാണ് ഇത് പ്രവർത്തി ക്കാതിരിക്കുന്നത്. അതുകൊണ്ട് ഈ സ്ഥാപനം പ്രവർത്തിപ്പിക്കാൻ കഴിയണം. എങ്കിൽ മാത്രമേ നമുക്ക് അതിന്റെ വളർച്ചയെക്കുറിച്ച് ചിന്തിച്ച് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇതിനൊരു പാക്കേജുണ്ടാക്കണം. ആ പാക്കേജ് എന്നുപറയുന്നത്, ഇപ്പോൾ എച്ച്.ഒ.സി.എൽ. അടച്ചുപൂട്ടാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചാൽ തീർച്ചയായും നമുക്ക് ഈ സ്ഥാപനത്തെ റിഫൈനറിയുമായി ബന്ധിപ്പിക്കാൻ കഴിയണം. റിഫൈനറിയുടെ ഒരു ഉപവ്യവസായശാലയായി ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിനെ മാറ്റാൻ കഴിഞ്ഞാൽ റിഫൈനറിയിൽനിന്നും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കിട്ടുകയും ഈ ശാല നല്ല നിലയ്ക്ക് മെച്ചപ്പെട്ടുപോകുകയും ചെയ്യും. അതുകൊണ്ട് ആ നിലയിലുള്ള ഒരു തീരുമാനത്തിലേയ്ക്ക് എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

എച്ച്.എം.ടി., എഫ്.എ.സി.ടി., ഐ.ആർ.ഇ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. കൊല്ലത്തുമാത്രമല്ല, ഉദ്യോഗമണ്ഡലിലും ഐ.ആർ.ഇ.-യുടെ യൂണിറ്റുണ്ട്. ആ യൂണിറ്റ് ഇപ്പോൾ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സൂചിപ്പിക്കുകയുണ്ടായി. രാജ്യത്തെ ആണവശക്തിയായി മാറ്റാൻ കഴിയുന്ന യുറേനിയം അടക്കം വേർതിരിക്കാൻ ശേഷിയുള്ള സാങ്കേതികവിദ്യ ഐ.ആർ.ഇ. യൂണിറ്റിനുണ്ട്. ഈ യൂണിറ്റിനെ അടച്ചുപൂട്ടാതെ, സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. എച്ച്.എം.ടി., എഫ്.എ.സി.ടി. തുടങ്ങിയ സ്ഥാപനങ്ങളേയും ഈ നിലയിൽ സംരക്ഷിക്കേണ്ടതുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, എച്ച്.ഐ.എൽ., ബി.എച്ച്.ഇ.എൽ. അടക്കമുള്ളവയെ രാജ്യസമ്പത്തായി നിലനിർത്താനാവശ്യമായ പോരാട്ടം നടത്തണം. ആ പോരാട്ടത്തിന് സഹായകരമായി നിയമസഭ പാസ്സാക്കുന്ന ഈ പ്രമേയവും മാറണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുകയാണ്.

കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഓഹരി വിറ്റഴിക്കാനും അമ്പലമുകളിലെ എച്ച്.ഒ.സി.എൽ. അടച്ചുപൂട്ടാനും അടുത്തകാലത്തായി എടുത്ത തീരുമാനം പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനാണ് ബഹുമാനപ്പെട്ട അംഗം ഈ ഉപക്ഷേപം അവതരിപ്പിച്ചത്. എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ കൊച്ചിൻ ഷിപ്പ് യാർഡിനെ സംബന്ധിച്ച് വളരെ വിശദമായി പറഞ്ഞതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലാണ് എച്ച്.ഒ.സി.എൽ. സ്ഥിതിചെയ്യുന്നത്. കഴിഞ്ഞ 56 ദിവസമായി എച്ച്.ഒ.സി.എൽ.-ലെ ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. എന്നീ യൂണിയനിൽപ്പെട്ടവർ നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്നത് എന്തിനാണെന്ന് ചോദിച്ചാൽ അതിന് കൃത്യമായ ഉത്തരമില്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനം അടച്ചു പൂട്ടുകയാണെങ്കിൽ അതിനൊരു കാരണമുണ്ടെന്ന് ആശ്വസിക്കാം. എച്ച്. ഒ. സി. എൽ. സ്ഥാപിതമായതിനുശേഷം ഒരുവർഷമൊഴിച്ച് ബാക്കിയുള്ള എല്ലാ കാലഘട്ടങ്ങളിലും കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. മഹാരാഷ്ട്രയിലെ രസായനി എന്ന മാതൃയൂണിറ്റ് ഇന്ന് നഷ്ടത്തിൽ

പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ യൂണിറ്റ് അടച്ച് പൂട്ടുന്നതിനുപകരം ലാഭത്തിൽ പ്രവർത്തിക്കുന്ന എച്ച്.ഒ.സി.എൽ.-ന്റെ കടയ്ക്കൽ കത്തിവയ്ക്കാനാണ് കേന്ദ്രസർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. മാതൃസ്ഥാപനമായ രസായനി ഈ യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം നൽകാനും കമ്പനിയുടെ ചെലവിനുമായി എച്ച്.ഒ.സി. ഉണ്ടാക്കുന്ന ലാഭം മുഴുവനും എടുക്കുന്നതാണ് ഇപ്പോൾ ഈ രണ്ട് സ്ഥാപനങ്ങളും നഷ്ടത്തിലാകാൻ കാരണം. എങ്ങനെയാണ് ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുന്നത്? സംസ്ഥാന സർക്കാർ ആ യൂണിറ്റ് അടിയന്തരമായി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ കുറേ നാളുകളായി ആ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. ആ യൂണിറ്റിനാവശ്യമായ raw materials കൊടുക്കുന്നത് കൊച്ചിൻ റിഫൈനറിയിൽ നിന്നാണ്. അത് കൊടുക്കുന്നത് വെറുതെയല്ല, ബാങ്ക് ഗ്യാരന്റിയും ആ യൂണിറ്റിന്റെ സ്ഥലത്തിന്റെ ഈടിന്റെയും പുറത്താണ് കൊച്ചിൻ റിഫൈനറി അതിന് പണം കൊടുത്തുകൊണ്ടിരിക്കുന്നത്. ആ യൂണിറ്റ് അടച്ചുപൂട്ടാൻ പോകുന്നുവെന്നുള്ള തീരുമാനം അറിഞ്ഞതിനുശേഷം കൊച്ചിൻ റിഫൈനറി കടം കൊടുക്കാൻ തയ്യാറാകുന്നില്ല. കടം കൊടുക്കാൻ തയ്യാറാകാത്തതുകൊണ്ട് കുറേ നാളുകളായി ആ യൂണിറ്റ് പ്രവർത്തനരഹിതമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ആ യൂണിറ്റ് ഇതുപോലെ ചില പ്രതിസന്ധികൾ നേരിടുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ബി.പി.സി.എൽ. ചെയർമാനെ ഫോണിൽ വിളിച്ച് raw materials കൊടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അന്ന് ഇതുപോലെ ബാങ്ക് ഗ്യാരന്റിയോ സ്ഥലം ഈടോ ഒന്നുമില്ലായിരുന്നു. യാതൊരു ഗ്യാരന്റിയുമില്ലാതെ, ഈ സ്ഥാപനത്തിന് എങ്ങനെ പണം നൽകുമെന്നാണ് ബി.പി.സി.എൽ. ചെയർമാൻ ചോദിച്ചത്. ഇതിനുവേണ്ടി ജാമ്യം നിൽക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്, അതിനാൽ ആ യൂണിറ്റിന്, അടിയന്തരമായി എച്ച്. ഒ. സി.-ക്ക് raw materials നൽകണമെന്ന് ആവശ്യപ്പെടുകയാണുണ്ടായത്. അങ്ങനെ raw materials നൽകിയതിന്റെ ഫലമായി പ്രവർത്തനം ആരംഭിക്കുകയും ഒന്നരമാസംകൊണ്ട് ഒന്നേകാൽ കോടി രൂപ ലാഭമുണ്ടാക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ പ്രമേയം കേന്ദ്രസർക്കാരിന് നൽകുകയും ഇതിനൊരു തടയിടുകയും വേണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ raw materials നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ ബി.പി.സി.എൽ.-ന്റെ ചെയർമാന് ഒരു ഫോൺ കോൾ ചെയ്താൽ അതിനാവശ്യമായ raw materials തീർച്ചയായും എത്തും.

അമ്പലമുകളിൽ സ്ഥിതിചെയ്യുന്ന കൊച്ചി റിഫൈനറിയിൽ 24,500 കോടി രൂപയുടെ പ്രോജക്ടാണ് നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സഹായമില്ലാതെ ഈ പ്രോജക്ട് ഒരടി മുന്നോട്ടുപോകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം അമ്പലമുകളിലുള്ള കൊച്ചി റിഫൈനറി സന്ദർശിക്കുകയും സംസ്ഥാന സർക്കാർ എല്ലാ പിന്തുണയും നൽകുമെന്ന് പറയുകയും ചെയ്തു. ഇക്കാര്യത്തിൽ രാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. ചില അംഗങ്ങൾ കോൺഗ്രസ്സിനെയും ബി.ജെ.പി.-യെയും കുറ്റംപറയുന്നതു കേട്ടു. കോൺഗ്രസ് ഭരിച്ചിരുന്ന സമയത്താണ് ഈ രാജ്യത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ കൊണ്ടുവന്നത്. ഇന്ന് പല കാരണങ്ങളാൽ ചിലത് നഷ്ടത്തിലാകുകയും ചിലത് ലാഭത്തിലാകുകയുമുണ്ടായി. ഇതിനെ രാഷ്ട്രീയമായി കാണാതെ, നമ്മുടെ നാട്ടിലെ വലിയൊരു സ്ഥാപനമെന്നുള്ള നിലയിലും നൂറുക്കണക്കിന്, ആയിരക്കണക്കിന് ജീവനക്കാർ പണിയെടുക്കുന്നുവെന്ന നിലയിലും ഇതിനെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

എന്റെ നിയോജകമണ്ഡലത്തിലെ ഉദ്യോഗമണ്ഡലിലും അമ്പലമുകളിലുമായി പ്രവർത്തിക്കുന്ന എഫ്.എ.സി.ടി. എന്ന സ്ഥാപനം പതിമൂന്നര ശതമാനം പലിശയ്ക്ക് ആയിരം കോടി രൂപ കടമെടുത്താണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ കടമെടുത്താൽ എത്രകാലം ഈ സ്ഥാപനത്തിന് മുന്നോട്ടുപോകാൻ സാധിക്കും? പ്രധാനമന്ത്രിയുടെ നാടായ ഗുജറാത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അഞ്ച് മുതൽ ആറ് ശതമാനം വരെ പലിശയ്ക്ക് കടം കൊടുത്തിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പതിമൂന്നര ശതമാനം പലിശയ്ക്കാണ് കടം കൊടുത്തത്. ഇപ്പോൾ കടമായെടുത്തിരിക്കുന്ന തുകയുടെ പലിശ കുറയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ എഫ്.എ.സി.ടി.-യുടെ 1500-ഓളം ഏക്കർ സ്ഥലം അവിടെയുണ്ട്. അതിൽനിന്നും 500 ഏക്കർ സ്ഥലം കൊച്ചി റിഫൈനറിക്ക് കൊടുക്കാവുന്നതാണ്. അതും പൊതുമേഖലാ സ്ഥാപനമാണല്ലോ? കൊച്ചി റിഫൈനറിയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. 500 ഏക്കർ സ്ഥലം കൊച്ചി റിഫൈനറിക്ക് കൊടുക്കുമ്പോൾ ലഭിക്കുന്ന പണം ഉപയോഗിച്ച് എഫ്.എ.സി.ടി.-യുടെ ബാദ്ധ്യത തീർത്ത് മുന്നോട്ടുപോകാം. ഇല്ലെങ്കിൽ ഒരു ദിവസംകൊണ്ട് ഇതെല്ലാം അവസാനിപ്പിച്ച് അടച്ചുപൂട്ടേണ്ട സ്ഥിതിയിലേയ്ക്കെത്തും. അതുകൊണ്ട് ഈ രണ്ട് സ്ഥാപനങ്ങളെയും നിലനിർത്താൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ നമ്മുടെ നാടിനുള്ള പൊതുവായ വികാരമാണ് ഈ ചർച്ചയിൽ പ്രതിഫലിച്ചിട്ടുള്ളത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും സ്വകാര്യവത്കരിക്കുകയും ചെയ്യുന്നതിൽ നമ്മുടെ നാടിനാകെയുള്ള ഉത്കണ്ഠയാണ് ഇന്നത്തെ ചർച്ചയ്ക്ക് അടിസ്ഥാനം. അത് സർക്കാർ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഒരു വശത്ത് കേന്ദ്ര നിക്ഷേപം പൊതുമേഖലയിൽ കുറയുകയും മറുവശത്ത് നിലവിലുള്ള പരിമിതമായ പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിപ്പോകുകയുമാണ്. ഇത് വർഷങ്ങളായി തുടരുന്ന ഒരവസ്ഥയാണ്. ഇതിലുള്ള ആശങ്ക പലതവണ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യമുയർന്നത് ആഗോളവത്കരണ നയങ്ങൾ ശക്തിപ്പെട്ടുവന്നതോടെയാണ്. ഇക്കാലമത്രയും ഇവിടെ ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന ഇനങ്ങൾ ആഗോളവത്കരണ നയത്തിന്റെ ഭാഗമായി വൻതോതിൽ ഇറക്കുമതി ചെയ്യാമെന്ന് വന്നിരിക്കുകയാണ്. ഇറക്കുമതി നയത്തിലെ ഈ വൈകല്യം കാരണമാണ് എഫ്.എ.സി.ടി.-യുടെ കാപ്രോലാക്ടം പ്ലാന്റ് ഉൾപ്പെടെയുള്ളവ പ്രതിസന്ധിയിലായത്. ഇത്തരത്തിൽ ധാരാളമായി ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തര ഉല്പന്നങ്ങൾക്ക് കമ്പോളം കിട്ടാത്ത അവസ്ഥയുണ്ടാക്കുന്നു. അത് നമ്മുടെ ഫാക്ടറികൾ പൂട്ടിപ്പോകുന്നതിന് ഇടയാക്കുകയാണ്. ഇത്തരമൊരു നയം അഖിലേന്ത്യാടിസ്ഥാനത്തിൽ നിലനിൽക്കുമ്പോഴും ഈ നയത്തിന്റെ ഫലമായി അടച്ചുപൂട്ടപ്പെട്ട ഫാക്ടറികൾ തുറക്കുന്നതിനുള്ള ശ്രമമാണ് നാം നടത്തുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് അടച്ചുപൂട്ടാൻ കേന്ദ്രം നിശ്ചയിച്ചപ്പോൾ അതിന്റെ ഭാഗമായ പാലക്കാട്ടുള്ള യൂണിറ്റിനെ സംരക്ഷിച്ചുനിർത്തിയത് ഈ സമീപനത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടിയായിരുന്നു. നമുക്ക് ഒട്ടേറെ പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും ഒരു ബദൽ നയം മുൻനിർത്തി അടച്ചുപൂട്ടലിനെയും ലേ-ഓഫിനെയും പിരിച്ചുവിടലിനെയുമൊക്കെ ചെറുക്കുകയും സ്ഥാപനങ്ങളെയും ജീവനക്കാരെയും രക്ഷിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. കേന്ദ്രം ഓരോ വർഷവും ഇറക്കുമതി നയം ഉദാരമാക്കിക്കൊണ്ടിരിക്കുകയാണ്. ഇറക്കുമതിച്ചുങ്കം കുത്തനെ കുറയ്ക്കുന്നു. റബ്ബർ മുതൽ കാപ്രോലാക്ടം വരെ എല്ലാത്തിനും ഇത് ബാധകമാണ്. ഇറക്കുമതിച്ചുങ്കം കുറയുന്ന മുറയ്ക്ക് ഇറക്കുമതി കൂടുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് കമ്പോളത്തിൽ വില കിട്ടാത്ത

സാഹചര്യവും ഇതിന്റെ ഭാഗമായി ഉണ്ടാവുകയാണ്. ഇതിനിടയിലാണ് കേന്ദ്ര പൊതുമേഖലാ നിക്ഷേപത്തിൽ കുത്തനെയുള്ള കുറവ് സംഭവിക്കുന്നത്. ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ മൊത്തം നിക്ഷേപത്തിൽനിന്നും കേരളത്തിന് 2012-13-ൽ ലഭിച്ചത് 2.2 ശതമാനം മാത്രമാണ്. എത്ര തുച്ഛമാണ് കേരളത്തിന് ലഭിക്കുന്ന പരിഗണന എന്നത് ഇതിലൂടെ വ്യക്തമാവുകയാണ്. 2013-14-ൽ അത് 1.43 ശതമാനമായി ഇടിഞ്ഞു. 2012-13-ൽ ലഭിച്ച 2.2 ശതമാനം തന്നെ കുറവാണ്. മഹാരാഷ്ട്രയിൽ 16.92 ശതമാനവും ആന്ധ്രാപ്രദേശിൽ 7.26 ശതമാനവും തമിഴ്നാട്ടിൽ 6.84 ശതമാനവും നിക്ഷേപമുള്ളപ്പോഴാണ് കേരളം കേവലം 1.43 ശതമാനത്തിൽ ഒതുങ്ങിനിൽക്കുന്നത്. ഇത് വ്യക്തമായ അവഗണനയാണ്. ഈ അവഗണനാ മനോഭാവം മാറണം. ഇത് മാറ്റിയെടുക്കാനുള്ള സമ്മർദ്ദം ശക്തമായി കേന്ദ്രത്തിന്മേലുണ്ടാകണം. കേന്ദ്രത്തിന്റെ മനോഭാവം മാറുകയെന്നതാണ് പ്രധാനം. 1951 ഏപ്രിൽ 1-ന് ആരംഭിച്ച ഒന്നാം പഞ്ചവത്സര പദ്ധതിയിൽ അഞ്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഉണ്ടായിരുന്ന നിക്ഷേപം 29 കോടി രൂപയായിരുന്നു. അന്ന് അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളായിരുന്നുവെങ്കിൽ ഇന്ന് 298 എണ്ണമുണ്ട്. നിക്ഷേപം 24 കോടി രൂപയിൽനിന്ന് 10,96,057 കോടി രൂപയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. എന്നാൽ ഇതേസമയം തന്നെയാണ് 56,500 കോടി രൂപയുടെ പൊതുമേഖലാ ഓഹരി വിൽപ്പന കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. 1,77,138 കോടി 43 ലക്ഷം രൂപയുടെ ഓഹരി വിറ്റുകഴിഞ്ഞു. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിലാകുന്നത് ഈ ദേശീയ പശ്ചാത്തലത്തിലാണ്. കേരളത്തിലെ ആകെ കേന്ദ്രനിക്ഷേപം ജനസംഖ്യാനുപാതികമായി നോക്കിയാൽ 3 ശതമാനത്തിലധികമാകണം. ഒരിക്കലും ആ തരത്തിലേയ്ക്ക് ഉയർന്നിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ തുടരെയുള്ള അടച്ചുപൂട്ടൽ കൂടിയാകുമ്പോൾ ഇത് വീണ്ടും കുറയുകയാണ്. എഫ്.എ.സി.ടി.-യുടെ സഞ്ചിതനഷ്ടം 1,956 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. വളത്തിന്റെ വില നിശ്ചയിക്കാൻ ഉല്പാദിപ്പിക്കുന്നവർക്ക് അവകാശമില്ല. അതുകൊണ്ട് ഉല്പാദനച്ചെലവിന്റെ പകുതി വിലയ്ക്കാണ് വിൽക്കുന്നത്. കേന്ദ്ര സബ്സിഡികൊണ്ടാണ് ഇതിന്റെ ആഘാതം കുറയേണ്ടത്. ആ സബ്സിഡി വേണ്ട തോതിൽ, ആവശ്യമായ സമയത്ത് ഒരിക്കലും ലഭിക്കുന്നില്ല.

എഫ്.എ.സി.ടി.-യെ സംരക്ഷിക്കാൻ ശരാശരി വിലയ്ക്ക് പ്രകൃതി വാതകം ലഭ്യമാക്കാനാകണം. എഫ്.എ.സി.ടി.-യുടെ പുനരധിവാസ പാക്കേജ് അംഗീകരിക്കണം. ഈ പശ്ചാത്തലത്തിലാണ് വർഷങ്ങളായി എഫ്.എ.സി.ടി. ജീവനക്കാർ പോരാട്ടരംഗത്തായത്. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ കാര്യം പരിശോധിച്ചാൽ, ബി.ഐ.എഫ്.ആർ. മീറ്റിംഗിൽ എച്ച്.ഒ.സി.എൽ. അടച്ചുപൂട്ടാനാണ് കേന്ദ്രം നിർദ്ദേശിച്ചത്.

5.00 P.M.]

സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെയും എം.പി.മാരുടെയും നിരന്തര ഇടപെടലിന്റെ ഫലമായാണ് കേന്ദ്രം അതിൽനിന്നും പിന്തിരിഞ്ഞത്. പുനരുദ്ധാരണ പാക്കേജിൽക്കൂടിമാത്രമേ അതിനെ രക്ഷിക്കാനാകുകയുള്ളൂ. എച്ച്.ഒ.സി.എൽ.-നെ രക്ഷിക്കാനാണ് അവിടത്തെ ജീവനക്കാർ ശ്രമിക്കുന്നത്. ശമ്പളമോ ആനുകൂല്യങ്ങളോ ഇല്ലാതെയാണ് 15 മാസമായി ജീവനക്കാർ കഴിയുന്നത്. കൊച്ചിൻ ഷിപ്പ് യാർഡ് വിപുലമായ സാധ്യതയുള്ള ഒന്നാണ്. എന്നാൽ ആ വഴിക്കല്ല കേന്ദ്രത്തിന്റെ നീക്കം. 25 ശതമാനം ഓഹരികൾ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. ഈ നിലപാട് തിരുത്തിയേ പറ്റൂ. കേന്ദ്രം ഓഹരി വിൽപ്പന നിർത്തിവയ്ക്കണം. നാവികസേനയ്ക്കുവേണ്ടി തദ്ദേശീയമായി രൂപകൽപ്പനചെയ്ത വിമാന വാഹിനിക്കപ്പൽ നിർമ്മിച്ച ചരിത്രമുള്ള സ്ഥാപനത്തെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണം. പുതിയ ഓർഡറുകൾ ലഭിച്ചാൽ അഞ്ചുവർഷംകൊണ്ട് 1,500 കോടി രൂപ ലാഭമുണ്ടാക്കാമെന്ന് പഠനങ്ങളിൽനിന്ന് വ്യക്തമാകുകയാണ്. അവിടെയാണ് ഓഹരി വിറ്റഴിച്ച് പൊതുമേഖല എന്ന സങ്കൽപ്പത്തെ ഉപേക്ഷിക്കുന്നത്.

എച്ച്.എം.ടി.-യിൽ 1990 വരെ 27000 ജീവനക്കാർ ഉണ്ടായിരുന്നു. 2016-ൽ ഇവിടെയുള്ളത് 259 സ്ഥിരം ജീവനക്കാർ മാത്രമാണ്. ഇതിൽനിന്നുതന്നെ എച്ച്.എം.ടി.-യുടെ തകർച്ച തെളിയുന്നുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റും പ്രതിസന്ധിയിലാണ്. ഷെയർ ഹോൾഡിംഗ് ഘടനയ്ക്ക് മാറ്റംവരുത്തണമെന്ന കേന്ദ്ര നിബന്ധന അതിനെ കൂടുതൽ വിഷമത്തിലാക്കുന്നു. കേരളത്തിലെ ഏക വൻകിട തുറമുഖമെന്നതിനുപുറമേ സംസ്ഥാനത്തിന്റെ വാണിജ്യ-വ്യവസായ

പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കുന്നതുമാണ്. കൊളംബോ തുറമുഖവുമായി മത്സരിച്ച് ചരക്കു കയറ്റുമതി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടെങ്കിലും അഞ്ചുവർഷത്തിനിടയിൽ കാര്യമായ ഒരു പുരോഗതിയും ഈ രംഗത്തുണ്ടായിട്ടില്ല. ഇൻഡ്യയിലെ ആദ്യത്തെ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലാണ് വല്ലാർപാടത്ത് സ്ഥാപിച്ചത്. ഇതിനായി ദുബായ് പോർട്ട് ഇന്റർനാഷണലും കൊച്ചിൻ പോർട്ട് ട്രസ്റ്റും തമ്മിൽ 30 വർഷത്തെ കരാറുണ്ടാക്കിയിരുന്നു. കരാറിന്റെ ഭാഗമായി കൊച്ചി തുറമുഖത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്ന രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ അടച്ചുപൂട്ടി. ഇതുമൂലം കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനം ഏറെക്കുറെ നിലച്ച മട്ടിലായി. കരാർ പ്രകാരം ടെർമിനലിൽനിന്ന് ലഭിക്കുന്നതിന്റെ 33.3% മാത്രം കൊച്ചി തുറമുഖത്തിന് ലഭിക്കുന്ന പദ്ധതിക്ക് പൊതുഖജനാവിൽനിന്നും 2,000 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. കപ്പൽചാലിന്റെ ആഴം നിലനിർത്തുന്നതിനുവേണ്ടി വർഷംതോറും 150 കോടി രൂപ വീതം കൊച്ചിൻ പോർട്ട് ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ടെർമിനലിനുവേണ്ടി ചെലവഴിക്കുന്ന തുകയും ലഭിക്കുന്ന വരുമാനവും തമ്മിൽ ഒരു പൊരുത്തവുമില്ല. ഓരോ വർഷവും 100 കോടി രൂപയുടെ നഷ്ടം സഹിക്കേണ്ടിവരുന്നു. ഇതാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ തകർക്കുന്ന പ്രധാന ഘടകം. കരാറിൽ ഡി.പി. വേൾഡിന് അനുകൂലമായ ഘടകം നിലനിൽക്കെ കൊച്ചി, ചെന്നൈ, മുംബൈ തുറമുഖങ്ങളെ ഹിന്ദുസ്ഥാൻ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിലാക്കി ഷെയർഹോൾഡിംഗ് ഘടനയ്ക്ക് മാറ്റംവരുത്തുന്നതിനുള്ള പദ്ധതിക്ക് കേന്ദ്രം അംഗീകാരം നൽകി. ഇതും ഒരു കാരണമാണ്. കൊച്ചി തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ള എൽ.എൻ.ജി. ടെർമിനൽ പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ ദുബായ് പോർട്ടുമായുള്ള എഗ്രിമെന്റ് അനിശ്ചിതത്വത്തിലാണ്. ഇക്കാര്യത്തിൽ എന്തുചെയ്യണമെന്ന പ്രശ്നമുണ്ട്. ഇത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. 1,330 കോടി രൂപ വിറ്റുവരവുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സിൽ സ്ഥിരം തൊഴിലാളികളുടെ എണ്ണം വൻതോതിൽ വെട്ടിക്കുറയ്ക്കുകയാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിലാകട്ടെ ഇറക്കുമതിച്ചുങ്കം കേന്ദ്രം പൂർണ്ണമായി എടുത്തുകളഞ്ഞതിനെത്തുടർന്നാണ് പ്രതിസന്ധി ഉടലെടുത്തിരിക്കുന്നത്. കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യം തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചു, അത്

ലാഭത്തിലാണ്. എന്നാൽ രാജസ്ഥാനിലെ കോട്ടയിൽ (Kota) പ്രവർത്തിക്കുന്ന അതിന്റെ സഹസ്ഥാപനം നഷ്ടത്തിലാണെന്ന് പറഞ്ഞ് കഞ്ചിക്കോട്ടുള്ള ഫാക്ടറികൂടി അടച്ചുപൂട്ടാനായിരുന്നു നീക്കം. സംസ്ഥാന സർക്കാർ അത് ഏറ്റെടുത്ത് രക്ഷിച്ചു. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനുകീഴിൽ കഞ്ചിക്കോട് ആരംഭിച്ച ബി.ഇ.എം.എൽ. സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം കേന്ദ്രം പ്രഖ്യാപിച്ചു കഴിഞ്ഞു. വിൽക്കാൻ വച്ചിരിക്കുന്നവയുടെ ലിസ്റ്റിലാണ് ഇപ്പോൾ ഇതിന്റെ സ്ഥാനം. കഞ്ചിക്കോട് ഐ.ടി.ഐ.-യെ രക്ഷിക്കാൻ കേന്ദ്ര പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. Indian Rare Earths Limited ധാതുമണൽ ഖനനത്തിന്റെ അഭാവത്തിൽ വേണ്ട തോതിൽ പ്രവർത്തിക്കുന്നില്ല. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് ഇറക്കുമതിയുടെ കാര്യത്തിൽ വിഷമിക്കുകയാണ്. കൊച്ചി റിഫൈനറി മെച്ചപ്പെട്ട നിലയിലാണ്. പുതിയ പ്ലാന്റ് വരുന്നതോടെ കൂടുതൽ സാധ്യത തെളിയും. ഒരു വർഷത്തെ ലാഭം 3,610 കോടി രൂപയാണ്. പൊതുവേ നോക്കിയാൽ തൊഴിൽ സമരങ്ങളോ തൊഴിൽദിന നഷ്ടങ്ങളോ ഒന്നും നമ്മുടെ കേരള പൊതുമേഖലാ സ്ഥാപനങ്ങളെ വിഷമത്തിലാക്കിയിട്ടില്ല എന്നത് നമുക്ക് കാണാൻ സാധിക്കും. യഥാർത്ഥത്തിൽ കേന്ദ്ര ഇറക്കുമതി നയം, ഓഹരി വിറ്റഴിക്കൽ, നിക്ഷേപം കുറയ്ക്കൽ, അവഗണനാ മനോഭാവം തുടങ്ങിയവയാണ് അവയെ നഷ്ടത്തിലാക്കുന്നത്. ആ നയങ്ങൾ തിരുത്തിക്കാൻ ഈ സഭ ഒറ്റക്കെട്ടായി ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. ചട്ടം 275 പ്രകാരം ഇവിടെ സർക്കുലേറ്റ് ചെയ്യപ്പെട്ട സബ്സ്റ്റാന്റീവ് മോഷനിൽ അവശ്യംവേണ്ട ഘടനാപരമായ ചില ഭേദഗതികൾകൂടി ഉൾപ്പെടുത്തി കൊണ്ടുള്ള മോഷനാണ് ഞാൻ അവതരിപ്പിക്കുന്നത്.

## VIII ചട്ടം 275 പ്രകാരമുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, "കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിയിലെ കപ്പൽ നിർമ്മാണശാലയുടെ 25 ശതമാനം ഓഹരി വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു.

1972-ൽ സ്ഥാപിതമായ കപ്പൽശാല പ്രതിസന്ധികളെ അതിജീവിച്ച് 1995 മുതൽ ലാഭത്തിൽ പ്രവർത്തിച്ചു വരികയാണ്. തദ്ദേശീയമായി രൂപകൽപ്പന ചെയ്ത

വിമാനവാഹിനി കപ്പൽ നിർമ്മിക്കുന്ന ലോകത്തെ 5 കപ്പൽശാലകളിൽ ഒന്നായി കൊച്ചിയിലെ കപ്പൽശാലയ്ക്ക് വളരാൻ കഴിഞ്ഞിട്ടുണ്ട്. സ്വകാര്യവൽക്കരിക്കാനുള്ള നീക്കം രാജ്യതാൽപ്പര്യത്തിന് ഹാനികരമാണ്. തന്ത്രപ്രധാനമായ ഈ വ്യവസായത്തെ സംരക്ഷിക്കുകയെന്നുള്ളത് രാഷ്ട്ര താൽപ്പര്യത്തിന് അനിവാര്യമാണ്. ഇതോടൊപ്പം അമ്പലമുകളിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് എന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനം അടച്ചുപൂട്ടാനുള്ള നീക്കത്തിൽനിന്നും കേന്ദ്രം പിന്തിരിയണം. കൊച്ചിയിലെ ബി.പി.സി.എൽ.-ലെ അസംസ്കൃത വസ്തുക്കൾ എച്ച്.ഒ.സി.-ക്ക് നൽകുമെന്ന് ഉറപ്പുവരുത്തണം. കേന്ദ്രസർക്കാർ പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അംഗീകരിച്ചിട്ടുള്ള 840 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജിന് അനുവാദം നൽകണം. ഇതോടൊപ്പം സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളെയാകെ സംരക്ഷിക്കുന്നതിനും കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ഈ സഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

<u>ശ്രീ. പി. ടി. തോമസ്</u>: സർ,ചട്ടം 275 പ്രകാരമുള്ള ഉപക്ഷേപത്തിൽ ഭേദഗതിയുണ്ടെങ്കിൽ ഒരംഗത്തിന് അവതരിപ്പിക്കാമെന്ന് പറയുന്നുണ്ട്. എനിക്ക് ഭേദഗതിയല്ല അവതരിപ്പിക്കാനുള്ളത് പകരം, ഒരു ചെറിയ കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബി.പി.സി.എൽ.-ന്റെ കീഴിലുള്ള അസംസ്കൃത വസ്തുക്കൾ എച്ച്.ഒ.സി.-ക്ക് നൽകണമെന്ന് അങ്ങ് പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. അസംസ്കൃത വസ്തുക്കൾ കിട്ടാത്തത് അവിടെ കുടിശ്ശികയുള്ളതുകൊണ്ടാണ്. ആ കുടിശ്ശിക എങ്ങനെ പരിഹരിക്കാമെന്നതിനെ സംബന്ധിച്ചൊരു വ്യക്തത മുഖ്യമന്ത്രിയെപ്പോലെയുള്ള ഒരാൾ അവതരിപ്പിക്കുന്ന പ്രമേയത്തിലുണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം. രണ്ടാമത്തെ കാര്യം, കൊച്ചി കപ്പൽ നിർമ്മാണശാല 10 രൂപ മുഖവിലയുള്ള 3,39,84,000 ഷെയറാണ് വിൽക്കുന്നത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, അതുപോലെതന്നെ ബഹുജന സംഘടനകൾ തുടങ്ങി എല്ലാ രാഷ്ട്രീയ പാർട്ടികളുംകൂടി ഒരു തീരുമാനമെടുത്ത് സംസ്ഥാന ഗവൺമെന്റിന്റെ ഇനിഷ്യേറ്റീവിൽ ഓഹരികൾ വാങ്ങിയാൽ ഈ ഓഹരികളെല്ലാം വിറ്റുതുലയ്ക്കുന്ന അല്ലെങ്കിൽ മറ്റുള്ള അന്താരാഷ്ട്ര ഏജൻസിക്ക് കീഴടങ്ങുന്ന എന്നത് നമുക്ക് ഒഴിവാക്കാനാകും. ഈ കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നേരത്തെ സർക്കുലേറ്റ് ചെയ്ത ഉപക്ഷേപത്തിന്മേൽ ഭേദഗതികളൊന്നും ലഭിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ ഇനിയുള്ള ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം ഐകകണ്ഠ്യേന സഭ അംഗീകരിച്ചു.

ഓർഡർ... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.12-ന് പിരിഞ്ഞു.)